# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### 2016 ഒക്ടോബർ 3, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 6

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 ഒക്ടോബർ 3, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി . ശശി**

സെക്രട്ടറി-ഇൻ-ചാർജ്ജ്
**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1075/2017

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 6

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 6
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 43

II പ്രസ്താവന

മി. സ്പീക്കർ 312

III ശ്രദ്ധ ക്ഷണിക്കൽ

അനധികൃത ഭൂമി ഏറ്റെടുക്കൽ—

ശ്രീ. സി. കെ. ശശീന്ദ്രൻ 315

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

IV സബ്മിഷൻ

(1) ധനസഹായം—

ശ്രീ. സി. കെ. ഹരീന്ദ്രൻ 319

(2) ഭാരതപ്പുഴയുടെ സംരക്ഷണം—

ശ്രീ. മുഹമ്മദ് മുഹസിൻ. പി 320

(3) പട്ടയഭൂമി കൈമാറ്റം—

ശ്രീ. എസ്. രാജേന്ദ്രൻ 322

(4) ഇലക്ട്രിക്കൽ സെക്ഷൻ—

ശ്രീ. കെ. രാജൻ 323

(5) കെ. എസ്. ഇ .ബി. സബ് ഡിവിഷൻ—

ശ്രീ. വി. അബ്ദുറഹിമാൻ 325

**V ഗവൺമെന്റ് പ്രമേയം**

സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണം 326

**VI റിപ്പോർട്ട് സമർപ്പണം**

സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2016 മാർച്ച് 31 വരെയുള്ള
ആനുകാലിക റിപ്പോർട്ട് 330

**VII ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ
ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും 330

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 3, തിങ്കൾ*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2016 ഒക്ടോബർ മാസം 03-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധന പിൻവലിക്കണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ ബാനറും പ്ലക്കാർഡുകളുമായി മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തു.)

മി. സ്പീക്കർ : ഓർഡർ...... ഓർഡർ.... ചോദ്യം നമ്പർ *151

### ഫാർമ പാർക്ക്

1 (*151) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്ന് നിർമ്മാണത്തിനും ഗവേഷണത്തിനും മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിനുമായി ഫാർമ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) എവിടെയാണ് ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ടിന് എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ,

(എ) സംസ്ഥാനത്ത് മരുന്ന് നിർമ്മാണത്തിനും ഗവേഷണത്തിനും മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിനുമായി ഫാർമ പാർക്ക് സ്ഥാപിക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ട്...........(ബഹളം)..............

മി. സ്പീക്കർ : ദയവായി അംഗങ്ങൾ സീറ്റിലിരിക്കണം.

(യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്ന് മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തു.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ചോദ്യം എടുത്തില്ലല്ലോ; പേര് വിളിച്ചില്ല.

മി. സ്പീക്കർ : സീറ്റിൽ എഴുന്നേറ്റ് നിന്നില്ലേ... ശ്രീ. റോജി എം. ജോണിന്റെ പേര് വിളിച്ചു....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഈ ചോദ്യം disorder-ലാണ്. ഈ ചോദ്യം ഫ്ലോറിൽ എത്തിയിട്ടില്ല.

മി. സ്പീക്കർ : ഫ്ലോറിൽ എത്തിയതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുന്നത്. ശ്രീ. റോജി എം. ജോൺ, അങ്ങ് സീറ്റിൽ നിന്ന് എഴുന്നേറ്റ് നിൽക്കുകയല്ലേ.... അങ്ങ് ചോദ്യം ചോദിക്കുന്നുണ്ടോ? ശ്രീ. റോജി എം. ജോൺ, ............ (ബഹളം)...........ശ്രീ. റോജി എം. ജോൺ, ചോദ്യം ചോദിക്കുന്നുണ്ടോ?

ശ്രീ. റോജി എം. ജോൺ : സർ, നിയമസഭയിലെ ചില അംഗങ്ങൾ ഈ സർക്കാരിന്റെ തെറ്റായ നടപടിയിൽ പ്രതിഷേധിച്ച് നിരാഹാരം കിടക്കുന്ന അവസരത്തിൽ..............(മൈക്ക് ഓഫ്).............(ബഹളം).........

മി. സ്പീക്കർ : ഇതാണോ ചോദ്യം; ചോദ്യം ചോദിക്കുന്നുണ്ടോ? ചോദ്യത്തിന്റെ ഉത്തരം സഭയിൽ വരണ്ടേ? .....(ബഹളം).............

ശ്രീ. റോജി എം. ജോൺ : സർ, ചോദ്യം ചോദിക്കുന്നില്ല.....(ബഹളം).......

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്........(ബഹളം).......

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ആറ് ദിവസമായി എം.എൽ.എ.-മാർ നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. ഗവൺമെന്റ് യാതൊരു നടപടിയും ഇക്കാര്യത്തിൽ സ്വീകരിക്കുന്നില്ല. ആറ് ദിവസമായി നിരാഹാര സത്യാഗ്രഹം അനുഷ്ഠിക്കുന്ന എം.എൽ.എ.-മാരുമായി ചർച്ച ചെയ്യാൻ പോലും ഗവൺമെന്റ് തയ്യാറാകുന്നില്ല. വളരെ ഗുരുതരമായൊരവസ്ഥയാണ്. ...... (ബഹളം).......

മി. സ്പീക്കർ : പ്ലീസ്.......പ്ലീസ്.......അങ്ങേക്ക് സമയമനുവദിച്ചാൽ പോരേ?.....

ശ്രീ. രമേശ് ചെന്നിത്തല : സർ, സഭാനാഥനെന്നുള്ള നിലയിൽ അങ്ങയുടെ ഇടപെടൽ അനിവാര്യമായ ഘട്ടമാണിത്. ആറ് ദിവസമായി എം.എൽ.എ.-മാർ ഇവിടെ നിരാഹാരം അനുഷ്ഠിക്കുമ്പോൾ അവരെ വിളിച്ച് ചർച്ച ചെയ്യാനോ ഈ പ്രശ്നത്തിന് പരിഹാരം കാണാനോ ഗവൺമെന്റ് തയ്യാറാകാത്തത് തെറ്റായ നടപടിയാണ്.....(ബഹളം).......

മി. സ്പീക്കർ : ബഹുമാന്യനായ പ്രതിപക്ഷ നേതാവിന് സമയമനുവദിച്ചാൽ പോരെ?.....ഇപ്പോൾ സംസാരിക്കണോ?......സഭാ നടപടികളുമായി സഹകരിക്കണം .........(ബഹളം).......

ശ്രീ. രമേശ് ചെന്നിത്തല : സ്പീക്കർ എന്നുള്ള നിലയിൽ അങ്ങ് ഇതിനായി മുന്നോട്ട് വരേണ്ടതാണ്. ഇത് ശരിയായ നടപടിയല്ല. കേരള നിയമസഭയിൽ എത്രയോ സന്ദർഭങ്ങളിൽ സമരങ്ങളും പല പ്രശ്നങ്ങളുമുണ്ടായിട്ടുണ്ട്. ആദ്യമായിട്ടാണോ നിയമസഭയിൽ എം.എൽ.എ.-മാർ നിരാഹാരം കിടക്കുന്നത്? നിയമസഭയുടെ ചരിത്രം പരിശോധിക്കു; എത്രയോ കാലഘട്ടങ്ങളിൽ സമരങ്ങളുണ്ടായിട്ടുണ്ട്.....(ബഹളം).......

മി. സ്പീക്കർ : അങ്ങേക്ക് കാര്യങ്ങൾ അറിയാവുന്നതല്ലേ? അങ്ങേക്ക് സമയമനുവദിച്ചാൽ പോരെ?.........(ബഹളം).......പ്ലീസ്...പ്ലീസ്.........അങ്ങ് ദയവായി സഹകരിക്കണം........(ബഹളം).......

ശ്രീ. രമേശ് ചെന്നിത്തല : സർ, ആ സമരങ്ങളിലൊക്കെ എടുത്ത നിലപാടാണോ ഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്നത്? അങ്ങേക്ക് ഇക്കാര്യത്തിൽ ഉത്തരവാദിത്വമില്ലേ? സ്പീക്കറെന്ന നിലയിൽ അങ്ങ് ഇക്കാര്യത്തിൽ ഇടപെടണ്ടേ? കേരള നിയമസഭയിൽ ആദ്യമായിട്ടാണോ എം.എൽ.എ.-മാർ നിരാഹാരം കിടക്കുന്നത്?........(ബഹളം).......

മി. സ്പീക്കർ : പ്ലീസ്...പ്ലീസ്.....അങ്ങേക്ക് സംസാരിക്കാൻ പിന്നീട് സമയം നൽകിയാൽ പോരേ?....ദയവായി....സഹകരിക്കണം....(ബഹളം).......

ശ്രീ. രമേശ് ചെന്നിത്തല : സർ, ഈ ഗവൺമെന്റിന്റെ നിഷേധാത്മകമായ നയമല്ലേ ഇത്; തെറ്റായ നടപടിയല്ലേ; ഞങ്ങൾ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളല്ലേ ഉയർത്തിപ്പിടിക്കുന്നത്? ആ പ്രശ്നങ്ങൾ......(ബഹളം)........

മി. സ്പീക്കർ : ദയവായി സഹകരിക്കു....(ബഹളം).......

ശ്രീ. രമേശ് ചെന്നിത്തല : എം.എൽ.എ.-മാർ നിരാഹാരം കിടക്കുന്ന സാഹചര്യത്തിൽ അതുസംബന്ധിച്ച് ചർച്ച ചെയ്യാൻ സർക്കാർ മുന്നോട്ടുവരണം. ഈ പ്രശ്നത്തിൽ തെറ്റായ നടപടിയല്ലേ ഇവിടെ സ്വീകരിക്കുന്നത്? അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞങ്ങൾ സഭാനടപടികൾ സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ സഹകരിക്കാൻ തയ്യാറാണ്; സഭാനടപടികൾ അനാവശ്യമായി തടസ്സപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നവരല്ല. പക്ഷേ ഞങ്ങൾ ജനകീയ പ്രശ്നങ്ങൾ ഉയർത്തിപ്പിടിക്കുമ്പോൾ ഈ ഗവൺമെന്റിന്റെ സമീപനം ഇതാണോ; ജനാധിപത്യത്തിൽ ഈ സമീപനം ശരിയാണോ? അതുകൊണ്ട് ചോദ്യോത്തരസമയം നിർത്തിവച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ചോദ്യോത്തരസമയം സസ്പെൻഡ് ചെയ്യണം.

മി. സ്പീക്കർ : എന്ത് നടപടി?

ശ്രീ. രമേശ് ചെന്നിത്തല : സർ, ചോദ്യോത്തരസമയം സസ്പെന്റ് ചെയ്യാൻ നടപടിയെടുക്കണം. അങ്ങ് ചർച്ചയ്ക്ക് വിളിക്കണം......(ബഹളം)....

മി. സ്പീക്കർ : അങ്ങേക്ക് കാര്യങ്ങൾ അറിയാവുന്നതാണ്. ദയവായി ഞാൻ പറയുന്നത് കേൾക്കു.... നിയമസഭാ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടും നിയമസഭാ സാമാജികരുടെ സമരവുമായി ബന്ധപ്പെട്ടും മാത്രമാണ് ചെയറിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുന്നത്. സർക്കാരിന്റെ നയപരമായ കാര്യങ്ങളിൽ ചെയറിന് ഇടപെടാൻ സാധിക്കില്ലെന്ന് അങ്ങേയ്ക്ക് നന്നായി അറിയാവുന്നതാണ്. നിരന്തരമായി നടപടിക്രമങ്ങൾ തുടക്കം മുതലേ തടസ്സപ്പെടുത്തുന്ന രീതി ശരിയല്ല. സഭയിൽ ധാരാളം ധനാഭ്യർത്ഥനകളും ഉപധനാഭ്യർത്ഥനകളും ചർച്ച ചെയ്യേണ്ടതുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല : സർ, നിരാഹാരസമരം നടത്തുന്ന എം.എൽ.എ.-മാരെ അങ്ങ് സന്ദർശിക്കുന്നുണ്ട്. അങ്ങ് അവരുടെ കാര്യങ്ങൾ നോക്കുന്നുണ്ട്. ഞങ്ങൾക്ക് അങ്ങയോട് പരാതിയില്ല. പക്ഷെ ഗവൺമെന്റിന്റെ നടപടികളിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. അത് ഞങ്ങൾക്ക് അങ്ങയോടല്ലാതെ മറ്റാരോടെങ്കിലും പറയാൻ സാധിക്കുമോ? അങ്ങയോടല്ലേ പറയാൻ സാധിക്കുകയുള്ളൂ.

മി. സ്പീക്കർ : സാമാജികരുടെ സമരവുമായി ബന്ധപ്പെട്ട് വീണ്ടുമൊരു സമവായ ചർച്ചയ്ക്ക് ചെയർ ശ്രമിക്കുന്നതാണ്. ദയവായി സീറ്റിലേയ്ക്ക് പോകണം.... ദയവായി സഹകരിക്കണം........

ശ്രീ. രമേശ് ചെന്നിത്തല : സർ, ചോദ്യോത്തരസമയം സസ്പെൻഡ് ചെയ്തുകൊണ്ട്, .................നടക്കില്ല........(ബഹളം)............(മൈക്ക് ഓഫ്)............

മി. സ്പീക്കർ : ദയവായി സഹകരിക്കണം...... ദയവായി സഹകരിക്കണം.......... ഒരു സമവായ ശ്രമത്തിന് ചെയർ ശ്രമം നടത്തുന്നതാണ്...... ദയവായി സഹകരിക്കണം......അംഗങ്ങൾ സീറ്റിലേക്ക് മടങ്ങിപ്പോകണം ....പ്ലീസ്...പ്ലീസ്.... (ബഹളം).............അംഗങ്ങൾ ദയവായി സീറ്റിലേയ്ക്ക് മടങ്ങിപ്പോകണം... സാമാജികരുടെ സമരവുമായി ബന്ധപ്പെട്ട് ഒരു സമവായ ചർച്ചക്ക് ചെയർ ശ്രമിക്കുന്നതാണ്. ദയവായി അംഗങ്ങൾ സീറ്റിലേക്ക് പോയി നടപടിക്രമങ്ങളുമായി സഹകരിക്കണം........(ബഹളം).......നടപടിക്രമങ്ങളുമായി ദയവായി സഹകരിക്കണം. സഭാനടപടികൾ നിരന്തരമായി തടസ്സപ്പെടുത്തുന്നത് ശരിയല്ല. ലോകം മുഴുവൻ ഇത് കാണുന്നുണ്ടെന്ന് നിങ്ങൾ ഓർമ്മിക്കണം. ഒരു പ്രശ്നം മാത്രമല്ല സഭയിൽ ചർച്ച ചെയ്യാനുള്ളത്. കഴിഞ്ഞ അഞ്ച് ദിവസമായി ഒരേയൊരു പ്രശ്നത്തിലാണ് അടിയന്തര പ്രമേയമുൾപ്പടെ ചർച്ച നടന്നുകൊണ്ടിരിക്കുന്നത്. ഈ നാട്ടിലെ സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ ഉയർന്നുവരേണ്ട ഒരു വേദിയാണിത്. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളിൽ ഗൗരവമേറിയ ചർച്ചകൾ നടക്കേണ്ടതുണ്ട്. അതെല്ലാം തടസ്സപ്പെടുത്തി നിരന്തരമായി ഒരൊറ്റ വിഷയത്തിൽ സഭ തടസ്സപ്പെടുത്തുന്നത് മര്യാദയല്ല..........(ബഹളം)......അതാണ് ചെയർ അറിയിച്ചത്. ദയവായി സീറ്റിലേക്ക് പോകണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ദയവായി സഹകരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല : സർ, ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.-യെ ആശുപത്രിയിലേക്ക് മാറ്റി. മറ്റ് എം.എൽ.എ.-മാരുടെ സ്ഥിതി ഗുരുതരമാണെന്ന് ഡോക്ടർ ഇപ്പോൾ റിപ്പോർട്ട് ചെയ്തു. ചോദ്യോത്തരവേള നിർത്തിവച്ചുകൊണ്ട് അങ്ങ് ചർച്ചയ്ക്ക് വിളിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ദയവായി അങ്ങ് ഇതിന്റെ ഗൗരവസ്വഭാവം മനസ്സിലാക്കണം. ഞങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്താൻ താല്പര്യമുള്ളവരല്ല. ഞങ്ങൾ സഭാനടപടികളോട് സഹകരിക്കാൻ താല്പര്യമുള്ളവരാണ്. സഭാനടപടികൾ നല്ല രീതിയിൽ നടക്കണമെന്ന് ആഗ്രഹമുള്ളവരാണ്. പക്ഷെ ശ്രീ. അനൂപ് ജേക്കബിനെ ആശുപത്രിയിലേക്ക് മാറ്റുകയും മറ്റ് രണ്ട് എം.എൽ.എ.-മാരുടെ സ്ഥിതി ഗുരുതരമാകുകയും ചെയ്ത സാഹചര്യത്തിൽ ചോദ്യോത്തരവേള സസ്പെൻഡ് ചെയ്തുകൊണ്ട് അങ്ങ് കക്ഷിനേതാക്കളുടെ യോഗം വിളിച്ച് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ചർച്ചയ്ക്ക് വിളിക്കാമെന്നാണല്ലോ ഞാൻ പറഞ്ഞത്...... (ബഹളം)............... ചോദ്യോത്തരവേള നിർത്തിവച്ചിരിക്കുന്നു......

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് അടുത്തുവന്ന് മുദ്രാവാക്യം വിളിക്കുകയും ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും ചെയ്തതിനാൽ രാവിലെ 8.38-ന് നിർത്തിവച്ച സഭ 9.39-ന് പുനരാരംഭിച്ചു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനത്തിലെ ക്രമക്കേട്

2 (T* *152) ശ്രീ. ടി. എ. അഹമ്മദ് കബീർ :

ഡോ.എം. കെ. മുനീർ :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനത്തിൽ നടന്നതായി ആരോപിക്കപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ച് പുനരന്വേഷണം നടത്തണമെന്ന ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ, അതനുസരിച്ച് ഏതു വിധത്തിലുള്ള അന്വേഷണ സംവിധാനത്തെയാണ് പുനരന്വേഷണത്തിന് നിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ കേസന്വേഷണത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ട അപാകതകൾ പരിഹരിക്കാനും ഉത്തരക്കടലാസ്സുകൾ നഷ്ടപ്പെടാനിടയായ സംഭവമുൾപ്പെടെ സത്യസന്ധമായി അന്വേഷിച്ച് വസ്തുതകൾ കണ്ടെത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രതികളെയും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനും കഴിയുന്ന ടീമിനെ അന്വേഷണത്തിന് ചുമതലപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ബഹു.ഹൈക്കോടതി ഈ കേസിൽ തുടരന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി&സി) തുടരന്വേഷണം നടത്തണമെന്ന 1-9-2016-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 27-9-2016-ലെ D2/6425/CR/2011 നമ്പർ ഉത്തരവുപ്രകാരം ക്രൈംബ്രാഞ്ച് സി.ഐ.ഡി ഒ.സി.ഡബ്ല്യു.I തിരുവനന്തപുരം വിഭാഗം പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള ടീമിനെ തുടരന്വേഷണത്തിന് നിയോഗിച്ചിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## 108 ആംബുലൻസ് സർവ്വീസിന്റെ പ്രവർത്തനം

3 (*153) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) '108' ആംബുലൻസ് സർവ്വീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സർവ്വീസ് നടത്തിപ്പ് ചുമതല നിർവ്വഹിക്കുന്ന ഏജൻസിയുമായി ഉണ്ടാക്കിയിട്ടുള്ള കരാർ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇത് പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആംബുലൻസ് സേവനത്തിന് പ്രതിഫലം നൽകുന്നതിനുള്ള ഫണ്ട് ഏതു പദ്ധതിയിലൂടെയാണ് ലഭ്യമാകുന്നത്; ഇതേവരെ ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ജനോപകാരപ്രദമായ ഈ പദ്ധതി നിലനിർത്താൻ അടിയന്തര ശ്രദ്ധ ഉണ്ടാകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ):

(എ) കേന്ദ്ര സർക്കാരിന്റെ നാഷണൽ ഹെൽത്ത് മിഷനു കീഴിൽ കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ട് (KEMP) തിരുവനന്തപുരം ജില്ലയിൽ 25 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളുമായി 2010 മേയ് മാസം 19-ന് പൈലറ്റ് പ്രോജക്ടായി പ്രവർത്തനമാരംഭിച്ചു. പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി.പി.പി) എന്ന മോഡലിൽ പ്രാവർത്തികമാക്കിയ ഈ പദ്ധതിയുടെ നടത്തിപ്പവകാശം ടെണ്ടർ നടപടിക്രമങ്ങളിലൂടെ ആദ്യം ചികിത്സ ഹെൽത്ത് കെയർ എന്ന കമ്പനിക്കും പിന്നീട് ടെണ്ടർ മുഖാന്തരം 16-10-2013-ൽ ജി.വി.കെ ഇ.എം.ആർ.ഐ എന്ന കമ്പനിക്കും നൽകി. പിന്നീട് വിവിധ കാരണങ്ങളാൽ 16-7-2015 മുതൽ പ്രസ്തുത പദ്ധതി സംസ്ഥാന സർക്കാർ ആരോഗ്യവകുപ്പിനു കീഴിലുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെയും ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെയും സഹകരണത്തോടെ നടത്തിവരികയാണ്. തിരുവനന്തപുരം ജില്ലയിൽ 25 ആംബുലൻസുകളും ആലപ്പുഴ ജില്ലയിൽ 18 ആംബുലൻസുകളുമാണ് പ്രസ്തുത പദ്ധതിക്കായി വിന്യസിച്ചിരിക്കുന്നത്.

(ബി) 19-5-2010 മുതൽ 15-7-2015 വരെ മാത്രമാണ് പ്രൈവറ്റ് പബ്ലിക് പാർട്ട്ണർഷിപ്പ് മാതൃകയിൽ പ്രൈവറ്റ് ഓപ്പറേറ്റേഴ്സുമായി കരാറുണ്ടാക്കി പ്രസ്തുത പ്രോജക്ട് നടത്തി വന്നിരുന്നത്. 16-7-2015 മുതൽ പ്രസ്തുത പദ്ധതി കേരള സർക്കാർ ആരോഗ്യവകുപ്പിനു കീഴിലുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെയും ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയുടെയും സഹകരണത്തോടെ നടത്തിവരുന്നു. ഇത് പുതുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ആയതിലേക്ക് പുതുക്കിയ പദ്ധതി നിർദ്ദേശം ലഭ്യമാക്കുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതുവരെ പ്രസ്തുത പദ്ധതിയുടെ ക്യാപിറ്റൽ എക്സ്പെൻസ് നാഷണൽ ഹെൽത്ത് മിഷൻ വഴിയും പ്രവർത്തന ചെലവുകൾ ആദ്യവർഷം 60 ശതമാനവും രണ്ടാം വർഷം 40 ശതമാനവും മൂന്നാം വർഷം മുതൽ 20 ശതമാനവും കേന്ദ്ര സഹായമായും ബാക്കി യഥാക്രമം 40%, 60%, 80% എന്നിവ സംസ്ഥാന സർക്കാർ വിഹിതവുമായാണ് ലഭ്യമാകുന്നത്. 19-5-2010 മുതൽ വാഹനങ്ങളുടെ പ്രവർത്തന ചെലവിനത്തിൽ രണ്ട് ഏജൻസികൾക്കുമായി 31.44 കോടി രൂപ ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 108 ആംബുലൻസുകളുടെ സേവനം നിലനിർത്തുന്നതിനും കേരളമൊട്ടാകെ വ്യാപിപ്പിക്കുന്നതിലേക്കുമായി പ്രവർത്തന ചെലവുകൾ എത്രയാണെന്ന് കാണിച്ച് വിശദമായ പദ്ധതി നിർദ്ദേശം അടിയന്തരമായി സമർപ്പിക്കുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

4 (*154) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എം. എം. മണി :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ട് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്ന സാധാരണക്കാരെ സ്വകാര്യ ആശുപത്രികളിലെ അമിതമായ ചികിത്സാ ചെലവ് കടക്കെണിയിലാഴ്ത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ലബോറട്ടറികൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും കുറവ്, മരുന്നുകളുടെ അഭാവം, ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ പെരുമാറ്റം എന്നീ കാരണങ്ങളാണ് സാധാരണക്കാരെ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബന്ധിതരാക്കുന്നതെന്നതിനാൽ അതു പരിഹരിക്കാനും അതോടൊപ്പം സ്വകാര്യ ആശുപ്രതികളിലെ ചികിത്സാചെലവ് നിയന്ത്രിക്കാനും നടപടി സ്വീകരിക്കുമോ;

(സി) എല്ലാവർക്കും ഗുണനിലവാരമുള്ള ചികിത്സാ അവകാശം സാധ്യമാക്കുന്നതിന് വേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഇവ നേടുന്നതിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു;

(ഡി) ഇതിനായി വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഈ ലക്ഷ്യം നേടുന്നതിന് വികസന സമിതികളുടെ പങ്കെന്താണെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) ഉണ്ട്. ഇക്കാര്യം കണക്കിലെടുത്ത് സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി സൗകര്യങ്ങളും വികസിപ്പിക്കാനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. അതോടൊപ്പം ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും ഒഴിവുകൾ നികത്താനുള്ള നടപടികളും ദ്രുതഗതിയിൽ ചെയ്തുവരുന്നുണ്ട്. വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ക്രമീകരിക്കാനും ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കാനുമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. ആശുപത്രി കളിലേക്കുള്ള മരുന്ന് ലഭ്യത കെ.എം.എസ്.സി.എൽ. വഴി മുടക്കം കൂടാതെ ഉറപ്പു വരുത്തുന്നുണ്ട്. ഗവൺമെന്റ് പ്രഖ്യാപിച്ച് മിഷൻ മോഡിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിൽ ഒന്ന് രോഗി സൗഹൃദ ആശുപത്രികളാണ്; (ആർദ്രം പദ്ധതി) ഈ പ്രോഗ്രം നടപ്പിലാക്കുന്നതോടെ ആശുപത്രികളുടെ പ്രവർത്തനത്തിൽ ഗുണകരമായ വലിയ മാറ്റം വരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജീവനക്കാരുടെ പെരുമാറ്റം മെച്ചപ്പെടുത്താനായി വിവിധ വിഭാഗം ജീവനക്കാർക്ക് പരിശീലന പരിപാടികളും നടത്തിവരുന്നു.

(സി) ജില്ല, താലൂക്ക്, ബ്ലോക്ക്, പഞ്ചായത്ത് തല ആരോഗ്യ സ്ഥാപനങ്ങളിൽ ഉണ്ടായിരിക്കേണ്ട മിനിമം ആരോഗ്യ സേവനങ്ങൾ അടിസ്ഥാനമാക്കി ഈ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നുവരികയാണ്. യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിരവികസന ലക്ഷ്യങ്ങളെ (എസ്.ഡി.ജി.) അടിസ്ഥാനമാക്കി സംസ്ഥാനത്ത് 2020- ഓടെയും 2030- ഓടെയും ആർജ്ജിക്കേണ്ട വികസന ലക്ഷ്യങ്ങൾ തിട്ടപ്പെടുത്തുവാനും അതനുസരിച്ചുള്ള പ്രവർത്തനപരിപാടികൾക്ക് രൂപം നൽകാനുമുള്ള നടപടികൾ ആരോഗ്യവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനായി എസ്.എച്ച്.എസ്. ആർ.സി. വഴി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) ഇതിനായി 19 വിദഗ്ദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സമിതികൾ ഓരോന്നും സംസ്ഥാനത്തെ അതാത് മേഖലയിലെ നിലവിലുള്ള സ്ഥിതിഗതികൾ തിട്ടപ്പെടുത്തുകയും സംസ്ഥാനം 2020- ഓടെയും 2030- ഓടെയും ആർജ്ജിക്കേണ്ട ലക്ഷ്യങ്ങൾക്ക് രൂപം നൽകിവരികയും ചെയ്യുന്നു. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനപരിപാടികളുടെ രൂപരേഖ ഈ സമിതികൾ തയ്യാറാക്കുന്നതാണ്. ആരോഗ്യ വകുപ്പിൽ വിവിധ സ്കീമുകളുടെ ഭാഗമായി നടപ്പു സാമ്പത്തിക വർഷവും തുടർ വർഷങ്ങളിലും ഇതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

**സൈബർ ഡോം**

5 (*155) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ കീഴിൽ 'സൈബർ ഡോം' എന്ന കേന്ദ്രം ആരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) സൈബർ കുറ്റങ്ങൾ തടയുന്നതിനും ഈ വിഷയത്തിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ആരുടെയൊക്കെ സേവനങ്ങളാണ് ഇതിനായി ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) ഉണ്ട്. സൈബർ ഡോം പദ്ധതി നടപ്പാക്കുന്നതിന് 22-8-2014-ലെ ജി.ഒ. (എംഎസ്)നമ്പർ 167/2014/ആഭ്യന്തരം പ്രകാരം അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ കീഴിൽ സൈബർ ഡോം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) സൈബർ കുറ്റങ്ങൾ തടയുന്നതിനും ഈ വിഷയത്തിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തുന്നതിനും താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

1. സോഷ്യൽ മീഡിയ ലാബ്
2. ഓൺലൈൻ വുമൺ ആന്റ് ചൈൽഡ് (സ്ത്രീകളുടേയും കുട്ടികളുടേയും) സുരക്ഷ
3. ചൈൽഡ് പോർണോഗ്രാഫി
4. വെബ് സൈറ്റ് സെക്യൂരിറ്റി
5. പോലീസിംഗ് ഇൻ ഡാർക്ക് നെറ്റ്
6. ഓൺ ലൈൻ പൈറസി
7. മാൽവെയർ അനാലിസിസ്
8. പോലീസിലെ മറ്റ് യൂണിറ്റുകൾക്ക് സാങ്കേതിക സഹായം നൽകൽ
9. പ്രിവെൻഷൻ ഓഫ് ഫിനാൻഷ്യൽ ഫ്രാഡ്സ് (ആർ.ബി.ഐ.- യും ബാങ്കുകളുമായി ചേർന്ന് ഓൺലൈൻ തട്ടിപ്പുകൾ തടയുന്നതിനായി)
10. ട്രെയിനിംഗ് ആന്റ് അവെയർനെസ് ക്രിയേഷൻ.
11. കമ്പ്യൂട്ടർ ശൃംഖലയ്ക്ക് നാശം വരുത്തുന്ന ഏറ്റവും പുതിയതായി രൂപംകൊണ്ട് റാൻസംവെയർ അറ്റാക്കിനെ ചെറുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

കൂടാതെ ഗാഡ്ജറ്റുകളിലും കമ്പ്യൂട്ടറുകളിലും അറ്റാക്കേഴ്സ് കയറ്റി വിടുന്ന മാൽവെയറുകളെ പറ്റിയുള്ള ഗവേഷണങ്ങളും നടന്നുവരുന്നു. ക്രിയാത്മകമായ പോലീസ് സേവനം പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി സാങ്കേതിക മികവുള്ള ഒരു പോലീസ് സേനയായി കേരള പോലീസിനെ ഉയർത്താനാവശ്യമായ ഗവേഷണങ്ങളും പഠനങ്ങളും നടത്തി വരുന്നു.

(സി) സൈബർ ഡോമുമായി മെമ്മോറണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് (MoU) ഒപ്പിട്ടിട്ടുള്ള കംപ്യൂട്ടർ ഇൻഡസ്ട്രിയിലെ പ്രഗൽഭരായ ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും പോലീസ് സേനയിൽ നിന്നും തെരഞ്ഞെടുത്ത കംപ്യൂട്ടർ പ്രാഗൽഭ്യവും വൈദഗ്ദ്ധ്യവുമുള്ള സേനാംഗങ്ങൾ എന്നിവരെയാണ് ഇതിനായി ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ആധുനിക സൗകര്യങ്ങളോടുകൂടിയ സൈബർ ഡോമിന്റെ ഓഫീസിന്റെ ആസ്ഥാനം ടെക്നോപാർക്കിൽ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഏകദേശം 500 എത്തിക്കൽ ഹാക്കർമാർ സൈബർ ഡോമുമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. സോഷ്യൽ മീഡിയയുടെ ഉപയോഗം പട്ടണങ്ങളിലും ഗ്രാമങ്ങളിലും വർദ്ധിച്ചുവരുന്നതിനാൽ അതനുസരിച്ച് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളുടെ വെല്ലുവിളി നേരിടുന്നതിന് പുതിയ സോഷ്യൽ മീഡിയ ലാബ് തുറന്നിട്ടുണ്ട്. ഒരു ഡിവൈ.എസ്.പി-യുടെ നേതൃത്വത്തിൽ I.T. മേഖലയിൽ ആവശ്യമായ യോഗ്യതയും വൈദഗ്ദ്ധ്യവുമുള്ള യോഗ്യരായ 10 പോലീസ് ഉദ്യോഗസ്ഥരെ ഇതിന്റെ കേന്ദ്രത്തിൽ നിയോഗിച്ചിട്ടുണ്ട്. അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരവും വിജിലൻസും) അദ്ധ്യക്ഷയായിട്ടുള്ള ഗവേണിംഗ് കൗൺസിലും ADGP (ക്രൈംസ്)-ന്റെ അദ്ധ്യക്ഷതയിൽ ഒരു Project Implementation Board- ഉം പ്രവർത്തിച്ചു വരുന്നു.

## ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്

6 (*156) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി' സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളുടെ ഇടയിൽ മയക്കുമരുന്നുകളുടെ ഉപയോഗവും അതുമായി ബന്ധപ്പെട്ട ഗുരുതരമായ സാമൂഹ്യ വിപത്തുകളും ഇല്ലാതാക്കുന്നതിനുവേണ്ടിയാണ് ടി പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്.

(ബി) വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം എന്നീ വകുപ്പുകൾ സംയുക്തമായാണ് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ' പദ്ധതി നടപ്പിലാക്കി വരുന്നത്.

(സി) സ്കൂൾ-കോളേജ് ക്യാമ്പസുകളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ അവബോധം വളർത്തുന്നതിന് സെമിനാറുകളും കൗൺസിലിംഗുകളും നടത്തുക, ലഹരിയുടെ ദൂഷ്യവശങ്ങൾക്ക് വിധേയരായ വ്യക്തികളുടെ ദുരനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവയ്ക്കുക, വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ലഹരി വിരുദ്ധ ചിന്താഗതി വളർത്തിയെടുക്കുന്നതിന് ഉതകുന്ന പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക, ലഹരി ഉപഭോഗം വഴി കുട്ടികളിൽ ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ, ഇതുവഴിയുണ്ടാകാവുന്ന ക്രിമിനൽ വാസന എന്നിവ ഇല്ലായ്മ ചെയ്ത് മികച്ച അക്കാദമിക് നിലവാരം ഉയർത്തുകയുമാണ് ഇതിന്റെ മുഖ്യ പ്രവർത്തനങ്ങൾ.

(ഡി) 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ' പദ്ധതിയുടെ നടത്തിപ്പിന് അവശ്യമായ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം വിലയിരുത്താൻ ഈ കമ്മിറ്റികൾ സമയബന്ധിതമായി യോഗം ചേരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ തല കമ്മിറ്റിയുടെ (SLMC) ചുമതല സ്കൂളിന്റെ തലവനും ജില്ലാതല ചുമതല (DLMC) ജില്ലാ കളക്ടർക്കും സംസ്ഥാന തല (SLMC) ചുമതല ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കുമാണ്.

## സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും അഭാവം

7 (*157) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. മുകേഷ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ മുതൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ വരെയുള്ള വിവിധ സർക്കാർ ആശുപത്രികൾ നേരിടുന്ന പ്രധാന പ്രശ്നം ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും കുറവായതിനാൽ ഇതു സമയബന്ധിതമായി പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം പരിഹരിക്കാനായി ബോണ്ട് വ്യവസ്ഥ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി നിയമനിർമ്മാണം നടത്തുമോ;

(സി) ഗ്രാമീണ മേഖലയിൽ സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ സേവനം നിർബന്ധിതമാക്കാമോ; അല്ലെങ്കിൽ പ്രത്യേക ആനുകൂല്യങ്ങൾ നൽകി ഗ്രാമീണ സേവനം ആകർഷകമാക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ പ്രവേശന തസ്തികയിലെ ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ ജനറൽ ആശുപത്രി വരെയുള്ള സ്ഥാപനങ്ങളിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിലേക്കായി നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം നൽകിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 862 പേരെ പി.എസ്.സി. അഡ്വൈസ് ചെയ്യുകയും ആയതിൽ 275 പേർ ജോലിയിൽ പ്രവേശിക്കുകയും 234 പേർ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള പ്രവേശന കാലം നീട്ടിക്കിട്ടുന്നതിലേക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിച്ച എൻ.ജെ.ഡി. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ വീണ്ടും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം പൂർത്തീകരിക്കുന്നതാണ്. സ്പെഷ്യലിസ്റ്റുമാരുടെ കുറവ് നികത്തുന്നതിന് നിലവിലുള്ള ഡോക്ടർമാരിൽ നിന്നും സ്പെഷ്യാലിറ്റി യോഗ്യതയുള്ളവരെ അവരുടെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്പെഷ്യലിസ്റ്റ് യോഗ്യത യുള്ളവരുടെ നിലവിലുള്ള ലിസ്റ്റിൽ നിന്നും 199 ഡോക്ടർമാരെ ജൂനിയർ കൺസൾട്ടന്റുമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ ലിസ്റ്റ് നിലവിലില്ലാത്ത സ്പെഷ്യാലിറ്റികളിൽ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും താൽക്കാലിക നിയമനവും നടത്തിയിട്ടുണ്ട്. 12 പേർക്ക് ഇത്തരത്തിൽ നിയമനം നടത്തിയിട്ടുണ്ട്. പ്രൊമോഷൻ തസ്തികകളായ കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് എന്നിവയിൽ ഡി.പി.സി.-യുടെ അംഗീകാരത്തോടെ നിയമനം നടത്തുന്നതിനുള്ള നടപടിയും പുരോഗമിച്ചു വരുന്നു.

നഴ്സിംഗ് വിഭാഗത്തിൽ ഉൾപ്പെടുന്ന നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-I-ന്റെ ഒഴിവുകൾ പ്രൊമോഷനിലൂടെ നികത്തുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ഹെഡ് നഴ്സ് തസ്തികയിലെ ഒഴിവുകൾ പ്രൊമോഷനിലൂടെ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സിന്റെ നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

ഫാർമസി വിഭാഗത്തിൽ സ്റ്റോർ സൂപ്രണ്ട്, പി.എസ്.കെ. എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷനിലൂടെ നികത്തിക്കഴിഞ്ഞു. തൽഫലമായി ഉണ്ടായ ഫാർമസിസ്റ്റിന്റെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.

ഫാർമസിസ്റ്റിന്റെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ പി.എസ്.സി.-യിൽ നിന്നും എൻ.ഒ.സി. വാങ്ങിയശേഷം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലിക നിയമനം നൽകി ഫാർമസികളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മറ്റു പാരാ മെഡിക്കൽ സ്റ്റാഫുകളുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രിയിലെ നിലവിലുള്ള ബെഡ് സ്ട്രെംഗ്ത്, രോഗികളുടെ ഒ.പി/ ഐ.പി നിലവാരം, ചികിത്സാ സൗകര്യങ്ങൾ എന്നിവയ്ക്കനുസരിച്ചാണ് നിലവിൽ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നത്. സംസ്ഥാനത്തൊട്ടാകെയുള്ള ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമഗ്ര പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

(ബി) സർവ്വീസ് ക്വാട്ടയിൽ ഉപരി പഠനത്തിന് അർഹത നേടിയ ഡോക്ടർമാരിൽ നിന്നും ഉപരിപഠനത്തിനു ശേഷം നിശ്ചിത കാലയളവിൽ നിർബന്ധിത സർക്കാർ സേവനം നൽകണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള ബോണ്ട് നിലവിലുണ്ട്.

(സി) സർവ്വീസ് ക്വാട്ടയിൽ പി.ജി. അഡ്മിഷൻ ലഭിച്ച ഡോക്ടർമാർക്ക് 7 വർഷമാണ് നിർബന്ധിത സേവനം നിഷ്കർഷിച്ചിട്ടുള്ളത്.

## സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്

8 (*158) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എസ്.ശർമ്മ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില ജില്ലകളിൽ സാർവ്വത്രിക പ്രതിരോധ കുത്തിവെയ്പ് വേണ്ടത്ര വിജയിക്കാതിരുന്നത് പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) രോഗഭീതിയില്ലാതെ ജീവിക്കാനായി പ്രതിരോധ മരുന്ന് ലഭിക്കാനുള്ള ഓരോ ശിശുവിന്റെയും അവകാശം നിയമപരമായി ഉറപ്പാക്കാനും അതിനു വിഘാതമുണ്ടാക്കുന്നവരെ ശിക്ഷിക്കാനും ആവശ്യമെങ്കിൽ നിയമ നിർമ്മാണ മുൾപ്പെടെയുള്ള മാർഗ്ഗം സ്വീകരിക്കുമോ;

(സി) പ്രതിരോധ മരുന്നുകളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധമുണ്ടാക്കു ന്നതിനും അന്ധവിശ്വാസാധിഷ്ഠിതമായ തെറ്റിദ്ധാരണകളെ നീക്കാനും ഏതു തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) പ്രതിരോധ കുത്തിവെയ്പ്പ് വേണ്ടത്ര വിജയിക്കാതിരിക്കാനുള്ള പ്രധാന കാരണം അതിനെപ്പറ്റിയുള്ള തെറ്റിദ്ധാരണകളും വിശ്വാസത്തിന് വിരുദ്ധമാണെന്ന പ്രചാരണങ്ങളുമാണ്. ഇവ മറികടക്കുന്നതിനുവേണ്ടി അതാതു ജില്ലകളിൽ കൂടുതൽ പ്രതിരോധകുത്തിവയ്പ്പ് ക്യാമ്പുകൾ നടത്തുകയും അവിടെ ജനകീയ സമ്മേളനങ്ങൾ നടത്തി അന്ധവിശ്വാസത്തിനെതിരായി പ്രചരണ പ്രവർത്തനങ്ങളും ക്ലാസ്സുകളും സംഘടിപ്പിക്കുകയും ചെയ്തു. ബുധനാഴ്ചകളിൽ നടത്തിവരുന്ന സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് കൂടുതൽ കാര്യക്ഷമമാക്കിയും ഇമ്മ്യൂണൈസേഷൻ സ്റ്റാറ്റസ് കുറവായ ജില്ലകളിൽ പ്രത്യേക ആക്ഷൻ പ്ലാൻ ഉണ്ടാക്കിയും മുഴുവൻ കുട്ടികളെയും സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പുകൾക്ക് വിധേയരാക്കാൻ ശ്രമിച്ചു വരുന്നു. കൂടാതെ ഡിഫ്തീരിയ രോഗം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലകളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിന്റെയും ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിന്റെയും സഹകരണത്തോടെ ഓരോ കുഞ്ഞിനും പ്രതിരോധ മരുന്ന് കിട്ടുന്നുവെന്ന് ഉറപ്പുവരുത്തുവാനായി ഓരോ കുഞ്ഞിന്റെയും സ്കൂൾ അഡ്മിഷൻ സമയത്ത് ഒരു ഹെൽത്ത് കാർഡ് ലഭ്യമാക്കാൻ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ആശാ വർക്കർമാർ, അംഗൻവാടി അദ്ധ്യാപകർ എന്നിവരുടെ സഹായത്തോടെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ അതാതു വാർഡുകളിലെ ഭവനങ്ങൾ സന്ദർശനം നടത്തുകയും പ്രതിരോധ കുത്തിവയ്പ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് മാതാപിതാക്കളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ബോധവൽക്കരണ ക്ലാസ്സുകൾ നടത്താൻ വേണ്ടി ആക്ഷൻ പ്ലാൻ തയ്യാറാക്കി ബോധവൽക്കരണ ക്ലാസ്സ് നടത്തി റിപ്പോർട്ട് ചെയ്യുന്നു. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി സ്കൂളുകളിലും അംഗൻവാടികളിലും ബോധവൽക്കരണ ക്ലാസ്സ് നടത്തുകയും കുത്തിവയ്പ്പ് എടുക്കാൻ വിട്ടുപോയ കുട്ടികളെ കണ്ടെത്തി കുത്തിവെയ്പ്പ് എടുക്കുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യവകുപ്പും ദേശീയ ആരോഗ്യ ദൗത്യവും സംയുക്തമായി വിവിധ വകുപ്പുകളേയും സർക്കാർ ഏജൻസികളെയും സാമൂഹ്യ-സംസ്കാരിക സംഘടനകളെയും മതസംഘടനകളേയും ഒരുമിപ്പിച്ച് പ്രാദേശിക തലത്തിൽ വീടുവീടാന്തരം വാക്സിനേഷൻ ബോധവൽക്കരണ പ്രവർത്തനവും ഗൃഹസന്ദർശനവും സംഘടിപ്പിച്ചു.

ശിശുരോഗ വിദഗ്ധരുടെ ദേശീയ സംഘടനയായ ഐ.എ.പി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, കെ.ജി.എം.ഒ.എ, ശാസ്ത്ര സാഹിത്യ പരിഷത്ത്, സംസ്കാരിക നായകൻമാർ, രാഷ്ട്രീയ നേതാക്കൾ, മതപുരോഹിതന്മാർ എന്നിവർ സജീവമായി ഈ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. ഇവരുടെ നേതൃത്വത്തിൽ കോർണർ മീറ്റിംഗുകളും ചർച്ചാ ക്ലാസ്സുകളും സംഘടിപ്പിച്ചു. ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മലപ്പുറത്ത് സംഘടിപ്പിച്ച ബഹുജന കൺവെൻഷനിൽ കുത്തിവയ്പ്പിന് അനുകൂലമായി ഉയർന്ന ആഹ്വാനം സമൂഹത്തിൽ വലിയ ചലനമുണ്ടാക്കി.

ഇതോടൊപ്പം വിവിധ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു. പത്രപരസ്യങ്ങൾ, പത്രലേഖനങ്ങൾ, ടെലിവിഷൻ ചർച്ചകൾ, സോഷ്യൽ മീഡിയ ഉപയോഗിച്ചുള്ള പ്രചരണങ്ങൾ, റയിൽവേ സ്റ്റേഷൻ വഴി നാല് മാസങ്ങളോളം നടത്തിയ അനൗൺസ്മെന്റ് എഫ്.എം. സ്റ്റേഷനിലൂടെയും മറ്റും നടത്തിയ റേഡിയോ പരിപാടികൾ, ബ്ലോക്ക് തലത്തിലുള്ള ഹാർഡിംഗുകൾ, വിശദീകരണ നോട്ടീസുകൾ, പോസ്റ്ററുകൾ, ഇമ്മ്യൂണൈസെഷൻ കാർഡ്, നടൻ മോഹൻലാൽ അഭിനയിക്കുന്ന ഒരു പരസ്യചിത്രം, ഇമ്മ്യൂണൈസെഷൻ വാരാചരണം തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചു.

## ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം

9 (*159) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത നിയമം നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് താലൂക്കുതല റാങ്കിംഗിന് പകരം സംസ്ഥാന തല റാങ്കിംഗ് ഏർപ്പെടുത്തുമ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് വരുന്നതെന്ന് വിശദമാക്കുമോ;

(ഡി) നിയമം നടപ്പിൽ വരുമ്പോൾ ഒരു റേഷൻ കാർഡുടമയ്ക്ക് മുൻപുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി ഏതൊക്കെ ആനുകൂല്യങ്ങൾ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി (ശ്രീ. പി. തിലോത്തമൻ) :

(എ) 5-10-2016 മുതൽ മുൻഗണനാ ലിസ്റ്റ് കരട് പട്ടിക പ്രസിദ്ധീകരിച്ചു കൊണ്ട് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കി തുടങ്ങുന്നതാണ്.

(ബി) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-7-2013-ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇന്ത്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം 2013, കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013-ലെ സ.ഉ.(കൈ) നമ്പർ 53/2013/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള താഴെപ്പറയുന്ന അടിസ്ഥാന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് സമയബന്ധിതമായി പൂർത്തിയാക്കി നിയമം പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നിരുന്നില്ല.

(i) അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households)

(ii) വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery)

(iii) റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation)

(iv) പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism)

മുകളിൽ വിഭാവന ചെയ്യുന്ന പ്രകാരം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ത്വരിതഗതിയിൽ നടന്നുവരുന്നത്.

(സി) നഗരപ്രദേശങ്ങളിൽ ജനസംഖ്യയുടെ 39.50%-വും ഗ്രാമപ്രദേശങ്ങളിൽ 52.63%-വും ജനങ്ങളാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നത്. ഇപ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന ആളുകളുടെ എണ്ണം 1,54,80,040 ആണ്. മുൻഗണനാവിഭാഗക്കാരെ കണ്ടെത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ താലൂക്കുതല റാങ്കിംഗ് നടത്തിയിരുന്നുവെങ്കിലും അതിൽ അനർഹർ ധാരാളമായി കടന്നുകൂടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലാണ് സംസ്ഥാനതല റാങ്കിംഗ് നടത്തുവാൻ തീരുമാനമായിട്ടുള്ളത്. സംസ്ഥാനതല റാങ്കിംഗ് നടത്തുമ്പോൾ സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുവാൻ അർഹതയുള്ള മുഴുവൻ ആളുകളും മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട് വരുന്നതാണ്.

(ഡി) 2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വരുമ്പോൾ മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഓരോ വ്യക്തിക്കും അഞ്ച് കിലോഗ്രാം ഭക്ഷ്യധാന്യം വീതം ലഭിക്കും. എ.എ.വൈ. കാർഡുടമകൾക്ക് 35 കി.ഗ്രാം ഭക്ഷ്യധാന്യം തന്നെ തുടർന്നും ലഭിക്കുന്നതാണ്. 3 രൂപ നിരക്കിൽ അരി, 2 രൂപ നിരക്കിൽ ഗോതമ്പ്, 1 രൂപ നിരക്കിൽ പയറുവർഗ്ഗങ്ങൾ എന്നിവ കേന്ദ്രം ഉറപ്പുവരുത്തുന്നുണ്ട്.

## പോലീസ് സേനയുടെ നവീകരണം

10 (*160) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) നിയമം നടപ്പിലാക്കുന്നതിലുള്ള കാർക്കശ്യം നിലനിർത്തിക്കൊണ്ടു തന്നെ ജനസൗഹൃദ പെരുമാറ്റം ഉറപ്പാക്കാൻ സാധ്യമാണോ;

(സി) അനാവശ്യ ബലപ്രയോഗവും കാടത്തം നിറഞ്ഞ പെരുമാറ്റവും വച്ചു പുലർത്തുന്ന ഉദ്യോഗസ്ഥരെ നിലയ്ക്കുനിർത്താൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുന്നതിനായി ഫർണിച്ചറുകൾ, ഉപകരണങ്ങൾ, സോഫ്റ്റ് വെയറുകൾ, ജനറേറ്ററുകൾ, വാഹനങ്ങൾ, ക്രമസമാധാന പരിപാലന ഉപകരണങ്ങൾ, കുറ്റാന്വേഷണ സംവിധാന സഹായി ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനും പോലീസ് സ്റ്റേഷനുകളിലെ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിനും ജില്ലാ കൺട്രോൾ റൂമുകളുടെ നിർമ്മാണത്തിനും ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വിപുലപ്പെടുത്തുന്നതിനും സൈബർ കുറ്റാന്വേഷണ നവീകരണത്തിനും ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ നവീകരണത്തിനും സംസ്ഥാന പദ്ധതിയിനത്തിൽ ആവശ്യമായ തുക നീക്കി വച്ചിട്ടുണ്ട്. സ്ത്രീ സുരക്ഷയെ മുൻനിർത്തി ഈ സർക്കാരിന്റെ കാലത്ത് പോലീസ് വകുപ്പിൽ ആവിഷ്കരിച്ച പിങ്ക് പോലീസ് പട്രോൾ കൺട്രോൾ റൂം എന്ന സംവിധാനം നിലവിൽ നടപ്പിലാക്കി പ്രവർത്തിച്ചു വരുന്നു. കേന്ദ്ര സഹായത്തോടുകൂടി നടപ്പിൽ വരുത്തുന്ന പദ്ധതിയിൽ വാഹനങ്ങൾ വാങ്ങുന്നതിനും ആയുധങ്ങളും വെടിക്കോപ്പുകളും വാങ്ങുന്നതിനും പോലീസ് കമാൻഡോ വിംഗിന് വേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിനും ബോംബ് ഡിസ്പോസൽ സ്ക്വാഡിന് ഉപകരണങ്ങൾ വാങ്ങുന്നതിനും ഫോറൻസിക് സയൻസ് ലാബുകളുടെയും ഫിംഗർ പ്രിന്റ് ബ്യൂറോയുടെയും നവീകരണത്തിനും സൈബർ കുറ്റാന്വേഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും പരിശീലന സംവിധാനങ്ങളുടെ നവീകരണത്തിനും ആവശ്യമായ തുക നീക്കിവച്ചിട്ടുണ്ട്. പോലീസ് സേനയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) സാധ്യമാണ്.

(സി) പോലീസ് സേനയ്ക്ക് കളങ്കമുണ്ടാകുന്ന തരത്തിലുള്ള പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

**ആരോഗ്യ നയം**

11 (*161) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഒരു ആരോഗ്യനയം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ആരോഗ്യനയത്തിന്റെ ഭാഗമായി താലൂക്ക് ആശുപത്രികളിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെയും പ്രൈമറി ഹെൽത്ത് സെന്ററുകളിലെയും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) മാറാരോഗങ്ങൾ കൂടുതലായി കാണപ്പെടുന്ന പ്രദേശങ്ങളിലെ ആശുപത്രികൾക്ക് എന്തെല്ലാം പ്രത്യേക പരിഗണനകൾ നൽകുമെന്ന് വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ) :

(എ) ആരോഗ്യ നയം രൂപീകരിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) താലൂക്ക് ആശുപത്രികളുടെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പലവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം, നവീകരണം, സ്റ്റാഫ് പാറ്റേൺ അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കൽ, പുതിയ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക തുടങ്ങി നിരവധി മേഖലകളിൽ പലവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബ്ലോക്ക്തല സി.എച്ച്.സി.-കളിൽ അടിസ്ഥാന സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കാനും ആലോചിക്കുന്നുണ്ട്. പി.എച്ച്.സി, സി.എച്ച്.സി.-കളിൽ ഒരു

സ്റ്റാൻഡേർഡ് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സേവനങ്ങൾ ലഭ്യമാക്കാൻ ആലോചിക്കുന്നുണ്ട്. പി.എച്ച്.സി., സി.എച്ച്.സി.-കളിൽ കൂടുതൽ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിൽ ആവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(സി) മാറാരോഗങ്ങൾ കൂടുതലായി കാണുന്ന പ്രദേശങ്ങളിലെ ആശുപത്രികളിൽ അവിടത്തെ മെഡിക്കൽ ഓഫീസറുടേയും അതാത് ജില്ലാ മെഡിക്കൽ ഓഫീസറുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും HMC-യുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ഐ.ഇ.എൽ.ടി.എസ്. പഠനം

12 (*162) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന നഴ്സിംഗ് വിദ്യാർത്ഥികൾക്ക് വിദേശ ജോലി ലഭിക്കുന്നതിന് ആവശ്യമായ ഐ.ഇ.എൽ.ടി.എസ്. (IELTS) പഠനം സൗജന്യമായി ലഭിയ്ക്കുന്നതിന് വേണ്ടി പുതിയ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ വേണ്ട നടപടികളുണ്ടാകുമോ; എങ്കിൽ പ്രസ്തുത നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ) :

ഇക്കാര്യം പരിശോധിക്കുന്നതാണ്.

## ഭൂമി കയ്യേറ്റം

13 (*163) ശ്രീ. വി. ജോയി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ബി. സത്യൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഫ്ലാറ്റ് കമ്പനി മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരത്ത് പാറ്റൂരിൽ ഭൂമി കയ്യേറിയതിനെക്കുറിച്ച് വിജിലൻസ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ വ്യക്തമാക്കുമോ;

(ബി) റിപ്പോർട്ടിൽ കുറ്റക്കാരായി ആരെയൊക്കെയാണ് സൂചിപ്പിച്ചിട്ടുള്ളത്; അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(സി) ലോകായുക്ത നിർദ്ദേശപ്രകാരം അന്നത്തെ വിജിലൻസ് എ.ഡി.ജി.പി. ഭൂമി കയ്യേറ്റത്തെക്കുറിച്ച് സമർപ്പിച്ച റിപ്പോർട്ടിലെ വിവരം വെളിപ്പെടുത്താമോ; പ്രസ്തുത കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) പാറ്റൂർ ഭൂമി കയ്യേറ്റത്തെക്കുറിച്ച് എസ്.സി. 03/2013/റ്റി.വി.എം. നമ്പരായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഒരു മിന്നൽ പരിശോധന നടത്തി റിപ്പോർട്ട് 15-6-2013-ൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിലെ പ്രധാന ശിപാർശകൾ ചുവടെ ചേർക്കുന്നു : -

(1) പുറമ്പോക്ക് ഭൂമി കയ്യേറിയതിനു ആവ്യതിമാൾ എന്ന സ്ഥാപനത്തിനെതിരെ ലാന്റ് കൺസർവൻസി നിയമപ്രകാരം കേസെടുക്കേണ്ടതാണ്.

(2) പ്രധാന സ്വീവേജ് ലൈൻ കടന്നു പോകുന്ന ഭൂമി സംരക്ഷിക്കുന്നതിന് ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

(3) സർക്കാർ ഭൂമി കയ്യേറിയതിന് ആവ്യതിമാൾ മാനേജ്മെന്റിനെതിരെ, ആവശ്യമായ നിയമോപദേശം തേടിയ ശേഷം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിന് ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകേണ്ടതാണ്.

(4) മേൽപ്പറഞ്ഞ പുറമ്പോക്ക് ഭൂമിയിലൂടെ പ്രധാന സ്വീവേജ് ലൈൻ കടന്നുപോകുന്നതിനാൽ ആയത് ഇപ്പോൾ പാട്ടത്തിനെടുത്തിരിക്കുന്ന സ്വകാര്യ സ്ഥാപനത്തിന് യാതൊരു കാരണവശാലും തുടർന്ന് പാട്ടത്തിനോ മറ്റോ നൽകരുതെന്ന് ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

(5) ആർടെക് റിയൽട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും സ്വീവേജ് ലൈൻ മാറ്റുന്നതിനുവേണ്ടി 14.80 ലക്ഷം രൂപ ജല അതോറിറ്റി വാങ്ങിയതിനെക്കുറിച്ച് ജല അതോറിറ്റി വിജിലൻസ് വിഭാഗം അന്വേഷിക്കേണ്ടതാണ്.

(ബി) ആവൃതിമാൾ മാനേജ്മെന്റ്, ആർടെക് റിയൽട്ടേഴ്സ് എന്നീ സ്വകാര്യ സ്ഥാപനങ്ങൾ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) കേരള ലോകായുക്ത മുമ്പാകെ C964/14 (എ) നമ്പർ പരാതിയിൽ കേരള ലോകായുക്ത നിയമം സെക്ഷൻ 16(3) വകുപ്പുപ്രകാരം ബഹു.ലോകായുക്തയുടെയും ബഹു. ഉപലോകായുക്തയുടെയും ഉത്തരവനുസരിച്ച് ലോകായുക്ത നിയമം സെക്ഷൻ 16(3) പ്രകാരം ശ്രീ. ജേക്കബ് തോമസ് IPS എ.ഡി.ജി.പി. പാറ്റൂർ ഭൂമി ഇടപാടിനെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മേൽ നമ്പർ പരാതി ബഹു. ലോകായുക്തയുടെയും ബഹു. ഉപലോക്തായുക്തയുടെയും അന്വേഷണത്തിൻ കീഴിൽ വരുന്നതിനാൽ ലോകായുക്ത നിയമം 17(1) വകുപ്പുപ്രകാരം വിവര ശേഖരണത്തിന്റെ രഹസ്യസ്വഭാവം കണക്കിലെടുത്ത് ടി റിപ്പോർട്ടിലെ വിവരങ്ങൾ നൽകാൻ സാധിക്കാത്തതാണ്.

**ദേശീയ ജലപാതയുടെ നിർമ്മാണ പുരോഗതി**

14 (*164) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത കൊല്ലത്തുനിന്നും കോവളം വരെയും കോട്ടപ്പുറത്തു നിന്നും നീലേശ്വരംവരെയും ദീർഘിപ്പിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പാതയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ;

(സി) റോഡുകളിലെ ഗതാഗതത്തിരക്ക് ലഘൂകരിക്കാനും, ടൂറിസം വികസന മുന്നേറ്റത്തിന് പുതിയ സാധ്യതകൾ തുറക്കാനും ഉതകുന്ന തരത്തിൽ ദേശീയ ജലപാതയുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) 590 കി.മീ. നീളമുള്ള തിരുവനന്തപുരം- കാസർഗോഡ് ജലപാതയിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ദൂരം ദേശീയ ജലപാത-3 ആയി അംഗീകരിച്ചിട്ടുണ്ട്.

ദേശീയ ജലപാത കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയും കൊല്ലം മുതൽ കോവളം/വിഴിഞ്ഞം വരെയും ദീർഘിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ ദൂരം പാതകൂടി ഉൾപ്പെടുത്തി ദേശീയ ജലപാത ദീർഘിപ്പിക്കുന്നതിനാണ് 12-4-2016-ന് പ്രാബല്യത്തിൽ വന്ന National Waterways Act 2016 പ്രകാരം അംഗീകാരം നൽകിയിട്ടുള്ളത്. കൂടാതെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (28 കി.മീ), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (38 കി.മീ), കോട്ടയം- വൈക്കം (വെച്ചൂർ) കനാൽ (28 കി.മീ) എന്നീ ഫീഡർ കനാലുകളും National Waterways Act 2016 പ്രകാരം ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയ ജലപാതയിലെ മരാമത്ത് പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ് നിർവ്വഹിക്കുന്നത്.

(ബി&സി) സംസ്ഥാന ജലപാത (കോവളം-കൊല്ലം, കോഴിക്കോട്-നീലേശ്വരം)യുടെ വിവിധ ഭാഗങ്ങളിൽ ജലപാത പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിലേക്കായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് പലവിധ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കി ജലപാത സഞ്ചാര യോഗ്യമാക്കുന്നതിനുള്ള പ്രവൃത്തികൾക്കൊപ്പം ബോട്ട് ജെട്ടികൾ, ലാന്റിംഗ് സെന്ററുകൾ, കാർഗോ ടെർമിനലുകൾ എന്നിവയും നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇവയുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് റോഡുകളിലെ ഗതാഗതത്തിരക്ക് ലഘൂകരിക്കാവുന്നതും നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി ടൂറിസം വകുപ്പുമായി സംയോജിച്ച് വിനോദസഞ്ചാര വികസനം യാഥാർത്ഥ്യമാക്കാവുന്നതുമാണ്.

**റേഷൻ മൊത്ത വ്യാപാര വിതരണം**

15 (*165) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മൊത്തവ്യാപാര വിതരണ ശൃംഖല ഏറ്റെടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനാവശ്യമായ ഗോഡൗണുകൾ കൈവശമുണ്ടോ;

(സി) സർക്കാർ ഉടമസ്ഥതയിൽ കൂടുതൽ ഗോഡൗണുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണത്തിനായി ദേശീയ ഭക്ഷ്യ ഭദ്രതാ നയം അനുശാസിക്കുന്ന രീതിയിലുള്ള ഒരു ആതറൈസ്ഡ് ഏജൻസിയെ നിയോഗിക്കേണ്ടതുണ്ട്. ഇതിനായി കേരള സിവിൽ സപ്ലൈസ് കോർപ്പറേഷനെ സർക്കാർ 31-5-2014-ലെ സ.ഉ.(കൈ)നമ്പർ 18/14/ഭ.സി.സ.വ പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുവിതരണത്തിനും മറ്റ് ഭക്ഷ്യാധിഷ്ഠിത ക്ഷേമ പദ്ധതികൾക്കും ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ സംഭരണ ശാലകൾ സംസ്ഥാന/ജില്ല/ബ്ലോക്ക് തലങ്ങളിൽ നിർമ്മിക്കണമെന്ന് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ 24(5) (എ) വകുപ്പ് പ്രകാരവും ഭക്ഷ്യ-സിവിൽ സപ്ലൈസ് കോർപ്പറേഷനുകളുടെയും മറ്റ് നിയുക്ത ഏജൻസികളുടെയും ശേഷിയുക്തമായ രീതിയിൽ വർദ്ധിപ്പിക്കണമെന്ന് 24(5) (ബി) വകുപ്പ് പ്രകാരവും നിഷ്കർഷിക്കുന്നു. ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.-യിൽ നിന്ന് ഏറ്റെടുത്ത് എ.ആർ.ഡി.-കളുടെ വാതിൽപ്പടി വിതരണത്തിനായി സ്വകാര്യ മൊത്ത വിതരണശാലകൾക്ക് പകരം സർക്കാർ അധീനതയിൽ ബ്ലോക്ക് തലത്തിൽ 2-ൽ കുറയാത്ത ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 29-8-2016-ലെ സ.ഉ(കൈ)നമ്പർ 11/2016/ഭ.പൊ.വി.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഇല്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 11 മൊത്ത വിതരണശാലകളും (സപ്ലൈകോയുടെ 9 എണ്ണവും ഏറ്റെടുത്തിട്ടുള്ള 2 എ.ഡബ്ല്യൂ.ഡി.-കൾ ഉൾപ്പെടെ) കൂടാതെ എഫ്.സി.ഐ.-യുടെ ഗോഡൗണുകൾ, സഹകരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഗോഡൗണുകൾ, സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ, സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ, ഇൻലാന്റ് വാട്ടർ അതോറിറ്റി തുടങ്ങിയ ഏജൻസികളുടെ ഗോഡൗണുകൾ എന്നിവയും വാടകയ്ക്ക് എടുക്കുവാനുള്ള ശ്രമങ്ങളാണ് ആരംഭിച്ചിട്ടുള്ളത്.

(സി) ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്ത് 152 ബ്ലോക്കുകളിലും സർക്കാർ ഉടമസ്ഥതയിൽ സംഭരണശാലകൾ നിർമ്മിക്കാൻ പദ്ധതിയുണ്ട്.

## മാധ്യമനയം

16 (*166) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാധ്യമനയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) മാധ്യമനയം നടപ്പിലാക്കുന്നതിനുമുമ്പ് മാധ്യമ ഉടമകളുമായും മാധ്യമ പ്രവർത്തകരുമായും ആവശ്യമായ ചർച്ച നടത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സംസ്ഥാനത്ത് മാധ്യമനയ രൂപവൽക്കരണത്തിന് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) മാധ്യമനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാധ്യമ ഉടമകൾ, മാധ്യമ പ്രവർത്തകർ ഉൾപ്പെടെയുള്ളവരുമായി ആശയസംവാദങ്ങളും ചർച്ചകളും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സ്കൂബാ ഡൈവിംഗ് ടീം

17 (*167) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൻ കീഴിൽ "സ്കൂബാ ഡൈവിംഗ്" ടീം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ;

(ബി) എത്ര പേരാണ് ടീമിൽ നിലവിൽ ഉള്ളത്; ഇവരെ വിന്യസിച്ചിട്ടുള്ളത് ഏതു രീതിയിലാണെന്ന് വ്യക്തമാക്കുമോ;

(സി) അപകടകരമായ പ്രവൃത്തിയെടുക്കേണ്ട ഡൈവേഴ്സിന് ഏതൊക്കെ തരത്തിലുള്ള സുരക്ഷാ ഉപകരണങ്ങളും, സംവിധാനങ്ങളുമാണ് ലഭ്യമാക്കിയിട്ടുള്ളത്;

(ഡി) ജോലിയിലെ അപകടം കണക്കിലെടുത്ത് ആനുകൂല്യങ്ങൾ നൽകാറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലയിൽ പാറമടയിൽ കാറ് വീണുണ്ടായ അപകടത്തിൽപ്പെട്ടവരുടെ മൃതദേഹങ്ങൾ 200 അടിയിലേറെ താഴ്ചയിൽ നിന്നും കണ്ടെടുത്തവർക്ക് പ്രത്യേക പ്രോത്സാഹനം നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) നിലവിലുണ്ട്. അവർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

(ബി) വിവിധ ഡിവിഷനുകളിലായി സ്കൂബാ ഡൈവിംഗ് ടീമിനെ താഴെപ്പറയും പ്രകാരം വിന്യസിച്ചിരിക്കുന്നു:

| ക്രമ നം | ഡിവിഷൻ | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 31 |
| 2 | കോട്ടയം | 6 |
| 3 | എറണാകുളം | 37 |
| 4 | പാലക്കാട് | 83 |
| 5 | കോഴിക്കോട് | 19 |
| | ആകെ | 176 |

(സി) സ്കൂബാ സെറ്റ്, ഡൈവിംഗ് സ്യൂട്ട്, ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ജോലിയിലെ അപകടസാദ്ധ്യത കണക്കിലെടുത്ത് പ്രതിമാസ ശമ്പളത്തോടൊപ്പം ജീവനക്കാർക്ക് നഷ്ടസഹനബത്ത (റിസ്ക് അലവൻസ്) നൽകിവരുന്നുണ്ട്.

(ഇ) നൽകിയിട്ടുണ്ട്. പ്രശംസാപത്രം (കമൻഡേഷൻ സർട്ടിഫിക്കറ്റ്), സത്സേവന പത്രം എന്നിവ നൽകിയിട്ടുണ്ട്.

**ഹോട്ടലുകളിലെ അമിതവില**

18 (*168) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ വിൽക്കുന്ന ഭക്ഷണസാധനങ്ങൾക്ക് യാതൊരു മാനദണ്ഡവും ഇല്ലാതെ അമിതവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) അമിതവില ഈടാക്കുന്ന ഹോട്ടലുകൾക്കെതിരെ എവിടെയാണ് പരാതി നൽകേണ്ടതെന്ന് വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇത്തരം സംഭവങ്ങളിൽ പരിശോധനാ ഉദ്യോഗസ്ഥർ പ്രസ്തുത ഹോട്ടലുകളിൽ പരിശോധന നടത്തി ഉപഭോക്താക്കൾ കാണത്തക്കവിധത്തിൽ വിലവിവര പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ, വിലവിവര പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of prices by catering establishment order), 1977-ലെയും 1980-ലെയും Kerala Essential Commodities Maintenance of Account and Display of price and stock order എന്നിവപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) ജില്ലാ കളക്ടർമാർ, ജില്ലാ സപ്ലൈ ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ, സിറ്റി റേഷനിംഗ് ഓഫീസർമാർ എന്നിവർക്കാണ് പരാതി നൽകേണ്ടത്.

**പി.എ.പി. കരാർ**

19 (*169) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പ്രോജക്ട് കരാർ പ്രകാരം ഈ ജലവർഷത്തിൽ 15-9-2016 വരെ ഓരോ പക്ഷത്തിലും (ഫോർട്ട്നൈറ്റ്) കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവെത്രയാണെന്ന് അറിയിക്കുമോ;

(ബി) ഈ കാലയളവിൽ ലഭിച്ച ജലത്തിന്റെ അളവെത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) വെള്ളം കിട്ടാത്തതുമൂലം ഇരുപതിനായിരത്തിലധികം ഏക്കർ നെൽ കൃഷിയും മറ്റുവിളകളും ഉണക്കു ഭീഷണിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കരാർ പ്രകാരം തമിഴ്നാട്ടിൽ നിന്നും വെള്ളം കിട്ടാൻ ബാക്കിയുണ്ടെങ്കിൽ ആയത് ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ):</u>

(എ) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ (പി.എ.പി.) നിന്നും കേരളത്തിന് 15-9-2016 വരെ ഓരോ ദ്വൈവാരത്തിലും മണക്കടവ് വിയറിൽ ലഭിക്കേണ്ട ജലത്തിന്റെ അളവ് വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| ദ്വൈവാരം | ജൂലൈ I | ജൂലൈ II | ആഗസ്റ്റ് I | ആഗസ്റ്റ് II | സെപ്തംബർ I | ആകെ |
|---|---|---|---|---|---|---|
| കരാർ പ്രകാരം ലഭിക്കേണ്ട ജലം (എം.സി. എഫ്.ടി. യിൽ) | 130 | 130 | 250 | 160 | 510 | 1180 |

(ബി) പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ (പി.എ.പി.) നിന്നും കേരളത്തിന് 15-9-2016 വരെ ഓരോ ദ്വൈവാരത്തിലും മണക്കടവ് വിയറിൽ ലഭിച്ച ജലത്തിന്റെ അളവ് വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| ദ്വൈവാരം | ജൂലൈ I | ജൂലൈ II | ആഗസ്റ്റ് I | ആഗസ്റ്റ് II | സെപ്തംബർ I | ആകെ |
|---|---|---|---|---|---|---|
| കരാർ പ്രകാരം ലഭിച്ച ജലം (എം.സി. എഫ്.ടി. യിൽ) | 130 | 50 | 152 | 160 | 314 | 806 |

(സി) ഒന്നാംവിള കൃഷിക്ക് ആവശ്യമായ ജലം ലഭിച്ചിട്ടുണ്ട്. രണ്ടാം വിളയ്ക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

(ഡി) പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി)-യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി. (540 ക്യൂസെക്സ് എന്ന തോതിൽ) ജലമാണ് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേക്കായി ആവശ്യപ്പെട്ടിരുന്നത്. 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് ആദ്യം തമിഴ്നാട് അറിയിച്ചിരുന്നത്. എന്നാൽ സർക്കാർ തലത്തിൽ നടത്തിയ ശക്തമായ ഇടപെടലുകളെ തുടർന്നും പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെ നിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്ന് തമിഴ്നാട് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും 350-400 ക്യൂസെക്സ് എന്ന നിരക്കിൽ വെള്ളം തരാമെന്ന് തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്.

**ഭക്ഷ്യ സുരക്ഷാ നിയമം**

20 (*170) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കിയില്ലെങ്കിൽ എ. പി. എൽ. റേഷൻ സബ്സിഡി നിർത്തലാക്കുമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അന്ത്യശാസനം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(സി) കേന്ദ്രം അനുവദിച്ചു നൽകിയ സമയ പരിധിക്കുള്ളിൽ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാന സർക്കാർ ചെയ്യേണ്ടതായിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയില്ലെങ്കിൽ എ.പി.എൽ. വിഭാഗത്തിനുള്ള ഭക്ഷ്യധാന്യം എം.എസ്.പി. വിലയിൽ സംസ്ഥാനം വാങ്ങേണ്ടി വരുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യ സുരക്ഷാ നിയമം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയും അത് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതു വരെ സബ്സിഡി നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ സംസ്ഥാനത്തിന് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 5-07-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-7-2013-ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013- ലെ സ.ഉ.(കൈ) നമ്പർ 53/2013/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ സമയബന്ധിതമായി തുടർനടപടികൾ പൂർത്തിയാക്കിയിരുന്നില്ല. അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery), റേഷൻ സാധനങ്ങളുടെ സംഭരണവും വിതരണവും പൂർണ്ണമായും കമ്പ്യൂട്ടർശൃംഖല വഴി ക്രമീകരിക്കുക (End to End Computerisation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിവ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വിഭാവന ചെയ്യുന്ന പ്രകാരം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

### വിദ്യാഭ്യാസ വായ്പകൾ

21 (*171) ശ്രീ. സി. കെ. ഹരീന്ദ്രൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പകൾ തിരിച്ചു പിടിക്കുന്ന നടപടി ബാങ്കുകൾ ഊർജ്ജിതമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടി മൂലം പ്രതിസന്ധിയിലായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) വിദ്യാഭ്യാസ വായ്പയിന്മേലുള്ള കിട്ടാക്കടം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ബാങ്കുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള വായ്പ

തിരിച്ചു പിടിക്കൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിലെ വിദ്യാഭ്യാസ വായ്പയിന്മേലുള്ള കിട്ടാക്കടത്തിന്റെ, 2016 ജൂൺ 30-ാം തീയതിയിലെ കണക്കുകൾ താഴെ കൊടുക്കുന്നു.

| വർഷം | വാണിജ്യ ബാങ്കുകളുടെ വിദ്യാഭ്യാസ വായ്പകളിന്മേലുള്ള നിഷ്ക്രിയ ആസ്തികൾ | |
|---|---|---|
| | അക്കൗണ്ടുകളുടെ എണ്ണം | തുക (ലക്ഷത്തിൽ) |
| ജൂൺ - 15 | 41929 | 95754 |
| ജൂൺ - 16 | 47988 | 118126 |
| വർദ്ധനവിന്റെ ശതമാനം | 14 % | 23 % |

(ബി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ വിദ്യാഭ്യാസ ലോണെടുത്ത് തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, കുടിശ്ശികയായ വായ്പാതുക മാത്രം തിരിച്ചടച്ചാൽ ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ സമ്മതിച്ചാൽ കുടിശ്ശികയായ വായ്പ തിരിച്ചടയ്ക്കാൻ സർക്കാർ സഹായിക്കുന്നതാണെന്നും ഇതിലേക്കായി 100 കോടി രൂപ വകയിരുത്തുന്നതായും ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. സ്കീം നടപ്പാക്കുന്ന മുറയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നതാണ്. ഈ വിഷയം പ്രായോഗികമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കുന്നതിന്, ബാങ്കിന്റെ നിലവിലുള്ള നിയമം അനുസരിച്ച് വായ്പാ കുടിശ്ശിക ഗഡുക്കളായി തിരിച്ചടയ്ക്കുന്നതിന് സാഹചര്യം ലഭ്യമാക്കി, പരമാവധി ഇളവ് അനുവദിച്ച് നൽകാൻ സർക്കാരിൽ ലഭ്യമാകുന്ന പരാതികളിന്മേൽ സംസ്ഥാനതല ബാങ്കിംഗ് സമിതിക്കും ബന്ധപ്പെട്ട ബാങ്കുകൾക്കും നിർദ്ദേശം നൽകിവരുന്നു. 2014-15-ലെ കേന്ദ്ര ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിൻ പ്രകാരം 1-4-2009 മുതൽ വിദ്യാഭ്യാസ ലോണെടുത്ത 4.5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവരുടെ മക്കളുടെ അർഹതയുള്ള വിദ്യാഭ്യാസ ലോണിന്റെ 31-3-2016 വരെയുള്ള കുടിശ്ശിക പലിശ ഏറ്റെടുക്കുന്നതിനായുള്ള പദ്ധതി നിലവിലുണ്ട്.

## കെട്ടിടങ്ങൾക്ക് സുരക്ഷാ ആഡിറ്റ്

22 (*172) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതീവ സുരക്ഷ മേഖലയായ ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിന് സമീപത്തുള്ള കെട്ടിടത്തിലെ തീ പിടിത്തത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സുരക്ഷാ ആഡിറ്റ് നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏത് കാലയളവ് വരെയാണ് സുരക്ഷാ ആഡിറ്റ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സുരക്ഷാ ആഡിറ്റിന്റെ അടിസ്ഥാനത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ) സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിന് സമീപം സ്ഥിതിചെയ്യുന്ന എല്ലാ കെട്ടിടങ്ങളിലെയും അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കുന്നതിനായി 31-8-2016-ലെ ഉത്തരവുപ്രകാരം ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളതും ടി കമ്മിറ്റി അപകട സാദ്ധ്യതയുള്ള കെട്ടിടങ്ങളിൽ സുരക്ഷാ ഓഡിറ്റ് നടത്തിയിട്ടുള്ളതുമാണ്.

(ബി) സംസ്ഥാനത്ത് 2016 വരെ അഗ്നിബാധ തടയുന്നതിനായി സുരക്ഷാ ഒഡിറ്റ് നടത്തിയിട്ടുണ്ട്.

(സി) സുരക്ഷാ ആഡിറ്റ് സംബന്ധിച്ച റിപ്പോർട്ടിലെ കണ്ടെത്തൽ പ്രകാരം അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുകയും ടി വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ കളക്ടർ തുടങ്ങി ഉത്തരവാദപ്പെട്ടവരെ അറിയിക്കുന്നതുമാണ്.

## തീവ്രവാദ പ്രവർത്തനങ്ങൾ

23 (*173) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീവ്രവാദ പ്രവർത്തനങ്ങൾ തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി ആഭ്യന്തര വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(സി) ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ ഏതെല്ലാം ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനുമായി സംസ്ഥാനത്ത് സ്പെഷ്യൽ ബ്രാഞ്ചിൽ ഒരു ഇന്റേണൽ സെക്യൂരിറ്റി വിംഗ് പ്രവർത്തിച്ചു വരുന്നു. ഒരു പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേതൃത്വത്തിൽ പോലീസ് സൂപ്രണ്ട് റാങ്കിലുള്ള ഒരു ഓഫീസറും ഡിവൈ.എസ്.പി. റാങ്കിലുള്ള 9 ഓഫീസർമാരും 31 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ഈ വിഭാഗത്തിൽ പ്രവർത്തിച്ചുവരുന്നു. തീവ്രവാദ പ്രവർത്തനങ്ങൾ ഈ വിഭാഗം പ്രത്യേകം നിരീക്ഷിച്ചും ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര ഏജൻസികളുമായി പരസ്പരം കൈമാറിയും ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിനുവേണ്ടി എ.ഡി.ജി.പി (ക്രൈംസ്)-യുടെ നേതൃത്വത്തിൽ ക്രൈംബ്രാഞ്ച് വിഭാഗത്തിൽ പ്രത്യേകമായി ഒരു ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗവും (ഐ.എസ്.ഐ.ടി) പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ ഒരു എസ്.പി.-യും 2 ഡിവൈ.എസ്.പി.-മാരും 2 സർക്കിൾ ഇൻസ്പെക്ടർമാരും 2 സബ് ഇൻസ്പെക്ടർമാരും ഹെഡ് കോൺസ്റ്റബിൾമാരും പ്രവർത്തിച്ചുവരുന്നു. ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗത്തിന് കീഴിൽ കൊച്ചിയിലും കോഴിക്കോട്ടും ക്യാമ്പ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

ഇതിനുപുറമെ വനമേഖലകൾ തീവ്രവാദികൾ താവളമാക്കുന്നത് തടയുന്നതിനുവേണ്ടി കേരളാ പോലീസും വനം വകുപ്പും ആദിവാസികളുടെ സഹകരണത്തോടെ വനമേഖലകളിൽ സംയുക്ത പരിശോധനയും രഹസ്യ നിരീക്ഷണവും നടത്തിവരുന്നു. കേരള, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുടെ അതിർത്തി വനമേഖലയിൽ മാവോയിസ്റ്റ് പോലുള്ള തീവ്രവാദ സംഘടനകൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് അയൽ സംസ്ഥാന പോലീസ്, വനം വകുപ്പ് എന്നിവരുമായി സഹകരിച്ച് ഉൾക്കാടുകളിൽ നിരീക്ഷണം നടത്തുകയും വന ജാഗ്രതാ സമിതി രൂപീകരിക്കുകയും വനമേഖലയിൽ നിന്നുള്ള രഹസ്യാന്വേഷണ നിരീക്ഷണം ശക്തിപ്പെടുത്തുകയും ചെയ്തുവരുന്നു. സംസ്ഥാനത്ത് സമുദ്രാതിർത്തി വഴിയുള്ള ഭീകര പ്രവർത്തനം തടയുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ എട്ട് തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു.

കൂടാതെ തീവ്രവാദ ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന സന്ദേശങ്ങളും അവ സോഷ്യൽ മീഡിയ തുടങ്ങിയ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങളും സസൂക്ഷ്മം നിരീക്ഷിക്കുകയും അവർക്കെതിരെ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതായി സംശയിക്കുന്ന വ്യക്തികൾ ബന്ധപ്പെടുന്ന ആൾക്കാരുടെ പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുകയും നെറ്റ് മോണിറ്ററിംഗ് കാര്യക്ഷമമായി നടപ്പിലാക്കി വരികയും ചെയ്യുന്നു.

(സി) തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനായി കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റലിജൻസ് ബ്യൂറോ, റിസർച്ച് ആന്റ് അനാലിസിസ് വിംഗ് എന്നീ ഏജൻസികളുമായി സഹകരിച്ചു വിവരങ്ങൾ കൈമാറി ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള നിയമം**

24 (*174) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ സർക്കാരിന് എന്തെങ്കിലും അധികാരമുണ്ടോ;

(ബി) മിക്ക സ്വകാര്യ ആശുപത്രികളും ചികിത്സയ്ക്കും മരുന്നിനും വളരെ ഉയർന്ന തുക ഈടാക്കുന്നതായും അനാവശ്യമായി ചികിത്സയും രോഗനിർണ്ണയ പരിശോധനയും നടത്തി രോഗികളെ ചൂഷണം ചെയ്യുന്നതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ആശുപത്രികളുടെയും മെഡിക്കൽ ലാബുകളുടെയും പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പാസാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ മാതൃകയിൽ നിയമം രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ-സി) നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ

സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ടുവരുന്നതിന് മുൻസർക്കാർ തീരുമാനിക്കുകയും 13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 230 ആയി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ബിൽ നിയമമാകുന്നതിനു മുമ്പ് 13-ാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത ബിൽ ലാപ്സാകുകയുണ്ടായി. പുതുതായി അധികാരമേറ്റ സർക്കാർ പ്രസ്തുത നിയമം നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2016-ന് രൂപം നൽകുകയും ചെയ്തു. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ.

**വിവിധ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ**

25 (*175) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ;

(ബി) കാലാവധി തീരാറായ പി.എസ്.സി ലിസ്റ്റുകളിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേക്ക് പരമാവധി നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയും പ്രസ്തുത ഒഴിവുകളിലേക്ക് താത്കാലിക ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ആവശ്യപ്പെട്ടിരുന്നു. പി.എസ്.സി. റാങ്ക് പട്ടിക നിലവിലുണ്ടെങ്കിൽ നിലവിലുള്ള എല്ലാ ഒഴിവുകളും 3-6-2016-നകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 27-5-2016-ലെ ഉപ.സി.3/38/16/ഉഭപവ സർക്കുലർ മുഖേന എല്ലാ

വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതുകൂടാതെ 2017-ലെ പ്രതീക്ഷിത ഒഴിവുകൾ 2016 സെപ്റ്റംബർ-1-ഓടുകൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ 17-8-2016-ലെ ഉപ.സി3/104/16/ഉഭപവ സർക്കുലർ മുഖേന സർക്കാർ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ ഒഴിവുകളിലേക്കും പി.എസ്.സി നിയമന നിർദ്ദേശം നൽകി വരുന്നുണ്ട്. ഇതു കൂടാതെ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും പരമാവധി നിയമനം എന്ന ഉദ്ദേശ്യത്തോടെ ചില വ്യവസ്ഥകൾക്ക് വിധേയമായി നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി 31-12-2016 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി&ഡി) ചില വകുപ്പുകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയും താൽക്കാലിക ജീവനക്കാരെ നിയമിക്കുകയും ചെയ്യുന്നുവെന്ന ഉദ്യോഗാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുള്ള ഒരു തസ്തികയിലേക്കും ദിവസക്കൂലി അടിസ്ഥാനത്തിലോ, കരാറടിസ്ഥാനത്തിലോ നിയമനം നടത്തരുതെന്ന് 17-8-2016-ലെ ഉപ.സി3/104/16/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും/നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**എൻ.ആർ.എച്ച്.എം. ധനസഹായം**

26 (*176) ശ്രീ. ബി. സത്യൻ :
ശ്രീ. പി. കെ. ശശി :
ശ്രീ. എം. മുകേഷ് :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ എൻ.ആർ.എച്ച്.എം. ധനസഹായം വെട്ടിച്ചുരുക്കിയതു മൂലം സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എൻ.ആർ.എച്ച്.എം. മുഖേന കൂടുതൽ സഹായം സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ സർക്കാർ നടത്തുമോ;

(സി) ഇതു സംബന്ധിച്ച് നിലവിലെ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ):

(എ) ദേശീയ ആരോഗ്യ ദൗത്യം ആരംഭിച്ചത് 2005-06 വർഷത്തിലാണ്. അന്നു മുതൽ 2011-12 സാമ്പത്തിക വർഷം വരെ കേന്ദ്ര സംസ്ഥാന വിഹിത അനുപാതം 85:15 ആയിരുന്നു. 2012-13 മുതൽ 2014-15 വരെ ഈ അനുപാതം 75:25 ആക്കുകയും 2015-16 സാമ്പത്തിക വർഷത്തിൽ ഇത് 60:40 ആകുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ആകെ അനുവദിച്ചത് 520 കോടി രൂപയുടെ പദ്ധതികളാണ്. എന്നാൽ കേന്ദ്രം സംസ്ഥാനത്തിന് വകയിരുത്തിയത് 511 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം കേന്ദ്ര സംസ്ഥാന സർക്കാർ അനുപാതം 75:25-ൽ നിന്ന് 60:40 ആക്കി മാറ്റിയതിനാൽ ആകെ വകയിരുത്തിയതിൽ സംസ്ഥാന വിഹിതം 127.75 കോടി രൂപയിൽ നിന്ന് 204.04 കോടി രൂപയാകുകയും കേന്ദ്ര വിഹിതം 383.25 കോടി രൂപയിൽ നിന്ന് 306.6 കോടി രൂപയാകുകയും ചെയ്തു. ഇത് സംസ്ഥാനത്തിനെ അറിയിച്ചത് 13-11-2015-ൽ ആയതിനാൽ ആ വർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. തന്മൂലം ആ വർഷം പദ്ധതിയുടെ കേന്ദ്ര വിഹിതത്തിൽ ആകെ 76.65 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. തന്നാണ്ടിൽ ആകെ സംസ്ഥാന വിഹിതം ലഭിച്ചത് 70 കോടി രൂപയാണ്. എന്നാൽ ബാക്കി 60:40 അനുപാതമാക്കിയ വകയിൽ കുടിശ്ശിക ലഭിക്കാനുള്ള മുഴുവൻ സംസ്ഥാന വിഹിതവും 2016-17 സാമ്പത്തിക വർഷത്തിൽ സൊസൈറ്റിക്ക് ലഭിച്ചതിനാൽ ലഭിക്കാനുള്ള തുകയിൽ കുറവ് വന്നിട്ടില്ല. കൂടാതെ പ്രസ്തുത സാമ്പത്തിക വർഷം ദേശീയ ആരോഗ്യ ദൗത്യത്തിന്റെ പ്രവർത്തന മികവിനായി അധിക കേന്ദ്ര വിഹിതമായി 12.76 കോടി രൂപ ഇൻസെന്റീവായി ലഭിക്കുകയുണ്ടായി.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ആകെ കേന്ദ്ര സർക്കാർ അനുവദിച്ചത് 492.55 കോടി രൂപയുടെ പദ്ധതികളാണ്. ഇതുകൂടാതെ 52.27 കോടി രൂപയുടെ അധിക പദ്ധതികൾക്കും കൂടിയുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(സി) നിലവിലെ പദ്ധതികൾ കാര്യക്ഷമമായി നടത്താനുള്ള എല്ലാ നിർദ്ദേശങ്ങളും ജില്ലാ പ്രോഗ്രാം മാനേജർമാരുടെ പ്രതിമാസ അവലോകന യോഗങ്ങളിൽ നല്കാറുണ്ട്.

## കൗണ്ടർ ഇൻസർജൻസി ആന്റ് ആന്റി ടെററിസം സ്കൂൾ

27 (*177) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ആഭ്യന്തര സുരക്ഷാവിഷയങ്ങളിൽ കേന്ദ്രസർക്കാരിന് ആശങ്കയുള്ളതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൗണ്ടർ ഇൻസർജൻസി ആന്റ് ആന്റി ടെററിസം സ്കൂൾ കേരളത്തിൽ സ്ഥാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ കേന്ദ്രസർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :

(എ&ബി) കേന്ദ്ര സർക്കാരിന് കേരളത്തിലെ ആഭ്യന്തര സുരക്ഷയിൽ ആശങ്കയുള്ളതായി അറിവില്ല. എന്നിരുന്നാലും ഭീകര പ്രവർത്തനം നേരിടാൻ പരിശീലനം നൽകുന്ന കൗണ്ടർ ഇൻസർജൻസി ആന്റ് ആന്റി ടെററിസം സ്കൂൾ കേരളത്തിൽ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) അതത് സംസ്ഥാന സർക്കാരുകൾ അവർക്ക് ലഭ്യമാകുന്ന സാമ്പത്തിക സ്രോതസ്സിൽ നിന്നും നടപ്പിലാക്കേണ്ടതാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## വിദ്യാലയങ്ങളിൽ കൗൺസലർമാരുടെ നിയമനം

28 (*178) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന ജോലി ചെയ്യുന്ന കൗൺസലർമാരുടെ യോഗ്യത മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയാണ്; ഇത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) 10 വർഷത്തിലധികമായി പ്രസ്തുത ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കൗൺസലർമാരുടെ സേവനം എല്ലാ വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) വിദ്യാലയ കൗൺസലർമാർ ലഭ്യമാക്കുന്ന പഠന റിപ്പോർട്ടുകൾ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിശോധിക്കപ്പെടുന്നുണ്ടോ; നിലവിൽ ഇതിനായി എന്തു സംവിധാനമാണുള്ളത്; ഇത് കുറ്റമറ്റതാക്കാൻ നടപടിയുണ്ടാകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ) :

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന ജോലി ചെയ്യുന്ന കൗൺസലർമാരുടെ അടിസ്ഥാന യോഗ്യത എം.എസ്.ഡബ്ല്യു./എം.എ. സൈക്കോളജിയാണ്. കൗൺസലിംഗിൽ പരിചയം അഭികാമ്യം.

(ബി) കൗൺസലർമാർക്ക് നിലവിൽ 12,500/- രൂപയാണ് ഓണറേറിയമായി നൽകി വരുന്നത്. ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉദ്ദേശിക്കുന്നുണ്ട്.

(ഇ) കൗൺസലർമാർ ലഭ്യമാക്കുന്ന പഠന റിപ്പോർട്ടുകൾ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിശോധിക്കാറുണ്ട്. സ്കൂൾ കൗൺസലർമാരുടെ പ്രതിമാസ പുരോഗതി റിപ്പോർട്ട് ശിശു വികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് പ്രവർത്തനം വിലയിരുത്തുന്നു. കൂടാതെ സ്കൂൾ കൗൺസലർമാരുടെ പ്രതിമാസ റിവ്യൂ ജില്ലാതലത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ/പ്രോഗ്രാം ഓഫീസർമാർ സംഘടിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നു. ജില്ലാതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നു. സൈക്കോസോഷ്യൽ സർവ്വീസ് Concept note-ൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## കടലാസ്‌രഹിത ഫയൽ മാനേജ്മെന്റ് സിസ്റ്റം

29 (*179) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ കടലാസ് രഹിത ഫയൽ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ഓഫീസുകളിലാണ് ഈ സംവിധാനം ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എന്തെല്ലാം ഗുണങ്ങളാണ് ഈ സംവിധാനം വഴി ലഭ്യമാകുന്നത്;

(ഡി) എല്ലാ സർക്കാർ ഓഫീസുകളിലും ഈ സിസ്റ്റം പ്രാബല്യത്തി ലാക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ):</u>

(എ&ബി) ഉണ്ട്. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, നിയമസഭാ സെക്രട്ടേറിയറ്റ്, 6 ജില്ലാ കളക്ടറേറ്റുകൾ, 12 ഡയറക്ടറേറ്റുകൾ, 2 സബ് കളക്ടറേറ്റുകൾ തുടങ്ങി 36-ഓളം ഓഫീസുകളിൽ കടലാസ് രഹിത ഫയൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട് (കടലാസ് രഹിത ഫയൽ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കിയ ഓഫീസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു)*. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) മുഖേന ഇ-ഓഫീസ്, കേരള സർക്കാരിന് കീഴിലുള്ള കെൽട്രോൺ മുഖേന ഡി.ഡി.എഫ്.എസ്./ഐആപ്സ് എന്നീ ഫയൽ മാനേജ്മെന്റ് ആപ്ലിക്കേഷനുകളാണ് ഇതിനായി ഉപയോഗിച്ചിരിക്കുന്നത്.

(സി) ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയ ദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് കടലാസ് രഹിത സംവിധാനം നടപ്പിലാക്കി വരുന്നത്. പ്രസ്തുത സംവിധാനത്തിന്റെ ഗുണങ്ങൾ ചുവടെ ചേർക്കുന്നു.

1. സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ സാധിക്കുന്നു.
2. ഫയൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വം ഉറപ്പുവരുത്തുവാൻ കഴിയുന്നു.
3. മേലുദ്യോഗസ്ഥൻമാരുടെ മേൽനോട്ട ചുമതലാ നിർവഹണം എളുപ്പമാകുന്നു.
4. ഒരു ഫയൽ നിലവിൽ ഏത് ഉദ്യോഗസ്ഥന്റെ കൈവശമാണെന്ന വിവരം പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭിക്കുന്നു.
5. ഫയൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള സമയദൈർഘ്യം കുറയുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേലുദ്യോഗസ്ഥന് ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുന്നു.

7. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുന്നു.

8. റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുമുള്ള സൗകര്യം ആയാസരഹിതമാകുന്നു.

9. സ്റ്റേഷനറി, പ്രിന്റർ തുടങ്ങിയ ഇനത്തിൽ ചെലവ് കുറയുന്നു.

10. ഫയലിലെ തീരുമാനങ്ങൾ കാലതാമസമില്ലാതെ ജനങ്ങളെ അറിയിക്കാനുള്ള സൗകര്യമൊരുങ്ങുന്നു.

11. ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കുവാൻ സാധിക്കുന്നു.

12. ശുചിത്വപൂർണ്ണമായ ആധുനിക സർക്കാർ ഓഫീസുകൾ സാധ്യമാകുന്നു.

13. ഫയൽ കാണാതാവുകയോ നഷ്ടപ്പെടുകയോ ചെയ്യുന്ന അവസ്ഥ ഒഴിവാക്കുവാൻ സാധിക്കുന്നു.

14. തീർപ്പാക്കിയ ഇ-ഫയലുകൾ സൂക്ഷിക്കുന്നതിന് ഭൗതികമായി സ്ഥലം റിക്കോർഡ്സ് സെക്ഷനിൽ ആവശ്യമായി വരുന്നില്ല.

(ഡി) ജില്ലാതലം വരെയുള്ള എല്ലാ ഓഫീസുകളിലും ഘട്ടംഘട്ടമായി കടലാസ് രഹിത ഫയൽ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മലബാർ മേഖലയിലെ കാൻസർ രോഗബാധ**

30 (*180) ശ്രീ. എൻ .എ.നെല്ലിക്കുന്ന് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ കാൻസർ രോഗത്തിനിരയാവുന്നവരിൽ ബഹുഭൂരിപക്ഷവും മലപ്പുറം ജില്ല ഉൾപ്പെടുന്ന മലബാർ മേഖലയിൽ നിന്നുള്ളവരാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ രോഗം ക്രമാതീതമാകാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന കാര്യം അപഗ്രഥിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആധികാരിക പഠനം നടത്തിയും കാരണങ്ങൾ കണ്ടെത്തിയും പ്രായോഗിക പ്രതിവിധികൾ രൂപപ്പെടുത്തി അവ സമയബന്ധിതമായി നടപ്പാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) കേരളത്തിൽ കാൻസർ രോഗം അനുദിനം വർദ്ധിച്ചു വരുന്നതായിട്ടാണ് റീജിയണൽ കാൻസർ സെന്ററുകളിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്ന തെങ്കിലും ജില്ല തിരിച്ചുള്ള കാൻസർ രോഗികളുടെ എണ്ണം ലഭ്യമല്ല. മലബാർ മേഖലയുടെ പ്രത്യേകം കണക്കുകൾ ലഭ്യമല്ല.

(ബി) കാൻസർ രോഗം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും ഒരുപോലെ ബാധിച്ചിരിക്കുന്ന ഒരു വലിയ ആരോഗ്യ പ്രതിസന്ധിയാണ്. ഇതിൽ സാമ്പത്തികവും സാമൂഹികവും പ്രാദേശികവുമായ വേർതിരിവുകളൊന്നും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. പുകയില, മദ്യം, ഭക്ഷണരീതി, തൊഴിൽ മേഖല, റേഡിയേഷൻ തുടങ്ങിയ വിവിധ കാരണങ്ങളാൽ കാൻസർ രോഗം വർദ്ധിക്കാൻ കാരണമാകുന്നു. എന്നാൽ മലബാർ മേഖലയിൽ പ്രത്യേകിച്ച് ഏതെങ്കിലും കാൻസർ ക്രമാതീതമായി വർദ്ധിച്ചതായി ശാസ്ത്രീയമായ റിപ്പോർട്ടു കളൊന്നും ലഭിച്ചിട്ടില്ല.

(സി) കേരളത്തിലെ കാൻസർ രോഗത്തെക്കുറിച്ച് വിദഗ്ദ്ധ പഠനം നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പ്രായോഗിക പ്രതിവിധികൾ രൂപപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

1 (1236) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളുടെ വ്യാപകമായ ദുരുപയോഗം നിയന്ത്രിക്കാനുള്ള നടപടി ഫലപ്രദമാകുന്നില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് നിയന്ത്രിക്കുന്നതിന് എന്ത് മാർഗ്ഗമാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വ്യാപകമായ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 24-2-2003-ലെ ജി.ഒ.(എംഎസ്) നമ്പർ 113/2003/ധന എന്ന സർക്കാർ ഉത്തരവ് പ്രകാരവും 2-8-2008-ലെ 41/2008/ധന. നമ്പർ സർക്കുലർ പ്രകാരവും കർശന നടപടി സ്വീകരിക്കുവാൻ ധനകാര്യ പരിശോധനാ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധനാ വിഭാഗം വാഹന പരിശോധന നടത്താറുണ്ട്.

**ജനപ്രതിനിധികൾക്ക് സെക്രട്ടേറിയറ്റിൽ വിവരങ്ങൾ നിഷേധിക്കുന്നത് സംബന്ധിച്ച്**

2 (1237) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ പ്രത്യേകിച്ച് എം.എൽ.എ.-മാർ നൽകുന്ന മണ്ഡലത്തിലെ പൊതുജനങ്ങളുടെ വിവിധ ആവശ്യപ്രകാരമുള്ള കത്തുകൾക്ക് മറുപടി നൽകുന്നതിനു ഉദ്യോഗസ്ഥതലത്തിൽ കാലതാമസം എടുക്കുന്നതും പലപ്പോഴും മറുപടി നൽകാതിരിക്കുന്നതും, മണ്ഡല വികസന പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ സംബന്ധിച്ച് സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ നിന്നും പ്രത്യേകിച്ചു ധനകാര്യ വകുപ്പിൽ നിന്നും പി.എ.-മാർക്ക് വിവരങ്ങൾ നൽകാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ വിഷയങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന സർക്കുലറുകൾ പലപ്പോഴും പാലിക്കപ്പെടുന്നില്ല എന്നതിനാൽ ഈ വിഷയങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ജനപ്രതിനിധികൾ നൽകുന്ന കത്തുകളിന്മേൽ സമയബന്ധിത മറുപടി, അവരുടെ ഫയലുകൾ സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽനിന്നും കൃത്യമായ വിവരം ഇവ ലഭ്യമാക്കുന്നതിന് പര്യാപ്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങൾക്കും കത്തുകൾക്കും സെക്രട്ടേറിയറ്റ് സെക്ഷനുകളിൽ പ്രത്യേക പരിഗണന നൽകി യഥാസമയം മറുപടി നൽകി വരുന്നുണ്ട്. എം.എൽ.എ.-മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് തുടങ്ങിയ പദ്ധതികളിൽ എ.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവർത്തികൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് അക്കാര്യം എം.എൽ.എ.-മാരെ യഥാസമയം ധനവകുപ്പ് അറിയിച്ച് വരുന്നുണ്ട്. എം.എൽ.എ.-മാരുടെ പി.എ.-മാർ സെക്ഷനിൽ നടത്തുന്ന അന്വേഷണങ്ങൾക്ക് കൃത്യമായ വിവരം നൽകാറുമുണ്ട്. ജനപ്രതിനിധികൾ മന്ത്രിമാർക്കും വകുപ്പുതലവൻ മാർക്കും നൽകുന്ന നിവേദനങ്ങൾക്ക്/കത്തുകൾക്ക് മുന്തിയ പരിഗണന നൽകി അവയ്ക്ക് കഴിവതും പത്ത് ദിവസങ്ങൾക്കകം മറുപടി നൽകണമെന്നും ഇത്തരം കത്തുകൾ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായി നൽകണമെന്നും പ്രസ്തുത കത്തുകളിലും/നിവേദനങ്ങളിലും സ്വീകരിക്കപ്പെടുന്ന നടപടികൾ സംബന്ധിച്ച് നിയമസഭാംഗങ്ങളെ അറിയിക്കണമെന്നും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മറുപടി വ്യക്തവും സമഗ്രവുമായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**സാന്ത്വനം പദ്ധതി**

3 (1238) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് വച്ച് അപകടത്തിൽ മരണപ്പെടുന്നവർക്കും പരിക്കേറ്റവർക്കും 'സാന്ത്വനം പദ്ധതി' പ്രകാരം ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചാൽ സഹായം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പരിഹാരത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അപേക്ഷകളുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ധനസഹായം വിതരണം ചെയ്യുന്നതിൽ ചെറിയ കാലതാമസം നേരിടുന്നതിന് ഇടയായിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്തെ 675 അപേക്ഷകർക്കുള്ള കുടിശ്ശികയും ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച 372 പേരുടെ അപേക്ഷകളും ഉൾപ്പെടെ 1047 പേർക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് 4 കോടി 97 ലക്ഷം രൂപ ആവശ്യമാണ്. ഈ വർഷത്തെ ബഡ്ജറ്റ് വിഹിതമായ അഞ്ച് കോടി രൂപ മുഴുവനും അനുവദിച്ച് നൽകിയിട്ടുണ്ട്. ഏതാനും ദിവസത്തിനകം വിതരണം ആരംഭിക്കും. നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള ആയിരത്തോളം അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള ത്വരിത നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നു.

## സമഗ്ര മാലിന്യ സംസ്കരണ ശുചീകരണ പദ്ധതികൾ

4 (1239) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കായലുകളിലും ജലാശയങ്ങളിലും നീർത്തടങ്ങളിലും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം പരിസ്ഥിതിക്കും ജീവജാലങ്ങൾക്കുമുണ്ടാകുന്ന നാശം സംബന്ധിച്ച് ജനങ്ങൾക്ക് ബോധവല്ക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്ക് നിലവിലെ നിയമപ്രകാരം ലഭിക്കാവുന്ന ശിക്ഷകൾ വിശദീകരിക്കുമോ;

(സി) സമഗ്ര മാലിന്യ സംസ്കരണ ശുചീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 2016 നവംബർ-1ന് ബൃഹത്തായ ശുചിത്വ കാമ്പയിന് തുടക്കമിടും. പ്രസ്തുത കാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ പുഴകൾ, കായലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയെ മലിനീകരണത്തിൽ നിന്നും സംരക്ഷിച്ച് പരിസ്ഥിതി നാശം ഒഴിവാക്കേണ്ടതിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കേരള പഞ്ചായത്ത് രാജ് ആക്ട് 219 (യു) പ്രകാരം മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തികൊണ്ട് പോകുന്നതോ മാലിന്യം നിക്ഷേപിച്ച ശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായും സംശയിക്കാവുന്ന വാഹനത്തെ പഞ്ചായത്ത് സെക്രട്ടറിക്കോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന പഞ്ചായത്തിലെ ഒരു ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കാവുന്നതും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിനു ശേഷം ആധികാരികതയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കാവുന്നതും വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയും ചെയ്യാവുന്നതാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 340 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുകയോ ഇടുവിക്കുകയോ ചെയ്യുന്നവർക്കെതിരെ തൽസമയം തന്നെ 250 രൂപയിൽ കവിയാത്ത തുക പിഴ ശിക്ഷയായി

ചുമത്താവുന്നതാണ്. അപ്രകാരം ചുമത്തിയ പിഴത്തുക 15 ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കാത്തപക്ഷം അയാളുടെ മേൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാവുന്നതാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ സെക്ഷൻ 340 (എ) പ്രകാരം ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നത് കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായ കുറ്റമാണ്. കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ 10,000 രൂപയിൽ കുറയാതെയും 25,000 രൂപയിൽ കവിയാതെയുമുള്ള പിഴയും ആറു മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവുശിക്ഷ ലഭിക്കാവുന്നതാണ്.

(സി) സമഗ്ര മാലിന്യ സംസ്കരണ ശുചീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്.

1. വീടുകളിൽ ജൈവമാലിന്യം കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റ്
2. സ്ഥാപന സാമൂഹ്യതലങ്ങളിൽ ജൈവമാലിന്യം കമ്പോസ്റ്റിംഗ്, ബയോ മെതനേഷൻ.
3. അജൈവ മാലിന്യ ശേഖരണവും പുനഃചംക്രമണത്തിന് കൈമാറലും
4. അജൈവ മാലിന്യം സംഭരിച്ച് തരംതിരിച്ച് താത്കാലികമായി സൂക്ഷിക്കുന്നതിന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ.
5. റീസൈക്ലിംഗ് വ്യവസായങ്ങൾക്ക് പ്രോത്സാഹനം.
6. എല്ലാ കുടുംബങ്ങൾക്കും സുരക്ഷിത കക്കൂസ് സൗകര്യം, കമ്മ്യൂണിറ്റി ടോയ്‌ലെറ്റ് സൗകര്യം.
7. പബ്ലിക് ടോയ്‌ലെറ്റ്
8. സെപ്റ്റേജ് മാനേജ് ചെയ്യുന്നതിനുള്ള വികേന്ദ്രീകൃത പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ.
9. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കാവുന്ന മാലിന്യ സംസ്കരണ പദ്ധതികൾ സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണം, ഒരു പ്രധാന വിഷയമായി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകൾ

വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ആധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ പരിമിതിയുണ്ടെന്നിരിക്കെ അനുയോജ്യമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി സ്കൂളുകൾ, ചന്തകൾ, അറവുശാലകൾ, ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും പത്ത് ശതമാനം തുക മാലിന്യ സംസ്കരണത്തിനായി വകയിരുത്തണമെന്ന് 30-6-2006-ലെ സ.ഉ. (സാധാ) നമ്പർ 2037/2016/തസ്വഭവ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ 'ഹരിതകേരളം' പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**വിവിധ വകുപ്പുകളിലെ കാലപ്പഴക്കംചെന്ന ഫയലുകൾ**

5 (1240) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ കാലപ്പഴക്കംച്ചെന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

കെട്ടിക്കിടക്കുന്ന ഫയലുകളുടെ തീർപ്പാക്കൽ സംബന്ധിച്ച് സർക്കുലർ നമ്പർ 12960/എ.ആർ.14(2)/15/ഉഭപവ തീയതി 4-8-2015, തുടർ സർക്കുലറുകളായ 10/12/2015-ലെ 21635/എ.ആർ.14(2)/15/ ഉഭപവ 24-3-2016-ലെ 21635 എ.ആർ 14(2)/15/ഉഭപവ, പ്രവർത്തനാവലോകന റിപ്പോർട്ടുകൾ എന്നിവ മുഖേന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവ താഴെപ്പറയും പ്രകാരമാണ്.

1. സർക്കാർ വകുപ്പുകളിൽ ഓരോ മാസാന്ത്യംവരെയും പേഴ്സണൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന ഫയലുകളുടെയും തപാലുകളുടെയും വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വകുപ്പും പ്രതിമാസ പ്രവർത്തന പത്രിക തയ്യാറാക്കി സർക്കാരിന് നൽകുകയും ആയത് അവലോകനം ചെയ്ത് വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട്.

2. ഫയൽ തീർപ്പാക്കൽ സംബന്ധിച്ച് ഓരോ വകുപ്പുകളും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് ഭരണവകുപ്പ്/വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ചും/കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ചും അവലോകനം നടത്തേണ്ടതുമാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

3. സർക്കാരുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള ഫയലുകളുടെ ലിസ്റ്റ് വകുപ്പുമേധാവികൾ/കളക്ടർമാർ ഓരോ മാസവും തയ്യാറാക്കുകയും ആയത് ഭരണവകുപ്പിന് നൽകി ഫയൽ നീക്കം കാര്യക്ഷമമാക്കുകയും നടപടി പൂർത്തിയാക്കി തീർപ്പാക്കുകയും ചെയ്യേണ്ടതാണെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

4. പഞ്ചദിനചട്ടം, സേവനാവകാശം എന്നിവ നിർബന്ധമായും പാലിക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

5. സെക്രട്ടേറിയറ്റ് വകുപ്പുകൾ/വകുപ്പുമേധാവികൾ/ജില്ലാകളക്ടർമാർ മൂന്നു മാസത്തിലൊരു ദിവസം ഫയൽ അദാലത്ത് നടത്തേണ്ടതും അന്നേദിവസം സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കേണ്ടതും ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. 'e-office' സംവിധാനം നിലവിൽ വന്നിട്ടുള്ള ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കാനാകുന്നുണ്ട്.

**ഫയൽ വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർ**

6 (1241) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം നിരീക്ഷിക്കുവാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരമൊരു നിർദ്ദേശം നൽകിയത്; വിശദമാക്കുമോ;

(ബി) ഫയൽ മനപ്പൂർവ്വം വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ, അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി കേസ് എടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ബി) ഇല്ല. എന്നാൽ ഫയൽ മനഃപൂർവ്വം വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ പരാതി ലഭിച്ചാൽ നിലവിലുള്ള വ്യവസ്ഥയ്ക്ക് അനുസരിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്.

## ആശ്രിത നിയമനം

7 (1242) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2011 മുതൽ 31-3-2016 വരെയുള്ള കാലത്ത് സംസ്ഥാനത്ത് സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ എത്ര ആശ്രിതർക്ക് ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നിയമനം നൽകുകയുണ്ടായി; ഏതെല്ലാം വകുപ്പുകളിൽ ആണ് നിയമനം നൽകിയത്;

(ബി) പ്രസ്തുത നിയമനങ്ങൾ എല്ലാം റഗുലറൈസ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ആശ്രിത നിയമനം ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ നിലവിലുണ്ട്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

### ഉത്തരം

(എ) ആശ്രിത നിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആയത് പരിഹരിക്കുന്നതിനായി 6-7-2012-ലെ ജി.ഒ(എം.എസ്) നമ്പർ 174/12/ ജി.എ.ഡി ഉത്തരവ് പ്രകാരം 549 തസ്തികകളും 2-9-2013-ലെ ജി.ഒ.(എംഎസ്)നമ്പർ 249/13/ജി.എ.ഡി. ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ ആകെ 905 തസ്തികകൾ വിവിധ വകുപ്പുകളിൽത്തന്നെ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 2-6-2014- ലെ ജി.ഒ. (എം.എസ്) നം. 131/2014/ജി.എ.ഡി. പ്രകാരം നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ 3 സൂപ്പർ ന്യൂമററി തസ്തികകളും 6-11-2014 -ലെ ജി.ഒ. (എം.എസ്) 307/2014/ പൊ.ഭ.വ പ്രകാരം ഒരു അസിസ്റ്റന്റ് തസ്തികയും സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഇതിനുപുറമെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി 183 അപേക്ഷകർക്കും ഒഴിവ് നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ ആശ്രിത നിയമനം കാത്തുനിൽക്കുന്നവരെ നിയമിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഒടുവിലായി 3-10-2015-ലെ സ.ഉ.(എംഎസ്) നമ്പർ 251/15/പൊ.ഭ.വ. പ്രകാരം 327 സൂപ്പർ ന്യൂമററി തസ്തികകൾ കൂടി സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. നിയമനം നൽകിയത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ചുവരികയാണ്.

(ബി) ആശ്രിത നിയമന വ്യവസ്ഥ പ്രകാരം നൽകിയ നിയമനങ്ങൾ റഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ശേഖരിച്ച് വരികയാണ്. ആശ്രിത നിയമനത്തിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കരുതെന്നും നിയമിച്ചവരെ റഗുലറൈസ് ചെയ്യരുതെന്നും ബഹു.ഹൈക്കോടതി WP (C) 33621/15 & 5960/16 നം. കേസ്സിൽ 25-2-2016-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) വിവരങ്ങൾ ശേഖരിച്ച് വരികയാണ്.

## അധികാര വികേന്ദ്രീകരണം

8 (1243) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയെങ്കിലും നിസ്സാരമായ ആവശ്യങ്ങൾക്കുപോലും ഫയലുകൾ സെക്രട്ടേറിയറ്റിൽ വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വകുപ്പുകൾക്ക് കൂടുതൽ അധികാരം നൽകിക്കൊണ്ട് എല്ലാ കാര്യങ്ങൾക്കും സെക്രട്ടേറിയറ്റിനെ ആശ്രയിക്കുന്ന നിലവിലെ രീതിക്ക് മാറ്റം വരുത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(സി) ഡയറക്ടറേറ്റുകളും, ജില്ലാ ഭരണകൂടങ്ങളും ശക്തിപ്പെടുത്തുന്നതിനും സെക്രട്ടേറിയറ്റിൽ നിന്നും കൂടുതൽ അധികാരം ഇവയ്ക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) അവയുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) 7-6-2016-ൽ ഇക്കാര്യം ചർച്ച ചെയ്യുകയും ഈ വിഷയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ആംഗ്ലോ -ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികൾ

9 (1244) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഷാ ന്യൂനപക്ഷവും മൈക്രോ മൈനോറിറ്റിയുമായ ആംഗ്ലോ-ഇന്ത്യൻ സമൂഹത്തിന്റെ ക്ഷേമത്തിനായി നടപ്പിലാക്കുന്നതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ പ്രസ്തുത വിഭാഗത്തിനായി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ലാറ്റിൻ കത്തോലിക്ക വിഭാഗത്തോടൊപ്പം ഹയർ സെക്കണ്ടറിസ്കൂളുകൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറിസ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിൽ 3% സംവരണം അനുവദിച്ചതുപോലെ, ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും, മെഡിക്കൽ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകളിലും ലാറ്റിൻ കത്തോലിക്ക വിഭാഗത്തിനനുവദിച്ചിട്ടുള്ള 1%സംവരണത്തിൽ ആഗ്ലോ-ഇന്ത്യൻ സമൂഹത്തെ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

10 (1245) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുന്ദമംഗലത്ത് പ്രവർത്തിക്കുന്ന സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവിടെ ഗണിതശാസ്ത്രത്തിൽ ഉന്നത പഠനം നടത്തുന്നതിന് സർവ്വകലാശാലയുമായി ബന്ധപ്പെട്ട് കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഗണിത ശാസ്ത്ര ഗവേഷണം അഭിവൃദ്ധിപ്പെടുത്തുക, ഗണിത ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക, അവരുടെ പ്രയത്നങ്ങൾക്ക് പിന്തുണ കൊടുക്കുക, ശാസ്ത്ര സാങ്കേതിക പുരോഗതിക്കും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വിദ്യാഭ്യാസ പുരോഗതിക്കുമുതകുന്ന തരത്തിൽ ഗണിത ശാസ്ത്രത്തിന്റെ പ്രത്യേക ശാഖകളിൽ വൈദഗ്ദ്ധ്യം നേടാൻ വേണ്ടിയുള്ള ഗവേഷണം, ഗണിത ശാസ്ത്രത്തിലെ വിവിധ പഠനശാഖകളിലുള്ള ശിൽപ്പശാലകൾ, പ്രസ്തുത ശിൽപ്പശാലകളുടെ ഏക വിഷയങ്ങളുടെയും പ്രബന്ധങ്ങളുടെയും വ്യവഹാര വിവരണത്തിന്റെയും പ്രസിദ്ധീകരണം, അന്തർദേശീയ ശിൽപ്പശാലകൾ, കേരളത്തിലെ ഗണിത ശാസ്ത്ര അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായുള്ള പരിശീലന ക്ലാസ്സുകൾ, തുടർ പരിശീലന പദ്ധതികൾ, വിദേശ യൂണിവേഴ്സിറ്റികളിൽ നിന്നുമുള്ള ഗണിതശാസ്ത്ര പ്രഗൽഭരുടെ ശിൽപ്പശാലകൾ, വിദ്യാർത്ഥികൾക്കായി അടിസ്ഥാന ഗണിത ശാസ്ത്രത്തിലുള്ള പ്രത്യേക പരിശീലന ക്ലാസ്സുകൾ എന്നിവയാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ പ്രവർത്തനങ്ങളും പഠനങ്ങളും.

(ബി) ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുക എന്ന കാര്യം സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ പരിഗണനയിൽ ഇപ്പോഴില്ല.

## അഡ്വൈസ് മെമ്മോ അയച്ചവരുടെ എണ്ണം

11 (1246) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി. എസ്. സി. മുഖാന്തിരം എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചു ; വകുപ്പ് തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) അഡ്വൈസ് ചെയ്തവരിൽ എത്രപേർക്ക് നിയമന ഉത്തരവ് നൽകി ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 25-5-2016 മുതൽ 31-8-2016 വരെയുള്ള കാലയളവിൽ ആകെ 9370 പേർക്ക് പി.എസ്.സി. മുഖേന അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**സോളാർ കമ്മീഷൻ**

12 (1247) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സോളാർ കമ്മീഷന്റെ കാലാവധി നീട്ടണമെന്ന് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കമ്മീഷന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്?

<u>ഉത്തരം</u>

ആവശ്യപ്പെട്ടിട്ടുണ്ട്.

**സംസ്ഥാന മന്ത്രിസഭാ തീരുമാനങ്ങളും മിനിറ്റ്സും**

13 (1248) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ പ്രകാരം മന്ത്രിസഭാ തീരുമാനങ്ങളും മിനിറ്റ്സും അപേക്ഷകർക്ക് നൽകേണ്ടതില്ലായെന്ന് ഈ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത്തരമൊരു തീരുമാനം കൈക്കൊണ്ടതിന് കാരണമെന്തെന്ന് അറിയിക്കുമോ;

(ബി) മന്ത്രിസഭാ തീരുമാനങ്ങളും മിനിറ്റ്സും ലഭ്യമാക്കുന്നത് സംബന്ധിച്ച് സംസ്ഥാന വിവരാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കേന്ദ്ര മന്ത്രിസഭയുടെ തീരുമാനങ്ങളും അജണ്ടയും വിവരാവകാശ നിയമ പ്രകാരം നൽകണമെന്ന് നിഷ്കർഷിച്ച് കേന്ദ്ര വിവരാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ-ഡി) മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കുന്നവർക്ക് നൽകുന്നതിൽ ഒരു തടസ്സവും നിലവിലില്ല. മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്നുതന്നെയാണ് ഈ സർക്കാരിന്റെ നയം. 20-7-2016-ലെ സ.ഉ.(സാധാ) 20/2016/പൊ.ഭ.(എസ്.സി)ഉത്തരവ് പ്രകാരം മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, അത് പുറപ്പെടുവിച്ച ഉടൻതന്നെ മന്ത്രിസഭായോഗത്തിന് സമർപ്പിച്ച കുറിപ്പുകൾ, തീരുമാനം എന്നിവ ഉൾപ്പെടെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം അവ kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു വരുന്നുമുണ്ട്.

**കടാശ്വാസ പദ്ധതി**

14 (1249) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, വിവിധ സ്ഥാപനങ്ങളിൽ നിന്ന് കടം വാങ്ങി തിരിച്ചടയ്ക്കാൻ സാധിക്കാത്തവരെ സഹായിക്കുന്നതിനായി എന്തെങ്കിലും കടാശ്വാസ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും, ബാങ്കുകളിൽ നിന്നും കടം വാങ്ങിയിട്ടുള്ളവരെയാണ് പരിഗണിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി 20-8-2016-ലെ സ.ഉ.(പി)നമ്പർ 118/2016/ ധന പ്രകാരം ഒറ്റത്തവണ കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

അഞ്ചുലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതി ത്തള്ളുന്നത്. ഇതിനുപുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ച് കഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാത്തുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുനഃക്രമീകരിച്ചും നൽകുന്നതാണ്.

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്. ബാങ്കുകളിൽനിന്ന് വായ്പയെടുത്തവരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വായ്പാ സ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന കടാശ്വാസ അപേക്ഷയിന്മേൽ തീർപ്പുണ്ടാക്കി രണ്ട് മാസത്തിനുള്ളിലെ നിശ്ചിത തീയതിയിൽ മുൻകൂട്ടി അറിയിച്ച് ബാധ്യതാരഹിത സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ ഈടുകളും തിരികെ നൽകുന്നതാണ്. പദ്ധതി നടത്തിപ്പിനായി ഗുണഭോക്താവിൽ നിന്ന് അപേക്ഷയൊഴികെ യാതൊരു സർട്ടിഫിക്കറ്റുകളും ആവശ്യപ്പെടുന്നതല്ല. പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.*

**പഞ്ചിംഗ് സമ്പ്രദായം**

15 (1250) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ എല്ലാ ഹെഡ് ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം നിലവിൽ വന്നിട്ടുണ്ടോ;

(ബി) നിലവിൽ വന്നിട്ടില്ലെങ്കിൽ ഏതൊക്കെ ഓഫീസുകളിലെന്നും കാരണം എന്തെന്നും വ്യക്തമാക്കുമോ;

(സി) പഞ്ചിംഗ് സംവിധാനം നിലനില്ക്കുന്ന ഓഫീസുകളിൽ ജീവനക്കാർ പഞ്ച് ചെയ്തശേഷം അനധികൃതമായി പുറത്തുപോകുന്നതും വരുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഡയറക്ടറേറ്റുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി. തുടങ്ങി പ്രധാനപ്പെട്ട സ്ഥാപനങ്ങളിലെല്ലാം പഞ്ചിംഗ് സമ്പ്രദായം ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വകുപ്പുകളിൻ കീഴിലെ എല്ലാ ഹെഡ് ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എല്ലാ ഹെഡ് ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഫീസ് മാനുവലുകളിൽ മൂവ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുവാനും ആയത് മേലുദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കണമെന്നും പ്രതിപാദിക്കുന്നുണ്ട്. ആയത് കർശനമായി പാലിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ

16 (1251) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലം ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഒരു നടപടിയും സ്വീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) നിയമസഭ അംഗീകരിച്ചവ എന്ന നിലയിൽ പ്രസ്തുത പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ കാണിക്കുന്ന അലംഭാവം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&സി) മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്ന് പല ഘട്ടങ്ങളിലായി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ അഞ്ച് വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും നടപ്പിലാക്കാൻ കഴിയാത്ത പ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വിവിധ വകുപ്പുസെക്രട്ടറിമാരുമായി ചീഫ് സെക്രട്ടറി നടത്തുന്ന മാസാവലോകന യോഗങ്ങളിൽ ബഡ്ജറ്റിൽ പരാമർശിക്കുന്ന എല്ലാ പദ്ധതികളുടെയും നിർവ്വഹണം സംബന്ധിച്ച് വിലയിരുത്തൽ നടത്താറുണ്ട്. കൂടാതെ വകുപ്പുതല കർമ്മസമിതി, പ്രത്യേക കർമ്മ സമിതി എന്നിവയുടെ യോഗങ്ങളിലും ബഡ്ജറ്റ് പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട്.

(ഡി) മുൻവർഷങ്ങളിൽ പ്രഖ്യാപിച്ചെങ്കിലും ഇതേവരെ നടപ്പിലാക്കാത്ത പദ്ധതികളുടെ പ്രായോഗികത കൂടി വിലയിരുത്തി നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുന്നതാണ്.

(ഇ) ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇക്കാര്യത്തിൽ വകുപ്പുകളുടെ ഭാഗത്തുണ്ടാകുന്ന വീഴ്ചകൾ പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മെഡിക്കൽ കോളേജ് തുടങ്ങാൻ ആവശ്യമായ സാദ്ധ്യതാ പഠനം

17 (1252) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട്, വാമനപുരം, അരുവിക്കര എന്നീ മലയോര മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് ഒരു മെഡിക്കൽ കോളേജ് തുടങ്ങാൻ ആവശ്യമായ സാദ്ധ്യതാ പഠനം നടത്താൻ മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

ബഹു. എം.എൽ.എ നൽകിയ നിവേദനം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി 25-8-2016 -ൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ചു കൊടുത്തിരിക്കുകയാണ്.

## മാമ്പുകുളം വാട്ടർ സ്റ്റേഡിയത്തിന്റെ നിർമ്മാണം

18 (1253) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽ നിന്നും 28-12-2013-ൽ ഭരണാനുമതി ലഭിച്ച ഭരണിക്കാവ് മാമ്പുകുളം വാട്ടർ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഭരണിക്കാവ് മാമ്പുകുളം വാട്ടർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് ശ്രീ. സി. കെ. സദാശിവൻ, കായംകുളം എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽ നിന്നും 24 ലക്ഷം രൂപ അനുവദിക്കുകയും ആയതിന് 28-12-2013-ൽ ടി തുകയ്ക്ക് തന്നെ ഭരണാനുമതി നൽകുകയും ടി വർക്കിന്റെ സുഗമമായ പൂർത്തീകരണ ത്തിനായി 11,25,608 രൂപയുടെ പാർട്ട് ബിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ഭരണിക്കാവ് BDO-യ്ക്ക് 14-8-2015-ൽ നൽകിയിട്ടുള്ളതുമാണ്. എന്നാൽ ടി വർക്ക് വളരെ മന്ദഗതിയിലാണ് നടന്നിട്ടുള്ളതെന്നും ആയത് പൂർത്തീകരിക്കുവാൻ നിരവധി തവണ കരാറുകാരന് REGISTERED കത്ത് നൽകിയിരുന്നുവെങ്കിലും ആയത് കൈപ്പറ്റിയിട്ടില്ലാത്തതുമാണ്. മേൽ സാഹചര്യത്തിൽ ടി വർക്ക് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ ഭരണിക്കാവ് BDO-യ്ക്ക് ആലപ്പുഴ ജില്ലാകളക്ടറേറ്റിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ്

19 (1254) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി കേരള പി.എസ്.സി. അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നാണെന്നും ആയത് പ്രകാരമുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിച്ചുവെന്നും, ആ ലിസ്റ്റിൽ നിന്നും എത്രപേർക്ക് സംവരണാടി സ്ഥാനത്തിലുൾപ്പെടെ നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സെക്രട്ടറി, ഗ്രാമപഞ്ചായത്ത് തസ്തികയിലേക്ക് 28-9-2007-ലാണ് അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ചത്. 20-12-2010-ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി നാലര വർഷം വരെ ദീർഘിപ്പിക്കുകയും 20-6-2015-ന് റാങ്ക് ലിസ്റ്റ് റദ്ദാകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലില്ല. ഈ ലിസ്റ്റിൽനിന്നും ആകെ 235 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കാനായി ഒഴിവുകളൊന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. മാത്രമല്ല, ഗ്രാപഞ്ചായത്ത് സെക്രട്ടറി, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി എന്നീ തസ്തികകൾ ഏകീകരിച്ച് ഒറ്റ തസ്തികയായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ, ഇതുസംബന്ധിച്ച് വിശേഷാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചാൽ മാത്രമെ മതിയായ വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയൂ. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ സംയോജിപ്പിക്കുന്നതിനായി സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതു പൂർത്തിയായതിനുശേഷം മാത്രമെ അതിനാനുപാതികമായി പഞ്ചായത്ത് വകുപ്പിലെ നിലവിലെ വിശേഷാൽ ചട്ടങ്ങളുടെ ഭേദഗതി പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010-2014-ലെ സീനിയോരിറ്റി ലിസ്റ്റുകൾ ബഹു. കേരള ആഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹു.കേരള ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹു. സുപ്രീം കോടതി മുമ്പാകെയുള്ള എസ്.എൽ.പി.കളിൽ 13-5-2016 തീയതിയിലെ ഉത്തരവിൻപ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത എസ്.എൽ.പി.-കളിലെ അന്തിമവിധിക്ക് ശേഷം മാത്രമെ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**വടശ്ശേരിക്കര സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് നിർമ്മാണം**

20 (1255) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടശേരിക്കര സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണ ചുമതല ഏതെങ്കിലും ഏജൻസിക്ക് നൽകിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ആർക്കാണ്, നിർമ്മാണ നടപടികൾ ഏതു ഘട്ടം വരെയായി, എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളത്, ഇനിയും എന്തൊക്കെയാണ് പൂർത്തീകരിക്കാനുള്ളത് തുടങ്ങിയ വിവരങ്ങൾ നൽകുമോ;

(ബി) കരാറനുസരിച്ച് എന്നാണ് നിർമ്മാണം പൂർത്തീകരിക്കേണ്ടത്; കരാർ കാലാവധിക്കുള്ളിൽത്തന്നെ നിർമ്മാണം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) എം.ഒ.പി.എഫ്. 2014-15 (സ്റ്റേറ്റ് ഷെയർ)-ൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപ ചെലവിൽ പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര സർക്കിൾ ഇൻസ്പെക്ടർ കാര്യാലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കെ.പി.എച്ച്.സി.സി.-യെ ചുമതലപ്പെടുത്തിക്കൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ട് കെ.പി.എച്ച്.സി.സി.-ക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായാലുടൻ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്.

**സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം**

21 (1256) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സർക്കാർ ജീവനക്കാരും പെരുമാറ്റച്ചട്ടം ലംഘിക്കുന്ന തരത്തിൽ സോഷ്യൽ മാധ്യമങ്ങളിൽ നടത്തുന്ന ഇടപെടലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ജീവനക്കാർക്കെതിരെ നിയമാനുസൃതം അച്ചടക്ക നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സർക്കാർ ജീവനക്കാർക്കിടയിലെ അഴിമതി**

22 (1257) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ സമർപ്പിക്കുന്ന വാർഷിക വസ്തു വിവര പട്ടികകൾ കൃത്യമായി പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ അന്വേഷണം നടത്തുന്നതിനും ഉള്ള സംവിധാനം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വസ്തുവിവര പട്ടികയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെതിരെ അന്വേഷണമോ നടപടിയോ ഉണ്ടായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(സി) സർക്കാർ ജീവനക്കാർക്കിടയിലെ അഴിമതി തടയുന്നതിന് ഇത്തരം നടപടികൾ ശക്തിപ്പെടുത്തുമോ?

ഉത്തരം

(എ) 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 37-ലെ വ്യവസ്ഥയനുസരിച്ച് പാർട്ട് ടൈം കണ്ടിജന്റ് സർവ്വീസിലെ ജീവനക്കാരൊഴികെ എല്ലാ സർക്കാർ ജീവനക്കാരും വാർഷിക വസ്തു വിവര പട്ടിക സമർപ്പിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് ഒരു ജീവനക്കാരൻ തെറ്റായ വിവരം നൽകി എന്ന് ബോധ്യപ്പെടുകയാണെങ്കിൽ അയാളുടെ മേലധികാരിക്ക് (Competent Authority) പ്രസ്തുത ജീവനക്കാരനെതിരെ അച്ചടക്കനടപടി സ്വീകരിക്കാവുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അഴിമതിക്കാരായ സർക്കാർ ജീവനക്കാർക്കെതിരെ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കുന്ദമംഗലത്ത് കോടതിക്കും പോലീസ് സ്റ്റേഷനും പ്രത്യേകം കെട്ടിടങ്ങൾ**

23 (1258) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് കോടതിയും പോലീസ് സ്റ്റേഷനും ഒരേ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോടതിക്കും പോലീസ് സ്റ്റേഷനും പ്രത്യേകം കെട്ടിടങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എം.ഒ.പി.എഫ്. 2013-14 (സെൻട്രൽ ഷെയർ)-ൽ ഉൾപ്പെടുത്തി 47,87,500 രൂപ ചെലവിൽ പോലീസ് സ്റ്റേഷൻ കെട്ടിടവും ഒരു വനിതാ പോലീസ് റസ്റ്റ് റൂമും കുന്ദമംഗലത്ത് നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. കോഴിക്കോട് ജില്ലാ ജഡ്ജിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുന്ദമംഗലത്ത് കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്വകാര്യ ഭൂമി കണ്ടെത്തി നൽകണമെന്ന് കോഴിക്കോട് ജില്ലാ കളക്ടറോട് ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**സത്യപ്രതിജ്ഞാ ചടങ്ങിനായി ചെലവഴിച്ച തുക**

24 (1259) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങിനായി എന്തു തുക ചെലവഴിച്ചെന്ന് വിവിധ വകുപ്പുകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്തും പുറത്തും ഏതൊക്കെ പത്രങ്ങളിലാണ് പി.ആർ.ഡി പരസ്യം നൽകിയത്; ഇതിനായി എന്തു തുക നൽകിയിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ദൃശ്യ-ശ്രവണ മാധ്യമങ്ങളിലൂടെ പരസ്യം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു തുക വീതം നൽകിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ഒഴികെ ഇതര വകുപ്പുകളായ ടൂറിസം, പൊതുഭരണം, ശുചിത്വമിഷൻ എന്നീ വകുപ്പുകളിൽനിന്നും യഥാക്രമം 3,65,200 രൂപ, 20,000 രൂപ, 81,280 രൂപ ചെലവഴിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽനിന്നും ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തിനകത്തും പുറത്തും പരസ്യം നൽകിയ മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപത്രങ്ങളുടെ പേരും എഡിഷനും ചുവടെ ചേർക്കുന്നു:

| ദിനപത്രത്തിന്റെ പേര് | എഡിഷൻ |
|---|---|
| (1) | (2) |
| മലയാള മനോരമ, മാതൃഭൂമി, ചന്ദ്രിക, ക്രൈംസ്റ്റോറി, ദേശാഭിമാനി, ജനറൽ, ജനയുഗം, ജന്മഭൂമി, കേരള കൗമുദി, ദീപിക, കേരള കൗമുദി ഫ്ലാഷ്, മാധ്യമം, മംഗളം, രാഷ്ട്രദീപിക, സിറാജ്, മെട്രോവാർത്ത, കലാപ്രേമി, കാരവൽ (മലയാളം), കേരള രാജ്യം, കേരനാട്, കലാകൗമുദി, കേരള ഹെറാൾഡ്, കേരളവാർത്ത, ലേറ്റസ്റ്റ്, പ്രഹേളിക, ന്യൂസ് കേരള, പടയണി, പ്രഭാതവാർത്ത, പ്രദീപം, പൗരൻ, സായാഹ്നകൈരളി, സായാഹ്നശബ്ദം, സതേൺസ്റ്റാർ, സ്വതന്ത്രമണ്ഡപം, തനിമ, തലസ്ഥാനവാർത്ത, ഉത്തരദേശം(മലയാളം), വർത്തമാനം, വേണാട് കൗമുദി, വേണാട് പത്രിക, മലയാള മഹിമ, മക്തബ്, ഭാരതപത്രിക, ഗദ്ദിക, ന്യൂ ഏജ്, സുദിനം, തുറന്ന കത്ത്, തൃശ്ശിവപ്പേരൂർ എക്സ്പ്രസ്, ജന്മദേശം, കേരളഭൂഷണം, പീപ്പിൾസ് റിവ്യൂ ക്രൈം തനിനിറം, ടെലഗ്രാഫ്, ബിഗ് ന്യൂസ്, വീക്ഷണം, മലബാർ വാർത്ത, സായാഹ്നം, ജനശബ്ദം, സൗത്ത് ഇന്ത്യ ന്യൂസ്, കർമ്മശക്തി, തനിനിറം എക്സ്പ്രസ്, സിറ്റി ജേർണൽ, ദി ഹിന്ദു (കേരള പേജ്), ബിസിനസ് ലൈൻ (കേരള പേജ്) ഡെക്കാൺ ക്രോണിക്കിൾ (കേരള പേജ്) ടൈംസ് ഓഫ് ഇന്ത്യ (കേരള പേജ്). ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്, ബിസിനസ് സ്റ്റാന്റേർഡ് | ആൾ കേരള |
| തീക്കതിർ | ചെന്നൈ, തിരിച്ചിറപ്പള്ളി, മധുര, കോയമ്പത്തൂർ |
| ദിനകരൻ | കോയമ്പത്തൂർ, മധുര, നാഗർകോവിൽ |
| ഹോസാഡിഗന്ധ, വിജയകർണ്ണാടക, വാർത്താ ഭാരതി | മാംഗളൂർ |

| (1) | (2) |
|---|---|
| ട്രിനിറ്റി മിറർ | ചെന്നൈ |
| ഇന്ത്യൻ എക്സ്പ്രസ് | ഡൽഹി |
| ടൈംസ് ഓഫ് ഇന്ത്യ, എക്കണോമിക് ടൈംസ് | ഡൽഹി, മുംബൈ |
| ദി ഹിന്ദു | ഡൽഹി |
| ഹിന്ദുസ്ഥാൻ ടൈംസ് | ഡൽഹി |

പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ മുഴുവൻ പത്രസ്ഥാപനങ്ങളും ബില്ലുകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട് തുകയൊന്നും ഇതുവരെ നൽകിയിട്ടില്ല.

(സി) ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പരസ്യം നൽകിയിട്ടുണ്ട്. ഈ ഇനത്തിലും തുക ഇതുവരെ നൽകിയിട്ടില്ല.

## കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ. വിഭാഗങ്ങൾക്ക് അസിസ്റ്റന്റിന്റെ എൻട്രികേഡറിലേക്ക് തസ്തികമാറ്റം

25 (1260) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ. വിഭാഗങ്ങൾക്ക് 28-2-2011-ലെ സ.ഉ.(പി) 65/2011/പൊ.ഭ.വ പ്രകാരം തസ്തികമാറ്റത്തിനായി അസിസ്റ്റന്റിന്റെ എൻട്രികേഡറിൽ 20% നീക്കിവയ്ക്കണമെന്ന ചട്ടം പൊതുഭരണവകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം സെലക്ഷൻ ഗ്രേഡിലുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ്/സി.എ. വിഭാഗങ്ങൾക്ക് അസിസ്റ്റന്റിന്റെ എൻട്രികേഡറിൽ തസ്തികമാറ്റത്തിന് അർഹതയുണ്ടോ;

(സി) 25-3-2006-നുശേഷം സർവ്വീസിൽ പ്രവേശിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ്/ സി.എ. മാർക്ക് അസിസ്റ്റന്റിന്റെ എൻട്രികേഡറിൽ 20 ശതമാനം തസ്തികമാറ്റം ധനകാര്യവകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവ് പൊതുഭരണ വകുപ്പിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) 25-3-2006-നുശേഷം സർവ്വീസിൽ പ്രവേശിച്ച പൊതുഭരണവകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് സ്പെഷ്യൽ റൂൾപ്രകാരം അസിസ്റ്റന്റ് എൻട്രികേഡറിൽ എത്ര തസ്തികകളിലേക്കാണ് തസ്തികമാറ്റം നൽകേണ്ടത്; ഇതുപ്രകാരം നിലവിൽ എത്രപേർക്ക് തസ്തികമാറ്റം നൽകിയിട്ടുണ്ട്; അർഹരായ മറ്റുള്ളവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തസ്തികമാറ്റം വഴിയും അസിസ്റ്റന്റ് ട്രെയിനി നിയമനം വഴിയുമായി അസിസ്റ്റന്റ് എൻട്രി കേഡറിൽ 20% ഒഴിവുകൾ നീക്കിവച്ചിട്ടുണ്ട്.

(ബി) സ്പെഷ്യൽ റൂൾ പ്രകാരം അർഹതയില്ല.

(സി) അസിസ്റ്റന്റ് എൻട്രി കേഡറിൽ തസ്തികമാറ്റ നിയമനവും അസിസ്റ്റന്റ് ട്രെയിനി നിയമനവും കൂടി 20% ആയി പരിമിതപ്പെടുത്തണമെന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും പൊതുഭരണവകുപ്പിന്റെയും അഭിപ്രായം മറികടന്ന് ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) കമ്പ്യൂട്ടർ അസിസ്റ്റന്റ് വിഭാഗത്തിന് തസ്തികമാറ്റ നിയമനത്തിനും അസിസ്റ്റന്റ് ട്രെയിനി നിയമനത്തിനുമായി അസിസ്റ്റന്റ് എൻട്രി കേഡറിൽ 50 ഒഴിവുകൾക്ക് അർഹതയുണ്ട്. 37 പേർ തസ്തികമാറ്റം വഴിയും ഏഴ് പേർ അസിസ്റ്റന്റ് ട്രെയിനിയായും നിലവിലുണ്ട്. നിയമനം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കസ്തൂരിരംഗൻ റിപ്പോർട്ട്**

26 (1261) <u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ പരിസ്ഥിതി ലോല പ്രദേശങ്ങളെ വേർതിരിച്ചതിൽ പിഴവുകളും അശാസ്ത്രീയ അതിർത്തി നിർണ്ണയവും ഉണ്ടായിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പരിസ്ഥിതി ലോല മേഖലയുടെ പരിധിയിൽ നിന്ന് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും ഒഴിവാക്കണമെന്ന ആവശ്യത്തോടുള്ള നിലപാട് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളെയും പ്രസ്തുത മേഖലയിലുള്ള എം.പി.മാരുടെയും യോഗം വിളിച്ചു ചേർക്കുമെന്ന ഉറപ്പു പാലിച്ചിരുന്നോ; യോഗത്തിൽ കേന്ദ്ര സർക്കാർ നിലപാട് എന്തായിരുന്നു ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെ 123 വില്ലേജുകളിലെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി (ESA) കസ്തൂരിരംഗൻ കമ്മിറ്റി കണക്കാക്കിയിരുന്നു. മുൻസർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോമീറ്ററായി നിജപ്പെടുത്തുകയും ആയത് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമില്ലായെന്ന് കണ്ടെത്തിയ 4 വില്ലേജുകളെക്കൂടി പരിസ്ഥിതി ലോലപ്രദേശങ്ങളുടെ പട്ടികയിൽനിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി നിജപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിസർവ് വനം, സംരക്ഷിതപ്രദേശം, ലോല പൈതൃക പ്രദേശങ്ങൾ എന്നിവ മാത്രമെ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാർ തീരുമാനം പ്രതീക്ഷിക്കുകയാണ്.

(സി) ടി ആവശ്യം ഉന്നയിച്ച് കത്ത് നൽകിയശേഷം കേന്ദ്രസർക്കാർ യോഗം വിളിച്ചുചേർത്തിട്ടില്ല.

**മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള സ്ഥലംമാറ്റ നടപടികൾ**

27 (1262) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഉദ്യോഗസ്ഥരെ മാനദണ്ഡമില്ലാതെ സ്ഥലം മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ ന്യായരഹിതമായി സ്ഥലം മാറ്റിയതിനാൽ റവന്യൂ വകുപ്പിലെ സീനിയർ ക്ലാർക്ക് ആത്മഹത്യ ചെയ്ത സംഭവം സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; ഏത് ചട്ടപ്രകാരമാണ് ടിയാനെ സ്ഥലം മാറ്റിയതെന്ന് വിശദമാക്കാമോ;

(ഡി) മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള സ്ഥലമാറ്റ നടപടികൾ നിർത്തി വയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടി മരണം സ്ഥലം മാറ്റവുമായി ബന്ധപ്പെട്ടതാണെന്നുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി&ഡി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലംമാറ്റം നൽകിയിട്ടില്ല. പ്രൊമോഷൻ ചട്ടങ്ങൾക്ക് വിധേയമായിട്ടാണ് സ്ഥലം മാറ്റിയിട്ടുള്ളത്.

**സംസ്ഥാനത്തിന്റെ ഔദ്യോഗിക പേര് കേരളം എന്നാക്കുന്നതിന് നടപടി**

28 (1263) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഔദ്യോഗിക പേര് കേരളം എന്നാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തിന്റെ പേര് കേരളം എന്നാക്കുന്നതിന് ഇപ്പോൾ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി**

29 (1264) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിദ്യാഭ്യാസ വായ്പ എടുത്ത് കുടിശ്ശിക വരുത്തിയ വിഭാഗങ്ങളെ കൂടി കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി 20-8-2016-ലെ സ.ഉ.(പി)നമ്പർ 118/2016/ ധന പ്രകാരം ഒറ്റത്തവണ കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

അഞ്ചുലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിനുപുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചു കൊണ്ട് ബാക്കി വായ്പാത്തുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുനഃക്രമീകരിച്ചും നൽകുന്നതാണ്. കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ്, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കക്ഷേമ കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽനിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയ വർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്. വായ്പാസ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന കടാശ്വാസ അപേക്ഷയിന്മേൽ തീർപ്പുണ്ടാക്കി രണ്ട് മാസത്തിനുള്ളിലെ നിശ്ചിത തീയതിയിൽ മുൻകൂട്ടി അറിയിച്ച് ബാധ്യതാരഹിത സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ ഈടുകളും തിരികെ നൽകുന്നതാണ്. പദ്ധതി നടത്തിപ്പിനായി ഗുണഭോക്താവിൽ നിന്ന് അപേക്ഷയൊഴികെ യാതൊരു സർട്ടിഫിക്കറ്റുകളും ആവശ്യപ്പെടുന്നതല്ല. പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു.*

(ബി) വിദ്യാഭ്യാസ വായ്പ ഈ പദ്ധതിയുടെ പരിധിയിൽ പ്പെടുന്നില്ല.

**സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവൽക്കരണം**

30 (1265) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിലെ പോലെ കമ്പ്യൂട്ടർവത്ക്കരണം പൊതുഭരണ വകുപ്പിൽ പൂർത്തീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) സമയബന്ധിതമായ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചിട്ടുണ്ട്. ഫയൽ കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നെറ്റ്‌വർക്ക് സൗകര്യവും നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും അവ സ്ഥാപിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഐ.റ്റി.ഹാർഡ് വെയർ പോളിസി സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**സർക്കാർ നൂറ് ദിവസം പൂർത്തിയാക്കിയത് സംബന്ധിച്ച്**

31 (1267) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ 100 ദിവസം പൂർത്തിയാക്കിയതു സംബന്ധിച്ചുള്ള പരസ്യങ്ങൾക്ക് ചെലവഴിച്ച തുക, വിവിധ വകുപ്പുകൾ തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് സംസ്ഥാനത്തിനകത്തും പുറത്തും ഏതൊക്കെ പത്രങ്ങളിലാണ് പി.ആർ.ഡി. പരസ്യം നൽകിയത്; ഇതിനായി എത്ര തുക നൽകി; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇതു സംബന്ധിച്ച പരസ്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക വീതം നൽകിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ദേശീയപാതകളിലും മറ്റ് പ്രധാന റോഡുകളുടെ ഇരു വശങ്ങളിലും ഹോർഡിങ്ങുകൾ വഴി ഇതു സംബന്ധിച്ച പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടോ;

(ഇ) ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയത് എന്നും ടെണ്ടർ ക്ഷണിച്ച ശേഷമായിരുന്നോ എന്നും ഇതിനായി ചെലവഴിച്ച തുക എത്ര എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ നൂറ് ദിവസം പൂർത്തിയാക്കിയത് സംബന്ധിച്ച് പരസ്യങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ മാധ്യമങ്ങളിൽ നിന്നും ബിൽ ലഭ്യമായിട്ടില്ലാത്തതിനാൽ തുകയൊന്നും അനുവദിച്ചു നൽകിയിട്ടില്ല.

(ബി) സംസ്ഥാനത്തിനകത്തും പുറത്തുമായി പി.ആർ.ഡി. വഴി പരസ്യം നൽകിയിട്ടുള്ള പത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* പത്രമാധ്യമങ്ങളുടെ ബിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയൊന്നും അനുവദിച്ചുനൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ ബിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകയൊന്നും അനുവദിച്ചുനൽകിയിട്ടില്ല

(ഡി) ഉണ്ട്.

(ഇ) താഴെപ്പറയുന്ന ഏജൻസികളെ താൽപ്പര്യപത്രം ക്ഷണിച്ച് തെരഞ്ഞെടുത്തു. ചിത്രാ പെയിന്റേഴ്സ് , റ്റി.ടി. റോഡ്, എറണാകുളം- 682011

ഐശ്വര്യ അഡ്വർടൈസിംഗ് ഇൻഡസ്ട്രീസ്, കാർമൽ ബിൽഡിംഗ്, ബാനർജി റോഡ്, കൊച്ചിൻ-18

മധൂസ് ആന്റ് മധൂസ് അഡ്വർടൈസിംഗ്, എസ്.ജെ. ബിൽഡിംഗ്, ധന്യാ തിയേറ്ററിന് സമീപം, കടപ്പാക്കട, കൊല്ലം.

ജെ.കെ.ആർട്സ്, ശ്രീ ജനാർദ്ദന കോംപ്ലക്സ്, റെസിഡൻസി റോഡ്, കൊല്ലം.

ഏജൻസികൾ ബില്ലുകൾ സമർപ്പിക്കാത്തതിനാൽ നാളിതുവരെ തുക അനുവദിച്ചുനൽകിയിട്ടില്ല.

## സ്റ്റാഫ് നഴ്സ് ഗ്രേഡ്- 2 തസ്തികയിലെ ഒഴിവുകൾ

32 (1268) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് നേഴ്സ് ഗ്രേഡ് 2 തസ്തികയിൽ കൊല്ലം ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകളുടെ വിശദാംശങ്ങൾ ആരോഗ്യ കേന്ദ്രങ്ങൾ തിരിച്ച് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) അഞ്ച് ഒഴിവുകൾ.

| | | | |
|---|---|---|---|
| (ബി) | സാമൂഹ്യാരോഗ്യകേന്ദ്രം, അഞ്ചൽ | - | 1 |
| | താലൂക്കാശുപത്രി, കടയ്ക്കൽ | - | 2 |
| | ഗവൺമെന്റ് നെഞ്ചുരോഗ ആശുപത്രി, കരുനാഗപ്പള്ളി | - | 1 |
| | സാമൂഹ്യാരോഗ്യകേന്ദ്രം, മയ്യനാട് | - | 1 |

ആയതിൽ 3 ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റത്തിനും 2 ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനും റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാകുന്നു.

## മലിനീകരണ നിർമ്മാർജ്ജന പദ്ധതി

33 (1269) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗണ്യമായ തോതിൽ വർദ്ധിച്ചുവരുന്ന മാലിന്യ നിക്ഷേപങ്ങളുടെയും പരിസ്ഥിതി മലിനീകരണത്തിന്റെയും തോത് ലഘൂകരിക്കാനും ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യാനും നിലവിൽ അവലംബിച്ചുവരുന്ന മാർഗ്ഗങ്ങൾ പര്യാപ്തമാണോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാന വ്യാപകമായി നിലവിൽ മാലിന്യ നിർമ്മാർജ്ജനത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) പരിസ്ഥിതി മലിനീകരണത്തിന് ആക്കം കൂട്ടുന്ന ബയോമെഡിക്കൽ മാലിന്യങ്ങളും വ്യവസായശാലകളിൽ നിന്നുള്ള മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്രത്യേകമാംവിധം എന്തു സംവിധാനമാണ് സജ്ജമാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മലിനീകരണം ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും ഉതകുന്നതരത്തിൽ വിപുലമായ ആസൂത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്ക് അർഹിക്കുന്ന ഗൗരവം നൽകി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പര്യാപ്തമാണ്. മാലിന്യനിക്ഷേപവും പരിസ്ഥിതി മലിനീകരണവും പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രകൃതി സൗഹൃദ വികേന്ദ്രീകൃത മാലിന്യ പരിപാലന പ്രവർത്തനങ്ങളാണ് പ്രോത്സാഹിപ്പിച്ചുവരുന്നത്. മാലിന്യം തരംതിരിക്കുകയും ജൈവമാലിന്യം സ്വന്തം ഉത്തരവാദിത്വത്തിൽ പ്രഭവസ്ഥലത്തു വച്ചുതന്നെ കമ്പോസ്റ്റിംഗ് സൗകര്യം മുഖേനയോ ബയോഗ്യാസ് പ്ലാന്റുകളിലോ സംസ്കരിക്കണം. അഴുകാത്ത പ്ലാസ്റ്റിക് അടക്കമുള്ള അജൈവമാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് സൂക്ഷിക്കുകയും അവ പാഴ് വസ്തു വ്യാപാരികൾക്ക് പുനഃചംക്രമണത്തിനായി കൈമാറുകയും ചെയ്യണം. അജൈവമാലിന്യം പരമാവധി കുറയ്ക്കുക, പുനരുപയോഗിക്കുക, പുനഃചംക്രമണം ചെയ്യുക എന്നത് ജനങ്ങളുടെ ശീലമാക്കി മാറ്റണം. ദ്രവമാലിന്യം അതാതിടങ്ങളിലും വികേന്ദ്രീകൃത സംസ്കരണ

സംവിധാനങ്ങളൊരുക്കിയും സംസ്കരിക്കണം. വ്യാപകമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനത്തിലൂടെ എല്ലാ പങ്കാളികളുടെയും പൂർണ്ണ സഹകരണം ഉറപ്പാക്കി മുൻപറഞ്ഞ മാർഗ്ഗങ്ങൾ അവലംബിക്കുക വഴി മാലിന്യ നിക്ഷേപങ്ങളുടെയും പരിസ്ഥിതി മലിനീകരണത്തിന്റെയും തോത് ലഘൂകരിക്കാനും ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുവാനും കഴിയും. നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തോടെ കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിൽ മലിനജല സംസ്കരണ പ്ലാന്റുകളും മലിനജല വാഹക ശൃംഖലകളും അനുബന്ധ പണികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. തിരുവനന്തപുരത്ത് മുട്ടത്തറയിൽ ദിവസേന 107 ദശലക്ഷം ലിറ്റർ ദ്രവമാലിന്യം സംസ്കരിക്കുന്നതിനുള്ള ആധുനിക പ്ലാന്റ് പണി പൂർത്തിയാക്കി വിജയകരമായി പ്രവർത്തിച്ചുവരുന്നു. കൊച്ചിയിലെ ബ്രഹ്മപുരത്ത് ദിനംപ്രതി 100 m3 (5000 ലിറ്റർ കൊള്ളുന്ന 20 ടാങ്കറുകൾ) സെപ്റ്റേജ് സംസ്കരിക്കാനുള്ള നൂതന പ്ലാന്റ് വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ കൊച്ചിയിൽ പോർട്ട് ട്രസ്റ്റ് സൗജന്യമായി നൽകിയ വെല്ലിംഗ്ടൺ ഐലന്റിലെ അമ്പത് സെന്റ് സ്ഥലത്തും ഇതേ ശേഷിയിൽ മറ്റൊരു പ്ലാന്റിന്റെ നിർമ്മാണവും തുടങ്ങിക്കഴിഞ്ഞു.

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 334 (എ)യിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതിയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. മാലിന്യ നിർമ്മാർജ്ജനത്തിന് താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

1. വീടുകളിൽ ജൈവമാലിന്യം കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റ്
2. സ്ഥാപന സാമൂഹ്യതലങ്ങളിൽ ജൈവമാലിന്യം കമ്പോസ്റ്റിംഗ്, ബയോ മെതനേഷൻ.
3. നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നവീകരണം.
4. അജൈവ മാലിന്യ ശേഖരണവും പുനഃചംക്രമണത്തിന് കൈമാറലും
5. അജൈവ മാലിന്യം സംഭരിച്ച് തരംതിരിച്ച് താത്കാലികമായി സൂക്ഷിക്കുന്നതിന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ.
6. റീസൈക്ലിംഗ് വ്യവസായങ്ങൾക്ക് പ്രോത്സാഹനം.

7. എല്ലാ കുടുംബങ്ങൾക്കും സുരക്ഷിത കക്കൂസ് സൗകര്യം, കമ്മ്യൂണിറ്റി ടോയ്‌ലെറ്റ് സൗകര്യം.

8. പബ്ലിക് ടോയ്‌ലെറ്റ്

9. സെപ്റ്റേജ് മാനേജ് ചെയ്യുന്നതിനുള്ള വികേന്ദ്രീകൃത പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ.

10. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ.

(സി) ആശുപത്രിയിലെ മാലിന്യങ്ങൾ (ബയോ മെഡിക്കൽ മാലിന്യം) ഐ.എം.എ.-യുടെ ഭാഗമായ ഇമേജ് എന്ന സ്ഥാപനം സാങ്കേതിക മികവ് ഉറപ്പാക്കിയ ഇൻസിനറേറ്ററിൽ സംസ്കരിച്ചുവരുന്നു. ആശുപത്രികളിലും വ്യവസായ ശാലകളിലും ഉണ്ടാകുന്ന പൊതുമാലിന്യങ്ങൾ ഉറവിടസ്ഥലത്തു വച്ചുതന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് സൂക്ഷിക്കുന്നതിന് മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. തരംതിരിച്ച ജൈവമാലിന്യങ്ങൾ മലിനീകരണം ഉണ്ടാകാത്ത വിധത്തിലും അത്തരം മാലിന്യങ്ങളുടെ ഉറവിട സ്ഥലത്തുതന്നെയോ ഉടമസ്ഥന്റെ സമീപപ്രദേശത്തുള്ള സ്ഥലത്തോ ഉപയോഗയുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതും ഈ ആവശ്യത്തിനായി സ്ഥലപരിമിതിയുള്ള പക്ഷം അത്തരം മാലിന്യസംസ്കരണം മുനിസിപ്പാലിറ്റി മുഖേനയോ സർക്കാർ അംഗീകാരമുള്ള മാലിന്യ സംസ്കരണ ഏജൻസികൾ മുഖേനയോ ഉറപ്പ് വരുത്തേണ്ടതുമാണ്. അജൈവമാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുകയും ഉത്പാദകരുമായോ വിതരണക്കാരുമായോ കരാറിലേർപ്പെടേണ്ടതും മലിനീകരണം ഉണ്ടാകാത്ത വിധത്തിൽ തരംതിരിച്ച് പുനഃചംക്രമണത്തിനായി കൈമാറേണ്ടതുമാണ്. ഇതിനുള്ള ഫെസിലിറ്റേഷൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന ഏർപ്പെടുത്തി വരുന്നുണ്ട്. വ്യവസായശാലകളിലെ ഉപയോഗശൂന്യമായ വസ്തുക്കൾ ശാസ്ത്രീയമായി മറവ് ചെയ്യുന്നതിന് നിലവിലൊരു സാനിട്ടറി ലാന്റ് ഫിൽ സൗകര്യം കൊച്ചിയിലുണ്ട്.

(ഡി) സ്വീകരിച്ചുവരുന്നു. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും പത്ത് ശതമാനം തുക മാലിന്യ സംസ്കരണത്തിനായി വകയിരുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇതിനായി ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ 'ഹരിതകേരളം' പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## സി.ഡബ്ല്യു.ആർ.ഡി.എം.-ലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

34 (1270) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള സി.ഡബ്ല്യു.ആർ.ഡി.എം.-ലെ ജീവനക്കാർക്ക് പത്താം ശമ്പളക്കമ്മീഷൻ ശിപാർശകൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലും പത്താം ശമ്പള കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

## എച്ച്.എ.ഡി.എ. പദ്ധതികൾ

35 (1271) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എ.ഡി.എ. (Hill Area Development Authority)യുടെ വിശദാംശങ്ങളും പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥയും എന്താണെന്നു വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എച്ച്.എ.ഡി.എ. യിൽ ഉൾപ്പെടുത്തി തിരുവമ്പാടി മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) എച്ച്.എ.ഡി.എ. പദ്ധതിയിൽ തിരുവമ്പാടി മണ്ഡലത്തിലെ കാരശ്ശേരി, കൊടിയത്തൂർ ഗ്രാമപഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 14-11-2011- ലെ സ.ഉ. (എംഎസ്.) 60/11/പ്ലാനിംഗ് എന്ന ഉത്തരവ് പ്രകാരം 1955-ലെ തിരുവിതാംകൂർ, കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ നിയമം അനുസരിച്ച് 2012 മെയ് മാസം 28-ാം തീയതി മുതൽ മലയോരവികസന ഏജൻസി രജിസ്റ്റർ ചെയ്യുകയുണ്ടായി.

മലയോര പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങൾ കണ്ടെത്തുകയും നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, വെസ്റ്റേൺ ഗാട്ട് സെൽ, സി.സി.പി.ആർ.എം., മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പരിഹാരങ്ങൾ കണ്ടെത്തുകയുമാണ് ലക്ഷ്യം. ഏജൻസിയുടെ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നത് എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയുമാണ്. തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഏജൻസിയുടെ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഭരണവിഭാഗം സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലങ്ങളിൽ പ്രവർത്തനങ്ങളുടെ ഏകോപനം പി.എ.യു. പ്രോജക്ട് ഡയറക്ടർമാർക്കാണ്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരാണ് ഫീൽഡുതല നിർവ്വഹണ ഉദ്യോഗസ്ഥർ. ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതികൾ, പഴം, പച്ചക്കറി വികസന പദ്ധതി, മലയോരറോഡുകളുടെ പുനരുദ്ധാരണം, സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി, പൊതുകുളങ്ങളുടെ നവീകരണം, കാർഷിക വികസനം, പരിസ്ഥിതി പരിപാലന പദ്ധതികൾ, നബാർഡ് അധിഷ്ഠിത ആർ.ഐ.ഡി.എഫ്. പദ്ധതികൾ എന്നീ വികസന പദ്ധതികൾ, സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം നടപ്പിലാക്കാനാണ് മലയോര വികസന ഏജൻസിക്ക് നിലവിൽ അധികാരമുള്ളത്. മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പണം സംസ്ഥാന ബഡ്ജറ്റിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. ചില പ്രത്യേക പ്രോജക്ടുകൾക്ക് കേന്ദ്രസഹായം ലഭിച്ചുവരുന്നു. പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റികൾ മുഖേനയും ഇ-ടെണ്ടർ മുഖേനയുമാണ് നടപ്പിലാക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ മലയോര വികസന ഏജൻസിക്ക് നൂറ്റിമുപ്പത് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എച്ച്.എ.ഡി.എ.-യിൽ ഉൾപ്പെടുത്തി തിരുവമ്പാടി മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം *ആയി കൊടുത്തിട്ടുണ്ട്.

(സി) നിലവിലുള്ള നിബന്ധനയനുസരിച്ച് ഭൂവിസ്തൃതിയുടെ കുറഞ്ഞത് ഇരുപത്തിയഞ്ച് ശതമാനമെങ്കിലും പ്രദേശം എണ്ണൂറ് മീറ്റർ കോണ്ടൂറിന് മുകളിൽ വരികയോ പാരിസ്ഥിതിക ദുരന്തങ്ങൾക്ക് വിധേയമാവുകയോ ചെയ്യുന്ന പഞ്ചായത്തുകളെയാണ് ഹാഡയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തീരദേശ പരിപാലന നിയന്ത്രണ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി

36 (1272) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളുടെ ഭവനനിർമ്മാണത്തിന് തടസ്സമാകുന്ന തീരദേശ പരിപാലന നിയന്ത്രണ വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്രസർക്കാരിന്റെ വിജ്ഞാപനപ്രകാരം നിലവിൽ വന്ന പുതിയ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചോ;

(സി) എറണാകുളം ജില്ലയിൽ ഭവനനിർമ്മാണത്തിന് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിക്കായി എത്ര അപേക്ഷകളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്;

(ഡി) പ്രസ്തുത അപേക്ഷകളിൽ എത്ര എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്; എത്ര അപേക്ഷകൾക്ക് അനുമതി നൽകേണ്ടതായിട്ടുണ്ട് ;

(ഇ) അപേക്ഷകൾക്ക് അനുമതി നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(എഫ്) അനുമതികൾ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; അപേക്ഷകർക്ക് അനുമതി നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകർക്ക് അനുമതി നിഷേധിക്കാനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിന്റെ ജനസാന്ദ്രതയും സ്ഥലത്തിന്റെ അപര്യാപ്തതയും മറ്റ് ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കണക്കിലെടുത്ത് തീരദേശ വിജ്ഞാപന നിയമത്തിൽ ഇളവുകൾ അനുവദിക്കാൻ കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ ഫലമായി കേന്ദ്ര സർക്കാർ നടപടിയെടുക്കുകയും ഡോ.ശൈലേഷ് നായക് സമിതിയെ കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. ഡോ. ശൈലേഷ് നായക് സമിതി 2014-ൽ കേരളത്തിൽ വരികയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ചർച്ച നടത്തുകയും ചെയ്തു. ഡോ. ശൈലേഷ് നായക് സമിതി അവരുടെ റിപ്പോർട്ട് പൂർത്തിയാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചതായിട്ടാണ് അറിയാൻ കഴിഞ്ഞത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഡോ. ശൈലേഷ് നായക് സമിതിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പുതിയ ഇളവുകളൊന്നും തന്നെ ഇതുവരെയായി പ്രഖ്യാപിച്ചിട്ടില്ല.

(ബി) പുതിയ തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) 2016 ഏപ്രിൽ മുതൽ സെപ്തംബർ 29 വരെ എറണാകുളം ജില്ലയിൽ നിന്നും 572-ഓളം അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്.

(ഡി) അപേക്ഷകൾ പരിശോധിച്ചുവരുന്നു,

(ഇ) 2016 മാർച്ച് 30-ന് ശേഷം അതോറിറ്റി നിലവിലില്ലാതിരുന്ന തിനാലാണ് കാലതാമസം നേരിട്ടത്. പുതിയ അതോറിറ്റി ജൂൺ മാസത്തിൽ നിലവിൽ വരികയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) നിലവിലുള്ള അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് അതോറിറ്റി ഊർജ്ജിത ശ്രമം നടത്തുന്നുണ്ട്. 2011-ലെ സി.ആർ.ഇസഡ് വിജ്ഞാപനം അനുസരിച്ച് മാത്രമെ അനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വിജ്ഞാപന പ്രകാരം അനുവദനീയമല്ലാത്ത അപേക്ഷകളാണ് നിരസിക്കുന്നത്.

## പരിസ്ഥിതി സംരക്ഷണം

37 (1273) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി ആഘാതങ്ങൾമൂലം കാലാവസ്ഥയ്ക്ക് പോലും വ്യതിയാനങ്ങൾ ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹ്യപർവ്വതം ഉൾപ്പെടെയുള്ള മലനിരകളെ സംരക്ഷിക്കുന്നതിനും പരിസ്ഥിതി ആഘാതങ്ങൾ കുറയ്ക്കുന്നതിനും കർശന നടപടികൾ സ്വീകരിക്കുമോ;

(സി) പരിസ്ഥിതി സംരക്ഷിക്കുന്നതിന് പൊതുജനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പരിസ്ഥിതി സംരക്ഷണത്തിനായി അടുത്ത അഞ്ച് വർഷങ്ങൾ കൊണ്ട് പൂർത്തിയാകുന്ന ഹരിതകേരളം പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജനം, കാർഷിക വികസനം, ജല സുരക്ഷ എന്നീ മൂന്ന് മേഖലകളാണ് പദ്ധതി ലക്ഷ്യമിടുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും

മേൽനോട്ടത്തിനുമായി പ്രത്യേക ദൗത്യസേന രൂപീകരിക്കാൻ പദ്ധതി വിഭാവന ചെയ്യുന്നു. വിദ്യാർത്ഥികൾ, യുവജനസംഘടനകൾ, വാളണ്ടിയർ ഓർഗനൈസേഷനുകൾ മറ്റ് ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണത്തോടെയായിരിക്കും പദ്ധതി നടപ്പാക്കുന്നത്. ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, പച്ചക്കറിയിലും മറ്റ് വിളകളിലും സ്വയംപര്യാപ്തത, കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ മാലിന്യസംസ്കരണം എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

## കുട്ടനാട്ടിലെ ഹൗസ് ബോട്ടുകളിലെ മാലിന്യം

38 (1274) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം പരിസ്ഥിതിക്ക് ദോഷകരമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൗസ് ബോട്ടുകളിലെ മാലിന്യം സംസ്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം വ്യക്തമാക്കാമോ;

(സി) ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരണ പ്ലാന്റിൽ എത്തിക്കാതെ കായലുകളിൽ ഒഴുക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി ) ഉണ്ട്. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും മലിനീകരണം ഉണ്ടാക്കുന്നതിനാൽ അത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ സ്വീവേജ് സംഭരണസംവിധാനം ഏർപ്പെടുത്തുക, ഇപ്രകാരം ശേഖരിക്കുന്ന സ്വീവേജ് കരയിലെത്തിച്ച് ശാസ്ത്രീയമായ ശുദ്ധീകരണ സംവിധാനം വഴി സംസ്കരിക്കുക, ഗാർബേജ് മാലിന്യം ഹൗസ് ബോട്ടിൽ തന്നെ ശേഖരിച്ച് കരയിൽ നിർമ്മാർജ്ജനം ചെയ്യുക എന്നീ കാര്യങ്ങൾ ഇതിനായി ചെയ്യുന്നു. എഞ്ചിനിൽ നിന്നുള്ള മലിനീകരണം തടയുന്നതിനായി നാല് സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻബോർഡ് എഞ്ചിനോ ഉപയോഗിക്കാൻ നിഷ്കർഷിച്ചിട്ടുണ്ട്. വിനോദ സഞ്ചാര വകുപ്പിന്റെ അധീനതയിൽ കുമരകത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് സംസ്കരിക്കുന്നതിനായി ഒരു പൊതു മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ആൾ കേരള ഹൗസ് ബോട്ട് ഓണേഴ്സ്

അസോസിയേഷൻ 180 KLD ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആലപ്പുഴയിലെ കുന്നമ്മ വില്ലേജിൽ സ്ഥാപിച്ചിട്ടുണ്ട്. മൊബൈൽ സ്വീവേജ് കളക്ഷൻ സംവിധാനം ഏർപ്പെടുത്തി കാര്യക്ഷമമായി സ്വീവേജ് മാലിന്യം ശേഖരിച്ച് ട്രീറ്റ്മെന്റ് പ്ലാന്റിൽ സംസ്കരിക്കുന്നതിനാവശ്യമായ നടപടി പരിഗണനയിലാണ്. ഹൗസ് ബോട്ടുകളിൽ നിന്നും ഉണ്ടാകുന്ന ഓയിൽ മാലിന്യം പ്രത്യേകം വീപ്പയിൽ സൂക്ഷിച്ച് അംഗീകൃത റീസൈക്ലറിന് കൈമാറുന്നതിനും മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകുന്നുണ്ട്.

(സി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഈ കാര്യത്തിൽ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. നിലവിലെ സംവിധാനം ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

**കെ.എസ്.ഇ.ബി. മസ്ദൂർ പരീക്ഷ**

39 (1275) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

(സി) പുതിയ ഒഴിവുകൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലിസ്റ്റിന്റെ കാലാവധി 31-12-2016 വരെയാണ്.

(ബി) 29 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. 5 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് ലിസ്റ്റ് ലഭിച്ചാൽ നിയമനം നല്കുന്നതാണ്.

**സർവ്വകലാശാലകളിലെ അസിസ്റ്റന്റ് നിയമനം**

40 (1276) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി.-യുടെ പൊതു ലിസ്റ്റിൽ നിന്നും നിയമനം നടത്തുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി ഉദ്യോഗാർത്ഥികൾക്ക് സൗകര്യപ്രദമായ സർവ്വകലാശാലകളിൽ പരസ്പര സമ്മതത്തോടെ മാറ്റം ലഭിക്കുന്നതിന് പൊതുലിസ്റ്റിൽ നിന്നും നിയമനം നടത്തുന്ന സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നിവിടങ്ങളിൽ നിലവിലുള്ള ഐ.ഡി.എം.റ്റി. സംവിധാനം സർവ്വകലാശാലകൾക്കും ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിൽ ഉദ്യോഗാർത്ഥികൾക്ക് സൗകര്യപ്രദമായ സർവ്വകലാ ശാലകളിൽ നിയമനം ലഭിക്കുന്നതിനുള്ള ഏതെങ്കിലും നിർദ്ദേശം പരിഗണന യിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവിധ സർവ്വകലാശാലകളിലെ അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്ക് പരസ്പര സമ്മതത്തോടെ മാറ്റം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്.

(സി) പരിഗണനയിലില്ല.

**ഐ.ടി. നയം**

41 (1277) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഐ. ടി. മേഖലയിൽ ഈ വർഷം എത്ര തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(ബി) തിരുവനന്തപുരം ടെക്നോപാർക്ക് ഇനിയും വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) ഐ. ടി. മേഖലയിൽ പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ സമഗ്ര ഐ.ടി. നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഐ.ടി. മേഖലയിൽ സൈബർ പാർക്ക്, ടെക്നോപാർക്ക് എന്നിവിടങ്ങളിലായി ഈ വർഷം ഉദ്ദേശം പുതിയ 9000 തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കാനാകും. കൂടാതെ പുതിയ ഐ.ടി. നയം രൂപീകരിക്കുന്ന മുറയ്ക്ക് ഐ.ടി. പാർക്കുകളിൽ കൂടുതൽ സ്ഥല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പ്രസ്തുത ഐ.ടി. നയം പ്രാവർത്തികമാക്കുന്നതിനും ആനുപാതികമായി മേൽപ്പറഞ്ഞതിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നതാണ്.

(ബി) തിരുവനന്തപുരം ടെക്നോപാർക്കിന്റെ പദ്ധതികൾ ഘട്ടം ഘട്ടമായാണ് നടപ്പിലാക്കിവരുന്നത്. ടെക്നോപാർക്കിന്റെ ഒന്നാംഘട്ടം പൂർണ്ണമായും പ്രവർത്തന ക്ഷമമാണ്. 86 ഏക്കർ 'പ്രത്യേക സാമ്പത്തികമേഖല' (SEZ) പദവിയിലുള്ള രണ്ടാം ഘട്ടത്തിൽ, ഇൻഫോസിസ് ലിമിറ്റഡ്, യു.എസ്.റ്റി. ഗ്ലോബൽ എന്നീ കമ്പനികൾ അവരുടെ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടത്തിൽ ഭൂമി നൽകിയ ഏഴ് ഐ.ടി. കമ്പനികൾ അവരുടെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കും. കൂടാതെ ഇവിടെ ഐ.ടി. കൊമേർഷ്യൽ വ്യവസായ സംരംഭങ്ങൾ ഉൾപ്പെട്ട " ടോറസ് ഡൗൺ ടൗൺ" പദ്ധതിക്കായി 19.73 ഏക്കർ ഭൂമി ടോറസ് ഗ്രൂപ്പിന് നൽകാനായി മുൻ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചതനുസരിച്ച് ടെക്നോപാർക്കും ടോറസ് ഗ്രൂപ്പുമായി 30-9-2015-ൽ ഒരു ഫ്രെയിം വർക്ക് എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാനുള്ള തുടർ നടപടികൾ ചെയ്തുവരുന്നു. ടെക്നോപാർക്കിന്റെ മറ്റൊരു വലിയ പദ്ധതിയായി ഏകദേശം 424 ഏക്കറിലുള്ള ടെക്നോസിറ്റി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം അഞ്ച് കമ്പനികൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇതിൽ 97 ഏക്കറിൽ ഏകദേശം 3600 കോടി രൂപ മുതൽമുടക്കിൽ ടി.സി.എസ്. നിർമ്മിക്കുന്ന ഗ്ലോബൽ ട്രെയിനിംഗ് സെന്ററിന്റെ പ്രാരംഭഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതുപോലെ സൺടെക് ബിസിനസ് സൊല്യൂഷൻസ്, ഐ.ഐ.ഐ.ടി.എം.കെ. (IIITMK) എന്നീ സ്ഥാപനങ്ങളും അവരുടെ പ്രാരംഭഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൊല്ലം ടെക്നോപാർക്കിലെ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ നിർമ്മാണം പൂർത്തിയാക്കിയതും 'പ്രത്യേക സാമ്പത്തികമേഖല' (SEZ) പദവി നൽകിയിട്ടുള്ളതുമായ " അഷ്ടമുടി" ഐ.ടി. കെട്ടിടത്തിൽ ബാക്കിയുള്ള ഏകദേശം 35,600 ചതുരശ്ര അടി സ്ഥലം കൂടുതൽ ഐ.ടി. കമ്പനികൾക്ക് നൽകുന്നതിനുള്ള നടപടികൾ ടെക്നോപാർക്ക് സ്വീകരിച്ചുവരുന്നു.

(സി) ഐ.ടി. മേഖലയിൽ നടപ്പാക്കി വരുന്ന, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇവയെല്ലാമാണ്.

(i) നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ

(ii) ഭാരത് നെറ്റ്

(iii) സംസ്ഥാനത്തെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ (SPC) മുഖേനയുള്ള ഡിജിറ്റൽ എംപവർമെന്റ് പദ്ധതി.

(iv) 'മൊബൈൽ ഗവേണൻസ്' പദ്ധതി വഴി പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കൽ.

(v) സെക്യൂരിറ്റി ഓപ്പറേഷൻ സെന്റർ

കൂടാതെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ധനസഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- കൊച്ചി ഇന്നവേഷൻ സോണിൽ 3.4 ലക്ഷം ച.അടി കെട്ടിടങ്ങൾ.
- ടെക്നോസിറ്റിയിൽ 2 ലക്ഷം ച.അടി വരുന്ന ആദ്യത്തെ കെട്ടിടം.
- കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളെ ഐ.ടി. പാർക്കുകളുമായി ടെലിപ്രസൻസ് നെറ്റ്‌വർക്ക് വഴി പരസ്പരം ബന്ധിപ്പിക്കൽ.

യുവജനസംരംഭകത്വ വികസന പരിപാടിയിൻ കീഴിൽ ഉൾപ്പെടുത്തി ഐ.ടി.-മേഖലയിൽ പ്രാഥമിക തലം മുതൽ സമഗ്രവികസനം കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ പുതിയ ഐ.ടി.നയം വരുന്ന മുറയ്ക്ക്, ആയതിനനുസരിച്ച് പുതിയ പദ്ധതികൾ തുടങ്ങാൻ കഴിയുന്നതാണ്.

### ആധാർ കാർഡ്

42 (1278) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് 30-9-2016 ന് മുമ്പായി ആധാർ കാർഡ് നൽകണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശമുണ്ടോ;

(ബി) എങ്കിൽ നാളിതുവരെ എത്ര ശതമാനം കുട്ടികൾക്ക് ആധാർ കാർഡ് നൽകുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്;

(സി) കാർഡ് വിതരണത്തിനായി ആധാർ എൻറോൾമെന്റ് ക്യാംപ് നടത്താൻ കേന്ദ്ര നിർദ്ദേശമുണ്ടായിരുന്നോ;

(ഡി) കാർഡ് ലഭിക്കാതെ പോയാൽ സംയോജിത ശിശു വികസന പദ്ധതിയിലെ ആനുകൂല്യങ്ങൾ കുട്ടികൾക്ക് നഷ്ടമാവുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഇതിനു പരിഹാരമായി എന്തൊക്കെ നടപടികൾ കൈക്കൊള്ളു മെന്നും ആധാർ കാർഡ് വിതരണം എന്നത്തേക്ക് പൂർത്തിയാകുമെന്നും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നാളിതുവരെ സംസ്ഥാനത്ത് എഴുപത്തിമൂന്ന് ശതമാനം കുട്ടികൾക്ക് ആധാർ എൻറോൾമെന്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) സംസ്ഥാനത്തെ അഞ്ച് വയസ്സിൽ താഴെയുള്ള, സംയോജിത ശിശു വികസന പദ്ധതി ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ കുട്ടികൾക്കും ആധാർ ലഭ്യത ഉറപ്പാക്കുന്നതിനായി അംഗനവാടി തലത്തിൽ എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി&ഇ) കേന്ദ്രസർക്കാരിന്റെ 8-8-2016-ലെ കത്തിലെ നിർദ്ദേശപ്രകാരം സംയോജിത ശിശുവികസന പദ്ധതി പ്രകാരമുള്ള സേവനങ്ങൾ പ്രയോജന പ്പെടുത്തുന്ന എല്ലാ ഗുണഭോക്താക്കൾക്കും ആധാർ ലഭ്യമാക്കേണ്ടതുണ്ട്. എന്നാൽ ആധാർ കാർഡ് ലഭിക്കാതെ പോയാൽ സംയോജിത ശിശുവികസന പദ്ധതിയുടെ ആനുകൂല്യങ്ങൾ നഷ്ടമാകുമോയെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്തെ അഞ്ച് വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികളുടെയും ആധാർ എൻറോൾമെന്റിനായി താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(i) സംസ്ഥാനവ്യാപകമായി എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിച്ചു.

(ii) എൻറോൾമെന്റ് ശതമാനം കുറവുള്ള ജില്ലകളിൽ സഞ്ചരിക്കുന്ന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ആധാർ എൻറോൾമെന്റ് സംബന്ധിച്ച പരസ്യങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് പരമാവധി കുട്ടികളെ എൻറോൾമെന്റ് ക്യാമ്പുകളിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

(iii) ഉൾനാടൻ പ്രദേശങ്ങളിൽ ജില്ലാ കളക്ടർമാരുമായി പ്രത്യേക യോഗങ്ങൾ നടത്തി, ആയതുപ്രകാരമുള്ള ആക്ഷൻപ്ലാൻ അനുസരിച്ച് എൻറോൾമെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.

(iv) മെഷീനുകളുടെ അപര്യാപ്തതമൂലം എൻറോൾമെന്റ് പ്രവർത്തനങ്ങൾ മന്ദഗതിയിൽ നടക്കുന്ന ജില്ലകളിൽ എൻറോൾമെന്റ് പൂർത്തീകരിച്ച സ്ഥലങ്ങളിൽ നിന്നും മെഷീനുകൾ എത്തിച്ച് ആധാർ എൻറോൾമെന്റ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു. പ്രോഗ്രാം ഓഫീസർ, അക്ഷയ കോ-ഓർഡിനേറ്റർ എന്നിവരുമായി ചേർന്ന് സാമൂഹ്യനീതി ഡയറക്ടറേറ്റ് തലത്തിൽ പ്രതിമാസ ആധാർ എൻറോൾമെന്റ് പുരോഗതി വിലയിരുത്തി വരുന്നു.

കൂടാതെ 30-9-2016-ന് മുമ്പായി ആധാർ എൻറോൾമെന്റ് പൂർത്തീകരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ജില്ലാതലത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ആധാർ എൻറോൾമെന്റ് ഒരു തുടർ പ്രക്രിയ ആയതിനാൽ നവജാത ശിശുക്കൾക്ക് ആശുപത്രികളിൽ വച്ച് തന്നെ ആധാർ എൻറോൾമെന്റ് നടത്തുന്നതിനുള്ള സൗകര്യമൊരുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ**

43 (1279) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഇൻഫോപാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്നും ഇതിന്റെ ഭാഗമായി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്നും അറിയിക്കാമോ;

(ബി) പുതിയ കെട്ടിട സമുച്ചയത്തിൽ പുതുതായി എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്;

(സി) കൂടുതൽ ഐ.ടി. കമ്പനികൾ കൊരട്ടി ഇൻഫോ പാർക്കിൽ പ്രവർത്തനം ആരംഭിക്കുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊരട്ടി ഇൻഫോ പാർക്കിലെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി 3.3 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ ഒരു ഐ. ടി മന്ദിരത്തിന്റെ പണി പൂർത്തിയാക്കി. 2016 ജനവരി 21-ാം തീയതി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇതിന്റെ ഗ്രൗണ്ട് ഫ്ലോറിലെ ഇന്റീരിയർ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. പുതിയ ഐ.ടി മന്ദിരത്തിലേക്ക് വേണ്ട വൈദ്യുതി, ജലവിതരണം, ആഭ്യന്തരറോഡുകൾ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ചാലക്കുടി പുഴയിൽ നിന്നും ഐ.ടി പാർക്കിലേക്കായി ജലം ലഭ്യമാക്കുന്നതിനാവശ്യമായ പൈപ്പ് ലൈൻ, ജലശുദ്ധീകരണശാല, ഓവർ ഹെഡ് ടാങ്ക് എന്നിവയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ബി) പുതിയ കെട്ടിടത്തിൽ ഇതിനോടകം തന്നെ മൂന്ന് ഐ.ടി കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് രണ്ട് കമ്പനികൾക്കുകൂടി സ്ഥലം അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) ഐ.ടി. സ്പേസിന്റെ വർദ്ധിച്ചുവരുന്ന ആവശ്യകത പരിഗണിച്ച് ഒന്നാമത്തെ നില കൂടി ഇന്റീരിയർ ഫിറ്റ് ഔട്ട് ചെയ്ത് പ്ലഗ് ആന്റ് പ്ലേ മാതൃകയിൽ ആറ് മാസത്തിനകം പ്രവർത്തനസജ്ജമാക്കുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഈ നില പ്രവർത്തന യോഗ്യമാകുന്നതോടെ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കുന്നതാണ്.

## കണ്ണൂർ സൈബർ പാർക്ക്

44 (1280) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സൈബർ പാർക്കിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെ ആയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാർക്കിലേക്ക് ഐ.ടി. സംരംഭകരെ എത്തിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഫൗണ്ടേഷൻ വർക്ക് പൂർത്തിയാക്കിയിട്ടുണ്ട്.

(ബി&സി) പുതിയ ഐ.ടി. നയം രൂപീകരിക്കുന്ന മുറയ്ക്കും ആയതിന് വിധേയമായും നടപടികൾ കൈക്കൊള്ളുന്നതാണ്.

## ഡിജിറ്റൽ സംസ്ഥാനം

45 (1281) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. ഡി.സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വിശദീകരിക്കാമോ ;

(ബി) ആരെയാണ് ഇതിന്റെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) ഡിജിറ്റൽ സംവിധാനങ്ങളിൽ സംസ്ഥാനം എന്തെല്ലാം മുന്നേറ്റങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഡിജിറ്റൽ സംവിധാനങ്ങളിൽ സംസ്ഥാനം കൈവരിച്ചിട്ടുള്ള മുന്നേറ്റങ്ങൾ അംഗീകരിച്ചുകൊണ്ട് ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചിട്ടുണ്ട്.

ഡിജിറ്റൽ സാക്ഷരതയ്ക്കായി തുടങ്ങിയ അക്ഷയ പദ്ധതി പിന്നീട് ഇ-സർവ്വീസ് നൽകുന്ന കോമൺ സർവ്വീസ് സെന്ററായി മാറ്റുകയുണ്ടായി. സ്കൂൾ കുട്ടികളിൽ കമ്പ്യൂട്ടർ പരിജ്ഞാനം വളർത്തുവാനും സ്കൂളുകൾ കമ്പ്യൂട്ടറൈസ് ചെയ്യുവാനും ഐ.ടി. @ സ്കൂൾ (it@school) പ്രോജക്ട് വഴി കഴിഞ്ഞിട്ടുണ്ട്. കേരളത്തിലുടനീളം ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുകയും സർക്കാരിന്റെ സ്റ്റേറ്റ് ഡാറ്റാ സെന്റർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് മുതലായ സംരംഭങ്ങളും വിവിധ വകുപ്പുകളുടെ അനേകം ഇ-ഗവേണൻസ് സംവിധാനങ്ങളും നടപ്പിലാക്കുക വഴിയുമാണ് മേൽപ്പറഞ്ഞ തലത്തിലുള്ള മുന്നേറ്റം സാധ്യമാക്കിയിട്ടുള്ളത്.

മൊബൈൽ ഫോണുകളുടെയും ടാബ്ലറ്റ് തുടങ്ങിയ ഉപകരണങ്ങളുടെയും സംസ്ഥാനത്തെ സാധാരണക്കാർക്കിടയിൽപ്പോലുമുള്ള വ്യാപകപ്രചാരം കണക്കിലെടുത്ത് സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ മൊബൈൽ ഉപകരണങ്ങൾ വഴി ലഭ്യമാക്കുന്നതിനുള്ള 'മൊബൈൽ ഗവേണൻസ് പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ, നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ, സംസ്ഥാനത്തെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ (SPC) മുഖേനയുള്ള ഡിജിറ്റൽ എംപവർമെന്റ് പദ്ധതി എന്നിവയ്ക്ക് രൂപം നൽകുകയും ഇവ സംസ്ഥാനത്താകമാനം നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിച്ച് വരികയും ചെയ്യുന്നു.

(ബി) സംസ്ഥാന സർക്കാർ കേരള സ്റ്റേറ്റ് ഐ.ടി.മിഷനെയാണ് നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ഡിജിറ്റൽ സംവിധാനങ്ങളിൽ സംസ്ഥാനം കൈവരിച്ച ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

(i) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളെ പരസ്പരം ബന്ധിപ്പിക്കുന്ന തരത്തിൽ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്.

(ii) സംസ്ഥാനത്തെ ഒട്ടുമിക്ക ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളും സ്റ്റേറ്റ് ഡാറ്റാ സെന്റർ (SDC)ൽ ഹോസ്റ്റ് ചെയ്തിട്ടുണ്ട്.

(iii) ഡിജിറ്റൽ സാക്ഷരതയും സാധാരണക്കാർക്ക് ഇലക്ട്രോണിക് സേവനങ്ങളും അക്ഷയ വഴി നടപ്പിലാക്കിയിട്ടുണ്ട്.

(iv) ഐ.ടി @ സ്കൂൾ മുഖേന ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുണ്ട്.

(v) കേരളത്തിൽ മൊബൈൽ ഉപഭോക്താക്കളുടെ വർദ്ധനവ് കൂടുതൽ ആയതിനാൽ, ജനങ്ങളിൽ ഇ-ഗവേണൻസ് സേവനങ്ങൾ മൊബൈലിലൂടെ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(vi) ഏറ്റവും കൂടുതൽ ഇന്റർനെറ്റ് ഉപഭോക്താക്കളുള്ള സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ വളർത്തിയെടുത്തതിൽ വിവരസാങ്കേതികവിദ്യാ വകുപ്പിന് പ്രഥമ പങ്കാണുള്ളത്.

## മണലൂർ മണ്ഡലത്തിൽ നിന്നും ചികിത്സാ ധനസഹായത്തിനായി ലഭിച്ച അപേക്ഷകളുടെ വിവരം

46 (1282) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിനായി മണലൂർ മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്ര പേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും, ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

## പുറ്റിങ്ങൽ ദുരന്തത്തിനിരയായവരെ ചികിത്സിച്ച ഇനത്തിൽ ആശുപത്രികൾക്ക് നൽകാനുള്ള തുക

47 (1283) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തത്തിനിരയായവരെ ചികിത്സിച്ച ഇനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള തുക പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ടോ; എത്ര തുക നൽകിയെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഈ ഇനത്തിൽ കൊല്ലം മെഡിസിറ്റി ആശുപത്രിക്ക് എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള തുക സമയബന്ധിതമായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) പുറ്റിങ്ങൽ വെട്ടിക്കെട്ട് ദുരന്തത്തിനിരയായവരെ ചികിത്സിച്ച ഇനത്തിൽ ബി.ആർ. ഹോസ്പിറ്റൽ നെടുങ്ങോലം, ശ്രീനാരായണ മെഡിക്കൽ മിഷൻ, കൊല്ലം, എസ്.പി. ഫോർട്ട് ഹോസ്പിറ്റൽ, തിരുവനന്തപുരം, മെഡിട്രിന ഹോസ്പിറ്റൽ കൊല്ലം ക്രിസ്ത്യൻ മിഷൻ ഹോസ്പിറ്റൽ പത്തനംതിട്ട എന്നീ സ്വകാര്യ ആശുപത്രികളുടെ ബില്ലുകൾ ജില്ലാകളക്ടർമാർ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം മെഡിട്രിന ഹോസ്പിറ്റലിന്റെ പേരിൽ 15,33,570 (പതിനഞ്ച് ലക്ഷത്തി മുപ്പത്തി മൂവായിരത്തി അഞ്ഞൂറ്റി എഴുപത് രൂപ മാത്രം) രൂപയുടെ ബില്ലാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. മെഡിട്രിന ഹോസ്പിറ്റലിന്റേതുൾപ്പെടെയുള്ള സ്വകാര്യ ആശുപത്രികളുടെ ബില്ലുകൾ പരിശോധിച്ച് വരുന്നു.

**കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ചികിത്സാ ധനസഹായ അപേക്ഷകൾ**

48 (1284) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടുത്തുരുത്തി എം.എൽ.എ.-യുടെ ശിപാർശ പ്രകാരം എത്ര അപേക്ഷകൾ ചികിത്സാ ധനസഹായത്തിനായി ലഭിച്ചിട്ടുണ്ട്; അവരുടെ പേരുവിവരം വ്യക്തമാക്കാമോ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ എന്താണെന്ന് അറിയിക്കാമോ;

(ബി) എം.എൽ.എ.-മാർ, എം.പി.-മാർ തുടങ്ങിയ ജനപ്രതിനിധികളെ ഒഴിവാക്കി ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇതിന് പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ദുരിതാശ്വാസ നിധിയുടെ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിന് പുതിയ സോഫ്റ്റ് വെയർ ഡെവലപ് ചെയ്തിട്ടുണ്ടോ; ഏത് ഏജൻസിക്കാണ് ഇതിന്റെ ചുമതല; ഇതിന് എത്ര രൂപ ചെലവായി എന്നറിയിക്കാമോ; ഈ ഏജൻസി നൽകിയിരിക്കുന്ന സോഫ്റ്റ്വെയർ മുഖേന വിവരങ്ങൾ നൽകുന്നതിനായി എം.എൽ.എ.-മാർക്ക് ഐ.ഡി.-യും പാസ്സ് വേഡും നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ജില്ലാ കളക്ടറുടെ റിപ്പോർട്ടോടുകൂടി സമർപ്പിക്കുന്ന അപേക്ഷ വീണ്ടും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന് അയയ്ക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; കടുത്തുരുത്തി മണ്ഡലത്തിൽ നിന്നും വന്ന എത്ര അപേക്ഷകൾ വില്ലേജ്

ഓഫീസറുടെ റിപ്പോർട്ടിന് അയച്ചു; അവ ഏതെല്ലാം; ഏതെല്ലാം വില്ലേജ് ഓഫീസർമാർ റിപ്പോർട്ട് നൽകി; ഇനി റിപ്പോർട്ട് കിട്ടാനുള്ള അപേക്ഷകൾ ഏതെല്ലാം; ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് റിപ്പോർട്ട് നൽകാൻ വൈകുന്നത് എന്നു കൂടി അറിയിക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചു; ആർക്കൊക്കെ എത്ര തുക വീതം അനുവദിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ബി) പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ദുരിതാശ്വാസ നിധിയുടെ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിന് സി-ഡിറ്റിന്റെ സഹായത്തോടെ പുതിയ സോഫ്റ്റ്‌വെയർ ഡവലപ്പ് ചെയ്തിട്ടുണ്ട്. മറ്റ് വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

49 (1285) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ അവസാന മാസങ്ങളിൽ അനുവദിച്ച മുഖ്യമന്തിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധന സഹായങ്ങൾ ഇനിയും അപേക്ഷകർക്ക് ലഭ്യമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, അത് എന്തുകൊണ്ടാണെന്നും തുക എന്ന് വിതരണം ചെയ്യാൻ കഴിയുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അഭ്യർത്ഥിച്ച. ലഭിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹതയുള്ളവർക്കെല്ലാം ധനസഹായം അനുവദിച്ചുവരുന്നു.

**എൻഡോസൾഫാൻ ദുരിത പരിഹാര സെൽ**

50 (1286) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-2-2016-ൽ അന്നത്തെ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും സാന്നിദ്ധ്യത്തിൽ എൻഡോസൾഫാൻ സമര സമിതിയുമായി നടന്ന അനുരഞ്ജന ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഇതിൽ നടപ്പിലാക്കിയതും അല്ലാത്തതുമായ തീരുമാനങ്ങൾ ഏതെല്ലാമാണ്; ഏതെങ്കിലും തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) എൻഡോസൾഫാൻ ദുരിത പരിഹാര സെല്ലിന്റെ യോഗം അവസാനമായി ചേർന്നത് എപ്പോഴാണ്; പുതിയ സർക്കാർ നിലവിൽ വന്ന സാഹചര്യത്തിൽ സെൽ പുനഃസംഘടിപ്പിക്കാനുള്ള നീക്കമുണ്ടോ; എങ്കിൽ ഇതിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) 3-2-2016-ൽ അന്നത്തെ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും സാന്നിദ്ധ്യത്തിൽ നടന്ന അനുരഞ്ജന ചർച്ചയിലെ തീരുമാനങ്ങളും സ്വീകരിച്ച നടപടികളും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായുള്ള ജില്ലാതല സെല്ലിന്റെ യോഗം 30-1-2016-നാണ് അവസാനമായി ചേർന്നത്. സെൽ പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

**മുഖ്യമന്ത്രിയുടെ ചികിത്സാധനസഹായ പദ്ധതി**

51 (1287) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ 'ചികിത്സാ ധനസഹായ പദ്ധതി' പ്രകാരം ഏതു തരം രോഗങ്ങൾക്കുള്ള ചികിത്സയ്ക്കായാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ഏതൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയ്ക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കാൻസർ, വൃക്കരോഗം, ഹൃദയരോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, ബ്രെയിൻ ട്യൂമർ, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾക്ക് തുക അനുവദിക്കുന്നു.

(ബി) നിശ്ചിത മാതൃകയിലുള്ള അപേക്ഷ വെള്ളക്കടലാസ്സിൽ തയ്യാറാക്കി ആറുമാസത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് (അപകടമരണം നടന്ന കേസ്സുകളിൽ മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ, വാർഷിക വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ പകർപ്പുകൾ) ഉള്ളടക്കം ചെയ്ത് സ്ഥലം വില്ലേജ് ഓഫീസ്/ താലൂക്ക് ഓഫീസ്/കളക്ടറേറ്റ് എന്നിവിടങ്ങളിൽ സർപ്പിക്കാവുന്നതാണ്. അപേക്ഷ വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്നതാണ് ഉചിതം.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിച്ചത് സംബന്ധിച്ചുള്ള കണക്കുകൾ നിയോജകമണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല.

**മുഖ്യമന്ത്രിയുടെ ചികിത്സാസഹായം**

52 (1288) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സ സഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷ കളിന്മേൽ സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര വില്ലേജിലെ അബ്ദുറഹ്മാൻ പിലാത്തറ, വളാഞ്ചേരി വില്ലേജിലെ നിഹാൽ റോഷ്ൻ, കോട്ടക്കൽ വില്ലേജിലെ മുഹമ്മദ് സാഹിദ്, മുസ്തഫ മണായപ്പുറം, മേൽമുറി വില്ലേജിലെ ചെമ്പൻ വേലായുധൻ, അബ്ദുസലാം മുനമ്പത്ത്, സുഹറ എന്നിവരുടെ ചികിത്സാ സഹായത്തിനായി സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ചികിത്സാസഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷ കളിന്മേൽ സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

53 (1289) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മുൻസർക്കാരിന്റെ കാലത്ത് നൽകാതെ മുടങ്ങിക്കിടക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ

ഉത്തരം

മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച അർഹരായ എല്ലാവർക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക വിതരണം ചെയ്തുവരുന്നു.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി**

54 (1290) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിലെ എത്ര പേർക്ക് സി.എം.ഡി.ആർ.എഫ്.-ൽ നിന്നും സഹായം അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം**

55 (1291) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്;

(ബി) മുൻസർക്കാരിന്റെ കാലത്ത് തുക അനുവദിച്ച കേസുകളിൽ ധനസഹായം ലഭ്യമാക്കിയോ;

(സി) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ബാക്കിയുണ്ട്;

(ഡി) മുൻഗണനക്രമത്തിൽ ഇവ കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം 20-9-2016 വരെ ആകെ 68,24,65,510 രൂപ (അറുപത്തിയെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി അറുപത്തയ്യായിരത്തി അഞ്ഞൂറ്റിപ്പത്ത് രൂപ മാത്രം) വിവിധ ധനസഹായ വിതരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ബി-ഡി) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അഭ്യർത്ഥിച്ച് ലഭിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് അർഹതയുള്ളവർക്കെല്ലാം ധനസഹായം അനുവദിച്ചുവരുന്നു.

**പ്രകൃതിക്ഷോഭത്തിൽ ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് ധനസഹായം**

56 (1292) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് നൽകി വരുന്ന പരമാവധി ധനസഹായം എത്രയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇപ്രകാരം ധനസഹായം ലഭിക്കുന്നതിനായി ഇടുക്കി ജില്ലയിൽ നിന്ന് എത്ര അപേക്ഷകൾ ലഭിക്കുക യുണ്ടായി;

(സി) അപേക്ഷകരിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും എത്ര പേർക്ക് വിതരണം ചെയ്തുവെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രകൃതിക്ഷോഭത്തിൽ ജീവഹാനി സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നൽകിവരുന്ന പരമാവധി ധനസഹായം നാല് ലക്ഷം രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ ഏഴ് പേർ മരണപ്പെട്ടിട്ടുള്ളതും ടിയാളുകളുടെ ആശ്രിതരിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുള്ളതുമാണ്.

(സി) ഇടുക്കി ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ടിട്ടുള്ള ഏഴ് പേരുടെ ആശ്രിതർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ശീർഷകത്തിൽ ഫണ്ട് ലഭ്യമായിട്ടില്ലാത്തതിനാൽ വിതരണം ചെയ്തിട്ടില്ല. ഇത് ഉടൻ വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സിവിൽ ഏവിയേഷൻ**

57 (1293) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര സംസ്ഥാനങ്ങളിൽ സിവിൽ ഏവിയേഷൻ വകുപ്പുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ ഉള്ളതിനാൽ ഇവിടെ സിവിൽ ഏവിയേഷൻ വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറക്കാൻ സാധിക്കാത്ത സാഹചര്യത്തെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച ക്രോഡീകരിച്ച വിവരം സർക്കാരിൽ ലഭ്യമല്ല.

(ബി) സിവിൽ ഏവിയേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഗതാഗത വകുപ്പിൽ കൈകാര്യം ചെയ്തുവരുന്നുണ്ട്. സിവിൽ ഏവിയേഷന് മാത്രമായി ഒരു വകുപ്പ് രൂപീകരിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(സി) ഉണ്ട്. 2013 -ൽ വ്യോമയാന രംഗത്ത് പഠനം നടത്തുന്ന അന്താരാഷ്ട്ര ഏജൻസിയായ MITRE (Centre for Advanced Aviation System Development, USA) കോഴിക്കോട് എയർപോർട്ടിന്റെ പ്രവർത്തന സുരക്ഷയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. 2014-ൽ CRRI (Centre for Road Research Institute, New Delhi) കോഴിക്കോട് എയർപോർട്ടിന്റെ റൺവേയെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്.

**സിവിൽ ഏവിയേഷൻ വകുപ്പുകൾ**

58 (1294) <u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സംസ്ഥാനങ്ങളിൽ സിവിൽ ഏവിയേഷൻ വകുപ്പുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ നിലവിൽ നാല് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ ഉള്ള സാഹചര്യത്തിൽ പ്രസ്തുത വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച ക്രോഡീകരിച്ച വിവരം സർക്കാരിൽ ലഭ്യമല്ല.

(ബി&സി) സിവിൽ ഏവിയേഷന് കേരളത്തിൽ പ്രത്യേകമായി വകുപ്പില്ല. എന്നിരുന്നാലും ഗതാഗത വകുപ്പിൽ വ്യോമയാനവുമായി ബന്ധപ്പെട്ട പ്രോജക്ടുകളും പേപ്പറുകളും കൈകാര്യം ചെയ്തുവരുന്നു. സിവിൽ ഏവിയേഷന് മാത്രമായി ഒരു വകുപ്പ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ആറന്മുള വിമാനത്താവളം**

59 (1296) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളം ഉൾപ്പെട്ട നെൽവയൽ പ്രദേശങ്ങൾ വ്യവസായ മേഖലയായി പ്രഖ്യാപിച്ച് മുൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പുതിയ സർക്കാർ അധികാരത്തിൽ വന്ന ശേഷം റദ്ദ് ചെയ്ത് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വിമാനത്താവള കമ്പനിക്ക് അനുകൂലമായി വ്യവസായ മേഖലയായി പ്രഖ്യാപിച്ച് മുൻസർക്കാർ ഇറക്കിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) ഈ പ്രദേശത്തെ ജനങ്ങൾ ഒന്നടക്കം പ്രസ്തുത വിമാനത്താവളത്തിന് എതിരാണെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് നിലവിൽ നാല് വലിയ വിമാനത്താവളങ്ങൾ ഉണ്ടെന്നിരിക്കെ നെൽവയലുകൾ നികത്തി ഉണ്ടാക്കുവാൻ പദ്ധതിയിട്ട വിമാനത്താവളത്തിന് പ്രസക്തി ഇല്ലെന്നുള്ള കാര്യം മനസ്സിലാക്കി അനുകൂല നടപടി സ്വീകരിക്കുമോ;

(എഫ്) ഈ വിമാനത്താവളം സംബന്ധിച്ച് പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ ആശങ്ക മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-എഫ്) ആറന്മുള വിമാനത്താവള നിർമ്മാണം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 8-9-2010-ലെ ജി.ഒ.(ആർ.റ്റി) നമ്പർ. 1262/2010/വ്യവ ഉത്തരവും 24-2-2011-ലെ ജി.ഒ.(പി) നമ്പർ 54/11/വ്യവ SRO No.185/11) നമ്പർ വിജ്ഞാപനവും 16-1-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ.4/13/ഗത നമ്പർ ഉത്തരവും റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിമാനത്താവളത്തിന് എതിർപ്പുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യവസായ മേഖലയായി പ്രഖ്യാപിച്ച് പുറപ്പെടുവിച്ചിട്ടുള്ള 24-2-2011-ലെ ജി.ഒ.(പി) നമ്പർ 54/11/വ്യവ (SRO No.185/11) നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**നദീജല സംയോജന പദ്ധതി**

60 (T1297) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന നദീജല സംയോജന പദ്ധതിയിൽ സംസ്ഥാന സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഉണ്ട്. കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന നദീജല സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കേരളത്തെ ബാധിക്കുന്ന പമ്പ-അച്ചൻകോവിൽ -വൈപ്പാർ നദീ സംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന് തികച്ചും പ്രതികൂലമായ നിലപാടാണുള്ളത്. യാതൊരു കാരണവശാലും പമ്പ-അച്ചൻ കോവിൽ-വൈപ്പാർ നദീ സംയോജന പദ്ധതി അനുവദിക്കുകയില്ല എന്നതു തന്നെയാണ് കേരളം തുടക്കം മുതൽക്കേ സ്വീകരിച്ചിരിക്കുന്ന നിലപാട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

കേന്ദ്ര സർക്കാരിന്റെ നദീ സംയോജന പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെയാണ് പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ നദീസംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയത്. എന്നിരുന്നാലും കേന്ദ്ര ജലവിഭവ വകുപ്പിനു കീഴിലുള്ള ജലവികസന ഏജൻസി (NWDA) വിളിച്ചു ചേർത്തിട്ടുള്ള വിവിധ യോഗങ്ങളിൽ കേരളം പങ്കെടുക്കുകയും നദീസംയോജന പദ്ധതിക്കെതിരായ കേരളത്തിന്റെ അഭിപ്രായം ശക്തമായി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. NWDA-യുടെ പമ്പ-അച്ചൻകോവിൽ നദികളുടെ Water Balance Study Report-ന്മേൽ കേരളം സമർപ്പിച്ച എതിർപ്പുകൾ പരിഗണിക്കാതെയാണ് NWDA 1995-ൽ പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയുടെ Feasibility report തയ്യാറാക്കിയത്.

ദേശീയ ജല വികസന സമിതിയുടെ Special Committee for interlinking of rivers രൂപീകരിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ (under the future works of NWDA 2015-19 - interstate link-Karnataka State) " ബാരാപ്പോൾ-അപ്പർ കാവേരി " എന്ന NWDA-യുടെ ഒരു പുതിയ നദീസംയോജന പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ചു കാണുന്നു. നദീസംയോജന പദ്ധതിയുടെ വിശദവിവരങ്ങൾ ദേശീയ ജല വികസന ഏജൻസിയുടെ വെബ്സൈറ്റിലോ ഇതുവരെ പ്രസിദ്ധീകരിച്ച വാർഷിക റിപ്പോർട്ടിലോ ഉൾപ്പെടുത്തിയിട്ടില്ല. മേല്പറഞ്ഞ നദീസംയോജന പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. പ്രസ്തുത നദീ സംയോജന പദ്ധതിമൂലം കേരളത്തിലുണ്ടാകുന്ന മേല്പറഞ്ഞ ഭവിഷ്യത്തുകളെക്കുറിച്ച് കേരളം NWDA-യെ അറിയിക്കുകയും പ്രസ്തുത പദ്ധതി ഒഴിവാക്കണമെന്നും NWDA-യോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ബേസിൻ സ്റ്റേറ്റുകളുടെ അനുമതിയോടെ മാത്രമെ പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കുകയുള്ളു എന്ന് NWDA ഉറപ്പ് തന്നിട്ടുണ്ട്.

**നദീസംയോജന പദ്ധതി**

61(T*1298) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീസംയോജന പദ്ധതി പ്രകാരമുള്ള നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ട് പോകുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ നദികളെ അത് ഏതു വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;വിശദമാക്കുമോ ;

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സംസ്ഥാനത്തെ പ്രധാന നദികളായ അച്ചൻകോവിൽ, പമ്പ എന്നിവയെ ഇപ്രകാരം തമിഴ്നാട്ടിലെ നദികളുമായി ബന്ധപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ എന്തെങ്കിലും നീക്കം നടത്തുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കേന്ദ്രസർക്കാരിന്റെ നദീസംയോജന പദ്ധതിയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ; ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി പമ്പ, അച്ചൻകോവിൽ നദികളേയും അവ വന്നു പതിക്കുന്ന വേമ്പനാട് കായലിനേയും ഏതുവിധത്തിൽ ബാധിക്കുമെന്ന് CWRDM കോഴിക്കോട്, ഐ.ഐ.റ്റി. ഡൽഹി എന്നീ വിദഗ്ദ്ധ ഏജൻസികളെക്കൊണ്ട് പഠനങ്ങൾ നടത്തി കേരളം വ്യക്തത വരുത്തിയിട്ടുണ്ട്.

വേമ്പനാട്ട് കായലിൽ പതിക്കുന്ന 5 നദികളെക്കുറിച്ച് സമഗ്രമായി പഠിച്ച് CWRDM 1999-ൽ സമർപ്പിച്ച റിപ്പോർട്ടിൽ ഈ നദികളിൽ അധികജലം ഇല്ല എന്നും, 2050-ാം വർഷത്തോടെ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാൻ സാധ്യതയുണ്ടെന്നും പ്രതിപാദിച്ചിട്ടുണ്ട്. പമ്പാ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിൽ വന്നാൽ പമ്പയും അച്ചൻകോവിൽ ആറും വറ്റി വരളുകയും മധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാകുകയും ചെയ്യുമെന്ന് റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. വേമ്പനാട് കായലിൽ പതിക്കുന്ന ഈ നദികളിലെ നീരൊഴുക്ക് കുറയുന്നത് ഓരുവെള്ളം കയറുവാൻ ഇടയാകുകയും കുട്ടനാട്ടിലെ കൃഷി നാശത്തിനു വഴി തുറക്കുകയും ചെയ്യും.

വേമ്പനാട് West Land- ന്റെ Water Balance study നടത്തിയ ഐ.ഐ.റ്റി. ഡൽഹിയുടെ വിദഗ്ദ്ധ സംഘം 19-7-2012-ന് കേരള ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ടിൽ ഈ നദീ സംയോജന പദ്ധതി ഉണ്ടാക്കാൻ സാധ്യതയുള്ള Ecological impact - നെപ്പറ്റി വിശദീകരിച്ചിട്ടുണ്ട്. ദേശീയ ജല വികസന ഏജൻസി ഒരു പുതിയ നദീസംയോജന പദ്ധതിയായി ബാരാപ്പോൾ-അപ്പർ കാവേരി ലിങ്ക് പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ച് കാണുന്നു. പ്രസ്തുത പദ്ധതിമൂലം വളപട്ടണം നദിയുടെ നീരൊഴുക്ക് കുറയും. ഈ ഭവിഷ്യത്തിനെക്കുറിച്ച് കേരളം NWDA-യെ അറിയിക്കുകയും പ്രസ്തുത പദ്ധതി നിർത്തലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) ദേശീയ ജല വികസന ഏജൻസി (NWDA) നദീ സംയോജന പദ്ധതിക്കായി തയ്യാറാക്കിയ peninsular component-ൽ 16-ാമത്തെ ഇനമായി ഉൾപ്പെടുത്തിയിരിക്കുന്ന "പമ്പാ -അച്ചൻ കോവിൽ- വൈപ്പാർ നദീ സംയോജന പദ്ധതി" കേരളത്തിലെ പമ്പാ, അച്ചൻകോവിൽ എന്നീ നദികളിലെ ജലം തമിഴ് നാട്ടിലെ വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചുകൊണ്ടുപോകുവാൻ ഉദ്ദേശിച്ചുള്ളതാണ്.

(സി) കേന്ദ്രസർക്കാരിന്റെ നദീസംയോജന പദ്ധതികളിൽ സംസ്ഥാനത്തെ നദികളെ സർക്കാരിന്റെ അനുമതിയില്ലാതെയാണ് ഉൾപ്പെടുത്തിയത്. കേന്ദ്രജല വികസന ഏജൻസി (NWDA) വിളിച്ചു ചേർത്ത വിവിധ യോഗങ്ങളിൽ കേരളം പങ്കെടുക്കുകയും നദീസംയോജനത്തിനെതിരായ കേരളത്തിന്റെ അഭിപ്രായം ശക്തമായി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാൻ അനുവദിക്കുകയില്ല എന്നതുതന്നെയാണ് കേരളം തുടക്കം മുതൽക്കേ സ്വീകരിച്ചിരിക്കുന്ന നിലപാട്.

**പറമ്പിക്കുളം-ആളിയാർ കരാർ**

62 (1299) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പറമ്പിക്കുളം - ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ

<u>ഉത്തരം</u>

(എ) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)-യിൽ നിന്ന് മഴക്കുറവുള്ള വർഷങ്ങളിൽ അർഹതപ്പെട്ട ജലം ലഭിക്കാറില്ല. നടപ്പ് ജല വർഷത്തിൽ (2016-17) മണക്കടവ് വിയറിൽ 2016 സെപ്റ്റംബർ 5 വരെ 806 എം.സി.എഫ്.ടി. ജലമാണ് ലഭിച്ചിരിക്കുന്നത്. ഈ കാലയളവിൽ പി.എ.പി. കരാർ പ്രകാരം 1180 എം.സി.എഫ്.ടി. ജലമാണ് ലഭിക്കേണ്ടിയിരുന്നത്. പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)-യിൽ നിന്ന് കേരളത്തിന് 15-9-2016 വരെ ഓരോ ദ്വൈവാരത്തിലും മണക്കടവ് വിയറിൽ ലഭിക്കേണ്ട ജലത്തിന്റെയും ലഭിച്ച ജലത്തിന്റെയും അളവുകൾ വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു:

| ദ്വൈവാരം | ജൂലൈ 1 | ജൂലൈ 11 | ആഗസ്റ്റ് 1 | ആഗസ്റ്റ് 11 | സെപ്റ്റംബർ 1 | ആകെ |
|---|---|---|---|---|---|---|
| കരാർപ്രകാരം ലഭിക്കേണ്ട ജലം (എം.സി. എഫ്.ടി. യിൽ) | 130 | 130 | 250 | 160 | 510 | 1180 |

| ദ്വൈവാരം | ജൂലൈ 1 | ജൂലൈ11 | ആഗസ്റ്റ് 1 | ആഗസ്റ്റ് 11 | സെപ്റ്റംബർ 1 | ആകെ |
|---|---|---|---|---|---|---|
| കരാർപ്രകാരം ലഭിച്ച ജലം (എം.സി. എഫ്.ടി. യിൽ) | 130 | 50 | 152 | 160 | 314 | 806 |

2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി. (540 ക്യൂസെക്സ് എന്ന തോതിൽ) ജലമാണ് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേയ്ക്കായി കരാർ പ്രകാരം ലഭിക്കേണ്ടിയിരുന്നത്. 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് ആദ്യം തമിഴ്നാട് അറിയിച്ചിരുന്നത്. എന്നാൽ സർക്കാർ തലത്തിൽ നടത്തിയ ശക്തമായ ഇടപെടലുകളെ തുടർന്നും, പറമ്പിക്കുളം ഡാമിലെ ഉപയോഗി ക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ 350-400 ക്യൂസെക്സ് എന്ന നിരക്കിൽ വെള്ളം തരാമെന്ന് തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്.

(ബി) 1970 മേയ് 29-ന് നിലവിൽ വന്ന (1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം) പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നപടികൾ

കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988-2011 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും പരസ്പരധാരണയിൽ എത്തി ച്ചേർന്നിട്ടില്ല. ആയതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാറിന്റെ പുനരവലോകന വുമായി ബന്ധപ്പെട്ട ചർച്ചകൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പി.എ.പി. പാലക്കാട്, തമിഴ്നാടിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി വകുപ്പുതലത്തിൽ അനൗപചാരിക ചർച്ച നടത്തുകയുണ്ടായി. തുടർ ചർച്ചകൾക്ക് തമിഴ്നാട് സർക്കാർ അനുകൂലമായി പ്രതികരി ക്കമെന്നാണ് തമിഴ്നാടിന്റെ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ്നാടുമായി ചർച്ചകൾ നടത്തി കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. ഈ വർഷത്തെ മഴലഭ്യത കുറഞ്ഞ സാഹചര്യത്തിൽ അടിയന്തരമായി, പി.എ.പി. കരാർ അനുസരിച്ച് ജലം നൽകാൻ തമിഴ്നാട് നടപടി സ്വീകരിക്കണമെന്ന് തമിഴ്നാട് മുഖ്യമന്ത്രിയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

**പ്രവാസി മലയാളികൾ**

63 (1300) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക്, സർക്കാർ ജീവനക്കാരുടേതുപോലെ കോൺട്രിബ്യൂട്ടറി പെൻഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) എയർപോർട്ടിൽ നിന്നും കയറി പോകുന്നതിന് മുൻപുതന്നെ ഇൻഷ്വറൻസ് ഉണ്ടെന്ന് ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത വിഷയം തൽക്കാലം പരിഗണനയിലില്ല.

(ബി) എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള വിദേശ രാജ്യങ്ങളിൽ ജോലിക്കു പോകുന്ന എല്ലാപേർക്കും ഇ.സി.ആർ. സ്റ്റാമ്പിംഗിനു മുമ്പായി ഇൻഷ്വറൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനായി കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതിയാണ് പ്രവാസി ബീമായോജന. താഴ്ന്ന ജോലിക്കു പോകുന്ന എല്ലാപേരും എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ളവരാണ്. അവർക്ക് പ്രവാസി ബീമാ യോജന പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് പരിരക്ഷ നിർബന്ധമാക്കിയിട്ടുണ്ട്.

നോർക്ക റൂട്ട്സ് വഴി നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ എമിഗ്രേഷൻ ക്ലിയറൻസിന് പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് മുമ്പാകെ ഇൻഷ്വറൻസ് പോളിസി സമർപ്പിച്ചാൽ മാത്രമേ എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കുകയുള്ളൂ.

നോർക്കയുടെ അനുമതിയോടെയല്ല എല്ലാവരും വിദേശ യാത്ര നടത്തുന്നത്. വിദേശത്ത് ജോലിക്ക് പോകുന്നവർക്ക് മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ആവശ്യമുള്ളൂ. അതിനാൽ എല്ലാപേർക്കും ഇൻഷ്വറൻസ് ഉറപ്പാക്കുന്നതിന് പ്രായോഗിക വിഷമതകളുണ്ട്.

**നോർക്ക-ഫാക്കൽറ്റി നിയമനം**

64 (1301) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക ഫാക്കൽറ്റിയിലേയ്ക്ക് പുതിയ ആളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) നോർക്ക ഫാക്കൽറ്റി അംഗമായി തെരഞ്ഞെടുക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കാരശ്ശേരി സ്വദേശി മുഹമ്മദ് കക്കാട് സമർപ്പിച്ച അപേക്ഷയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശ്രീ. മുഹമ്മദ് കക്കാട് കാരശ്ശേരി സമർപ്പിച്ച അപേക്ഷ നോർക്ക വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ആയത് നോർക്ക റൂട്ട്സുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു.

## നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി

65 (1302) ശ്രീ. അനിൽ അക്കര :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും അവർക്ക് സുസ്ഥിര വരുമാനം കണ്ടെത്തുന്നതിനും എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. വിദേശരാജ്യങ്ങളിൽ നിന്നും വിവിധ സാഹചര്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന മലയാളികൾക്ക് സുസ്ഥിര വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവാസി കാര്യവകുപ്പ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പുനരധിവാസ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ടു വർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധനച്ചെലവ്

വരുന്ന പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3 ശതമാനം പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി.

(ബി&സി) തിരികെയെത്തിയ പ്രവാസികളെ തൊഴിൽ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നല്കുകയും മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കി അവരെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുകയുമാണ് ഈ പദ്ധതി മുഖേന വിഭാവന ചെയ്യുന്നത്. നോർക്ക റൂട്ട്സും കാനറാ ബാങ്ക്, യൂണിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നിവരുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് മേൽപ്പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം അപേക്ഷകർ സമർപ്പിക്കുന്ന സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായാണ് ബാങ്കുകൾ ലോൺ അനുവദിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെക്കൂടി ഉൾപ്പെടുത്തി ഗുണഭോക്താവുമായി കൂടിക്കാഴ്ച നടത്തി പ്രഥമദൃഷ്ട്യാ അർഹമെന്നു കണ്ടെത്തുന്ന അപേക്ഷകൾ അതാത് ബാങ്കിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ശിപാർശ ചെയ്യുന്ന അപേക്ഷകളിന്മേൽ ലോൺ അനുവദിച്ച് അറിയിക്കുന്ന പക്ഷം സബ്സിഡി തുക റിലീസ് ചെയ്തുവരുന്നു.

(ഡി) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ, സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈതാങ്ങൽ നൽകുന്നതിന് രൂപംകൊടുത്ത പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഈ പദ്ധതി നടത്തിപ്പിനായി 2012-13 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന് ഭരണാനുമതി നല്കുന്നതിനുള്ള നിർദ്ദേശം സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്.

## പ്രവാസികളുടെ പുനരധിവാസം

66 (1303) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് പ്രധാന പങ്കുവഹിച്ച പ്രവാസികൾക്ക് അവർ മടങ്ങിവരാൻ നിർബന്ധിതരാകുന്ന സാഹചര്യത്തിൽ പുനരധിവാസം ഒരുക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സ്വയം തൊഴിൽ രംഗത്തേക്ക് കടന്നു വരാൻ താല്പര്യമുള്ളവർക്കായി സാങ്കേതിക പരിശീലനം, പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വായ്പയും, സബ്സിഡിയും ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) കാർഷിക മേഖലയിലും, തൊഴിൽ മേഖലയിലും ആധുനികവത്കരണവും, യന്ത്രവൽക്കരണവും നടപ്പാക്കി, മടങ്ങി വരുന്ന തൊഴിൽ ശക്തിയുടെ ഗണ്യമായ പങ്കിനെ ആഗിരണം ചെയ്യാൻ ഈ മേഖലകളെ പ്രാപ്തമാക്കാനുള്ള പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) വിദേശരാജ്യങ്ങളിൽ നിന്നും വിവിധ സാഹചര്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന മലയാളികൾക്ക് സുസ്ഥിര വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവാസികാര്യ വകുപ്പ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പുനരധിവാസ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

ചുരുങ്ങിയത് രണ്ടുവർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധനചെലവ് വരുന്ന പദ്ധതികൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3 ശതമാനം പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി.

(ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയിൻ കീഴിൽ അപേക്ഷിക്കുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച് ഏകദിന ബോധവൽക്കരണ ക്ലാസ്സ് എല്ലാ ജില്ലകളിലും മാസത്തിലൊരിക്കൽ നടത്തിവരുന്നുണ്ട്. അതാത് മാസങ്ങളിൽ നടക്കുന്ന സ്ക്രീനിംഗ് കമ്മിറ്റിയിൽ പ്രസ്തുത അപേക്ഷകൾ പരിശോധിക്കുകയും പ്രഥമദൃഷ്ട്യാ അർഹമെന്ന് കണ്ടെത്തുന്ന അപേക്ഷകൾ അതാത് ബാങ്ക് ബ്രാഞ്ചിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ശിപാർശ ചെയ്യപ്പെടുന്ന അപേക്ഷകളിന്മേൽ ബാങ്ക് ലോൺ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക നല്കുന്നതാണ്. ഗുണഭോക്താക്കൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും 3 ശതമാനം പലിശ സബ്സിഡിയും നല്കുന്നതാണ്.

(സി) ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി NDPREM പദ്ധതി പ്രകാരം താഴെപ്പറയുന്ന മേഖലകളാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

- കാർഷിക വ്യവസായങ്ങൾ (ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ മത്സ്യകൃഷി/ഉൾനാടൻ മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ), പാലിനുവേണ്ടിയുള്ള കാലിവളർത്തൽ, ഭക്ഷ്യോൽപ്പാദന നിർമ്മാണം, സംയോജിത കൃഷി, ഫാം ടൂറിസം, ആടുവളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ.
- കച്ചവടം (പൊതു വ്യാപാരം)
- സേവനങ്ങൾ-(റിപ്പയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോം സ്റ്റേ തുടങ്ങിയവ)
- ഉല്പാദനം-ചെറുകിട- ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, ഫർണിച്ചറും തടി വ്യവസായവും, സലൂണുകൾ, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ)

തിരികെയെത്തി സംരംഭകരാകാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്ക് മുകളിൽ പറയുന്ന മേഖലകളിൽ താത്പര്യമായത് തെരഞ്ഞെടുക്കുവാൻ സാധിക്കുന്നതാണ്. ഈ മേഖലകളിൽ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും ബോധവത്ക്കരണവും ഗുണഭോക്താവിന് നല്കി സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ബാങ്ക് വായ്പ ലഭ്യമാക്കുന്നതിലൂടെ കാർഷിക-കച്ചവട-ഉല്പാദന മേഖലകളിലേക്ക് മടങ്ങി വരുന്ന തൊഴിൽശക്തിയുടെ ഗണ്യമായ പങ്കിനെ ആഗിരണം ചെയ്യാൻ സാധിക്കുന്നുണ്ട്.

## വിദേശത്തേക്ക് വീട്ടുജോലിയ്ക്കായി റിക്രൂട്ട് ചെയ്യപ്പെടുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണങ്ങൾ

67 (1304) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും വിദേശത്തേക്ക് വീട്ടുജോലിക്കായി റിക്രൂട്ട് ചെയ്യപ്പെടുന്ന സ്ത്രീകളിൽ പലരും പലവിധ ചൂഷണങ്ങൾക്ക് വിധേയരാകുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വിദേശത്തേക്ക് റിക്രൂട്ട് ചെയ്യപ്പെടുന്ന സ്ത്രീകളെ സംബന്ധിച്ച കണക്കുകൾ എന്തെങ്കിലും സൂക്ഷിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് നിന്നും വിവിധ എജൻസികൾ വഴി വിദേശത്തേക്ക് എത്തപ്പെടുന്ന സ്ത്രീകൾ നേരിടേണ്ടി വരുന്ന ചൂഷണങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്;

(ഡി) നോർക്ക വഴിയും സംസ്ഥാന സർക്കാരിനു കീഴിലുള്ള മറ്റ് ഏജൻസികൾ വഴിയും ഇത്തരത്തിലുള്ള റിക്രൂട്ട്മെന്റ് നടത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ECR പാസ്പോർട്ടുള്ള വനിതകളുടെ വിശദാംശങ്ങൾ എമിഗ്രേറ്റ് സിസ്റ്റത്തിൽ ലഭ്യമാണ്.

(സി&ഡി) നിലവിൽ എംബസികൾ, സംസ്ഥാന പോലീസ് എന്നിവരുമായി ബന്ധപ്പെട്ട് നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ഫലപ്രദമായ നടപടികൾക്ക് കേന്ദ്ര സർക്കാരിന്റെ വിദേശകാര്യ വകുപ്പ്, എമിഗ്രേഷൻ, കേന്ദ്ര അന്വേഷണ ഏജൻസികൾ എന്നിവയുടെയും സഹായം ആവശ്യാനുസരണം തേടിവരുന്നു. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ 2-8-2016-ലെ Z.11025/126/2015/-Emig. നമ്പർ ഉത്തരവ് പ്രകാരം എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള 18 രാജ്യങ്ങളിലേയ്ക്ക് ഫീമെയിൽ വർക്കർമാരെ റിക്രൂട്ട് ചെയ്യുന്നത് നോർക്ക റൂട്ട്സ് ഉൾപ്പെടെയുള്ള 6 സർക്കാർ ഏജൻസികൾ വഴി മാത്രമായി നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)* ഇതിന്റെ അടിസ്ഥാനത്തിൽ റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വാഹന പരിശോധനയ്ക്കിടെ യാത്രക്കാർക്ക് സംഭവിക്കുന്ന അപകടങ്ങൾ**

68 (1305) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം വാഹന പരിശോധനക്കിടെ യാത്രക്കാർക്ക് അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്ത എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇത്തരത്തിൽ അപകടങ്ങൾക്ക് ഇടയാക്കുന്ന തരത്തിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വാഹന പരിശോധന നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും മര്യാദകളും പാലിക്കുന്നതിന് സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പരിശോധകർ പലപ്പോഴും ലംഘിക്കുന്നതാണ് അപകടങ്ങൾ വർദ്ധിപ്പിക്കുന്നതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ഉത്തരവാദിയായ പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുകയും വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ 2548/16 നമ്പറിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വാഹന പരിശോധന നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും മര്യാദകളും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാഹന പരിശോധനയിൽ പോലീസുമായി സഹകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പൊലീസ് പരിശോധന കണ്ട് റോഡിൽ വെട്ടിത്തിരിഞ്ഞ് പോകുന്നതിലൂടെ ഉണ്ടാകുന്ന അപകടം സംബന്ധിച്ചും വിവിധ മൊബൈൽ ആപ്ലിക്കേഷനുകൾ വഴിയും നേരിട്ടും പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകി വരുന്നുണ്ട്.

(ഡി) കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നിലവിലെ നിയമ വ്യവസ്ഥകൾക്കനുസരിച്ച് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

## സൈബർ ഡോം

69 (1306) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ 'സൈബർ ഡോം' എന്ന സ്പെഷ്യൽ സൈബർ സെൽ എന്നാണ് നിലവിൽ വന്നത്;

(ബി) 'സൈബർ ഡോം' നിലവിൽ വന്ന ശേഷം എത്ര കേസുകളിൽ ഈ സംവിധാനം പ്രയോജനപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നടന്ന എ.റ്റി.എം തട്ടിപ്പ് കേസിൽ 'സൈബർ ഡോം'-ന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

### ഉത്തരം

(എ) 8-4-2016-ലാണ് സൈബർ ഡോം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(ബി) സോഷ്യൽ മീഡിയയിലുള്ള 50 -ഓളം ലൈംഗിക ചുവയുള്ള വ്യാജ പ്രൊഫൈലുകൾ കണ്ടുപിടിക്കുകയും അവ സോഷ്യൽ മീഡിയയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരാതിയായി ലഭിച്ച 20-ഓളം സമാന രീതിയിലുള്ളവ സോഷ്യൽ മീഡിയയിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. എ.റ്റി.എം./ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്/ഒ.ടി.പി./ മൊബൈൽ വാലറ്റ് തട്ടിപ്പിൽ സൈബർ ഡോമിന്റെ യഥാസമയത്തുള്ള സാങ്കേതിക ഇടപെടലിൽ 4 പരാതികളിൽ 2 പേർക്ക് ഭാഗികമായി പണം തിരികെ ലഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ സിനിമാവ്യവസായത്തെ പ്രതിസന്ധിയിലാക്കിയിരുന്ന വ്യാജ പതിപ്പുകളെ ഇന്റർനെറ്റിൽ നിന്ന് ഡിലീറ്റ് ചെയ്യുന്നതിന് സൈബർ ഡോമിന് കഴിഞ്ഞിട്ടുണ്ട്.

(സി) നൂതനമായ ഉപകരണം ഉപയോഗിച്ച് റുമേനിയക്കാർ നടത്തിയ തലസ്ഥാനത്തെ എ.റ്റി.എം. തട്ടിപ്പിൽ അന്വേഷണ ഉദ്യോഗസ്ഥരുമായി നിർണ്ണായകമായ സാങ്കേതിക അറിവ് പങ്കുവച്ചിട്ടുണ്ട്.

## എ.ടി.എം. തട്ടിപ്പ്

70 (1307) ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. എം. സ്വരാജ് :

ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ടി.എം. തട്ടിപ്പിലൂടെ നിക്ഷേപകന് നഷ്ടമാകുന്ന പണത്തിന്റെ ഉത്തരവാദിത്തം ആർക്കാണ് എന്ന് വിശദമാക്കാമോ;

(ബി) നിക്ഷേപങ്ങളുടെ സുരക്ഷിതത്വത്തിന് വെല്ലുവിളിയാകുന്ന വിവിധ തരത്തിലുള്ള എ.ടി.എം. തട്ടിപ്പുകൾ തടയുന്നതിന് നിലവിലെ സംവിധാനങ്ങൾ പര്യാപ്തമാണോ;

(സി) ഇല്ലെങ്കിൽ അതു പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്നും എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എ.ടി.എം. തട്ടിപ്പിലൂടെ നിക്ഷേപകന് നഷ്ടമാകുന്ന പണത്തിന്റെ ഉത്തരവാദിത്തം അതാത് ബാങ്കുകൾക്കാണ്.

(ബി) വിവിധ തരത്തിലുള്ള എ.ടി.എം. തട്ടിപ്പുകൾ തടയുന്നതിൽ നിലവിലെ സംവിധാനങ്ങൾ പൂർണ്ണമായി പര്യാപ്തമല്ല എന്നാണ് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നത്.

(സി) എ.ടി.എം. കൗണ്ടറുകളുടെ സുരക്ഷ ശക്തമാക്കാൻ സംസ്ഥാനത്തെ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എ.ടി.എം. സെന്ററുകളിൽ ക്യാമറകൾ സ്ഥാപിച്ചും ആയത് ഫലപ്രദമായി നിരീക്ഷിച്ചും, എല്ലാ എ.ടി.എം. സെന്ററുകളിലും സുരക്ഷാ ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയും, നൈറ്റ് പട്രോളിംഗ്, ഹൈവേ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ പരിധിയിലെ എ.ടി.എം. കൗണ്ടറുകൾ സുരക്ഷാ പരിശോധന നടത്തുന്നതിന് കർശന നിർദ്ദേശം നൽകിയും സുരക്ഷാ ക്രമീകരണം നടപ്പിലാക്കി വരുന്നു.

**സി.പി.ഐ.(എം) പ്രവർത്തകർക്ക് നേരെ ആക്രമണം**

71 (1308) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സി. പി. ഐ. (എം)-ന്റെ എത്ര ഓഫീസുകൾക്കു നേരെ ബി. ജെ. പി., ആർ. എസ്. എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേർക്കെതിരെ; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ;

(ബി) 2016-ലെ പൊതു തെരെഞ്ഞെടുപ്പിനു ശേഷം ബി.ജെ.പി., ആർ. എസ്. എസ്. പ്രവർത്തകരോ അനുഭാവികളോ എത്ര സി. പി. ഐ. (എം) പ്രവർത്തകർക്ക് നേരെ ആക്രമണം നടത്തിയിട്ടുണ്ട്; എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; പരിക്ക് പറ്റിയവർ എത്ര; എത്ര പേർക്കെതിരെ ഇത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സി.പി.ഐ. (എം) -ന്റെ 14 ഓഫീസുകൾക്ക് നേരെ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് 102 പേർക്കെതിരെ 14 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) 2016-ലെ പൊതു തെരഞ്ഞെടുപ്പിനുശേഷം 185 സി.പി.ഐ. (എം) പ്രവർത്തകർക്ക് നേരെ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ട്. ഇതിൽ 3 പേർ മരണപ്പെട്ടിട്ടുണ്ട്. 178 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. 919 പേർക്കെതിരെ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**ടി.പി. ചന്ദ്രശേഖരൻ വധക്കേസ്**

72 (1309) <u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിൽ സി.പി.ഐ. (എം) കണ്ണൂർ ജില്ലാ സെക്രട്ടറിയെ പ്രതിയാക്കാൻ മുൻ സർക്കാർ ഗൂഢാലോചന നടത്തിയെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും പരിശോധന നടത്തിയിരുന്നോ;

(ബി) വ്യാജ തെളിവുണ്ടാക്കാനായി അക്കാലത്തെ ജയിൽ ഡി.ജി.പി.-യെ സ്വാധീനിച്ചുവെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിക്കാൻ തയ്യാറാകുമോ;

(സി) ഈ വാർത്തകളുടെയും ക്രിമിനൽ കേസുകളിൽ പ്രതിയാക്കപ്പെട്ട സി.പി.ഐ (എം)-ന്റെ ജില്ലാ സെക്രട്ടറിമാരെയും എം.എൽ.എ മാരെയും കോടതി നിരപരാധികളാണെന്ന് കണ്ടെത്തിയതിന്റെയും പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ എന്തെങ്കിലും ഗൂഢാലോചന നടന്നിട്ടുണ്ടോ എന്ന കാര്യം പരിശോധനാ വിധേയമാക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ -സി) പരിശോധിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വി.എസ്.എസ്.സി. വാഹനങ്ങൾ തടഞ്ഞ സംഭവം

73 (1310) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെപ്റ്റംബർ രണ്ടിലെ പണിമുടക്ക് ദിനത്തിൽ വി.എസ്.എസ്.സി വാഹനങ്ങൾ തടഞ്ഞ പണിമുടക്ക് അനുകൂലികൾക്ക് എതിരെ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) വി.എസ്.എസ്.സി. ഗ്യാരേജിന് മുന്നിൽ ഉപരോധം നടത്തിയവരെ അറസ്റ്റ് ചെയ്ത് നീക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സെപ്റ്റംബർ രണ്ടിലെ പണിമുടക്ക് ദിനത്തിൽ വി.എസ്.എസ്.സി. വാഹനങ്ങൾ തടഞ്ഞ പണിമുടക്കനുകൂലികൾക്കെതിരെ പേരൂർക്കട പോലീസ് സ്റ്റേഷൻ ക്രൈം നം. 1604/2015 u/s 143, 149, 283, 188, IPC & 39 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഉപരോധം നടത്തിയവരെ പ്രസ്തുത സ്ഥലത്തുവച്ച് അറസ്റ്റ് ചെയ്യുന്നതുമൂലം അത് മറ്റു ഗുരുതരമായ ക്രമസമാധാന പ്രശ്നങ്ങൾക്ക് വഴി തെളിയിക്കുവാനുള്ള സാധ്യത നിലവിലുണ്ടായിരുന്നു.

## ഓരോ പഞ്ചായത്തിലും ഓരോ പോലീസ് സ്റ്റേഷൻ

74 (1311) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലും ഓരോ പോലീസ് സ്റ്റേഷൻ എന്ന ക്രമത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ നയം രൂപീകരിച്ചിട്ടുണ്ടോ;

(സി) കൂടുതൽ എസ്.പി.സി (Students Police Cadet) യൂണിറ്റുകൾ തുടങ്ങുന്നത് 'കമ്മ്യൂണിറ്റി പോലീസിംഗ്' സംവിധാനത്തെ ശക്തിപ്പെടുത്തുമെന്നതിനാൽ കൂടുതൽ എസ്.പി.സി.-കൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഓരോ പഞ്ചായത്തിലും ഓരോ പോലീസ്സ്റ്റേഷൻ എന്ന നിർദ്ദേശം നിലവിലില്ല.

(സി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിന്, സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി ശിപാർശ ചെയ്യുന്ന അപേക്ഷകൾ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്റ്റുഡൻസ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിച്ചു വരുന്നു.

## ലഹരി മരുന്ന് വിപണനം

75 (1312) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരി മരുന്ന് വിപണനവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരി മരുന്ന് ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന മുതലായവയുമായി ബന്ധപ്പെട്ട് 25-5-2016-ാം തീയതി മുതൽ 25-9-2016 തീയതി വരെ 1068 NDPS കേസ്സുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | എൻ.ഡി.പി.എസ്. കേസ്സുകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 76 |
| കൊല്ലം | 108 |
| പത്തനംതിട്ട | 36 |
| ആലപ്പുഴ | 63 |
| കോട്ടയം | 104 |
| ഇടുക്കി | 101 |
| എറണാകുളം | 164 |
| തൃശ്ശൂർ | 83 |
| പാലക്കാട് | 54 |
| മലപ്പുറം | 112 |
| കോഴിക്കോട് | 45 |
| വയനാട് | 52 |
| കണ്ണൂർ | 53 |
| കാസർഗോഡ് | 17 |

**കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയൽ നിയമത്തിന്റെ ദുരുപയോഗം**

76 (1313) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ആൻസലൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട രാഷ്ട്രീയ പ്രവർത്തകർക്കും നേതാക്കൾക്കുമെതിരെ കള്ളക്കേസുകൾ എടുത്തതായുള്ള ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ;

(ബി) മുൻ സർക്കാർ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയൽ നിയമം ദുരുപയോഗം ചെയ്ത് പൊതുപ്രവർത്തകരെ കരുതൽ തടങ്കലിൽ വച്ചതായി പറയപ്പെടുന്ന സംഭവങ്ങളെകുറിച്ച് വിശദമായ അന്വേഷണം നടത്തുമോ;

(സി) നിലവിൽ പോലിസ് ഉദ്യോഗസ്ഥരിൽ ചിലർ ഈ നിയമം ദുരുപയോഗം ചെയ്യുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഉദ്യോഗസ്ഥൻമാർക്കെതിരെ കർശന ശിക്ഷാനടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടില്ല.

(ബി&സി) നിലവിൽ ഇക്കാര്യം പരിശോധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

**പുതിയ പോലീസ് സ്റ്റേഷൻ**

77 (1314) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പനവൂർ കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി; വിശദമാക്കുമോ?

ഉത്തരം

(എ &ബി) പനവൂർ കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## പ്രഥമ വിവര റിപ്പോർട്ടുകൾ

78 (1315) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന പ്രഥമ വിവര റിപ്പോർട്ടുകൾ (എഫ്.ഐ.ആർ.) 24 മണിക്കൂറിനകം വെബ് സൈറ്റിൽ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇന്റർനെറ്റ് സംവിധാനം ദുർബലമായ മേഖലകളിൽ എഫ്.ഐ.ആർ. വെബ്സൈറ്റിൽ നൽകുന്നതിനുള്ള സമയപരിധി എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കേസുമായി ബന്ധപ്പെട്ടവർക്ക് എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭിക്കുന്നതിന് നിലവിലുള്ള നടപടിക്രമം വിശദമാക്കാമോ ?

### ഉത്തരം

(എ&ബി) ഇത്തരത്തിൽ ഒരു ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ.-കൾ 24 മണിക്കൂറിനകം വെബ് സൈറ്റിൽ നൽകുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ പുരോഗമിച്ചുവരുന്നു. കൂടാതെ ഇന്റർനെറ്റ് സംവിധാനം എല്ലാ പോലീസ് സ്റ്റേഷനുകളിലും ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) കേസ് രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ ആവലാതിക്കാർക്ക് സ്റ്റേഷനിൽ നിന്ന് എഫ്.ഐ.ആർ-ന്റെ പകർപ്പ് തൽസമയം നൽകി വരുന്നതും കേസിലെ പ്രതികൾക്കുള്ള എഫ്.ഐ.ആർ.-ന്റെ പകർപ്പ് കുറ്റപത്രത്തിനൊപ്പം കോടതിയിൽ സമർപ്പിച്ച് വരുന്നതുമാണ്. കൂടാതെ വിവരാവകാശ നിയമം 2005 പ്രകാരം ഒഴിവാക്കപ്പെടാത്തവ, അപ്രകാരം അപേക്ഷിക്കുന്നവർക്ക് നൽകിവരുന്നതുമാണ്.

## ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിങ് നെറ്റ്‍വർക്ക്

79 (1316) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിങ് നെറ്റ്‍വർക്ക് നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) എത്ര പോലീസ് സ്റ്റേഷനുകളിലും ബന്ധപ്പെട്ട ഓഫീസുകളിലും ഇത് നടപ്പിൽ വരുത്തിയിട്ടുണ്ട്;

(ഡി) ഇത് നടപ്പിൽ വരുത്താൻ എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭ്യമായത്?

ഉത്തരം

(എ) ഉണ്ട്. പോലീസിന്റെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്ന ദേശീയതലത്തിലുള്ള ഒരു ബൃഹത് പദ്ധതിയാണ് ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് & സിസ്റ്റംസ് (CCTNS), പ്രസ്തുത പദ്ധതി സംസ്ഥാന തലത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 19 പോലീസ് ജില്ലകളിലായി 481 പോലീസ് സ്റ്റേഷനുകളിൽ CCTNS-ന്റെ ജനറൽ ഡയറി, എഫ്.ഐ.ആർ. രജിസ്ട്രേഷൻ എന്നീ മോഡ്യൂളുകൾ നടപ്പിലാക്കി.

(ബി) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായമാകുന്ന തരത്തിൽ ദേശീയതലത്തിൽ വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ അടിസ്ഥാന സൗകര്യ വികസനമൊരുക്കുകയും, ആദ്യഘട്ടത്തിൽ രാജ്യവ്യാപകമായി 14,000 പോലീസ് സ്റ്റേഷനുകളും, 6000 അനുബന്ധ പോലീസ് ഓഫീസുകളും, അടുത്ത ഘട്ടത്തിൽ മറ്റിതര വകുപ്പുകളായ ജയിൽ, ട്രാൻസ്പോർട്ട്, എമിഗ്രേഷൻ, പാസ്പോർട്ട്, സെൻട്രൽ പോലീസ് ഏജൻസീസ് തുടങ്ങിയവയും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുകയെന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) 19 പോലീസ് ജില്ലകളിലായി 481 പോലീസ് സ്റ്റേഷനുകളിൽ പ്രസ്തുത ആപ്ലിക്കേഷന്റെ ഭാഗമായി ജനറൽ ഡയറി (GD), FIR എന്നീ മോഡ്യൂളുകൾ നടപ്പിലാക്കി.

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ച കിട്ടിയ തുകയാണ് ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ചത്. പദ്ധതി നടപ്പിലാക്കുന്നത് പൂർണ്ണമായും കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ്.

**കേരളാ പോലീസിൽ സ്ത്രീകളുടെ പ്രാതിനിധ്യം**

80 (1318) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ സ്ത്രീകളുടെ പ്രാതിനിധ്യം എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്ത്രീകൾ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ സ്വതന്ത്ര ചുമതല വഹിക്കുന്ന സ്റ്റേഷനുകൾ നിലവിലുണ്ടോ;

(സി) സ്ത്രീകൾ പ്രതികളായി വരുന്ന കേസുകളുടെ എണ്ണം കൂടി വരുന്നതിനാൽ, കേരളാ പോലീസിൽ സ്ത്രീകളുടെ അംഗബലം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളാ പോലീസിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം പോലീസ് സേനയുടെ 6.4% ആണ്.

(ബി) ഉണ്ട്. 7 വനിതാ സബ് ഇൻസ്പെക്ടർമാരും ഒരു വനിതാ സർക്കിൾ ഇൻസ്പെകടറും സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സേവനം അനുഷ്ഠിക്കുന്നുണ്ട്.

(സി) പരിശോധിച്ചു വരുന്നു.

**കോടതി ഡ്യൂട്ടിക്ക് സ്ഥിരമായി പോലീസിനെ നിയമിക്കുന്നത് സംബന്ധിച്ച്**

81 (1319) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ അനുവദനീയമായ എണ്ണം പോലീസുകാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച മിക്ക പോലീസ് സ്റ്റേഷനുകളിലും അനുവദിക്കപ്പെട്ട പോലീസുകാരുടെ എണ്ണം കുറവാണ് എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ഒരു പോലീസ് സ്റ്റേഷനിൽ നിന്നും മൂന്നും നാലും പോലീസുകാർ വിവിധ കോടതികളിൽ ഡ്യൂട്ടിക്ക് പോകുന്ന സ്ഥിതി ഒഴിവാക്കാൻ കോടതികളിൽ സ്ഥിരമായി പോലീസിനെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വിവാഹമോചന കേസ്സുകൾ**

82 (1320) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 ജനുവരി മുതൽ സെപ്റ്റംബർ 20 വരെ സംസ്ഥാനത്ത് എത്ര വിവാഹ മോചന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കേസുകളുടെ എണ്ണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

12,386 വിവാഹ മോചന കേസ്സുകൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊപ്പം പോലീസ് സ്റ്റേഷൻ

83 (1321) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി താലൂക്കിലെ കൊപ്പത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിലേക്കായി പി.&എ.ആർ.ഡി. നൽകിയ വർക്ക് സ്റ്റഡി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## അഴിമതി കേസുകൾ

84 (1322) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിലെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ എത്ര പേർക്കെതിരെ അഴിമതി ആരോപണത്തിന്റെ പേരിൽ കേസുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവർ ആരൊക്കെ; കേസിന്റെ വിശദാംശങ്ങളും മറ്റും നൽകുമോ;

(സി) ഏതെങ്കിലും കേസുകൾ ചാർജ്ജ് ചെയ്ത് കോടതികളുടെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഇതിലെ പ്രതികൾ ആരെന്നും മറ്റുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിലെ സഹകരണ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫംഗത്തിനെതിരായി ഒരു വിജിലൻസ് കേസ് നിലവിലുണ്ട്.

(ബി) വി.സി.07/2016/എസ്.സി.ഇ./കോ.ഓ. മുൻ സഹകരണ വകുപ്പുമന്ത്രി ശ്രീ. സി.എൻ. ബാലകൃഷ്ണന്റെ പേഴ്സണൽ അസിസ്റ്റന്റായിരുന്ന ശ്രീ. ജോസഫ് ലിജോയ്ക്കെതിരെ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(സി) കേസ് അന്വേഷണ ഘട്ടത്തിലാണ്. ചാർജ്ജ് ഷീറ്റ് നൽകിയിട്ടില്ല.

**പോലീസ് സേനയിലെ ഒഴിവുകളിലേക്കുള്ള നിയമനം**

85 (1323) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ബി) ഇതിൽ സിവിൽ പോലീസ് ഓഫീസർ, സബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ വീതമുണ്ട്;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയിലേക്ക് എത്ര പേരെ നിയമിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പോലീസ് സേനയിൽ 1336 തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്.

(ബി) സിവിൽ പോലീസ് ഓഫീസർ, സബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ ഒഴിവുകളൊന്നും നിലവിലില്ല.

(സി) ഒഴിഞ്ഞു കിടക്കുന്ന 1336 തസ്തികകളിൽ 1157 തസ്തികകൾ ടെക്നിക്കൽ കാറ്റഗറിയാണ്. അതിൽ 630 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, 78 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. 449 തസ്തികയിലെ ഒഴിവുകൾ സ്പെഷ്യൽ റൂൾ നിലവിലില്ലാത്തതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ബാക്കി വരുന്ന 179 ഒഴിവുകളിൽ 149 ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തേണ്ടതും 30 ഒഴിവുകൾ പിഎസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

(ഡി)

| | | |
|---|---|---|
| ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ | - | 1 |
| പോലീസ് കോൺസ്റ്റബിൾ | - | 925 |
| വനിതാ പോലീസ് കോൺസ്റ്റബിൾ | - | 71 |
| ഡ്രൈവർ പോലീസ് കോൺസ്റ്റബിൾ | - | 35 |

## പോലീസ് സ്റ്റേഷൻ ഉപരോധിച്ച് പ്രതികളെ മോചിപ്പിച്ച കേസുകൾ

86 (1324) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാഷ്ട്രീയപാർട്ടിക്കാർ പോലീസ് സ്റ്റേഷൻ ഉപരോധിച്ച് പ്രതികളെ മോചിപ്പിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം പാർട്ടി പ്രവർത്തകർക്കെതിരെയാണ് പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഇത്തരം പ്രവണത വർദ്ധിക്കുന്നതിനുള്ള കാരണം സംബന്ധിച്ച അഭിപ്രായം വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാഷ്ട്രീയ പാർട്ടിക്കാർ പോലീസ് സ്റ്റേഷൻ ഉപരോധിച്ച് പ്രതികളെ മോചിപ്പിച്ച സംഭവങ്ങൾ ഉണ്ടായിട്ടില്ല.

(സി) ബാധകമല്ല.

## പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിലേക്കുള്ള നിയമനം

87 (1325) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് ഇതുവരെയായി നിയമനം നൽകിയിട്ടുണ്ടെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്നും വിശദാംശം നൽകുമോ;

(ബി) വാഹനങ്ങൾക്ക് ആനുപാതികമായി 3657 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ പ്രൊപ്പോസലിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) റാങ്ക് ലിസ്റ്റിലുള്ള കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയുടെ ബറ്റാലിയൻ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു:

| ബറ്റാലിയൻ | ആകെ നിയമന ശിപാർശ | നിലവിലെ ഒഴിവുകൾ | റാങ്ക് ലിസ്റ്റ് അവസാനിക്കുന്ന തീയതി | റിമാർക്സ് |
|---|---|---|---|---|
| എസ്.എ.പി | 130 | 1 | 16-11-2017 | 2 ഒഴിവുകൾ നികത്തരുതെന്ന് ബഹു. സുപ്രീംകോടതി ഉത്തരവുണ്ട്. |
| കെ.എ.പി. 1 | 64 | - | 16-11-2017 | - |
| കെ.എ.പി.2 | 29 | 27 | 3-6-2015-ന് അവസാനിച്ചു | മെയിൻ ലിസ്റ്റിലെ എല്ലാവർക്കും നിയമന ശിപാർശ നൽകി. |
| കെ.എ.പി.3 | 43 | - | 30-11-2017 | - |
| കെ.എ.പി.4 | 122 | - | 16-11-2017 | - |
| കെ.എ.പി.5 | 60 | - | 29-12-2017 | - |
| എം.എസ്.പി. | 96 | - | 30-11-2017 | - |

(ബി) സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നൽകുന്നതിന് നടപടി വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ**

88(1326) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ പാടില്ലെന്ന നിർദ്ദേശം നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിനു വിരുദ്ധമായ നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും സ്റ്റേഷനിൽ ഉണ്ടായതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം ജില്ലയിലെ നരുവാമൂട് പോലീസ് സ്റ്റേഷനിൽ സന്തോഷ് കുമാർ എന്ന സബ് ഇൻസ്പെക്ടർ നിയമിക്കപ്പെട്ടത് എന്നാണ്;

(ഡി) അതിനുശേഷം മൂന്നാംമുറ പ്രയോഗിക്കൽ, കള്ളക്കേസ് രജിസ്റ്റർ ചെയ്യൽ, നിരപരാധികളെ പ്രതി ചേർക്കൽ തുടങ്ങിയ ആരോപണങ്ങളുന്നയിച്ച് എത്ര പരാതികൾ സർക്കാരിനും, പോലീസ് കംപ്ലയിന്റ് അതോറിറ്റിയ്ക്കും ലഭിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത പരാതികളെക്കുറിച്ച് അടിയന്തര അന്വേഷണം നടത്തി മേൽനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) 18-7-2016

(ഡി) പരാതികൾ ലഭിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

**പോലീസ് സ്റ്റേഷനുകളിൽ പിടിക്കപ്പെട്ട വാഹനങ്ങൾ**

89 (1327) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിക്കപ്പെട്ട വാഹനങ്ങൾ സ്റ്റേഷനുകളിൽ നിന്നും ഒഴിവാക്കിക്കിട്ടാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

പോലീസ് സ്റ്റേഷനുകളിൽ കേസുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങൾ കോടതിയുടെ നിർദ്ദേശമനുസരിച്ച് അതിന്റെ ഉടമസ്ഥർക്ക് വിട്ടു നൽകുന്നുണ്ട്. അവകാശികളില്ലാതെ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്ന വാഹനങ്ങളെ KP Act 2011 Section 56 പ്രകാരം പൊതുലേലം നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നതും, ഇപ്രകാരം അവകാശികളില്ലാത്ത വാഹനങ്ങളെ G.O.(MS) No.550/2014/Fin, dated 15-12-2014 ഉത്തരവ് പ്രകാരം MSTC LTD കമ്പനി മുഖാന്തിരം E-Auction ചെയ്തുവരുന്നു.

**പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും**

90 (1328) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പരിയാരം ടി.ബി. സാനിറ്റോറിയത്തിന്റെ ഒരു ഹെക്ടർ ഭൂമി വിട്ടു കിട്ടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതു സംബന്ധിച്ച് റവന്യൂ വകുപ്പിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് പരിയാരം ടി.ബി. സാനിട്ടോറിയത്തിന്റെ ഒരു ഹെക്ടർ ഭൂമി കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**അമ്പൂരി ഗ്രാമപഞ്ചായത്തിൽ പോലീസ് സ്റ്റേഷൻ**

91 (1329) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമ്പൂരി കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കേസ്സുകൾ**

92 (1330) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.പി.ഐ (എം)-ന്റെ എത്ര ഓഫീസുകൾക്കു നേരെ ബി.ജെ.പി, ആർ.എസ്.എസ് പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേർക്കെതിരെ; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2016-ലെ തെരഞ്ഞെടുപ്പിന് ശേഷം ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ എത്ര സി.പി.ഐ. (എം) പ്രവർത്തകർക്ക് നേരെ ആക്രമണം നടത്തിയിട്ടുണ്ടെന്നും, എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും, പരിക്ക് പറ്റിയവർ എത്രയെന്നും വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച് എത്ര പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.പി.ഐ.(എം)-ന്റെ 14 ഓഫീസുകൾക്ക് നേരെ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് 102 പേർക്കെതിരെ 14 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2016-ലെ തെരഞ്ഞെടുപ്പിനുശേഷം 185 സി.പി.ഐ.(എം) പ്രവർത്തകർക്ക് നേരെ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ട്. ഇതിൽ 3 പേർ മരണപ്പെട്ടിട്ടുണ്ട്. 178 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്, 919 പേർക്കെതിരെ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് 919 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

**ട്രാഫിക് നിയമ ലംഘനം**

93 (1331) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി 1 മുതൽ ആഗസ്റ്റ് 31 വരെ ട്രാഫിക് നിയമം ലംഘിച്ചതിന് കാസർഗോഡ് സബ് ഡിവിഷനു കീഴിൽ ഉള്ള പോലീസ് സ്റ്റേഷനുകളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; സ്റ്റേഷൻ തിരിച്ചുള്ള കണക്ക് നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം സെക്ഷനുകൾ പ്രകാരമാണ് പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്തത്; പ്രസ്തുത കേസുകളിൽ നൽകിയ ശിക്ഷാ നടപടികൾ എന്താണ് എന്ന് വ്യക്തമാക്കാമോ; പിഴ ചുമത്തി കേസുകൾ തീർപ്പാക്കിയിട്ടുണ്ടെങ്കിൽ ഓരോ കേസിനും ചുമത്തിയ പിഴയുടെ തുകയും കേസ് രജിസ്റ്റർ ചെയ്ത ഓഫീസറുടെ പേരും വ്യക്തമാക്കാമോ;

(സി) വാഹന പരിശോധനയിൽ പോലീസ് പാലിക്കേണ്ട നടപടികളെ കുറിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഡി.ജി.പി.-യോ സർക്കാരോ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ എന്ത് സംവിധാനമാണുള്ളത്;

(ഡി) ബൈക്കിൽ സഞ്ചരിക്കുന്ന ഷാഡോ പോലീസുകാരടക്കം ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾ തടഞ്ഞുനിർത്തി പരിശോധിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വാഹന പരിശോധനയുമായി ബന്ധപ്പെട്ട നിയമങ്ങൾക്കും അനുശാസനകൾക്കും അനനുസൃതമാണോ പ്രസ്തുത നടപടി എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016 ജനുവരി 1 മുതൽ ആഗസ്റ്റ് 31 വരെ ട്രാഫിക് നിയമം ലംഘിച്ചതിന് 952 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| പോലീസ് സ്റ്റേഷൻ | കേസ്സുകളുടെ എണ്ണം |
|---|---|
| കുമ്പള | 130 |
| മഞ്ചേശ്വരം | 81 |
| വിദ്യാനഗർ | 34 |
| ബദിയടുക്ക | 77 |
| ആദൂർ | 168 |
| ബേടകം | 205 |
| കാസർഗോഡ് | 130 |
| ട്രാഫിക് പോലീസ് സ്റ്റേഷൻ | 127 |

(ബി) Section 279 IPC, 336 IPC, 283 IPC, 132 MV Act, 184 MV Act എന്നീ വകുപ്പുകൾ പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനെക്കുറിച്ചും വാഹനങ്ങൾ പരിശോധിക്കുന്നതിനെക്കുറിച്ചും യഥാസമയങ്ങളിൽ സംസ്ഥാന പോലീസ് മേധാവി സർക്കുലർ മുഖേന നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ട്രാഫിക് നിയമ ലംഘനങ്ങൾക്കുള്ള പിഴ**

94 (1332) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ ഹെൽമറ്റ് ധരിക്കാത്ത ടൂവീലർ യാത്രക്കാർ ഉൾപ്പെടെയുള്ള വാഹന യാത്രക്കാരിൽ നിന്നും വിവിധ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് ആഭ്യന്തര വകുപ്പ് എന്ത് തുക പിഴയിനത്തിൽ ഈടാക്കി;

(ബി) മുൻ സർക്കാരിന്റെ ആദ്യ നൂറ് ദിവസ കാലയളവിൽ പ്രസ്തുത ഇനത്തിൽ എന്ത് തുക പിരിച്ചെടുത്തിട്ടുണ്ട്?

<u>ഉത്തരം</u>

(എ) 25-5-2016 മുതൽ 15-9-2016 വരെ വിവിധ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് ആഭ്യന്തര വകുപ്പ് 22,01,03,724 രൂപ (ഇരുപത്തിരണ്ട് കോടി ഒരു ലക്ഷത്തി മൂവായിരത്തി എഴുന്നൂറ്റി ഇരുപത്തി നാല് രൂപ മാത്രം) പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.

(ബി) 18-5-2011 മുതൽ 25-8-2011 വരെ പ്രസ്തുത ഇനത്തിൽ ആഭ്യന്തര വകുപ്പ് 9,09,09,503/- രൂപ (ഒൻപത് കോടി ഒൻപത് ലക്ഷത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റിമൂന്ന് രൂപ മാത്രം) പിഴ ഈടാക്കിയിട്ടുണ്ട്.

## കഞ്ചാവും മറ്റ് ലഹരി പദാർത്ഥങ്ങളും ഉപയോഗിച്ചതിനുശേഷമുള്ള ഡ്രൈവിംഗ്

95 (1333) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവും മറ്റ് ലഹരി പദാർത്ഥങ്ങളും ഉപയോഗിച്ചതിനുശേഷം വാഹനം ഓടിക്കുന്നവരെ കണ്ടുപിടിക്കാനും കേസെടുക്കാനും സംവിധാനം നിലവിലുണ്ടോ;

(ബി) ഇപ്രകാരം ലഹരിയിൽ വാഹനം ഓടിക്കുന്നവർക്കെതിരെ ഏതു വകുപ്പ് ചുമത്തിയാണ് കേസെടുക്കുന്നത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്കെതിരെ ഇപ്രകാരം കേസ് എടുത്തിട്ടുണ്ട്;

(ഡി) അന്യസംസ്ഥാനത്ത് നിന്നും വരുന്ന വാഹനങ്ങൾ ഓടിക്കുന്നവർ ഇത്തരം ലഹരി വസ്തുക്കൾ കൂടുതലായി ഉപയോഗിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ച ശേഷം വാഹനം ഓടിക്കുന്ന വർക്കെതിരെ കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) കഞ്ചാവും മറ്റ് ലഹരി പദാർത്ഥങ്ങളും ഉപയോഗിച്ചതിനുശേഷം വാഹനം ഓടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാരെ രക്തപരിശോധനയ്ക്ക് വിധേയമാക്കി നിയമ നടപടികൾ സ്വീകരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്.

(ബി) MV Act-ലെ സെക്ഷൻ 185 (a) & (b) പ്രകാരമാണ് ഇവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെപ്റ്റംബർ 15 വരെ മദ്യപിച്ച് വാഹനമോടിച്ചതിന് 65,226 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. എന്നാൽ കഞ്ചാവും മറ്റ് ലഹരി പദാർത്ഥങ്ങളും ഉപയോഗിച്ച് വാഹനം ഓടിച്ചതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

**നടക്കാവ് സിവിൽ സ്റ്റേഷൻ കേസ്**

96 (1334) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് സിവിൽസ്റ്റേഷനിലെ മരം മുറിയുമായി ബന്ധപ്പെട്ടും, നടക്കാവ് ഗവ. വി.എച്ച്.എസ്. സ്കൂളിലെ ഗ്രൗണ്ട് തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ടും നടക്കാവ് പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

കോഴിക്കോട് സിവിൽ സ്റ്റേഷനിലെ മരംമുറിയുമായി ബന്ധപ്പെട്ട് നടക്കാവ് പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 964/2012 u/s.379 IPC കേസിൽ അന്വേഷണം പൂർത്തിയാക്കി അഡ്വ. ആനന്ദകനകം എന്നയാൾക്കെതിരെ ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ടി കേസിൽ ഇപ്പോൾ വിചാരണ നടന്നുവരികയാണ്. നടക്കാവ് ഗവ. വി.എച്ച്.എസ്. സ്കൂളിലെ ഗ്രൗണ്ട് തീയിട്ട് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 344/2015 u/s.435 IPC കേസിൽ പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ അന്വേഷണം അവസാനിപ്പിച്ച് പ്രസ്തുത കേസ് undetected (UD) ആയി ഫൈനൽ റിപ്പോർട്ട് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

**കലാഭവൻ മണിയുടെ അകാലമരണം**

97 (1335) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാഭവൻ മണിയുടെ മരണം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ; ടിയാന്റെ മരണം എങ്ങനെ സംഭവിച്ചുവെന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ബി) ടിയാന്റെ മരണം കൊലപാതകമാണെന്ന് ആരോപിച്ച് ആരെങ്കിലും സർക്കാരിന്/പോലീസ് അധികാരികൾക്ക് ഏതെങ്കിലും തരത്തിൽ പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും സ്വീകരിച്ച നടപടികളും വിശദീകരിക്കാമോ;

(സി) പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ; ആയതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും പ്രതി ചേർത്തിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ എഫ്. ഐ. ആർ. നമ്പരും, മറ്റുവിശദാംശങ്ങളും, കേസ് ആര് അന്വേഷിക്കുന്നുവെന്നും വിശദമാക്കാമോ;

(ഇ) മരണത്തിന്റെ പോസ്റ്റുമോർട്ടം റിപ്പോർട്ടിലെ വിവരങ്ങൾ വെളിപ്പെടുത്തുമോ; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കലാഭവൻ മണി മരണപ്പെട്ടത് ഏത് വിധേനയാണെന്ന് നാളിതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. കേസിൽ ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നു.

(ബി) കലാഭവൻ മണിയുടെ മരണം അസ്വാഭാവിക മരണമാണെന്ന് ആരോപിച്ച് രണ്ടു പത്ര കട്ടിംഗ് ഉൾപ്പെടെ പതിനാറ് പരാതികൾ പോലീസ് അധികാരികൾക്ക് ലഭിച്ചിട്ടുണ്ട്.

1. ശ്രീ. ഇഗ്നേഷ്യസ് കാട്ടൂർ (സാമൂഹ്യ പ്രവർത്തകൻ, ആലപ്പുഴ)
2. എസ്.സി./എസ്.റ്റി. സർവ്വീസ് സൊസൈറ്റി - ഒറ്റശേഖരമംഗലം, തിരുവനന്തപുരം
3. ശ്രീ. വിനയൻ (സിനിമാ സംവിധായകൻ)
4. ശ്രീ. ബൈജു കൊട്ടാരക്കര (മാക്ട പ്രസിഡന്റ്)
5. ശ്രീ.ജോസഫ് തോമസ്, അമേരിക്ക
6. ശ്രീമതി നിമ്മി (മരണപ്പെട്ട കലാഭവൻ മണിയുടെ ഭാര്യ)
7. ശ്രീ. ജിജി, ചേരാനെല്ലൂർ
8. ജന്മഭൂമി (news paper cutting)
9. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
10. Anonymous petition
11. കേരള ദളിത് ആദിവാസി ഫെഡറേഷൻ, മലപ്പുറം.
12. ജിഷ്ണു, അട്ടൂർ
13. കേരള കൗമുദി, തൃശ്ശൂർ(News paper cutting)
14. Anonymous petition
15. ശ്രീ. രാമകൃഷ്ണൻ (മരണപ്പെട്ട കലാഭവൻ മണിയുടെ സഹോദരൻ)
16. ശ്രീ. വി. വി. തമ്പി, കുന്നംകുളം.

പ്രസ്തുത പരാതികൾ അന്വേഷണത്തിനും മേൽ നടപടികൾക്കുമായി തൃശ്ശൂർ റെയ്ഞ്ച് ഐ.ജി.-ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. കേസ് സി.ബി.ഐ.-ക്ക് കൈമാറണമെന്നാവശ്യപ്പെട്ട് ടിയാന്റെ കുടുംബാംഗങ്ങളും കേരള സ്റ്റേറ്റ് എസ്.സി/ എസ്.റ്റി. സർവ്വീസ് സൊസൈറ്റി അംഗങ്ങളും സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. കേസ് സി.ബി.ഐ.-ക്ക് കൈമാറുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്. ആരെയും പ്രതി പട്ടികയിൽ ഉൾപ്പെടുത്തുവാനായിട്ടുള്ള തെളിവുകൾ ലഭിച്ചിട്ടില്ല.

(ഡി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചാലക്കുടി പോലീസ് സ്റ്റേഷൻ ക്രൈം നം.537/2016 u/s 174 Cr.PC ആയി രജിസ്റ്റർ ചെയ്ത് ചാലക്കുടി പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു.

(ഇ) പ്രസ്തുത കേസിലെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ Death was due to Chlorpyrifos and Methyl Alcohol Poisoning, the Pre-Existing chronic liver disease (CIRRHOSIS) could have accelerated death എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പോസ്റ്റുമാർട്ടം റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*

**പ്രത്യേക അന്വേഷണ വിഭാഗം**

98 (1336) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ന്യൂജെൻ ബാങ്കിംഗ് സൗകര്യം ഉപയോഗിച്ച് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും പണം തട്ടുന്നത് അന്വേഷിക്കുന്നതിന് പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

രൂപീകരിച്ചിട്ടില്ല. ഇത്തരം കേസ്സുകളുടെ സ്വഭാവമനുസരിച്ച് ജില്ലകളിൽ ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കായംകുളം ട്രാഫിക് യൂണിറ്റ്

99 (1337) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ട്രാഫിക്ക് യൂണിറ്റിൽ ടെലിഫോൺ,കമ്പ്യൂട്ടർ, ഇ-മെയിൽ എന്നീ സംവിധാനങ്ങൾ,പഴയ വാഹനത്തിന് പകരം പുതിയ വാഹനം, ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷൻ ആക്കി ഉയർത്തുക എന്നീ നടപടി ക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ?

ഉത്തരം

കായംകുളം ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ കായംകുളം ട്രാഫിക്ക് യൂണിറ്റിൽ ടെലിഫോൺ, ഇന്റർനെറ്റ്, പുതിയ വാഹനം എന്നിവ അനുവദിക്കുന്നത് വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

## റെയിൽവേ യാത്രയുടെ സുരക്ഷിതത്വം

100 (1339) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന റെയിൽവേ യാത്ര ആഭ്യന്തര വകുപ്പിന്റെ സുരക്ഷിതത്വം ഇല്ലാത്തതുമൂലം വനിതായാത്രികർ, കുട്ടികൾ, വൃദ്ധർ എന്നിവർക്ക് കഴിഞ്ഞ അഞ്ച് വർഷക്കാലം സുരക്ഷിതമായ യാത്ര ഉറപ്പില്ലാതിരുന്നതും അതുമൂലം മോഷണം, പിടിച്ചുപറി, ആക്രമണങ്ങളും അതിന്റെ ഭാഗമായി സംഭവിച്ചിരുന്ന മരണങ്ങളും ഉണ്ടായത് ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തിൽ ഇവ സംബന്ധിച്ച് ആഭ്യന്തര വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇത്തരം ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാനും റെയിൽവേ യാത്രക്കാർക്ക് പൊതുവെയും വനിതായാത്രക്കാർക്കും കുട്ടികൾക്കും വൃദ്ധർക്കും പ്രത്യേക പരിഗണന നൽകുവാനും ആഭ്യന്തര വകുപ്പ് റെയിൽവേയുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സീകരിക്കാമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ സംസ്ഥാന റെയിൽവേ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | മോഷണം (Ordinary&HB) | പിടിച്ചുപറി | ആക്രമണം (Hurt, Riots, Attempt to murder, Culpable Homicide etc.) | ആക്രമണം മൂലമുള്ള മരണം |
|---|---|---|---|---|
| 2011 | 248 | 2 | 39 | 0 |
| 2012 | 201 | 3 | 49 | - |
| 2013 | 231 | 3 | 37 | 2 |
| 2014 | 228 | 7 | 41 | 3 |
| 2015 | 196 | 11 | 28 | 1 |

(സി) വനിതാ യാത്രക്കാർ ഉൾപ്പെടെയുള്ള റെയിൽവേ യാത്രക്കാർക്ക് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനായി റെയിൽവേ പോലീസ് പട്രോളിംഗ് ഊർജ്ജിതമാക്കിയിട്ടുണ്ട്. ഇതിനുപുറമേ വനിതാ പോലീസിന്റെ സേവനം റെയിൽവേ പോലീസിന് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമേ റെയിൽവേ അധികാരികളുമായി ബന്ധപ്പെട്ട് തത്തുല്യമായ സേവനം ആർ.പി.എഫ്.-ന്റെ ഭാഗത്ത് നിന്നും ഉറപ്പാക്കുന്നതുമാണ്.

**ഇന്ത്യൻ പീനൽകോഡ് വകുപ്പ് ദുരുപയോഗം**

101 (1340) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ പീനൽകോഡ് 498A-യുടെ ദുരുപയോഗം ചെറുക്കുന്നതിന് സുപ്രീംകോടതി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വകുപ്പ് പ്രകാരമുള്ള ആട്ടോമാറ്റിക് അറസ്റ്റ് പാടില്ല എന്ന സുപ്രീംകോടതിയുടെ വിധി നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

(സി) 498-എ പ്രകാരം വ്യാജ പരാതികൾ വർദ്ധിക്കുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ യെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ പീനൽകോഡ് 498 A-യുടെ ദുരുപയോഗം നിയന്ത്രിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ 2-10-2012-ൽ പോലീസ് ആസ്ഥാനത്ത് നിന്നും സർക്കുലർ 28/2012 പ്രകാരം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) 498 A വകുപ്പ് പ്രകാരമുള്ള ആട്ടോമാറ്റിക് അറസ്റ്റ് പാടില്ലെന്നും ടി വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ ഇതിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്ന സാഹചര്യം ബോദ്ധ്യപ്പെട്ട് കഴിഞ്ഞാൽ അന്വേഷണ ഉദ്യോഗസ്ഥൻ CrPC പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ അറസ്റ്റ് ചെയ്യുവാൻ പാടുള്ളു എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് 16-3-2011-ൽ പോലീസ് ആസ്ഥാനത്ത് നിന്നും സർക്കുലർ നമ്പർ 07/2011 പ്രകാരവും 13-8-2014-ൽ 20/2014 പ്രകാരവും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്ക് പോലീസ് കാവൽ**

102 (1341 ) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്കു മുന്നിൽ പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്കാണ് പോലീസ് കാവൽ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് നഗരത്തിൽ ചില രാഷ്ട്രീയ പാർട്ടികളുടെ ജില്ലാ ഓഫീസുകളുടെ മുന്നിൽ സ്ഥിരമായി കാണപ്പെടുന്ന പോലീസ് സാന്നിദ്ധ്യം രാഷ്ട്രീയ പാർട്ടി ഓഫീസുകൾക്ക് സർക്കാർ ഒരുക്കുന്ന കാവൽ സംവിധാനത്തിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കുമോ;

(സി) അല്ലെങ്കിൽ ഇപ്രകാരം പോലീസ് സാന്നിദ്ധ്യം കാണപ്പെടുവാനുണ്ടായ സഹചര്യം വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഇല്ല

(ബി&സി) കാസർഗോഡ് നഗരത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെയും ഓഫീസിന് പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടില്ല. ഇടയ്ക്കിടെ ഉണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങളുടെ ഭാഗമായി ഹൈവേകളിലും മറ്റു പ്രശ്നബാധിത പ്രദേശങ്ങളിലും സ്ഥിരം പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗതാഗതക്കുരുക്ക് കൂടുതൽ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഗതാഗത നിയന്ത്രണത്തിനായി സ്ഥിരം പോലീസ് സാന്നിധ്യം ഉണ്ടാകാറുണ്ട്.

**ഹരിപ്പാട് കൃഷ്ണകുമാറിന്റെ ആത്മഹത്യയ്ക്കിടയാക്കിയ സംഭവം**

103 (1342) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കാർത്തികപ്പള്ളി മുളമൂട്ടിൽ തെക്കതിൽ കൃഷ്ണകുമാർ ആത്മഹത്യ ചെയ്യാനിടയാക്കിയ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ക്രൈം നമ്പർ എത്രയാണ് ;

(ബി) ആത്മഹത്യാക്കുറിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതുപ്രകാരം ആത്മഹത്യ ചെയ്യാനിടയാക്കിയ കാരണം വ്യക്തമാക്കുമോ;

(സി) ആത്മഹത്യയ്ക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികൾക്കെതിരെ ആത്മഹത്യ പ്രേരണാക്കുറ്റത്തിനും കൃത്യവിലോപത്തിനും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുമോ?

<u>ഉത്തരം</u>

(എ) തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 984/2016 u/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്. ആത്മഹത്യാക്കുറിപ്പിൽ, മരിച്ച കൃഷ്ണകുമാറിന്റെ വീടിന്റെ തെക്കുമാറി താമസിച്ചുവരുന്ന ഉണ്ണിയും (ജിതിൻ), തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷൻ അഡീഷണൽ സബ് ഇൻസ്പെക്ടർ ശ്രീ. വിജയകുമാറുമാണ് മരണത്തിന് ഉത്തരവാദിയെന്നും, തന്റെ മരുമകളെ ഉണ്ണിയെന്ന ജിതിൻ ഫോണിലൂടെ ശല്യം ചെയ്യുന്നുവെന്ന് കാണിച്ച് തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷനിൽ തന്റെ ഭാര്യ സമർപ്പിച്ച പരാതിയിൽ അന്വേഷണം നടത്തിയില്ല എന്നത് കാരണമായി രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ ആത്മഹത്യ പ്രേരണാകുറ്റം ചുമത്തുന്നതിന് ആവശ്യമായ തെളിവുകൾ ലഭിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്.

## ഹെൽമറ്റ് പരിശോധന

104 (1343) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽമറ്റ് ധരിക്കാത്ത ടൂവീലർ യാത്രക്കാരെ പിടികൂടുന്നതിന് പോലീസിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; പകർപ്പ് ലഭ്യമാക്കുമോ;

(ബി) പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങൾക്കിടയിൽനിന്ന് ചാടി വീണ് ടൂവീലർ യാത്രികരെ തടഞ്ഞ് പരിശോധന നടത്താൻ പോലീസിന് നിർദ്ദേശം നല്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അത്തരത്തിൽ നടത്തുന്ന പരിശോധന അടിയന്തരമായി നിർത്താൻ നിർദ്ദേശം നല്കുമോ;

(ഡി) നിർദ്ദേശം ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) യാത്രക്കാർക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിൽ വാഹന പരിശോധന നടത്തണമെന്നും വാഹന പരിശോധന നടത്തുന്നതിനായി കൈക്കൊള്ളേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി 28-3-2012-ലെ 06/2012-ാം നമ്പർ സർക്കുലർ പ്രകാരം വ്യക്തമായ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇത്തരത്തിൽ വാഹന പരിശോധന നടത്താൻ പോലീസിന് അനുവാദം നൽകിയിട്ടില്ല.

(സി) വാഹന പരിശോധന സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ആവശ്യപ്പെട്ട് പോലീസ് ഉദ്യോഗസ്ഥർക്ക് ഇതിനകംതന്നെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) നിർദ്ദേശം ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിളപ്പിൽ പോലീസ് സ്റ്റേഷന്റെ ഓഫീസ് നിർമ്മാണം

105 (1344) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ പോലീസ് സ്റ്റേഷന്റെ ഓഫീസ് നിർമ്മാണത്തിന്റെ തറക്കല്ലിടലിനുശേഷം നാളുകളായിട്ടും പണി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി അനുവദിക്കപ്പെട്ടിട്ടുള്ള തുകയും നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടികളും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 49 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ വെയ്സ് & മീൻസ് ക്ലിയറൻസ് യഥാസമയം നൽകാത്തതിനാൽ മുൻവർഷം തുക സറണ്ടർ ചെയ്യേണ്ടി വന്നു. പ്രസ്തുത തുക അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കാട്ടാക്കട കേന്ദ്രമായി ഡിവൈ.എസ്.പി. ഓഫീസ്

106 (1345) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടക്കട പുതിയ താലൂക്കായി പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ, കാട്ടാക്കട കേന്ദ്രമായി ഡിവൈ.എസ്.പി. ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കാട്ടാക്കടയിൽ ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു.

## പുത്തലത്ത് നസീറുദ്ദീന്റെ കൊലപാതകം

107 (1346) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം പഞ്ചായത്തിൽ പുത്തലത്ത് നസീറുദ്ദീൻ കൊല ചെയ്യപ്പെട്ടത് എന്നായിരുന്നു; പ്രസ്തുത കേസിനോടനുബന്ധിച്ച് എത്ര പ്രതികളെ പോലീസ് ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളുടെ പേര്, അറസ്റ്റ് രേഖപ്പെടുത്തിയ തീയതി, ഇവർക്കെതിരെ ചുമത്തിയ വകുപ്പുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) കേസന്വേഷണത്തിന്റെ ചുമതല ആർക്കാണ്; കേസിൽ എത്ര പ്രതികളെ കൂടി ഇനി അറസ്റ്റ് ചെയ്യാനുണ്ട്;

(ഡി) പ്രതികൾ ഏതു രാഷ്ട്രീയ പാർട്ടികളുടെ അനുഭാവികളാണെന്ന കാര്യം വ്യക്തമാക്കുമോ;

(ഇ) പ്രതികളുടെ അറസ്റ്റും കുറ്റപത്ര സമർപ്പണവും താമസിക്കുന്നത് പ്രതികൾക്ക് ജാമ്യം ലഭിക്കുന്നതിനും കേസ് ദുർബ്ബലപ്പെടുത്തുന്നതിനും കാരണമാകുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ;

(എഫ്) മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്ത് കേസിന്റെ കുറ്റപത്രം എന്നത്തേക്ക് കോടതിയിൽ സമർപ്പിക്കാനാകുമെന്നാണ് കരുതുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വേളം പഞ്ചായത്തിൽ പുത്തലത്ത് നസീറുദ്ദീൻ കൊല ചെയ്യപ്പെട്ടത് 15-7-2016-ലായിരുന്നു. ഇതുസംബന്ധിച്ച് 4 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കുറ്റ്യാടി പോലീസ് സ്റ്റേഷൻ ക്രൈം നം. 634/2016 എന്ന കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളുടെ പേര്, അറസ്റ്റ് രേഖപ്പെടുത്തിയ തീയതി, ഇവർക്കെതിരെ ചുമത്തിയ വകുപ്പുകൾ എന്നിവ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രതിയുടെ പേര് | അറസ്റ്റ് ചെയ്ത തീയതി | ചുമത്തിയ വകുപ്പുകൾ |
|---|---|---|---|
| (1) | ബഷീർ, S/o അമ്മദ് | 17-7-2016 | U/s.302 r/w 34 IPC |
| (2) | അന്ത്രു, S/o ഇബ്രാഹിം | 17-7-2016 | U/s.302 r/w 34 IPC |
| (3) | റഫീഖ്, S/o അമ്മദ് | 22-7-2016 | U/s.201, 202,212 IPC |
| (4) | റഫീഖ്, S/o സൂപ്പി | 6-8-2016 | U/s.201, 202, 212 IPC |

(സി) കുറ്റ്യാടി പോലീസ് ഇൻസ്പെക്ടർക്കാണ് കേസന്വേഷണത്തിന്റെ ചുമതല. ഇനി 3 പേരെ കൂടി ടി കേസ്സിൽ അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി) പ്രതികൾ എസ്.ഡി.പി.ഐ. പ്രവർത്തകരാണെന്ന് വെളിവായിട്ടുണ്ട്.

(ഇ) പ്രതികളിൽ 2 പേർ വിദേശത്താണുള്ളത്. RCEL-ൽ നിന്നും കേസിന്റെ തെളിവിലേക്കുള്ള രാസപരിശോധനാ ഫലം കിട്ടാത്തതിനാലും പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളതിനാലുമാണ് കുറ്റപത്രം സമർപ്പിക്കാൻ വൈകുന്നത്. കേസ് ദുർബ്ബലപ്പെടുത്തുന്ന നടപടികൾ പോലീസ് സ്വീകരിച്ചിട്ടില്ല. പരമാവധി വേഗത്തിൽ കുറ്റപത്രം സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) രാസപരിശോധനാ ഫലം ലഭ്യമാകുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണ്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

108 (1347) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിനുതന്നെ മാതൃകയായി ഏറെ പ്രശംസ പിടിച്ചുപറ്റിയ 'സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം അർഹമായ എല്ലാ സ്കൂളുകളിലും അനുവദിക്കുന്നതിന് അനുമതി നൽകുമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിഗണിച്ച് 'സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം ആരംഭിക്കുന്നതിനായി കൊടകര ഡോൺബോസ്കോ ഹൈസ്കൂൾ സമർപ്പിച്ച അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ State Level Advisory Committee-യാണ് അപേക്ഷകൾ പരിശോധിച്ച് എസ്.പി.സി. പ്രോജക്ടിന്റെ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(ബി&സി) എസ്.പി.സി. പ്രോജക്ടിന്റെ നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി

109 (1348) ശ്രീ .സി. ദിവാകരൻ :
ശ്രീ ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ വി. ആർ. സുനിൽ കുമാർ :
ശ്രീ മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം നടപ്പിലാക്കിയതിനു ശേഷം വിദ്യാർത്ഥികൾക്കിടയിലെ ക്രിമിനൽ വാസന കുറഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഡിജിറ്റൽ ലിറ്ററസി പ്രോഗ്രാമിലേക്കായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) Kerala Planning Board, KPMG (Klynveld Peat Marwick Goerdeler Company) എന്നിവ നടത്തിയ പഠനങ്ങളിൽ SPC പദ്ധതി നടപ്പിലാക്കിയ ശേഷം വിദ്യാർത്ഥികൾക്കിടയിലെ ക്രിമിനൽ വാസന കുറഞ്ഞിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം റവന്യൂ ജില്ലയിലെ 10 സ്കൂളുകളിൽ എസ്.പി.സി. സംവിധാനം ഉപയോഗപ്പെടുത്തി ഡിജിറ്റൽ ലിറ്ററസി പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്.

(സി)സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകളിൽ പദ്ധതിയുടെ ജില്ലാ/സംസ്ഥാനതല ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം ഉചിതമായ തീരുമാനം കൈകൊണ്ടു വരുന്നു.

## മധ്യപ്രദേശ് നിയമസഭാ സാമാജികരെ അപമാനിച്ച സംഭവം

110 (1350) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സന്ദർശനത്തിനിടയിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്ര ദർശന ത്തിനെത്തിയ മദ്ധ്യപ്രദേശ് നിയമസഭാ സാമാജികരെയും കുടുംബാംഗങ്ങളെയും സുരക്ഷാ ജീവനക്കാർ തടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നുള്ള കത്തുമായി ദർശനത്തിനെത്തിയ പ്രസ്തുത എം.എൽ.എ.മാരെ അപമാനിച്ച സംഭവത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; ആർക്കെതിരെ ആരാണ് പരാതി നൽകിയതെന്നും പരാതിയിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ഇതരസംസ്ഥാനങ്ങളിൽനിന്ന് വരുന്ന എം.എൽ.എ.മാരെപ്പോലുള്ളവർ, ഭാവിയിൽ ജനമദ്ധ്യേ അപമാനിക്കപ്പെടില്ലെന്ന് ഉറപ്പുവരുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതി ലഭിച്ചിട്ടുണ്ട്. മധ്യപ്രദേശിൽ നിന്നെത്തിയ നിയമസഭാ സാമാജികരെയും കുടുംബാംഗങ്ങളെയും ക്ഷേത്രത്തിനുള്ളിലെ കിഴക്കേനട കൊടിമരം ഭാഗം വഴി അകത്തേക്ക് കയറുന്നത് ക്ഷേത്രം ജീവനക്കാരനായ ഗാർഡ് കമാണ്ടർ തടയുകയും അകമ്പടി സേവിച്ച ശ്രീപത്മനാഭസ്വാമി ക്ഷേത്ര സുരക്ഷാ വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥർ അറിയിച്ചതനുസരിച്ച് ക്ഷേത്രം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സ്ഥലത്തെത്തി അവരെ കടത്തി വിടുകയും ക്ഷേത്ര ദർശനം നടത്തിയിട്ടുള്ളതുമാണ്. ഇതുസംബന്ധിച്ച് സാമാജികരോടൊപ്പം ഡ്യൂട്ടിക്കായി നിയോഗിച്ചയച്ച കേരള നിയമസഭാ സാർജന്റ് അസിസ്റ്റന്റ്, ക്ഷേത്രം മതിലകം ഗാർഡ് കമാണ്ടർക്കെതിരെ ശ്രീപത്മനാഭസ്വാമി ക്ഷേത്രം സുരക്ഷാ വിഭാഗം ഡെപ്യൂട്ടി പോലീസ് കമ്മീഷണർക്ക് പരാതി സമർപ്പിച്ചിട്ടുള്ളതും തുടർന്ന് പരാതിയിന്മേൽ അന്വേഷണം നടത്തി ക്ഷേത്രം മതിലകം ഗാർഡ് കമാൻഡർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി ക്ഷേത്രം അഡ്മിനിസ്ട്രേറ്റീവ് ചെയർപേഴ്സൺ, എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർക്ക് വിശദമായ റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്.

(സി) ക്ഷേത്രത്തിൽ ദർശനത്തിനായി എത്തുന്ന വി.ഐ.പി.-കൾക്ക് അർഹമായ പരിഗണന നല്കുന്നതിന് ക്ഷേത്രം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചെയർപേഴ്സൺ, ക്ഷേത്രം മതിലകം എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കേരളത്തിൽ തൊഴിലെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾ**

111 (1352) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തൊഴിലെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളിൽ ബംഗ്ലാദേശ് പൗരത്വമുള്ളവരുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കേരളത്തിലെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ കാർഡ് വിതരണം ചെയ്തിട്ടുണ്ടോ; ഇവരുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിക്കുന്നതിന് അവരുടെ സംസ്ഥാനവുമായി ബന്ധപ്പെട്ട് അന്വേഷണങ്ങൾ നടത്താറുണ്ടോ;

(സി) 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ ഇതരസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കൊലപാതക -മോഷണക്കേസുകൾ എത്ര വീതമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ തൊഴിലെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളിൽ ബംഗ്ലാദേശ് പൗരത്വമുള്ളവരുമായി ബന്ധപ്പെട്ട് 29 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിൽ 1- ഉം, ആലപ്പുഴ ജില്ലയിൽ 1- ഉം കോട്ടയം ജില്ലയിൽ 1- ഉം, എറണാകുളം ജില്ലയിൽ 19 -ഉം, തൃശ്ശൂർ ജില്ലയിൽ 3 -ഉം, മലപ്പുറം ജില്ലയിൽ 1-ഉം, കോഴിക്കോട് ജില്ലയിൽ 3-ഉം കേസ്സുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം പ്രസ്തുത തൊഴിലാളികൾക്ക് ലേബർ കാർഡ് നല്കുന്നതിന് നിലവിൽ സംവിധാനമുണ്ട്. കേസുകളിൽ ഉൾപ്പെടുന്നവരുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിക്കുന്നതിന് അവരുടെ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണങ്ങൾ നടത്താറുണ്ട്.

(സി) 517 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 22 കൊലപാതക കേസുകളും 118 മോഷണക്കേസ്സുകളുമാണുള്ളത്.

**വ്യാജനമ്പർ പതിപ്പിച്ച വാഹനങ്ങൾക്കെതിരെ നടപടി**

112 (1353) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ആർ.റ്റി. ഓഫീസിൽ രജിസ്റ്റർ ചെയ്ത് അവിടെ മാത്രം ഓടുന്ന മോപ്പഡിന്റെ ഉടമയ്ക്ക് തിരുവനന്തപുരത്ത് അമിതവേഗതയിൽ ഓടിച്ചതായി കാണിച്ച് പിഴയടക്കാൻ നോട്ടീസ് നൽകിയതായ റിപ്പോർട്ട് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇത് ഏത് വിധത്തിലാണ് സംഭവിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(സി) വ്യാജനമ്പർ പതിപ്പിച്ച വാഹനങ്ങൾ തിരുവനന്തപുരത്ത് പിടിയിലായിട്ടുണ്ടോ;

(ഡി) വ്യാജനമ്പർ പതിപ്പിച്ച വാഹനങ്ങൾ പിടികൂടാനും ശിക്ഷാ നടപടികൾ സ്വീകരിക്കാനും അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. വാഹനത്തിന്റെ നമ്പർ പ്ലേറ്റിലെ നമ്പരിലുണ്ടായ അവ്യക്തത കൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്ന് വെളിവായിട്ടുണ്ട്. ആയത് പരിഹരിച്ച് യഥാർത്ഥ ആർ.സി. ഉടമയ്ക്ക് പിഴയടയ്ക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇതുസംബന്ധിച്ച കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്.

**വർക്കലയിൽ പുതിയ ഡിവൈ.എസ്.പി. ഓഫീസ്**

113 (1354) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്ക് കേന്ദ്രീകരിച്ച് ഒരു ഡിവൈ.എസ്.പി. ഓഫീസ് രൂപീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി; കേരളത്തിൽ ഏറ്റവും കൂടുതൽ (15) പോലീസ് സ്റ്റേഷനുകൾ അധികാരപരിധിയിൽവരുന്ന ആറ്റിങ്ങൽ ഡി. വൈ. എസ്. പി. ഓഫീസ് വിഭജിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആറ്റിങ്ങൽ ഡിവൈ.എസ്.പി. ഓഫീസ് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വർക്കലയിൽ ഒരു ഡിവൈ.എസ്.പി. ഓഫീസ് എന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടില്ല.

(ബി) പരിശോധിക്കാവുന്നതാണ്.

**തിരുമുല്ലവാരം വനിതാ ക്ഷേമ സഹകരണ സംഘത്തിലെ അഴിമതി**

114 (1355) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ തിരുമുല്ലവാരം വനിതാ ക്ഷേമ സഹകരണ സംഘത്തിലെ സെക്രട്ടറിയും ഭരണസമിതി അംഗങ്ങളും കുറ്റകരമായ വിശ്വാസ വഞ്ചന നടത്തി ഇടപാടുകാരെ വഞ്ചിച്ചത് സംബന്ധിച്ച് കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ ഫലപ്രദമായ അന്വേഷണം നടന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘത്തിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും നടത്തിയവർക്കെതിരെ ഫലപ്രദമായ അന്വേഷണം നടത്തി നിയമാനുസൃത നടപടി അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിന് കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ 1783/2014 നമ്പർ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് കൊല്ലം വെസ്റ്റ് പോലീസ് ഇൻസ്പെക്ടർ ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

**മതപരിവർത്തന കേസ്സുകൾ**

115 (1356) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ കാലയളവിൽ കാണാതായ/അപ്രത്യക്ഷരായ സ്ത്രീകൾ, പുരുഷൻമാർ, കുട്ടികൾ, സർക്കാർ ഉദ്യോഗസ്ഥർ/സ്വകാര്യ കമ്പനി ഉദ്യോഗസ്ഥർ എന്നിവർ എത്രയായിരുന്നുവെന്നും ഇവരിൽ മുൻസർക്കാർ കാലയളവിൽ കണ്ടെത്തിയവർ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഇത്തരം എത്ര സംഭവങ്ങൾ റിപ്പോർട്ടു ചെയ്തു എന്നും ഇതിനെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) മുൻസർക്കാർ കാലയളവിൽ എത്ര മതപരിവർത്തന കേസ്സുകൾ റിപ്പോർട്ട് ചെയ്തു; ഏതു മതങ്ങളിലേയ്ക്കായിരുന്നു പരിവർത്തനം എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇങ്ങനെ കാണാതായവർ/അപ്രത്യക്ഷരായവർ എന്നിവരിൽ എത്ര പേർ വിവിധ വിദേശ ഭീകര സംഘടനകളിൽ എത്തിച്ചേർന്നു എന്ന് വിശദമാക്കുമോ;

(ഇ) ഈ പ്രവണത തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മുൻസർക്കാർ കാലയളവിൽ മതപരിവർത്തന കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) കാസർഗോഡ് ജില്ലയിൽ സമാനമായ രീതിയിൽ കാണാതായവർ/ അപ്രത്യക്ഷരായവർ എന്നിവരിൽ 17 പേർ വിവിധ വിദേശ ഭീകര സംഘടനകളിൽ എത്തിച്ചേർന്നതാണെന്നുള്ള അനുമാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഐ.എസ്. ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന സന്ദേശങ്ങളും അവ സോഷ്യൽ മീഡിയ തുടങ്ങിയ മാദ്ധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്ന വ്യക്തികളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും അവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രവർത്തനങ്ങൾ തുടർച്ചയായി നിരീക്ഷിക്കുകയും നെറ്റ് മോണിട്ടറിംഗ് കാര്യക്ഷമമായി നടപ്പിലാക്കി വരികയും ചെയ്യുന്നു. സർക്കാർ ഇതുസംബന്ധിച്ച് കർശന നിർദ്ദേശങ്ങൾ പോലീസിന് നൽകിയിട്ടുണ്ട്.

**വാഹനാപകടങ്ങൾ**

116 (1357) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 ജനുവരി 1 മുതൽ സെപ്റ്റംബർ 20 വരെ റോഡ്, വാഹനാപകടങ്ങളിൽ പ്പെട്ട് എത്രപേർ മരണപ്പെട്ടു എന്ന് വ്യക്തമാക്കാമോ; ഇവരുടെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

2016 ജനുവരി 1 മുതൽ സെപ്റ്റംബർ 20 വരെ റോഡ് വാഹനാപകടങ്ങളിൽപ്പെട്ട് 3093 പേർ മരണപ്പെട്ടു. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | മരണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം സിറ്റി | 130 |
| തിരുവനന്തപുരം റൂറൽ | 250 |
| കൊല്ലം സിറ്റി | 133 |
| കൊല്ലം റൂറൽ | 134 |
| പത്തനംതിട്ട | 108 |

| (1) | (2) |
|---|---|
| ആലപ്പുഴ | 249 |
| കോട്ടയം | 182 |
| ഇടുക്കി | 70 |
| എറണാകുളം സിറ്റി | 129 |
| എറണാകുളം റൂറൽ | 266 |
| തൃശ്ശൂർ സിറ്റി | 85 |
| തൃശ്ശൂർ റൂറൽ | 239 |
| പാലക്കാട് | 261 |
| മലപ്പുറം | 289 |
| കോഴിക്കോട് സിറ്റി | 110 |
| കോഴിക്കോട് റൂറൽ | 142 |
| വയനാട് | 62 |
| കണ്ണൂർ | 161 |
| കാസർഗോഡ് | 93 |
| ആകെ | 3,093 |

**കാഞ്ഞിരപ്പള്ളി പോലീസ് സമുച്ചയം**

117 (1358) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി പോലീസ് സമുച്ചയം നിർമ്മാണത്തിനുള്ള സ്ഥലം റവന്യൂ വകുപ്പ് ആഭ്യന്തര വകുപ്പിന് കൈമാറുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പോലീസ് സമുച്ചയത്തിന്റെ നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുമോ;

(സി) നിർമ്മാണം തുടങ്ങുവാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 3-9-2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 494/2016/റവന്യൂ ഉത്തരവ് പ്രകാരം കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ കാഞ്ഞിരപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 11-ൽ റീ സർവ്വേ നമ്പർ 102/3-ൽപ്പെട്ട 4.45 ആർ ഭൂമിയുടെ ഉമടസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് പോലീസ് വകുപ്പിന് കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഉപയോഗാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ്

118 (1359) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(ബി) കോർട്ട് കോംപ്ലക്സ് യാഥാർത്ഥ്യമാക്കുവാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടിയിൽ കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്ലാൻ ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. 9 കോടി രൂപയുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## തൃക്കരിപ്പൂർ മണ്ഡലത്തിലെ തീരദേശ പോലീസ് സ്റ്റേഷൻ

119 (1360) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനുവദിച്ച തീരദേശ പോലീസ് സ്റ്റേഷൻ, മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തുറന്ന് പ്രവർത്തിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ എപ്പോൾ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യമായ അംഗബലത്തോടെ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

## സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷ

120 (1361) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമീപകാല സംഭവങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര സുരക്ഷ ശക്തമാക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിലെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്നും അവ നടപ്പാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

ഉത്തരം

(എ-സി) ആഭ്യന്തര സുരക്ഷയെ സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഏജൻസികളിൽനിന്നും സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന് വിവരങ്ങൾ ലഭിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കർശനമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഇവ എന്തൊക്കെയാണെന്നും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നതും ആഭ്യന്തര സുരക്ഷയെ ബാധിക്കുന്ന കാര്യമായതിനാൽ വെളിപ്പെടുത്തുവാൻ സാധിക്കുകയില്ല.

## മാവേലിക്കരയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

121 (1362) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഷൻ ഈ സാമ്പത്തിക വർഷം ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മാവേലിക്കരയിൽ ട്രാഫിക് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, നവീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഇ) പോലീസ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) മാവേലിക്കരയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു.

(ഡി) 13 ലക്ഷം രൂപ ചെലവിൽ മാവേലിക്കര സി.ഐ. ഓഫീസ് വിപുലീകരിക്കുന്നതിനായി ഭരണാനുമതിയും ഫണ്ടും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ഇതിനുപുറമേ കുറത്തികാട് പോലീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

(ഇ) മാവേലിക്കര മണ്ഡലത്തിൽ പോലീസ് ക്വാർട്ടേഴ്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**തീവണ്ടികൾക്ക് നേരെയുള്ള കല്ലേറ്**

122 (1363) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാടിനും മഞ്ചേശ്വരത്തിനും ഇടയിൽ തീവണ്ടികൾക്ക് നേരെ കല്ലെറിയുക, റെയിൽപാളത്തിൽ ഇരുമ്പ് കഷണം, കല്ല് എന്നിവ എടുത്തുവയ്ക്കുക എന്നീ സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഇത്തരത്തിൽ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആരെയെങ്കിലും ഇതുവരെ പിടികിട്ടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മേൽ സംഭവങ്ങളിൽ ഏതെങ്കിലും സംഘടനയ്ക്ക് ബന്ധമുള്ളതായി റിപ്പോർട്ടുകളുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഇത്തരത്തിൽ എട്ട് സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സംഭവങ്ങളിൽ എട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 831/11 കേസ്സിലെ നാല് പ്രതികളെ മാത്രമേ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുള്ളൂ. കേസ് അന്വേഷണം നടന്നുവരുന്നു.

(ഡി) മേൽ സംഭവങ്ങളിൽ ഏതെങ്കിലും സംഘടനയ്ക്ക് ബന്ധമുള്ളതായി വെളിവായിട്ടില്ല.

## അഴിമതിക്കേസുകൾ

123 (1364) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ അഴിമതിക്കേസുകൾ നിലവിലുണ്ടെന്നും ഈ മന്ത്രിമാർ ആരൊക്കെയെന്നും ഏതൊക്കെ കേസുകളിലാണ് ഈ മന്ത്രിമാർ അന്വേഷണം നേരിടുന്നതെന്നും വിശദമാക്കുമോ; ഏത് ഏജൻസികളാണ് ഓരോ കേസുകളും അന്വേഷിക്കുന്നതെന്നും പ്രസ്തുത കേസുകളുടെ നമ്പരും വകുപ്പുകളും ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) ഈ മന്ത്രിമാർക്കെതിരെ ചാർജ്ജ് ചെയ്ത കേസുകളിലേതെങ്കിലും കോടതിയുടെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസുകളുടെയും മന്ത്രിമാർ ഉൾപ്പെടെയുള്ള ആളുകളുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിലെ നാല് മന്ത്രിമാർക്കെതിരെ ആറ് വിജിലൻസ് കേസ്സുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിലവിലുണ്ട്. കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) മേൽ പ്രസ്താവിച്ച എല്ലാ കേസ്സുകളും അന്വേഷണ ഘട്ടത്തിലാണ്. കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

## ആക്രമണക്കേസ്സുകൾ

124 (1365) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.പി.ഐ. (എം)- ന്റെ എത്ര ഓഫീസുകൾക്ക് നേരെ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേർക്കെതിരെയെന്നും ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2016-ലെ പൊതു തെരഞ്ഞെടുപ്പിന് ശേഷം ബി.ജെ.പി, ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ എത്ര സി.പി.ഐ.(എം) പ്രവർത്തകർക്ക് നേരെ ആക്രമണം നടത്തിയിട്ടുണ്ടെന്നും എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും പരിക്ക് പറ്റിയവർ എത്രയെന്നും എത്ര പേർക്കെതിരെ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.പി.ഐ. (എം).-ന്റെ 14 ഓഫീസുകൾക്ക് നേരെ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് 102 പേർക്കെതിരെ 14 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) 2016-ലെ പൊതു തെരഞ്ഞെടുപ്പിനുശേഷം 185 സി.പി.ഐ.(എം) പ്രവർത്തകർക്ക് നേരെ ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരോ അനുഭാവികളോ ആക്രമണം നടത്തിയിട്ടുണ്ട്, ഇതിൽ മൂന്നുപേർ മരണപ്പെട്ടിട്ടുണ്ട്. 178 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്, 919 പേർക്കെതിരെ ഇതുസംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്**.

**ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുവാൻ നടപടി**

125 (1366) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ സർക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിന്ന് ഡിവൈ.എസ്.പി തസ്തികയിലേക്ക് ഉള്ള സീനിയോറിറ്റി കേസ് നിലവിലുള്ളതും എന്നാൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഈ കേസുമായി ബന്ധമില്ലാത്തവരും ഈ കേസിന്റെ വിധി പ്രതികൂലമായോ അനുകൂലമായോ ബാധിക്കാത്ത വരുമായവരുടെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റി (ഡി.പി.സി.) കൂടുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ കേസ് നിലനിൽക്കുന്നെന്ന കാരണത്താൽ 10 വർഷത്തി ലധികമായി എസ്.ഐ. റാങ്കിൽ ജോലിനോക്കുന്നവർക്ക് സി.ഐ. മാരായി പ്രൊമോഷൻ നൽകുന്നതിനുള്ള ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റി കൂടുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേസ്സുകൾ തീർപ്പാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) എസ്.ഐ. (ജി.ഇ.)-മാരുടെ കാര്യത്തിൽ നേരിട്ട് നിയമനം ലഭിച്ചവരും തസ്തികമാറ്റം വഴി നിയമനം ലഭ്യമായവരും തമ്മിൽ സീനിയോറിറ്റി സംബന്ധിച്ച കേസ്സുകൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിലവിലുണ്ട്. ഈ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് പ്രസിദ്ധപ്പെടുത്തിയാൽ മാത്രമേ സി.ഐ.-മാരായി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ

126 (1367) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ തേടി വരുന്ന ഇതരസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുവാൻ നിലവിൽ എന്തെങ്കിലും നടപടികൾ ഉണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പോലീസ് സ്റ്റേഷനുകളിൽ ഇവരുടെ വിവരങ്ങൾ ശേഖരിച്ചു വയ്ക്കുന്ന സമ്പ്രദായം നിലവിലുണ്ടോ; ഏതെങ്കിലും പോലീസ് സ്റ്റേഷനുകളിൽ ഇത്തരത്തിലുള്ള വിവരം ലഭ്യമാണോ; ഇപ്രകാരം ഓരോ പോലീസ് സ്റ്റേഷനിലും രജിസ്ട്രേഷനുവേണ്ടി ലഭിച്ച അപേക്ഷകൾ എത്ര;

(സി) ഇവർ നൽകുന്ന ഐ.ഡി. കാർഡിന്റെ വിശ്വാസ്യത പരിശോധിക്കുവാനും, വ്യാജ ഐഡന്റിറ്റി കാർഡ് സമർപ്പിക്കുന്നവരെ കണ്ടെത്തുവാനും നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്രകാരം ഏതെങ്കിലും അപേക്ഷകളോടൊപ്പമുള്ള ഐ.ഡി. കാർഡ് വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഇ) ഇവരുടെ രജിസ്ട്രേഷനുവേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽതേടി വരുന്ന ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുവാൻ നിലവിൽ സംവിധാനമില്ല. എന്നാൽ പി.എച്ച്.ക്യൂ. എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/09 പ്രകാരം ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം പോലീസ് സ്റ്റേഷനുകളിൽ നടന്നുവരുന്നുണ്ട്.

(ബി) ഉണ്ട്. അന്യസംസ്ഥാന തൊഴിലാളികളെ തിരിച്ചറിയാനും നിരീക്ഷിക്കാനും ഇവരെ സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ച് അതാതു പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഇവരുടെ ഫോട്ടോ, വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവ അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്ന തൊഴിൽദാതാക്കൾ ശേഖരിക്കുകയും അതിൻപ്രകാരം അവർ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡാറ്റാബേസ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുകയും ആവശ്യമുള്ള സന്ദർഭങ്ങളിൽ ഇവ പ്രയോജനപ്പെടുത്തുകയും ചെയ്തുവരുന്നു. എല്ലാ ജില്ലകളിലും പ്രസ്തുത വിവര ശേഖരണം പൂർണ്ണ തോതിലായിട്ടില്ലാത്തതിനാൽ ലഭ്യമായ വിവരങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

(പോലീസ് സ്റ്റേഷനുകളിൽ രജിസ്ട്രേഷനുവേണ്ടി ഇതരസംസ്ഥാന തൊഴിലാളികൾ അപേക്ഷ നൽകാറില്ല.)

| ക്രമ നമ്പർ | ജില്ല | ശേഖരിക്കപ്പെട്ട ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം | | പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിവരം |
|---|---|---|---|---|
| 1 | തിരുവനന്തപുരം സിറ്റി | 5205 | 8686 | |
| 2 | തിരുവനന്തപുരം റൂറൽ | 3481 | | |
| 3 | കൊല്ലം സിറ്റി | 4206 | 8093 | |
| 4 | കൊല്ലം റൂറൽ | 3887 | | |
| 5 | പത്തനംതിട്ട | 9414 | | |
| 6 | ആലപ്പുഴ | 4543 | | |
| 7 | കോട്ടയം | 9683 | | |
| 8 | ഇടുക്കി | 3812 | | |
| 9 | കൊച്ചി സിറ്റി | 13866 | 32268 | |
| 10 | എറണാകുളം റൂറൽ | 18402 | | അനുബന്ധമായി ചേർത്തിരിക്കുന്നു.* |
| 11 | തൃശ്ശൂർ സിറ്റി | 4299 | 10695 | |
| 12 | തൃശ്ശൂർ റൂറൽ | 6396 | | |
| 13 | പാലക്കാട് | 7228 | | |
| 14 | മലപ്പുറം | 8110 | | |
| 15 | കോഴിക്കോട് സിറ്റി | 4420 | 9585 | |
| 16 | കോഴിക്കോട് റൂറൽ | 5165 | | |
| 17 | വയനാട് | 2370 | | |
| 18 | കണ്ണൂർ | 10280 | | |
| 19 | കാസർഗോഡ് | 3272 | | |
| | ആകെ | 1,28,039 | | |

(സി) വ്യാജ ഐഡന്റിറ്റി കാർഡ് ഹാജരാക്കിയതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വ്യാജ ഐ.ഡി. കാർഡ് തൊഴിൽദാതാവിന് സമർപ്പിച്ചതുമായി ബന്ധപ്പെട്ട് രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ഇടുക്കി ജില്ലയിൽ വണ്ടിപ്പെരിയാർ പി.എസ്. ക്രൈം 371/16

2. എറണാകുളം റൂറൽ ജില്ലയിൽ ബിനാനിപുരം പി.എസ്. ക്രൈം 678/11 u/s. 468, 471, 34 IPC

(ഇ) അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ഡാറ്റാ തയ്യാറാക്കലും തൊഴിൽ, ആഭ്യന്തര വകുപ്പുകളിലായി നടന്നുവരുന്നതിനാൽ വിശദമായ കൂടിയാലോചനയ്ക്ക് ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

**ബസ് യാത്രക്കാരായ കുടുംബത്തെ ആക്രമിച്ചവർക്കെതിരെ നടപടി**

127 (1368) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴയിൽ ബസിൽ സീറ്റൊഴിഞ്ഞു കൊടുത്തില്ലെന്ന് ആരോപിച്ച് കെ.എസ്.ആർ.ടി.സി. ബസിൽ യാത്ര ചെയ്ത കുട്ടികളടക്കമുള്ള കുടുംബത്തെ യാത്രക്കാരല്ലാത്ത ഒരു സംഘം ആക്രമിച്ച് പരിക്കേൽപ്പിക്കുകയും അതിനെതിരെ ബസിലെ യാത്രക്കാർ പ്രതികരിച്ചപ്പോൾ ആക്രമണ വിധേയരായ കുടുംബത്തെ രക്ഷിക്കാനെന്ന മട്ടിൽ സ്റ്റേഷനിൽ കൊണ്ടുപോയി അവർക്കെതിരെ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുക്കുകയുംചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേസിൽ സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ബസ് യാത്രക്കാരായ കുടുംബത്തെ ബസ് തടഞ്ഞ് ആക്രമിച്ച വർക്കെതിരെ കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഇവർ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 7-8-2016-ന് മൂവാറ്റുപുഴ കച്ചേരിതാഴത്ത് കെ.എസ്.ആർ.ടി.സി. ബസ്സിൽ ബഹളം നടക്കുന്നതായി വിവരം ലഭിച്ചതിനെ തുടർന്ന് പോലീസ് എത്തിയ സമയം തൃശ്ശൂർ സ്വദേശികളായ അനിൽ കുമാറും ഭാര്യയും ചേർന്ന് റജീന എന്ന സ്ത്രീയെ ഉപദ്രവിച്ചതായി പറയുകയും കൂടിനിന്നവർ അനിൽകുമാറിനേയും കുടുംബത്തേയും ഉപദ്രവിക്കാൻ ശ്രമിക്കുകയും ചെയ്തതിനാൽ ടി കുടുംബത്തെ രക്ഷിക്കുന്നതിന്റെ ഭാഗമായി സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ടുവരികയും റജീനയുടെ പരാതിപ്രകാരം മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 2090/2016 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് ടി റജീനയും മറ്റുള്ളവരും ചേർന്ന് ഉപദ്രവിച്ചതായുള്ള അനിൽകുമാറിന്റെ ഭാര്യ സുഷമയുടെ പരാതി പ്രകാരം മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 2109/2016 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതുമാണ്.

(ബി) ടി സംഗതിയിൽ ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിന് പ്രത്യേക റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ഉണ്ട്. ടി സംഭവത്തിൽ റജീനയ്ക്കും കണ്ടാലറിയാവുന്ന ആളുകൾക്കുമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനം

128 (1370) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനത്തിൽ ക്രമക്കേട് വരുത്തിയ കേസിൽ ക്രൈംബ്രാഞ്ച് സമർപ്പിച്ച കുറ്റപത്രം കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോ;

(ബി) കുറ്റപത്രം റദ്ദാക്കുവാൻ കോടതി ചൂണ്ടിക്കാണിച്ച കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസ് അടിയന്തരമായി തുടരന്വേഷണം നടത്തി പുതിയ കുറ്റപത്രം കോടതിയിൽ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റദ്ദ് ചെയ്തിട്ടുണ്ട്.

(ബി) പ്രതികൾക്കെതിരെ ആരോപിക്കപ്പെട്ട അഴിമതി തെളിയിക്കുന്നതിലേക്ക് നിയമനം ലഭിച്ചവരെ പ്രതിയാക്കുകയോ മാപ്പുസാക്ഷിയാക്കുകയോ ചെയ്തിട്ടില്ലായെന്നും നഷ്ടപ്പെട്ട ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയിട്ടില്ലായെന്നും മറ്റുമുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് കുറ്റപത്രം റദ്ദാക്കിയത്.

(സി) തുടരന്വേഷണത്തിനുള്ള നടപടിയെടുത്തിട്ടുണ്ട്.

## മുൻമന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകളുടെ വിവരം

129 (1371) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മുൻമന്ത്രിമാർക്കെതിരെയാണ് അഴിമതി നിരോധന നിയമപ്രകാരം വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നത്; അവരുടെ പേരുവിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മുൻമന്ത്രിമാർക്കെതിരെയാണ് വിജിലൻസ് അഴിമതി നിരോധന നിയമപ്രകാരം കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നത്; അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. ശ്രീ. കെ. എം. മാണി, മുൻ ധനകാര്യ നിയമ വകുപ്പുമന്ത്രി

2. ശ്രീ. കെ. ബാബു, മുൻ എക്സൈസ് വകുപ്പുമന്ത്രി

3. ശ്രീ. അടൂർ പ്രകാശ്, മുൻ റവന്യൂ/കയർ വകുപ്പുമന്ത്രി

4. ശ്രീ. കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായ/ഐ.റ്റി. വകുപ്പുമന്ത്രി

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാല് മുൻ മന്ത്രിമാർക്കെതിരെ കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നു. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## വിജിലൻസ് ശക്തിപ്പെടുത്താൻ നടപടി

130 (1372) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഭരണരംഗത്തെ എല്ലാ മേഖലകളിലും അഴിമതിയും ക്രമവിരുദ്ധമായ നടപടികളും വ്യാപകമായി നടന്നുവെന്ന ആരോപണങ്ങൾ സംബന്ധിച്ച് നിരവധി കേസ്സുകൾ ഉയർന്നുവരുന്നതിനാൽ വിജിലൻസ് വിഭാഗത്തിൽ കടുത്ത ജോലി ഭാരം അനുഭവപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഴിമതിക്കേസ്സുകളിൽ കഴിവതും വേഗത്തിൽ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഴിമതിക്കേസ്സുകളിൽ കഴിവതും വേഗത്തിൽ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനായി വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിജിലൻസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആറ് വിജിലൻസ് കോടതികളെ കേന്ദ്രബിന്ദുവാക്കി ആറ് റെയ്ഞ്ചുകളായി തിരിച്ച് കൂടുതലായി രണ്ട് സ്പെഷ്യൽ യൂണിറ്റുകളും (എറണാകുളം, കോഴിക്കോട്) ഒരു ഗ്രീൻ സെല്ലും ഒരു പുതിയ ഇന്റലിജൻസ് യൂണിറ്റും (തൃശ്ശൂർ കേന്ദ്രമായി) അനുവദിക്കുന്നത് സംബന്ധിച്ചും വിജിലൻസിലെ ഉദ്യോഗസ്ഥരുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിച്ച് കേസ്സന്വേഷണം കൂടുതൽ വേഗത്തിലാക്കാൻ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരുടെയും പോലീസ് ഇൻസ്പെക്ടർമാരുടെയും മറ്റു തസ്തികകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും കൂടുതൽ കാര്യക്ഷമതയും ഊർജ്ജസ്വലതയുള്ള ഉദ്യോഗസ്ഥരെ വിജിലൻസിൽ നിലനിർത്തുന്നതിനുവേണ്ടി 25% വിജിലൻസ് ഇൻസെന്റീവ് നൽകുന്നതിനും സി.ബി.ഐ.-യിൽ ഉള്ളതുപോലെ വൺ സ്റ്റെപ്പ് പ്രൊമോഷൻ നൽകുന്നത് സംബന്ധിച്ചും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## കേസ്സുകൾ തീർപ്പാക്കുന്നതിലെ കാലതാമസം

131 (1373) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ കേസുകൾ തീർപ്പാക്കുന്നതിന് ഒട്ടേറെ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ ഭാഗത്തുനിന്നും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദീകരിക്കുമോ;

(സി) കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കെട്ടിക്കിടക്കുന്ന കേസ്സുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനും പൊതുജനങ്ങൾക്ക് ആയതുമൂലം ബുദ്ധിമുട്ടനുഭവിക്കാതിരിക്കാനുമായി ഈ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജുഡീഷ്യറിയുടെ പ്രസക്തി കണക്കിലെടുത്ത് സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തസ്തികകൾ ഉൾപ്പെടെ അനുവദിച്ച് കോടതികൾ ആരംഭിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ 2016-ൽ കൂടിയ ചീഫ് ജസ്റ്റിസുമാരുടെ കോൺഫറൻസിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഞ്ച് വർഷത്തിൽ കൂടുതൽ പഴക്കമുള്ള കേസ്സുകൾ 2016-ൽ തന്നെ തീർപ്പാക്കുന്നതിനുള്ള നടപടികൾ ഹൈക്കോടതിയിൽ സ്വീകരിച്ചുവരുന്നുണ്ട്.

**കോടതികളിൽ കക്ഷികൾക്ക് ആവശ്യമായ സൗകര്യങ്ങൾ**

132 (1374) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികളിൽ കക്ഷികൾക്ക് ഇരിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുമോ;

(ബി) കേസുകൾ വിളിക്കുന്ന മുറയ്ക്ക് കേസ് നമ്പറുകൾ പ്രദർശിപ്പിക്കുന്ന ഡിസ്പ്ളേ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പ്രായമായവർക്കും, സ്ത്രീകൾക്കും ഇരിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കേസുകളിൽ ഹാജരാകാനായി വരുന്നവർക്ക് പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കക്ഷികൾക്ക് ഇരിക്കുന്നതിനായി ബെഞ്ചുകൾ ഒരുക്കിയിട്ടുണ്ട്.

(ബി) മോഡൽ കോർട്ട് പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്ത് 24 കോടതികളിൽ കേസ് ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി ആലോചിക്കുന്നതാണ്.

(ഡി) കേസ്സുകളിൽ ഹാജരാകാനായി വരുന്നവർക്ക് ടോയ്ലെറ്റ് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

**അഗ്നിശമന സേനയെ ശക്തിപ്പെടുത്താൻ നടപടി**

133 (1375) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടി അഗ്നിബാധയുണ്ടാകുന്ന സാഹചര്യത്തിൽ അഗ്നിശമന സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) വിമാനത്താവളങ്ങളിലുള്ളതുപോലെ പാന്തർ വാഹനങ്ങൾ അഗ്നിശമന സേനയ്ക്ക് ലഭ്യമാക്കുമോ;

(സി) വീതി കുറഞ്ഞ നിരത്തുകളിലൂടെ സഞ്ചരിക്കുന്നതിന് സാധിക്കുന്ന തരത്തിലുള്ള ചെറിയ വാഹനങ്ങൾ അഗ്നിശമന സേനയ്ക്ക് ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ഡി) തിരക്കേറിയ സ്ഥലങ്ങളിൽ ഫയർ ഹൈഡ്രന്റുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അടിക്കടി അഗ്നിബാധയുണ്ടാകുന്ന സാഹചര്യത്തിൽ അഗ്നിശമന സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി 35 മിനി വാട്ടർ മിസ്റ്റ് ടെണ്ടറുകൾ, 18 സ്കൂബാ സെറ്റുകൾ എന്നിവ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ സേനാംഗങ്ങളുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിനായി വിദഗ്ദ്ധ പരിശീലനവും വെള്ളത്തിലെ രക്ഷാപ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നീന്തൽ പരിശീലനവും നൽകി വരുന്നു. സ്കൂബാ ഡൈവിംഗിൽ ഉൾപ്പെടെ വിവിധ പരിശീലന കോഴ്സുകൾ നൽകി കൂടുതൽ ജീവനക്കാർക്ക് പരിശീലനവും നൽകുകയും, അഗ്നിരക്ഷാ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും അപകടകരമായ രാസവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും സ്റ്റാൻഡേർഡ് ഓപ്പറേഷണൽ പ്രൊസിഡ്യുവറും തയ്യാറാക്കി വരുന്നു.

(ബി) എയർ ക്രാഷ് ടെണ്ടറുകൾ വിമാനത്താവളങ്ങളിലേക്ക് മാത്രമായി ആയതിന്റെ സുരക്ഷ കണക്കാക്കി രൂപകൽപ്പന ചെയ്തിരിക്കുന്ന വാഹനമാണ്. സ്റ്റേറ്റ് ഫയർ സർവ്വീസിന് പര്യാപ്തമായ വാട്ടർ ബൗസറുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇടുങ്ങിയ വീഥിയിലൂടെ സഞ്ചരിക്കുന്നതിന് പര്യാപ്തമായ 35 മിനി വാട്ടർ മിസ്റ്റ് ടെണ്ടറുകൾ വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) തന്ത്രപ്രധാനമായ തിരക്കേറിയ നഗരങ്ങളിൽ ഫയർ ഹൈഡ്രന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ ആഫീസർ മാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ചാരുംമൂട് ഫയർ സ്റ്റേഷൻ**

134 (1376) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ചാരുമ്മൂട് കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; താത്കാലികമായി ഫയർ യൂണിറ്റിന്റെ വാഹനം ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ തുടങ്ങാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ ചാരുംമൂട് ഉൾപ്പെട്ടിട്ടില്ല. ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമായാൽ മുൻഗണനാക്രമ മനുസരിച്ച് ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിലെ സാഹചര്യത്തിൽ താൽക്കാലികമായി ഫയർ യൂണിറ്റിന്റെ വാഹനം ക്രമീകരിക്കുന്നത് പരിഗണനയിലില്ല.

**കൊല്ലങ്കോട് ഫയർ സ്റ്റേഷൻ**

135 (1377) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടംവരെയായി എന്ന് വിശദമാക്കാമോ;

(ബി) ഫയർസ്റ്റേഷൻ തുടങ്ങുന്നതിന് നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) ഫയർസ്റ്റേഷന്റെ കെട്ടിടംപണി ആരംഭിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് വില്ലേജിൽ റീ-സർവ്വേ നമ്പറിൽ 523/11-ൽ ട്രഷറി വകുപ്പിന്റെ 50 സെന്റ് സ്ഥലം ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കൊല്ലങ്കോട് മുൻ എം.എൽ.എ. ശ്രീ. വി. ചെന്താമരാക്ഷൻ അവർകളുടെ ആസ്തി വികസന ഫണ്ടിൽനിന്നുള്ള 320 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമായി ചേർന്ന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ**

136 (1378) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂവാറ്റുപുഴ താലൂക്കിൽ, വെള്ളൂർക്കുന്നം വില്ലേജിൽ സർവ്വേ നമ്പർ 841/2-ൽപ്പെട്ട 15 സെന്റ് സ്ഥലത്ത് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി 3.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

## വെള്ളറടയിൽ ഫയർ സ്റ്റേഷൻ

137 (1379) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര പ്രദേശമായ വെള്ളറടയിൽ ഒരു ഫയർ സ്റ്റേഷൻ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെള്ളറടയിൽ ഒരു ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പാറശ്ശാലയിലെ ഫയർ സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടത്തെ അടിസ്ഥാന വികസനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാറശ്ശാല ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പാറശ്ശാല വില്ലേജിൽ 21.5 സെന്റ് സ്ഥലം ഫയർ & റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. ടി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ഫയർ സ്റ്റേഷൻ നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിപുലമാക്കുന്നതാണ്.

## കരുനാഗപ്പള്ളി ഫയർ സ്റ്റേഷൻ

138 (1380) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഫയർ സ്റ്റേഷന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ എത്ര വാഹനങ്ങളുണ്ടെന്നും വിവിധ വിഭാഗങ്ങളിലായി എത്ര ജീവനക്കാരുണ്ടെന്നും വിശദമാക്കാമോ;

(ബി) ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടമുണ്ടോ; ഇല്ലെങ്കിൽ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാർ, പ്രാഥമിക കൃത്യങ്ങൾ ചെയ്യുന്നതിന് ഉൾപ്പെടെ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ളതുമൂലം ബുദ്ധിമുട്ടുന്നതു ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) സ്ഥലം കണ്ടെത്തി ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കു ന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

ഇവിടെ നാല് വാഹനങ്ങളുണ്ട്. (വാട്ടർ ടെണ്ടർ - 1, മിനി വാട്ടർ ടെണ്ടർ - 1, വാട്ടർ ലോറി -1, ജീപ്പ് - 1) . വിവിധ വിഭാഗങ്ങളിലായി കരുനാഗപ്പള്ളി ഫയർ സ്റ്റേഷനിൽ ആകെ 38 ജീവനക്കാരുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1. | സ്റ്റേഷൻ ഓഫീസർ | 1 |
| 2. | അസി. സ്റ്റേഷൻ ഓഫീസർ | 1 |
| 3. | ലീഡിംഗ് ഫയർമാൻ | 4 |
| 4. | ഡ്രൈവർ മെക്കാനിക്ക് | 1 |
| 5. | ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ | 7 |
| 6. | ഫയർമാൻ | 24 |
| | ആകെ | 38 |

(ബി) ഇല്ല.

(സി&ഡി) ഫയർ സ്റ്റേഷന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അഗ്നിശമന സേനയുടെ ആധുനികവൽക്കരണം**

139 (1381) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമനസേന വിഭാഗത്തെ ആധുനികവത്കരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന തീപിടിത്തത്തിന്റെ സാഹചര്യത്തിൽ അഗ്നി സുരക്ഷ ആഡിറ്റ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) ആധുനിക ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) ഉണ്ട്. സംസ്ഥാനത്തെ ജില്ലകളിൽ നഗരമധ്യത്തിൽ സ്ഥിതി ചെയ്യുന്നതും ജനത്തിരക്കും തീപിടുത്ത സാദ്ധ്യതകളും നിലനിൽക്കുന്നതുമായ സ്ഥലങ്ങളിൽ അഗ്നിപ്രതിരോധ നടപടികളുടെ ഭാഗമായി ഫയർ ഓഡിറ്റ് നടത്തി വരുന്നു. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**വെള്ളാനിക്കരയിൽ ഫയർ സ്റ്റേഷൻ**

140 (1382) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ വെള്ളാനിക്കരയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാനുള്ള നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശങ്ങളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫയർസ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ വെള്ളാനിക്കര ഉൾപ്പെട്ടിട്ടില്ല.

**രോഗികളായ തടവുകാർ**

141 (1383) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹപരിചരണം ആവശ്യമുള്ള എത്ര രോഗികൾ സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരായിട്ടുണ്ടെന്നറിയിക്കാമോ;

(ബി) വീട്ടുകളിൽ ശുശ്രൂഷിക്കുന്നതിനായി രോഗികളായ തടവുകാരെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ടുള്ള അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശിക്ഷാകാലാവധി തീരാറായതും അടിയന്തര പരിചരണമാവശ്യമുള്ളതുമായ രോഗികളായ തടവുകാരെ വിട്ടുകൊടുക്കുന്നതിൽ നിയമതടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഗൃഹപരിചരണം ആവശ്യമുള്ള 30 രോഗികൾ സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശിക്ഷാ കാലാവധി തീരാറായതും അടിയന്തര പരിചരണമാവശ്യമുള്ളതുമായ രോഗികളായ തടവുകാരെ വിട്ടയയ്ക്കുന്നതിന് 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 457 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കേണ്ടതും സർക്കാർ ഭരണഘടനയുടെ അനുച്ഛേദം 161, ക്രിമിനൽ നിയമസംഹിതയിലെ ചട്ടം 432, 433 എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് വിടുതലിന് യോഗ്യമാണെന്ന് കാണുന്ന പക്ഷം വിട്ടയയ്ക്കുന്നതാണ്.

**കന്നട ഭാഷാ ന്യൂനപക്ഷങ്ങൾ**

142 (1384) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കന്നടഭാഷ ന്യൂനപക്ഷങ്ങൾക്ക് കൂടി പ്രാപ്യമാകുന്ന രീതിയിൽ സർക്കാർ ഉത്തരവുകളും കത്തുകളും ഗസറ്റും കന്നട ഭാഷയിൽ കൂടി പ്രസിദ്ധീകരിക്കുന്നതിന് കന്നട-മലയാളം ഭാഷ വിഭാഗം ഉൾപ്പെടുത്തി ഒരു സർക്കാർ പ്രസ്സ് അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഗവൺമെന്റ് പ്രസ്സ് നിലവിൽ ഇല്ലാത്ത പ്രസ്തുത പ്രദേശത്ത് ഇതിനാവശ്യമായ സ്ഥലവും കെട്ടിട സൗകര്യങ്ങളും ലഭ്യമാക്കിയാൽ പ്രസ്സ് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പരിശോധിച്ചുവരുന്നു.

**ദേശീയ ജലപാത**

143 (T*1385) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി സി. കെ. ആശ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗകര്യപ്രദവും ഫലപ്രദവുമായ ഗതാഗത മാർഗ്ഗം എന്ന നിലയിൽ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ജലപാതയുടെ നിർമ്മാണം എത്ര ശതമാനം പൂർത്തിയാക്കിയെന്നും നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ;

(സി) ദേശീയ ജലപാതയിലൂടെ ചരക്ക് ഗതാഗതം ഉറപ്പാക്കുമോയെന്നും നിർമ്മാണത്തിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ-സി) 590 കി. മീ. നീളമുള്ള തിരുവനന്തപുരം-കാസർഗോഡ് ജല പാതയിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദൂരം ദേശീയ ജലപാത-3 ആയി അംഗീകരിച്ചിട്ടുണ്ട്. National Waterways Act 2016 പ്രകാരം കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ. ദൂരം പാത കൂടി ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (28 കി.മീ.), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (38 കി.മീ.), കോട്ടയം-വൈക്കം (വെച്ചൂർ) കനാൽ (28 കി.മീ.) എന്നീ ഫീഡർ കനാലുകളും National Waterways Act 2016 പ്രകാരം ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പാതയുടെ നിർമ്മാണം കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് നിർവ്വഹിക്കുന്നത്. ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ അധീനതയിലുള്ള സംസ്ഥാന ജലപാതകളുടെ (കൊല്ലം-കോവളം, കോട്ടപ്പുറം-നീലേശ്വരം) വികസന പ്രവർത്തനങ്ങളായ ആഴം കൂട്ടൽ, തീരസംരക്ഷണം, കുറുകേയുള്ള നിർമ്മിതികളുടെ പുനർനിർമ്മാണം, പ്രധാന പാതയിലേക്ക് വരുന്ന ഉപകനാലുകളുടെ പുനരുദ്ധാരണം എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തിവരുന്നു.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിർമ്മാണത്തിലിരിക്കുന്ന ദേശീയ ജലപാത കൊല്ലം-കോട്ടപ്പുറം 168 കി.മീ. ആകുന്നു. പ്രസ്തുത പാതയുടെ നിർമ്മാണം കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആണ് നിർവ്വഹിക്കുന്നത്. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ ജലപാതയിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഗതാഗതത്തിനും ചരക്കുനീക്കത്തിനും പ്രസ്തുത ജലപാത സൗകര്യപ്രദമായി ഉപയോഗിക്കാവുന്നതാണ്.

**ദേശീയ ജലപാതയുടെ ആഴം**

144 (T*1386) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ ഭാഗമായ ടി.എസ് കനാലിന്റെ അതിരുകളിലുള്ള കരിങ്കൽ ഭിത്തികൾ ഇടിഞ്ഞ് സമീപത്തെ കരഭാഗം നഷ്ടപ്പെടുന്നതായും ജലപാതയുടെ ആഴം കുറയുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ടി.എസ്. കനാലിന്റെ ഇരു കരകളിലുമുള്ള അതിരുകളിൽ കരിങ്കൽ ഭിത്തി കെട്ടാത്ത ഭാഗങ്ങൾ എത്ര മീറ്റർ ഉണ്ടെന്നു വ്യക്തമാക്കുമോ; ഈ പ്രദേശങ്ങളിൽ സമീപവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഭാഗങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത (NW-III)-യുടെ ഭാഗമായ ടി.എസ്. കനാലിന്റെ ഭാഗങ്ങളിലെ സംരക്ഷണ പ്രവൃത്തികൾ കേന്ദ്ര സർക്കാർ സ്ഥാപനമായ Inland Waterways Authority of India (IWAI)-യുടെ അധീനതയിൽ നേരിട്ടാണ് നടത്തിവരുന്നത്. ഇപ്പോൾ ഈ ഭാഗങ്ങളിൽ ആഴം കൂട്ടലും സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതുമായ പ്രവൃത്തികൾ നടന്നുവരുന്നു. കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ടി.എസ്. കനാലിന്റെ കരകളിൽ സംരക്ഷണ ഭിത്തി ഇല്ലാത്തതുമൂലമുള്ള പ്രശ്നങ്ങൾ Inland Waterways Authority of India (IWAI)-യുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കാവുന്നതാണ്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**കൊച്ചി സംയോജിത ജലഗതാഗത പദ്ധതി**

145 (T* 1387) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സംയോജിത ജലഗതാഗത പദ്ധതി കരാർ നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വായ്പാ ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി സംസ്ഥാന സർക്കാരിന്റെ നിക്ഷേപം എത്ര കോടി രൂപയാണ്;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 13.06.2016-ലെ സ.ഉ.(കൈ) നമ്പർ 44/2016/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം കൊച്ചി സംയോജിത ജലഗതാഗത പദ്ധതി കരാർ നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്.

(ബി) ജർമ്മൻ ഡെവലപ്മെന്റ് ബാങ്കായ ക്രെഡിറ്റൻസ്റ്റാൾട്ട് ഫർ വെദർവബു (കെ.എഫ്.ഡബ്ല്യു./KfW).

(സി) 102.30 കോടി രൂപ

(ഡി) പദ്ധതി 2020-ഓടെ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ നിർമ്മാണ പുരോഗതി**

146 (1388) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഒറ്റവരി ഗതാഗതത്തിന് സജ്ജമായോ; ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ;

(ബി) ആദ്യഘട്ടത്തിൽ കൊച്ചിയിൽനിന്നും ചവറയിലേക്ക് രാസവസ്തുക്കൾ ബാർജുകളിൽ എത്തിക്കുവാൻ ആലോചനയുണ്ടോ; ആയതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ദേശീയ ജലപാത നിർമ്മാണത്തിന്റെ പൂർത്തീകരണത്തിന് അവശേഷിക്കുന്ന പണികൾ ഏതെല്ലാമാണെന്നും അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ദേശീയ ജലപാത 3-ൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ ഫലമായി ഈ ജലപാതയിലാകെ ഗതാഗത സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. കായംകുളം കായലിൽ രണ്ട് കിലോമീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ദേശീയ ജലപാതയിൽ രണ്ടുവരി ഗതാഗതം സാധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാധ്യമാണ്. ദേശീയ ജലപാതയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച പ്രഖ്യാപനം നടത്താവുന്നതാണ്.

(ബി) ഉണ്ട്. ചവറയിലേക്ക് രാസവസ്തുക്കൾ ബാർജുകളിൽ എത്തിക്കുവാൻ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവൃത്തിക്ക് (setting up of unloading facilities for Hydrochloric acid & furnace oil at KMML, Chavara) സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 590 കി.മീ. നീളമുള്ള തിരുവനന്തപുരം-കാസർഗോഡ് ജല പാതയിൽ, കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദൂരമാണ് ദേശീയ ജലപാത-3 ആയി അംഗീകരിച്ചിട്ടുള്ളത്. National Waterways Act 2016 പ്രകാരം കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കി.മീ. ദൂരം പാത കൂടി ദേശീയ ജലപാതയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്. കൂടാതെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (28 കി.മീ.), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (38 കി.മീ.), കോട്ടയം-വൈക്കം (വെച്ചൂർ) കനാൽ (28 കി.മീ.) എന്നീ ഫീഡർ കനാലുകളും National Waterways Act 2016 പ്രകാരം ദേശീയ ജലപാത നിലവാരത്തിലേക്ക് ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന

ദേശീയ ജലപാത കൊല്ലം-കോട്ടപ്പുറം 168 കി.മീ. ആകുന്നു. പ്രസ്തുത പാതയുടെ നിർമ്മാണം കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആണ് നിർവ്വഹിക്കുന്നത്. ദേശീയ ജലപാത നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ അവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു.

**വാട്ടർ മെട്രോ പദ്ധതി**

147 (1389) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ മെട്രോ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) എത്ര വാട്ടർജെട്ടികളെ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത് ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2016 ജൂലൈ 23-ാം തീയതി കോതാട് ദ്വീപിൽവച്ച് വാട്ടർ മെട്രോയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി.

(ബി) പശ്ചിമ കൊച്ചിയെയും സമീപ ദ്വീപുകളെയും കേരളത്തിന്റെ ഐ.റ്റി. ഹബ്ബായ കാക്കനാടിനെയും എറണാകുളത്തെ നഗരപ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന, ചെലവ് കുറഞ്ഞതും സുരക്ഷിതവും താരതമ്യേന വേഗമേറിയതുമായ ജലഗതാഗത പദ്ധതിയാണ് 'വാട്ടർ മെട്രോ'. ജനങ്ങളെ അവരുടെ സ്വന്തം വാഹനങ്ങളിൽ നിന്നും പൊതുഗതാഗത സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിലൂടെ റോഡുകളിലെ തിരക്ക് കുറയ്ക്കുന്നതിനും പരിസ്ഥിതി ശബ്ദമലിനീകരണത്തിന് കുറവുവരുത്തുന്നതിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. കൂടാതെ, കൊച്ചി കായലിലെ ദ്വീപു നിവാസികളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനവും പദ്ധതി ലക്ഷ്യമിടുന്നു.

(സി) 38 വാട്ടർ ജെട്ടികൾ സംയോജിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) നാലുവർഷം കൊണ്ട് പൂർത്തീകരിക്കുന്ന പദ്ധതി 2020-ഓടെ പ്രവർത്തനക്ഷമമാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കുട്ടനാട്ടിലെ ജലപാതകൾ

148 (1390) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ജലപാതകളിൽ മണ്ണ് അടിയുന്നത് മൂലം ആഴം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജലപാതകൾ ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുന്ന പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തുന്നതിനായി കുട്ടനാട്ടിലെ ജലപാതകളിൽനിന്നും ചെളി കോരി ആഴം കൂട്ടിയിട്ടുള്ളതിനാൽ ആ ഭാഗങ്ങളിൽ ആഴക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതിൽ ഉൾപ്പെടാത്ത ഭാഗങ്ങളിൽ ആഴം കൂട്ടേണ്ടതായിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലപാതകളുടെ നിലവിലെ അടിത്തട്ട് സംബന്ധിച്ച് വിശദമായ സർവ്വേ നടത്തി ആവശ്യമായ സ്ഥലങ്ങളിൽ ആഴം കൂട്ടുന്നത് പരിശോധിക്കാവുന്നതാണ്.

## ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ

149 (1391) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഷാ ന്യൂനപക്ഷ വിഭാഗത്തിലെ പിന്നോക്ക സമുദായങ്ങളെക്കുറിച്ച് ഏതെങ്കിലും സർവ്വെ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർവ്വെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്നവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിക്കപ്പെട്ട എത്ര പരാതികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ടി പരാതികളിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 2015-16 കാലയളവിൽ എട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) പരാതികളുടെ സ്വഭാവമനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് പരാതിയുടെ പകർപ്പ് അയച്ചുകൊടുത്തിട്ടുണ്ട്.

## യന്ത്രം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കളിക്കോപ്പുകൾ ഉപയോഗിക്കുന്നതു മൂലമുള്ള അപകടങ്ങൾ

150 (1392) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഇല്ലാതെ യന്ത്രം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കളിക്കോപ്പുകൾ ഉപയോഗിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കളിക്കോപ്പുകൾ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) അനധികൃതമായ ഇത്തരം സാമഗ്രികൾ ഉപയോഗിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) താൽക്കാലികമായി നടത്തപ്പെടുന്ന വിനോദങ്ങൾക്ക് 1963-ലെ കേരള പ്ലെയിസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്ട്, കേരള പ്ലെയിസസ് ഓഫ് പബ്ലിക് റിസോർട്ട് റൂൾസ്, 1965 എന്നിവയിലെ വ്യവസ്ഥ പ്രകാരം ലൈസൻസിംഗ് അതോറിറ്റിയായ സെക്രട്ടറി മുമ്പാകെ അപേക്ഷ നൽകി ലൈസൻസ് നേടേണ്ടതുണ്ട്. ലൈസൻസ് അനുവദിക്കുന്നതിന് പാലിച്ചിരിക്കേണ്ട വ്യവസ്ഥകൾ 1965-ലെ കേരള പ്ലെയിസസ് ഓഫ് പബ്ലിക് റിസോർട്ട് ചട്ടങ്ങളിലെ ചട്ടം 3, ചട്ടം 34 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ളത് ചുവടെ പറയും പ്രകാരമാണ്.

ചട്ടം - 3 :

Conditions under which license may be granted:- No license shall be granted under the Act for the use of any permanent building for public resort or entertainment unless :-

(a) the building is provided on at least three of its sides with an open space of not less than 6 meters in width or such greater width as may be required by the Licensing Authority.

(b) the caves of the building have a height of not less than 3 meters.

(c) every door-way in the building is not less than 2.4 meters in height and 1.5 meters in width and,

(d) the windows of the building are of such dimension and number and in such situations as may be required by the Licensing Authority and the aggregate area of all the windows in each of the places to which the public are admitted is not less than one-tenth of the floor area thereof:

Provided that the Licensing Authority in consultation with the Health Officer, may

(i) Permit the use of extractors or other artificial means of ventilation to provide for a sufficient supply of fresh air in the building in lieu of all or any of the windows required under Clause (d); or

(ii) require such extractors or other artificial means of ventilation to be provided in addition to the windows required under the said clause.

ചട്ടം 34:

Additional conditions for grant of license:

(I) No fire or naked light shall, under any circumstance, be allowed inside the licensed premises.

(ii) All swinging lights shall be suspended by metal wires or rods.

(iii) No inflammable or explosive substance such as petroleum, kerosene oil, fire works, or gun powder in excess of the quantity, required for one day's use shall be stored upon or within the licensed premises.

(iv) The main doors, enumerated in column (4) of the license shall always be left unfastened and unobstructed whilst the public are using the licensed premises.

(v) No structural or material alteration shall be made in the licensed premises except with the written permission of the licensing authority.

(vi) No leper and no person suffering from an open sore or any loathsome, infectious or contagious disease shall be permitted inside the licensed premises. If such a person is found in any such premises, the licensee shall immediately report the fact to the nearest Health Officer, Health Inspector or other Officer not below the rank of Health Assistant of the Health Services Department or to the licensing authority and the licensee shall at his own cost take such steps as may be required by such officer or authority to disinfect the place and to prevent the further spread of the infection.

(സി) 1963-ലെ കേരളാ പ്ലെയിസസ് ഓഫ് പബ്ലിക് റിസോർട്ട് ആക്ടിലെ 16-ാം വകുപ്പ് പ്രകാരം ലൈസൻസ് നേടാതിരിക്കുകയോ നേടിയ ലൈസൻസിലെ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്താൽ മജിസ്ട്രേട്ട് മുമ്പാകെയുള്ള കുറ്റ സ്ഥാപനത്തിന്മേൽ 500/- രൂപ വരെയുള്ള പിഴ ശിക്ഷ ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ശിക്ഷയായി ചുമത്തുന്ന പിഴ 1898-ലെ ക്രിമിനൽ പ്രൊസീജിയർ കോഡ് പ്രകാരം ഈടാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ നിയമാനുസൃത ലൈസൻസ് എടുത്തിട്ടില്ലാത്ത കേസ്സുകളിൽ പിഴ ശിക്ഷയ്ക്കു പുറമേ ചട്ടപ്രകാരം ലഭ്യമാക്കേണ്ട ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചാർജ്

151 (1393) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന കരൾമാറ്റ ശസ്ത്രക്രിയ, ഹൃദയമാറ്റ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവയ്ക്ക് ചികിത്സാച്ചെലവ് അധികമായതിനാൽ സാധുക്കൾക്ക് ജനങ്ങളിൽനിന്നും മറ്റും പിരിവെടുത്ത് ചികിത്സയ്ക്ക് ആവശ്യമായ പണം കണ്ടെത്തേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഇത്തരം ശസ്ത്രക്രിയകൾ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ;

(സി) കരൾമാറ്റ ശസ്ത്രക്രിയ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത സൗകര്യം ഉണ്ട്; വിശദാംശം നൽകാമോ;

(ഡി) ഇത്തരം ശസ്ത്രക്രിയകൾ സ്വകാര്യ ആശുപത്രികളിൽ യഥേഷ്ടം നടത്തുമ്പോൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്താനാവാതെ പോകുന്ന സാഹചര്യം വിശദീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ചുവടെ ചേർത്തിരിക്കുന്ന നാല് സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (1) | തിരുവനന്തപുരം | - | കരൾ, വൃക്ക |
| (2) | ആലപ്പുഴ | - | വൃക്ക |
| (3) | കോട്ടയം | - | വൃക്ക,ഹൃദയം, ശ്വാസകോശം |
| (4) | കോഴിക്കോട് | - | വൃക്ക |

(സി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ട്.

(ഡി) സർക്കാർ മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനനുസരിച്ച് കൂടുതൽ ശസ്ത്രക്രിയകൾ നടത്തുവാൻ കഴിയുന്നതാണ്.

## ഊരകം ഹെൽത്ത് സബ് സെന്റർ നിർമ്മാണം

152 (1394) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മുല്ലശ്ശേരി പഞ്ചായത്തിലെ ഊരകം എന്ന സ്ഥലത്തെ ഹെൽത്ത് സബ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പൊതുജനങ്ങൾക്കായി എന്ന് തുറന്ന് കൊടുക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സബ് സെൻററിൽ ഡോക്ടറുടെ പൂർണ്ണമായ സേവനം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഇല്ല. ഇതിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് വർക്കുകൾ പൂർത്തീകരിച്ചിട്ടില്ല. ഇത് ജില്ലാ പഞ്ചായത്ത് സ്കീമിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്.

(ബി) ഇലക്ട്രിക് വർക്കുകൾ പൂർത്തിയാകുന്ന മുറയ്ക്ക് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കാവുന്നതാണ്. ജില്ലാ പഞ്ചായത്ത് മുഖേനയാണ് ഇത് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന് കെട്ടിടം പണി പൂർത്തീകരിച്ച് കൈമാറിയിട്ടില്ല.

(സി) സബ്സെന്ററുകളിൽ നിലവിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സമാർക്കാണ് ചുമതല. ഇമ്മ്യൂണൈസേഷൻ അവസരങ്ങളിൽ മാസത്തിൽ ഒരിക്കൽ ഡോക്ടർ സബ്സെന്ററുകളിൽ ഉണ്ടാകാറുണ്ട്.

## നഴ്സിംഗ് ട്യൂട്ടർ നിയമനം

153 (1396) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യവകുപ്പിനു കീഴിൽ എത്ര നഴ്സിംഗ് ട്യൂട്ടർ തസ്തിക നിലവിലുണ്ട്; പ്രസ്തുത തസ്തികകളിൽ പ്രവർത്തിക്കുന്നവരുടെ വിദ്യാഭ്യാസ യോഗ്യത, സർവ്വീസിൽ പ്രവേശിച്ച തീയതി, ബൈട്രാൻസ്ഫർ വഴി സർവ്വീസിൽ പ്രവേശിച്ചവർ, തസ്തികയിൽ പ്രവേശിച്ച തീയതി എന്നിയവുടെ വിശദവിവരം സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ പ്രസ്തുത തസ്തികയിൽ നടത്തിയ നിയമനങ്ങളിൽ അന്തരജില്ലാ സ്ഥലംമാറ്റം വഴിയും ശൂന്യവേതന അവധി ഒഴിവ് വഴിയും സീനിയോറിറ്റി നഷ്ടമായവരെ യഥാക്രമമുള്ള സീനിയോറിറ്റി പുനഃക്രമീകരണം നടത്താതെയും നടത്തിയ നിയമങ്ങൾ പുനഃപരിശോധിച്ച് അനർഹരെ ഒഴിവാക്കി അർഹരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ സർവ്വീസിലുള്ളവർ വിദൂരപഠനം വഴി അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ നിന്ന് നഴ്സിംഗ് ഡിഗ്രി പൂർത്തിയാക്കുകയും നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ നിയമനം നേടുകയും ചെയ്തത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മുൻസർക്കാർ നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ നടത്തിയ നിയമനങ്ങളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 87 തസ്തികകൾ നിലവിലുണ്ടായിരുന്നു. പുതുതായി 19 നഴ്സിംഗ് ട്യൂട്ടർ തസ്തിക സൃഷ്ടിച്ച് ഉത്തരവായതിലൂടെ ആകെ 106 തസ്തികകൾ നിലവിലുണ്ട്. ആയതിൽ 75 തസ്തികകളിൽ മാത്രമേ നിയമനം നടത്തിയിട്ടുള്ളൂ. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി&സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) തുടർനടപടി സ്വീകരിക്കുന്നതാണ്.

**മെഡിക്കൽ/പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകൾ**

154 (1397) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വിവിധ പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ എത്ര ഡോക്ടർ, നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകളാണ് ഉള്ളതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അടിയന്തരമായി നിയമനം നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

(ബി) ഉണ്ട്. അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

(സി) അനുബന്ധത്തിലെ ക്രമനമ്പർ 1, 3, 4, 5, 10 എന്നിവ പി.എസ്.സി. മുഖേനയും 2, 11 എന്നിവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നികത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ക്രമനമ്പർ 6, 8, 9 എന്നിവ ഉദ്യോഗക്കയറ്റത്തിലൂടെയും 7 നിശ്ചിത യോഗ്യതയുള്ള വകുപ്പിനുകീഴിലെ ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ മുഖേനയും നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ഇ-ഹെൽത്ത് പദ്ധതി**

155 (1398) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിയിലൂടെ വിവരസാങ്കേതികവിദ്യ അടിസ്ഥാനമാക്കി ആരോഗ്യമേഖലയിൽ എന്തൊക്കെ നേട്ടങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിവഴി ഒരു രോഗിയെ സംബന്ധിച്ച മെഡിക്കൽ വിവരങ്ങൾ ഇന്റർനെറ്റ് സഹായത്തോടെ എവിടെയും ലഭ്യമാകുന്ന വിധത്തിലാണോ പദ്ധതി വിഭാവനം ചെയ്യുന്നത് ; വ്യക്തമാക്കുമോ ;

(സി) ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും, പദ്ധതി എന്ന് നടപ്പിലാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ ലക്ഷ്യങ്ങൾ :

1. വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളെയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളെയും ഒരു വൈഡ് ഏരിയ നെറ്റ്‌വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

(ബി) ഒരു രോഗിയെ സംബന്ധിച്ച മെഡിക്കൽ വിവരങ്ങൾ ഇന്റർനെറ്റ് സഹായത്തോടെ എല്ലാ സർക്കാർ ആശുപത്രികളിലേയും ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ഡോക്ടർമാർക്ക് ലഭ്യമാക്കുംവിധമാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപവൽക്കരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ആരോഗ്യ വകുപ്പുമന്ത്രി ചെയർപേഴ്സണായും ആരോഗ്യ വകുപ്പ് സെക്രട്ടറി വൈസ് ചെയർപേഴ്സണായും ഉള്ള ഇ-ഹെൽത്ത് കേരള സൊസൈറ്റി രൂപവൽക്കരിച്ചിട്ടുണ്ട്. കൂടാതെ വിവര സാങ്കേതിക വിദഗ്ദ്ധൻമാരും വൈദ്യ ചികിത്സാ രംഗത്തെ പ്രമുഖരും അടങ്ങുന്ന സബ് കമ്മിറ്റികളും രൂപവൽക്കരിച്ചിട്ടുണ്ട്.

(സി) 11-08-2016-ലെ G.O.(Rt) No. 2236/16/H&FWD പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കീഴിലുള്ള ഇ-ഹെൽത്ത് പദ്ധതിക്ക് 300 ലക്ഷം രൂപയുടെ ഭരണാനുമതിയും 19-9-2016-ലെ G.O.(Rt) No. 2566/16/H&FWD പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് കീഴിലുള്ള ഇ-ഹെൽത്ത് പദ്ധതിക്കായി 388 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ റെക്കോർഡ് ലൈബ്രറി എന്ന പദ്ധതിക്കായി വകയിരുത്തിയിരുന്ന തുകയിൽനിന്നും 67 ലക്ഷം രൂപ ഇ-ഹെൽത്ത് പദ്ധതിക്കായി വകമാറ്റാനും തീരുമാനമായിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ഒൻപത് ആരോഗ്യ കേന്ദ്രങ്ങളിൽ പദ്ധതിയുടെ പൈലറ്റ് ഇംപ്ലിമെന്റേഷൻ നടന്നു. ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് അടക്കം നാല് കേന്ദ്രങ്ങളിൽക്കൂടി പൈലറ്റ് ഇംപ്ലിമെന്റേഷൻ നടത്തിയതിനു, ശേഷം 2017 മാർച്ച് അവസാനത്തോടെ തിരുവനന്തപുരം ജില്ലയിലെ എല്ലാ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും പദ്ധതി പൂർത്തീകരിക്കാനുതകുന്ന രീതിയിൽ പ്രവർത്തനം പുരോഗമിക്കുകയാണ്. ഇതിനെത്തുടർന്ന് ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നീ ആറ് ജില്ലകളിൽ ഈ പദ്ധതി വ്യാപിപ്പിച്ച് ഒന്നാം ഘട്ടം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. രണ്ടാം ഘട്ടം പൂർത്തിയാകുന്നതോടെയാണ് സംസ്ഥാനത്താകെ ഈ പദ്ധതി പ്രാവർത്തികമാവുക.

## ഇ.സി.ജി. ടെക്നീഷ്യന്മാരുടെ തസ്തികകൾ

156 (1399) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഇ.സി.ജി. ടെക്നീഷ്യൻമാരുടെ എത്ര തസ്തികകൾ നിലവിലുണ്ടെന്നും, അവ എവിടെയെല്ലാമാണെന്നും അറിയിക്കുമോ;

(ബി) താലൂക്ക് ആശുപത്രികൾ മുതൽ മുകളിലേക്ക് ഇ.സി.ജി. ടെക്നീഷ്യൻമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ സർക്കാർ ആശുപത്രികളിൽ ഇ.സി.ജി. ടെക്നീഷ്യന്റെ 81 തസ്തികകൾ നിലവിലുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 13 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 15 |
| കോട്ടയം | 11 |
| ഇടുക്കി | 1 |
| എറണാകുളം | 3 |
| തൃശ്ശൂർ | 12 |
| പാലക്കാട് | 2 |
| മലപ്പുറം | 4 |
| കോഴിക്കോട് | 14 |
| കണ്ണൂർ | 3 |
| ആകെ | 81 തസ്തികകൾ |

(വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.)

(ബി) പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ഹെഡ് നഴ്സ് തസ്തികയിലെ ഒഴിവുകൾ**

157 (1400) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഹെഡ് നേഴ്സുമാരുടെ ആകെ എത്ര തസ്തികയാണ് നിലവിലുള്ളതെന്നും ഇതിൽ എത്രയെണ്ണം വീതം ഒഴിഞ്ഞു കിടക്കുകയാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന എത്ര തസ്തികകൾ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഹെഡ് നഴ്സ് തസ്തികയിലെ ഒഴിവുകൾ യഥാസമയം ഡി.എം.ഒ.-കളിൽ നിന്ന് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുകാരണം സ്റ്റാഫ് നേഴ്സുമാർക്ക് യഥാസമയം പ്രൊമോഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി&സി) അനുബന്ധത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ ഒഴിവുകളും യഥാസമയം ജില്ലാ മെഡിക്കൽ ഓഫീസർമാർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള ഒഴിവുകളിൽ സ്റ്റാഫ് നഴ്സുമാർക്ക് പ്രൊമോഷൻ നൽകി ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിച്ചു വരുന്നു.

**എൻ.ആർ.എച്ച്.എം. വഴി നിയമിതരായിട്ടുള്ള സ്റ്റാഫ് നഴ്സുമാർ**

158 (1401) <u>ശ്രീ. എം. എം. മണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. വഴി നിയമിതരായിട്ടുള്ള സ്റ്റാഫ് നഴ്സുമാർക്ക് ശമ്പളം ഉയർത്തി നൽകിയിട്ടുണ്ടോ: എങ്കിൽ ഇപ്പോൾ നൽകുന്ന മാസശമ്പളം എത്ര രൂപയാണ്;

(ബി) ഇവർക്ക് എന്തൊക്കെ അവധികൾ ആണ് ബാധകമായിട്ടുള്ളത്;

(സി) ഇപ്രകാരം നിയമിക്കപ്പെട്ടിരിക്കുന്ന വനിതാ ജീവനക്കാർക്ക് നൽകി വരുന്ന പ്രസവ അവധി എത്ര ദിവസമാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നൽകിയിട്ടുണ്ട്. നിലവിൽ സ്റ്റാഫ് നഴ്സുമാരുടെ അടിസ്ഥാന ശമ്പളം 13,900/- രൂപയാണ്. കാലാകാലങ്ങളിൽ ആർ.ഒ.പി. പ്രകാരം അനുവദിച്ചുവരുന്ന വർദ്ധനവ് നൽകുന്നുണ്ട്. 2015-16-ലെ എൻ.എച്ച്.എം. ROP (കേന്ദ്രസർക്കാർ അംഗീകരിച്ചുവരുന്നത്) മുഖേന 2-4-2015-ന് ഒരു വർഷം പൂർത്തിയാക്കിയ സ്റ്റാഫ് നഴ്സുമാർക്ക് 10 ശതമാനം ശമ്പള വർദ്ധനവ് നൽകി 15,300 രൂപ നൽകുന്നു.

(ബി) ഒരു കരാർ കാലയളവിൽ ജനുവരി 26, ആഗസ്റ്റ് 15, ഒക്ടോബർ 2, വിഷു, ദുഃഖവെള്ളി, റംസാൻ, തിരുവോണം, ബക്രീദ്, ക്രിസ്തുമസ് എന്നീ ഹോളീഡേയ്സും വീക്കിലി ഓഫും 20 കാഷ്വൽ അവധിയും നൽകിവരുന്നു.

(സി) എൻ.എച്ച്.എം.-ൽ ഒരു വർഷം പൂർത്തിയാക്കുകയും നിലവിൽ സേവനം അനുഷ്ഠിച്ചുവരികയും ചെയ്യുന്ന വനിതാ ജീവനക്കാർക്ക് 90 ദിവസം ശമ്പളത്തോടു കൂടിയ പ്രസവാവധിയും ഒരു വർഷം പൂർത്തിയാകാത്തവർക്ക് 90 ദിവസത്തെ ശൂന്യവേതന പ്രസവാവധിയും നൽകിവരുന്നു.

**സമഗ്ര ആരോഗ്യ നയം**

159 (1402) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ നയം രൂപവൽക്കരിക്കുന്നതിന് പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സമഗ്ര ആരോഗ്യ നയം രൂപവൽക്കരിക്കുന്നതിനുവേണ്ടി റിപ്പോർട്ട് തയ്യാറാക്കാൻ 17 അംഗ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) കേരളം നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്.

(സി) ആരോഗ്യ നയം കരുപിടിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ച സമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവർക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമുണ്ട്. എല്ലാ വിഭാഗം ജനങ്ങളുടേയും അഭിപ്രായം ക്രോഡീകരിച്ചതിനു ശേഷം നവംബറിൽ അന്തിമ റിപ്പോർട്ട് ടി സമിതി സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## മടത്തറ പി.എച്ച്.സി.

160 (1403) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനി മേഖലയിൽ പ്രവർത്തിക്കുന്ന മടത്തറ പി.എച്ച്.സി.-യിൽ ആദിവാസികൾക്ക് കൂടുതൽ ചികിത്സാ സൗകര്യം സജ്ജമാക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇവിടെ കിടത്തി ചികിത്സാ സംവിധാനം സജ്ജമാക്കുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) മടത്തറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജന്റെയും കൂടാതെ ദേശീയ ആരോഗ്യ മിഷൻ മുഖേനയുള്ള ഒരു ഡോക്ടറുടെയും സേവനം ലഭ്യമാണ്. ലബോറട്ടറി സംവിധാനവും ഫാർമസിയും ടി ആശുപത്രിയിൽ ലഭ്യമാണ്. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഫണ്ടുപയോഗിച്ച് ചികിത്സ സൗജന്യം ആവശ്യപ്പെട്ടുവരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കാനാണ് സർക്കാർ തീരുമാനമെടുത്തിട്ടുള്ളത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി അവിടങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സജ്ജമാക്കുന്നതോടൊപ്പം സാംക്രമിക രോഗങ്ങളും ജീവിതശൈലി രോഗങ്ങളും കണ്ടെത്തി പരിഹരിക്കുന്നതിനാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്.

(ബി) പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രം എന്ന നിലയിൽ പ്രസ്തുത സ്ഥാപനത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

## ഒഴൂർ പി.എച്ച്.സി.-ക്ക് കെട്ടിട സൗകര്യം

161 (1404) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ, ഒഴൂർ പി.എച്ച്.സി.-യിൽ കെട്ടിട സൗകര്യമില്ലാതെ ജനം ദുരിതം അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, കെട്ടിട സൗകര്യം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടും പ്രൊപ്പോസലും ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സുകൃതം പദ്ധതി**

162 (1405) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാൻസർ രോഗികളുടെ തുടർചികിത്സയ്ക്കായി നടപ്പാക്കി വന്നിരുന്ന സുകൃതം പദ്ധതി കഴിഞ്ഞ 5 മാസമായി എറണാകുളം ജനറൽ ഹോസ്പിറ്റൽ ഉൾപ്പെടെ നിരവധി ആശുപത്രികളിൽ മുടങ്ങിക്കിടക്കുന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കാൻസറിനു പുറമേ കിഡ്നി, ഹൃദ്രോഗം, കരൾ സംബന്ധിച്ച രോഗങ്ങൾക്ക് തുടർചകിത്സയ്ക്കുംകൂടി സുകൃതം പദ്ധതിയുടെ സഹായം വ്യാപിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; സുകൃതം പദ്ധതിമുടങ്ങാനിട യായിട്ടുണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കാൻസർ രോഗികൾക്കായി സംസ്ഥാനത്ത് എട്ട് സർക്കാർ കാൻസർ ചികിത്സാലയങ്ങളിൽ ചികിത്സ സൗജന്യമാക്കുന്നതിനുള്ള പദ്ധതിയാണ് സുകൃതം. സുകൃതം പദ്ധതി നടപ്പിലാക്കുന്നതിനായി 12 കോടി രൂപ ആർ.സി.സി.-ക്കും 5 കോടി രൂപ മലബാർ കാൻസർ സെന്ററിനും 3 കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജിനും 2 കോടി രൂപ വീതം എറണാകുളം ജനറൽ ആശുപത്രി, തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകൾക്കും കോർപ്പസ് ഫണ്ടായി അനുവദിച്ചിരുന്നു. ആരോഗ്യവകുപ്പിന് കീഴിലുള്ള എറണാകുളം ജനറൽ ആശുപത്രിയിൽ ഫണ്ട് പൂർണ്ണമായും ഉപയോഗിച്ചിട്ടുണ്ട്. റീജിയണൽ കാൻസർ സെന്ററിന് നൽകിയ 12 കോടി രൂപ 2016 മാർച്ച് മാസത്തോടുകൂടി പൂർണ്ണമായും ചെലവഴിച്ചുകഴിഞ്ഞു. എങ്കിലും അർഹരായ രോഗികളെ ഈ പദ്ധതിയിലുൾപ്പെടുത്തി ചികിത്സ നൽകിവരുന്നുണ്ട്. മലബാർ ക്യാൻസർ സെന്ററിൽ 2014 നവംബറിൽ അഞ്ച് കോടി രൂപ അനുവദിച്ചിരുന്നു. ഈ പണം ചെലവഴിച്ചുവെങ്കിലും ഇപ്പോഴും അർഹരായ രോഗികൾക്ക് ഈ പദ്ധതിവഴി സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സുകൃതം പദ്ധതി മറ്റ് രോഗങ്ങൾക്കുകൂടി വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**കാത്ത് ലാബുകൾ**

163 (1406) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാത്ത് ലാബുകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പ്രഖ്യാപിച്ച കാത്ത് ലാബ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന് എത്ര തുക ആവശ്യമായി വരുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന് ആവശ്യമായ അധിക തസ്തികകൾ അനുവദിക്കുമോ?

ഉത്തരം

(എ) 10 കാത്ത് ലാബുകൾ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.

(ബി) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയാണ് കാത്ത് ലാബ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഫണ്ട് ലഭിക്കുന്ന തീയതി മുതൽ ആറുമാസ കാലയളവിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) കാത്ത് ലാബ് ഉപകരണങ്ങളും അവ സ്ഥാപിക്കുന്നതിനാവശ്യമായ സിവിൽ, ഇലക്ട്രിക്കൽ വർക്കിന്റെ തുകയും ചേർത്ത് ഏകദേശം എട്ട് കോടി രൂപ ചെലവ് വരുന്നതാണ്. ഇതിൽ കാത്ത് ലാബും അതിനോട് ചേർന്ന് ആവശ്യമായ ക്രിട്ടിക്കൽ കെയർ യൂണിറ്റും ഉൾപ്പെടുന്നതാണ്.

(ഡി) ആരോഗ്യ വകുപ്പിനുകീഴിലുള്ള വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസൽ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. അതിൽ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**യുനാനി ചികിത്സ**

164 (1407) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിൽ ഒരു യുനാനി ചികിത്സാ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) യുനാനി ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) യുനാനി ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി**

165 (1408) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ അനുവദിച്ചിട്ടും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഡയാലിസിസ് ആവശ്യമുള്ള റാന്നിയിലെയും സമീപ പ്രദേശങ്ങളിലെയും ജനങ്ങൾ ഇപ്പോൾ ദൂരെ സ്ഥലങ്ങളിലേക്ക് പോവുകയും യഥാസമയം ചികിത്സ കിട്ടാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണം പരിമിതമായിരിക്കുന്നതിനാൽ പുതിയ രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ റാന്നി താലൂക്കാശുപത്രിയിൽ അനുവദിച്ച കാരുണ്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 114/13/നികുതി വകുപ്പ് തീയതി 5-2-2013 പ്രകാരം ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 27 ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉത്തരവായിരുന്നു. ഇതിൽ റാന്നി താലൂക്ക് ആശുപത്രിയും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഫണ്ട് അനുവദിച്ചിരുന്നില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്. രോഗികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് റാന്നി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കൊച്ചി മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ

166 (1410) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ വിവിധ തസ്തികകളിൽ നിലവിലുണ്ടായിരുന്ന ഒഴിവുകളിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളിലും നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

കൊച്ചി മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പദ്ധതികൾ

167 (1411) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയ്ക്കുപുറമേ പ്രസ്തുത വിഭാഗക്കാർക്കായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇവർക്ക് സൗജന്യ ചികിത്സയും അവശ്യമരുന്നുകളും മുടക്കമില്ലാതെ ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിലെ SPACE എന്ന NGO-യുമായി സഹകരിച്ച് പരിശീലന പരിപാടി നടപ്പിലാക്കി വരുന്നു. സാമൂഹ്യനീതി വകുപ്പിനുകീഴിൽ കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് സൈക്യാട്രിക് സപ്പോർട്ട് നൽകുന്നതിനും ഇവർക്ക് നൽകിവരുന്ന ശുശ്രൂഷ മെച്ചപ്പെടുത്തുന്നതിനുമായി കോഴിക്കോട് ഇംഹാൻസ് മുഖേന ഡിസ്ട്രിക്ട് സൈക്യാട്രിക് റീഹാബിലിറ്റേഷൻ പ്രോജക്ട് നടപ്പിലാക്കി വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന 'ആശ്വാസകിരണം പദ്ധതി' നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ ബുദ്ധിപരവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്നവർക്ക് വരുമാന പരിധി ബാധകമാക്കാതെ പ്രതിമാസം 525 രൂപ വീതം ധനസഹായം അനുവദിച്ചുവരുന്നു.

ആരോഗ്യ വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

1. സമഗ്ര മാനസികാരോഗ്യ പദ്ധതി - എല്ലാ ജില്ലയിലും മാനസിക രോഗം ഭേദമായവർക്ക് പകൽ സമയ പരിചരണത്തിനായി പകൽ വീടുകൾ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ നിലവിൽ 27 പകൽ വീടുകളുണ്ട്. കൂടാതെ 2016-17-ൽ നാല് പുതിയ പകൽ വീടുകൾ കൂടി തുടങ്ങാൻ പദ്ധതിയുണ്ട്. പകൽ സമയ പരിചരണം, സൗജന്യ ആഹാരം, സൗജന്യ മരുന്നുകൾ, റീഹാബിലിറ്റേഷൻ തെറാപ്പി എന്നിവ നൽകിവരുന്നു.

2. ജില്ലാ സാമൂഹ്യ മാനസികാരോഗ്യ പദ്ധതി-എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാർ അടങ്ങുന്ന ഒരു ടീം എല്ലാ മാസവും നിശ്ചിത ദിവസങ്ങളിൽ മാനസിക രോഗികളെ ചികിത്സിക്കാൻ എത്തുന്നു. ഈ പദ്ധതിയുടെ പ്രയോജനം മാനസിക രോഗികൾക്ക് സാമൂഹികാരോഗ്യ കേന്ദ്രം, പ്രാഥമികാരോഗ്യ കേന്ദ്ര തലത്തിൽ ചികിത്സ ലഭ്യമാക്കുന്നു എന്നതാണ്. കൗൺസിലിംഗ് കൂടാതെ മരുന്നുകളും സൗജന്യമായി ലഭ്യമാക്കുന്നു. രോഗികളുടെ താമസ സ്ഥലത്തിനടുത്തുതന്നെ മാനസിക ചികിത്സ ലഭ്യമാക്കുന്നതു കൊണ്ട് മാനസികാരോഗ്യ കേന്ദ്രങ്ങളിലും ജില്ലാ ആസ്ഥാനങ്ങളിലുള്ള ആശുപത്രികളിൽ പോകാതെ തന്നെ ചികിത്സ ലഭ്യമാക്കുന്നു. കൂടാതെ മാനസിക രോഗത്തിനുള്ള മരുന്നുകളും ഇടതടവില്ലാതെ ലഭ്യമാക്കുന്നു. നാല് ജില്ലകളിൽ കൂടി പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2016-17-ൽ മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കുന്നു. കോഴിക്കോട്, ഇടുക്കി, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലാണ് പുതിയതായി ഈ പദ്ധതി നടപ്പിലാക്കുന്നത്. കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം, തൃശ്ശൂർ എന്നീ ജില്ലകളിലും മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കാസർഗോഡ്, മലപ്പുറം, പാലക്കാട്, എറണാകുളം, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

3. ലഹരി വിമുക്തി കേന്ദ്രങ്ങൾ-താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി; താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര; താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തൃപ്പൂണ്ണിത്തുറ; ജനറൽ ആശുപത്രി, എറണാകുളം; ജനറൽ ആശുപത്രി, ആലപ്പുഴ; ജില്ലാ ആശുപത്രി, കൊല്ലം എന്നീ സ്ഥാപനങ്ങളിലും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങളിലും ലഹരി വിമുക്തി കേന്ദ്രങ്ങൾ തുടങ്ങാനുള്ള പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്.

(ബി) സ്പെഷ്യൽ സ്കൂളിൽനിന്നും പഠനം പൂർത്തിയാക്കിയ 16 വയസ്സ് കഴിഞ്ഞ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പാങ്ങപ്പാറ സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡിൽ വച്ച് തൊഴിൽ പരിശീലനം നൽകുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ മെന്റൽ ഹെൽത്ത് പ്രോഗ്രാം-സ്കൂൾ തലത്തിലെ കുട്ടികൾക്ക് പഠന വൈകല്യം, മാനസിക രോഗം എന്നിവ കണ്ടുപിടിക്കുന്നതിനുള്ള പദ്ധതി ഈ വർഷം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

(സി) ജില്ലാ സാമൂഹിക ആരോഗ്യ പദ്ധതികൾ മുഖേന എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നിശ്ചിത ദിവസങ്ങളിൽ എല്ലാമാസവും ഡോക്ടർമാർ ഉൾപ്പെട്ട സംഘം എത്തി മാനസിക രോഗികളെ പരിശോധിക്കുകയും അവർക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകുകയും ചെയ്യുന്നു. ജില്ലാ സാമൂഹികാരോഗ്യ ടീം നൽകുന്ന ഇൻഡന്റ് പ്രകാരം മരുന്നുകൾ മുടങ്ങാതെ നൽകി വരുന്നു. കൂടാതെ സമഗ്ര മാനസികാരോഗ്യ പദ്ധതി വഴിയും തുടർചികിത്സ ഉറപ്പാക്കാൻ കഴിയുന്നുണ്ട്.

**കൊല്ലം നിയോജക മണ്ഡലത്തിലെ പി.എച്ച്.സി./സി.എച്ച്.സി.-കൾ**

168 (1412) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ എത്ര പി.എച്ച്.സി/ സി.എച്ച്.സി.-കൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അവയിലെ സ്റ്റാഫ് പാറ്റേൺ എപ്രകാര മാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പി.എച്ച്.സി./സി.എച്ച്.സി.-കളിലെ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ മൂന്ന് പി.എച്ച്.സി.-കളും ഒരു സി.എച്ച്.സി.-യും ഉണ്ട്. അവ താഴെപ്പറയുന്നു:

1. പി.എച്ച്.സി., കിളികൊല്ലൂർ
2. പി.എച്ച്.സി., തൃക്കരുവ
3. പി.എച്ച്.സി., പെരുമൺ
4. സി.എച്ച്.സി., തൃക്കടവൂർ

സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് അവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ആരോഗ്യ-കുടുംബക്ഷേമ വകുപ്പിലെ തസ്തികകൾ**

169 (1413) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-11 കാലയളവിൽ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിൽ എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വകുപ്പ്, തസ്തിക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2011-16 കാലയളവിൽ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിൽ എത്ര തസ്തികകളാണ് സൃഷ്ടിച്ചത്; വകുപ്പ്;തസ്തിക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2006-2011 കാലയളവിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ 3512 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. തസ്തികകളുടെ എണ്ണവും മറ്റ് വിശദമായ വിവരങ്ങളും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) 2011-2016 കാലയളവിൽ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിൽ 2622 തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. തസ്തികകളുടെ എണ്ണവും മറ്റ് വിശദമായ വിവരങ്ങളും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കക്കാട് പി.എച്ച്.സി.-ലെ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം

170 (1414) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കാടുകുറ്റി പഞ്ചായത്തിൽ, കക്കാട് പി.എച്ച്.സി.-യിലെ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം ഇനിയും പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണം പൂർത്തിയാക്കുന്നതിന് തടസ്സങ്ങളുണ്ടോ;

(സി) എം.എൽ.എ.-യുടെ എസ്.ഡി.എഫിൽനിന്ന് തുക അനുവദിച്ച് ആരംഭിച്ച ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം കാടുകുറ്റി ഗ്രാമപഞ്ചായത്ത് മുഖേനയാണ് നടത്തിയിരുന്നത്. നിർമ്മാണം പൂർത്തീകരിച്ച് ഒ.പി. ബ്ലോക്ക് പി.എച്ച്.സി.-ക്ക് കൈമാറിയിട്ടില്ല.

(സി) ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുന്നതിനായി ഐ.പി. കെട്ടിടത്തിൽ ഇപ്പോൾ ഒ.പി. സൗകര്യമൊരുക്കി പ്രവർത്തിച്ചുവരുന്നുണ്ട്.

## കാരുണ്യ ഡയാലിസിസ് സെന്റർ

171 (1415) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇതിനായി നീക്കി വച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് കാരുണ്യ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നത്;

<u>ഉത്തരം</u>

കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന പദ്ധതിയിൽ മാവേലിക്കര ജില്ലാ ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ വർഷം സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 44 ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള പദ്ധതിയിൽ ആലപ്പുഴ ജനറൽ ആശുപത്രിയെയും മാവേലിക്കര ജില്ലാ ആശുപത്രിയെയും ചെങ്ങന്നൂർ, ചെട്ടിക്കാട്, കായംകുളം എന്നിവിടങ്ങളിലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**മണിമലയിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

172 (1416) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമല പ്രൈമറി ഹെൽത്ത് സെന്ററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന് ആവശ്യമായ അധിക തസ്തികകൾ അനുവദിക്കുമോ;

(സി) കാഞ്ഞിരപ്പള്ളി താലൂക്കിൽ മറ്റു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇല്ലായെന്നത് പരിഗണിച്ച് ഇത് പ്രാവർത്തികമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

## എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ വികസനം

173 (1417) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഗവ:മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി സംബന്ധിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) നിലവിൽ മെഡിക്കൽ കോളേജിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ഡി) ഇതിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) നടപ്പ് സാമ്പത്തിക വർഷം എറണാകുളം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പി.ജി. ക്വാർട്ടേഴ്സ് പണിയുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സ് പണിയുന്നതിനും തുക നീക്കിയിട്ടുണ്ട്. കൂടാതെ അത്യാവശ്യ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഒരു കോടി പത്ത് ലക്ഷം രൂപയുടെ ധനാഭ്യർത്ഥന സർക്കാരിന്റെ പരിഗണനയിലാണ്.

(സി) എറണാകുളം മെഡിക്കൽ കോളേജിൽ 15-12-2014-ലെ ജി.ഒ. (എംഎസ്.) നമ്പർ 353/14/ആകുവ. പ്രകാരം പ്രിൻസിപ്പാൾ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികയും 27-1-2015-ലെ ജി.ഒ. (എംഎസ്.) 15/15/ആകുവ. പ്രകാരം 350 തസ്തികകളും 4-3-2016-ലെ ജി.ഒ.(എംഎസ്.) നമ്പർ 71/2016/ ആകുവ. പ്രകാരം 340 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ടീച്ചിംഗ് വിഭാഗത്തിൽ നിലവിലുള്ള ഒഴിവുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്. അനദ്ധ്യാപക തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല.

## പീരുമേട് താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ

174 (1418) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് താലൂക്ക് ആശുപത്രിയിൽ ഡോക്ടർ തസ്തികയിലെ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ വേണ്ട തുടർനടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) പീരുമേട് താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജിയിൽ രണ്ട് ഒഴിവുകളും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിൽ ഒരൊഴിവുമുണ്ട്. ആയതിൽ സ്പെഷ്യാലിറ്റി തസ്തിക, യോഗ്യതയുള്ള ഡോക്ടർമാരിൽനിന്ന് ഓപ്ഷൻ സ്വീകരിച്ച് ഉടൻ നികത്തുന്നതാണ്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിലെ ഒഴിവ് അടുത്ത പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ താലൂക്ക് ആശുപത്രികളിലെ മെറ്റേണിറ്റി യൂണിറ്റുകൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 235 ലക്ഷം രൂപയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലുമാണ്. 2015-16-ൽ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി 300 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കായുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യ വികസനം യാഥാർത്ഥ്യമാകുന്നതാണ്.

## ചടയമംഗലം പ്രാഥമിക ആരോഗ്യകേന്ദ്രം

175 (1419) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധമായി പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പട്ടികയിൽ ചടയമംഗലം പ്രാഥമിക ആരോഗ്യകേന്ദ്രത്തെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇതിൻപ്രകാരമുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ?

## ഉത്തരം

(എ&ബി) പാരിപ്പള്ളി മെഡിക്കൽ കോളേജ് ആശുപത്രിക്ക് അനുബന്ധമായി പ്രവർത്തിക്കേണ്ട പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക ഇതുവരെ തയ്യാറാക്കിയിട്ടില്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡമനുസരിച്ച് നിഷ്കർഷിച്ചിരിക്കുന്ന പരിധിയിൽ ഉൾപ്പെടുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ അനുയോജ്യമായവ പ്രസ്തുത മെഡിക്കൽ കോളേജിനുവേണ്ടി ഏറ്റെടുക്കുന്നത് പരിശോധിക്കുന്നതാണ്.

## ന്യായവില മെഡിക്കൽ സ്റ്റോറുകൾ

176 (1420) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ ഏജൻസികൾ നടത്തുന്ന ന്യായവില മെഡിക്കൽ സ്റ്റോറുകളിൽ ഒരേ മരുന്നിന് പല വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു മരുന്ന് ഒരേ വിലയിൽ തന്നെ സർക്കാർ നിയന്ത്രണത്തിലും സഹകരണ മേഖലയിലുമുള്ള സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാരുണ്യാ ഫാർമസി, മെഡിക്കൽ കോളേജ് പേയിംഗ് കൗണ്ടർ, എസ്.എ.ടി ഡ്രഗ്സ് ബാങ്ക്, എച്ച്. എൽ.എൽ. ലൈഫ് കെയർ കൗണ്ടർ എന്നിവിടങ്ങളിൽ ഒരേ മരുന്ന് /മെഡിക്കൽ ഉപകരണം പല വിലയ്ക്ക് വിൽക്കുന്നത് തടയുന്നതിനും ഒരേ വില തന്നെ ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. കൺസ്യൂമർഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോർ, സപ്ലൈകോയുടെ കീഴിൽ പ്രവർത്തിക്കുന്ന മാവേലി മെഡിക്കൽ സ്റ്റോർ, കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസി ഇവയെല്ലാം തന്നെ വ്യത്യസ്ത മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നതിനാൽ ഇവയുടെ സംഭരണ രീതിയും വിൽപ്പന വില നിശ്ചയിക്കുന്ന രീതിയിലും ഏറ്റക്കുറച്ചിലുകൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൊത്തത്തിലുള്ള സംഭരണത്തിൽ നിർമ്മാതാക്കളുമായി ചർച്ചകൾ നടത്തി വാങ്ങൽ വില നിശ്ചയിച്ചുറപ്പിച്ചതിൻ പ്രകാരം ഓരോ സ്ഥാപനത്തിനും ലഭിക്കുന്ന വിലയിൽ നിശ്ചിത ലാഭശതമാനം കൂട്ടിച്ചേർത്താണ് വിൽപ്പന വില നിശ്ചയിക്കുന്നത്. ആയതിനാൽ ഏകീകൃത വില നടപ്പിലാക്കുക എന്നത് പ്രായോഗികമല്ല. എന്നിരുന്നാലും വിപണിയിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന മരുന്നുകളുടെ മാക്സിമം റീട്ടെയിൽ പ്രൈസിനെക്കാളും നിശ്ചിത ശതമാനം വില കുറച്ചാണ് ഈ സ്ഥാപനങ്ങളിൽ മരുന്നു വിതരണം നടത്തിവരുന്നത്.

(സി) മൊത്തത്തിലുള്ള സംഭരണത്തിൽ നിർമ്മാതാക്കളുമായി ചർച്ചകൾ നടത്തി വാങ്ങൽ വില നിശ്ചയിച്ചുറപ്പിക്കുന്നതിൻ പ്രകാരം ഓരോ സ്ഥാപനത്തിനും ലഭിക്കുന്ന വിലയിൽ നിശ്ചിത ലാഭശതമാനം കൂട്ടിച്ചേർത്താണ് വിൽപ്പനവില നിശ്ചയിക്കുന്നത്. ആയതുകൊണ്ടുതന്നെ ഏകീകൃത വില നടപ്പിലാക്കുക എന്നത് പ്രായോഗികമല്ല.

## നഴ്സിംഗ് സ്കൂളുകൾ

177 (1421) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എച്ച്.എസ്സ്.-ന്റെ കീഴിൽ എത്ര നഴ്സിംഗ് സ്കൂളുകളും എത്ര ജെ. പി. എച്ച്. എൻ. സെൻററുകളും ഉണ്ടെന്ന വ്യക്തമാക്കാമോ;

(ബി) ഇരു വിഭാഗങ്ങളിലും കൂടി നഴ്സിംഗ് ട്യൂട്ടർമാരുടെ ആകെ എത്ര തസ്തികകൾ ഉണ്ടെന്ന വിശദമാക്കുമോ;

(സി ഐ. എൻ. സി. നിർദ്ദേശ പ്രകാരം ഒമ്പതാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്ത സീനിയർ ട്യൂട്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതുവരേയും ഉത്തരവ് ഇറങ്ങാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) നഴ്സിംഗ് സ്കൂളുകളിൽ പി. എച്ച്. എൻ. ട്യൂട്ടർമാരുടെ തസ്തിക നിലവിൽ ഉണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ആയതിന്റെ നിയമനത്തിന് ഐ. എൻ. സി. നിർദ്ദേശ പ്രകാരമുള്ള യോഗ്യതകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഡി.എച്ച്.എസ്.-ന്റെ കീഴിൽ 16 സർക്കാർ നഴ്സിംഗ് സ്കൂളുകളും 4 ജെ.പി.എച്ച്.എൻ. സെന്ററുകളുമുണ്ട്.

(ബി) 87 തസ്തികകൾ നിലവിലുണ്ടായിരുന്നു. പുതുതായി 19 നഴ്സിംഗ് ട്യൂട്ടർ തസ്തിക സൃഷ്ടിച്ച് ഉത്തരവായതിലൂടെ ആകെ 106 തസ്തികകൾ നിലവിലുണ്ട്.

(സി&ഡി) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സും പത്ത് മാസത്തെ പബ്ലിക് ഹെൽത്ത് നഴ്സിംഗ് കോഴ്സിലുള്ള ഡിപ്ലോമയും (10 മാസത്തെ കോഴ്സ്) പാസ്സായിരിക്കണം അല്ലെങ്കിൽ ബി.എസ്‌സി. നഴ്സിംഗ് കോഴ്സ് പാസ്സായിരിക്കണം.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ്

178 (1422) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനത്തിനായി ഈ വർഷം എത്ര എം.ബി.ബി.എസ്. സീറ്റുകൾ സർക്കാരിന് ലഭിച്ചു;

(ബി) 2011 മുതൽ 2015 വരെ ഓരോ വർഷവും സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. മെരിറ്റ് സീറ്റിനുള്ള ഫീസ് എത്ര വീതമായിരുന്നു;

(സി) 2011-15 കാലയളവിൽ ഓരോ വർഷവും മെരിറ്റ് ഫീസിൽ എത്ര ശതമാനം വർദ്ധനവാണ് നൽകിയിരിക്കുന്നത്;

(ഡി) ഈ വർഷം മെരിറ്റ് ഫീസിൽ എത്ര ശതമാനം വർദ്ധനവ് നൽകി; ഫീസ് ഇത്രയധികം വർദ്ധിപ്പിക്കാനിടയാക്കിയ കാരണം വിശദമാക്കാമോ;

(ഇ) മാനേജ്മെന്റ് ക്വാട്ടയിലെ ഫീസിൽ മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(എഫ്) സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ വരുമാനം വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ മെരിറ്റ് ഫീസിൽ ഇത്രയധികം വർദ്ധനവ് വരുത്തിയതുമൂലം പാവപ്പെട്ട പല വിദ്യാർത്ഥികൾക്കും എം.ബി.ബി.എസ്. പ്രവേശനം സാധ്യമാകാതെ വന്നിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 1150 സീറ്റുകൾ

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി)അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) 2016-ലെ ഫീസ് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*. സർക്കാരും മാനേജ്മെന്റുകളുമായുള്ള ചർച്ചകളുടെയും കരാറിന്റെയും അടിസ്ഥാനത്തിലാണ് ഫീസ് നിശ്ചയിച്ചത്.

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(എഫ്) 2015-16 അദ്ധ്യയന വർഷത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 800 സീറ്റുകൾ സർക്കാരിന് അലോട്ട്മെന്റിനായി ലഭ്യമായപ്പോൾ 2016-17 അദ്ധ്യയന വർഷത്തിൽ 1150 സീറ്റുകൾ സർക്കാരിന് അലോട്ട്മെന്റിനായി ലഭ്യമായിട്ടുണ്ട്. കൂടാതെ 2015-16 അദ്ധ്യയന വർഷത്തിൽ ക്രിസ്ത്യൻ മാനേജ്മെന്റിന്റെ കീഴിലുള്ള 4 മെഡിക്കൽ കോളേജുകൾ ഒഴികെയുള്ള മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ആകെ 243 വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ (25,000 രൂപ വാർഷിക ഫീസ്) പഠിക്കാൻ അവസരം ലഭിച്ചപ്പോൾ 2016-17 വർഷത്തിൽ ഈ കോളേജുകളിലായി ആകെ 380 വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ (Rs.25,000 ) പഠിക്കാൻ അവസരം ലഭിക്കുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാറശ്ശാല മണ്ഡലത്തിലെ ആശുപത്രികൾ

179 (1423) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ മലയോര പ്രദേശമായ വെള്ളറടയിൽ പ്രവർത്തിക്കുന്ന ആനപ്പാറ സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പാറശ്ശാല ഗവൺമെന്റ് ആശുപത്രിയിൽ ഒരു ആക്സിഡന്റ് ട്രോമാ കെയർ യൂണിറ്റും ഒരു ഡയാലിസിസ് സെന്ററും തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വെള്ളറട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (ആനപ്പാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ) നിലവിൽ 42 കിടക്കകളോടുകൂടി കിടത്തി ചികിത്സയുള്ള സ്ഥാപനമാണ്. ഒരു സിവിൽ സർജൻ, രണ്ട് അസിസ്റ്റന്റ് സർജൻ എന്നിവർ ജോലി ചെയ്യുന്നു. കൂടാതെ എൻ.എച്ച്.എം.-ന്റെ നാല് ഡോക്ടർമാരും ജോലി ചെയ്തുവരുന്നു. പ്രദേശത്തിലെ നിവാസികൾക്ക് ആശ്രയിക്കത്തക്ക രീതിയിൽ സെക്കന്ററി തലത്തിൽ ആരോഗ്യസേവനം നൽകുവാൻ 12 കിലോമീറ്ററിനകത്ത് പാറശ്ശാല താലൂക്ക് ആശുപത്രി സ്ഥിതി ചെയ്യുന്നുണ്ട്. വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് വകുപ്പിന്റെ മുൻഗണനാ വിഷയം.

(ബി) സർക്കാരിന്റെ മാന്ദ്യവിരുദ്ധ പദ്ധതിയിൽ പാറശ്ശാല ഗവൺമെന്റ് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്.

പാറശ്ശാല ഗവൺമെന്റ് ആശുപത്രിയിൽ ആക്സിഡന്റ് ട്രോമാ കെയർ യൂണിറ്റ് തുടങ്ങുവാനുള്ള പ്രൊപ്പോസൽ ടി ആശുപത്രി സൂപ്രണ്ട് നൽകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവുകൾ

180 (1424) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ (മൾട്ടി സ്പെഷ്യാലിറ്റി, സ്പെഷ്യാലിറ്റി ഉൾപ്പെടെ) ചികിത്സാ ചെലവുകൾ നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും നിലവിൽ നിയമങ്ങളുണ്ടോ;

(ബി) ഇല്ലെങ്കിൽ നിയമം കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിൽ നിയമമില്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിക്കുകയും 13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 230 ആയി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ & റഗുലേഷൻ) ബിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ബിൽ നിയമമാകുന്നതിനുമുമ്പ് 13-ാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ചതിനാൽ പ്രസ്തുത ബിൽ ലാപ്സാകുകയുണ്ടായി. പുതുതായി അധികാരമേറ്റ സർക്കാർ പ്രസ്തുത നിയമം നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷൻ&റഗുലേഷൻ) ബിൽ 2016-ന് രൂപം നൽകുകയും ചെയ്തു. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**താലൂക്ക് ആശുപത്രി സ്പെഷ്യാലിറ്റി കേഡറുകൾ**

181 (1425) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, നീലേശ്വരം താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി കേഡറിൽ എത്ര തസ്തികകൾ ഉണ്ടെന്നും ഈ തസ്തികയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഗൈനക്കോളജി, കുട്ടികളുടെ സ്പെഷ്യലിസ്റ്റ് വിഭാഗങ്ങളിൽ ഇപ്പോൾ ഇവിടങ്ങളിൽ എത്ര ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസവ ചികിത്സ നടന്നിരുന്ന ഈ ആശുപത്രികളിൽ ഇപ്പോൾ ചികിത്സ നടത്താൻ കഴിയാതെ വരുന്നതിന്റെ കാരണം അറിയിക്കാമോ;

(ഡി) ഇതു പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-ന്റെ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ്. നീലേശ്വരം താലൂക്ക് ആശുപത്രിയിൽ ഒഴിവുകളൊന്നും നിലവിലില്ല.

(സി) നീലേശ്വരം താലൂക്ക് ആശുപത്രിയിൽ ഒരു ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)-ന്റെ സേവനം ലഭിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ പ്രസവം നടക്കുന്നില്ല. എന്നാൽ ഗർഭകാല പരിശോധനകളും മറ്റ് ഗൈനക്കോളജി സേവനങ്ങളും നൽകി വരുന്നുണ്ട്.

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ഒരു തസ്തികയാണുള്ളത്. ഈ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ്. സർവ്വീസിൽ സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ജൂനിയർ കൺസൾട്ടന്റുമാരെ (ഗൈനക്കോളജി) നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതും ടി ആശുപത്രിയിലെ പ്രസവ ചികിത്സ വീണ്ടും ആരംഭിക്കുന്നതുമാണ്.

(ഡി) സ്പെഷ്യാലിറ്റി യോഗ്യതയുള്ള ഡോക്ടർമാരിൽനിന്നും ജൂനിയർ കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതാണ്.

## സൂപ്പർ സ്പെഷ്യാലിറ്റി കേഡർ

182 (1426) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിക്ക് സൂപ്പർ സ്പെഷ്യാലിറ്റി കേഡർ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ വിവിധ തലങ്ങളിൽ സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിന്റെ ഭാഗമായി ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കാൻ പദ്ധതിയുണ്ട്. സൂപ്പർ സ്പെഷ്യലിസ്റ്റുമാരുടെ ലഭ്യതയും അടിസ്ഥാന സൗകര്യ ലഭ്യതയും കണക്കിലെടുത്ത് ഇത് നടപ്പിലാക്കാം. പാലക്കാട് ജില്ലാ ആശുപത്രിയിൽ നിലവിൽ കാർഡിയോളജി വിഭാഗം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഡെന്റൽ-മെഡിക്കൽ കൗൺസിലുകളിൽ രജിസ്ട്രേഷന് നൽകുന്ന അപേക്ഷകൾ

183 (1427) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഡെന്റൽ-മെഡിക്കൽ കൗൺസിലുകളിൽ രജിസ്ട്രേഷന് നൽകുന്ന അപേക്ഷയിൽ മുഖമക്കനയിട്ട് എടുത്ത (തലയും കഴുത്തും മറച്ചത്) ഫോട്ടോ ആയത് കാരണം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകാതിരിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം കേസുകളിലെ തടസ്സങ്ങൾ നീക്കി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള തസ്തികകൾ

184 (1428) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് അപ്ഗ്രേഡ് ചെയ്യപ്പെട്ട താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിൽ മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

ഉത്തരം

ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും സംസ്ഥാനത്ത് അപ്ഗ്രേഡ് ചെയ്യപ്പെട്ട താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ സമഗ്ര പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## മാട്ടൂൽ പി.എച്ച്.സി.

185 (1429) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ സി.എച്ച്.സി. ആയി പ്രവർത്തിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യമുള്ള, മത്സ്യത്തൊഴിലാളികളും പാവപ്പെട്ടവരും ആശ്രയിക്കുന്ന, കണ്ണൂർ ജില്ലയിലെ മാട്ടൂൽ പ്രൈമറി ഹെൽത്ത് സെന്റർ, സി.എച്ച്.സി. ആക്കി ഉയർത്തുന്നതിനും കിടത്തി ചികിത്സ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

### ഉത്തരം

കണ്ണൂർ ജില്ലയിലെ മാട്ടൂൽ പ്രാഥമികാരോഗ്യ കേന്ദ്രം സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തണമെന്ന മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ നിവേദനം ലഭ്യമായിട്ടുണ്ട്. പഴയങ്ങാടി ബ്ലോക്കിലാണ് മാട്ടൂൽ പി.എച്ച്.സി. സ്ഥിതി ചെയ്യുന്നത്. പ്രസ്തുത ബ്ലോക്കിന് കീഴിൽ കുഞ്ഞിമംഗലം, രാമൻതളി, മുട്ടം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കിടത്തി ചികിത്സയോടുകൂടിയ പഴയങ്ങാടി താലൂക്കാശുപത്രിയും നിലവിലുണ്ട്. പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മാട്ടൂൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പദവി ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും അധിക തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്നതനുസരിച്ച് പരിശോധിക്കുന്നതാണ്.

## പാൻമസാല പോലുള്ള ലഹരി വസ്തുക്കൾ

186 (1430) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൻമസാല പോലുള്ള ലഹരി വസ്തുക്കൾ ചേർത്ത മിഠായികൾ സ്കൂൾ പരിസരങ്ങളിൽ വിറ്റഴിക്കപ്പെടുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുസംബന്ധിച്ച് ആരോഗ്യ വകുപ്പ് പരിശോധന നടത്തി സാമ്പിളുകൾ പിടിച്ചെടുത്തിട്ടുണ്ടോ; പരിശോധനാ ഫലം ലഭിച്ചിട്ടുണ്ടോ;

(സി) സ്കൂൾ പരിസരങ്ങളിലെയും, കുട്ടികൾ കൂടുതലായി എത്തുന്ന പ്രദേശങ്ങളിലെയും കച്ചവട കേന്ദ്രങ്ങളിലൂടെ വിൽപന നടത്തുന്ന ഭക്ഷ്യവസ്തുക്കളും മറ്റു ഉപഭോഗ വസ്തുക്കളും നിശ്ചിത കാലയളവുകളിൽ സാമ്പിൾ പരിശോധന നടത്തി അവയിൽ ഹാനികരമായ വസ്തുക്കളില്ലെന്ന് ഉറപ്പു വരുത്താൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. സാമ്പിളുകൾ പരിശോധനയ്ക്കയച്ചതിൽ പരിശോധനാ ഫലം ലഭിച്ചിട്ടില്ല.

(സി) ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളിൽ ഇത്തരം ഹാനികരമായ വസ്തുക്കളുടെ സാന്നിദ്ധ്യം പരിശോധിക്കാറുള്ളതാണ്. പരിശോധനകളിൽ ഹാനികരമായ വസ്തുക്കൾ കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധചട്ടവും അനുശാസിക്കും പ്രകാരം കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ സ്കൂൾ കുട്ടികൾക്കായി നടത്തിവരുന്ന അവബോധന ക്ലാസ്സുകളിലും ഇത്തരം വിഷയങ്ങൾ ഗൗരവമായി ചർച്ച ചെയ്യാറുണ്ട്.

**ഞാറയ്ക്കൽ താലൂക്കാശുപത്രി**

187 (1431) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും സേവനം ഉറപ്പുവരുത്തുന്നതിനും കിടത്തി ചികിത്സ സാധ്യമാക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ മനുഷ്യാവകാശ കമ്മിഷന്റെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മനുഷ്യാവകാശ കമ്മീഷനിൽനിന്നും ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ സർക്കാർ സ്വീകരിച്ച തുടർനടപടി എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഞാറയ്ക്കൽ താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകളിൽ നിലവിൽ ഒഴിവില്ല. ടി ആശുപത്രിയിൽ കിടത്തി ചികിത്സ നൽകിവരുന്നുണ്ട്.

(ബി&സി) ഉണ്ട്. ഞാറയ്ക്കൽ താലൂക്കാശുപത്രിയിൽ 24 മണിക്കൂറും അത്യാഹിത വിഭാഗത്തിന്റെ സേവനം ലഭ്യമാക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിന്മേൽ നടപടി സ്വീകരിക്കണമെന്നാണ് കമ്മീഷന്റെ നിർദ്ദേശം. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

## അനസ്തേഷ്യ ചെയ്യുന്ന ഡോക്ടർക്കെതിരെയുള്ള പരാതികൾ

188 (1432) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈക്കൂലി നൽകാത്തതിനെ തുടർന്ന് കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിന്ന് ആദിവാസി യുവതിയെ ശസ്ത്രക്രിയ നടത്താതെ ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ നിർബന്ധപൂർവ്വം ഡിസ്ചാർജ്ജ് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) അനസ്തീഷ്യ ചെയ്യുന്ന ഡോക്ടർക്കെതിരെ ഒട്ടേറെ പരാതികൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അന്വേഷണത്തിന്റെ ഭാഗമായി ,ഈ ആശുപത്രിയിൽനിന്ന് ഓപ്പറേഷന് വിധേയരായവരിൽനിന്നുകൂടി വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ശസ്ത്രക്രിയ നടത്താതെ നിർബന്ധപൂർവ്വം ഡിസ്ചാർജ് ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കൈക്കൂലി നൽകാത്തതിനാൽ ചികിൽസ നിഷേധിച്ചുവെന്നത് സംബന്ധിച്ച ശ്രീമതി സരസ്വതി മുതൽപേർ സമർപ്പിച്ച ഒരു പരാതി കാസർഗോഡ് ജനറൽ ആശുപത്രി സൂപ്രണ്ടിനും കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്കും ലഭിച്ചിരുന്നു.

(ബി) കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ, അഡീഷണൽ ആരോഗ്യ വകുപ്പ് ഡയറക്ടർ (വിജിലൻസ്) എന്നിവർ ഈ വിഷയത്തിൽ അന്വേഷണം നടത്തിയിരുന്നു. പ്രസ്തുത അന്വേഷണത്തിൽ 11-8-2016-ന് പരാതിക്കാരിയുടെ ഗർഭപാത്രം നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയ നടത്തിയതായും 16-8-2016-ന് ആശുപത്രിയിൽനിന്നും ഡിസ്ചാർജ് ചെയ്തതായും കണ്ടെത്തിയിട്ടുണ്ട്. പരാതിക്കാരി, ടിയാളുടെ സഹോദരി, ആരോപണ വിധേയരായ ഡോക്ടർമാർ, ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാർ എന്നിവരുടെ മൊഴി രേഖപ്പെടുത്തുകയുണ്ടായി. കൈക്കൂലി വാങ്ങി എന്ന ആരോപണം രണ്ട് ഡോക്ടർമാരും നിഷേധിച്ചിട്ടുണ്ട്. എഴുത്തും വായനയും അറിയാത്ത തന്നെക്കൊണ്ട് വീടിനടുത്തുള്ള രണ്ടുമൂന്നുപേർ പരാതി എഴുതി ഒപ്പിടുവിക്കുകയായിരുന്നുവെന്നും ചികിത്സയ്ക്കായി ഡോക്ടർമാർക്ക് രൂപ നൽകിയിട്ടില്ല എന്നും പരാതിക്കാരിയായ ശ്രീമതി സരസ്വതി മൊഴി നൽകിയിട്ടുണ്ട്. മയക്ക് ഡോക്ടറായ ഡോ. വെങ്കിടേശഗിരിയുടെ വീട്ടിൽ പോയിക്കണ്ട് രൂപ കൊടുക്കാൻ ശ്രമിച്ചുവെങ്കിലും അദ്ദേഹം രൂപ വാങ്ങിയില്ല എന്ന് പരാതിക്കാരിയുടെ സഹോദരി മൊഴി നൽകിയിട്ടുണ്ട്.

(സി&ഡി) ഇല്ല. ശ്രീമതി സരസ്വതിയുടെ പരാതി അല്ലാതെ മറ്റ് പരാതികളൊന്നും അനസ്റ്റെറ്റിസ്റ്റിനെതിരെ ലഭിച്ചിട്ടില്ല.

**പഴയങ്ങാടി താലൂക്കാശുപത്രി**

189 (1433) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി താലൂക്കാശുപത്രിയിൽ സൂപ്രണ്ടുൾപ്പെടെ ആവശ്യമായ തസ്തികകളും അടിസ്ഥാന സൗകര്യവും ഉണ്ടാക്കുന്നതിന് സമർപ്പിച്ച നിവേദനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി പൊതുമരാമത്ത് തയ്യാറാക്കി സമർപ്പിച്ച ആറ് കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്താകെയുള്ള ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള സമഗ്ര പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതാണ്.

(ബി) പഴയങ്ങാടി താലൂക്കാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച ആറു കോടി രൂപയുടെ എസ്റ്റിമേറ്റ് 2016-17 സാമ്പത്തിക വർഷത്തിലെ താലൂക്കാശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തുടർനടപടി സ്വീകരിച്ചു വരുന്നു.

**വൃക്കരോഗം വർദ്ധിക്കാനുള്ള കാരണങ്ങൾ**

190 (1434) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ വല്ലതും നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, വൃക്കരോഗം വർദ്ധിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ, ഈ മേഖലയിൽ പഠനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇന്ത്യൻ സൊസൈറ്റി ഓഫ് നെഫ്രോളജി ഈ മേഖലയിൽ പഠനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നെഫ്രോളജി ഒ.പി.-യിൽ വരുന്ന രോഗികളുടെ വൃക്ക തകരാർ കണ്ടു പിടിക്കുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ട്. ദേശീയ 'ക്രോണിക് കിഡ്നി ഡിസീസ് രജിസ്ട്രി'-യിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രോഗികളുടെ രോഗലക്ഷണങ്ങൾ ചേർത്തിട്ടുണ്ട്. സംസ്ഥാനത്ത് പ്രമേഹംമൂലമുള്ള വൃക്കരോഗങ്ങളാണ് കൂടുതലായി കണ്ടുവരുന്നത്. ഇതുകൂടാതെ അമിത രക്തസമ്മർദ്ദം, Glomerulonephritis, വൃക്കകളുടെ അണുബാധ എന്നിവ കൊണ്ടുണ്ടാകുന്ന വൃക്കരോഗവും കണ്ടുവരുന്നുണ്ട്.

**മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനം**

191 (1435) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രി പൂർണ്ണ പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ ഡോക്ടർ, നഴ്സ് അടക്കമുള്ള സ്റ്റാഫിന്റെ നിയമനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ആവശ്യമായ മുഴുവൻ സ്റ്റാഫിനെയും അടിയന്തരമായി നിയമിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ സർജൻമാരുടെ ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാൻസർ രോഗനിർണ്ണയത്തിനായുള്ള ഹൈ റെസല്യൂഷൻ സോണോഗ്രാം യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയും മാലിന്യസംസ്കരണം നടപ്പിലാക്കുന്നതിന് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ സർക്കാർ ആശുപത്രികളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള സമാഹൃത പ്രൊപ്പോസലിൽ മാവേലിക്കര ജില്ലാ ആശുപത്രിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) വിവിധതലങ്ങളിലുള്ള ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പൊതുവായ മാനദണ്ഡം നിർദ്ദേശിച്ചതിനുശേഷം സമാഹൃത പ്രൊപ്പോസൽ 2-2-2015-ലെ സ.ഉ.(പി) നമ്പർ 58/2015/ധന. നമ്പർ ഉത്തരവിനോടൊപ്പമുള്ള പ്രൊഫോർമയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഒഴിവുള്ള കൺസൾട്ടന്റ് (ജനറൽ സർജറി) തസ്തികയിലേക്ക് ജൂനിയർ കൺസൾട്ടന്റുമാരുടെ (ജനറൽ സർജറി) പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**കാട്ടാക്കട നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ**

192 (1436) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം വ്യക്തമാക്കാമോ; പുതുതായി പ്രഖ്യാപിച്ച കാട്ടാക്കട താലൂക്ക് കേന്ദ്രമായി താലൂക്ക് ഹോസ്പിറ്റൽ ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഇതിനായി കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

കാട്ടാക്കട നിയോജക മണ്ഡലത്തിൽ നിലവിൽ അഞ്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും (മാറനല്ലൂർ, വിളവൂർക്കൽ, പള്ളിച്ചൽ, കാട്ടാക്കട, ആമച്ചൽ) രണ്ട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളും (വിളപ്പിൽ, മലയിൻകീഴ്) ആണുള്ളത്. കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാനാണ് ആരോഗ്യ വകുപ്പ് ആലോചിച്ചുവരുന്നത്.

**ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

193 (1437) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചമ്പക്കുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 51 കിടക്കകൾ അനുവദിച്ചിട്ടുള്ള ചമ്പക്കുളം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടെങ്കിലും രാത്രികാല ഡോക്ടറുടെ സേവനം ലഭ്യമല്ല. ആയത് ലഭ്യമാക്കുന്നതിന് ആവശ്യ തസ്തികകൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ സമാഹൃത പ്രൊപ്പോസലിൽ ചമ്പക്കുളം സാമൂഹികാരോഗ്യ കേന്ദ്രത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കപ്പെടുന്നതിലൂടെ 24 മണിക്കൂർ സേവനം രോഗികൾക്ക് ലഭ്യമാക്കുന്നതാണ്.

(ബി) രണ്ടാം ഗ്രേഡ് ആശുപത്രി അറ്റന്ററുടെ മൂന്ന് ഒഴിവുകളും ഹെഡ് നഴ്സിന്റെ ഒരു ഒഴിവും ചമ്പക്കുളം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുണ്ട്. രണ്ടാം ഗ്രേഡ് ആശുപത്രി അറ്റന്ററുടെ ഒഴിവിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹെഡ് നഴ്സിന്റെ ഒഴിവ് ഉദ്യോഗക്കയറ്റത്തിലൂടെ നികത്തുന്നതാണ്.

**മെഡിക്കൽ റീഇംബേഴ്സ്മെന്റ്**

194 (1438) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും അവരുടെ കുടുംബാഗങ്ങൾക്കും മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുമ്പോൾ ശിപാർശ നൽകുന്ന മെഡിക്കൽ ഓഫീസറുടെ പേര് വിവരം പെൻ നമ്പർ സഹിതം രേഖപ്പെടുത്തുന്ന സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതു നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിൽ ആരോഗ്യ വകുപ്പിൽ എന്തെങ്കിലും വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഏതെങ്കിലും അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) മരുന്നുകൾ കുറിക്കുന്ന ഡോക്ടർ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റിൽ അദ്ദേഹത്തിന്റെ പേര്, ഔദ്യോഗിക പേര്, രജിസ്ട്രേഷൻ നമ്പർ, സ്ഥാപനത്തിന്റെ മേൽവിലാസം എന്നിവ രേഖപ്പെടുത്തി കയ്യൊപ്പ് രേഖപ്പെടുത്തിയാണ് സമർപ്പിക്കുന്നത്. കെ.ജി.എസ്.എം.എ. റൂൾ പ്രകാരം ഡോക്ടറുടെ പെൻ രേഖപ്പെടുത്തേണ്ടതില്ല. പെൻ രേഖപ്പെടുത്തുന്ന സംവിധാനം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇല്ല. കെ.ജി.എസ്.എം.എ. റൂൾ അനുസരിച്ച് എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റിലെ മരുന്നുകൾ, പ്രൊസീജ്യറുകൾ, ലാബ് ടെസ്റ്റുകൾ എന്നിവ വിശദമായി പരിശോധിച്ച് സർക്കാർ അംഗീകൃത നിരക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. അപാകതകളുള്ള അപേക്ഷകൾ പുനഃസമർപ്പിക്കുന്നതിനായി അതാത് വകുപ്പുകളിലേക്ക് തിരികെ അയയ്ക്കുകയാണ് പതിവ്.

(സി) ബാധകമല്ല.

**കാൻസർ രോഗം**

195 (1439) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും രോഗം നേരത്തെ കണ്ടെത്തുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദീകരിക്കാമോ;

(ബി) എല്ലാ സർക്കാർ താലൂക്ക് ആശുപത്രികളിലും കാൻസർ രോഗ നിർണ്ണയത്തിനായി പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കുമോയെന്നും പരിശീലനം നേടിയ ആവശ്യമായ ജീവനക്കാരെ നിയമിക്കുമോയെന്നും വെളിപ്പെടുത്താമോ ;

(സി) 18 വയസ്സിന് താഴെയുള്ളവർക്കായി കാൻസർ രോഗ ചികിത്സ സൗജന്യമായി നൽകിവരുന്ന പദ്ധതികൾ നിലവിലുണ്ടോ; ഏതെല്ലാം ആശുപത്രികളാണ് ഈ ആനുകൂല്യം നൽകി വരുന്നത്; വിശദാംശം നൽകുമോ?

**ഉത്തരം**

(എ) സംസ്ഥാനത്ത് കാൻസർ രോഗം വർദ്ധിച്ചുവരുന്നതായാണ് റീജിയണൽ കാൻസർ സെന്ററിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ വർദ്ധിച്ചു വരുന്ന രോഗികളുടെ ബാഹുല്യത്തിന് ആനുപാതികമായി സർക്കാർ മേഖലയിൽ അർബുദ രോഗ ചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമാണ്. ഈ അവസ്ഥയ്ക്കൊരു മാറ്റം വരുത്തുന്നതിനായി എല്ലാ ജില്ലയിലും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിന് ആരംഭിച്ച പദ്ധതിയാണ് ജില്ലാ കാൻസർ കെയർ പദ്ധതി. ആരോഗ്യവകുപ്പിലെ കാൻസർ ചികിത്സാ വിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ കാൻസർ സെന്ററുകളിൽ പകാലനം നൽകി ഈ സെന്ററുകളിൽ വിന്യസിച്ചിട്ടുണ്ട്. ഈ സെന്ററുകളിലൂടെ നാളിതുവരെ 1500-ലധികം കാൻസർ കേസ്സുകൾ കണ്ടെത്തുകയും 1600-ലധികം കീമോതെറാപ്പികൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ എല്ലാ ജില്ലാ ആശുപത്രികളിലും ഡെന്റൽ വിഭാഗത്തിനോടനുബന്ധിച്ച് വദനാർബുദ നിർണ്ണയ ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. (Oral detection clinics) ഗ്രാമ പ്രദേശങ്ങളിൽ കാൻസർ നിർണ്ണയ ക്യാമ്പുകളും എല്ലാ സാമ്പത്തിക വർഷവും നടത്തിവരാറുണ്ട്.

റീജിയണൽ കാൻസർ സെന്റർ :

ആർ.സി.സി.-യിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെടുന്ന ക്യാൻസർ രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായാണ് കാണുന്നത്. മറ്റ് കാരണങ്ങൾക്കുപുറമെ കാൻസർ ജീവിതശൈലിയുമായി ബന്ധപ്പെട്ട ഒരു രോഗമാണ്. അതിനെ പലവിധത്തിലും നിയന്ത്രിക്കുന്നതിന് സംവിധാനങ്ങൾ ആർ.സി.സി. ആവിഷ്കരിച്ചുവരുന്നുണ്ട്. ജനങ്ങളെ ഈ രോഗത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും നല്ലതായ ജീവിതശൈലി അവലംബിക്കുന്നതിനുള്ള ബോധവൽക്കരണവും ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം മുൻകയ്യെടുത്ത് നടത്തിവരുന്നു. ഇതുകൂടാതെ നമ്മുടെ നാട്ടിൽ കൂടുതലായി കണ്ടുവരുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയഗള കാൻസർ മുതലായവ നേരത്തേ കണ്ടുപിടിക്കുന്നതിനുള്ള ക്യാമ്പുകളും പരിശീലന പദ്ധതികളും ആർ.സി.സി. നടത്തിവരുന്നു. സ്തനാർബുദ ബോധവൽക്കരണ മാസമായ ഒക്ടോബർ മാസത്തിൽ പരമാവധി ബോധവൽക്കരണ ക്ലാസ്സുകളും പരിശീലന പദ്ധതികളും ആർ.സി.സി. സംഘടിപ്പിക്കാറുണ്ട്. കാൻസർ ബാധിച്ച രോഗികളെ ചികിത്സിക്കുന്നതിനായി അതിനൂതനമായ ചികിത്സാ സംവിധാനങ്ങളും ആർ.സി.സി.-യിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കാൻസർ ഗവേഷണത്തിനും നമ്മുടെ നാടിന് യോജിച്ചതുമായ കാൻസർ നിയന്ത്രണ പദ്ധതികൾ തയ്യാറാക്കുന്നതിനും ആർ.സി.സി. മുൻഗണന നൽകിയിട്ടുണ്ട്.

2014 ജനുവരി മാസം കേരള ആരോഗ്യവകുപ്പ്, എൻ.ആർ.എച്ച്.എം. എന്നിവ ചേർന്ന് ഒരു സമഗ്ര കാൻസർ നിയന്ത്രണ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയായി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽനിന്നുള്ള എൻ.ആർ.എച്ച്.എം. ഡോക്ടർമാർക്കും എൻ.ആർ.എച്ച്.എം. നഴ്സുമാർക്കും ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകളും കാൻസർ നേരത്തേ കണ്ടുപിടിക്കുന്നതിനാവശ്യമായ പ്രായോഗിക പരിശീലനവും ആർ.സി.സി. നൽകുകയുണ്ടായി.

മുൻകൂർ രോഗനിർണ്ണയം നടത്തി യഥാസമയത്ത് ചികിത്സ ലഭ്യമാകുന്ന പക്ഷം കാൻസർ രോഗം നല്ലൊരു പരിധിവരെ നിയന്ത്രിക്കാൻ കഴിയുന്നതാണ്. ഇതിനായി റീജിയണൽ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗവും ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളായ കൊല്ലം, എറണാകുളം, പാലക്കാട് എന്നീ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങളും കാൻസർ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി. നൽകിവരുന്നു.

സംസ്ഥാനത്തെ 12 ജില്ലകളിലായി (ഇടുക്കിയും കോഴിക്കോടും ഒഴികെ) ജില്ലാ കാൻസർ നിയന്ത്രണ കേന്ദ്രങ്ങൾ സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ ആരംഭിച്ചു. ഈ കേന്ദ്രങ്ങളിൽ നിന്നുള്ള 16 ഡോക്ടർമാർക്ക് 3 മാസവും 42 നഴ്സുമാർക്ക് 2 ആഴ്ചയും വീതം ആർ.സി.സി.-യിലും മലബാർ കാൻസർ സെന്ററിലും പരിശീലനം നൽകുകയുണ്ടായി.

ഇപ്രകാരം പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ആർ.സി.സി.-യിൽ ആദ്യഘട്ട കീമോതെറാപ്പി കഴിഞ്ഞ രോഗികൾക്ക് അടുത്തഘട്ടം മുതൽ കീമോതെറാപ്പി നൽകുന്നതിനുള്ള സംവിധാനവും മുൻകൂർ കാൻസർ നിർണ്ണയത്തിനും കാൻസർ മുന്നോടിയായുള്ള മാറ്റങ്ങൾ കണ്ടുപിടിച്ച് ചികിത്സിക്കുന്നതിനുമുള്ള സംവിധാനം ഡിസ്ട്രിക്ട് കാൻസർ കെയർ സെന്ററുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

ആർ.സി.സി.-യിൽ എത്തുന്ന രോഗികൾക്കായി താഴെപ്പറയുന്ന രോഗ നിർണ്ണയ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.

<u>പ്രധാനപ്പെട്ട രോഗനിർണ്ണയ സൗകര്യങ്ങൾ</u> :

1. പെറ്റ് സ്കാനർ
2. എം.ആർ.ഐ.
3. സി.റ്റി.
4. മാമോഗ്രാഫി
5. എക്സ്-റേ യൂണിറ്റുകൾ
6. ഗാമാ ക്യാമറ
7. അൾട്രാ സൗണ്ട് മെഷീനുകൾ
8. പിക്ചർ ആർക്കൈവിംഗ് ആന്റ് കമ്മ്യൂണിക്കേഷൻ സിസ്റ്റം (PACS)
9. ആട്ടോമേറ്റഡ് ബ്ലഡ് കൾച്ചർ സംവിധാനം
10. ബ്ലഡ് അഫറസിസ്റ്റ് യൂണിറ്റ്
11. ബ്ലഡ് ഈറാഡിയേറ്റർ യൂണിറ്റ്
12. ആട്ടോമേറ്റഡ് ഐഡന്റിഫിക്കേഷൻ ആന്റ് സെൻസിറ്റിവിറ്റി സിസ്റ്റംസ്
13. ഫ്ലൂറസെന്റ് ഇൻ-സിറ്റു ഹൈബ്രിഡൈസേഷൻ (FISH)
14. റിയൽടൈം പോളിമറൈസ് ചെയിൻ റിയാക്ഷൻ (RTPCR)

റേഡിയേഷൻ ചികിത്സയ്ക്കായി താഴെപ്പറയുന്ന ചികിത്സാ സംവിധാനങ്ങൾ ആർ.സി.സി.-യിൽ നിലവിലുണ്ട് :

1. ലീനിയൻ ആക്സിലറേറ്റർ
2. ടെലി കൊബാൾട്ട് യൂണിറ്റ്
3. ഡിജിറ്റൽ സിമുലേറ്റർ
4. 4 ഡി പ്ലാനിംഗ് സി.റ്റി
5. ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റം
6. ബ്രാക്കിതെറാപ്പി സൗകര്യങ്ങൾ
7. സ്റ്റീരിയോടക്ടിക്ക് റേഡിയോ സർജറി, IMRT, IGRT അത്യന്താധുനിക സംവിധാനങ്ങളുള്ള 6 മേജർ ഓപ്പറേഷൻ തീയേറ്ററുകളിൽ താഴെപ്പറയുന്ന ശസ്ത്രക്രിയാ സംവിധാനങ്ങൾ നിലവിലുണ്ട്.

1. മിനറൽ ഇൻവേസീവ് സർജറി
2. സെന്റിനൽ ലിംബ് നോഡ് ബയോപ്സി
3. ലേസർ ഫോർ മൈക്രോ ലാരിൻജ്യൽ സർജറി
4. പ്രിസിഷൻ ഡ്രിൽ ആൻഡ് സാ സിസ്റ്റം
5. സ്റ്റേറ്റ് ഓഫ് ദി ആർട്ട് ഐ.സി. യൂണിറ്റ്
6. മൊബൈൽ സി.ആം. ഇന്റൻസിഫയർ

മലബാർ കാൻസർ സെന്റർ :

താഴെപ്പറയുന്ന എല്ലാ സൗകര്യങ്ങളും ലഭ്യമാണ്.

- ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കി തെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.
- ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോബയോളജി വിഭാഗം.

- 4 ഡി സി.ടി. സ്കാനർ, സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ. സ്കാനർ, സി.ടി. സ്കാൻ, 500 എം.എ. എക്സ്റേ മെഷീനും അൾട്രാ സൗണ്ട് സ്കാനറും ഡിജിറ്റൽ എക്സ്റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമാജിയോളജി വിഭാഗം.
- ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം
- ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം
- എൻഡോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ.
- രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ബ്ലഡ് ബാങ്ക്.
- ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തീയേറ്റർ കോംപ്ലക്സ്
- ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.
- ക്യാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, പാലിയേറ്റീവ് രോഗികൾക്ക് വീട്ടിലിരുന്നുതന്നെ ഡോക്ടറുമായി ആശയവിനിമയം നടത്തുവാൻ ഇ-പാലിയേറ്റീവ് സംവിധാനം
- മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും ഡോക്ടർമാർക്കും എം.സി.സി.-യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനം.
- 200 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്.

(ബി) കാൻസർ ചികിത്സാ രംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ച ജില്ലാ കാൻസർ കെയർ പദ്ധതി ഇപ്പോൾ 12 ജില്ലകളിലായി 16 ആശുപത്രികളിൽ നിലവിലുണ്ട്. ഇത് കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

<u>മലബാർ കാൻസർ സെന്റർ</u> :

മലബാർ കാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ കാൻസർ ബോധവൽക്കരണത്തിന്റെയും കാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കൂടാതെ കാൻസർ കെയർ പദ്ധതിയുടെ കീഴിൽ സർക്കാർ ഉത്തരവു പ്രകാരം മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും നഴ്സുമാർക്കും കാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലെയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവന ചെയ്തിരിക്കുന്നത്. ഇതുകൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളിലായി ടെലിമെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യതുടർ വിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു.

(സി) 18 വയസ്സിനു താഴെയുള്ളവർക്കായി കാൻസർ രോഗം ഉൾപ്പെടെയുള്ള എല്ലാ രോഗങ്ങൾക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്ന ആർ.ബി.എസ്.കെ. പദ്ധതി നാഷണൽ ഹെൽത്ത് മിഷൻ വഴി നടപ്പിലാക്കിവരുന്നു. സാമൂഹ്യ സുരക്ഷാ വകുപ്പിന്റെ പദ്ധതിയായ താലോലം പദ്ധതി നിലവിലുണ്ട്.

<u>റീജിയണൽ കാൻസർ സെന്റർ</u> :

18 വയസ്സുവരെയുള്ള കാൻസർ ബാധിതരായിട്ടുള്ള കുട്ടികൾക്ക് കാൻസർ ചികിത്സ എ.പി.എൽ.-ബി.പി.എൽ. ബാധകമല്ലാതെ പൂർണ്ണമായും സൗജന്യമായി നൽകുന്ന കാൻസർ സുരക്ഷാപദ്ധതി പ്രകാരം ആർ.സി.സി.-യിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാണ്. കൂടാതെ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് കാൻസർ അല്ലാത്ത, എന്നാൽ കാൻസർ ചികിത്സ പോലെ ചെലവേറിയ ചികിത്സകൾക്ക് 50,000 രൂപ വരെയുള്ള സൗജന്യ ചികിത്സ നൽകുന്ന താലോലം പദ്ധതിയുമുണ്ട്.

<u>മലബാർ കാൻസർ സെന്റർ</u> :

18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ ചികിത്സയ്ക്കായി കേരളാ സാമൂഹ്യ സുരക്ഷാ മിഷന്റെ സഹായത്തോടെ കാൻസർ സുരക്ഷാ പദ്ധതി, താലോലം പദ്ധതി എന്നിവ 2009 മുതൽ എം.സി.സി.-യിൽ നടപ്പിലാക്കിവരുന്നുണ്ട്.

<u>കാൻസർ സുരക്ഷാ പദ്ധതി</u> :

18 വയസ്സുവരെ പ്രായമുള്ള കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യ കാൻസർ രോഗചികിത്സയ്ക്കായി ആവിഷ്കരിച്ചതാണ് കാൻസർ സുരക്ഷാ പദ്ധതി. ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികൾ ഒഴികെ മറ്റെല്ലാ കുട്ടികൾക്കും കുടുംബ വരുമാനം മാനദണ്ഡമാക്കാതെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

1. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് അർഹതയുള്ള കേന്ദ്ര-കേരള സർക്കാർ പൊതുമേഖലയിലെയും മറ്റ് അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ മക്കൾ
2. മെഡിക്ലെയിം/മറ്റ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്ന കുട്ടികൾ.
3. ചികിത്സയ്ക്കായി പേ വാർഡിൽ അഡ്മിഷൻ എടുത്തിട്ടുള്ള കുട്ടികൾ.

താലോലം പദ്ധതി :

18 വയസ്സുവരെ പ്രായമുള്ള കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികളിലെ ഹീമോഫീലിയ, താലിസിമിയ, സിക്കിൾസെൽ അനീമിയ എന്നീ രോഗങ്ങൾക്ക് സൗജന്യ ചികിത്സയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ചതാണ് താലോലം പദ്ധതി.

അർഹരായവർ :

1. ബി.പി.എൽ. കാർഡുള്ളവർ
2. ആർ.എസ്.ബി.വൈ. കാർഡുള്ളവർ
3. ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത്, മുൻസിപ്പൽ സെക്രട്ടറിമാർ നൽകുന്ന സർട്ടിഫിക്കറ്റുള്ളവർ.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ :

18 വയസ്സുവരെ പ്രായമുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന കാൻസർ സുരക്ഷ എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ കുടുംബ വാർഷിക വരുമാനം കുറഞ്ഞ കാൻസർ ബാധിതരായ കുട്ടികൾക്ക് സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലൂടെയാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിവരുന്നത്. ഇത്തരത്തിലുള്ള കുട്ടികളെ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യം അനുവദിക്കുന്നതിനായി കൗൺസിലർമാരുടെ സേവനവും ബന്ധപ്പെട്ട ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ കുട്ടികൾക്ക് ആശുപത്രിയിൽ ചികിത്സയിലായിരിക്കുമ്പോഴുള്ള മരുന്നിനും മറ്റ് ചികിത്സാ ചെലവുകൾക്കുമുള്ള ആനുകൂല്യം ഈ പദ്ധതിയിലൂടെ ലഭ്യമാണ്. നിലവിൽ ഈ പദ്ധതിയിലൂടെ 5059 കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

കാൻസർ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
2. ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, തിരുവനന്തപുരം
3. ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, കോഴിക്കോട്
4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്
5. മലബാർ കാൻസർ സെന്റർ, കണ്ണൂർ
6. ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, ആലപ്പുഴ
7. ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, കോട്ടയം
8. ഐ.സി.എച്ച്, കോട്ടയം
9. കെ.സി.എച്ച്.സി., പരിയാരം
10. ഗവൺമെന്റ് ജനറൽ ആശുപത്രി, എറണാകുളം
11. ഗവൺമെന്റ് മെഡിക്കൽ കോളേജ് ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ
12. ഗവൺമെന്റ് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, എറണാകുളം

## വെള്ളാനിക്കര സാമൂഹിക ആരോഗ്യ കേന്ദ്രം

196 (1440) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ വെള്ളാനിക്കര സാമൂഹിക ആരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മുൻകാലങ്ങളിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാനാണ് ആരോഗ്യവകുപ്പ് ആലോചിച്ചു വരുന്നത്.

(ബി) ഇല്ല.

## പത്തനംതിട്ട ജില്ലയിലെ ബ്ലഡ് ബാങ്കുകൾ

197 (1441) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ ആശുപത്രികളോട് അനുബന്ധിച്ചാണ് ബ്ലഡ് ബാങ്കുകൾ ഉള്ളത്;

(ബി) രക്തദാനത്തിന് സന്നദ്ധരായവരുടെ രക്തം ശേഖരിച്ച് സൂക്ഷിക്കാൻ താലൂക്കുകൾ കേന്ദ്രീകരിച്ച് സംവിധാനം ഇല്ലാത്തതിനാൽ രോഗികൾക്ക് യഥാസമയം രക്തം ലഭിക്കുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനാൽ എല്ലാ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുകൾ വരെയുള്ളിടത്തും രക്തബാങ്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) റാന്നി താലൂക്കാശുപത്രിയിൽ ഇത്തരമൊരു യൂണിറ്റ് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ ആശുപത്രികളോട് അനുബന്ധിച്ചുള്ള ബ്ലഡ് ബാങ്കുകളുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു :

(1) ജനറൽ ഹോസ്പിറ്റൽ, പത്തനംതിട്ട (ഗവൺമെന്റ്)

(2) ഹോളി ക്രോസ് ഹോസ്പിറ്റൽ, അടൂർ, പത്തനംതിട്ട

(3) മേനത്തോട്ടം ഹോസ്പിറ്റൽ, റാന്നി, പത്തനംതിട്ട

(4) മൗണ്ട് സിയോൻ എം.സി.എച്ച്., അടൂർ, പത്തനംതിട്ട

(5) ലൈഫ് ലൈൻ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, അടൂർ, പത്തനംതിട്ട

(6) ക്രിസ്ത്യൻ മിഷൻ ഹോസ്പിറ്റൽ, പന്തളം, പത്തനംതിട്ട

(7) മുത്തൂറ്റ് ഹെൽത്ത് കെയർ ലിമിറ്റഡ്, കോഴഞ്ചേരി, പത്തനംതിട്ട

(8) ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, തിരുവല്ല, പത്തനംതിട്ട

(9) മാർഗ്രിഗറിസ് മെമ്മോറിയൽ മുത്തൂറ്റ് മെഡിക്കൽ സെന്റർ ലിമിറ്റഡ്, റിംഗ് റോഡ്, പത്തനംതിട്ട

(10) സെന്റ് ഗ്രിഗറിസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, പരുമല, പത്തനംതിട്ട

(11) പുഷ്പഗിരി ഹോസ്പിറ്റൽ, തിരുവല്ല, പത്തനംതിട്ട

(12) തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, തിരുവല്ല, പത്തനംതിട്ട

(13) മെ.ഫെല്ലോഷിപ്പ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, കുമ്പനാട്, പത്തനംതിട്ട

(14) ചിത്ര ഹോസ്പിറ്റൽ, പന്തളം, പത്തനംതിട്ട

(15) പോയാനിൽ ഹോസ്പിറ്റൽ കോഴഞ്ചേരി, പത്തനംതിട്ട

(എല്ലാം പ്രൈവറ്റ് ആശുപത്രികൾ)

(ബി) പത്തനംതിട്ട ജില്ലയിൽ രോഗികൾക്ക് യഥാസമയം രക്തം ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായ റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെയും നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെയും മാർഗ്ഗനിർദ്ദേശ പ്രകാരം പ്രതിവർഷം 2000 യൂണിറ്റിൽ കൂടുതൽ രക്തം ആവശ്യമുള്ളിടത്താണ് രക്ത ബാങ്കുകൾ അനുവദിക്കുന്നത്. കൂടാതെ 2000 യൂണിറ്റിൽ താഴെ രക്തം ആവശ്യമുള്ള ആശുപത്രികളിൽ രക്ത സംഭരണ യൂണിറ്റുകളാണ് അനുവദിക്കുന്നത്. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ രക്ത ബാങ്ക് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) റാന്നി താലൂക്ക് ആശുപത്രിയിൽ ഒരു രക്ത സംഭരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചതിന്റെയടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ ആന്റി റിട്രോ വൈറൽ തെറാപ്പി സെന്റർ

198 (1442) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ആൻറി റിട്രോ വൈറൽ തെറാപ്പി സെന്ററിൽ (ART) വിദഗ്ദ്ധ ഡോക്ടർമാരില്ലാത്തതുമൂലം എച്ച്.ഐ.വി. ബാധിതരായ രോഗികൾ ബുദ്ധിമുട്ടനുഭവിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എ.ആർ.ടി. കേന്ദ്രത്തിൽ ജോലി ചെയ്തുവന്നിരുന്ന ഡോക്ടറെ ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ അനുവദിച്ച് നൽകിയിരുന്ന ഫണ്ടിന്റെ അപര്യാപ്തതമൂലം മാതൃ സ്ഥാപനത്തിലേക്ക് തിരിച്ചയച്ചിരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ഒഴിവിലേക്കായി കരാർ അടിസ്ഥാനത്തിൽ ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ നിർദ്ദേശിച്ചിരുന്ന മാനദണ്ഡപ്രകാരം ഒരു മെഡിക്കൽ ഓഫീസറെ എ.ആർ.ടി. കേന്ദ്രത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.

## നായ്ക്കളുടെ കടിയേറ്റ് ആശുപത്രിയിൽ എത്തുന്നവർക്ക് ആവശ്യമായ മരുന്നുകളുടെ ലഭ്യത

199 (1443) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായ്ക്കളുടെ കടിയേറ്റ് ആശുപത്രിയിൽ എത്തുന്നവർക്ക് ആവശ്യമായ കുത്തിവയ്പുകൾ എടുക്കുന്നതിനുള്ള മരുന്നുകൾ ലഭ്യമാണോ; പല ആശുപത്രികളിലും മരുന്നുകൾ സ്റ്റോക്കില്ലെന്ന് പറഞ്ഞ് രോഗികളെ പറഞ്ഞു വിടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവുനായ്ക്കളുടെ കടിയേറ്റവർക്ക് ആവശ്യമായ മരുന്നുകൾ സംസ്ഥാനത്തെ സി.എച്ച്.സി.-കളിലും പി.എച്ച്.സി.-കളിലും കൂടി ലഭ്യമാക്കുമോ; ഇതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും നായ്ക്കളുടെ കടിയേറ്റ് എത്തുന്നവർക്ക് ആവശ്യമായ കുത്തിവയ്പ് എടുക്കുന്നതിനുള്ള മരുന്നുകൾ ലഭ്യമാണ്. നായ്ക്കളുടെ കടിയേറ്റവർക്ക് നൽകേണ്ട ആന്റി റാബീസ് വാക്സിനും, ആന്റി റാബീസ് സിറത്തിനും ക്ഷാമമില്ല. ആന്റി റാബീസ് സിറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിതലം മുതലേ പൊതുവിൽ സ്റ്റോക്ക് ചെയ്യുന്നുള്ളൂ.

മരുന്ന് സ്റ്റോക്കില്ലെന്നുപറഞ്ഞ് രോഗികളെ പറഞ്ഞുവിടുന്ന സംഭവവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തെരുവ് നായ്ക്കളുടെ കടിയേറ്റവർക്ക് ആവശ്യമായ ആന്റി റാബീസ് വാക്സിൻ സംസ്ഥാനത്തെ സി.എച്ച്.സി.-കളിലും പി.എച്ച്.സി.-കളിലും ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. ഗുരുതരമായ കടിയേറ്റവർക്ക് നൽകുന്ന ആന്റി റാബീസ് സിറം (ARS) താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ലഭ്യമാണ്. എ.ആർ.എസ്. നൽകിയാൽ രോഗിക്ക് കടുത്ത അലർജിയോ മറ്റോ ഉണ്ടായാൽ വേണ്ട ചികിത്സാ സൗകര്യങ്ങൾ കൂടി കണക്കിലെടുത്താണ് കൂടുതൽ സൗകര്യം ലഭ്യമായ ആശുപത്രികളിൽ മാത്രം എ.ആർ.എസ്. ലഭ്യമാക്കുന്നത്.

## ഇൻസുലിൻ മരുന്നുകളുടെ ഗുണനിലവാരം

200 (1444) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന 'ഇൻസുലിൻ' മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണനിലവാരമില്ലാത്ത ഇത്തരം മരുന്നുകൾ വിതരണം ചെയ്യുന്ന വിതരണക്കാർക്കും കമ്പനികൾക്കുമെതിരെ നടപടി സ്വീകരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഗുണനിലവാരമുള്ള മരുന്നുകൾ തന്നെയാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഡൽഹിയിലെ നോയിഡയിൽ ബയോളജിക്കൽ മരുന്നുകളായ സീറ വാക്സിൻ, ഇൻസുലിൻ എന്നിവ പരിശോധിക്കുന്നതിലേക്കായി ജപ്പാന്റെയും അമേരിക്കയുടെയും സഹകരണത്തോടെ ലോകോത്തര നിലവാരമുള്ള ഒരു പരിശോധനാ ലബോറട്ടറി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസ് എന്ന പേരിൽ കേന്ദ്രസർക്കാർ സ്ഥാപിച്ചിട്ടുണ്ട്. രാജ്യത്തെ മറ്റൊരു സംസ്ഥാനത്തിലും ഇവ ടെസ്റ്റ് ചെയ്യുന്നതിനായുള്ള സംവിധാനമില്ല.

(ബി) ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയാലുടൻ സംസ്ഥാനത്തുടനീളവും ഇന്ത്യയിലൊട്ടാകെയും പ്രസ്തുത മരുന്നിന്റെ വിതരണവും ഉപയോഗവും തടയുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഉപഭോക്താക്കൾക്കും ആരോഗ്യപ്രവർത്തകർക്കും ആശുപത്രികൾക്കും മറ്റ് മരുന്ന് വിതരണ സ്ഥാപനങ്ങൾക്കും മൊബൈൽ വഴി എസ്.എം.എസ്. സന്ദേശം നൽകി മരുന്നുകളുടെ വില്പനയും ഉപയോഗവും തടയുന്നു. കമ്പനികൾക്കെതിരെ ഡ്രഗ്സ്

കൺട്രോൾ വകുപ്പ് വകുപ്പുതല അച്ചടക്കനടപടികളും നിയമനടപടികളും സമയബന്ധിതമായി സ്വീകരിക്കുന്നു. സർക്കാർ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ വിതരണം ചെയ്യുന്ന കമ്പനിയായ കെ.എം.എസ്.സി.എൽ. തുടർച്ചയായ ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന കമ്പനികളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് ഉൾപ്പടെയുള്ള നടപടികളും സ്വീകരിക്കുന്നു.

(സി) കേരള സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളിൽ 98 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ച് വിതരണം ചെയ്യുന്നതാണ്. വളരെ സങ്കീർണ്ണമായ നിർമ്മാണ പ്രക്രിയകളിലൂടെയാണ് മരുന്നുകളുടെ ഓരോ ഫോർമുലേഷനും നിർമ്മിക്കപ്പെടുന്നത്. അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ ഫിനിഷ്ഡ് ഫോർമുലേഷൻ വിപണിയിലേക്ക് റിലീസ് ചെയ്യുന്നതുവരെയുള്ള ഓരോ ഘട്ടങ്ങളിലും നിർമ്മിക്കപ്പെടുന്ന ഓരോ ബാച്ചുകളും കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയും ജി.എം.പി. നിഷ്കർഷിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയേഴ്സ് അനുസരിച്ചുമാണ് വിതരണ ത്തിനായി എത്തിക്കുന്നത്. ഇത് അതാത് സംസ്ഥാനങ്ങളുടെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കർശന നിരീക്ഷണത്തിലുമാണ്. ആയതിനാൽ വിപണിയിലുള്ള മരുന്നുകളെല്ലാംതന്നെ ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ മൂന്നുമുതൽ അഞ്ചു വർഷം വരെ ഷെൽഫ് ലൈഫ് ഉള്ള മരുന്നുകൾ അവയുടെ കാലാവധിയിൽ രാസപരിണാമം അനുസരിച്ച് ഘടനയിലോ ഗുണ നിലവാരത്തിലോ ചിലപ്പോൾ മാറ്റം വരാറുണ്ട്. ആയതിനാൽ ഷെൽഫ് ലൈഫ് പീരിഡിൽ ഉടനീളം ഗുണനിലവാരം നിലനിർത്തുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനാണ് നിയമപ്രകാരം റാൻഡം സാമ്പിളിംഗ് ഏർപ്പെടുത്തിയിരിക്കുന്നത്. മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി നിലവിൽ തിരുവനന്തപുരത്തും എറണാകുളത്തുമായി രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൃശ്ശൂർ, കോഴിക്കോട്, പത്തനംതിട്ട എന്നിവിടങ്ങളിൽ മൂന്ന് ലാബുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ അനലിറ്റിക്കൽ റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ അത് അതാത് ഡ്രഗ്സ് ഇൻസ്പെക്ടർമാർക്ക് അയച്ചുകൊടുക്കുകയും മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ അധികാരികളെ അറിയിക്കുകയും ചെയ്യുന്നു. സാമ്പിൾ എടുത്ത ഉദ്യോഗസ്ഥൻ റിപ്പോർട്ട് കിട്ടിയ ഉടൻ തന്നെ സാമ്പിൾ എടുത്ത സ്ഥലത്തെ മരുന്നുകളുടെ വില്പന നിർത്തിവയ്പിക്കുകയും ആയത് എവിടെ നിന്നെല്ലാം വാങ്ങി എന്നതിനെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് ഈ മരുന്ന് ജനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നതിലേക്കായുള്ള തുടർനടപടികൾ ആരംഭിക്കുന്നു. കൂടാതെ ടെസ്റ്റ് റിപ്പോർട്ട് കിട്ടിയാലുടൻതന്നെ ടി മരുന്നിന്റെ വിശദാംശങ്ങൾ എസ്.എം.എസ്. വഴി വ്യാപാരികൾ, വിതരണക്കാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ, നഴ്സുമാർ എന്നിവർക്കും ആശുപത്രികൾ, മറ്റ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ എന്നിവർക്കും ലഭ്യമാക്കുന്നുണ്ട്.

**വെങ്കിടങ്ങ് പഞ്ചായത്തിലെ നിർമ്മാണം പൂർത്തിയായ ആശുപത്രി കെട്ടിടം രോഗികൾക്കായി തുറന്നുകൊടുക്കുന്നത് സംബന്ധിച്ച്**

201 (1445) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ തോയക്കാവിൽ നിർമ്മാണം പൂർത്തിയായ ആശുപത്രി കെട്ടിടം നാളിതുവരെ രോഗികൾക്കായി തുറന്നു കൊടുത്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണം പൂർത്തിയായ പ്രസ്തുത കെട്ടിടത്തിൽ കിടത്തി ചികിത്സയ്ക്കായി എത്ര ബെഡ്ഡുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഫണ്ട് ചെലവഴിച്ച് നിർമ്മിച്ച പ്രസ്തുത കെട്ടിടം തുറന്നു പ്രവർത്തിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വെങ്കിടങ്ങ് പഞ്ചായത്തിലെ തോയക്കാവിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം സബ്സെന്റർ കുണ്ടഴിയൂർ ആണ്. ടി സ്ഥാപനം തുറന്ന് പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ടി പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം വെങ്കിടങ്ങ്, പാടൂർ എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്.

(ബി) നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം സബ്സെന്ററായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. സബ്സെന്ററുകളിൽ കിടത്തി ചികിത്സ ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

(സി) സർക്കാർ ഫണ്ട് ചെലവഴിച്ച് നിർമ്മിച്ച ഈ കെട്ടിടം തോയക്കാവിൽ സ്ഥിതിചെയ്യുന്ന സബ്സെന്റർ കുണ്ടഴിയൂർ ആണ്. ഇവിടെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്. കൂടാതെ ഇമ്മ്യൂണൈസേഷൻ, മെഡിക്കൽ ക്യാമ്പുകൾ എന്നിവ നടന്നുവരുന്നു.

**നായ്ക്കളുടെ കടിയേറ്റവർക്ക് നൽകുന്ന വാക്സിൻ**

202 (1446) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നായ്ക്കളുടെ കടിയേറ്റവർക്ക് നല്കുന്ന വാക്സിന്റെ പരാജയത്തോത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പേവിഷബാധയേറ്റവർക്ക് നല്കുന്ന വാക്സിൻ, പരാജയപ്പെട്ട കേസുകൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആന്റി റാബിസ് വാക്സിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടോ; പരിശോധന നടത്തുന്ന ലാബുകളുടെ വിവരങ്ങൾ നൽകാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നായയുടെ കടിയേറ്റവരുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നായ്ക്കളുടെ കടിയേറ്റവർക്ക് നൽകുന്ന വാക്സിന്റെ പരാജയത്തെ സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) പേവിഷ ബാധയ്ക്ക് നൽകുന്ന റാബീസ് വാക്സിൻ നൽകിയതിനെത്തുടർന്ന് ചില രോഗികളിൽ 'giddiness, nausea, vomiting, general weakness' എന്നീ ലക്ഷണങ്ങൾ അനുഭവപ്പെട്ടതായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, പന്തളം പബ്ലിക് ഹെൽത്ത് സെന്റർ എന്നിവരിൽ നിന്നും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോളർ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസ്, ഹൈദ്രാബാദ് എന്ന കമ്പനി ഉൽപ്പാദിപ്പിച്ച റാബീസ് വാക്സിന്റെ (ബാച്ച് നം. എ.വൈ.ബി 6013) സാമ്പിളുകൾ നിയമപ്രകാരം ശേഖരിക്കുകയും കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി, കസൗളി (ഹിമാചൽ പ്രദേശ്)-ലേക്ക് ഗുണനിലവാര പരിശോധനയ്ക്ക് അയയ്ക്കുകയും പ്രസ്തുത സാമ്പിൾ ഗുണനിലവാരം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ടി മരുന്നിന്റെ ചില വിപരീത ഫലം സംബന്ധിച്ച പരാതി അല്ലാതെ മരുന്നിന്റെ നിർവ്വീര്യം സംബന്ധിച്ച മറ്റ് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) സർക്കാർ ആശുപത്രികളിൽ പേവിഷബാധയ്ക്കുള്ള ആന്റി റാബീസ് വാക്സിൻ വാങ്ങി സംഭരിച്ച് വിതരണം ചെയ്യുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡാണ്. മാത്രമല്ല, പ്രസ്തുത മരുന്ന് സംഭരിക്കുന്നതിനുള്ള ടെണ്ടർ നിബന്ധനകൾ പ്രകാരം നിർമ്മാതാക്കൾ അവർ വിതരണം ചെയ്യുന്ന ഓരോ ബാച്ച് മരുന്നുകളുടെയും ഗുണനിലവാര പരിശോധന നടത്തി റിപ്പോർട്ടുകൾ സഹിതമാണ് വിതരണം നടത്തേണ്ടതും മരുന്നിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനാവശ്യമായ ശീതീകരണ സംവിധാനം ($2^0$ C to $8^0$ C) ഈ മരുന്നിന്റെ ട്രാൻസ്പോർട്ടിംഗ് ഉടനീളം ഉറപ്പുവരുത്തി വിതരണം ചെയ്യേണ്ടതാണെന്ന വ്യവസ്ഥയുണ്ട്. ഇപ്രകാരം വിതരണം ചെയ്തതിനുശേഷവും മരുന്നിന്റെ കാലാവധിയിലുടനീളം/മരുന്ന് ഉപയോഗിക്കുന്നതുവരെ പ്രസ്തുത ശീതീകരണ

സംവിധാനത്തിൽ മാത്രമേ മരുന്ന് സംഭരിച്ചുവയ്ക്കാൻ പാടുള്ളൂ. നിലവിൽ റാബീസ് വാക്സിൻ പരിശോധിക്കുന്നതിനുള്ള സംവിധാനം സംസ്ഥാനത്തെ മരുന്നു പരിശോധനാ ലാബുകളിൽ ഇല്ല. ടി മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി കേന്ദ്ര സർക്കാരിന്റെ സെൻട്രൽ ഡ്രഗ്സ് ലബോറട്ടറി, കസൗളി, ഹിമാചൽപ്രദേശിൽ മാത്രമേ നിലവിലുള്ളൂ. ടി ലാബിൽ നിയമപ്രകാരം സാമ്പിൾ എടുത്ത് പരിശോധനയ്ക്ക് കൊണ്ടുപോകുന്നതിന് ചില നിബന്ധനകളുണ്ട്. മരുന്ന് സാമ്പിളുകൾ എടുക്കുന്നതുമുതൽ വിമാനമാർഗ്ഗേന പരിശോധനയ്ക്ക് കൊണ്ടെത്തിക്കുന്നതുവരെ ശീതീകരണ സംവിധാനത്തിൽ ($2^0$ C to $8^0$ C)-ൽ സൂക്ഷിക്കേണ്ടതുണ്ട്. ആയതിനാൽ ഈ മരുന്ന് സാമ്പിളുകൾ പരിശോധിക്കുന്നതിലേക്കായി ഏകദേശം 40,000 രൂപയാണ് ചെലവ്. എന്നിരുന്നാലും വളരെ അത്യാവശ്യ ഘട്ടങ്ങളിൽ ഇത്തരത്തിലുള്ള വാക്സിനുകൾ ആരോഗ്യവകുപ്പ്, എൻ.ആർ.എച്ച്.എം., കെ.എം.എസ്.സി.എൽ. എന്നിവരുടെ ഫണ്ട് ഉപയോഗപ്പെടുത്തി സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കാറുണ്ട്.

(ഡി) ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. *

**കുട്ടനാടിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ**

203 (1447) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുട്ടനാട്ടിൽ ചമ്പക്കുളം, ചെമ്പുംപുറം, വെളിയനാട്, എടത്വാ എന്നീ സി.എച്ച്.സി.-കളും രാമങ്കരി, മുട്ടാർ, തകഴി എന്നീ പി.എച്ച്.സി.-കളുമാണുള്ളത്. ഇവിടങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി പ്രൊപ്പോസലുകളും പ്രോജക്ടുകളും തയ്യാറാക്കി അവ നടപ്പിലാക്കുന്ന നടപടികൾ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു. സംസ്ഥാന തലത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്വഴി പരിഗണിക്കേണ്ട പ്രൊപ്പോസലുകൾ ലഭിച്ചാൽ അവ പരിഗണിക്കുന്നതാണ്. ചമ്പക്കുളം, വെളിയനാട് എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ ആശുപത്രി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സ്റ്റാൻഡേർഡൈസേഷൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) (എ) ഫാർമസിസ്റ്റ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, സ്റ്റാഫ് നഴ്സ്, ഡെന്റൽ ഹൈജീനിസ്റ്റ്, ഓഫീസ് അറ്റൻഡർ എന്നീ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പിന് കീഴിൽ ജോലി നോക്കുന്ന നിശ്ചിത യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാരിൽനിന്നും ഓപ്ഷൻ മുഖേന ജൂനിയർ കൺസൾട്ടന്റ് തസ്തിക നികത്തുന്നതാണ്.

(സി) രണ്ടാംഗ്രേഡ് ആശുപത്രി അറ്റന്റർമാരുടെ ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഹെഡ് നഴ്സിന്റെ ഒഴിവ് ഉദ്യോഗക്കയറ്റത്തിലൂടെ നികത്തുന്നതാണ്.

**സർക്കാർ-സ്വകാര്യ ലാബുകളുടെ പ്രവർത്തനം**

204 (1448) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പ്രവർത്തിക്കുന്ന സർക്കാർ ലബോറട്ടറികളിൽ (എച്ച്.എം.സി നടത്തുന്നവയിൽ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യത്യസ്ത നിരക്കിൽ ലാബ് ഫീസ് ഈടാക്കി വന്നിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ലാബുകൾ നിയന്ത്രണമില്ലാതെ രോഗികളിൽനിന്നും ഫീസ് ഈടാക്കുന്നതും യോഗ്യതയില്ലാത്ത ഉദ്യോഗസ്ഥരെ നിയമിച്ച് പരിശോധന നടത്തുന്നതും കൃത്രിമ മരുന്നുകൾ ഉപയോഗിച്ചുള്ള പരിശോധന നടത്തുന്നതും നിയന്ത്രിക്കാൻ ഒരു നിയമ നിർമ്മാണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്താതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം സ്വകാര്യ ലാബുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും എച്ച്.എം.സി. നടത്തുന്ന ലാബുകളിൽ ഏകീകൃത ഫീസ് നടപ്പിലാക്കാനും വേണ്ട നിയമനിർമ്മാണം ഉൾപ്പെടെ എന്തെല്ലാം നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ ആരോഗ്യ ദൗത്യം വഴി നടപ്പിലാക്കിയിട്ടുള്ള ലാബുകളിലെ ഫീസ് നിരക്ക് നിശ്ചയിക്കാനുള്ള ഉത്തരവാദിത്വം അതാത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്കാണ്.

(ബി&സി) സ്വകാര്യ മേഖലയിലെ ഫീസ് ഏകീകരണത്തിനും മറ്റ് മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനും അതിലൂടെ അമിത ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും ചൂഷണങ്ങൾ തടയുന്നതിനുമുള്ള 'ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സർക്കാരിന്റെ പരിഗണനയിലാണ്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെയും ലാബുകളുടെയും നഴ്സിംഗ് ഹോമുകളുടെയും നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ പ്രധാന ലക്ഷ്യം. ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം വരുന്നതോടെ സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെയും പ്രവർത്തന ത്തിനുമേൽ നിയന്ത്രണം സാധ്യമാകും.

**ഭക്ഷ്യസുരക്ഷ**

205 (1449) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ എത്ര സർക്കാർ ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പ് ശക്തിപ്പെടുത്താനുള്ള ഏതെങ്കിലും കർമ്മപദ്ധതി സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോട്ടലുകളിൽ എത്ര പരിശോധന നടത്തിയിട്ടുണ്ട് ; വിശദീകരിക്കുമോ;

(ഡി) ഭക്ഷ്യസുരക്ഷാ ബോധവത്കരണത്തിനുവേണ്ടി പ്രസ്തുത വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 559 തസ്തികകൾ അനുവദിക്കപ്പെട്ടതിൽ 448 ജീവനക്കാർ നിലവിൽ ജോലി ചെയ്തുവരുന്നുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇതിനകം ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി അഡ്മിനിസ്ട്രേഷൻ & ലീഗൽ എന്ന തസ്തികയും 3 ജോയിന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് തസ്തികയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവയിൽ ഓരോ തസ്തികയും നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഓരോ സർക്കിൾ ഓഫീസ് എന്ന നിലയിൽ പുനഃസംഘടിപ്പിക്കുന്നതിലേക്കാവശ്യമായ 62 ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ

തസ്തികയും വിവിധ ഭക്ഷ്യ സുരക്ഷാ ഓഫീസുകളിലേക്കായി 99 ക്ലർക്കുമാരുടെയും 30 ഓഫീസ് അറ്റന്റർമാരുടെയും തസ്തികയും ഇതിനകം വിവിധ ഉത്തരവുകളിലൂടെ അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയത് ദേശീയ നിലവാരത്തിലുള്ള അക്രെഡിറ്റേഷൻ നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നതിനോടൊപ്പം 3 റിസർച്ച് ഓഫീസർ, 3 ജൂനിയർ റിസർച്ച് ഓഫീസർ, 3 ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I, 6 ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികകളും ഇതിനകം സർക്കാർ പുതുതായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഭക്ഷ്യ സുരക്ഷാ മേഖലയിൽ നിരന്തരമായ ഇടപെടലുകൾ ആവശ്യമായവ ദിനംപ്രതി വർദ്ധിച്ചുവരികയാണ്. അത്തരമുള്ള ആവശ്യങ്ങൾ നേരിടുന്നതടക്കം വകുപ്പ് സജ്ജമാക്കുന്നതിനുള്ള കർമ്മപദ്ധതി വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്.

(സി) 1682 ഹോട്ടലുകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ഡി) സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിൽ നിന്നും 10 സർക്കാർ സ്കൂളുകൾ വീതം തെരഞ്ഞെടുത്ത് 140 സർക്കാർ സ്കൂളുകളിലെ 8, 11 എന്നീ ക്ലാസുകളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്ക് ഭക്ഷ്യസുരക്ഷാ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനായുള്ള TOT (Trainers of Training) പരിശീലനം ഇതിനകം നൽകിയിട്ടുള്ളതാണ്. കൂടാതെ ടി പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആലോചിച്ചുവരുന്നു. കൂടാതെ സ്കൂൾ പാഠ്യപദ്ധതിയിൽ ടി വിഷയം ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് പരിശോധിക്കേണ്ടതുണ്ട്.

**ചെങ്ങന്നൂർ താലൂക്ക് ആയുർവ്വേദാശുപത്രി**

206 (1450) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ താലൂക്ക് ആയുർവേദാശുപത്രിക്കുവേണ്ടി സ്ഥലവും ഫണ്ടും ഭരണാനുമതിയും ലഭിച്ചിട്ടും കെട്ടിടം പണി തുടങ്ങുന്നതിനുള്ള കാലതാമസമെന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ചെങ്ങന്നൂർ ഗവൺമെന്റ് ആയുർവ്വേദാശുപത്രിക്കുവേണ്ടി പ്ലാൻ ഫണ്ട് പ്രകാരം അനുവദിച്ച 24 ലക്ഷം രൂപയും നാഷണൽ ആയുഷ് മിഷൻ ഫണ്ട് പ്രകാരം അനുവദിച്ച 56,25,000 (അമ്പത്തിയാറുലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) രൂപയും പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട്. ആശുപത്രിക്കായി പി.ഡബ്ല്യു.ഡി. തയ്യാറാക്കിയ കെട്ടിടത്തിന്റെ രൂപരേഖ അംഗീകരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പി.ഡബ്ല്യു.ഡി.-ക്ക് നൽകിയിട്ടുണ്ട്.

**ജീവനക്കാരുടെ ഒഴിവുകൾ**

207 (1451) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ താലൂക്കാശുപത്രി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ ഒഴിവുകൾ ഏതെല്ലാം സ്ഥലങ്ങളിലും ഏതെല്ലാം തസ്തികകളിലു മാണെന്ന് വിശദമാക്കാമോ; ഒഴിവുള്ള കേന്ദ്രങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

കായംകുളം മണ്ഡലത്തിലെ താലൂക്കാശുപത്രി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ ചെട്ടിക്കുളങ്ങര, ഭരണിക്കാവ്, കൃഷ്ണപുരം, ദേവികുളങ്ങര, പത്തിയൂർ, കണ്ടല്ലൂർ തുടങ്ങിയ 7 സ്ഥാപനങ്ങളിലും ഡോക്ടർമാരുടെ ഒഴിവുകൾ യാതൊന്നും ഇല്ല.

ഭരണിക്കാവിൽ ഒരു ക്ലാർക്കിന്റെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രം പത്തിയൂരിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II-ന്റെ ഒരു ഒഴിവും കണ്ടല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒരൊഴിവും പ്രാഥമികാരോഗ്യ കേന്ദ്രം ചെട്ടിക്കുളങ്ങരയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I-ന്റെ ഒരൊഴിവും കായംകുളം താലൂക്കാശുപത്രിയിൽ ഹെഡ് നഴ്സിന്റെ രണ്ടൊഴിവുമാണുള്ളത്. മേൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപികൾ സ്വീകരിച്ചുവരുന്നു.

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ

208 (1452) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആധുനിക കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണു ദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു നിയോജക മണ്ഡലത്തിൽ എത്ര ആധുനിക കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഈ നിലയിലേക്ക് മാറ്റാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ എത്ര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആധുനിക കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമെന്നും അവ ഏതെല്ലാമെന്നും ഉള്ളതിന്റെ മണ്ഡലം തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ; ഇതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുമെന്നും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമെന്നുമുള്ള ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പി.എച്ച്.സി.-യിലെ ഡോക്ടർമാരുടെ സേവനങ്ങൾ വിപുലപ്പെടുത്താനുള്ള മേഖലകൾ തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായി വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രത്യേക പരിശീലന പരിപാടികൾ ഏർപ്പെടുത്തേണ്ടതുണ്ട്.

(ബി&സി) ഈ പദ്ധതി ഇപ്പോൾ പ്രാരംഭഘട്ടത്തിലാണ്. പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുന്ന വേളയിൽ മാത്രമേ ഇക്കാര്യങ്ങളിൽ തീരുമാനങ്ങൾ കൈക്കൊള്ളുകയുള്ളൂ.

## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റുകളിലെ തീർപ്പാകാത്ത ഫയലുകൾ

209 (1453) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഡയറക്ടേറ്റുകളിലെ പല സെക്ഷനുകളിലും ഫയൽ നടപടികൾ തീർപ്പാകാതെ കിടക്കുന്നകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇവിടങ്ങളിൽ ലഭ്യമാകുന്ന തപാലുകൾ എത്ര ദിവസത്തിനകം സെക്ഷനിൽ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സെക്ഷൻ സൂപ്രണ്ട്, ക്ലാർക്ക് എന്നിവരുടെ അഭാവത്തിൽ ഫയൽ സബ്മിറ്റ് ചെയ്യാൻ അതാത് സെക്ഷനുകളിലെ സീനിയർ ജീവനക്കാരെയും ക്ലാർക്കുമാരെയും ചുമതലപ്പെടുത്തി നൽകാൻ എന്തെങ്കിലും തടസ്സം ഉണ്ടോ;

(ഡി) മെഡിക്കൽ റീ ഇംബേഴ്സ്മെന്റിന് ഉൾപ്പെടെയുള്ള അപേക്ഷകൾ മാസങ്ങളായി തീർപ്പാകാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഇ) പ്രസ്തുത അപേക്ഷകളിൽ ഡി.എച്ച്.എസ്. ജീവനക്കാരുടെ അപേക്ഷകളിൽ, മറ്റ് വകുപ്പുകളെ അപേക്ഷിച്ച് എത്ര കാലതാമസമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) കോടതി കേസ്സുകൾ, സർക്കാർ കത്തുകൾ, മനുഷ്യാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട കേസ്സുകൾ, മറ്റ് അടിയന്തര പ്രാധാന്യമുള്ള തപാലുകൾ എന്നിവ അതാത് ദിവസവും മറ്റ് സാധാരണ തപാലുകൾ 2 ദിവസത്തിനകവും ബന്ധപ്പെട്ട സെക്ഷനിൽ നൽകുന്നുണ്ട്.

(സി) സെക്ഷനിലെ സൂപ്രണ്ട്, ക്ലാർക്ക് എന്നിവരുടെ അഭാവത്തിൽ പകരം ചുമതലയുള്ളവർ ഫയലുകൾ കൈകാര്യം ചെയ്യുകയും മേൽ ഉദ്യോഗസ്ഥർക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) റീ-ഇംബേഴ്സ്മെന്റ് അപേക്ഷയോടൊപ്പം ലഭിക്കുന്ന ബില്ലുകൾ പരിശോധിച്ച് ഓരോ മരുന്നുകൾക്കും അനുവദിക്കാവുന്ന തുക രേഖപ്പെടുത്തി ആ അപേക്ഷയിൽ ആകെ അനുവദിക്കേണ്ട തുക നിശ്ചയിച്ച് നൽകേണ്ട ചുമതല ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. ലഭ്യമാകുന്ന അപേക്ഷകളുടെ എണ്ണത്തിലുള്ള വർദ്ധനവും ജീവനക്കാരുടെ അപര്യാപ്തതയും കാരണം ബോധപൂർവ്വമല്ലാത്ത കാലതാമസം അനുഭവപ്പെടാറുണ്ട്.

(ഇ) ലഭിക്കുന്ന അപേക്ഷകളിൽ വകുപ്പുഭേദമെന്യേ നടപടികൾ സ്വീകരിക്കാറുണ്ട്.

## പൊതുജനാരോഗ്യം

210 (1454) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കെ. ആൻസലൻ :

ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുജനാരോഗ്യമേഖലയുടെ നിലവിലെ അവസ്ഥ ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പൊതുജനാരോഗ്യമേഖല ശക്തിപ്പെടുത്തുന്നതിന് സമഗ്രമായ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഗ്രാമങ്ങളിലെ സർക്കാർ ആതുരാലയങ്ങളിൽ കുടുംബ ഡോക്ടർ സംവിധാനവും ഓരോ വ്യക്തിയുടെയും ആരോഗ്യ വിവരങ്ങൾ ഓൺലൈനിൽ ശേഖരിക്കുന്ന ഇ-ഹെൽത്ത് സംവിധാനവും നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിനുള്ള ആരോഗ്യനയം കരുപ്പിടിപ്പിക്കുന്നതിനുവേണ്ടി സമഗ്ര ആരോഗ്യനയം രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആരോഗ്യ സംരക്ഷണത്തിനും രോഗപ്രതിരോധത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ഓരോ പ്രദേശങ്ങളിലെയും സാംക്രമിക രോഗങ്ങളും ജീവിതശൈലീ രോഗങ്ങളും കണ്ടെത്തി പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പദവി ഉയർത്തപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ ആശുപത്രികളിലും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാന ആരോഗ്യ മേഖലയെ വിലയിരുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന നടപടികളും തുടക്കമിട്ടിട്ടുണ്ട്.

(സി) വിവിധ തലങ്ങളിലൂടെ ഓൺലൈനായി രോഗികളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും വേണ്ട സംവിധാനം ഇ-ഹെൽത്ത് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്.

ഇ-ഹെൽത്ത് 'കേരള പദ്ധതി' ഒന്നാം ഘട്ടത്തിൽ കേരളത്തിലെ ഏഴ് ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

വ്യക്തിഗത ആരോഗ്യവിവരങ്ങൾ ശേഖരിക്കുന്നതിനായി ഇ-ഹെൽത്ത് സോഫ്റ്റ്‌വെയറിൽ പബ്ലിക് ഹെൽത്ത് മോഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സബ് സെന്റർ വഴി ശേഖരിക്കുന്ന വിവരങ്ങൾ, രോഗികൾ തുടർ ചികിത്സയ്ക്കായി എത്തുമ്പോൾ ആശുപത്രികളിൽ ശേഖരിക്കുന്ന വിവരങ്ങൾ ഇവയൊക്കെ സോഫ്റ്റ്‌വെയറിൽ സംഭരിക്കാൻ കഴിയും. ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാർ ഗൃഹ സന്ദർശനം നടത്തുമ്പോൾ Hand Held Device വഴിയാണ് വിവരങ്ങൾ ശേഖരിക്കുന്നത്.

ഓരോ പൗരന്റെയും ചികിത്സാ രേഖകൾ കമ്പ്യൂട്ടർവത്കരിക്കുകയും പ്രസ്തുത രേഖകൾ ഒരു കേന്ദ്രീകൃത ശൃംഖലയുമായി ബന്ധിപ്പിക്കുകയും വഴി എല്ലാ ആരോഗ്യ ചികിത്സാ സ്ഥാപനങ്ങളിലും തടസ്സമില്ലാതെ തുടർ ചികിത്സ ലഭ്യമാക്കുന്നതിനും മെച്ചപ്പെട്ട സേവനം നൽകുന്നതിനും സഹായകമാകുന്നതാണ് ഈ പദ്ധതി.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തി സമഗ്ര ആരോഗ്യപരിചരണം (Comprehensive health care) ലക്ഷ്യമിട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് പരിശീലനം നൽകാനുള്ള മേഖലകൾ തിട്ടപ്പെടുത്തി അതിനനുസരിച്ച് പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ട്.

### പകർച്ചവ്യാധി നിർമ്മാർജ്ജനം

211 (1455) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നത്;

(ബി) പകർച്ചവ്യാധി നിർമ്മാർജ്ജനം ചെയ്യുന്നതിൽ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികൾ ഏതെല്ലാമാണ്; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്;

(സി) നിർമ്മാർജ്ജനം ചെയ്തതായി കണക്കാക്കപ്പെട്ടിരുന്ന രോഗങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം രോഗങ്ങളാണ് ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്;

(ഡി) പല രക്ഷിതാക്കളും കുഞ്ഞുങ്ങൾക്ക് പ്രതിരോധ മരുന്നുകൾ ഉപയോഗിക്കുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവണത ഇല്ലാതാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശീയ മലമ്പനി, മന്ത്, കുഷ്ഠരോഗം എന്നീ രോഗങ്ങളാണ് സമ്പൂർണ്ണമായി നിവാരണം ചെയ്യാൻ ലക്ഷ്യമിടുന്നത്.

(ബി) പകർച്ചവ്യാധി നിർമ്മാർജ്ജനം ചെയ്യുന്നതിൽ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികൾ താഴെപ്പറയുന്നവയാണ്.

- മാലിന്യനിർമ്മാർജ്ജനത്തിലെ പോരായ്മ
- ശുദ്ധമായ കുടിവെള്ളത്തിന്റെ ദൗർലഭ്യം
- കാലാവസ്ഥാ വ്യതിയാനം
- കൊതുക്, ഈച്ച, എലി എന്നിവ പെരുകുന്നതിനുള്ള സാഹചര്യം
- ഉയർന്ന ജനസാന്ദ്രത
- ചില ജനവിഭാഗത്തിനിടയിലുള്ള അനുകൂലമല്ലാത്ത നിലപാട്
- അനിയന്ത്രിതവും അശാസ്ത്രീയവുമായ നിർമ്മാണ പ്രവർത്തനങ്ങൾ

പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഓരോ വർഷവും 'പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പദ്ധതി' സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. മഴക്കാല പൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ജലശുദ്ധീകരണം, ബോധവൽക്കരണം തുടങ്ങിയവയോടൊപ്പം രോഗനിരീക്ഷണവും രോഗം വരുന്ന സ്ഥലങ്ങളിൽ ഊർജ്ജിത രോഗനിയന്ത്രണ പ്രവർത്തനങ്ങളും രോഗികൾക്ക് ശരിയായ ചികിത്സയും നൽകിവരുന്നുണ്ട്. മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത രോഗപ്രതിരോധ പ്രവർത്തനമാണ് ആരോഗ്യവകുപ്പ് നടത്തിവരുന്നത്.

(സി) നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ ഒന്നുംതന്നെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ പ്രതിരോധ കുത്തിവയ്പ് എടുക്കുവാൻ ആളുകൾ വിമുഖത കാണിക്കുന്നുണ്ട്. അതിന്റെ പ്രധാന കാരണം കുത്തിവയ്പ് എടുക്കുന്നതിനെതിരെ നടക്കുന്ന പ്രചരണമാണ്.

ഈ പ്രവണത ഇല്ലാതാക്കുന്നതിനായി ബോധവൽക്കരണ പരിപാടികളും പദ്ധതികളും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മുനിസിപ്പൽ, ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് തലങ്ങളിലും ഊർജ്ജിതമായി നടത്തിവരുന്നു.

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരികയും ആരോഗ്യമേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി സംസ്ഥാനതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് പൊതുവായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## ബ്രൂസെല്ലോസിസ് രോഗം

212 (1456) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികളിൽ വർദ്ധിച്ചുവരുന്ന ബ്രൂസെല്ലോസിസ് രോഗം മനുഷ്യരിലേക്ക് പകരാൻ സാധ്യതയുള്ളതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത്തരം രോഗങ്ങൾ മനുഷ്യരിലേക്ക് പകരാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ

ഉത്തരം

(എ) ബ്രൂസെല്ലോസിസ് എന്ന മൃഗജന്യരോഗം മനുഷ്യരിലേക്ക് പകരാൻ സാദ്ധ്യതയുള്ളതാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

(ബി) മൃഗജന്യരോഗങ്ങൾ പ്രത്യേകം നിരീക്ഷിക്കുന്നതിനും നിയന്ത്രണ വിധേയമാക്കുന്നതിനുമായി ഒരു പ്രത്യേക പരിപാടി കേന്ദ്ര ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. സംസ്ഥാനത്ത് ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വൃത്തിയും ശുചിത്വവുമുള്ള മൃഗപരിപാലനമാണ് രോഗം വരാതിരിക്കാൻ സ്വീകരിക്കാവുന്ന പ്രധാന മാർഗ്ഗം. രോഗം വന്ന കന്നുകാലികളെ ദയാവധത്തിന് വിധേയമാക്കുകയാണ് രോഗം പടർന്നുപിടിക്കുന്ന സമയത്ത് സ്വീകരിക്കാവുന്ന ഏകമാർഗ്ഗം. വ്യാവസായികാടിസ്ഥാനത്തിൽ പാസ്ചുറൈസേഷൻ കർശനമാക്കുക, കർഷകർ, മാംസവ്യാപാരവുമായി ബന്ധപ്പെട്ടവർ എന്നിവർ മൃഗങ്ങളുടെ സ്രവങ്ങൾ ശരീരത്തിൽ സ്പർശിക്കാത്ത വിധം വസ്ത്രങ്ങൾ ധരിക്കുക മുതലായ മാർഗ്ഗങ്ങളിലൂടെ രോഗസംക്രമണം തടയാം. ശരിയായ രോഗനിർണ്ണയവും വിദഗ്ദ്ധ ചികിത്സയും രോഗ വിമോചനത്തിന് അത്യാവശ്യമാണ്.

## പനവൂർ 24 X7 പി.എച്ച്.സി.

213 (1457) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പനവൂർ പി,എച്ച്.സി., 24x7 പി.എച്ച്.സി. ആയി ഉയർത്താനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായി; വിശദമാക്കുമോ?

ഉത്തരം

(എ&ബി) പി.എച്ച്.സി., സി.എച്ച്.സി. അടക്കമുള്ള വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള പ്രക്രിയ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

## കൊല്ലം ജില്ലയിലെ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-II ഒഴിവുകൾ

214 (1458) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് -II തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) രണ്ട് ഒഴിവുകൾ നിലവിലുണ്ട്. താലൂക്കാശുപത്രി കടയ്ക്കൽ -1, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ-1.

(ബി) പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിലുണ്ട്. കൊല്ലം ജില്ലയിൽ ആരോഗ്യ വകുപ്പിൽ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയുടെ റാങ്ക് പട്ടിക 13-2-2014-ൽ നിലവിൽ വന്നു.

## ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തിക

215 (1459) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നോളജി, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നോളജി എന്നീ യോഗ്യത നേടിയ എത്ര പേർ കേരള പാരാമെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) പി.എസ്.സി. വിജ്ഞാപനം നടത്തിയ ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) കാറ്റഗറി നം. 368/15 തസ്തികയിൽ, മേൽ യോഗ്യതയുള്ളവരെ പരിഗണിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത യോഗ്യതയുള്ളവരെ ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയിലേക്ക് പരിഗണിക്കുന്നതിനാവശ്യമായ വിവരങ്ങൾ പി.എസ്.സി., മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നോളജിയിൽ 217 പേരും പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നോളജിയിൽ 59 പേരും കേരള പാരാമെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) പ്രസ്തുത തസ്തികയിലേക്ക് ലഭ്യമായ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി യോഗ്യതകൾ തരംതിരിച്ചിട്ടില്ല.

**സ്വാശ്രയ മെഡിക്കൽ ഫീസ് വർദ്ധനവ്**

216 (1460) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ സ്വാശ്രയ മെഡിക്കൽ ഫീസ് എത്രയായിരുന്നെന്നും ഓരോ വർഷവും വരുത്തിയ വർദ്ധനവ് എത്ര രൂപ വീതമായിരുന്നു എന്നുമുള്ള വിശദവിവരം വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2011 മുതൽ 2016 വരെ ഓരോ വർഷവും ഫീസിനത്തിൽ ഉണ്ടായ വർദ്ധനവ് ശതമാനക്കണക്കിൽ വ്യക്തമാക്കാമോ;

(സി) സ്വാശ്രയ മെഡിക്കൽ ഫീസ് വർദ്ധനവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്. *

(ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) പരിഗണനയിലില്ല.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം**

217 (1461) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. വി. ഇബ്രാഹിം :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സ്വാശ്രയമെഡിക്കൽ പ്രവേശനത്തിനുള്ള ഫീസ് നിരക്കുകൾ നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അമ്പതു ശതമാനം മെറിറ്റ് സീറ്റുകളിൽ സർക്കാർ നിരക്കിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്കു പഠിക്കാനുദ്ദേശിച്ച് നടപ്പാക്കിയ സ്വാശ്രയ സംവിധാനം ഈ നിലയിലായതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ നടത്തിയ ചർച്ചയുടെയും കരാറിന്റെയും അടിസ്ഥാനത്തിലാണ് ഈ വർഷത്തെ ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ളത്.

(ബി) 2015-16 അദ്ധ്യയന വർഷത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 800 സീറ്റുകൾ സർക്കാരിന് അലോട്ട്മെന്റിനായി ലഭ്യമായപ്പോൾ 2016-17 വർഷത്തിൽ 1150 സീറ്റുകൾ സർക്കാരിന് അലോട്ട്മെന്റിനായി ലഭ്യമായിട്ടുണ്ട്. കൂടാതെ, 2015-16 അദ്ധ്യയന വർഷത്തിൽ ക്രിസ്ത്യൻ മാനേജ്മെന്റിന്റെ കീഴിലുള്ള നാല് മെഡിക്കൽ കോളേജുകൾ ഒഴികെയുള്ള മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ആകെ 243 വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ (25,000 രൂപ വാർഷിക ഫീസ്) പഠിക്കാൻ അവസരം ലഭിച്ചപ്പോൾ 2016-17 വർഷത്തിൽ ഈ കോളേജുകളിലായി ആകെ 380 വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസിൽ (25,000 രൂപ ) പഠിക്കാൻ അവസരം ലഭിക്കുന്നുണ്ട്.

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സോഷ്യൽ വർക്കർ നിയമനം**

218 (1462) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സോഷ്യൽ വർക്കർ തസ്തികയ്ക്ക് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സോഷ്യൽ വർക്കർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ, പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നവരുടെ വിവരം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സോഷ്യൽ വർക്കർ (എം.എസ്.ഡബ്ല്യു.) തസ്തിക നിലവിലുണ്ടോ; എങ്കിൽ, തസ്തിക സൃഷ്ടിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഉത്തരവ് നടപ്പിലാക്കിയപ്പോൾ ഈ തസ്തികയുടെ സ്പെഷ്യൽ റൂളിൽ മാറ്റം വരുത്തിയിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സോഷ്യൽ വർക്കർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത എം.എസ്.ഡബ്ല്യു. ആക്കാൻ വകുപ്പ് സർക്കാരിന് പ്രൊപ്പോസൽ നൽകിയിരുന്നോ; പ്രസ്തുത പ്രൊപ്പോസലിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) എം.എസ്.ഡബ്ല്യു. അടിസ്ഥാന യോഗ്യതപ്രകാരം ഈവകുപ്പിൽ സോഷ്യൽ വർക്കർ തസ്തികയിൽ ഏതെങ്കിലും സ്ഥിര/താത്ക്കാലിക നിയമനം നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) സോഷ്യോളജിയിൽ ബിരുദം/ബിരുദാനന്തര ബിരുദത്തിനുപകരം എം.എസ്.ഡബ്ല്യു. യോഗ്യതയായി മാറ്റുന്നത് നിലവിൽ സർവ്വീസിലുള്ളവരുടെ നിയമനത്തിനും പ്രമോഷനും തടസ്സം സൃഷ്ടിക്കുമെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ജി) സോഷ്യൽവർക്കർ തസ്തികയുടെ അടിസ്ഥാന യോഗ്യതയിൽ സോഷ്യോളജി ബിരുദം/ബിരുദാനന്തര ബിരുദം മാറ്റി എം.എസ്.ഡബ്ല്യു. ആക്കാനുള്ള മുൻ സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കാനും നിലവിലുള്ള യോഗ്യത നിലനിർത്താനും അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) സോഷ്യൽ വർക്കർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ, പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നവരുടെ വിവരം എന്നിവ ചുവടെ ചേർക്കുന്നു :

1. ഗവൺമെന്റ് മെഡിക്കൽ കോളേജ്,

| | | |
|---|---|---|
| തിരുവനന്തപുരം | - | 2 തസ്തികകൾ |
| | - | നിലവിൽ ഒഴിവില്ല. |

<u>ജോലി ചെയ്യുന്നവർ :</u>

1. ശ്രീമതി ജ്യോതിലത
2. ശ്രീമതി ബീന കെ. ഫ്രാൻസിസ്

2. ഗവൺമെന്റ് മെഡിക്കൽ കോളേജ്,കോട്ടയം (2 ഒഴിവുകൾ)

| | | |
|---|---|---|
| സോഷ്യൽ വർക്കർ (എം.എസ്.ഡബ്ല്യു) | - | 1 |
| സോഷ്യൽ വർക്കർ (വി.ഡി.) | - | 1 |

(സി) ഉണ്ട്. 25-1-2014-ലെ സ.ഉ. (കൈ) നമ്പർ 31/2014/ആകുവ പ്രകാരം കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ സോഷ്യൽ വർക്കർ (എം.എസ്.ഡബ്ല്യു)-ന്റെ ഒരു തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*. ഈ തസ്തികയുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾ നിലവിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇല്ല. എന്നാൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 25-1-2014-ലെ സ.ഉ. (കൈ) നമ്പർ 31/2014/ആകുവ മുഖേന സൃഷ്ടിച്ച സോഷ്യൽ വർക്കർ (എം.എസ്.ഡബ്ല്യു.) തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത എം.എസ്.ഡബ്ല്യു. ആയി നിശ്ചയിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിന് പ്രൊപ്പോസൽ നൽകിയിരുന്നു. ഇതുസംബന്ധിച്ച് സർക്കാർ കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെടുകയും കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) നിയമനം നടന്നിട്ടില്ല.

(എഫ്) ഇല്ല.

(ജി) സോഷ്യൽ വർക്കർ തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തുന്നതിന് മുൻ സർക്കാർ തീരുമാനം എടുത്തിട്ടില്ല.

## സംസ്ഥാനത്തെ പാരാമെഡിക്കൽ കോഴ്സുകൾ

219 (1463) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള പാരാമെഡിക്കൽ കോഴ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിനകത്ത് നടത്തുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് എന്ന ക്രമത്തിൽ ഇവയുടെ പേരു വിവരം ലഭ്യമാക്കാമോ;

(സി) പാരാമെഡിക്കൽ പ്രവേശനം ഏതു രീതിയിലാണ് നടത്തുന്നത് എന്ന് അറിയിക്കാമോ; ഇവയ്ക്ക് പ്രവേശന പരീക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ)

(1) ബി.എസ്‌സി (മെഡിക്കൽ ലബോറട്ടറി ടെക്നോളജി)

(2) എം.എസ്‌സി (മെഡിക്കൽ ലബോറട്ടറി ടെക്നോളജി)

(i) മൈക്രോബയോളജി

(ii) പാതോളജി

(iii) ബയോകെമിസ്ട്രി

(3) ബി.എസ്‌സി (ഒപ്റ്റോമെട്രി)

(4) എം.എസ്‌സി. (ഒപ്റ്റോമെട്രി)

(5) ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി

(6) മാസ്റ്റർ ഓഫ് ഫിസിയോതെറാപ്പി

(i)മസ്കുലോ സ്കെൽറ്റൽ & സ്പോർട്സ്

(ii)ന്യൂറോളജി

(iii)കാർഡിയോ റെസ്പിറേറ്ററി

(iv)പീഡിയാട്രിക്സ്

(7) ബാച്ചിലർ ഓഫ് ഓഡിയോ & സ്പീച്ച് ലാംഗ്വേജ് പാതോളജി

(8) മാസ്റ്റർ ഓഫ് ഓഡിയോ & സ്പീച്ച് ലാംഗ്വേജ് പാതോളജി

(9) ബി.എസ്‌സി. പെർഫ്യൂഷൻ ടെക്നോളജി

(10) ബി.എസ്‌സി. (മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി)

(11) ബി.എസ്‌സി. (മെഡിക്കൽ ബയോകെമിസ്ട്രി)

(12) ബി.എസ്‌സി. (മെഡിക്കൽ മൈക്രോ ബയോളജി)

(13) ബാച്ചിലർ ഓഫ് കാർഡിയോ വാസ്കുലാർ ടെക്നോളജി

(14) പോസ്റ്റ് എം.എസ്‌സി. ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ഫിസിക്സ്

(15) എം.എസ്‌സി. മെഡിക്കൽ ഫിസിയോളജി

(16) എം.ഫിൽ സൈക്യാട്രിക് സോഷ്യൽ വർക്ക്

(17) മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത്

(18) മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ

(19) എം.ഫിൽ ക്ലിനിക്കൽ എപിഡെമിയോളജി

ഡിപ്ലോമ കോഴ്സുകൾ :

ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ

ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നോളജി

ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി

ഡിപ്ലോമ ഇൻ റെസ്പിറേറ്ററി ടെക്നോളജി

ഡിപ്ലോമ ഇൻ ഒഫ്ത്താൽമിക് അസിസ്റ്റന്റ്സ്

ഡിപ്ലോമ ഇൻ ദന്തൽ മെക്കാനിക്സ്

ഡിപ്ലോമ ഇൻ ദന്തൽ ഹൈജീനിസ്റ്റ്സ്

ഡിപ്ലോമ ഇൻ ഓപ്പറേഷൻ തീയേറ്റർ ആന്റ് അനസ്തേഷ്യ ടെക്നോളജി

ഡിപ്ലോമ ഇൻ കാർഡിയോ വാസ്കുലർ ടെക്നോളജി

ഡിപ്ലോമ ഇൻ ന്യൂറോ ടെക്നോളജി

ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നോളജി

ഡിപ്ലോമ ഇൻ എൻഡോസ്കോപിക് ടെക്നോളജി

ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ്സ്

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സർക്കാർ എയ്ഡഡ്, അൺഎയ്ഡഡ് കോളേജുകളിലെ സർക്കാർ ക്വാട്ടയിലുള്ള വിദ്യാർത്ഥികൾക്ക് ലാൽ ബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം മുഖാന്തരമാണ് പ്രവേശനം നൽകുന്നത്. മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വാട്ടകളിലേക്കുള്ള പ്രവേശനം അതാത് മാനേജ്മെന്റുകൾ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നേരിട്ടാണ് നടത്തുന്നത്. എം.എസ്സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി കോഴ്സിനു മാത്രമാണ് പ്രവേശനപരീക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്.

## നെടുങ്കുന്നം ആയുർവ്വേദ ആശുപത്രി

220 (1464) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കുന്നം ആയുർവേദ ചികിത്സാലയം ആയുർവേദ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ;

(ബി) ഇതിന് ആവശ്യമായ അധിക തസ്തികകൾ അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) ഉയർത്തിയിട്ടില്ല.

(ബി) ആശുപത്രിയായി ഉയർത്തുന്ന മുറയ്ക്ക് അധിക തസ്തികകൾ അനുവദിക്കുന്നതാണ്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ**

221 (1465) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന വ്യത്യസ്ത മരുന്നുകൾക്ക് ഒരേ രീതിയിലുള്ള പുറം കവറുകൾ ഏർപ്പെടുത്തിയതുമൂലം മരുന്നു മാറിപ്പോകുന്നതിനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ മരുന്നുകളുടെ ലേബലുകളിൽ ഉപയോഗിക്കുന്ന അക്ഷരങ്ങളുടെ വലിപ്പം, ഗ്രാഫിക്സ് പാറ്റേൺ, നിറം, മരുന്നുകളുടെ സ്ട്രിപ്പ്, കവർ എന്നിവ സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) നിലവിലില്ലെങ്കിൽ ഇതിന് മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഒരു ഉല്പാദകൻ വിതരണം ചെയ്യുന്ന ഒന്നോ അതിലധികമോ മരുന്നുകൾ കാഴ്ചയിൽ സമാനമാകാനോ നിറത്തിലോ മറ്റ് അടയാളങ്ങളിലോ തെറ്റിദ്ധാരണ ഉളവാക്കി തിരിച്ചറിയാൻ ബുദ്ധിമുട്ട് ഉണ്ടാക്കാനോ പാടില്ല എന്ന് നിലവിലെ ദർഘാസ് വ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ദർഘാസ് വ്യവസ്ഥ ലംഘിക്കുന്ന പക്ഷം പ്രസ്തുത ഉല്പാദകനിൽനിന്ന് പിഴ ഈടാക്കാറുണ്ട്. വരും ദർഘാസിൽ ഈടാക്കുന്ന പിഴയുടെ തുക വർദ്ധിപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. എന്നിരുന്നാലും സമാനമായ പരാതികൾ വീണ്ടും ഉണ്ടാകാനുള്ള സാഹചര്യത്തിൽ രോഗികളുടെ സുരക്ഷിതത്വത്തിനായി കോർപ്പറേഷന്റെ 2017-18-ലെ ദർഘാസിൽ കളർ കോഡ് നിർബന്ധമാക്കാൻ തീരുമാനമായിട്ടുണ്ട്.

**മരുന്നുകളുടെ ഗുണനിലവാരവും കാര്യക്ഷമതയും**

222 (1466) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി മാർക്കറ്റിലെത്തുന്ന മരുന്നുകളുടെ ഗുണനിലവാരവും, കാര്യക്ഷമതയും പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയ ശേഷമാണ് നിർമ്മാതാക്കൾ അവ വിപണിയിലെത്തിക്കുന്നത്. കേരളത്തിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (ഗവൺമെന്റ്/പ്രൈവറ്റ്) എന്നിവിടങ്ങളിൽനിന്നും റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് ഗുണനിലവാര പരിശോധനക്കായി തിരുവനന്തപുരത്തും എറണാകുളത്തുമുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിലേക്ക് അയയ്ക്കുന്നുണ്ട്. മരുന്ന് പരിശോധനാ സംവിധാനം വിപുലപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലബോറട്ടറികൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945-ലെ ഷെഡ്യൂൾ എം പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളും പ്രസ്തുത ഷെഡ്യൂൾ നിർദ്ദേശിക്കുന്ന വ്യവസ്ഥകളും പാലിക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിവിധ ഘട്ടങ്ങളിലായി നിർമ്മാണ ശാലകൾ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. അതിനുശേഷമാണ് മരുന്ന് നിർമ്മാണ ലൈസൻസുകൾ അനുവദിക്കുന്നത്. ലൈസൻസ് അനുവദിച്ച ശേഷവും പ്രസ്തുത സ്ഥാപനങ്ങൾ നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന രണ്ട് മരുന്ന് പരിശോധനാ ലബോറട്ടറികളാണുള്ളത്. കോഴിക്കോട്, കോന്നി, തൃശ്ശൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ലാബുകൾ കൂടി പ്രവർത്തന സജ്ജമാകുന്നതോടെ കേരള വിപണിയിൽ വിറ്റഴിക്കുന്ന ആകെ മരുന്ന് ബ്രാൻഡുകളുടെ ഏകദേശം 10% സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഫാർമസി പ്രാക്ടീസ് റെഗുലേഷൻ ആക്ട് 2015

223 (1467) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാർമസി പ്രാക്ടീസ് റഗുലേഷൻ ആക്ട് 2015 നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചത്;

(ബി) 8 മണിക്കൂറിൽ കൂടുതൽ പ്രവർത്തിക്കുന്ന മെഡിക്കൽ ഷോപ്പുകളിൽ ഒന്നിൽ കൂടുതൽ ഫാർമസിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ക്ലിനിക്കുകൾക്ക് ഡ്രഗ് ലൈസൻസ് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മരുന്നു സംഭരണ കേന്ദ്രങ്ങളിൽ (ഹോൾസെയിൽ കടകളിൽ) ഫാർമസിസ്റ്റിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫാർമസി പ്രാക്ടീസ് റെഗുലേഷൻ ആക്ട് 2015-ലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കണമെന്ന് 21-10-2015-ലെ 251991/എഫ്1/2015/ആ.കു.വ. സർക്കുലർ പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, രജിസ്ട്രാർ, കേരള സംസ്ഥാന ഫാർമസി കൗൺസിൽ എന്നിവർക്ക് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) രാജ്യത്തെ എല്ലാ മരുന്ന് വിൽപ്പനശാലകളും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടും റൂളും പ്രകാരം അനുവദിച്ചിട്ടുള്ള ലൈസൻസുകളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ടി നിയമപ്രകാരം റീട്ടെയിൽ മരുന്നു വ്യാപാരത്തിനുള്ള ഒരു ലൈസൻസ്ഡ് പ്രെമിസിസിൽ അതാതു സംസ്ഥാനത്തെ ഫാർമസി കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം അനിവാര്യമാണ്. ഒരു വ്യാപാര സ്ഥാപനത്തിൽ ഒന്നിൽ കൂടുതൽ ഫാർമസിസ്റ്റിന്റെ സേവനം ലഭ്യമാക്കണമെന്ന് അനുശാസിക്കാൻ നിലവിൽ നിയമത്തിൽ വ്യവസ്ഥയില്ല. എന്നാൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മിക്ക ആശുപത്രികളിലെ ഫാർമസികളിലും വ്യാപാരം കൂടുതലുള്ള മരുന്ന് വിൽപ്പന ശാലകളിലും ഒന്നിൽക്കൂടുതൽ ഫാർമസിസ്റ്റിനെ സ്വമേധയാ നിയമിച്ചുവരുന്നതായി കാണുന്നുണ്ട്.

(സി) മരുന്നുകൾ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്ന എല്ലാ ആശുപത്രികൾക്കും ക്ലിനിക്കുകൾക്കും ഡ്രഗ്സ് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർക്ക് തന്റെ രോഗികൾക്ക് നേരിട്ട് മരുന്ന നൽകുന്നതിലേക്കായി മരുന്ന സ്റ്റോക്ക് ചെയ്യുന്നതിന് ഡ്രഗ് ലൈസൻസ് ആവശ്യമില്ലെന്ന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിലെ ഷെഡ്യൂൾ 'കെ' പ്രകാരം നിഷ്കർഷിച്ചിരിക്കുന്നതനുസരിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഇത്തരത്തിലുള്ള ഇളവ് അനുവദിച്ചുനൽകിയിട്ടുണ്ട്. എന്നാൽ ഒന്നിൽ കൂടുതൽ ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്ന ആശുപത്രികളിൽ ഓപ്പൺ കൗണ്ടർ വഴി മരുന്നുകൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കും നിർബന്ധമായും ലൈസൻസ് വേണമെന്ന നിബന്ധന കർശനമായി നടപ്പിലാക്കുന്നുണ്ട്.

(ഡി) മരുന്ന് സംഭരണ കേന്ദ്രങ്ങൾക്ക് (ഹോൾസെയിൽ കടകൾക്ക്) ലൈസൻസ് അനുവദിക്കുന്നത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിന്റെ നിയമങ്ങൾക്ക് വിധേയമായാണ്. എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ളതും നാല് വർഷത്തിൽ കുറയാതെ ഏതെങ്കിലും മരുന്നുവ്യാപാര സ്ഥാപനത്തിൽ മരുന്നുകൾ കൈകാര്യം ചെയ്ത് പ്രവൃത്തി പരിചയമുള്ളതോ/ഡിഗ്രി പാസ്സായിട്ടുള്ളതും ഒരു വർഷത്തിൽ കുറയാതെ ഏതെങ്കിലും മരുന്ന വ്യാപാര സ്ഥാപനത്തിൽ മരുന്നുകൾ കൈകാര്യം ചെയ്ത് പ്രവൃത്തി പരിചയമുള്ളതോ/രജിസ്റ്റേർഡ് ഫാർമസിസ്റ്റോ ആയ വ്യക്തിയെ കോംപീറ്റന്റ് പേഴ്സണായി നിയമിച്ച് സേവനം ഉറപ്പിച്ചാൽ മാത്രമേ ഹോൾസെയിൽ ലൈസൻസ് അനുവദിക്കാവൂ എന്നാണ് നിലവിലെ വ്യവസ്ഥ. ഇതുതന്നെയാണ് രാജ്യത്തുടനീളമുള്ള വ്യാപാര സ്ഥാപനങ്ങളിലും നിലനിൽക്കുന്നത്.

**പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ**

224 (1468) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സർക്കാർ പ്രകൃതി ചികിത്സാ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ ലഭ്യമാകുന്നതെവിടെയൊക്കെയാണെന്നും എല്ലാ ജില്ലകളിലും പ്രകൃതിചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്തും തിരുവനന്തപുരം ജില്ലയിലെ വർക്കലയിലും കിടത്തി ചികിത്സ ലഭ്യമാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പ്രകൃതി ചികിത്സാ കേന്ദ്രങ്ങളിലെ നഴ്സുമാർ

225 (1469) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രകൃതി ചികിൽസാ കേന്ദ്രങ്ങളിൽ ആയുർവേദ നഴ്സുമാരുടെ സേവനമാണ് ലഭ്യമാകുന്നത് എന്നതും ആയുർവേദ നഴ്സുമാരുടെ സേവനം പ്രകൃതി ചികിൽസാ രീതിക്ക് അപര്യാപ്തമാണെന്നുള്ള വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്ര ഗവൺമെന്റ് ആയുഷ് വിഭാഗം നടത്തുന്ന നഴ്സിംഗ് കോഴ്സായ റ്റി.എ.റ്റി.സി. പാസായവരെ പ്രകൃതി ചികിൽസാ കേന്ദ്രങ്ങളിൽ നഴ്സുമാരായി നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടി വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ

226 (1470) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഓച്ചിറ പന്ത്രണ്ട് വിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പതിനായിര ക്കണക്കിന് ഭക്തജനങ്ങൾ പ്രതിദിനം എത്തുന്ന ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിൽ വാണിഭക്കാർ, ഭക്തജനങ്ങൾ എന്നിവർ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇവിടെ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നം സൃഷ്ടിക്കുന്നുണ്ട് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇവിടെ പ്ലാസ്റ്റിക് നിരോധിത മേഖലയായി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ക്ഷേത്ര പരിസരത്ത് കുമിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ നീക്കം ചെയ്യുന്നുണ്ട്.

ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ ഉത്സവപ്പറമ്പ് പ്ലാസ്റ്റിക് വിമുക്ത മേഖലയായി പ്രഖ്യാപിച്ച് പോലീസ്/പഞ്ചായത്ത് വകുപ്പുകളെ പ്രഖ്യാപനം നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്താവുന്നതാണെന്ന് ചൂണ്ടിക്കാട്ടി ആരോഗ്യവകുപ്പ് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ഇക്കൊല്ലത്തെ ഉത്സവത്തോടനു ബന്ധിച്ച് മാലിന്യ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാൻ വേണ്ടുന്ന നിർദ്ദേശം സംഘാടകർക്ക് നൽകുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്നേഹസ്പർശം പദ്ധതി

227 (1471) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷ മിഷന്റെ 'സ്നേഹസ്പർശം പദ്ധതി'യിൽ ഉൾപ്പെടുത്തി പെൻഷൻ ലഭിക്കുന്നത് എത്രപേർക്കാണ്; പ്രതിമാസം എത്ര രൂപയാണ് ഇവർക്ക് പെൻഷനായി അനുവദിച്ചിട്ടുള്ളത്;വ്യക്തമാക്കാമോ;

(ബി) വയനാട്ടിലെ അവിവാഹിതരായ അമ്മമാരെയെല്ലാം ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന സ്നേഹസ്പർശം പദ്ധതി പ്രകാരം 1943 പേർക്കാണ് പ്രതിമാസ ധനസഹായം അനുവദിക്കുന്നത്. പ്രതിമാസം 1000 രൂപ വീതമാണ് ധനസഹായം അനുവദിക്കുന്നത്.

(ബി) നിലവിൽ വയനാട് ജില്ലയിൽനിന്നും 94 പേർക്കാണ് പ്രതിമാസ ധനസഹായം അനുവദിക്കുന്നത്. വയനാട് ജില്ലയിൽനിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അവരിൽനിന്നും അടിയന്തരമായി അപേക്ഷ ശേഖരിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം വയനാട് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് 29-7-2016-ന് നൽകിയിട്ടുണ്ട്.

പ്രസ്തുത അപേക്ഷകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി 31-8-2016-ന് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മീറ്റിംഗിന്റെ റിപ്പോർട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്റ്റേറ്റ് ലെയ്സൺ ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. നിലവിലെ ആനുകൂല്യത്തിന് അർഹരായ മുഴുവൻ പേരെയും കണ്ടെത്തുന്നതിനു വേണ്ടി ഒരു പ്രൊഫോർമ തയ്യാറാക്കുകയും 8-9-2016, 9-9-2016 എന്നീ തീയതികളിൽ നടക്കുന്ന ക്ലസ്റ്റർ മീറ്റിംഗിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി ജീവനക്കാർ, ട്രൈബൽ പ്രൊമോട്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ അപേക്ഷ വിതരണം നടത്തി 6-10-2016-ന് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ റിവ്യൂ മീറ്റിംഗിൽ കളക്ട് ചെയ്യുന്നതിനും 31-8-2016-ന് കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിക്കുന്ന അപേക്ഷകൾ വയനാട് ജില്ലാ സാമൂഹ്യനീതി ഓഫീസർ സാക്ഷ്യപ്പെടുത്തി കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ബൈലോ

228 (1472) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ബൈലോയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതാണോ; എങ്കിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അതിനുശേഷം ഭേദഗതികൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ ഭേദഗതികൾ വരുത്തിയിട്ടുണ്ട്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ബൈലോ പ്രകാരം ഗവേണിംഗ് ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി/ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സാമൂഹ്യ സുരക്ഷാ മിഷനിലെ നിയമനങ്ങൾ നടത്തുന്നതിന് ബൈലോ പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നത് ആരെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ബൈലോയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതാണ്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഉദ്യോഗസ്ഥരുടെ ഫിനാൻഷ്യൽ അധികാരം വിപുലീകരിക്കുന്ന രീതിയിൽ രണ്ടുപ്രാവശ്യം ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ (26-7-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 35/2011/സാനീവ & 30-7-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 45/2015/സാനീവ) ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ ബൈലോ പ്രകാരം ഗവേണിംഗ് ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റി/എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരുടെ ചുമതലകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്*.

(സി) സാമൂഹ്യ സുരക്ഷാ മിഷന്റെ ബൈലോയിലെ ഖണ്ഡിക 10 (ii)(2) (a) പ്രകാരം മിഷനിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള അധികാരം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. എന്നാൽ ബൈലോയിലെ ഖണ്ഡിക 9 (2) പ്രകാരം എല്ലാ കാര്യത്തിലും സർവ്വാധികാരം മിഷന്റെ ഗവേണിംഗ് ബോഡിക്കാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ**

229 (1473) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അങ്കണവാടികൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) ഇത്തരത്തിലുള്ള അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം നിയോജക മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 136 അങ്കണവാടികളുണ്ട്. അവയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പുറമ്പോക്ക്, മറ്റ് ഡിപ്പാർട്ട്മെന്റുകളുടെ സ്ഥലം തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം കോർപ്പറേഷൻ മേഖലയിൽ സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വിലയ്ക്കു വാങ്ങുന്നതിനുള്ള പ്രോജക്ട് 2016-17 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്.

**ശ്രുതിതരംഗം പദ്ധതി**

230 (1474) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് 'ശ്രുതിതരംഗം' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) എത്ര തുകയുടെ സഹായമാണ് പദ്ധതി വഴി ഇതുവരെ നൽകിയിട്ടുള്ളത്?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ശ്രവണശേഷിയും സംസാരശേഷിയും ഇല്ലാതെ ജനിക്കുന്ന കുട്ടികൾക്ക് 5 വയസ്സിനുള്ളിൽ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ടുവർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ ശ്രവണശേഷിയും സംസാരശേഷിയും നേടിയെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി)

1. അർഹരായവരിൽ നിന്നും അപേക്ഷ ശേഖരിച്ച് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
2. അപേക്ഷകരിൽ അർഹരായവരെ കണ്ടെത്തുന്നതിനായി റീജിയണൽ ലെവൽ ടെക്നിക്കൽ/സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്.
3. സർജറി പൂർത്തീകരിച്ച കുട്ടികൾക്ക് രണ്ടുവർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.
4. കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/പ്രൈവറ്റ് ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.
5. പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്.

(ഡി) നാളിതുവരെ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 30,91,64,740/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ മിഷൻ**

231 (1475) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷനിലെ ഓരോ തസ്തികയിലും നിയമനത്തിനു വേണ്ട യോഗ്യതയും നിയമനരീതിയും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാമൂഹ്യ സുരക്ഷാ മിഷനിൽ കരാറടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ നിയമനങ്ങൾ നടത്തിയ തസ്തിക, നിയമനം ലഭിച്ചവരുടെ പേര്, വിദ്യാഭ്യാസ യോഗ്യത, തെരഞ്ഞെടുത്ത രീതി, ഇന്റർവ്യൂ ബോർഡിന്റെ ഘടന എന്നിവ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ എല്ലാ തസ്തികകളിലെയും യോഗ്യതകളും മാനദണ്ഡങ്ങളും സംബന്ധിച്ച് വിശദമായ പരിശോധനയും പഠനവും നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിനും ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ഗവേണിംഗ് ബോഡി മീറ്റിംഗിൽ സമർപ്പിക്കുന്നതിനും എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 9-9-2016-ലെ 22-ാം ഗവേണിംഗ് ബോഡി തീരുമാനിക്കുകയുണ്ടായി.

(ബി) നടത്തിയിട്ടുണ്ട്. കരാറടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും നിയമനം ലഭിച്ചവരുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**സാമൂഹ്യ സുരക്ഷാ മിഷനിലെ നിയമനം**

232 (1476) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷനിൽ വിവിധ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കാർ ഉത്തരവ് നല്കിയിട്ടുണ്ടോ;

(ബി) മിഷൻ രൂപീകരണത്തിനുശേഷം ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും യോഗം ചേർന്ന് വിവിധ തസ്തികകളുടെ നിയമന മാനദണ്ഡങ്ങളും, യോഗ്യതയും ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ തസ്തികയ്ക്കും അപ്രകാരം അംഗീകരിച്ച യോഗ്യത, നിയമന മാനദണ്ഡം, തെരഞ്ഞെടുപ്പുരീതി എന്നിവ എന്തായിരുന്നു എന്നതിന്റെ വിശദവിവരം നല്കാമോ;

(സി) സർക്കാർ ഉത്തരവുവഴി നിയമന മാനദണ്ഡം നിശ്ചയിച്ച് നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതു മാനദണ്ഡങ്ങളാണ് പ്രാബല്യത്തിലുള്ളതെന്നും അത് എത്രാമത്തെ എക്സിക്യൂട്ടീവ്, ഗവേണിംഗ് ബോഡി തീരുമാനപ്രകാരമുള്ളതാണെന്നും വ്യക്തമാക്കുമോ; പകർപ്പ് ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇല്ല.

(ബി) മിഷൻ രൂപീകരണത്തിനുശേഷം എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി വിവിധ തസ്തികകളുടെ നിയമനങ്ങളും മാനദണ്ഡങ്ങളും തീരുമാനിച്ചിട്ടുള്ളതിൽ അപാകതകളും വൈരുദ്ധ്യങ്ങളും ഉള്ളതായി ബോദ്ധ്യപ്പെട്ടതിനാൽ മിഷനിലെ എല്ലാ തസ്തികകളിലെയും യോഗ്യതകളും മാനദണ്ഡങ്ങളും സംബന്ധിച്ച് വിശദമായ പരിശോധനയും പഠനവും നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിനും ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് ഗവേണിംഗ് ബോഡി മീറ്റിംഗിൽ സമർപ്പിക്കുന്നതിനും എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 9-9-2016-ലെ 22-ാം ഗവേണിംഗ് ബോഡി തീരുമാനിക്കുകയുണ്ടായി.

(സി) സർക്കാർ ഉത്തരവ് വഴി നിയമന മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

## നഗരൂർ, പഴയകുന്നുമ്മേൽ, കരവാരം, പുളിമാത്ത്, കിളിമാനൂർ ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികൾ

233 (1477) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരൂർ, പഴയകുന്നുമ്മേൽ, കരവാരം, പുളിമാത്ത്, കിളിമാനൂർ ഗ്രാമ പഞ്ചായത്തുകളിലായി സ്റ്റേറ്റ് പ്ലാൻ ഫണ്ടുപയോഗിച്ചും, നബാർഡ് സാഹയത്താലും എവിടെയെല്ലാമാണ് 2014-15, 2015-16 വർഷങ്ങളിൽ അങ്കണവാടി നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായതെന്നും ഓരോന്നിന്റേയും നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ബി) ഓരോ പ്രവർത്തിക്കും എന്തു തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും, നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും, നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാകുമെന്നും, ഓരോ പ്രവൃത്തിയും കരാർ എടുത്തിരിക്കുന്നത് ആരാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) നഗരൂർ, പഴയകുന്നുമ്മേൽ, കരവാരം, പുളിമാത്ത്, കിളിമാനൂർ ഗ്രാമപഞ്ചായത്തുകളിലായി സ്റ്റേറ്റ് പ്ലാൻ ഫണ്ടുപയോഗിച്ചും നബാർഡ് സഹായത്താലും 2014-15, 2015-16 വർഷങ്ങളിലെ അങ്കണവാടി നിർമ്മാണം സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട് *.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക നിർമ്മാണ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി, നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ, അവയുടെ കരാർ എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്*.

**അങ്കണവാടി ജീവനക്കാരുടെ പെൻഷൻ അനുകൂല്യങ്ങൾ**

234 (1478) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളിൽ ഹെൽപ്പർ, വർക്കർ തസ്തികയിൽ ജോലി ചെയ്ത് വിരമിച്ചവർക്ക് എന്തെല്ലാം തരത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പെൻഷൻ തുക വർദ്ധിപ്പിച്ചുകൊണ്ട് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദവിവരവും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ ജോലി ചെയ്തിരുന്നവർക്ക് ലഭ്യമാകുന്ന പെൻഷൻ ആനുകൂല്യങ്ങൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) അങ്കണവാടികളിൽ ഹെൽപ്പർ, വർക്കർ തസ്തികകളിൽ ജോലി ചെയ്ത് വിരമിച്ചവർക്ക് അവർ ക്ഷേമനിധിയിൽ അടച്ച തുകയും ഓരോ വർഷവും അവർ അടച്ച തുകയുടെ 11% പലിശയും നൽകിവരുന്നു. കൂടാതെ 2003 മാർച്ച് വരെ അവർ ക്ഷേമനിധിയിൽ അടച്ച തുകയുടെ 10% തുകയും 2003 മാർച്ചിനുശേഷം അവർ ക്ഷേമനിധിയിൽ അടച്ച തുകയ്ക്ക് തുല്യമായ തുകയും (100%) സർക്കാർ വിഹിതമായും നൽകിവരുന്നു. ഇതുകൂടാതെ അങ്കണവാടി വർക്കർമാർക്ക് 15,000 രൂപയും ഹെൽപ്പർമാർക്ക് 10,000 രൂപയും ഗ്രാറ്റുവിറ്റിയായി നൽകുന്നു. വിരമിച്ച അങ്കണവാടി വർക്കർമാർക്ക് പ്രതിമാസം 500 രൂപ നിരക്കിലും ഹെൽപ്പർമാർക്ക് 300 രൂപ നിരക്കിലും പെൻഷൻ നൽകിവരുന്നു.

(ബി) പെൻഷൻ തുക വർദ്ധിപ്പിച്ചുകൊണ്ട് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പെൻഷൻ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുകളുടെ കീഴിൽ നടത്തിവരുന്ന സഹായ പദ്ധതികൾ

235 (1479) ശ്രീ. മുഹമ്മദ് മുഹസിൻ. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുകളുടെ കീഴിൽ നടത്തിവരുന്ന സഹായപദ്ധതികൾ ഏതൊക്കെയാണ്; ഇതിൽനിന്നും ധനസഹായങ്ങളും മറ്റുസഹായങ്ങളും ലഭിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(ബി) പട്ടാമ്പി മണ്ഡലത്തിൽ പ്രസ്തുത വകുപ്പുകളുടെ കീഴിൽ എത്ര സ്ഥാപനങ്ങളുണ്ട്; അവ ഏതൊക്കെയാണെന്നും അവയിലെ ജീവനക്കാരുടെ നിലവിലുള്ള സ്റ്റാറ്റസും വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഏതെങ്കിലും സ്ഥാപനം അപ്ഗ്രേഡ് ചെയ്യാനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ;

(ഡി) കുടിവെള്ള സ്രോതസ്സായ ഭാരതപ്പുഴയുടെ മലിനീകരണം, മഞ്ഞപ്പിത്തം പോലുള്ള സാംക്രമികരോഗങ്ങൾക്ക് കാരണമാകുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആരോഗ്യവകുപ്പിന്റെ കീഴിൽ നടത്തിവരുന്ന സഹായപദ്ധതികൾ:

1. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി പ്രകാരം ചില അസുഖങ്ങളുടെ ചികിത്സയ്ക്കായി പാവപ്പെട്ട രോഗികൾക്ക് പരമാവധി 50,000 രൂപ വരെ ഒറ്റത്തവണ ചികിത്സാ ധനസഹായം നൽകുന്നുണ്ട്. ഈ ധനസഹായം ലഭിക്കുന്നതിന് രോഗിയുടെ കുടുംബ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയായിരിക്കണം. ചികിത്സാ ധനസഹായത്തിന് നിർദ്ദിഷ്ട അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും ജില്ലാ ആശുപത്രികളും അംഗീകൃത കാൻസർ സെന്ററുകളും ഉൾപ്പെടെ ആകെ 49 (നാൽപ്പത്തിയൊമ്പത്) ആശുപത്രികളെ ഈ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. 17 (പതിനേഴ്) രോഗങ്ങളുടെ ചികിത്സയ്ക്ക് ഈ സഹായം ലഭ്യമാണ്. കൂടാതെ പക്ഷാഘാത ചികിത്സയ്ക്കുവേണ്ടി 17 (പതിനേഴ്) ആയുർവ്വേദ സ്ഥാപനങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും നിർദ്ധനരായ രോഗികൾക്ക് 20,000 രൂപ (ഇരുപതിനായിരം) ധനസഹായം നൽകുന്ന മറ്റൊരു പദ്ധതിയും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുണ്ട്. അർഹരായവരുടെ ബാങ്ക് അക്കൗണ്ട് വഴി സഹായം നൽകുകയാണ് ചെയ്യുന്നത്. ചികിത്സാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയാണ് അപേക്ഷകർ ചെയ്യേണ്ടത്. ജില്ലാ ആശുപത്രി, താലൂക്കാശുപത്രി, സി.എച്ച്.സി. എന്നിവിടങ്ങളിൽ നിന്ന് അതാത് പ്രദേശത്തെ രോഗികളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് ആയത് ശേഖരിച്ച് അർഹരായവരുടെ ലിസ്റ്റ് ജില്ലാതലത്തിൽ ഉണ്ടാക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാ പ്രകാരം നൽകി വരികയും ചെയ്യുന്നു. ഇതോടൊപ്പം 2015-16 സാമ്പത്തിക വർഷത്തെ കാൻസർ രോഗികൾക്കും ലെപ്രസി രോഗികൾക്കും നൽകുന്ന ധനസഹായത്തിന്റെ വിശദമായ നടപടിക്രമങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നടത്തിവരുന്ന സഹായപദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടാമ്പി മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളും അവയിലെ ജീവനക്കാരുടെ സ്റ്റാറ്റസും സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ളവയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടാമ്പി താലൂക്കാശുപത്രി താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

(ഡി) ഭാരതപ്പുഴ കടന്നുപോകുന്ന കൊപ്പം, ചാലിശ്ശേരി ആരോഗ്യ ബ്ലോക്കുകളിൽ മഞ്ഞപ്പിത്തം, വയറിളക്ക രോഗങ്ങൾ തുടങ്ങിയവ കൂടുതലായി കണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2013-ൽ ഓങ്ങല്ലൂർ, കുമ്പിടി, കപ്പൂർ എന്നിവിടങ്ങളിലും 2015-ൽ കപ്പൂർ, നാഗലശ്ശേരി എന്നീ സ്ഥലങ്ങളിലും മഞ്ഞപ്പിത്തം പൊട്ടിപ്പുറപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജലജന്യരോഗങ്ങളെ പ്രതിരോധിക്കുന്നതിനായി തിളപ്പിച്ചാറിയ വെള്ളം കുടിക്കുക, വ്യക്തിശുചിത്വം പാലിക്കുക, പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ ഭക്ഷിക്കുന്നത് ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങളിൽ ബോധവത്കരണം നൽകുകയും കുടിവെള്ള സ്രോതസ്സുകള ക്ലോറിനേഷൻ നടത്തി ശുദ്ധീകരിക്കുകയും ചെയ്യാറുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അങ്കണവാടി പ്രവർത്തകർക്കുള്ള വേതനം**

236 (1480) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടി പ്രവർത്തകർക്ക് 10,000 രൂപയായും ഹെൽപ്പർമാർക്ക് 7,500 രൂപയായും ഓണറേറിയം വർദ്ധിപ്പിച്ച് നൽകുമെന്ന സർക്കാരിന്റെ പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

25-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 21/2016/സാനീവ (അനുബന്ധം 1*) പ്രകാരം വർക്കർമാരുടെ ഓണറേറിയം പ്രതിമാസം 10000 രൂപയായും ഹെൽപ്പർമാരുടെ ഓണറേറിയം 7000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ അങ്കണവാടി പ്രവർത്തകരുടെ വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ 50% സർക്കാർ വഹിക്കണമെന്നും ശേഷിക്കുന്ന 50% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 50% തുകയായ വകുപ്പ് വിഹിതം നൽകുന്നതിന് 30-8-2016-ലെ സ.ഉ. (സാധാ) നമ്പർ 409/16/സാനീവ (അനുബന്ധം) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**അങ്കണവാടി പ്രവർത്തകർക്കുള്ള പെൻഷൻ പദ്ധതി**

237 (1481) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി പ്രവർത്തകർക്കുള്ള പെൻഷൻ പദ്ധതി ഏത് വർഷമാണ് ആരംഭിച്ചത്;

(ബി) അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും എത്ര രൂപ വീതമാണ് ഇപ്പോൾ പെൻഷൻ അനുവദിച്ചിരിക്കുന്നത്;

(സി) 2011-2016 മേയ് വരെയുള്ള കാലയളവിൽ അംഗൻവാടി പ്രവർത്തകരുടെ പെൻഷൻ വർദ്ധിപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അങ്കണവാടി പ്രവർത്തകർക്ക് ഇപ്പോൾ നല്കിവരുന്ന പെൻഷൻ തുക വളരെ കുറവാണെന്ന കാര്യം പരിഗണിച്ച് അവരുടെ പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ ഏത് തീയതി മുതൽ വർദ്ധനവിന് പ്രാബല്യം നല്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) പെൻഷൻ പദ്ധതി ആരംഭിച്ചത് 2010-ലാണ്.

(ബി) അങ്കണവാടി വർക്കർക്ക് നിലവിൽ 500 രൂപയും ഹെൽപ്പർക്ക് 300 രൂപയുമാണ് പെൻഷൻ നൽകുന്നത്.

(സി) ഇല്ല.

(ഡി&ഇ) അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**സാമൂഹ്യനീതി വകുപ്പിൽ സീനിയർ ക്ലാർക്ക് തസ്തിക ഒഴിവുകൾ**

238 (1482) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ സീനിയർ ക്ലർക്കുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇവ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഇവ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) സാമൂഹ്യനീതി വകുപ്പിൽ നിലവിൽ സീനിയർ ക്ലാർക്കുമാരുടെ 63 ഒഴിവുകളാണുള്ളത്. നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് പുതിയ ലിസ്റ്റ് പ്രകാരം പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### ചെങ്ങന്നൂരിൽ മാതൃക അങ്കണവാടി

239 (1483) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനപ്രകാരമുള്ള മാതൃക അങ്കണവാടി സംബന്ധിച്ച നിവേദനത്തിന്റെ നിലവിലുള്ള സ്ഥിതി വിശദീകരിക്കുമോ;

(ബി) പ്രസ്തുത മാതൃക അങ്കണവാടി സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളിലെ കാലതാമസം വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഒരു നിയോജക മണ്ഡലത്തിൽ ഒരു അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്. ആയത് പ്രകാരം ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മാവേലിക്കര ഐ.സി.ഡി.എസ്. പ്രോജക്ടിൽ മാന്നാർ ഗ്രാമപഞ്ചായത്തിൽ 172-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തി കെട്ടിടം നിർമ്മിക്കുന്നതിന് 7-2-2013-ലെ സ.ഉ.(സാധാ) നമ്പർ 39/2013/സാനീവ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും നിർമ്മാണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തുവെങ്കിലും ഭൂമി തർക്കം കാരണം നിർമ്മാണ പ്രവർത്തനം നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഏതെങ്കിലും നിയോജക മണ്ഡലത്തിൽ മാതൃകാ അങ്കണവാടി ആരംഭിക്കാൻ കഴിഞ്ഞില്ല എങ്കിൽ ആയത് മറ്റൊരു നിയോജകമണ്ഡലത്തിൽ ഒന്നിൽ കൂടുതൽ അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചയത്തിൽ ഉൾപ്പെട്ട ചെറിയനാട് പഞ്ചായത്തിൽ 52-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ ആവശ്യമായ നടപടികൾക്കായി സാമൂഹ്യനീതി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. അദ്ദേഹം ഇക്കാര്യത്തിൽ ആലപ്പുഴ പ്രോഗ്രാം ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആലപ്പുഴ പ്രോഗ്രാം ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സാമൂഹ്യക്ഷേമ പദ്ധതികൾ

240 (1484) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ കൂടുതൽ ജനോപകാരപ്രദമായി പരിഷ്കരിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) വിവിധ സാമൂഹ്യക്ഷേമ പദ്ധതികളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനും, ആയതിന്റെ പുരോഗതി വിലയിരുത്തുന്നതിനും ഒരു ഏകജാലക ഓൺലൈൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## അങ്കണവാടികളുടെ ശാക്തീകരണം

241 (1485) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടികളുടെ ചുമതലകളിൽനിന്നും കേന്ദ്രസർക്കാർ പിൻവാങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അങ്കണവാടികളുടെ ശാക്തീകരണത്തിനായി ഈ സർക്കാർ ആവിഷ്കരിക്കുന്ന കർമ്മപദ്ധതികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

ഐ.സി.ഡി.എസ്. പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 90:10, 75:25 എന്ന അനുപാതം ഏകീകരിച്ച് 60:40 എന്ന അനുപാതത്തിൽ മാറ്റം വരുത്തി എന്നല്ലാതെ അങ്കണവാടികളുടെ ചുമതലകളിൽനിന്നും കേന്ദ്ര സർക്കാർ പിൻമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര ഫണ്ടിന്റെ വിഹിതത്തിൽ വരുന്ന കുറവ് സംസ്ഥാന സർക്കാർ വഹിക്കുന്നു.

## അങ്കണവാടികൾ

242 (1486) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അങ്കണവാടി കെട്ടിടങ്ങൾ സ്വന്തമായ കെട്ടിടത്തിലും എത്ര അങ്കണവാടികൾ വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിൽ എത്ര അങ്കണവാടികളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 22216 അങ്കണവാടികൾ സ്വന്തമായ കെട്ടിടത്തിലും 9096 അങ്കണവാടികൾ വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

(ബി) കോതമംഗലം നിയോജക മണ്ഡലത്തിൽ 22 അങ്കണവാടികളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

**സാമൂഹ്യസുരക്ഷാ മിഷൻ**

243 (1487) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാമിഷന്റെ കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നതും, സാമ്പത്തിക ക്രമക്കേടുകളോ, കൃത്യവിലോപമോ കണ്ടെത്തി കരാർ കാലാവധി അവസാനിപ്പിക്കുകയും ചെയ്ത ഏതെങ്കിലും ജീവനക്കാരന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരാർ അടിസ്ഥാനത്തിലോ ദിവസ വേതനാടിസ്ഥാനത്തിലോ പുനർനിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പേരു വിവരം നല്കുമോ;

(ബി) പിരിച്ചുവിട്ടതിനുള്ള കാരണങ്ങളെക്കുറിച്ച് പുനരന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിയമനരീതി തെറ്റായതുകൊണ്ട് കരാർ നിയമനകാലാവധി നീട്ടി നല്കാതെ കാലാവധി അവസാനിപ്പിച്ച ആരെയെങ്കിലും വ്യവസ്ഥാപിതമായല്ലാതെ പുനർനിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെ ഉത്തരവുപ്രകാരമാണ് നിയമിച്ചതെന്നും നിയമനത്തിന് ഗവേണിംഗ്/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരമുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നതും, സാമ്പത്തിക ക്രമക്കേടുകളോ കൃത്യവിലോപമോ കണ്ടെത്തി കരാർ കാലാവധി അവസാനിപ്പിക്കുകയും ചെയ്ത ആരെയും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കരാർ അടിസ്ഥാനത്തിലോ ദിവസവേതന അടിസ്ഥാനത്തിലോ പുനർനിയമനം നൽകിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിയമനരീതി തെറ്റായതുകൊണ്ട് കരാർ നിയമനകാലാവധി നീട്ടി നൽകാതെ കാലാവധി അവസാനിപ്പിച്ച ആരെയും വ്യവസ്ഥാപിതമല്ലാതെ പുനർനിയമിച്ചിട്ടില്ല.

## ഭിന്നശേഷിയുള്ള ഉദ്യോഗസ്ഥർ

244 (1488) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ താൽക്കാലിക നിയമനം കിട്ടി വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഏതു വർഷം വരെ താൽക്കാലികമായി നിയമിച്ച ഭിന്ന ശേഷിയുള്ള ഉദ്യോഗസ്ഥർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഒന്നോ രണ്ടോ ദിവസത്തെ കുറവുകൊണ്ട് 179 ദിവസം താൽക്കാലിക നിയമനം പൂർത്തിയാക്കാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്ക് മാനുഷിക പരിഗണന നല്കി സ്ഥിരനിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ തൽക്കാലിക നിയമനം കിട്ടി വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ഭിന്നശേഷിയുള്ള ജീവനക്കാരുടെ എണ്ണം ഈ വകുപ്പിൽ ശേഖരിച്ചിട്ടില്ല.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1-1-1993 മുതൽ 31-12-2003 വരെ കാലയളവിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ച അംഗപരിമിതർക്ക് വിവിധ ഉത്തരവുകളിലൂടെ പുനർ/സ്ഥിര നിയമനം നൽകിയിട്ടുണ്ട്.

(സി) പൊതു അവധി ദിനങ്ങൾക്ക് മുമ്പായി 179 ദിവസം താൽക്കാലിക സേവനം പൂർത്തിയാക്കാനാകാത്ത ഉദ്യോഗാർത്ഥികൾക്ക് പൊതു അവധി ദിനങ്ങൾ ഉൾപ്പെടെ 179 ദിവസത്തെ സേവനം പൂർത്തിയാക്കിയതായി പരിഗണിച്ച് സ്ഥിരനിയമനം സർക്കാർ അനുവദിച്ചുവരുന്നു.

## അങ്കണവാടികളുടെ നവീകരണം

245 (1489) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കെട്ടിട നിർമ്മാണത്തിന് അനുവർത്തിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) അങ്കണവാടികൾ കൂടുതൽ ശിശു സൗഹൃദമാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുനൽകുന്നതിന് നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. NABARD - RIDF
2. പ്ലാൻഫണ്ട്
3. MGNREGS (തൊഴിലുറപ്പ് പദ്ധതി)
4. എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്
5. മാതൃകാ അങ്കണവാടി നിർമ്മാണ പദ്ധതി (ഒരു നിയോജക മണ്ഡലത്തിൽ ഒന്നു വീതം)
6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്.

(ബി) അങ്കണവാടി കെട്ടിട നിർമ്മാണത്തിന് അനുവർത്തിച്ചുവരുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം/Community ലഭ്യമാക്കണം.
2. NABARD-RIDF പദ്ധതി പ്ലാൻ ഫണ്ട്, MGNREGS എന്നീ പദ്ധതികൾക്ക് നിശ്ചിത അനുപാതം തുക തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കണം.
3. മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ബന്ധപ്പെട്ട എം.എൽ.എ. 6.75 ലക്ഷം രൂപ വഹിക്കണം. നിർമ്മാണത്തിന് 10 സെന്റ് സ്ഥലം ലഭ്യമാക്കണം.

(സി) അങ്കണവാടികൾ ശിശുസൗഹൃദമാക്കുന്നതിന് ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പരമ്പരാഗത രീതിയിൽ നിന്നു മാറ്റി കുട്ടികൾക്ക് ആകർഷകമാക്കുന്ന രീതിയിൽ രൂപകൽപ്പന ചെയ്യുക.
2. അങ്കണവാടി കെട്ടിടങ്ങളുടെ ചുമരുകൾ വിവിധ പെയിന്റിങ്ങുകളിലൂടെ ആകർഷകമാക്കുക.
3. ശിശു സൗഹൃദ ടോയ്‌ലെറ്റ് നിർമ്മിക്കുക.
4. Indoor play materials, outdoor play materials എന്നിവ ലഭ്യമാക്കുക.
5. പ്രീ-സ്കൂൾ കരിക്കുലം കുട്ടികൾക്ക് ആകർഷകമാകുന്ന രീതിയിൽ പരിഷ്കരിക്കുക.

## അങ്കണവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം

246 (1490) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായുള്ള കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് ഈ പ്രവണതയ്ക്ക് കാരണമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അങ്കണവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ ആരോഗ്യക്ഷമതയും, ആശയവിനിമയ പാടവവും മറ്റ് പ്രീ-സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളേക്കാൾ കൂടുതലാണെന്ന തരത്തിലുള്ള പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അങ്കണവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ ആലോചിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സംയോജിത ശിശു വികസന സേവന പദ്ധതിയുമായി ബന്ധപ്പെട്ട പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ പ്രകാരം അങ്കണവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അങ്കണവാടികളിലെത്തുന്ന കുട്ടികളുടെ എണ്ണം കുറയുന്നതുമായി ബന്ധപ്പെട്ട വിഷയം ജില്ലാതല ഐ.സി.ഡി.എസ്. പ്രോഗ്രാം ഓഫീസർമാരുടെ അവലോകന യോഗങ്ങളിൽ ചർച്ച ചെയ്തതിൻപ്രകാരം ചുവടെ ചേർക്കുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുണ്ട്.

1. കേരളത്തിലെ 3-6 വയസ്സുള്ള കുട്ടികളുടെ എണ്ണത്തിൽ ആനുപാതികമായുണ്ടാകുന്ന കുറവ്.
2. കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരത്തിലുണ്ടായിട്ടുള്ള വ്യത്യാസം.
3. സ്വകാര്യ പ്രീ-പ്രൈമറി സ്കൂളുകളുടെ വൻതോതിലുള്ള കടന്നുകയറ്റം.
4. അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അങ്കണവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. അങ്കണവാടികളിലെ പ്രീ-സ്കൂൾ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി വർഷത്തിൽ 2 പ്രാവശ്യം (ജൂൺ 1-നും വിജയദശമി ദിനത്തിലും) പ്രത്യേക ക്യാമ്പയിനോടുകൂടിയ പ്രവേശനോത്സവം സംഘടിപ്പിക്കുന്നുണ്ട്.

2. ശിശു വികാസ മേഖലകളുടെ പരിപോഷണം മുൻനിർത്തി കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസങ്ങൾക്കായുള്ള തീമുകൾ ഉൾക്കൊള്ളുന്ന പാഠ്യ പദ്ധതികൾ വികസിപ്പിച്ച് അങ്കണവാടികളിലൂടെ നടപ്പിലാക്കിവരുന്നു.

3. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. അങ്കണവാടികളിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ചും അങ്കണവാടികളിലൂടെ നൽകുന്ന പ്രീ-സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചും പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തിവരുന്നു.

## വികലാംഗരായിട്ടുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

247 (1491) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരായിട്ടുള്ള താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തികൊണ്ട് സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ച മുൻഗണന പട്ടികയിൽ നിന്നും പേര് വിട്ടുപോയിട്ടുള്ള ശ്രീമതി രേഖ, സുതിന വിലാസം, പറക്കുന്ന് പി.ഒ., നാവായിക്കുളം, വർക്കല എന്നയാളെ പട്ടികയിൽ ഉൾപ്പെടുത്തി നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ടിയാളുടെ അപേക്ഷ ലഭിച്ചിട്ട് എത്ര മാസമായി എന്ന് വ്യക്തമാക്കുമോ;

(സി) ടിയാൾക്ക് നിയമനം നല്കുന്നതിന് അടിയന്തര പ്രാധാന്യം നല്കുമോ?

ഉത്തരം

(എ-സി) 28-4-2016-ൽ സാമൂഹ്യനീതി ഡയറക്ടർക്ക് ലഭിച്ച ടിയാളുടെ അപേക്ഷ 15-6-2016-ലെ കത്തുമുഖേന സർക്കാരിന് ലഭ്യമാക്കുകയും ടി അപേക്ഷ പരിശോധിച്ച് വരികയുമാണ്.

## ഭിന്നലിംഗക്കാർക്ക് പെൻഷൻ

248 (1492) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നലിംഗക്കാർക്ക് (ട്രാൻസ്ജെൻഡർ) പെൻഷൻ നൽകുവാൻ പദ്ധതി ഉണ്ടോ; എങ്കിൽ പ്രതിമാസം എത്ര രൂപയാണ് പെൻഷനായി നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പെൻഷൻ നൽകുവാനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 60 വയസ്സിന് മുകളിലുള്ള ട്രാൻസ്ജെൻഡറുകൾക്ക് പെൻഷൻ അനുവദിക്കുമെന്ന് 2016-17 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇവർക്ക് പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് നടപടികൾ എടുത്തു വരുന്നു.

## ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനങ്ങൾ സൗജന്യമായി ലഭ്യമാക്കൽ

249 (1493) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ ആളുകൾക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനങ്ങളോ മുച്ചക്രസ്കൂട്ടറുകളോ സൗജന്യമായി ലഭ്യമാക്കാൻ സാമൂഹ്യ നീതിവകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളത്; സഹായം ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ലോട്ടറി വില്പന പോലെയുള്ള സ്വയംതൊഴിലിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ വികലാംഗർക്കും ബി.പി.എൽ./എ.പി.എൽ. വ്യത്യാസമില്ലാതെ ഇത്തരം മുച്ചക്രസ്കൂട്ടറുകളോ മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങളോ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾ മാനദണ്ഡങ്ങൾക്കു വിധേയമായി സൗജന്യമായി നൽകിവരുന്നു. മാനദണ്ഡങ്ങൾ ഉള്ളടക്കം ചെയ്യുന്നു.*

(ബി) പദ്ധതി നടപ്പിലാക്കിയ ജില്ലയും സഹായം ലഭിച്ചവരുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 70 |
| കൊല്ലം | 26 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 25 |
| ഇടുക്കി | 26 |
| കോട്ടയം | 2 |
| എറണാകുളം | 9 |
| തൃശ്ശൂർ | 6 |
| വയനാട് | 10 |
| പാലക്കാട് | 9 |
| കണ്ണൂർ | 18 |
| മലപ്പുറം | 4 |
| കോഴിക്കോട് | 57 |

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ചും മാനദണ്ഡങ്ങൾക്ക് വിധേയമായും ലോട്ടറി വിൽപ്പന പോലെയുള്ള സ്വയംതൊഴിലിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ ഭിന്നശേഷിക്കാർക്കും ബി.പി.എൽ./എ.പി.എൽ. വ്യത്യാസമില്ലാതെ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം നടത്തുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സൈലോ ധാന്യസംഭരണികൾ

250 (1494) ശ്രീ. കെ. ദാസൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ജോയി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യ സംഭരണവും വിതരണവും സ്വകാര്യ കോർപ്പറേറ്റുകളെ ഏൽപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം സംസ്ഥാനങ്ങളുടെ പൊതു വിതരണ സംവിധാനത്തെ ദോഷകരമായി ബാധിക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) "സൈലോ" ധാന്യസംഭരണികൾ വ്യാപിക്കുന്നതിലൂടെ പ്രസ്തുത മേഖലയിലെ പതിനായിരങ്ങളുടെ തൊഴിൽ നഷ്ടപ്പെടുമെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നിർബന്ധമായും നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പദ്ധതി നടപ്പാക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ തൊഴിൽ-പുനരധിവാസം എന്നിവയ്ക്കായി എന്തെങ്കിലും നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

## ഭക്ഷ്യ ഭദ്രതാ നിയമം

251 (1495) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഭക്ഷ്യ ഭദ്രതാ നിയമ'മനുസരിച്ച് റേഷൻ കാർഡുടമകളിലെ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നത് വ്യക്തമാക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള മാനദണ്ഡങ്ങളിൽ, ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഇതു കാരണം റേഷൻ കാർഡുകൾ ഗുണഭോക്താക്കൾക്കു നൽകുന്നതിൽ എത്ര കാലതാമസമുണ്ടാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അവസാനഘട്ടത്തിലാണ്.

(ബി) മുൻഗണനാ റാങ്കിംഗ് നടത്തുന്നത് സംസ്ഥാന തലത്തിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ക്ലാസ് 4 തസ്തിക വരെയുള്ള പട്ടികവർഗ്ഗ വിഭാഗക്കാരായ സർക്കാർ ഉദ്യോഗസ്ഥരെക്കൂടി മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സംസ്ഥാനതല റാങ്കിംഗ് നടത്തി പട്ടിക പ്രസിദ്ധീകരിച്ച് പരാതി പരിഹരിച്ച് 2017 മാർച്ചോടുകൂടി റേഷൻ കാർഡുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഭക്ഷ്യ സുരക്ഷാ നിയമം**

252 (1496) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'ഭക്ഷ്യ സുരക്ഷാ നിയമം' നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-7-2013-ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇന്ത്യാ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013-ൽ കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013-ലെ സ.ഉ.(കൈ)നമ്പർ 53/2013/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door step delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Machanism) എന്നിവയാണ് ഇതര കാര്യങ്ങൾക്കൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വിഭാവന ചെയ്യുന്നത്. 1-3-2017 മുതൽ റേഷൻ കാർഡുകൾ വിതരണം ചെയ്ത് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ബി.പി.എൽ., എ.എ.വൈ. കാർഡുടമകൾക്ക് മാവേലി സ്റ്റോറുകൾ വഴി സൗജന്യ ഓണക്കിറ്റുകൾ

253 (1497) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് സംസ്ഥാനത്ത് എത്രലക്ഷം ബി.പി.എൽ., എ.എ.വൈ. കാർഡുടമകൾക്കാണ് മാവേലി സ്റ്റോറുകൾ വഴി സൗജന്യമായി നിത്യോപയോഗ സാധനങ്ങൾ അടങ്ങിയ ഓണക്കിറ്റുകൾ വിതരണം ചെയ്തത്;

(ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓണക്കാലത്ത് 16.06 ലക്ഷം ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾക്ക് 2 കിലോ ഗ്രാം അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നീ നിത്യോപയോഗ സാധനങ്ങൾ അടങ്ങിയ സൗജന്യ ഓണക്കിറ്റുകൾ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തു.

(ബി) ഇതിനായി ഏകദേശം 17.72 കോടി രൂപ ചെലവഴിച്ചു.

## ഭക്ഷ്യ സുരക്ഷാ നിയമം

254 (1498) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രത നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടെ മുൻഗണന/മുൻഗണനേതര വിഭാഗങ്ങളിൽപ്പെട്ട ഉപഭോക്താക്കൾക്ക് ലഭിക്കുന്ന റേഷൻ സാധനങ്ങൾ എന്തൊക്കെയാണ് ;

(സി) മുൻഗണന വിഭാഗത്തിൽപ്പെട്ടവരെ കണ്ടെത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ ; മുൻസർക്കാർ പ്രഖ്യാപിച്ച മാനദണ്ഡങ്ങളിൽ പാവപ്പെട്ടവർക്ക് ഗുണകരമായ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ഡി) ഈ നിയമം സംസ്ഥാനത്തുള്ള സാർവ്വത്രിക റേഷനിംഗ് സമ്പ്രദായത്തെ ഏതെങ്കിലും തരത്തിൽ ബാധിക്കാനിടയുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-7-2013-ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇന്ത്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013-ലെ സ.ഉ.(കൈ) നമ്പർ 53/2013/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം 14.25 മെട്രിക് ടൺ ആണ് വാർഷിക അലോട്ട്മെന്റായി സംസ്ഥാനത്തിന് ലഭിക്കുന്നത്. ആയതിൽ 10.13 ലക്ഷം മെട്രിക് ടൺ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന 1.54 കോടി ജനങ്ങൾക്ക് നൽകുവാൻ കഴിയുന്നതാണ്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്നവർക്ക് 5 കിലോഗ്രാം ഭക്ഷ്യധാന്യം ഒരാളിനും 35 കിലോഗ്രാം ഭക്ഷ്യധാന്യം എ.എ.വൈ. കാർഡിനും നൽകുന്നതാണ്. മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകുന്നതിനായി 4.12 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യം പ്രതിവർഷം ലഭിക്കും.

(സി) മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ. ഉത്തരവിനെ അടിസ്ഥാനമാക്കിയാണ്. റേഷൻ കാർഡുകൾ പുതുക്കുന്നതിന്റെ ഭാഗമായി പ്രീ-പോപ്പുലേറ്റഡ് ഫോമുകൾ റേഷൻ കടകൾ വഴി അതാത് റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും കുടുംബത്തിലെ മുതിർന്ന വനിതാ അംഗത്തിന്റെ ഫോട്ടോ എടുക്കുകയും ചെയ്തിട്ടുള്ളതാണ്. പട്ടികവർഗ്ഗത്തിലെ ക്ലാസ് ഫോർ ജീവനക്കാരെക്കൂടി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ബാധിക്കാനിടയില്ല.

**ദേശീയ ഭക്ഷ്യ ഭദ്രത നിയമം**

255 (1499) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കുമ്പോൾ കേരളത്തിന്റെ ഭക്ഷ്യധാന്യ വിഹിതം കുറയുമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവ് വരരുതെന്ന് ആവശ്യപ്പെട്ട് കഴിഞ്ഞ സർക്കാർ കേന്ദ്ര ഗവൺമെന്റിന് എത്ര കത്തുകൾ അയച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം തീയതികളിലായിരുന്നുവെന്നും വിശദമാക്കുമോ;

(സി) കേന്ദ്രത്തിൽ നിന്നുള്ള ഭക്ഷ്യധാന്യ വിഹിതം കുറയാതിരിക്കാൻ എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ എ.പി.എൽ., ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്കായി 10.01 ലക്ഷം മെട്രിക് ടൺ അരിയും 2.25 ലക്ഷം മെട്രിക് ടൺ ഗോതമ്പും ഉൾപ്പെടെ 12.26 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് നോർമൽ ക്വാട്ടയിൽ കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ചു നൽകിയത്. ഇതുകൂടാതെ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കായി 2.7 ലക്ഷം മെട്രിക് ടൺ അരിയും 0.95 ലക്ഷം മെട്രിക് ടൺ ഗോതമ്പുമുൾപ്പെടെ 3.65 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം അധിക വിഹിതമായി ലഭിച്ചിരുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ച നോർമൽ വിഹിതം അതേ അളവിൽ ഈ സാമ്പത്തിക വർഷത്തിലും കേന്ദ്രത്തിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിരുന്ന അധിക വിഹിതം 2016 ഏപ്രിൽ മുതൽ 2016 ജൂൺ വരെയുള്ള മൂന്ന് മാസങ്ങളിലേക്ക് മാത്രമാണ് ഇതുവരെ അനുവദിച്ചത്. എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള അധിക ഭക്ഷ്യധാന്യം 2016 ജൂണിനുശേഷം അനുവദിച്ചുനൽകിയിട്ടില്ല. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ ഷെഡ്യൂൾ 4 പ്രകാരം 14.25 മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങളാണ് പ്രതിവർഷം സംസ്ഥാനത്തിന് അലോട്ട്മെന്റായി ലഭ്യമാകുന്നത്. കേന്ദ്ര സർക്കാരിന്റെ 20-3-2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ പ്രകാരം 15480040 പേരാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഇവർക്ക് മാത്രമായി 10.17 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ പ്രതിവർഷം വേണ്ടിവരും. അവശേഷിക്കുന്നവർക്ക് 4.08 ലക്ഷം മെട്രിക് ടൺ മാത്രമാണ് ലഭിക്കുന്നത്. ഭക്ഷ്യ സുരക്ഷാ നിയമത്തിൽ അദ്ധ്യായം 2-ൽ സെക്ഷൻ 3(1)ൽ അവസാന മൂന്നു വർഷത്തിൽ നോർമൽ വിഹിതമായി സംസ്ഥാനത്തിനു ലഭിച്ചിട്ടുള്ള ഭക്ഷ്യധാന്യവിഹിതത്തിന്റെ ശരാശരി വിഹിതം സംരക്ഷിക്കപ്പെടുമെന്നാണ് ഉറപ്പുനൽകുന്നത്. എന്നാൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന നോർമൽ വിഹിതവും അധിക വിഹിതവും (അഡ്ഹോക്ക്) ഉൾപ്പെടെയുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിക്കുന്ന സംസ്ഥാനമെന്ന നിലയിൽ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്ത ഉപഭോഗത്തിന്റെ ശരാശരിക്ക് അനുസൃതമായി ടൈഡ്ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് പൊതുവിതരണ രംഗത്ത് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുവാനിടയുണ്ടെന്നും ആയതിനാൽ അഡ്ഹോക്ക് ഉൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾക്കനുസൃതമായി ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതിനുശേഷവും സംസ്ഥാനത്തിന് ലഭിക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

(ബി) 7 എണ്ണം. 30-7-2014, 8-10-2014, 30-10-2014, 29-10-2014, 21-1-2015, 2-2-2015, 26-8-2015 എന്നീ തീയതികളിൽ.

(സി) അഡ്ഹോക്ക് ഉൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾക്കനുസൃതമായി ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതിനുശേഷവും സംസ്ഥാനത്തിന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം**

256 (1500) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നുമുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിന് നിലവിലുള്ള റാങ്കിംഗ് സമ്പ്രദായം മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) താലൂക്ക്തല റാങ്കിംഗ് നടത്തി പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടിക സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) മുൻഗണനാ ക്രമത്തിൽനിന്നും ഒഴിവാക്കപ്പെടുന്ന വിഭാഗങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. 2017 മാർച്ച് മാസത്തോടുകൂടി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ബി) താലൂക്കുതല റാങ്കിംഗ് നടത്തി മുൻഗണനാ പട്ടിക തയ്യാറാക്കിയിരുന്നെങ്കിലും ധാരാളം അപാകതകൾ കണ്ടെത്തിയതിനെത്തുടർന്ന് ടി പട്ടിക എല്ലാ താലൂക്കിലും പ്രസിദ്ധീകരിച്ചിരുന്നില്ല. യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി റാങ്കിംഗ് സംസ്ഥാനതലത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ അർഹതപ്പെട്ടവർ മുഴുവൻ യോഗ്യതയുടെ മുൻഗണനാക്രമത്തിൽ പട്ടികയിൽ ഉൾപ്പെടുവാനാണ് അങ്ങനെ തീരുമാനിച്ചത്. ഇതിനുള്ള നടപടികൾ ഇപ്പോൾ അവസാനഘട്ടത്തിലാണ്.

(സി) താലൂക്കുതല റാങ്കിംഗ് നടത്തി തയ്യാറാക്കിയ മുൻഗണനാ/മുൻഗണനേതര/ സ്റ്റേറ്റ് പ്രയോറിറ്റി പട്ടികകൾ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിലും എറണാകുളം ജില്ലയിലെ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസിലും പ്രസിദ്ധീകരിച്ചിരുന്നു. ഇതുസംബന്ധിച്ച് 1300-ഓളം പരാതികൾ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസിലും 300-ഓളം പരാതികൾ എറണാകുളം സിറ്റി റേഷനിംഗ് ഓഫീസിലും ലഭിച്ചിരുന്നു.

(ഡി) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായ നികുതി ഒടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ, സ്വന്തമായി 1000 ചതുരശ്ര അടിക്ക് മേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ലാറ്റോ ഉള്ളവർ, നാല് ചക്ര വാഹനമുള്ളവർ എന്നിവർ മുൻഗണനാക്രമത്തിൽ നിന്നും ഒഴിവാക്കപ്പെടും.

**പുതിയ റേഷൻ കാർഡുകൾ**

257 (1501) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പട്ടികജാതിയിൽപ്പെട്ട വളരെ പാവപ്പെട്ട നൂറുകണക്കിനാളുകളുടെ റേഷൻ കാർഡുകൾ എ.പി.എൽ. ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പുതിയ കാർഡ് വിതരണത്തിൽ പരിഹരിക്കുമോ;

(ബി) അനർഹരായ പലർക്കും ബി.പി.എൽ. കാർഡ് ലഭിച്ചിട്ടുള്ളത് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അർഹരായ എല്ലാ കുടുംബങ്ങളും മുൻഗണനാ പട്ടികയിൽ ഉൾപ്പെടത്തക്ക രീതിയിലാണ് മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

(ബി) അനർഹരായവരെ മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

**പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ**

258 (1502) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിച്ചിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

16-7-2014-ന് ശേഷം പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്നില്ല. എന്നാൽ വളരെ അത്യാവശ്യഘട്ടങ്ങളിൽ അപേക്ഷ പരിഗണിക്കുന്നുണ്ട്.

**അവശ്യ സാധനങ്ങളുടെ വില വർദ്ധന**

259 (1503) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണക്കാലത്ത് അവശ്യ സാധനങ്ങളുടെ പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഓണക്കാലത്ത് അവശ്യ സാധനങ്ങളുടെ പൂഴ്ത്തിവയ്പും കരിഞ്ചന്തയും തടയുന്നതിനും അവയുടെ ലഭ്യതയും ന്യായവില വിപണനവും ഉറപ്പു വരുത്തുന്നതിനുമായി മേഖല/ജില്ല/താലൂക്കുതല പരിശോധനാ സ്ക്വാഡുകളും സംസ്ഥാനതലത്തിൽ ഫ്ലൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ചു. ഇപ്രകാരം രൂപീകരിക്കപ്പെട്ട 103 സ്ക്വാഡുകൾ 25-8-2016 മുതൽ പ്രവർത്തിച്ചിരുന്നു. കൂടാതെ വിലക്കയറ്റം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും സ്ക്വാഡുകളുടെ പരിശോധന നിരീക്ഷിച്ച് ദൈനംദിന പരിശോധനകളുടെ വിശദാംശങ്ങൾ നല്കുന്നതിനുമായി 25-8-2016 മുതൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ കൺട്രോൾ റൂം രൂപീകരിച്ചും പ്രവർത്തിച്ചിരുന്നു.

**ഭക്ഷ്യഭദ്രതാ നിയമം**

260 (1504) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ ഭദ്രത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരാതി പരിഹാര കമ്മീഷന് ആവശ്യമായ തസ്തികകൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് തസ്തികകൾ രൂപീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള സംസ്ഥാന ഫുഡ് കമ്മീഷനു വേണ്ടി ജീവനക്കാരുടെ 17 തസ്തിക അനുവദിച്ച് 21-8-2015-ലെ സ.ഉ.(കൈ)നമ്പർ 23/15/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ഭക്ഷ്യ സുരക്ഷാ നിയമവുമായി പൊരുത്തപ്പെടുന്ന തരത്തിൽ ഇതിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

## റേഷൻ വിതരണ സമ്പ്രദായം

261 (1505) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മൊത്തവ്യാപാരികളെ പൂർണ്ണമായും ഒഴിവാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഫുഡ് കോർപ്പറേഷൻ ഗോഡൗണുകളിൽ നിന്ന് ഭക്ഷ്യവസ്തുക്കൾ സർക്കാർ നേരിട്ട് റേഷൻ കടകളിലെത്തിക്കുമോ;

(സി) അല്ലെങ്കിൽ എഫ്.സി.ഐ.-യിൽ നിന്ന് റേഷൻ കടക്കാർ നേരിട്ട് അരിവാങ്ങി ഉപഭോക്താക്കൾക്ക് നൽകുമോ;

(ഡി) ഈ പരിഷ്കരണം ഏത് നയത്തിന്റെ ഭാഗമാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ഇ) പുതിയ പരിഷ്കരണം എന്ന് മുതൽ സംസ്ഥാനത്ത് നടപ്പാക്കും ; പദ്ധതി നടപ്പാക്കുന്നതിലൂടെ റേഷൻ വിതരണ രംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകും എന്നാണ് സർക്കാർ കരുതുന്നത്; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ മൊത്ത വിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) എഫ്.സി.ഐ.-യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ശേഖരിച്ച് റേഷൻ കടകളിൽ വാതിൽപ്പടി വിതരണം നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

(സി) അങ്ങനെ തീരുമാനമെടുത്തിട്ടില്ല.

(ഡി) കേന്ദ്രസർക്കാർ നടപ്പിലാക്കിയ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമാണ് ഈ പരിഷ്കരണം.

(ഇ) 1-3-2017 മുതൽ റേഷൻ കാർഡുകൾ വിതരണം ചെയ്ത് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്. വാതിൽപ്പടി വിതരണം നടപ്പാക്കുന്നതിലൂടെ റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ പൂർണ്ണമായി നിർത്തലാക്കാൻ കഴിയുന്നതാണ്.

## റേഷൻ വിതരണം കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതി

262 (1506) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നത് വഴി നിലവിലുള്ള റേഷൻ വിതരണത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരാൻ പോകുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ആധാർ അധിഷ്ഠിത മാർഗ്ഗത്തിലൂടെ ഓരോ ഗുണഭോക്താവിനേയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, കേന്ദ്ര വിഹിതം ലഭിക്കുന്നവേളയിൽ തന്നെ എഫ്.സി.ഐ., മധ്യതല ഗോഡൗണുകൾ വഴി റേഷൻ കടകൾ വരെയുള്ള സ്റ്റോക്കിന്റെ അലോട്ട്മെന്റ് വിവരങ്ങൾ ഓൺലൈനായി പൊതുജനങ്ങളെ അറിയിക്കുക, സ്റ്റോക്ക് റേഷൻ കടയിൽ എത്തിച്ചേരുന്ന വിവരം എസ്.എം.എസ്.-ലൂടെ കാർഡ് ഉടമയെ അറിയിക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ റേഷൻ സാധനങ്ങളുടെ ദുരുപയോഗം പൂർണ്ണമായും തടയുക എന്ന ഉദ്ദേശ്യത്തോടെ റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിലെ എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ റേഷൻ കടകളിൽ സപ്ലൈകോ മുഖേന ഡോർ ഡെലിവറി വഴി നേരിട്ട് സാധനങ്ങൾ എത്തിക്കുക, ജി.പി.എസ്. ട്രാക്കിംഗ് ഉൾപ്പെടെയുള്ള ആധുനിക ടെക്നോളജിയുടെ സഹായത്തോടെ ചരക്കുനീക്കം നിരീക്ഷിക്കുക, ഓരോ ഇടപാടുകളും തത്സമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും കാണാനാവുന്ന വിധം ഒരു ട്രാൻസ്പരൻസി പോർട്ടൽ വികസിപ്പിക്കുക മുതലായ മാറ്റങ്ങളും വിഭാവന ചെയ്യുന്നുണ്ട്.

**ഭക്ഷ്യ സുരക്ഷാ നിയമം**

263 (1507) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ നിയമം നടപ്പിലാക്കുന്നപക്ഷം ഭക്ഷ്യധാന്യത്തിന്റെ കേന്ദ്ര അലോട്ട്മെന്റിൽ കുറവുണ്ടാകുമോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന താൽപ്പര്യം സംരക്ഷിക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

(ബി&സി) 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ എ.പി.എൽ., ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്കായി 10.01 ലക്ഷം മെട്രിക് ടൺ അരിയും 2.25 ലക്ഷം മെട്രിക് ടൺ ഗോതമ്പും ഉൾപ്പെടെ 12.26 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് നോർമൽ ക്വാട്ടയിൽ കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ചുനൽകിയത്. ഇതുകൂടാതെ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കായി 2.7 ലക്ഷം മെട്രിക് ടൺ അരിയും 0.95 ലക്ഷം മെട്രിക് ടൺ ഗോതമ്പും ഉൾപ്പെടെ 3.65 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം അധിക വിഹിതമായി ലഭിച്ചിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ച നോർമൽ വിഹിതം അതേ അളവിൽ ഈ സാമ്പത്തിക വർഷത്തിലും കേന്ദ്രത്തിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന അധിക വിഹിതം 2016 ഏപ്രിൽ മുതൽ 2016 ജൂൺ വരെയുള്ള മൂന്ന് മാസങ്ങളിലേക്ക് മാത്രമാണ് ഇതുവരെ അനുവദിച്ചത്. എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള അധിക ഭക്ഷ്യധാന്യം 2016 ജൂണിനുശേഷം അനുവദിച്ചു നൽകിയിട്ടില്ല.

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ ഷെഡ്യൂൾ 4 പ്രകാരം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് പ്രതിവർഷം സംസ്ഥാനത്തിന് അലോട്ട്മെന്റായി ലഭ്യമാകുന്നത്. കേന്ദ്ര സർക്കാരിന്റെ 20-3-2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ പ്രകാരം 15480040 പേരാണ് മുൻഗണനാ

വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഇവർക്കുമാത്രമായി 10.17 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ പ്രതിവർഷം വേണ്ടിവരും. അവശേഷിക്കുന്നവർക്ക് 4.08 ലക്ഷം മെട്രിക് ടൺ മാത്രമാണ് ലഭിക്കുന്നത്. ഭക്ഷ്യ സുരക്ഷാ നിയമത്തിൽ അദ്ധ്യായം 2-ൽ സെക്ഷൻ 3(1)-ൽ അവസാന മൂന്ന് വർഷത്തിൽ നോർമൽ വിഹിതമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള ഭക്ഷ്യധാന്യ വിഹിതത്തിന്റെ ശരാശരി വിഹിതം സംരക്ഷിക്കപ്പെടുമെന്നാണ് ഉറപ്പുനൽകുന്നത്. എന്നാൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന നോർമൽ വിഹിതവും അധികവിഹിതവും (അഡ്ഹോക്ക്) ഉൾപ്പെടെയുള്ള മുഴുവൻ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്ത ഉപഭോഗത്തിന്റെ ശരാശരിക്ക് അനുസൃതമായി ടൈഡ്ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് പൊതു വിതരണ രംഗത്ത് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുവാനിടയുണ്ടെന്നും ആയതിനാൽ അഡ്ഹോക്ക് ഉൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾക്കനുസൃതമായി ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയതിനുശേഷവും സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിൽ അറിയിച്ചിട്ടുള്ളതാണ്.

**ഭക്ഷ്യസാധനത്തിൽ മായം**

264 (1508) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കച്ചവടക്കാർ വിറ്റഴിക്കുന്ന മായം കലർന്ന പലവ്യഞ്ജനം, മത്സ്യം, മാംസം, പച്ചക്കറി, മറ്റ് നിത്യോപയോഗ സാധനങ്ങൾ മുതലായവ ജനങ്ങളിൽ മാരക അസുഖങ്ങൾ ഉണ്ടാക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മായം ചേർക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(സി) ഭക്ഷ്യ സാധനത്തിൽ മായം ചേർക്കുന്നതിനെതിരെയും, മോശമായതും പഴകിയതുമായ നിത്യോപയോഗ സാധനങ്ങൾ വില്ക്കുന്നതിനെതിരെയും എന്തൊക്കെ കർശന നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇങ്ങനെ മായം ചേർക്കുന്നവർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2006-ലെ കേന്ദ്ര ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമാണ് മായം ചേർക്കലുകൾ തടയുന്നതിന് എല്ലാ സംസ്ഥാനങ്ങളിലും നടപടികൾ സ്വീകരിച്ചുവരുന്നത്. ഇതനുസരിച്ച് സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിമാരും ആയതിന് താഴെ നിയമസഭാ നിയോജകമണ്ഡല അടിസ്ഥാനത്തിൽ ഫുഡ്സേഫ്റ്റി ഓഫീസർമാരുമുണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ച് പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരം പ്രോസിക്യൂഷനോ, അഡ്ജ്യൂഡിക്കേഷൻ, നിരോധന നടപടികളോ സ്വീകരിച്ചു വരുന്നു. അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ആർ.ഡി.ഒ.-മാരെയും അഡ്ജ്യൂഡിക്കേഷൻ ഓഫീസർമാരായി നോട്ടിഫൈ ചെയ്തിട്ടുള്ളതും ആയതിൽ നിന്നുള്ള അപ്പീലുകൾ പരിഗണിക്കുന്നതിനായി തിരുവനന്തപുരം 2-ാം അഡീഷണൽ ജില്ലാ ജഡ്ജിയെ സംസ്ഥാന ഭക്ഷ്യസുരക്ഷാ അപ്പലേറ്റ് ട്രൈബ്യൂണലായി സർക്കാർ ഇതിനകം നോട്ടിഫൈ ചെയ്തിട്ടുള്ളതുമാണ്.

(സി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ച് പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കും പ്രകാരം പ്രോസിക്യൂഷനോ, അഡ്ജ്യൂഡിക്കേഷൻ, നിരോധന നടപടികളോ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(ഡി)

| ജില്ല | രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | അഭിപ്രായ കുറിപ്പ് |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | ... | 12 പരിശോധന ഫലങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു. |
| കൊല്ലം | 15 | |
| പത്തനംതിട്ട | 2 | |
| ആലപ്പുഴ | 11 | |
| കോട്ടയം | 9 | |
| ഇടുക്കി | 8 | 3 പരിശോധന ഫലങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു. |
| എറണാകുളം | 13 | |
| തൃശ്ശൂർ | 32 | |
| മലപ്പുറം | 12 | |
| പാലക്കാട് | 15 | |
| കോഴിക്കോട് | 14 | |
| വയനാട് | 6 | |
| കണ്ണൂർ | 8 | |
| കാസർഗോഡ് | 2 | |

**ഭക്ഷ്യസുരക്ഷാ നിയമം**

265 (1509) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാനിയമം ഉടൻ നടപ്പാക്കണമെന്ന് കേന്ദ്രം സംസ്ഥാനത്തോടാവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതി നടപ്പാക്കുന്നതിനുമുമ്പായി സംസ്ഥാന പൊതു വിതരണ സമ്പ്രദായത്തിൽ എന്തൊക്കെ പുതിയ പരിഷ്കരണങ്ങൾ വരുത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധമായ കാര്യങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(ഡി) നിയമം നടപ്പാക്കാത്തപക്ഷം എ.പി.എൽ. വിഭാഗത്തിനുള്ള റേഷൻ സബ്സിഡി ഇല്ലാതാക്കുകയോ വിതരണം നിർത്തലാക്കുകയോ ചെയ്യുമെന്ന് കേന്ദ്രം സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പദ്ധതി സംസ്ഥാനത്ത് എന്നുമുതൽ നടപ്പാക്കാനാകുമെന്നാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door step delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിവയാണ് ഇതര കാര്യങ്ങൾക്കൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വിഭാവന ചെയ്യുന്നത്.

(സി) 7-7-2014-ലെ സ.ഉ.(കൈ) നമ്പർ 21/14/ഭ.സി.സ.വ. പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങളും റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS) പ്രകാരമുള്ള നിലവിലെ റേഷൻ കാർഡിലെ വിവരവും ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി 1-1-2015 മുതൽ വിവരശേഖരണത്തിനായി റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും 19-1-2015 മുതൽ സംസ്ഥാനത്ത് ഒട്ടാകെ സംഘടിപ്പിച്ച 9442 ഫോട്ടോ ക്യാമ്പുകളിലൂടെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ 13-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും ചെയ്തു. 18 വയസ് പൂർത്തിയായ വനിത കുടുംബത്തിൽ ഇല്ലാത്ത പക്ഷം മുതിർന്ന പുരുഷന്റെ ഫോട്ടോ എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിലൂടെ ലഭ്യമായ വിവരങ്ങൾ സി.ഡിറ്റ്, അക്ഷയ, കുടുംബശ്രീയുടെ ഐ.റ്റി. യൂണിറ്റായ ഉന്നതി എന്നീ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിച്ചു. ഡാറ്റാ എൻട്രികളുടെ പിഴവുകൾ തിരുത്തുന്നതിനും ആവശ്യമായ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ഈ ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്തു. ഈ പ്രിന്റൗട്ടുകൾ തിരികെ ലഭ്യമാക്കി മേൽപ്പറഞ്ഞ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി പൂർത്തിയാക്കി. എൻ.ഐ.സി. വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്വെയറിലൂടെ സംസ്ഥാനതല റാങ്കിംഗ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കരട് പട്ടികയിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായും (കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ ജൂനിയർ സൂപ്രണ്ടിൽ കുറയാത്ത ഉദ്യോഗസ്ഥൻ), ഫർക്ക റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളുമായുള്ള വെരിഫിക്കേഷൻ കമ്മിറ്റി 3-12-2015-ലെ സ.ഉ.(സാധാ) നമ്പർ 391/15/ഭ.സി.സ.വ. ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് എതിരായ അപ്പീൽ കേൾക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ സപ്ലൈ ആഫീസർ കൺവീനറായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ സോഷ്യൽ വെൽഫെയർ ആഫീസർ, എ.ഡി.സി. ജനറൽ എന്നിവർ അംഗങ്ങളുമായ അപ്പീൽ കമ്മിറ്റി 26-2-2016-ലെ സ.ഉ.(സാധാ) നമ്പർ 48/2016/ഭ.പൊ.വി.വ. ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്. അന്തിമ മുൻഗണനാ/ മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം പുതിയ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

<u>വാതിൽപ്പടി വിതരണം (door step delivery) :</u>

റേഷൻ സാധനങ്ങൾ എഫ്.സി.ഐ.-ൽ നിന്നും വിട്ടെടുത്ത് ഇന്റർ മീഡിയറ്റ് ഗോഡൗണുകളിൽ സംഭരിച്ച് അംഗീകൃത ചില്ലറ വ്യാപാരികളുടെ (ARD) ഇൻഡന്റ് പ്രകാരം റേഷൻ കടകളിൽ സർക്കാർ ചെലവിൽ എത്തിച്ച് കൊടുക്കേണ്ട താണെന്ന് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ വാതിൽപ്പടി വിതരണം പ്രാവർത്തികമാക്കുന്നതാണ്.

<u>റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation) :</u>

റേഷൻ സാധനങ്ങളുടെ വിഹിതം ലഭ്യമാകുന്നത് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നിഷ്കർഷിക്കുന്നു. എഫ്.സി.ഐ.-ൽ നിന്ന് റേഷൻ സാധനങ്ങൾ വിട്ടെടുത്ത് മൊത്ത വിതരണ ശാലകളിൽ (AWD) സംഭരിച്ച് അംഗീകൃത ചില്ലറ വ്യാപാരികളിലൂടെ (ARD) കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതുവരെയുള്ള വിവരങ്ങൾ പൊതുജനങ്ങൾ അറിയുന്നതിനായി ഓൺലൈൻ മോഡ്യൂൾ പൊതുവിതരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഈ വിവരം വകുപ്പിന്റെ വെബ്സൈറ്റായ www.civilsupplieskerala.gov.in.-ലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) :</u>

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം സംസ്ഥാന ഫുഡ് കമ്മീഷനും ജില്ലാ പരാതി പരിഹാര ആഫീസുകളും രൂപീകരിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 14 ജില്ലകൾക്കുംകൂടി 10 പരാതി പരിഹാര ആഫീസർമാരെയും ഒരു സംസ്ഥാന ഫുഡ് കമ്മീഷനെയും 21-8-2015-ലെ സ.ഉ.(കൈ) നമ്പർ 23/15/ഭ.സി.സ.വ. പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) സബ്സിഡി ഇല്ലാതാകുന്ന കാര്യം അറിയിച്ചിട്ടുണ്ട്.

(ഇ) 1-3-2017 മുതൽ റേഷൻ കാർഡ് വിതരണം നടത്തി ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

**ഭക്ഷ്യസുരക്ഷാ നിയമം**

266 (1510) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതിന്റെ പദ്ധതി തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) 2013-ൽ മുൻസർക്കാർ ഇതിനായി രൂപരേഖ തയ്യാറാക്കിയിരുന്നുവോ; ആയത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) മുൻസർക്കാർ ഇക്കാര്യത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതിൽ നിന്നും ഏതെല്ലാം മെച്ചപ്പെട്ട രീതിയിലാണ് ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 മാർച്ച് മുതൽ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്ത് ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

(ബി) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-7-2013-ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇന്ത്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013-ലെ സ.ഉ.(കൈ) നമ്പർ 53/2013/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door step delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) എന്നിവയാണ് ഇതര കാര്യങ്ങൾക്കൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വിഭാവന ചെയ്യുന്നത്.

7-7-2014-ലെ സ.ഉ.(കൈ) നമ്പർ 21/14/ഭ.സി.സ.വ. പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങളും റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS) പ്രകാരമുള്ള നിലവിലെ റേഷൻ കാർഡിലെ വിവരവും ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി 1-1-2015 മുതൽ വിവരശേഖരണത്തിനായി റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും 19-1-2015 മുതൽ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിച്ച 9442 ഫോട്ടോ ക്യാമ്പുകളിലൂടെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ 13-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും ചെയ്തു. 18 വയസ് പൂർത്തിയായ വനിത കുടുംബത്തിൽ ഇല്ലാത്ത പക്ഷം മുതിർന്ന പുരുഷന്റെ ഫോട്ടോ എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിലൂടെ ലഭ്യമായ വിവരങ്ങൾ സി.ഡിറ്റ്, അക്ഷയ, കുടുംബശ്രീയുടെ ഐ.റ്റി. യൂണിറ്റായ ഉന്നതി എന്നീ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിച്ചു. ഡാറ്റാ എൻട്രികളുടെ പിഴവുകൾ തിരുത്തുന്നതിനും ആവശ്യമായ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ഈ ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്തു. ഈ പ്രിന്റൗട്ടുകൾ തിരികെ ലഭ്യമാക്കി മേൽപ്പറഞ്ഞ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി പൂർത്തിയാക്കി. എൻ.ഐ.സി. വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ സംസ്ഥാനതല റാങ്കിംഗ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കരട് പട്ടികയിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായും (കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ ജൂനിയർ സൂപ്രണ്ടിൽ കുറയാത്ത ഉദ്യോഗസ്ഥൻ), ഫർക്ക റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളുമായുള്ള വെരിഫിക്കേഷൻ കമ്മിറ്റി 3-12-2015-ലെ സ.ഉ.(സാധാ) നം.391/15/ഭ.സി.സ.വ. ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് എതിരായ അപ്പീൽ കേൾക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ സപ്ലൈ ആഫീസർ കൺവീനറായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ സോഷ്യൽ വെൽഫെയർ ആഫീസർ, എ.ഡി.സി. ജനറൽ എന്നിവർ അംഗങ്ങളുമായ അപ്പീൽ കമ്മിറ്റി 26-2-2016-ലെ സ.ഉ.(സാധാ)നമ്പർ 48/2016/ഭ.പൊ.വി.വ. ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്. അന്തിമ മുൻഗണനാ/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം പുതിയ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

<u>വാതിൽപ്പടി വിതരണം (door step delivery) :</u>

റേഷൻ സാധനങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുത്ത് ഇന്റർ മീഡിയറ്റ് ഗോഡൗണുകളിൽ സംഭരിച്ച് അംഗീകൃത ചില്ലറ വ്യാപാരികളുടെ (ARD) ഇൻഡന്റ് പ്രകാരം റേഷൻ കടകളിൽ സർക്കാർ ചെലവിൽ എത്തിച്ച് കൊടുക്കേണ്ടതാണെന്ന് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ വാതിൽപ്പടി വിതരണം പ്രാവർത്തികമാക്കുന്നതാണ്.

<u>റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation) :</u>

റേഷൻ സാധനങ്ങളുടെ വിഹിതം ലഭ്യമാകുന്നത് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നിഷ്കർഷിക്കുന്നു. എഫ്.സി.ഐ.-ൽ നിന്ന് റേഷൻ സാധനങ്ങൾ വിട്ടെടുത്ത് മൊത്ത വിതരണ ശാലകളിൽ (AWD) സംഭരിച്ച് അംഗീകൃത ചില്ലറ വ്യാപാരികളിലൂടെ (ARD) കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതുവരെയുള്ള വിവരങ്ങൾ പൊതുജനങ്ങൾ അറിയുന്നതിനായി ഓൺലൈൻ മോഡ്യൂൾ പൊതുവിതരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഈ വിവരം വകുപ്പിന്റെ വെബ്സൈറ്റായ www.civilsupplieskerala.gov.in.-ലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism) :</u>

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം സംസ്ഥാന ഫുഡ് കമ്മീഷനും ജില്ലാ പരാതി പരിഹാര ആഫീസുകളും രൂപീകരിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 14 ജില്ലകൾക്കുംകൂടി 10 പരാതി പരിഹാര ആഫീസർമാരെയും ഒരു സംസ്ഥാന ഫുഡ് കമ്മീഷനെയും 21-8-2015-ലെ സ.ഉ.(കൈ) നം.23/15/ഭ.സി.സ.വ. പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായുള്ള താലൂക്കുതല റാങ്കിംഗിൽ ധാരാളം അനർഹർ മുൻഗണനാ പട്ടികയിൽ കടന്ന് കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് താലൂക്കുതല റാങ്കിംഗ് മാറ്റി സംസ്ഥാനതല റാങ്കിംഗ് ആക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

**റേഷൻ കാർഡുകളുടെ കാലാവധി**

267 (1511) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള റേഷൻ കാർഡുകളുടെ കാലാവധി എന്നുവരെ ആയിരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള കാർഡിൽ നിന്നും എന്തൊക്കെ മാറ്റങ്ങളും ഭേദഗതികളുമാണ് പുതിയ കാർഡിൽ വരുത്തുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലെ റേഷൻ കാർഡിന്റെ കാലാവധി 2012 വരെയായിരുന്നു.

(ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 പ്രകാരമുള്ള ഭേദഗതികളാണ് റേഷൻ കാർഡിൽ വരുത്തുന്നത്. ഇതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റേഷൻ കാർഡുകളുടെ കാലാവധി**

268 (1512) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ട് എത്ര വർഷമായി; പുതുക്കി നൽകുന്ന റേഷൻ കാർഡിന് എത്ര വർഷത്തെ കാലാവധിയാണ് ഉദ്ദേശിക്കുന്നത്;

(ബി) നിലവിലുള്ള റേഷൻ കാർഡുകൾക്ക് എത്ര വർഷമായിരുന്നു കാലാവധി; റേഷൻ കാർഡുകളുടെ കാലാവധി 10 വർഷമാക്കി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ വർഷമെങ്കിലും പുതുക്കിയ റേഷൻകാർഡ് നൽകാൻ സമയക്രമം നിശ്ചയിച്ച് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-1-2015 മുതലാണ് പുതിയ റേഷൻ കാർഡിനുള്ള പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾ റേഷൻ കടകളിലൂടെ വിതരണം ചെയ്തത്. പുതുതായി നൽകുന്ന കാർഡിന്റെ കാലാവധി 5 വർഷമാണ്.

(ബി) നിലവിലെ റേഷൻ കാർഡുകൾക്ക് 5 വർഷമായിരുന്നു കാലാവധി. റേഷൻ കാർഡുകളുടെ കാലാവധി 10 വർഷമായി വർദ്ധിപ്പിക്കുവാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.

(സി) 2017 മാർച്ച് മാസത്തോടുകൂടി പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള സമയക്രമം നിശ്ചയിച്ച് നടപടി സ്വീകരിച്ചുവരുന്നു.

## സൗജന്യ ഓണക്കിറ്റുകൾ

269 (1513) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണ ഓണത്തിന് സംസ്ഥാനത്തെ ആദിവാസി കുടുംബങ്ങൾക്കും ബി.പി.എൽ. കുടുംബങ്ങൾക്കും സൗജന്യ ഓണക്കിറ്റുകൾ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ, അപ്രകാരം നൽകിയ ഓണക്കിറ്റിൽ എന്തെല്ലാം ഉൾപ്പെടുത്തിയിരുന്നുവെന്നും, എത്ര പേർക്കു വിതരണം ചെയ്തുവെന്നും ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) ആദിവാസി കുടുംബങ്ങൾക്ക് സൗജന്യമായി നൽകിയ കിറ്റിൽ ഉൾപ്പെടുത്തിയിരുന്ന സാധനങ്ങൾ

അരി (ജയ) - 15 kg, ചെറുപയർ - 500 gm, പഞ്ചസാര - 500 gm., മുളക് പൊടി - 200 gm, ശർക്കര - 500 gm, വെളിച്ചെണ്ണ - 500 ml, ഉപ്പ് പൊടി - 1 kg. പരിപ്പ് - 250 gm, ചായപ്പൊടി - 200 gm.

(ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്ത കിറ്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം 1 ആയി ചേർക്കുന്നു.*)

ബി.പി.എൽ./എ.എ.വൈ. കുടുംബങ്ങൾക്ക് സൗജന്യമായി നൽകിയ കിറ്റിൽ ഉൾപ്പെടുത്തിയിരുന്ന സാധനങ്ങൾ :

| | | | |
|---|---|---|---|
| 1. | അരി (മട്ട/കുറുവ) | - | 2 കിലോഗ്രാം |
| 2. | മുളക് | - | 200 ഗ്രാം |
| 3. | തേയില | - | 100 ഗ്രാം. |

വിതരണം ചെയ്ത ബി.പി.എൽ. കിറ്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഓണക്കാല വിപണി**

270 (1514) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് വിപണി ഇടപെടലിനായി സപ്ലൈകോ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ആകെ എത്ര തുകയുടെ വിറ്റുവരവാണ് ഓണം-ബക്രീദ് കാലയളവിൽ സപ്ലൈകോയ്ക്ക് ലഭിച്ചത്;

(സി) വില നിലവാരം പിടിച്ചു നിർത്തുന്നതിന് സപ്ലൈകോ സ്വീകരിക്കുന്ന തുടർ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2016-ലെ ഓണം-ബക്രീദ് ഉത്സവകാലത്ത് സംസ്ഥാനത്തുടനീളം ഓണച്ചന്തകൾ സംഘടിപ്പിച്ച് പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കി. ഈ ഓണക്കാലത്ത് 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകളിൽ ഓണച്ചന്തകൾ സംഘടിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റ് 7 പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി. കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. ഇപ്രകാരം സംസ്ഥാനത്തുടനീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു.

കൂടാതെ ഈ ഓണക്കാലത്ത് 16.06 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് 2 കിലോ മട്ട അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവയടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം സപ്ലൈകോ വില്പനശാലകളിലൂടെ നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഓരോ റേഷൻ കാർഡിനും 1 കിലോ സ്പെഷ്യൽ പഞ്ചസാര വിതരണത്തിനുള്ള പഞ്ചസാര റേഷൻ കടകളിൽ എത്തിച്ചിട്ടുണ്ട്. ഇവ കൂടാതെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റിനുള്ള സാധനങ്ങൾ സമയബന്ധിതമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കുള്ള 5 കിലോ അരിയുടെ വിതരണവും അവസാനഘട്ടത്തിലാണ്.

(ബി) ഇക്കൊല്ലം ഓണത്തിനു മുമ്പുള്ള 13 ദിവസങ്ങളിൽ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ഓണച്ചന്തകൾ എന്നിവ മുഖേന 176.86 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. ഇതിൽ സബ്സിഡി ഇനങ്ങളുടെ വിറ്റുവരവ് 64.68 കോടി രൂപയാണ്.

(സി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ഇത് കാര്യക്ഷമമായി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി പൊതു വിപണിയിൽ നിന്നും ശരാശരി 50% വരെ കുറഞ്ഞ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്.

സബ്സിഡി നിരക്കിലുള്ള വിൽപ്പനക്കുപുറമെ അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ  പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. കൂടാതെ ഉപഭോക്താവിന് നല്ല ഗുണമേന്മയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വൽപ്പനശാലകൾ വഴിയും വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉല്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയെക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യസാധനങ്ങളും, എഫ്.എം.സി.ജി. ഉല്പന്നങ്ങളും എം.ആർ.പി.-യെക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഇങ്ങനെ പൊതുവിപണിയിൽ സപ്ലൈകോ സജീവമായി ഇടപെട്ട് പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലക്കയറ്റം ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാനുള്ള നടപടികളെടുത്തു വരുന്നു.

**സിവിൽ സപ്ലൈസ് വകുപ്പ് വഴി ഭക്ഷ്യധാന്യങ്ങളുടെ വിതരണം**

271 (1515) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പ് വഴി വിതരണം നടത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ;

(ബി) വകുപ്പ് മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളിലും എണ്ണയിലും മായം കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ക്രിയാത്മകവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിച്ചുപോരുന്നു. ടി ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ. ഗോഡൗണുകളിലാണ്. ആയത് വിട്ടെടുക്കുന്നതിന് മുമ്പായി ജില്ലാ സപ്ലൈ ഓഫീസർമാർ ബന്ധപ്പെട്ട എഫ്.സി.ഐ. ഗോഡൗണുകളിൽ ഗുണനിലവാരമുള്ള അരി/ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽ നിന്ന് റേഷൻ മൊത്ത വ്യാപാരികൾ വിട്ടെടുക്കുകയും ചെയ്യുന്നു. എഫ്.സി.ഐ.-യിൽ നിന്നും വിട്ടെടുക്കുന്നതിന്റെ സാമ്പിളുകളുടെ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. കൂടാതെ റേഷൻ മൊത്ത വ്യാപാരികളിൽ നിന്നും റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യ വിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് വിതരണ സമയത്തും റേഷനിംഗ് ഇൻസ്പെക്ടർ പ്രത്യേകം പരിശോധന നടത്തി സാമ്പിൾ പായ്ക്കറ്റുകൾ നൽകുന്നു. കൂടാതെ എല്ലാ റേഷൻ കടകളിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നു. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ചുള്ള പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നു.

സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ശക്തമായ ഒരു പരിശോധനാ വിഭാഗം നിലവിലുണ്ട്.

സപ്ലൈകോയുടെ ക്വാളിറ്റി മാന്വലിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ലഭിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

(ബി) റേഷൻ കടകളിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തുന്നുണ്ട്. വകുപ്പ് വഴി നിലവിൽ എണ്ണ വിതരണം ചെയ്യുന്നില്ല. സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളിലും എണ്ണയിലും മായം കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി കോന്നിയിലെ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിൽ (സി.എഫ്.ആർ.ഡി.) സൗകര്യമുണ്ട്. കൂടാതെ റീജിയണൽ അനലറ്റിക്കൽ ലാബുകളിലെ സൗകര്യങ്ങളും ഇതിനായി ഉപയോഗിച്ചുവരുന്നു.

## സിവിൽ സപ്ലൈസ് സൂപ്പർ മാർക്കറ്റ്

272 (1516) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിന് വൈപ്പിൻ മണ്ഡലത്തിലെ കുഴിപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടം അനുവദിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചു കൊണ്ടും, ടി സ്ഥലത്ത് സൂപ്പർ മാർക്കറ്റ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കുമോ;

(സി) സൂപ്പർമാർക്കറ്റിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ടി നിവേദനത്തിന്മേൽ സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സപ്ലൈകോയുടെ എറണാകുളം മേഖലാ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക്, ജീവനക്കാരുടെ ലഭ്യതകൂടി കണക്കിലെടുത്ത് ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## സിവിൽ സപ്ലൈസ് വകുപ്പ്

273 (1517) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെ സിവിൽ സപ്ലൈസ് വകുപ്പിൽ ആകെ എത്ര പേർ ജോലി നോക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ എത്രപേർ ഏതെല്ലാം തസ്തികയിൽ ജോലി ചെയ്യുന്നുവെന്നും സപ്ലൈകോയിൽ എത്രപേർ ഏതെല്ലാം തസ്തികയിൽ നിന്നാണ് ജോലി ചെയ്യുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) നിലവിൽ ആകെ 2917 ജീവനക്കാർ.

(ബി)

| പൊതുവിതരണ വകുപ്പ് | | സപ്ലൈകോ | | ആകെ |
|---|---|---|---|---|
| തസ്തിക | എണ്ണം | തസ്തിക | എണ്ണം | |
| (1) | (2) | (3) | (4) | (5) |
| റേഷനിംഗ് കൺട്രോളർ | 1 | അഡീഷണൽ ജനറൽ മാനേജർ | 1 | 2 |
| ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ/വിജിലൻസ് ഓഫീസർ | 4 | ഇല്ല | - | 4 |
| ജില്ലാ സപ്ലൈഓഫീസർ/ അസിസ്റ്റന്റ് സെക്രട്ടറി/ അക്കൗണ്ട്സ് ഓഫീസർ | 18 | റീജിയണൽ മാനേജർ/ മാനേജർ അഡ്മിനിസ്ട്രേഷൻ | 6 | 24 |
| താലൂക്ക് സപ്ലൈഓഫീസർ/ സിറ്റി റേഷനിംഗ് ഓഫീസർ/ സീനിയർ സൂപ്രണ്ട് | 116 | അസിസ്റ്റന്റ് മാനേജർ | 72 | 188 |
| അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ/ ജൂനിയർ സൂപ്രണ്ട് | 121 | ജൂനിയർ മാനേജർ | 63 | 184 |
| റേഷനിംഗ് ഇൻസ്പെക്ടർ/ ഹെഡ് അക്കൗണ്ടന്റ്/ ഹെഡ് ക്ലാർക്ക് | 343 | സീനിയർ അസിസ്റ്റന്റ്-1 | 388 | 731 |
| സീനിയർ ക്ലാർക്ക് | 257 | സീനിയർ അസിസ്റ്റന്റ്-11 | 357 | 614 |
| ക്ലാർക്ക് | 357 | ജൂനിയർ അസിസ്റ്റന്റ് | 211 | 568 |
| ഡ്രൈവർ | 87 | ഇല്ല | - | 87 |
| ഓഫീസ് അറ്റൻഡന്റ് | 238 | ഇല്ല | - | 238 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 51 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 | 54 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| ടൈപ്പിസ്റ്റ് | 105 | ടൈപ്പിസ്റ്റ് | 1 | 106 |
| അറ്റൻഡർ | 15 | ഇല്ല | - | 15 |
| പാർട്ട് ടൈം സ്വീപ്പർ | 102 | ഇല്ല | - | 102 |
| | | ആകെ ജീവനക്കാർ | | 2917 |

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ പാലക്കാട് ജില്ലയിലെ നെൽ കർഷകരിൽ നിന്നും സംഭരിച്ച നെല്ല്

274 (1518) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2016-ന് ശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ പാലക്കാട് ജില്ലയിലെ നെൽകർഷകരിൽ നിന്നും എത്ര നെല്ല് സംഭരിച്ചു;

(ബി) ആയത് എന്ത് വിലയ്ക്കാണ് സംഭരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) കർഷകർക്ക് മുഴുവൻ വിലയും നൽകിയിട്ടുണ്ടോ; നെല്ല് സംഭരിച്ച വകയിൽ കുടിശ്ശിക നല്കുവാനുണ്ടോ; ഉണ്ടെങ്കിൽ എത്ര; താലൂക്കടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ കുടിശ്ശിക തുക എത്രയായിരുന്നു; 1-3-2016-ലെ കണക്കിന്റെ വിശദാംശം ലഭ്യമാക്കാമോ; അതു കൊടുത്തു തീർക്കുന്നതിനായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-7-2016-ന് ശേഷം പാലക്കാട് ജില്ലയിലെ നെൽ കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) 1-3-2016-ന് 113.40 കോടി രൂപ കർഷകർക്ക് കുടിശ്ശിക യായിട്ടുണ്ടായിരുന്നു. 2015-16 രണ്ടാം സീസണിൽ കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന്റെ സംഭരണ വില മുഴുവനും കർഷകർക്ക് നൽകി കഴിഞ്ഞു.

## സപ്ലൈകോ സ്ഥാപനങ്ങൾ

275 (1519) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസമേറിയ നിരവധി മേഖലകളിൽ കൺസ്യൂമർ ഫെഡിന്റെ ഷോപ്പുകൾ നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താനൂർ നിയോജകമണ്ഡലത്തിലെ തീരദേശമേഖലകളിൽ കൂടുതൽ സപ്ലൈകോ സ്ഥാപനങ്ങൾ തുറക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പിൽ നിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി) താനൂർ നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനാണ് സപ്ലൈകോ നിലവിൽ മുൻഗണന നൽകുന്നത്. എന്നിരുന്നാലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക്, സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും വാണിജ്യമായും ഗുണകരമാണെന്ന് കണ്ടാൽ, ആവശ്യമായ ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് താനൂർ നിയോജകമണ്ഡലത്തിലെ തീരദേശ മേഖലകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കോതമംഗലം താലൂക്കിലെ റേഷൻ കാർഡുകളുടെ എണ്ണം

276 (1520) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡും പുതുക്കിയ റേഷൻ കാർഡും എന്നു മുതൽ വിതരണം ചെയ്യുവാൻ സാധിക്കും;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ ആണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) കോതമംഗലം താലൂക്കിലെ ആകെ റേഷൻ കാർഡുകളുടെ എണ്ണം എത്ര; പുതുക്കുവാൻ നല്കിയ അപേക്ഷകൾ എത്ര; പുതുതായി അപേക്ഷ നല്കിയവർ എത്ര; തരം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017 മാർച്ച് മാസത്തോടുകൂടി വിതരണം നടത്തുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ബി &സി) മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് സംസ്ഥാന തലത്തിൽ റാങ്കിംഗ് നടത്തി കരട് പട്ടിക പ്രസിദ്ധീകരിക്കാനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 2017 മാർച്ച് മുതൽ പുതുക്കിയ റേഷൻ കാർഡുകൾ നൽകാൻ കഴിയുന്ന വിധത്തിൽ സമയക്രമം തയ്യാറാക്കി നടപടി സ്വീകരിച്ചു വരുന്നു.

(ഡി) കോതമംഗലം താലൂക്കിലെ ആകെ റേഷൻ

| | | |
|---|---|---|
| കാർഡുകളുടെ എണ്ണം | = | 62,649 |
| പുതുക്കുവാൻ നൽകിയ അപേക്ഷകൾ | = | 60,952 |
| പുതുതായി അപേക്ഷ നൽകിയവർ | = | 48 |

**മീനങ്ങാടി എഫ്.സി.ഐ. ഡിപ്പോയുടെ സംഭരണശേഷി**

277 (1521) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മീനങ്ങാടിയിലെ എഫ്.സി.ഐ. ഡിപ്പോയുടെ സംഭരണ ശേഷി എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഡിപ്പോ സ്വകാര്യ കമ്പനിക്ക് ഭക്ഷ്യ സംഭരണത്തിനായി വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) മീനങ്ങാടി എഫ്.സി.ഐ. ഡിപ്പോയുടെ സംഭരണ ശേഷി 10,000 മെട്രിക് ടണ്ണാണ്.

(ബി) പ്രസ്തുത ഡിപ്പോ സ്വകാര്യ കമ്പനിക്ക് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

**പൊതുവിതരണ മേഖലയിലെ അഴിമതി**

278 (1522) ശ്രീ. ആർ. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ രംഗത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എല്ലാ തലങ്ങളിലും അഴിമതി വ്യാപകമായിരുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖല അഴിമതിരഹിതമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സാധനങ്ങൾ ലഭ്യമാകാത്ത അവസ്ഥയും അളവിലെ വെട്ടിപ്പും തടയാൻ എന്തു മാർഗ്ഗമാണ് അവലംബിച്ചിരിക്കുന്നത് ;

(ഡി) റേഷൻ വ്യാപാരികൾ ഉന്നയിച്ചിട്ടിട്ടുള്ള ആവശ്യങ്ങൾ എന്തൊക്കെയാണ് ; ഇതിനോടുള്ള സർക്കാരിന്റെ നിലപാട് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിതരണ ശൃംഖലയിലെ ഭക്ഷ്യ ധാന്യങ്ങളുടെ ദുരുപയോഗം, പൊതു വിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് ശക്തമായ പരിശോധന സംവിധാനം വകുപ്പ് തലത്തിലുണ്ട്. പൊതുവിതരണ രംഗത്തെ ടി ദുഷ്പ്രവണതകൾ തടയിടുന്നതിനായി എല്ലാ കാലത്തും നിരന്തരം പരിശോധനകൾ നടത്താറുണ്ട്.

(ബി) പൊതുവിതരണ ശൃംഖലയിലെ റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിനായി ശക്തമായ പരിശോധനാ സംവിധാനം വകുപ്പുതലത്തിലുണ്ട്. വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരെക്കൂടി ഏകോപിപ്പിച്ചുകൊണ്ടും നിരവധി പരിശോധനകളും റെയ്ഡുകളും നടത്തി നിയമലംഘനം നടത്തിയവർക്കെതിരെ നോട്ടീസ് നൽകി പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2016 ജനവരി മുതൽ മേയ് വരെ സംസ്ഥാനത്തുടനീളം 20199 പൊതുവിതരണ കേന്ദ്രങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി. ഓണം, ബക്രീദ് കാലത്ത് റേഷൻ സാധനങ്ങളുടെ തിരിമറി/മറിച്ച് വിൽപ്പന എന്നിവ തടഞ്ഞ് അവയുടെ ലഭ്യതയും വിതരണവും ഉറപ്പു വരുത്തുന്നതിനായി വകുപ്പുതല പരിശോധന കൂടുതൽ

കാര്യക്ഷമമാക്കുന്നതിനായി താലൂക്ക്/ജില്ല/മേഖലാതല സ്പെഷ്യൽ സ്ക്വാഡുകളും സംസ്ഥാനതലത്തിൽ ഫ്ളൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ചു. ഇപ്രകാരം രൂപീകരിക്കപ്പെട്ട 103 സ്ക്വാഡുകൾ 25-8-2016 മുതൽ പ്രവർത്തിച്ചുവന്നിരുന്നു. കൂടാതെ വിലക്കയറ്റം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും ടി സ്ക്വാഡുകളുടെ പരിശോധനയുടെ വിശദാംശങ്ങൾ ദിവസേന സർക്കാരിലേക്ക് നൽകുന്നതിനുമായി 25-8-2016 മുതൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ കൺട്രോൾ റൂം രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ഇതിനുപുറമേ താലൂക്ക്/ജില്ല/മേഖലാതല കൺട്രോൾ റൂമുകളും രൂപീകരിച്ചിരുന്നു.

(സി) പൊതുവിതരണ കേന്ദ്രങ്ങളിൽ വിലവിവര പട്ടിക, വിതരണതോത്, സ്റ്റോക്കിന്റെ നില എന്നിവ ഉപഭോക്താക്കൾ കാണുന്ന വിധം പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിക്കുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കെ.ആർ.ഒ. പ്രകാരവും 1968-ലെ കെ.കെ.സി. ഉത്തരവ് പ്രകാരവും ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമേ എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലും ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസ്സുകളുടെ ഡിസ്പ്ലേ ഉപഭോക്താക്കൾ കാണത്തക്ക രീതിയിൽ ക്രമീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി)

- സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുക.
- ഭക്ഷ്യ ധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും സർക്കാർ ചെലവിൽ കടകളിൽ എത്തിക്കുക, ഡോർ ഡെലിവറി സമ്പ്രദായം നടപ്പിലാക്കുക.
- ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ നിലവിലുള്ള കമ്മീഷൻ വ്യവസ്ഥക്ക് പകരം ലൈസൻസി, സെയിൽസ്മാൻ എന്നിവർക്ക് മാന്യമായ വേതനം അനുവദിക്കുക.
- റേഷൻ വ്യാപാരികളുടെ പെൻഷൻ പ്രായം 60 വയസ്സാക്കുക, ഇ.എസ്.ഐ. ആരോഗ്യ ഇൻഷ്വറൻസ് എന്നിവ നടപ്പിലാക്കുക ഇവയാണ് റേഷൻ വ്യാപാരികൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ.

ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതോടൊപ്പം റേഷൻ വ്യാപാരികളുടെ ആവശ്യങ്ങളും പരിശോധിച്ചുവരുന്നു.

## തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ

279 (T*1523) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരമൈത്രി സൂപ്പർമാർക്കറ്റുകളിൽ ഭക്ഷ്യ ധാന്യങ്ങൾ സിവിൽ സപ്ലൈസിൽ നിന്നും സബ്സിഡി നിരക്കിൽ അനുവദിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. തീരമൈത്രി സൂപ്പർ മാർക്കറ്റുകൾക്ക് സപ്ലൈകോ 2013 ജൂലൈ മാസം വരെ സബ്സിഡി നിരക്കിൽ അവശ്യ ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കിയിരുന്നു. ഈ ഇനത്തിൽ സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന നഷ്ടം ഫിഷറീസ് വകുപ്പ് നികത്തിയിരുന്നു. എന്നാൽ പിന്നീട് ഈ നഷ്ടം നികത്തുവാൻ ഫിഷറീസ് വകുപ്പ് സന്നദ്ധമാകാതിരുന്നതിനാലാണ് തീരമൈത്രി സൂപ്പർമാർക്കറ്റുകൾക്ക് സപ്ലൈകോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത് നിറുത്തേണ്ടിവന്നത്. 2013 ജൂലൈ മാസം വരെ തീരമൈത്രി സൂപ്പർമാർക്കറ്റുകൾക്ക് സബ്സിഡി നിരക്കിൽ അവശ്യഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്ത വകയിൽ നിലവിൽ സപ്ലൈകോയ്ക്ക് 11,13,288 രൂപ ലഭിക്കുവാനുണ്ട്. മേൽ കുടിശ്ശിക ഉൾപ്പെടെ ആവശ്യമായ ഫണ്ട് ഫിഷറീസ് വകുപ്പ് വഴി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഓണക്കിറ്റ്

280 (1524) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് ഭക്ഷ്യസാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് എല്ലാവർക്കും ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയതെന്ന് അറിയിക്കുമോ;

(ബി) പാവപ്പെട്ട കുടുംബങ്ങൾക്ക് നല്കുന്ന ഓണക്കിറ്റിൽ എന്തൊക്കെ സാധനങ്ങളാണ് ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ;

(സി) ഓണക്കാലത്ത് കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) 2016-ലെ ഓണം-ബക്രീദ് ഉത്സവകാലത്ത് സംസ്ഥാനത്തുടനീളം ഓണച്ചന്തകൾ സംഘടിപ്പിച്ച് പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കി. 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകളിൽ ഓണച്ചന്തകൾ സംഘടിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റു 7 പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി. കൂടാതെ സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. ഇപ്രകാരം സംസ്ഥാനത്തുടനീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു.

(ബി) ഈ ഓണക്കാലത്ത് 16.06 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്ക് 2 കിലോ മട്ട/കുറുവ അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവയടങ്ങിയ സൗജന്യ ഓണക്കിറ്റ് വിതരണം സപ്ലൈകോ വില്പനശാലകളിലൂടെ നടത്തിയിട്ടുണ്ട്.

(സി) എല്ലാ സപ്ലൈകോ വിൽപ്പനശാലകളിലും അവശ്യഭക്ഷ്യവസ്തുക്കളുടെ സ്റ്റോക്ക് ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേണൽ ഓഡിറ്റ് വിഭാഗം എന്നിവർ മുഖേന പരിശോധന നടത്തി.

ഓണം-ബക്രീദ് കാലയളവിൽ അവശ്യവസ്തുക്കളുടെയും നിത്യോപയോഗ സാധനങ്ങളുടെയും കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടഞ്ഞ് അവയുടെ ലഭ്യതയും ന്യായവില വിപണനവും ഉറപ്പുവരുത്തുന്നതിനായി വകുപ്പുതല പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി താലൂക്ക്/ജില്ല/മേഖലാതല സ്പെഷ്യൽ സ്ക്വാഡുകളും സംസ്ഥാനതലത്തിൽ ഫ്ലൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ചു. ഇപ്രകാരം രൂപീകരിക്കപ്പെട്ട 103 സ്ക്വാഡുകൾ 25-8-2016 മുതൽ പ്രവർത്തിച്ചു വന്നിരുന്നു. കൂടാതെ വിലക്കയറ്റം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും ടി സ്ക്വാഡുകളുടെ പരിശോധന നിരീക്ഷിച്ച് ദൈനംദിന പരിശോധനയുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി 25-8-2016 മുതൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ കൺട്രോൾ റൂം രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിന് പുറമേ താലൂക്ക്/ജില്ല/മേഖലാതല കൺട്രോൾ റൂമുകളും പ്രവർത്തിച്ചിട്ടുണ്ട്.

**പൊതുവിതരണ സമ്പ്രദായം**

281 (1525) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. സ്വരാജ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായം അഴിമതിരഹിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പൊതുവിതരണ പ്രക്രിയ ഇലക്ട്രോണിക് നിരീക്ഷണ സംവിധാനത്തിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുകൊണ്ടുള്ള മെച്ചമെന്തെന്നും ഇത് എങ്ങനെ പ്രായോഗികമാക്കാമെന്നും അറിയിക്കാമോ;

(സി) മൊത്തവിതരണ ശൃംഖല സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുന്നതു കൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ) പൊതുവിതരണ സമ്പ്രദായം അഴിമതിരഹിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പിൽ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർ കോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതാണ്. ഓരോ ട്രാൻസാക്ഷനും തത്സമയം ബന്ധപ്പെട്ട ട്രാൻസ്പരൻസി പോർട്ടൽ വികസിപ്പിക്കുന്നതാണ്. സുതാര്യമായ ഒരു പരാതി പരിഹാര സംവിധാനവും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി വികസിപ്പിക്കുന്നതാണ്. പൊതുവിതരണ ശൃംഖലയിലെ റേഷൻ സാധനങ്ങളുടെ തിരിമറി/മറിച്ചു വിൽപന എന്നിവ തടയുന്നതിനായി ശക്തമായ പരിശോധനാ സംവിധാനം വകുപ്പ് തലത്തിലുണ്ട്. വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ലീഗൽ മെട്രോളജി വകുപ്പിലെ

ഉദ്യോഗസ്ഥരെക്കൂടി ഏകോപിപ്പിച്ചുകൊണ്ടും നിരവധി പരിശോധനകളും റെയ്ഡുകളും നടത്തി നിയമലംഘനം നടത്തിയവർക്കെതിരെ നോട്ടീസ് നൽകി പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2016 ജനുവരി മുതൽ മേയ് വരെ സംസ്ഥാനത്തുടനീളം പൊതുവിതരണ കേന്ദ്രങ്ങളിൽ 20199 പരിശോധനകൾ നടത്തി. ഓണം, ബക്രീദ് കാലത്ത് റേഷൻ സാധനങ്ങളുടെ തിരിമറി/മറിച്ച് വിൽപ്പന എന്നിവ തടഞ്ഞ് അവയുടെ ലഭ്യതയും വിതരണവും ഉറപ്പുവരുത്തുന്നതിന് വകുപ്പുതല പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി താലൂക്ക്/ ജില്ല/മേഖലാ തല സ്പെഷ്യൽ സ്ക്വാഡുകളും സംസ്ഥാനതലത്തിൽ ഫ്ലൈയിംഗ് സ്ക്വാഡുകളും രൂപീകരിച്ചു. ഇപ്രകാരം രൂപീകരിക്കപ്പെട്ട 103 സ്ക്വാഡുകൾ 25-8-2016 മുതൽ പ്രവർത്തിച്ചിരുന്നു. കൂടാതെ വിലക്കയറ്റം സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനും ടി സ്ക്വാഡുകളുടെ പരിശോധന നിരീക്ഷിച്ച് ദൈനംദിന പരിശോധനയുടെ വിശദാംശങ്ങൾ ദിവസേന സർക്കാരിലേക്ക് നൽകുന്നതിനുമായി 25-8-2016 മുതൽ സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിൽ കൺട്രോൾ റൂം രൂപീകരിച്ച് പ്രവർത്തിച്ചുവന്നിരുന്നു. ഇതിന് പുറമേ താലൂക്ക്/ ജില്ല/മേഖലാതല കൺട്രോൾ റൂമുകൾ രൂപീകരിച്ചിരുന്നു.

(ബി) പൊതുവിതരണ പ്രക്രിയ ഇലക്ട്രോണിക് നിരീക്ഷണ സംവിധാനത്തിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിക്കും. തിരിമറി പൂർണ്ണമായും തടയാൻ സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കുന്നതുമൂലം റേഷൻ കടകളിൽ സ്റ്റോക്കിന്റെ ലഭ്യത ഉറപ്പാക്കാൻ സാധിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും പരാതിയുടെ തൽസ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും യഥാസമയം സാധിക്കത്തക്കവിധം ഒരു സുതാര്യമായ പരാതിപരിഹാര സംവിധാനം നിലവിൽ വരും. ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി, വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയിക്കുന്നതിനായി ഒരു Decision Support System (DSS) നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചുകൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

(സി) ജസ്റ്റിസ് വാദ്ധ്വാ കമ്മിറ്റി റിപ്പോർട്ടിലും പൊതുവിതരണം സംബന്ധിച്ചുള്ള നിവേദിത പി. ഹരൻ കമ്മീഷൻ റിപ്പോർട്ടിലും പരാമർശിക്കപ്പെട്ടിരിക്കുന്ന ഒരു സുപ്രധാന കാര്യം വിതരണ ശൃംഖലയിൽ നിന്നാണ് ചോർച്ചയും തിരിമറിയും പ്രധാനമായും നടക്കുന്നതെന്നാണ്. മൊത്ത വിതരണ ശൃംഖല സർക്കാരിന്റെ ഉടമസ്ഥതയിലാക്കിയാൽ വാതിൽപ്പടി വിതരണം കാര്യക്ഷമമായി നടത്താൻ സാധിക്കും. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിനുള്ള ഒരു മുന്നുപാധിയാണ് വാതിൽപ്പടി വിതരണം. നിലവിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ മൊത്തവ്യാപാര ഡിപ്പോകളില്ല (സപ്ലൈകോയുടെ ഡിപ്പോകൾ ഒഴികെ). സംസ്ഥാന സർക്കാർ നേരിട്ടോ സർക്കാർ ഏജൻസികൾ മുഖേനയോ മൊത്ത വ്യാപാര വിതരണം നടത്തുകയാണെങ്കിൽ കൃത്യമായ അളവിൽ ഭക്ഷ്യ ധാന്യങ്ങൾ യഥാസമയം റേഷൻ കടകളിൽ എത്തിക്കാനും ഭക്ഷ്യ ധാന്യങ്ങളുടെ ദുരുപയോഗം തടയാനും സാധിക്കും.

**മാവേലിക്കര മണ്ഡലത്തിൽ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി**

282 (1526) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സൂപ്പർ മാർക്കറ്റുകൾ നിലവിലുണ്ടോ; നൂറനാട് പഞ്ചായത്തിലെ ഇടപ്പോൺ ജംഗ്ഷനിൽ സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ കെട്ടിട സൗകര്യങ്ങൾ നൽകിയാൽ സൂപ്പർ മാർക്കറ്റ് അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

മാവേലിക്കര മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 7 പഞ്ചായത്തുകളിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളാണ് പ്രവർത്തിക്കുന്നത്. നൂറനാട് പഞ്ചായത്തിലെ ഇടപ്പോൺ ജംഗ്ഷനിൽ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല. സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് സപ്ലൈകോ നിലവിൽ മുൻഗണന നൽകുന്നത്. എന്നിരുന്നാലും ഈ വിഷയത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, നൂറനാട് പഞ്ചായത്ത് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ; സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹികമായും, വാണിജ്യപരമായും ഗുണകരമാണെന്ന് കണ്ടാൽ; ആവശ്യമായ ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് നൂറനാട് പഞ്ചായത്തിലെ ഇടപ്പോൺ ജംഗ്ഷനിൽ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കോതമംഗലത്തെ സിവിൽ സപ്ലൈസ് സബ് ഡിപ്പോ

283 (1527) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തെ സിവിൽ സപ്ലൈസ് സബ് ഡിപ്പോ, മൂവാറ്റുപുഴ ഡിപ്പോയ്ക്ക് കീഴിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സബ് ഡിപ്പോയെ സ്വതന്ത്ര താലൂക്ക് ഡിപ്പോ ആക്കി മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള എക്സ്റ്റൻഷൻ ഗോഡൗണിനുപകരം പുതിയ ഡിപ്പോ ആരംഭിക്കുന്നത് ജീവനക്കാരുടെ അപര്യാപ്തത, അധിക സാമ്പത്തിക ബാധ്യത തുടങ്ങിയ കാരണങ്ങൾമൂലം അപ്രായോഗികമാണ്.

## സർക്കാർ സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം

284 (1528) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് അർഹതയുള്ള കുട്ടികൾക്ക് ഓണത്തിന് 5 കിലോ അരി നൽകിക്കൊണ്ടിരുന്നത് എത്ര ജില്ലകളിൽ ഓണത്തിന് മുൻപ് പൂർത്തിയായി; ഇത് മുടങ്ങുവാൻ ഉണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) അരി വിതരണത്തിന് മുൻകൂർ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടോ; എഫ്.സി.ഐ ഗോഡൗണിൽ സ്റ്റോക്ക് ഇല്ലാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് അർഹതയുള്ള കുട്ടികൾക്ക് 5 കി. ഗ്രാം സ്പെഷ്യൽ അരിയുടെ വിതരണം നിലവിൽ അന്തിമഘട്ടത്തിലാണ്. സ്കൂളുകളിൽ നിന്നും ഇൻഡന്റ് ലഭിക്കുന്ന മുറയ്ക്ക് വിതരണം പൂർത്തിയായി വരുന്നു. ഓണക്കാലത്തിന് മുമ്പ് ഒരു ജില്ലയിലും 5 കി. ഗ്രാം അരിയുടെ വിതരണം പൂർണ്ണമായും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 29-8-2016-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5-9-2016-ന് ഡി.പി.ഐ.-യുടെ നിർദ്ദേശാനുസരണം സപ്ലൈകോ ഡിപ്പോയിൽ സ്റ്റോക്കുള്ള അരി ഉടൻ തന്നെ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എഫ്.സി.ഐ.-ൽ നിന്നും ടി പദ്ധതി

നടത്തിപ്പിനാവശ്യമായ അരി ലഭ്യമല്ല എന്ന് ഡി.പി.ഐ. 5-9-2016-ലെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം 8504.090 മെ. ടൺ അരി പൊതു വിപണിയിൽ നിന്നും വാങ്ങി ഓണത്തിന് മുമ്പുള്ള 4 ദിവസത്തിനകം വിതരണം ചെയ്യുന്നത് സാധ്യമാക്കുന്നതിനുള്ള എല്ലാ നടപടികളും സപ്ലൈകോയുടെ ഭാഗത്തുനിന്ന് എടുത്തിട്ടുണ്ട്.

(ബി) 29-8-2016-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5-9-2016-ന് ഡി.പി.ഐ.-യുടെ നിർദ്ദേശാനുസരണം സപ്ലൈകോ ഡിപ്പോയിൽ സ്റ്റോക്കുള്ള അരി ഉടൻ തന്നെ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എഫ്.സി.ഐ.-ൽ നിന്നും ടി പദ്ധതി നടത്തിപ്പിനാവശ്യമായ അരി ലഭ്യമല്ലെന്ന് ഡി.പി.ഐ. 5-9-2016-ലെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

എഫ്.സി.ഐ. ഗോഡൗണിലെ സ്റ്റോക്കിന്റെ പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല.

**സർക്കാർ സംവിധാനത്തിലൂടെ വിപണിയിൽ ഇടപെടൽ**

285 (1529) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് സർക്കാർ പൊതുവിതരണ സംവിധാനത്തിലൂടെ എത്ര കോടി രൂപയുടെ വിറ്റ് വരവ് നടന്നിട്ടുണ്ട്; വിശദമാക്കുമോ;

(ബി) സർക്കാർ സംവിധാനത്തിലൂടെ വിപണിയിൽ ഇടപെട്ടതിനാൽ എത്ര കോടി രൂപ ചെലവ് വന്നിട്ടുണ്ട്;

(സി) വിപണി വിലയേക്കാൾ ശരാശരി എത്ര ശതമാനം കുറവിലാണ് സർക്കാർ സംവിധാനത്തിലൂടെ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തിയത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇക്കൊല്ലം ഓണത്തിനു മുമ്പുള്ള 13 ദിവസങ്ങളിൽ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ, ഓണച്ചന്തകൾ എന്നിവ മുഖേന 176.86 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. ഇതിൽ സബ്സിഡി ഇനങ്ങളുടെ വിറ്റുവരവ് 64.68 കോടി രൂപയാണ്.

(ബി) ഈ ഓണക്കാലത്ത് പ്രത്യേക ഓണച്ചന്തകൾ സംഘടിപ്പിക്കുന്നതിനും സപ്ലൈകോ വിൽപ്പനശാലകൾ വഴിയുള്ള അവശ്യഭക്ഷ്യവസ്തുക്കളുടെ സബ്സിഡി നിരക്കിലുള്ള വിൽപ്പനയ്ക്കും, ബി.പി.എൽ. കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റ് വിതരണത്തിനും, എല്ലാ റേഷൻ കാർഡിനുമുള്ള സ്പെഷ്യൽ പഞ്ചസാര വിതരണത്തിനുമായി ആകെ 81.42 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

(സി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ഇത് കാര്യക്ഷമമായി നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി പൊതുവിപണിയിൽ നിന്നും ശരാശരി 50% വരെ കുറഞ്ഞ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

സബ്സിഡി നിരക്കിലുള്ള വില്പ്പനക്കുപുറമേ അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യെക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു.

## സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില

286 (1530) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഭരിക്കുന്ന നെല്ലിന് ഇപ്പോൾ കേന്ദ്ര സർക്കാർ നൽകുന്ന താങ്ങുവില എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ നിരക്ക് എന്നു മുതലാണ് പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കാമോ;

(സി) കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചിട്ടും സംസ്ഥാന സർക്കാർ താങ്ങുവില വർദ്ധിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെല്ലിന്റെ താങ്ങുവില കിലോഗ്രാമിന് 14.70 രൂപയാണ് കേന്ദ്ര സർക്കാർ നൽകുന്നത്.

(ബി) 22-9-2016 മുതൽ പ്രാബല്യത്തിൽ വന്നു.

(സി) നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പുതുക്കിയ നിരക്ക് സംസ്ഥാന സർക്കാർ ഇൻസെന്റീവ് ബോണസ് ഉത്തരവ് വരുന്ന മുറയ്ക്ക് പ്രാബല്യത്തിൽ വരുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭക്ഷ്യ സുരക്ഷാ പദ്ധതി

287 (1531) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭാഗമായിട്ടുള്ള കമ്പ്യൂട്ടർവത്കരണം പൂർത്തിയാക്കുന്നതിന് കേന്ദ്രം സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സമയപരിധിക്കുള്ളിൽ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കിയില്ലെങ്കിൽ സംസ്ഥാനത്തിന്റെ അധിക ഭക്ഷ്യധാന്യവിഹിതം വെട്ടിക്കുറയ്ക്കുമെന്ന് കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ;

(സി) കമ്പ്യൂട്ടർവത്ക്കരണം പരാജയപ്പെടുത്തുവാൻ റേഷൻ മൊത്ത വ്യാപാരികൾ ശ്രമിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രം സമയപരിധി നിശ്ചയിച്ചിരുന്നു. കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്ക് പ്രത്യേകമായി സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിലെ 10(1)(ബി) പ്രകാരം മുൻഗണനപട്ടിക പ്രസിദ്ധീകരണം പൂർത്തിയാകുന്നതുവരെ സംസ്ഥാനത്തിന് നിലവിൽ ലഭ്യമാകുന്ന അളവിൽ ഭക്ഷ്യ ധാന്യങ്ങൾ ലഭിക്കുവാൻ അർഹതയുണ്ടെന്ന് നിയമം അനുശാസിക്കുന്നു. എന്നാൽ നിയമം നടപ്പാക്കാത്തതിനാൽ കേന്ദ്രം ഇക്കാര്യത്തിൽ നടപടികളാരംഭിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റേഷൻ കടകളിലെ സാധനങ്ങൾ കരിഞ്ചന്തയിൽ വിറ്റഴിക്കുന്നത് തടയുവാൻ നടപടി

288 (1532) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പൊതു വിതരണകേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്ന സാധനങ്ങൾ കൃത്യമായ അളവിലല്ല കൊടുക്കുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റേഷൻകടകളിലൂടെ വിതരണം ചെയ്യേണ്ട സാധനങ്ങൾ കരിച്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് തടയുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റേഷൻ കടകളിലൂടെ വിതരണം ചെയ്യേണ്ട സാധനങ്ങൾ കരിഞ്ചന്തയിൽ വിറ്റഴിക്കപ്പെടുന്നത് തടയുന്നതിനായി റേഷൻ സാധനങ്ങളുടെ സ്റ്റോക്ക്, വിതരണത്തോത്, വിലവിവരം എന്നിവ പൊതുജനങ്ങൾക്ക് കാണത്തക്ക വിധം പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലും ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസുകളുടെ ഡിസ്പ്ലേ ഉപഭോക്താക്കൾ കാണത്തക്ക വിധം ക്രമീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റിലൂടെയും എല്ലാ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും പ്രതിമാസ വിതരണത്തോത് മാസാദ്യത്തിൽ തന്നെ പ്രസിദ്ധീകരിച്ചുവരുന്നു. ഈ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിക്കുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരവും 1968-ലെ കേരള കെറസിൻ കൺട്രോൾ ഉത്തരവ് പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നു.

### സപ്ലൈകോയിലെ ജീവനക്കാർ

289 (1533) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഏതെല്ലാം തസ്തികയിൽ എത്ര വീതം, ഏതെല്ലാം വിഭാഗം (ഡെപ്യൂട്ടേഷൻ, സ്ഥിരം, താത്ക്കാലികം)ജീവനക്കാരാണുള്ളതെന്ന് വിശദമാക്കുമോ;

(ബി) 2015-16 വർഷം സപ്ലൈകോയിൽ താത്ക്കാലിക ജീവനക്കാർക്കും പാക്കിംഗ് തൊഴിലാളികൾക്കും ശമ്പളമിനത്തിൽ എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയിൽ ആകെ 7526 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

| | | |
|---|---|---|
| ഡെപ്യൂട്ടേഷൻ | - | 1122 |
| സ്ഥിരം | - | 2084 |
| താത്ക്കാലികം | - | 4320. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* |

(ബി) 2015-16 വർഷം സപ്ലൈകോയിൽ താത്ക്കാലിക ജീവനക്കാർക്കും പാക്കിംഗ് തൊഴിലാളികൾക്കും ശമ്പളയിനത്തിൽ 35,06,12,649 രൂപ നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചാലക്കുടിയിൽ ഹൈപ്പർ മാർക്കറ്റ്**

290 (1534) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ സിവിൽസപ്ലൈസ് കോർപ്പറേഷനു കീഴിൽ ഹൈപ്പർ മാർക്കറ്റും ഗ്യാസ് ഔട്ട് ലെറ്റും പെട്രോൾ ബങ്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പെട്രോൾ/ഡീസൽ ബങ്കും ഗ്യാസ് ഔട്ട്ലെറ്റും അനുവദിക്കുന്നത് പൊതു മേഖലാ ഓയിൽ കമ്പനികളാണ്. ഓയിൽ കമ്പനികൾ അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് സൗകര്യപ്രദമായ സ്ഥലം ദീർഘകാല ലീസിന്/സൗജന്യമായി ലഭിക്കുമെങ്കിൽ സപ്ലൈകോ പെട്രോൾ ബങ്ക്/ഗ്യാസ് ഔട്ട്ലെറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വേ നമ്പർ 439/1-ൽ ചാലക്കുടി ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിനോടനുബന്ധിച്ച് 0.1568 ഹെക്ടർ ഭൂമി (38.74 സെന്റ്) സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിനായി റവന്യൂ വകുപ്പ് അധികാരികൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഈ ഭൂമി കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഒരു ഹൈപ്പർമാർക്കറ്റും പെട്രോൾ ബങ്കും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സ്വകാര്യവൽക്കരണം**

291 (1535) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ്കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ്.സി.ഐ.) സ്വകാര്യ വൽക്കരിച്ച് റിലയൻസിനും അദാനിക്കും നൽകുന്നതിന് നീക്കമുള്ളതായി പറയപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യധാന്യ സുരക്ഷയ്ക്കും ഡിപ്പോയിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷയ്ക്കും വെല്ലുവിളിയുയർത്തുന്ന പ്രസ്തുത നടപടിയിൽ നിന്നും കേന്ദ്രസർക്കാരിനെ പിൻതിരിപ്പിക്കുന്നതിന് ഇടപെടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) എഫ്.സി.ഐ. ഡിപ്പോകൾ സ്വകാര്യവത്ക്കരിക്കുന്നത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ ഭക്ഷ്യസുരക്ഷയെ സാരമായി ബാധിക്കുമെന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ എന്തെങ്കിലും ബദൽ നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എഫ്.സി.ഐ. സ്വകാര്യവൽക്കരിക്കുന്നത് സംബന്ധിച്ച് ഇതുവരെ പ്രൊപ്പോസൽ ഒന്നുംതന്നെയില്ലെന്ന് എഫ്.സി.ഐ. കേരള റീജിയണൽ ഡെപ്യൂട്ടി ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

**റേഷൻ കാർഡുകളുടെ വിതരണം**

292 (1536) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻകാർഡ് വിതരണം എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും; റേഷൻകാർഡിലെ വിവരങ്ങളിൽ തെറ്റ് വരാതിരിക്കാനുള്ള നടപടികൾ എടുക്കുമോ; പ്രിന്റിംഗ് സമയത്ത് വരുന്ന തെറ്റുകളിൽ കാർഡുടമകളെ ബുദ്ധിമുട്ടിക്കാതെ ചെയ്തു കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

റേഷൻകാർഡിലെ വിവരങ്ങളിൽ തെറ്റുകൾ വരാത്ത തരത്തിൽ 2017 മാർച്ച് മാസത്തോടുകൂടി പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രിന്റിംഗ് സമയത്ത് തെറ്റുണ്ടാവുകയാണെങ്കിൽ കാർഡുടമകൾക്ക് യാതൊരു ബുദ്ധിമുട്ടും വരാതെ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന**

293 (1537) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകൾ സ്വകാര്യവത്ക്കരിക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന കൂടി സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധനയും സംരക്ഷണവും സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നത് പലതരത്തിലുള്ള ഭവിഷ്യത്തുകളും ക്ഷണിച്ചു വരുത്തുമെന്ന കരുതുന്നുണ്ടോ; ഇതുസംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിലെ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടില്ല. എന്നാൽ എഫ്.സി.ഐ.-യിലെ ഗുണനിലവാര പരിശോധകരുടെ കുറവ് നികത്തുന്നതിന് പുറത്തുനിന്നുള്ള ആളുകളെ ഗുണനിലവാര പരിശോധനകൾക്ക് നിയോഗിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

## ഭക്ഷ്യ സുരക്ഷാ നിയമം

294 (1538) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാസ്സാക്കിയ 'ഭക്ഷ്യസുരക്ഷ നിയമം' കേരളത്തിൽ നടപ്പിലാക്കുന്നതുമൂലം ഉണ്ടാകുന്ന ഗുണങ്ങളും ദോഷങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമം ദോഷകരമല്ലാത്ത വിധം കേരളത്തിൽ നടപ്പിലാക്കുന്നതിന് മുൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത നിയമം റേഷൻ കാർഡുടമകൾക്ക് ഗുണകരമാകുന്ന വിധം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) 2013-ലെ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ നിലവിൽ 96 ലക്ഷം ആയിരുന്ന ബി.പി.എൽ. വിഭാഗം ആളുകളുടെ എണ്ണം ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ അനുബന്ധപ്രകാരം 1,54,80,040 (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാൽപ്പത്) ആയി മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്നതും ഒരു അംഗത്തിന് 5 കിലോഗ്രാം ഭക്ഷ്യ ധാന്യം വീതം ലഭിക്കുന്നതുമാണ്. വാതിൽപ്പടി വിതരണവും സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണവും നടപ്പാക്കുന്നതിലൂടെ റേഷൻ വിതരണത്തിലെ കാര്യക്ഷമതയും സുതാര്യതയും പൂർണ്ണമായി ഉറപ്പാക്കാൻ കഴിയുന്നതാണ്.

(ബി) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-7-2013-ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇന്ത്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013-ലെ സ.ഉ.(കൈ) നമ്പർ 53/2013/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. 7-7-2014-ലെ സ.ഉ.(കൈ)നമ്പർ 21/14/ഭ.സി.സ.വ. പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങളും റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS) പ്രകാരമുള്ള നിലവിലെ റേഷൻ കാർഡിലെ വിവരവും ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം തയ്യാറാക്കി 1-1-2015 മുതൽ വിവരശേഖരണത്തിനായി റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും 19-1-2015 മുതൽ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിച്ച 9442 ഫോട്ടോ ക്യാമ്പുകളിലൂടെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ 13-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും ചെയ്തു. 18 വയസ് പൂർത്തിയായ വനിത കുടുംബത്തിൽ ഇല്ലാത്ത പക്ഷം മുതിർന്ന പുരുഷന്റെ ഫോട്ടോ

എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിലൂടെ ലഭ്യമായ വിവരങ്ങൾ സി.ഡിറ്റ്, അക്ഷയ, കുടുംബശ്രീയുടെ ഐ.റ്റി. യൂണിറ്റായ ഉന്നതി എന്നീ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിച്ചു. ഡാറ്റാ എൻട്രികളുടെ പിഴവുകൾ തിരുത്തുന്നതിനും ആവശ്യമായ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി ഈ ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്തു. ഈ പ്രിന്റൗട്ടുകൾ തിരികെ ലഭ്യമാക്കി മേൽപ്പറഞ്ഞ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി പൂർത്തിയാക്കി.

(സി) റേഷൻ കാർഡ് ഉടമകൾ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 അനുസരിച്ച് അവകാശപ്പെട്ട റേഷൻ വിഹിതം കൃത്യമായും സുതാര്യമായും കാര്യക്ഷമമായും ലഭ്യമാക്കുന്നതിന് ഇ-പോസ് മെഷീൻ മുഖേനയുള്ള വിതരണത്തിലൂടെ സാധ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കുന്ദമംഗലം കൺസ്യൂമർ കോടതി കെട്ടിടം

295 (1539) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് വർഷങ്ങൾക്കുമുമ്പ് പ്രവൃത്തി പൂർത്തീകരിച്ച കൺസ്യൂമർ കോടതി കെട്ടിടത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോടതി ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വാടകക്കെട്ടിടത്തിലാണെങ്കിൽ കഴിഞ്ഞ 5 വർഷം നൽകിയ വാടക എത്രയാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ കോഴിക്കോട് സിവിൽ സ്റ്റേഷനിലാണ് ഫോറം പ്രവർത്തിച്ചു വരുന്നത്.

(സി) ഫോറം വാടകക്കെട്ടിടത്തിലല്ല പ്രവർത്തിച്ചുവരുന്നത്.

## സംസ്ഥാനത്തെ പെട്രോൾ പമ്പുകൾ

296 (1540) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ പമ്പ് തുറന്ന് പ്രവർത്തിക്കുന്ന സമയമത്രയും ഉപഭോക്താവിന് അവകാശപ്പെട്ട സൗജന്യവായുനിറക്കൽ, ജലം, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ;

(ബി) മാറിമാറി വരുന്ന ഗവൺമെന്റുകൾ ഓരോ ഉപഭോക്തൃദിനത്തിലും ഇക്കാര്യത്തിൽ ഉപഭോക്താവിന്റെ അവകാശം സംരക്ഷിക്കുമെന്ന് ഉറപ്പ് നൽകുമെങ്കിലും ആയത് സ്വകാര്യ പമ്പ് മുതലാളിമാരെക്കൊണ്ട് നടപ്പാക്കിക്കിട്ടാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അയൽ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന ശുഷ്കാന്തി കാണിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഉപഭോക്താവിന് അവകാശപ്പെട്ട സൗജന്യ വായു നിറയ്ക്കൽ, ജലം, മറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ടി സൗകര്യങ്ങൾ പെട്രോൾ പമ്പുകളുടെ എല്ലാ പ്രവർത്തന സമയങ്ങളിലും ലഭ്യമാണ് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി&സി) എണ്ണക്കമ്പനികളും പെട്രോൾ പമ്പ് ഉടമസ്ഥരും തമ്മിലുള്ള ഉടമ്പടി പ്രകാരം എല്ലാ പമ്പുകളിലും മേൽപ്പറഞ്ഞ സൗകര്യങ്ങൾ നിർബന്ധ മാക്കിയിട്ടുണ്ടെന്നും ടി സൗകര്യങ്ങൾ പെട്രോൾ പമ്പുകളിൽ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട എണ്ണക്കമ്പനികൾ കാലാനുസൃതമായി പമ്പുകളിൽ പരിശോധന നടത്താറുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇത്തരം സൗകര്യങ്ങൾ എല്ലാ പമ്പുകളിലും ഉറപ്പാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർക്ക് നിർദ്ദേശം നൽകുന്നതാണ്.

## അളവ് തൂക്കങ്ങളിലെ വ്യാപക ക്രമക്കേട്

297 (1541) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കച്ചവട കേന്ദ്രങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും അളവ് തൂക്കങ്ങളിൽ വ്യാപക ക്രമക്കേട് ഉള്ളത് പരിഹരിക്കുവാൻ ലീഗൽ മെട്രോളജി വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) വ്യാപാര സ്ഥാപനങ്ങളിലെ ത്രാസ്സുകൾ സീൽ പതിപ്പിക്കുന്നതിനു വേണ്ടി കർശനമായ നിർദ്ദേശങ്ങൾ നൽകുമോ; ലംഘിക്കുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്ന കാര്യം പരിഗണിക്കുമോ; പരമാവധി ശിക്ഷ എന്താണെന്നു കൂടി അറിയിക്കാമോ;

(സി) ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന കർശനമാക്കുന്നില്ല എന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കച്ചവട കേന്ദ്രങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും അളവ് തൂക്കങ്ങളിൽ ക്രമക്കേട് നടക്കുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് നിരന്തരമായി പരിശോധനകൾ, പ്രതിമാസമുള്ള പ്രത്യേക മിന്നൽ പരിശോധനകൾ, ശബരിമല അടക്കമുള്ള ഉത്സവകാലങ്ങളിൽ പ്രത്യേക മിന്നൽ പരിശോധനകൾ എന്നിവ നടത്തിവരുന്നു.

(ബി) വ്യാപാര സ്ഥാപനങ്ങളിലെ ത്രാസ്സുകൾ സീൽ പതിപ്പിക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പ് നിരന്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ലീഗൽ മെട്രോളജി ആഫീസുകളിൽ വച്ചും വ്യാപാരികൾക്ക് സൗകര്യപ്രദമായ മറ്റ് സ്ഥലങ്ങളിൽ വച്ചും ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ട് ത്രാസ്സുകൾ സീൽ ചെയ്തുകൊടുക്കുന്ന രീതിയും, ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ വ്യാപാര സ്ഥാപനങ്ങളിൽ പോയി അളവുതൂക്ക ഉപകരണങ്ങൾ സീൽ ചെയ്തു കൊടുക്കുന്ന രീതിയും ഇതിനായി അവലംബിച്ചുവരുന്നു. നിർദ്ദേശങ്ങൾ ലംഘിക്കുന്നവർക്ക് പരമാവധി ശിക്ഷ 10,000 രൂപയും ഒരു വർഷം തടവുംവരെ ലഭിക്കാവുന്നതാണ്.

(സി) കർശന പരിശോധനകളാണ് ലീഗൽ മെട്രോളജി ഉദ്യോഗസ്ഥർ നടത്തിവരുന്നത്. 2016-17 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയതിനെ തുടർന്ന് 10788 കേസുകൾ കണ്ടെടുക്കുകയും 2,86,50,500 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1235, 1266, 1295, 1317, 1338 1349, 1351, 1369, 1395, 1409 എന്നിവ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II. പ്രസ്താവന

മി. സ്പീക്കർ : ഓർഡർ...ഓർഡർ..... ബഹുമാന്യരായ നിയമസഭാ സാമാജികർ സഭാകവാടത്തിൽ തുടരുന്ന സമരം അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യാനായി കക്ഷിനേതാക്കളുടെ യോഗം ചേരുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമുൾപ്പെടെയുള്ള ആളുകൾ യോഗത്തിൽ പങ്കെടുത്തു. ചർച്ച വളരെ സൗഹാർദ്ദപരമായിരുന്നു. പ്രശ്നപരിഹാരത്തിനും സമവായത്തിനും പൂർണ്ണമായി സാധിച്ചിട്ടില്ലെങ്കിലും വിഷയത്തിന്റെ വിവിധ വശങ്ങൾ പരസ്പരം ചർച്ച ചെയ്യുകയുണ്ടായി. സഭാനടപടികൾ തടസ്സപ്പെടാതിരിക്കുന്നതിനും സഭാനടപടിക്രമങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനും ഇരു വിഭാഗത്തിന്റെയും സഹായം ചെയർ അഭ്യർത്ഥിക്കുകയും ആ അഭ്യർത്ഥനയോട് ഇരുപക്ഷവും നല്ല നിലയിൽ യോജിക്കുകയും ചെയ്തതായി സഭയെ അറിയിക്കുന്നു. യോജിപ്പും വിയോജിപ്പും ജനാധിപത്യത്തിൽ ഒഴിച്ചുകൂടാനാവാത്തതാണെന്ന് നമുക്കെല്ലാവർക്കുമറിയാം. നയങ്ങളിലും അഭിപ്രായവ്യത്യാസങ്ങൾ തുടരും. അത് പ്രകടിപ്പിക്കാനുള്ള വേദിയാണ് സഭ. സഭ നടത്തിക്കൊണ്ടുപോകുന്നത് ജനാധിപത്യ സംവിധാനത്തിന്റെ പ്രാഥമികമായ കാര്യമാണ്. അതിനാൽ സഭയിലെ സമരം അവസാനിപ്പിച്ച് നടപടിക്രമങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാമാജികർ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ചോദ്യോത്തരവേള നിർത്തിവച്ച് അങ്ങ് കക്ഷിനേതാക്കളുടെ യോഗം വിളിച്ചതിൽ വളരെയേറെ സന്തോഷമുണ്ട്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ സഭാനടപടികൾ അനിശ്ചിതമായി തടസ്സപ്പെടുത്തുകയും പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടാതെ പോകുകയും ചെയ്യുന്നതിനോട് പ്രതിപക്ഷത്തിന് യോജിപ്പില്ല. കേരളീയ സമൂഹത്തിൽ ഉയർന്നുവന്ന കാതലായ ചില പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടാണ് ഞങ്ങൾ സമരത്തിലേക്ക് കടന്നുവന്നത്. അങ്ങ് വിളിച്ച ചർച്ചയിൽ പല കാര്യങ്ങളും നമ്മൾ ചർച്ച ചെയ്തു. ആ ചർച്ച തുടരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഞങ്ങൾക്ക് പല കാര്യങ്ങളിലും ഗവൺമെന്റ് നിലപാടുകളോട് അഭിപ്രായവ്യത്യാസമുണ്ട്. അത് കൂടുതൽ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ട കാര്യമായതിനാൽ ഇന്നത്തെ സഭാനടപടികൾ ഞങ്ങൾ ബഹിഷ്കരിക്കുകയാണ്. അങ്ങയുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്താൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. എം.എൽ.എ.-മാർ നിരാഹാരം കിടക്കുന്ന സാഹചര്യത്തിൽ ഇന്നത്തെ സഭാനടപടികളോട് യോജിച്ചു പോകാൻ നിവൃത്തി യില്ലാത്തതുകൊണ്ട് ഞങ്ങൾ സഭ ബഹിഷ്കരിക്കുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

ശ്രീ. പി. ജെ. ജോസഫ് : സർ, സത്യാഗ്രഹ സമരം അവസാനിപ്പിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ ബഹിഷ്കരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, സ്വാശ്രയ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട പ്രശ്നം സഭ തുടങ്ങിയ ദിവസം മുതൽ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ വിഷയം അടിയന്തരപ്രമേയമായി സഭയിൽ വന്നതാണ്. അതുകഴിഞ്ഞ് തൊട്ടടുത്ത ദിവസം ഇവിടെ സമരം നടക്കുന്ന സാഹചര്യത്തിൽ, പുറത്തു നടക്കുന്ന സമരത്തിന്റെ പ്രശ്നത്തിൻമേൽ ചർച്ച നടത്താൻ ആരോഗ്യ വകുപ്പുമന്ത്രി തയ്യാറാണെന്ന വിവരം സഭയിൽ 27-ാം തീയതി ഞാൻ അറിയിക്കുകയും അതനുസരിച്ച് 27-ാം തീയതി ആരോഗ്യ വകുപ്പുമന്ത്രി സമര സമിതിക്കാരെ വിളിച്ച് ചർച്ച നടത്തുകയും ചെയ്തു. ബഹുമാന്യനായ സ്പീക്കർ വിളിച്ചുചേർത്ത യോഗത്തിൽ, പ്രതിപക്ഷ നേതാക്കളുമായി നടത്തിയ ചർച്ചയിൽ ബഹുമാന്യരായ ആരോഗ്യ വകുപ്പുമന്ത്രിയും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും പങ്കെടുത്തു. ഈ വിഷയം അവസാനിപ്പിക്കാനുള്ള നിലപാടല്ല പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. ഇവിടെ ഉയർന്നുവന്ന പ്രശ്നങ്ങൾ പരിശോധിച്ചാൽ അവസാനം ബാക്കിനില്ക്കുന്നത് പരിയാരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അവിടെ 100 കുട്ടികളെയാണ് പ്രവേശിപ്പിക്കുന്നതെങ്കിൽ 50 കുട്ടികളെ സർക്കാർ ലിസ്റ്റിൽ നിന്നാണ് എടുക്കേണ്ടത്. അതിൽ 20 കുട്ടികൾ 25,000 രൂപ ഫീസിൽ പഠിക്കുന്നവരാണെങ്കിൽ 30 കുട്ടികൾ 2,50,000 രൂപ ഫീസിലാണ് പഠിക്കുന്നത്. ഇങ്ങനെ പഠിക്കുന്ന 30 കുട്ടികളുടെ പ്രശ്നവുമായി ബന്ധപ്പെട്ടാണ് സഭാനടപടികൾ അലങ്കോലപ്പെടുത്തുന്ന തരത്തിൽ ഇത്തരത്തിലൊരു സമരം നടത്താൻ പ്രതിപക്ഷം തയ്യാറായത്. പരിയാരം മെഡിക്കൽ കോളേജ് പെട്ടെന്നു തന്നെ സർക്കാർ ഏറ്റെടുക്കും, അതോടുകൂടി ആ കോളേജ് സർക്കാരിന്റെ കീഴിലാകുമെന്ന് ബഹുമാന്യനായ മുൻമുഖ്യമന്ത്രിയോട് ഞാൻ വെളിപ്പെടുത്തിയതാണ്. അപ്പോൾ അദ്ദേഹം അഭിപ്രായപ്പെട്ടത്, കൊച്ചിയിൽ ഞങ്ങൾ ഏറ്റെടുത്തപ്പോൾ പഴയ കുട്ടികൾക്ക് ഫീസിളവ് കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ്. അത്തരമൊരു സാഹചര്യം വന്നാൽ ആ കുട്ടികൾക്ക് അധിക ബാധ്യതയില്ലാതിരിക്കാൻ ആവശ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ശ്രദ്ധിക്കുമെന്നാണ് അപ്പോൾ ഞാൻ വ്യക്തമാക്കിയത്. ആ തീരുമാനത്തിൽതന്നെയാണ് ഇപ്പോഴും സർക്കാർ നിൽക്കുന്നത്.

ഇവിടെ മറ്റൊരു കാര്യം പറഞ്ഞത്, സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അഡ്മിഷനുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്ന് തലവരിപ്പണവും മറ്റുമായി കോഴ വാങ്ങുന്ന രീതി സംബന്ധിച്ചാണ്. അങ്ങനെ കോഴ വാങ്ങുന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷിക്കുമെന്ന് സഭയിൽ ഞാൻ പറഞ്ഞതാണ്. ഇന്ന് അങ്ങയുടെ മുന്നിൽ കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ പഴയ ആഭ്യന്തര മന്ത്രികൂടിയായ പ്രതിപക്ഷ നേതാവ് പറഞ്ഞത് ഈ പ്രശ്നം വിജിലൻസ് അന്വേഷിക്കുന്നത് പ്രായോഗികമാവുമെന്ന തോന്നുന്നില്ല, ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നതായിരിക്കും നല്ലതെന്നാണ്. എനിക്കതിൽ തർക്കിക്കേണ്ട കാര്യമില്ല. ഏത് ഏജൻസിയെക്കൊണ്ടും അന്വേഷിപ്പിക്കാം. അതിന് യാതൊരു തടസ്സവുമില്ല. ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നും പറഞ്ഞു. ഇപ്പോൾ എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമൂഹത്തിനാകെ അറിയാവുന്ന കാര്യമാണ്. രണ്ട് മെഡിക്കൽ കോളേജുകൾ തെറ്റായ പ്രവേശനരീതി സ്വീകരിച്ചപ്പോൾ ആ രണ്ട് കോളേജുകളുടെയും പ്രവേശന നടപടികളാകെ റദ്ദാക്കുന്ന നിലയിലേക്ക് ജെയിംസ് കമ്മിറ്റി പോയിരിക്കുകയാണ്. ഇതാണ് സർക്കാരിന്റെ നിലപാട്. നേരത്തെ ചില സ്വാശ്രയ മെഡിക്കൽ കോളേജുകൾ വഴിവിട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലുമൊരു കോളേജിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഇതിനുമുമ്പ് കഴിഞ്ഞോ? കഴിഞ്ഞ നാലഞ്ചുവർഷത്തെ അനുഭവമല്ല ഇപ്പോഴുണ്ടായിട്ടുള്ളത്. സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് കൃത്യമായ ലക്ഷ്മണരേഖയുണ്ട്. അതിനപ്പുറത്തേ അവർക്ക് നിൽക്കാൻ സാധിക്കുകയുള്ളൂ. അവ ലംഘിച്ചാൽ കർക്കശമായ നടപടി സ്വീകരിക്കുമെന്ന കാര്യം ഉറപ്പാണ്. അതുകൊണ്ടുതന്നെയാണ് ഈ പ്രശ്നത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിന് കക്ഷി വ്യത്യാസമെന്യേ വിദ്യാർത്ഥികളും രക്ഷകർത്താക്കളും ബഹുജനങ്ങളും പിന്തുണ നൽകുന്നത്. മുഖ്യമന്ത്രി യോഗം വിളിക്കുന്നില്ലെന്ന് ഇവിടെ പറയുകയുണ്ടായി. അങ്ങയുടെ മുന്നിൽ വച്ച് കക്ഷിനേതാക്കന്മാരുടെ യോഗം നടക്കുന്ന സമയത്ത് ഇക്കാര്യത്തിൽ ചർച്ച വേണമെന്ന് പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയത്. അതിൽ ക്രിയാത്മകമായ പ്രതികരണം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകാത്തതിനാലാണ് ചർച്ച അലസിയത്. അല്ലെങ്കിൽ ഇത്തരമൊരു സമരത്തിന്റെ ആവശ്യം വരുമായിരുന്നില്ല. ഞാൻ ഇന്ന് അങ്ങയുടെ മുന്നിൽവച്ചു, മുഖ്യമന്ത്രിയെന്ന നിലയ്ക്ക് പ്രത്യേകം യോഗം വിളിക്കണമെന്നുണ്ടോയെന്നും വേണമെങ്കിൽ വിളിക്കാമെന്നും പറഞ്ഞു. അതിന്റെ ആവശ്യമില്ലെന്നാണ് അപ്പോൾ പറഞ്ഞത്. അവർ ആവശ്യപ്പെട്ട സമയത്തൊക്കെ ചർച്ച നടത്താൻ സർക്കാർ തയ്യാറായിട്ടുണ്ട്. സർക്കാരിന് ഇക്കാര്യത്തിൽ യാതൊരു തരത്തിലുള്ള പിടിവാശിയുമില്ല. വിദ്യാർത്ഥികളുടെ താല്പര്യം സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ മാത്രമേ പിടിവാശിയുള്ളൂ.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) അനധികൃത ഭൂമി ഏറ്റെടുക്കൽ

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, സംസ്ഥാനത്ത് വിവിധ വ്യക്തികളും സ്ഥാപനങ്ങളും ഏകദേശം അഞ്ച് ലക്ഷത്തിലധികം ഏക്കർ ഭൂമി നിയമ വിരുദ്ധമായി കൈവശം വച്ചിരിക്കുന്നതായി ശ്രീ. രാജമാണിക്യം, സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ ആന്റ് കളക്ടർ, ഗവൺമെന്റ് ലാന്റ് സെക്ഷൻ കണ്ടെത്തിയിരിക്കുകയാണ്. സ്വാതന്ത്ര്യത്തിനുമുമ്പ് ഇംഗ്ലീഷ് കമ്പനികൾ കൈവശംവച്ച ഭൂമിയാണ് മഹാഭൂരിപക്ഷവും. കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ സന്ദർഭത്തിൽ, വിദേശത്ത് രജിസ്റ്റർ ചെയ്ത കമ്പനികൾ കൈവശംവച്ച ഭൂമിക്ക് ഭൂപരിഷ്കരണ നിയമത്തിലെ ഇളവുകൾ ബാധകമല്ല. തോട്ടം ഭൂമിയാണെങ്കിൽപ്പോലും ഈ ഭൂമിയെല്ലാം സ്വമേധയാ സർക്കാർ ഭൂമിയായി മാറിയതാണ്. ഇവയിൽ പലതും 99 വർഷത്തെ പാട്ടക്കാലാവധി കഴിഞ്ഞവയാണ്. വിദേശ കമ്പനികളും പൗരന്മാരും ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ കുടിയായ്മയ്ക്ക് അർഹരല്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. 1-1-1970 മുതൽ വിദേശീയർ കൈവശംവച്ച കെ.എൽ.ആർ. പാട്ടഭൂമിയും കെ.എൽ.ആർ. (കേരള ലാന്റ് റിഫോംസ്) ആക്ട് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകേണ്ടതാണ്. 1947-നുശേഷം FERA (Foreign Exchange Regulation Act) നിയമപ്രകാരവും വിദേശ കമ്പനികൾക്ക് ഇന്ത്യയിൽ ഭൂമി കൈവശം വയ്ക്കുന്നതിനും ഏജൻസികൾ മുഖേന കമ്പനികൾ നടത്തുന്നതിനും കേന്ദ്ര സർക്കാരിന്റെയോ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെയോ പ്രത്യേക അനുമതി ആവശ്യമാണ്. മേൽപ്പറഞ്ഞ നിയമങ്ങളൊന്നും പാലിക്കാതെ കുറുക്കുവഴികളിലൂടെ ഭൂമി കൈവശം വച്ച് അനുഭവിക്കുന്ന കമ്പനികളുടെയും വ്യക്തികളുടെയും കൈവശമുള്ള ഭൂമി ഏറ്റെടുക്കേണ്ടതാണ്. ഇതിനകം സ്പെഷ്യൽ ഓഫീസർ കമ്പനികൾക്കും വ്യക്തികൾക്കുമായി 121 പേരുടെ പേരിൽ 2,68,508 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവുകളിറക്കിയിട്ടുണ്ട്. വിദേശ കമ്പനികൾ കൈവശം വയ്ക്കുന്ന ഭൂമിയിൽ ഷെയറായി സംസ്ഥാനത്തുനിന്നും വരുന്ന വരുമാനം വിദേശരാജ്യങ്ങളിലേക്ക് ഒഴുകുന്നുണ്ട്. 1973-ൽ FERA നിയമം നിലവിൽ വന്നിട്ടും ഈ സ്ഥിതി തുടരുകയാണ്. ടാറ്റാ, ഹാരിസൺ മലയാളം ലിമിറ്റഡ്, വയനാട് നിന്നുള്ള ഒരു രാജ്യസഭാ മെമ്പർ, ഒരു എക്സ് എം.എൽ.എ. തുടങ്ങി നിരവധി ആളുകളുടെ കൈവശം ഇതുപോലുള്ള ഭൂമിയുണ്ട്. ടാറ്റാ കമ്പനി ആധാരപ്രകാരം 1,01,034 ഏക്കർ ഭൂമി കൈവശം വച്ചിട്ടുണ്ട്. ഹാരിസൺ മലയാളം

ലിമിറ്റഡ് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, തൃശ്ശൂർ, എറണാകുളം എന്നീ ഏഴ് ജില്ലകളിലായി 74,333.92 ഏക്കർ ഭൂമി കൈവശം വച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ നാല് ജില്ലകളിലെ ഭൂമി ഏറ്റെടുക്കുന്നതിന് 18 ഉത്തരവുകൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുപ്രകാരം 38,170 ഏക്കർ ഭൂമി സർക്കാരിൽ നിക്ഷിപ്തമാകേണ്ടതാണ്. വയനാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ഇതിൽ വയനാട് ജില്ലയിൽ മാത്രം 30,000 ഏക്കർ ഭൂമി വരും. ഇത്തരം ഭൂമിയെല്ലാം ഭരണഘടനയിലെ 96-ാം വകുപ്പ് പ്രകാരം അതാത് സർക്കാരുകളിൽ നിക്ഷിപ്തമാകേണ്ടതാണ്. ഹൈക്കോടതി സ്പെഷ്യൽ ഓഫീസറുടെ കണ്ടെത്തലുകൾ അംഗീകരിച്ചുവെങ്കിലും എച്ച്.എം.എൽ. ഭൂമിയിൽ തൽസ്ഥിതി തുടരാനുള്ള ഉത്തരവുകളാണ് നൽകിയിരിക്കുന്നത്. വയനാട്ടിൽ ഭൂമി സർവ്വേ നടത്തുന്നത് കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ പിൻവലിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണം. രണ്ട് തരത്തിലാണ് വിദേശകമ്പനികൾ ഭൂമി കൈവശം വച്ചിരിക്കുന്നത്. ഒന്ന്, തിരുവിതാംകൂർ, കൊച്ചി സർക്കാരുകൾ നൽകിയിട്ടുള്ള ഗ്രാന്റുകൾ; ഗ്രാന്റ് ഒരിക്കലും ഉടമസ്ഥാവകാശമായിരുന്നില്ല; ജന്മാവകാശം സർക്കാരിൽ തന്നെയായിരുന്നു. രണ്ട്, കർശന വ്യവസ്ഥകളിലൂടെ നൽകിയ പാട്ടഭൂമി, സർക്കാരും സ്വകാര്യ വ്യക്തികളും നൽകിയ ഭൂമി, വിദേശികളുടെ പേരിൽ ഇത്തരം ഭൂമികളുടെ പോക്കുവരവ് രാജഭരണകാലത്തുതന്നെ തടഞ്ഞിരുന്നു. വിദേശികൾ കൈവശം വച്ച പല ഭൂമിയും അമാൽഗമേഷൻ ഓഫ് കമ്പനീസ് നിയമപ്രകാരം കുറുക്കുവഴികളിലൂടെ, ആധാരം നടത്താതെ കൈമാറ്റം നടത്തുകയാണ് ചെയ്തിട്ടുള്ളത്. സാധാരണക്കാരൻ ഒരു സെന്റ് ഭൂമി വാങ്ങുമ്പോൾ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും നിയമപ്രകാരം അടയ്ക്കണം. ഇതൊന്നു മില്ലാതെയാണ് കേരളത്തിൽ കമ്പനികളുടെ ലേലം വഴി ആയിരക്കണക്കിന് ഏക്കർ ഭൂമി ഇവർ കൈമാറ്റം ചെയ്തിരിക്കുന്നത്. കോടിക്കണക്കിന് രൂപയാണ് രജിസ്ട്രേഷൻ ഇനത്തിൽ ഗവൺമെന്റിന് നഷ്ടം വന്നിട്ടുള്ളത്. ഈ കമ്പനികൾ നടത്തുന്ന തോട്ടങ്ങളിൽ കടുത്ത തൊഴിലാളി വിരുദ്ധ നടപടികളാണ് തുടരുന്നത്. 2011-ലെ ബോണസ് പ്രശ്നംപോലും എച്ച്.എം.എൽ. കമ്പനികൾ ഇതുവരെ സെറ്റിൽ ചെയ്തിട്ടില്ല. മാത്രമല്ല, തൽസ്ഥിതി തുടരാനുള്ള കോടതി ഉത്തരവിനെ മറികടന്ന് ഭൂമിയും ഭൂമിയിലെ കെട്ടിടങ്ങളും ലീസിന് നൽകാനുള്ള നടപടികളും എച്ച്.എം.എൽ. നടത്തുന്നുണ്ട്. നടപടികൾ പൂർത്തീകരിച്ച അഞ്ച് ലക്ഷത്തിലധികം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. സ്പെഷ്യൽ

ഓഫീസർക്ക് നാല് ക്ലറിക്കൽ സ്റ്റാഫ് മാത്രമാണുള്ളത്. കോടതികളുടെ ഇടപെടലുകളും ഇതിൽ കാലതാമസം ഉണ്ടാക്കുന്നുണ്ട്. നിരവധി കേസ്സുകളാണ് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും തുടരുന്നത്. അതിനാൽ പ്രത്യേക നിയമനിർമ്മാണത്തിലൂടെ ഭരണഘടനയുടെ 96-ാം വകുപ്പുപ്രകാരം സർക്കാരിൽ ലഭ്യമാകേണ്ട മുഴുവൻ ഭൂമിയും ഏറ്റെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്. ഭൂപരിഷ്കരണ നിയമപ്രകാരം ഒരു വ്യക്തി കൈവശം വയ്ക്കാവുന്ന പരമാവധി ഭൂമി 15 ഏക്കറാണ്. ഈ നിയമപരിധിക്കുള്ളിൽ ഭൂമി കൈവശം വയ്ക്കുന്ന നിരവധി കർഷകരുണ്ട്. ഉദാഹരണമായി, വയനാട് ജില്ലയിൽ 500 ഏക്കർ വരുന്ന എച്ച്.എം.എൽ. ഭൂമി രണ്ടായിരത്തോളം വരുന്ന സാധാരണക്കാരുടെ കൈവശമാണ് നിലനിൽക്കുന്നത്. ഇവരുടെ ഭൂമി സംരക്ഷിക്കാനും നികുതി സ്വീകരിക്കാനും പോക്കുവരവ് നടത്താനുമുള്ള തടസ്സങ്ങൾ നീക്കാൻ പ്രത്യേക തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളും സാമൂഹ്യ-സാംസ്കാരിക സംഘടനകളും പാട്ടക്കാലാവധി കഴിഞ്ഞിട്ടും പാട്ടം പുതുക്കാതെയും പാട്ടക്കുടിശ്ശിക അടയ്ക്കാതെയും ഭൂമി കൈവശം വച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരമുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിനോ നിയമപരമായി പാട്ടക്കുടിശ്ശിക ഈടാക്കി പാട്ടം പുതുക്കി നൽകുന്നതിനോ ആവശ്യമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്. വിദേശ കമ്പനികളും വ്യക്തികളും സ്ഥാപനങ്ങളും അനധികൃതമായി കൈവശം വച്ചിരിക്കുന്നതും കൈമാറ്റം ചെയ്തിട്ടുള്ളതുമായ എല്ലാ ഭൂമി സംബന്ധിച്ചും അന്വേഷണം നടത്താനും രജിസ്റ്റർ ചെയ്യാതെ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി ഏറ്റെടുക്കാനുമായി സ്പെഷ്യൽ ഓഫീസറായി ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസ്.-നെ ചുമതലപ്പെടുത്തുകയും അദ്ദേഹം വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നിയമവിരുദ്ധമായി കൈവശം വച്ചിരിക്കുന്ന പ്ലാന്റേഷൻ ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിന് പുതിയ നിയമനിർമ്മാണം നടത്തുന്നത് ഉചിതമാണെന്നും 1957-ലെ ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നത്, ദീർഘകാലം കോടതി കേസ്സുകളിൽപ്പെട്ട് തീരുമാനമാകാതെ വരുമെന്നും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പരമാവധി കൈവശം വയ്ക്കാവുന്ന ഭൂമിക്ക് സീലിംഗ് ഏർപ്പെടുത്തണമെന്നും എസ്റ്റേറ്റുകളെ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നുമുള്ള ശിപാർശ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ

പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ നിയമവകുപ്പിന്റെ അഭിപ്രായംകൂടി തേടിയതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്. മറ്റ് അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനെതിരെ നിരവധി കേസ്സുകൾ നിലവിലുണ്ട്. കോടതികൾ സ്റ്റേ ഉത്തരവുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റേ ഉത്തരവുകൾ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്റ്റേ ഉത്തരവ് റദ്ദാക്കിക്കിട്ടുന്ന മുറയ്ക്കോ, ഈ കേസ്സുകളിലെ വിധിക്ക് വിധേയമായിട്ടോ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : സർ, രണ്ട് സെന്റ് മുതൽ പത്തേക്കർ വരെയുള്ള ഭൂമിയെല്ലാം വർഷങ്ങളായി കർഷകരുടെ കൈവശമുണ്ട്. ഈ ഭൂമി ആധാരം ചെയ്ത്, രജിസ്റ്റർ ചെയ്ത് വാങ്ങിയതാണ്. കർഷകരുടെ കാര്യത്തിൽ നികുതി സ്വീകരിക്കുകയും ചെയ്തിരുന്നു. അടുത്തകാലത്ത് ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന്റെ ഫലമായി ഇതെല്ലാം നിർത്തിവച്ചിരിക്കുകയാണ്. അതുകൊണ്ട് ഭൂമിയുടെ കൈമാറ്റവും നടക്കുന്നില്ല; നികുതി സ്വീകരിക്കുന്നുമില്ല. അതിനാൽ ലോൺ എടുക്കാനോ വിൽപ്പന നടത്താനോ കഴിയുന്നില്ല. ഇത്തരം നടപടികളെല്ലാം പൂർത്തിയാകുന്നതു വരെ ഇവ നിർത്തിവയ്ക്കുന്നത് കർഷകർക്ക് വലിയ ദ്രോഹമുണ്ടാക്കുന്നതാണ്. കാപ്പി, തേയില തുടങ്ങിയ തോട്ടങ്ങളിൽ വീട് നിർമ്മിക്കുന്നതിന് തടസ്സങ്ങൾ ഉന്നയിക്കുകയാണ്. അതിനാൽ നിയമപരമായ എല്ലാ കാര്യങ്ങളും പൂർത്തിയാകുന്നതുവരെ സാധാരണ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കാൻ കഴിയും?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : രണ്ട് സെന്റ് മുതൽ വിവിധ അളവുകളിലായി രണ്ട് ഏക്കറും അഞ്ച് ഏക്കറും വരെ കൈവശം വച്ച് അനുഭവിച്ചുവരുന്ന കൃഷിക്കാരുടെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിൽ നിലവിലുള്ള നിയമ വ്യവസ്ഥയ്ക്കകത്ത് നിന്നുകൊണ്ട് മാത്രമേ അന്തിമ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. എങ്കിലും വളരെ ചുരുങ്ങിയ രീതിയിൽ രണ്ടോ അഞ്ചോ പത്തോ സെന്റ് ഭൂമി കൈവശം വച്ചിരിക്കുന്ന കൃഷിക്കാരുടെ കാര്യത്തിൽ എന്ത് തീരുമാനമെടുക്കാൻ കഴിയുമെന്ന് നിയമപരമായി ആലോചിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

(ശ്രീ. അനിൽ അക്കര സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## IV സബ്മിഷൻ

### (1) ധനസഹായം

ശ്രീ. സി. കെ. ഹരീന്ദ്രൻ : സർ, സെപ്റ്റംബർ 29-ാം തീയതി രാവിലെ 9.20-ന് വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി പുലിമുട്ട് നിറയ്ക്കാൻ പാറ കഷണങ്ങൾ ഇറക്കിയതിനുശേഷം അമിത വേഗതയിൽ വന്ന ഒരു ടിപ്പർ ലോറി പതിനെട്ടും ഇരുപതും വയസ്സുള്ള രണ്ട് കുട്ടികൾ സഞ്ചരിച്ച മോട്ടോർ ബൈക്കിലിടിച്ചതിനെത്തുടർന്ന് അവർ ദാരുണമായി മരണപ്പെടുകയുണ്ടായി. അമിതഭാരം കയറ്റിയുള്ള ടിപ്പറുകളുടെ അമിതവേഗത ജനങ്ങളിൽ വലിയ ഭയമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഭാരം കയറ്റുന്നത് സംബന്ധിച്ച് നിലവിൽ ചില നിയമങ്ങളു ണ്ടെങ്കിലും അവ കർശനമായി പാലിക്കുന്നതിൽ അധികാരികൾ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല. അവ കർശനമായി പാലിക്കാൻവേണ്ട നടപടികൾ സ്വീകരിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

മരണപ്പെട്ട ബാലു, പി.ജി.-ക്ക് അഡ്മിഷൻ ലഭിച്ചെങ്കിലും തുടർ പഠനത്തിനുള്ള സാഹചര്യമില്ലാത്തതിനാൽ ബിസ്കറ്റ് കമ്പനിയിൽ ജോലിക്ക് പോകുകയായിരുന്നു. രണ്ട് കുടുംബങ്ങളും നിർദ്ധന കുടുംബങ്ങളാണ്. ശവസംസ്കാരത്തിനുപോലും സ്വന്തമായി ഭൂമിയില്ല. ഈ കുടുംബങ്ങളുടെ ആശ്രയമായിരുന്നു ബാലുവും വിപിനും. ഇവരുടെ മരണം വലിയ നഷ്ടമാണ് ആ കുടുംബങ്ങൾക്ക് വരുത്തിയിട്ടുള്ളത്. ആ കുടുംബങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനും സ്കൂൾ, ഓഫീസ് സമയങ്ങളിൽ ഇത്തരം വാഹനങ്ങൾ നിരത്തിലിറക്കുന്നതിന് നിയന്ത്രണ മേർപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

10.00 AM]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ടിപ്പർ ലോറികളുടെ മത്സരയോട്ടം അനവധി മനുഷ്യ ജീവനുകൾ കവരുന്നുണ്ട്. ഇവയുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി 13-1-2006-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുവഴി ടിപ്പിംഗ് മെക്കാനിസം ഉപയോഗിക്കുന്ന എല്ലാ വാഹനങ്ങൾക്കും സ്പീഡ് ഗവേർണർ നിർബന്ധമാക്കിയിരുന്നു. 15-12-2012-ലെ സർക്കാർ ഉത്തരവുപ്രകാരം രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 3 മണി മുതൽ 5 മണി വരെയും സംസ്ഥാനത്തെ റോഡുകളിൽ ഇത്തരം വാഹനങ്ങൾക്ക് ഗതാഗത നിരോധനം ഏർപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് നിർമ്മാണ മേഖലയെ സാരമായി ബാധിക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17-2-2014-ൽ നിയന്ത്രണം രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകുന്നേരം 4 മണി മുതൽ 5 മണിവരെയുമാക്കി ഉത്തരവ് പുറപ്പെടുവിച്ചു. ബഹുമാനപ്പെട്ട അംഗം

സൂചിപ്പിച്ചതുപോലെ 29-9-2016-ന് രാവിലെ 9 മണിയോടുകൂടി തിരുവനന്തപുരം ജില്ലയിൽ മാരായമുട്ടം പെട്രോൾ പമ്പിന് സമീപം TN 57 BA-6458 നമ്പർ ഹെവി ടിപ്പർ ലോറിയും KL 19 E-5397 നമ്പർ ബജാജ് പൾസർ മോട്ടോർ സൈക്കിളും കൂട്ടിയിടിച്ചതിന്റെ ഫലമായി മോട്ടോർ സൈക്കിളിൽ യാത്ര ചെയ്തിരുന്ന 20 വയസ്സുള്ള ബാലു, 18 വയസ്സുള്ള വിപിൻ എന്നീ ചെറുപ്പക്കാർ മരണപ്പെടുകയുണ്ടായി. പ്രസ്തുത ടിപ്പർ വാഹനം തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. വാഹനത്തിന്റെ രേഖകളും ഡ്രൈവറുടെ ലൈസൻസ് വിവരങ്ങളും ഇതുവരെ ഹാജരാക്കിയിട്ടില്ല. മാരായമുട്ടം പോലീസ് സ്റ്റേഷനിൽ ടിപ്പർ ലോറി ഡ്രൈവറെ പ്രതിയാക്കി 1084/2016 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 30-9-2016-ൽ ബഹുമാനപ്പെട്ട പാറശ്ശാല എം.എൽ.എ.-യും ജില്ലാ കളക്ടറും കരാറുകാരുടെ പ്രതിനിധികളുമായി നടന്ന ചർച്ചയിൽ ഇരു കുടുംബങ്ങൾക്കുമായി 30 ലക്ഷം രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അടിയന്തര സഹായം അനുവദിക്കുന്നതാണ്. ഇത്തരമൊരപകടം സംഭവിച്ചാൽ വാഹനത്തിന്റെ രേഖകളും ഡ്രൈവറുടെ ലൈസൻസ് വിവരങ്ങളും ഹാജരാക്കേണ്ടതുണ്ട്. എന്നാൽ ഇതുവരെ അവ ഹാജരാക്കിയിട്ടില്ല. ഇതിന്റെ യഥാർത്ഥ സ്ഥിതിയെന്താണെന്ന് പരിശോധിച്ച് കണ്ടെത്തേണ്ടതുണ്ട്. പെർമിറ്റും മതിയായ രേഖകളുമില്ലാതെ ഇത്തരം വാഹനങ്ങൾ ഓടുന്നുണ്ടോയെന്ന പരിശോധന കർശനമാക്കേണ്ടതാണെന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്. ആയതിനാൽ ഈ പരിശോധന കൂടുതൽ കർശനമാക്കുന്നതാണ്.

## (2) ഭാരതപ്പുഴയുടെ സംരക്ഷണം

<u>ശ്രീ. മുഹമ്മദ് മുഹസിൻ. പി</u> : സർ, എന്റെ മണ്ഡലത്തിന്റെ പ്രധാന ഭാഗങ്ങളിലൂടെ കടന്നുപോകുന്ന നദിയാണ് ഭാരതപ്പുഴ. ഇന്ന് ഭാരതപ്പുഴയുടെ അവസ്ഥ പരിതാപകരമാണ്. ഭാരതപ്പുഴയുടെ പല പ്രദേശങ്ങളും കയ്യേറി അവിടെ കൃഷി ചെയ്യുകയും കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. അവിടെ മണലൂറ്റൽ രൂക്ഷമായി തുടർന്നുകൊണ്ടിരിക്കുകയാണ്. ഇവ പരിശോധിക്കുന്ന പട്ടാമ്പിയിലുള്ള സ്ക്വാഡിന് വാഹനം പോലുമില്ല. അവിടത്തെ ഏറ്റവും വലിയ പ്രശ്നം മാലിന്യ നിക്ഷേപമാണ്. നഗരസഭയുടെയും മറ്റ് പഞ്ചായത്തുകളുടെയും അഴുക്കുചാലുകൾ ചെന്നവസാനിക്കുന്നത് ഭാരതപ്പുഴയിലാണ്. അത് തടയാനുള്ള യാതൊരു സംവിധാനവുമില്ല. ഏകദേശം പതിനെട്ട് വർഷങ്ങൾക്കുമുമ്പ് അവ ക്ലീൻ ചെയ്യാനുള്ള സംവിധാനമുണ്ടായിരുന്നെങ്കിലും ഇപ്പോൾ ആ സംവിധാനവുമില്ലാതായിരിക്കുകയാണ്. അറവ് മാലിന്യങ്ങളും അവിടെ നിക്ഷേപിക്കുന്നുണ്ട്. ചില പ്രദേശങ്ങളിൽ സർക്കാർ പിടിച്ചെടുത്ത വാഹനങ്ങൾ ഭാരതപ്പുഴയുടെ തീരത്താണ് ഡമ്പ് ചെയ്തിരിക്കുന്നത്. ഈ സ്ഥലം സാമൂഹ്യവിരുദ്ധരുടെ കേന്ദ്രമായി മാറിയിട്ടുണ്ട്. നഗരസഭയുടെ ബസ്

സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷനിൽനിന്ന് നേരിട്ടാണ് ടോയ്‌ലറ്റ് മാലിന്യങ്ങൾ ഭാരതപ്പുഴയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നത്. ചില ആളുകൾ സെപ്റ്റിക് ടാങ്ക് വരെ ഭാരതപ്പുഴയിൽ ഉണ്ടാക്കിയിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. ഷട്ടറിട്ട കടമുറികളിൽ താമസിക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾ പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നത് ഈ പുഴയിലാണ്. ഭാരതപ്പുഴയിലെ നൂറ് മില്ലി വാട്ടറിൽ 1100-ഓളം കോളിഫോം ബാക്ടീരിയയാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരത്തിൽ ജലത്തിൽ മാലിന്യം കലർന്നതിനാൽ മഞ്ഞപ്പിത്തം പോലുള്ള രോഗങ്ങൾ പടർന്നുപിടിക്കുന്നുണ്ട്. കയ്യേറ്റം ഒഴിപ്പിക്കാനും ഭാരതപ്പുഴ ക്ലീൻ ചെയ്യാനും കടകളിൽനിന്നും മറ്റുമുള്ള വേസ്റ്റുകൾ പുഴയിലേക്ക് ഒഴുക്കുന്നത് തടയാനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം ജലാശയങ്ങളിൽ ഗാർഹിക-വ്യാവസായിക മാലിന്യങ്ങൾ പുറന്തള്ളാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ട്. മലിനീകരണ നിയന്ത്രണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടി കൈക്കൊള്ളുന്നതിന് പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതികൾ വരുത്തിയിട്ടുമുണ്ട്. കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി 17-7-2009-ൽ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് 12-10-2014-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കി കുടിവെള്ളം സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മലിനീകരണ നിയന്ത്രണ ബോർഡിനെയും ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഭാരതപ്പുഴയുടെ ഇരുകരകളിലും സ്ഥിതി ചെയ്യുന്ന ഗ്രാമ-നഗര പ്രദേശങ്ങളിലുള്ള മാർക്കറ്റുകൾ, ഹോട്ടലുകൾ തുടങ്ങിയവയിൽനിന്നും പുറന്തള്ളപ്പെടുന്ന ജൈവ മാലിന്യങ്ങൾ, സ്വീവേജ് എന്നിവ പുഴയുടെ മലിനീകരണത്തിന് കാരണമാകുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് കഴിഞ്ഞ വർഷങ്ങളിൽ പുഴയിലെ മോണിറ്ററിംഗ് സ്റ്റേഷനുകളിൽ നടത്തിയ പരിശോധനകളിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രൈബ്യൂണൽ സ്വമേധയാ കേസ്സെടുക്കുകയും 23-5-2016-ലെ ഉത്തരവുപ്രകാരം ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി അഞ്ചംഗ വിദഗ്ദ്ധ സമിതിയെ രൂപീകരിച്ചിട്ടുമുണ്ട്. പ്രസ്തുത സമിതി ഭാരതപ്പുഴയിലെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് അവ തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനുമുതകുന്ന നടപടികൾ ശിപാർശ ചെയ്യണമെന്ന് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്. ടി സമിതിയുടെ ശിപാർശകളിന്മേൽ സംസ്ഥാന മലിനീകരണ ബോർഡ് തുടർനടപടി കൈക്കൊള്ളുന്നതാണ്. തെരഞ്ഞെടുപ്പിനുമുമ്പുതന്നെ നിളയുടെ സംരക്ഷണവുമായി

ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി പരസ്യമായി പറഞ്ഞിട്ടുള്ള കാര്യമാണ്. ഇപ്പോൾ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട കാര്യങ്ങളിൽ ഒരു ഭാഗം നിലവിലുള്ള കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കലാണ്. അതിന്റെ രണ്ടാം ഘട്ടം കേരളത്തിലെ എല്ലാ നദികളെയും ശരിയായ രീതിയിൽ വീണ്ടെടുക്കലാണ്. അതിലേറ്റവും പ്രാധാന്യമുള്ള നദികളിലൊന്നാണ് ഭാരതപ്പുഴ. ഭാരതപ്പുഴയെ സംരക്ഷിച്ച് ശുദ്ധമായ വെള്ളം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

മി. സ്പീക്കർ : കേരളത്തിലെ എല്ലാ നദികളും സംരക്ഷിക്കുമെന്നാണല്ലോ പ്രഖ്യാപനം. ചില നദികൾ റോൾ മോഡലായി എടുത്തുകൂടേ? ഇന്നോ നാളെയോ ഡോ. കെ. ജെ. യേശുദാസിന്റെ നേതൃത്വത്തിൽ ആലുവപ്പുഴയുമായി ബന്ധപ്പെട്ട് മലിനീകരണത്തിനെതിരെയുള്ള ഒരു നീക്കം നടക്കുന്നുണ്ട്.

ശ്രീ. പിണറായി വിജയൻ : സർ, എല്ലാ നദികളും സംരക്ഷിക്കുന്നതിനുള്ള നടപടികൾ തന്നെയാണ് സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ ഹരിത കേരളം പദ്ധതിയുടെ അംബാസിഡറാകാൻ സന്നദ്ധനാണെന്ന് ഡോ. കെ. ജെ. യേശുദാസ് അറിയിച്ചിട്ടുണ്ട്. എല്ലാ നദികളും സംരക്ഷിക്കുക എന്നതുതന്നെയാണ് ലക്ഷ്യം. ആദ്യം കുളങ്ങളും തോടുകളും വീണ്ടെടുക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. രണ്ടാം ഘട്ടമായി നദികളിലേക്കും കായലുകളിലേക്കും കടക്കാം.

## (3) പട്ടയഭൂമി കൈമാറ്റം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, തോട്ടം തൊഴിലാളികൾക്ക് വീടില്ലാത്ത പ്രശ്നം വളരെ ഗൗരവമായി എൽ.ഡി.എഫ്. ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള കാര്യം നമുക്കറിയാം. 1958-ൽ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 258 ഏക്കർ ഭൂമി തോട്ടം തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനായി മാറ്റിവച്ചിരുന്നു. അത് കെ.ഡി.എച്ച്. ആക്ടനുസരിച്ചും ലാന്റ് ബോർഡ് അവാർഡനുസരിച്ചും ആവർത്തിച്ച് നിശ്ചയിച്ചിട്ടുള്ളതാണ്. 2010-ൽ ശ്രീ. കെ. പി. രാജേന്ദ്രൻ റവന്യൂ വകുപ്പുമന്ത്രി യായിരുന്നപ്പോൾ 3400 പേർക്ക് 5-10 സെന്റ് ഭൂമി വച്ച് പട്ടയം നൽകിയപ്പോൾ 770 പേർക്ക് ഭൂമി ലഭിച്ചു. ഇപ്പോൾ ആ ഭൂമിയിൽ പലരും വീടുവച്ച് താമസിച്ചുവരികയാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതോടെ ബാക്കി 2630 പേർക്ക് ഭൂമി ലഭിച്ചിട്ടില്ല. എന്നാൽ ഇവർക്ക് പട്ടയമുള്ളതിനാൽ കരം ഒടുക്കിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇപ്പോൾ ഗവൺമെന്റ് തോട്ടം തൊഴിലാളികൾക്ക് വീടുവച്ച് നൽകുന്നതിനായി തുക നീക്കിവച്ചിട്ടുള്ളതും ആ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകാനുള്ള താൽപ്പര്യം കാണിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് 2630 തോട്ടം തൊഴിലാളികൾക്ക് 5 സെന്റ് വീതം നൽകിയിട്ടുള്ള, കരമൊടുക്കുന്ന പട്ടയ ഭൂമിയിൽ വീട് വയ്ക്കാനാവശ്യമായ സഹായം ലഭ്യമാക്കാനുള്ള

നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ കുറ്റ്യാർവാലിയിൽ 2300 പേർക്ക് 5 സെന്റ് ഭൂമിവീതം നൽകിയ പട്ടയങ്ങൾ പരിശോധിച്ച് അർഹതയുള്ളവർക്ക് നിയമാനുസരണം ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 20-8-2015-ലെ 26533 എ-2/2015 നമ്പർ കത്തുപ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അർഹത തിട്ടപ്പെടുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി ദേവികുളം ആർ.ഡി.ഒ.-യെയും ദേവികുളം തഹസീൽദാരെയും ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ പട്ടയം സംബന്ധിച്ച് ആക്ഷേപങ്ങളുള്ളതിനാൽ വിജിലൻസ്, ദേവികുളം ആർ.ഡി.ഒ. എന്നിവർ മുഖാന്തരം അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതും അർഹതപ്പെട്ടവർക്കെല്ലാം പട്ടയം നൽകുന്നതുമായിരിക്കും.

### (4) ഇലക്ട്രിക്കൽ സെക്ഷൻ

ശ്രീ. കെ. രാജൻ : സർ, തൃശ്ശൂർ ഈസ്റ്റ് ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള ഏറ്റവും വലിയ ഇലക്ട്രിക്കൽ സെക്ഷനാണ് ഒല്ലൂരിലെ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ. ഈ സെക്ഷന്റെ വിസ്തീർണ്ണം 140 ചതുരശ്ര കിലോമീറ്ററാണ്. നിലവിൽ ഈ സെക്ഷന്റെ കീഴിൽ 143 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 18000-ത്തിലധികം ഉപഭോക്താക്കളുമുണ്ട്. എന്റെ മണ്ഡലത്തിൽ മാത്രമല്ല തൃശ്ശൂർ കോർപ്പറേഷനിലേയ്ക്കും സമീപ പഞ്ചായത്തുകളിലേക്കും വെള്ളം പമ്പ് ചെയ്യുന്ന പമ്പിംഗ് സ്റ്റേഷനുകൾ പട്ടിക്കാട് സെക്ഷന്റെ കീഴിലാണ്. മാത്രമല്ല, കേരളത്തിലെ ശ്രദ്ധേയമായ സ്ഥാപനങ്ങളായ പീച്ചി ഡാം റിസർവോയർ, പീച്ചി ഹൈഡൽ പവർ ജനറേറ്റിംഗ് സ്റ്റേഷൻ, പീച്ചി ടൂറിസം ഡെസ്റ്റിനേഷൻ സെന്റർ, കെ.എഫ്.ആർ.ഐ., കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ബനാന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് സീഡ് ഫാം തുടങ്ങിയ 150-ലധികം സർക്കാർ സ്ഥാപനങ്ങളും 3000-ത്തോളം കച്ചവട സ്ഥാപനങ്ങളും 300-ലധികം വ്യാവസായിക കണക്ഷനുകളുമെല്ലാം പ്രസ്തുത സെക്ഷന്റെ കീഴിലാണ്. മണ്ഡലത്തിലെ പ്രധാനപ്പെട്ട മൂന്ന് ആദിവാസി സങ്കേതങ്ങൾ ഈ സെക്ഷന്റെ കീഴിലാണ്. സെക്ഷൻ ആസ്ഥാനത്തു നിന്നും 40 കിലോമീറ്റർ അകലെ ഒളകര ആദിവാസി കോളനി, 25 കിലോമീറ്റർ അകലെ മണിയൻകിണർ കോളനി, 13 കിലോമീറ്റർ അകലെ എസ് സി. കോളനിയായ താമരവെള്ളച്ചാൽ എന്നിവയുമുണ്ട്. 18 കിലോമീറ്റർ ദൈർഘ്യമുള്ള 33 കെ. വി.

ഫീഡറിന്റെ മെയിന്റനൻസും ഈ സെക്ഷന്റെ കീഴിലാണ്. ദേശീയപാത ആറുവരിയാക്കുന്നതിന്റെ ഭാഗമായുള്ള എല്ലാ മെയിന്റനൻസ് പ്രവൃത്തികളും ഈ സെക്ഷനിൽ നിന്നും ഇപ്പോൾ നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. വനപ്രദേശമായതു കൊണ്ട് എല്ലാ ദിവസവും മരംവീണ് വൈദ്യുതി മുടങ്ങുന്ന സ്ഥിതിയുണ്ട്. ഈ സാഹചര്യത്തിൽ നിലവിലെ പരിമിതമായ ഉദ്യോഗസ്ഥരെയും സംവിധാനങ്ങളും ഉപയോഗിച്ച് പ്രസ്തുത സെക്ഷൻ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണ്. വൈദ്യുതി പ്രസരണത്തിനും പ്രവാഹത്തിനും തടസ്സം നേരിടുന്ന പ്രശ്നങ്ങളും വോൾട്ടേജ് ക്ഷാമവുമുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ പട്ടിക്കാട് സെക്ഷൻ ഉപഭോക്താക്കളെയും തൊട്ടടുത്ത പൂത്തൂർ, നടത്തറ സെക്ഷൻ പ്രദേശത്തെ ഉപഭോക്താക്കളെയും ചേർത്ത് ഈ സെക്ഷൻ വിഭജിച്ച് പീച്ചി ആസ്ഥാനമാക്കി പുതിയ ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, പീച്ചിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലു കളൊന്നും നിലവിലില്ല. പുതിയ സെക്ഷനുകൾ ആരംഭിക്കണമെന്നുള്ള സബ്മിഷന്റെ അടിസ്ഥാനത്തിൽ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പൂത്തൂർ, നടത്തറ എന്നീ സെക്ഷനുകളിലെ ഉപഭോക്താക്കളെ ഉൾപ്പെടുത്തി പീച്ചി കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച് പരിശോധന നടത്തി. നിലവിലുള്ള സെക്ഷൻ ആഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും ഉപഭോക്താക്കൾ 25000-ത്തിലധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും ഉപഭോക്താക്കൾ 20000-ത്തിൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ നിലവിലുള്ള സെക്ഷൻ ആഫീസുകൾ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് രൂപീകരിക്കുന്നത്. റിസർവോയർ ഏരിയ ഉൾപ്പെടെ 140 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിന്റെ കീഴിൽ 18000 ഉപഭോക്താക്കളും 37 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണമുള്ള നടത്തറ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ 16475 ഉപഭോക്താക്കളും 55 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പൂത്തൂർ സെക്ഷന്റെ കീഴിൽ 13731 ഉപഭോക്താക്കളു മാണുള്ളത്. നിലവിലുള്ള മാനദണ്ഡപ്രകാരം പട്ടിക്കാട്, പൂത്തൂർ, നടത്തറ എന്നീ

സെക്ഷനുകൾ വിഭജനത്തിന് പാകമായിട്ടില്ലെന്നുള്ളതാണ് ഇന്നത്തെ അവസ്ഥ.

## (5) കെ.എസ്.ഇ.ബി. സബ്ഡിവിഷൻ

ശ്രീ. വി. അബ്ദുറഹിമാൻ : സർ, താനൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ ഭാഗങ്ങളും തിരൂരിന്റെ പകുതിയിലേറെ ഭാഗങ്ങളും ഉൾപ്പെടുന്നതാണ് തിരൂർ സബ്ഡിവിഷൻ. തിരൂർ ഈസ്റ്റ്, തിരൂർ വെസ്റ്റ്, പൊൻമുണ്ടം, താനാളൂർ, താനൂർ ഈസ്റ്റ്, താനൂർ വെസ്റ്റ് എന്നീ 6 മേഖലകളിലായി വ്യാപിച്ച് കിടക്കുന്നതാണ് തിരൂർ സബ്ഡിവിഷൻ. ഒന്നേകാൽ ലക്ഷം ഉപഭോക്താക്കളും 500-ലധികം ട്രാൻസ്ഫോർമറുകളുമുള്ള വിശാലമായ മേഖലയാണിത്. ഇക്കാരണത്താൽ താനൂർ മേഖലയിലെ ഉപഭോക്താക്കൾക്ക് ഒട്ടേറെ ബുദ്ധിമുട്ടും സമയ-സാമ്പത്തിക നഷ്ടവും സംഭവിക്കുകയും അറ്റകുറ്റപ്പണികൾക്കും മികച്ച സേവനത്തിനും വൈഷമ്യം നേരിടുകയും ചെയ്യുന്നു. സാധാരണ മൂന്ന് മേഖലകളാണ് ഒരു സബ്ഡിവിഷന്റെ കീഴിൽ വരുന്നത്. പരിധിയുടെ ഇരട്ടിയാണ് തിരൂർ സബ്ഡിവിഷൻ മേഖല. ആയതിനാൽ താനൂർ കേന്ദ്രമാക്കി ഒരു സബ്ഡിവിഷൻ രൂപീകരിച്ചാൽ ജനങ്ങൾക്കും ബോർഡിനും വളരെയേറെ നേട്ടങ്ങൾ ലഭിക്കുമെന്നതിനാൽ അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, തിരൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള തിരൂർ ഈസ്റ്റ് സബ്ഡിവിഷൻ വിഭജിച്ച് താനൂർ ആസ്ഥാനമായി പുതിയ സബ്ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു. തിരൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ തിരൂർ ഈസ്റ്റ്, ആലത്തിയൂർ, പുത്തനത്താണി, വളാഞ്ചേരി എന്നീ നാല് സബ്ഡിവിഷനുകളാണുള്ളത്. തിരൂർ ഈസ്റ്റ് സബ്ഡിവിഷന്റെ കീഴിൽ ആറ് ഇലക്ട്രിക്കൽ സെക്ഷനുകളാണുള്ളത്. 331 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള തിരൂർ ഈസ്റ്റ് സബ്ഡിവിഷന്റെ കീഴിൽ ഏകദേശം 94000 ഉപഭോക്താക്കളാണുള്ളത്. ടി സബ്ഡിവിഷന്റെ കീഴിൽ 492 ട്രാൻസ്ഫോർമറുകളും 294.38 കിലോമീറ്റർ എച്ച്.റ്റി. ലൈനും 1507 കിലോമീറ്റർ എൽ.റ്റി. ലൈനുമുണ്ട്. നിലവിലുള്ള മറ്റ് സബ്ഡിവിഷനുകളുമായി താരതമ്യം ചെയ്യുമ്പോൾ വിസ്തൃതിയുടെ കാര്യത്തിൽ 40-ാം സ്ഥാനത്ത് മാത്രമുള്ള ടി സബ്ഡിവിഷൻ, ഉപഭോക്താക്കളുടെ എണ്ണത്തിന്റെ കാര്യത്തിൽ 11-ാം സ്ഥാനത്തും ട്രാൻസ്ഫോർമറുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ 21-ാം സ്ഥാനത്തും എച്ച്.റ്റി., എൽ.റ്റി. ലൈനുകളുടെ നീളത്തിന്റെ

കാര്യത്തിൽ യഥാക്രമം 74, 70 എന്നീ സ്ഥാനങ്ങളിലുമാണുള്ളത്. കെ.എസ്.ഇ.ബി.-യുടെ കീഴിൽ ആറോ അതിലധികമോ ഇലക്ട്രിക്കൽ സെക്ഷനുകളുള്ള 15 ഇലക്ട്രിക്കൽ സബ്ഡിവിഷനുകളുണ്ട്. പുതിയതായി സബ്ഡിവിഷൻ ആഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതിയ തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും ഇപ്പോൾ പുതിയ സബ്ഡിവിഷൻ ആഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ആഫീസുകളുടെ പുനഃക്രമീകരണം പരിശോധിച്ചു വരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്. ആയതിനാൽ തിരൂർ ഈസ്റ്റ് സബ്ഡിവിഷൻ വിഭജിച്ച് താനൂർ ആസ്ഥാനമായി പുതിയ സബ്ഡിവിഷൻ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## V ഗവൺമെന്റ് പ്രമേയം

### സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണം

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, "2013-ൽ പാർലമെന്റ് പാസ്സാക്കുകയും 2013 ജൂലൈ 5-ന് നിലവിൽ വരികയും ചെയ്ത ദേശീയ ഭക്ഷ്യ ഭദ്രത നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. എന്നാൽ നിയമം പൂർണ്ണമായും നടപ്പിൽ വരാത്ത സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന അധിക ധാന്യവിഹിതം കേന്ദ്രം നിർത്തലാക്കിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ എ.പി.എൽ. വിഭാഗത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന സബ്സ്ഡി നിരക്കിലുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം കൂടി അവസാനിപ്പിച്ച് കേന്ദ്ര മന്ത്രിസഭ തീരുമാനമെടുത്തിരിക്കുന്നു. ഇതുമൂലം കേരളത്തിന്റെ പൊതുവിതരണരംഗം അങ്ങേയറ്റം താറുമാറാകുന്ന സാഹചര്യം സംജാതമാകുകയാണ്. സമയബന്ധിതമായി കേന്ദ്ര നിയമം നടപ്പിലാക്കുവാൻ തീരുമാനം കൈക്കൊള്ളുകയും അതിൻപ്രകാരം നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ കേന്ദ്ര തീരുമാനം പുനഃപരിശോധിക്കണമെന്നും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നിലവിലുള്ള കേരളത്തിന് ലഭിച്ചു കൊണ്ടിരിക്കുന്ന റേഷൻ വിഹിതം തുടർന്നും ലഭ്യമാക്കണമെന്നും ഈ സഭ അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയത്തിന് ഭേദഗതികളൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. പി. തിലോത്തമൻ : സർ, പാർലമെന്റ് 2013-ൽ പാസ്സാക്കിയ ഭക്ഷ്യ ഭദ്രത നിയമം സംസ്ഥാനത്ത് നടപ്പാക്കിയില്ലെന്ന കാരണത്താൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന നടപടികൾ കേന്ദ്രം സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. മലയാളികളുടെ ദേശീയോത്സവമായ ഓണത്തിന് പ്രത്യേക പരിഗണന ലഭിക്കേണ്ടതായിട്ടുപോലും നമുക്ക് കാലാകാലങ്ങളായി നൽകിക്കൊണ്ടിരുന്ന അഡ്ഹോക് അലോട്ട്മെന്റ് കേന്ദ്രം തടഞ്ഞിരിക്കുകയാണ്. 28-9-2016-ലെ കേന്ദ്ര ക്യാബിനറ്റ് തീരുമാനമനുസരിച്ച് കേരളത്തിലെ എ.പി.എൽ. വിഭാഗത്തിന് നൽകിയിരുന്ന ആനുകൂല്യങ്ങളും അവസാനിപ്പിക്കുകയാണ്. എ.പി.എൽ. കാർഡുടമകൾക്ക് 8.30 രൂപയ്ക്ക് ലഭിച്ചിരുന്ന അരി ഇനിമുതൽ 22.54 രൂപയ്ക്കും 6.10 രൂപയ്ക്ക് ലഭിച്ചിരുന്ന ഗോതമ്പ് 15.25 രൂപയ്ക്കും മാത്രമേ ലഭിക്കുകയുള്ളൂ. സെപ്റ്റംബറിലെ കണക്കുപ്രകാരം 6261459 എ.പി.എൽ. കുടുംബങ്ങളാണ് സംസ്ഥാനത്തുള്ളത്. ഇവർക്ക് പ്രതിമാസം 36056 ടൺ അരി, 11777 ടൺ ഗോതമ്പ് എന്നിങ്ങനെയാണ് ലഭിച്ചിരുന്നത്. 37.10 കോടി രൂപയ്ക്ക് ലഭിച്ചിരുന്ന ഈ ഉൽപ്പന്നങ്ങൾക്ക് ഇനി 99.22 കോടി രൂപ നൽകേണ്ടിവരും. 62.12 കോടി രൂപയുടെ അധിക ബാധ്യതയാണ് ഉണ്ടാകാൻ പോകുന്നത്. ഇതോടൊപ്പം എ.പി.എൽ. വിഭാഗത്തിലെ 66% വരുന്ന എ.പി.എൽ. എസ്.എസ്. വിഭാഗത്തിന് 2 രൂപ നിരക്കിൽ അരി വിതരണത്തിന് 16.47 കോടി രൂപ പ്രതിമാസം അധികമായി ചെലവഴിക്കേണ്ടിവരും. ഈ സ്ഥിതിവിശേഷം സംസ്ഥാനത്തിന് ഒരിക്കലും താങ്ങാൻ കഴിയുന്നതല്ല. സംസ്ഥാനത്ത് നിലനിൽക്കുന്ന റേഷൻ സമ്പ്രദായം താറുമാറാകുമെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. പാർലമെന്റ് 2013-ലാണ് ഭക്ഷ്യ ഭദ്രത നിയമം പാസ്സാക്കിയത്. എന്നാൽ 2016 ഏപ്രിൽ വരെ അധികാരത്തിലിരുന്ന യു.ഡി.എഫ്. സർക്കാർ ഇക്കാര്യത്തിൽ പ്രാഥമികമായ കാര്യങ്ങൾ മാത്രം നിർവ്വഹിച്ചുകൊണ്ടാണ് കടന്നുപോയത്. 2012-ൽ റേഷൻ കാർഡ് പുതുക്കേണ്ടതായിരുന്നു. 2013-ൽ ഈ വ്യവസ്ഥകൂടി വന്നപ്പോൾ അതെല്ലാം ചേർത്ത് അപേക്ഷാഫോറം പൂരിപ്പിച്ച് വിവരശേഖരണം നടത്തി എന്നല്ലാതെ മറ്റ് കാര്യങ്ങളൊന്നും നിർവ്വഹിച്ചിരുന്നില്ല. മാത്രമല്ല, മുൻ ഗവൺമെന്റിന്റെ അവസാന നാളുകളിൽ വ്യവസ്ഥയ്ക്ക് വിധേയമായി താലൂക്കുതല റാങ്കിംഗ് നിശ്ചയിച്ചാണ് പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കാൻ തീരുമാനമെടുത്തത്. അങ്ങനെ പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കി കൊടുങ്ങല്ലൂർ താലൂക്കിലും എറണാകുളം സിറ്റി റേഷനിംഗ് പരിധിയിലും പ്രസിദ്ധപ്പെടുത്തിയപ്പോൾ ധാരാളം അപാകതകളാണ്

ബോധ്യമായത്. അതുകൊണ്ട് താലൂക്കുതല റാങ്കിംഗ് രീതി ഒഴിവാക്കി സംസ്ഥാനാടിസ്ഥാനത്തിൽ റാങ്കിംഗ് നിശ്ചയിക്കാൻ ഇന്നത്തെ ഗവൺമെന്റ് തീരുമാനമെടുത്തു. എല്ലാ റേഷൻ കാർഡ് അംഗങ്ങളുടെയും ആധാർ കാർഡ് നമ്പർ ശേഖരിക്കാനുള്ള നടപടിയാണ് ആദ്യം സ്വീകരിച്ചത്. സംസ്ഥാന അടിസ്ഥാനത്തിൽ റാങ്കിംഗ് നിശ്ചയിച്ച്, അവർ അന്ന് ശേഖരിച്ച വിവരശേഖരണവുമായി ബന്ധപ്പെടുത്തി പ്രയോറിറ്റി ലിസ്റ്റ് പൂർത്തിയാക്കുകയെന്ന ഭാരിച്ച ഉത്തരവാദിത്വമാണ് കഴിഞ്ഞ ദിവസങ്ങളിലെല്ലാം ചെയ്തുകൊണ്ടിരുന്നത്. ഒക്ടോബർ 5-ന് കരട് പ്രയോറിറ്റി ലിസ്റ്റ് സംസ്ഥാനത്ത് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് എനിക്ക് ഉറപ്പിച്ചുപറയാൻ സാധിക്കും. മാർച്ച് 1-ന് പുതിയ റേഷൻ കാർഡ് വിതരണം ചെയ്തുകൊണ്ട് നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്റ്റ് (എൻ.എഫ്.എസ്.എ.) സംസ്ഥാനത്ത് നടപ്പാക്കാനുള്ള തീവ്രമായ പരിശ്രമത്തിലാണ് ഏർപ്പെട്ടു കൊണ്ടിരിക്കുന്നത്. മാർച്ച് 1-ന് മുമ്പ് റേഷൻ കാർഡ് വിതരണം ചെയ്യാനും ഏതെങ്കിലും ഒരു ജില്ല പൈലറ്റായി തെരഞ്ഞെടുത്ത് എൻ.എഫ്.എസ്.എ. നടപ്പാക്കാനുമുള്ള കഠിനമായ ശ്രമം നടത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് കേന്ദ്ര ഗവൺമെന്റ് വീണ്ടും കേരളത്തിന്റെമേൽ ഈ ഭാരം അടിച്ചേൽപ്പിച്ച് സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിലനിന്നിരുന്ന നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ കണ്ണുനീർ കുടിപ്പിക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചത്. സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭിച്ചിരുന്ന ഭക്ഷ്യധാന്യം പഴയതുപോലെ ലഭിക്കാനാവശ്യമായ നടപടികൾ കേന്ദ്രം സ്വീകരിക്കണം. എൻ.എഫ്.എസ്.എ. സമയബന്ധിതമായി നാം നടപ്പിലാക്കുന്നതാണ്. വളരെ സുതാര്യമായും കർക്കശമായും ആ നിയമം നടപ്പിലാക്കി ഗവൺമെന്റ് മുന്നോട്ടുപോകുമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് അറിയിക്കാനുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u> : സർ, കേരളത്തിൽ എല്ലാവർക്കും കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയെന്നുള്ളത് ആശ്വാസകരമായ കാര്യമാണ്. പക്ഷെ അത്രമാത്രം ധാരാളിത്തം കാണിക്കാനുള്ള സാമ്പത്തിക സ്ഥിതി കേരളത്തിനുണ്ടോയെന്ന് ചിന്തിക്കേണ്ട കാര്യമാണ്. ഇവിടെ കുറേ കാലങ്ങളായി സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിൽക്കുന്നു. സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന സമ്പ്രദായം എല്ലാവരും ഇഷ്ടപ്പെടുന്നതാണ്. പക്ഷെ നമ്മുടെ പരിമിതമായ റിസോഴ്സസ് ഉപയോഗിക്കുമ്പോൾ മുൻഗണന കൊടുക്കേണ്ടത് പാവപ്പെട്ട ആളുകൾക്കായിരിക്കണം. കേന്ദ്ര ഗവൺമെന്റ് 2013-ൽ പാസ്സാക്കിയ ഭക്ഷ്യ ഭദ്രത നിയമം നടപ്പാക്കാൻ നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിരുന്നുവെങ്കിലും സംസ്ഥാനം സമയം ആവശ്യപ്പെട്ടുകൊണ്ടിരുന്ന സാഹചര്യത്തിലാണ് ഇത്തരത്തിൽ നീട്ടിക്കൊണ്ടുപോയത്. ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും ഭക്ഷ്യ ഭദ്രത നിയമം നടപ്പാക്കുന്ന കാര്യത്തിൽ കേരളം വീഴ്ച വരുത്തിയിരിക്കുകയാണ്. ഈ

സാഹചര്യത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുമാത്രമല്ല, എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്കും സബ്സിഡി നിരക്കിൽ സാധനങ്ങൾ നൽകുന്ന സമ്പ്രദായം താങ്ങാൻ സാധിക്കില്ല. സംസ്ഥാന ഗവൺമെന്റുകൾക്ക് സബ്സിഡി നൽകുന്നതിന് സ്വാതന്ത്ര്യമുണ്ട്. പക്ഷേ കേന്ദ്രത്തിന്റെമേൽ ആ ബാധ്യത വരാൻ പാടില്ല. അതുകൊണ്ട് ഏറ്റവും അടിത്തട്ടിലുള്ള, അതായത് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സബ്സിഡി കൊടുക്കാൻ തയ്യാറാണെന്നുള്ള നിലപാടാണ് കേന്ദ്രം സ്വീകരിച്ചിട്ടുള്ളത്. ഞാൻ ഈ ഗവൺമെന്റിനെ കുറ്റം പറയുകയല്ല, മുൻ ഗവൺമെന്റ് കാണിച്ച അനാസ്ഥയുടെ തുടർച്ചയാണിത്. ഇപ്പോഴെങ്കിലും ഈ ധാരാളിത്തത്തിന്റെ ആവശ്യമുണ്ടോയെന്ന് ഗൗരവമായി ചിന്തിക്കേണ്ടതായിട്ടുണ്ട്. ഈ പ്രമേയത്തിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തെ പീഡിപ്പിക്കുന്ന നിലപാട് സ്വീകരിക്കുന്നുവെന്നുള്ള പരാമർശം ശരിയല്ല. അതിൽ എന്റെ വ്യത്യസ്തമായ അഭിപ്രായം ഞാൻ രേഖപ്പെടുത്തുന്നു. ഗവൺമെന്റ് പ്രമേയം പാസ്സാക്കുന്നതിൽ എനിക്ക് വിരോധമില്ല. പക്ഷേ അതിൽ ഞാൻകൂടി കൂട്ടുനിന്നു വെന്ന് വരാൻ പാടില്ല. എനിക്കതിൽ വ്യത്യസ്ത അഭിപ്രായമുണ്ട്. പാവപ്പെട്ട ആളുകൾക്ക് മാത്രം സബ്സിഡി ലഭിക്കണം. നിലവിലെ വിലയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള സാഹചര്യം മറ്റുള്ളവർക്കുണ്ട്. അതാണ് വാസ്തവത്തിൽ കൃഷിക്കാരോട് നമുക്ക് ചെയ്യാൻ സാധിക്കുന്ന പ്രാഥമിക സഹായം. അവരുടെ വരുമാനം വർദ്ധിക്കുന്നതിന് സാഹചര്യമുണ്ടാക്കുന്നത് വലിയൊരു പീഡിപ്പിക്കലായി കണക്കാക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ, നിയമം നടപ്പാക്കുന്നതിലുണ്ടായ കാലതാമസത്തിന് ഉത്തരവാദി ഈ ഗവൺമെന്റല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപടി ക്രമങ്ങൾ ഓരോന്നും പാലിച്ച് ആക്ട് നടപ്പിലാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തിയതല്ല. കേരളത്തിന് അർഹതപ്പെട്ട അരിയും ഗോതമ്പും മറ്റുൽപ്പന്നങ്ങളും വീഴ്ചയില്ലാതെ നൽകണമെന്ന റിക്വസ്റ്റാണ് ഇവിടെ നടത്തിയിരിക്കുന്നത്. ഒരു കാര്യംകൂടി പറയാനുണ്ട്, ഏകദേശം 26000 കിലോ ലിറ്റർ മണ്ണെണ്ണ നമുക്ക് ലഭിച്ചുകൊണ്ടിരുന്നതിൽനിന്ന് 10000 കിലോ ലിറ്റർ വെട്ടിക്കുറച്ച് 16000 കിലോ ലിറ്ററാക്കിയിരിക്കുകയാണ്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിന്നിരുന്ന ഈ സംസ്ഥാനത്തെ അങ്ങേയറ്റം സമ്മർദ്ദത്തിലും ദുഃഖകരമായ അവസ്ഥയിലും എത്തിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന് 3 വർഷം ലഭിച്ചിട്ടും ഈ ആക്ട് നടപ്പാക്കാൻ വേണ്ടത്ര ഗൗരവം കാണിച്ചില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നാലുമാസംകൊണ്ട് ചെയ്യാവുന്നതിന്റെ പരമാവധി കാര്യങ്ങൾ ചെയ്തു. 6 മാസമാണ് ഞങ്ങൾ കൂടുതലായി കേന്ദ്രത്തോടാ

വശ്യപ്പെട്ടത്. കുറേക്കൂടി അഡ്വാൻസ് ചെയ്ത് നിയമം നടപ്പിലാക്കുന്നതിനുള്ള കഠിന പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന് പ്രതിപക്ഷത്തിന്റെ പൂർണ്ണമായ പിന്തുണയുണ്ടെന്ന് പ്രതിപക്ഷനേതാവ് അറിയിച്ചിട്ടുണ്ടെന്നാണ് ചെയർ മനസ്സിലാക്കുന്നത്.

പ്രമേയത്തെ ...

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## VI റിപ്പോർട്ട് സമർപ്പണം

### സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ആനുകാലിക റിപ്പോർട്ട്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## VII ധനകാര്യം

### 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ : ബഹുമാനപ്പെട്ട വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രിക്ക് വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിക്ക് തുറമുഖങ്ങൾ എന്ന XL-ാം

നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17

| ധനാഭ്യ ർത്ഥന നമ്പർ | ധനാഭ്യ ർത്ഥന യുടെ പേര് | 24-02-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-07-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
|---|---|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XXXI | വൈദ്യ | 46,31, | 20,64,0 | 3 | 15,48,0 | 5 | 25,80,0 | 8 |
| X | ത | 86,000 | 0,000 | 34,73, | 0,000 | 57,8 | 0,000 | 83,6 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | പദ്ധതി | | | 90,00 | | 9,83, | | 9,83, |
| | കൾ | | | 0 | | 000 | | 000 |
| | | 1 | | 1 | | 2 | | 7 |
| | തുറമുഖ | 18,79, | | 14,09, | | 23,4 | | 72,6 |
| XL | ങ്ങൾ | 65,00 | 39,30,33 | 74,00 | 29,47,7 | 9,55, | 49,12,9 | 2,47, |
| | | 0 | ,000 | 0 | 5,000 | 000 | 2,000 | 000 |

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(പ്രതിപക്ഷ ബഹിഷ്കരണത്തെ തുടർന്ന് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : രണ്ട് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ : സർ, വൈദ്യുതി, തുറമുഖം എന്നിവ സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. വൈദ്യുതി ബൾബിലെത്തുമ്പോൾ പ്രസരിക്കുന്ന പ്രകാശമല്ല ട്യൂബിലെത്തുമ്പോൾ കിട്ടുന്നത്. വൈദ്യുതി റേഡിയോവിലൂടെ കടത്തിവിടുമ്പോൾ പാട്ടുകേൾക്കുകയും ടെലിവിഷനിലെത്തുമ്പോൾ അത് ദൃശ്യവും ശ്രവ്യവുമായി മാറുകയും ചെയ്യുന്നു; ഫാനിലെത്തുമ്പോൾ കാറ്റ് വരികയും ഇ.സി.ജി. മെഷീനിലെത്തുമ്പോൾ അത് ഹൃദയസ്പന്ദനം രേഖപ്പെടുത്തുകയും ലിഫ്റ്റിലേക്ക് കടത്തിവിടുമ്പോൾ അത് നമ്മെ ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുകയും ചെയ്യുന്നു. എന്നാൽ കേരളത്തിൽ വൈദ്യുതി മേഖലയിൽ ലക്ഷ്യസ്ഥാനം കൈവരിക്കാൻ തടസ്സങ്ങൾ നിരവധിയാണ്. ഈ സാഹചര്യത്തിൽ വിസ്മയകരമായ വിജയത്തിളക്കവുമായി അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ മേഖലയിലുള്ള പ്രതിസന്ധി മറികടന്ന് സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് കേരളത്തെ നയിക്കാൻ നടത്തുന്ന എല്ലാ ശ്രമങ്ങളെയും സർവ്വാത്മനാ പിന്തുണ

യ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം 76.74 ദശലക്ഷം യൂണിറ്റാണ്. പ്രതിദിന ആഭ്യന്തര വൈദ്യുതി ഉല്പാദനം 21.29 ദശലക്ഷം യൂണിറ്റാണ്. 55.45 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിന് അധികമായി വേണ്ടത്. സംസ്ഥാനം 65 ശതമാനത്തോളം വൈദ്യുതി പുറത്തുനിന്ന് വാങ്ങുന്നു. കേന്ദ്ര വൈദ്യുതി നിയമവും കേന്ദ്ര കരട് വൈദ്യുതി നിയമവും കേരളത്തിന് ആപത്താണ്. വൈദ്യുതി മേഖലയെയും സമ്പദ്ഘടനയെയും തകർക്കുന്ന നിയമമാണ് കേന്ദ്ര ഗവൺമെന്റിന്റേത്. പുതിയ ആണവ താപനിലയങ്ങൾ സ്ഥാപിക്കാത്ത സംസ്ഥാനങ്ങൾക്ക് വൈദ്യുതി വിഹിതം നൽകേണ്ടതില്ലെന്ന കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം പുനഃപരിശോധിക്കേണ്ടതാണ്. വൻ പാരിസ്ഥിതിക മലിനീകരണമുണ്ടാകുമെന്നതിനാൽ കേരളംപോലുള്ള പരിസ്ഥിതി ദുർബല സംസ്ഥാനങ്ങളിൽ പുതിയ താപ ആണവനിലയങ്ങൾ സ്ഥാപിക്കുന്നത് അഭിലഷണീയമല്ല. സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾ പരമാവധിയുണ്ട്. കേരളംപോലെ പുതിയ വൈദ്യുത സ്രോതസ്സുകൾക്ക് സാധ്യത കുറഞ്ഞ സംസ്ഥാനങ്ങൾക്ക്, കേന്ദ്ര പദ്ധതി വിഹിതത്തെ ആശ്രയിച്ചേ മതിയാകൂ. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തിനെതിരെ കേരളം ഒറ്റക്കെട്ടായി അണിനിരക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കേരളം ഇത്രമാത്രം ഗതികേടിലെത്തിയത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. ഊർജ്ജ നയമില്ലായ്മ, പദ്ധതി നിർവ്വഹണത്തിലെ കെടുകാര്യസ്ഥത എന്നിവ സംസ്ഥാനത്തെ ഗുരുതര വൈദ്യുതി പ്രതിസന്ധിയിലേക്കാണ് കൊണ്ടെത്തിച്ചത്. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞില്ല. ഫലപ്രദമായ ജല ഊർജ്ജനയം സ്വീകരിക്കാതെ വൈദ്യുതി വൻ വിലയ്ക്ക് വാങ്ങുന്നതിന് പിന്നിൽ കോടികളുടെ കമ്മീഷനാണെന്ന വാർത്തയാണ് അന്ന് പത്രങ്ങളിൽ വായിച്ചത്. നാടിന്റെ വികസനത്തിന് ഊർജ്ജ ഉല്പാദന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തണമെന്ന നയവുമായിട്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. വായു, വെള്ളം എന്നിവപോലെതന്നെ വെളിച്ചം നൽകുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കണം. തടസ്സങ്ങളില്ലാതെ ജനങ്ങൾക്ക് വൈദ്യുതി നൽകുക, Uninterrupted power supply, consumer is the master എന്നതാണ് ഈ ഗവൺമെന്റിന്റെ പോളിസി. പുതിയ കണക്ഷൻ ലഭിക്കാനുള്ള നടപടികൾ ലഘൂകരിച്ചത് ശ്രദ്ധേയവും അഭിനന്ദനാർഹവുമാണ്. എല്ലാവർക്കും വൈദ്യുതി എത്തിക്കുക എന്ന പദ്ധതി 2006-2011-ലെ സർക്കാർ ആവിഷ്കരിച്ചപ്പോൾ ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളായി പാലക്കാടും ആലപ്പുഴയും തൃശ്ശൂരും എറണാകുളവും

മാറുകയായിരുന്നു. 140 അസംബ്ലി മണ്ഡലങ്ങളിൽ 86 എണ്ണം സമ്പൂർണ്ണമായും വൈദ്യുതീകരിക്കപ്പെട്ടു. മറ്റെല്ലാം തകർത്തതുപോലെ യു.ഡി.എഫ്. ഗവൺമെന്റ് ഈ മേഖലയെയും തകർക്കുകയായിരുന്നു. അന്ന് സർവ്വീസ് കണക്ഷൻ ആവശ്യമുള്ളവർക്ക് അതിനുവേണ്ട മുഴുവൻ ചെലവും വഹിച്ചാൽ മാത്രമേ കണക്ഷൻ നൽകാൻ കഴിയൂവെന്ന ബോർഡിന്റെ തീരുമാനം ജനങ്ങൾക്ക് ഇരുട്ടടിയായി. ഈ ഗവൺമെന്റ് 2017 മാർച്ചോടുകൂടി കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഗതിവേഗം വർദ്ധിപ്പിച്ചിരിക്കുകയാണ്. എല്ലാവിധ ഊർജ്ജ സ്രോതസ്സുകളെയും നമുക്ക് ആശ്രയിക്കേണ്ടതുണ്ട്. ജലസ്രോതസ്സുകൾ ഉപയോഗിച്ചുള്ള ഉല്പാദനത്തിന് പ്രാമുഖ്യം നൽകാൻ കഴിയണം. പാരിസ്ഥിതിക വ്യവസ്ഥയെ തകിടം മറിക്കാത്ത വിധത്തിൽ ചെറിയ പദ്ധതികൾക്ക് മുൻഗണന നൽകാൻ കഴിയണം. 18-ാം പവർ സർവ്വേ പ്രകാരം കേരളത്തിന്റെ വൈദ്യുതി ആവശ്യകത കണക്കാക്കിയിരിക്കുന്നത് 2020-ൽ 5500 മെഗാവാട്ടും 2030-ൽ 10500 മെഗാവാട്ടും എന്നാണ്. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത നേരിടുന്നതിനാവശ്യമായ വൻകിട പദ്ധതികളും കേരളത്തിനാവശ്യമാണ്. പ്രകൃതിവാതക ഇന്ധനങ്ങൾ ഉപയോഗപ്പെടുത്തി ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വൻകിട വൈദ്യുത പദ്ധതികൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കേണ്ടതുണ്ട്.

ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ഇടപെടലുകളാണ് 100 ദിവസത്തിനകം തുറമുഖ മേഖലയിൽ നടത്തിയിട്ടുള്ളത്. തുറമുഖ വികസനവും നവീകരണവും അവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യവികസനവും ഏറെ പ്രാധാന്യത്തോടെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി കാണുന്നത്. 555 കിലോമീറ്ററാണ് നമ്മുടെ കടലോരം. കടലോരത്തെ കേന്ദ്രീകരിച്ച് മുഖ്യതുറമുഖമായ കൊച്ചിയെക്കൂടാതെ 17 ചെറിയ തുറമുഖങ്ങളുണ്ട്. അതിൽ നാല് ഇടത്തരം തുറമുഖങ്ങളാണ് വിഴിഞ്ഞം, ബേപ്പൂർ, അഴീക്കൽ, കൊല്ലം. സംസ്ഥാനത്തെ മിക്കവാറും തുറമുഖങ്ങൾ കാലികമാണ്. ചെറുകിട ഇടത്തരം കപ്പലുകൾ കൈകാര്യം ചെയ്യാനുള്ള അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്ര ഇല്ലാത്തതിന്റെ അപര്യാപ്തതയുമുണ്ട്. പശ്ചാത്തല സൗകര്യ വികസനം, ചെറിയ തുറമുഖങ്ങളുടെ വികസനം, കടൽത്തീര കപ്പൽ ഗതാഗത വികസനം, ബേപ്പൂർ തുറമുഖത്തിലെ 40 ടൺ കണ്ടെയ്നർ ഹാൻഡ്‌ലിംഗ് ക്രെയിൻ, അഴീക്കൽ തുറമുഖത്ത് ഡ്രഡ്ജിംഗ് നടത്താനുള്ള നടപടി, കൊച്ചി-കോഴിക്കോട് യാത്രാക്കപ്പൽ സർവ്വീസിനുള്ള നടപടി, വിഴിഞ്ഞം

തുറമുഖത്ത് ഇലക്ട്രോണിക് വേ ബ്രിഡ്ജ് സ്ഥാപിക്കൽ തുടങ്ങി ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ഇടപെടൽ നടത്താൻ കഴിഞ്ഞിട്ടുണ്ട്. തുറമുഖങ്ങളുടെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും ഏകീകൃത വികസനം അനായാസേന നിർവ്വഹിക്കാനും ഈ മേഖലയിലാവശ്യമായ സ്വകാര്യ വിദേശ നിക്ഷേപം ആകർഷിക്കുന്നതിനുമായി കേരള മാരിടൈം ബോർഡ് രൂപീകരിക്കാനുള്ള തീരുമാനം ഏറെ സ്വാഗതാർഹമാണ്.

കേവലം നൂറ് ദിവസം കൊണ്ട് കേരളത്തെ വിസ്മയിപ്പിച്ച വിജയ നേട്ടങ്ങളുമായി എൽ.ഡി.എഫ്. സർക്കാർ മുന്നേറുമ്പോൾ അസഹിഷ്ണുതയുടെ പാരമ്യത്തിലെത്തിയ പ്രതിപക്ഷം സമരാഭാസവുമായി രംഗത്തിറങ്ങിയിരിക്കുകയാണ്. യു.ഡി.എഫ്. തകർന്നടിഞ്ഞിരിക്കുകയാണ്. മഹാകവി കുമാരനാശാന്റെ കരുണയിൽ വാസവദത്തയുടെ ഛിന്നഭിന്നമാക്കപ്പെട്ട മാംസപിണ്ഡത്തെ നോക്കി ഉപഗുപ്തന്റെ വിലാപകാവ്യംപോലെ സ്വയം ശിഥിലമായിക്കൊണ്ടിരിക്കുന്ന യു.ഡി.എഫ്.-ന്റെ നിരാശാഭരിതനായ കാവൽക്കാരനായി മാറിയിരിക്കുകയാണ് പ്രതിപക്ഷ നേതാവ്. യു.ഡി.എഫ്.-ഉമായി ബന്ധപ്പെട്ട കക്ഷികളെല്ലാം ഒന്നൊന്നായി ഇല്ലാതാകുന്നതാണ് കഴിഞ്ഞ തെരഞ്ഞെടുപ്പോടെ നമ്മൾ കണ്ടത്. ആർ.എസ്.പി. കഴിഞ്ഞ തെരഞ്ഞെടുപ്പോടുകൂടി ആവിയായിപ്പോയി. കേരള കോൺഗ്രസ് (എം) ഇന്ന് യു.ഡി.എഫ്-ന്റെ കൂടെയില്ല. കേരളാ കോൺഗ്രസ് (എം) വിട്ടപ്പോൾ പലപ്പോഴും ഇവിടെ പ്രമേയം അവതരിപ്പിക്കുമ്പോൾ പിന്തുണ ആർജ്ജിക്കുന്നതിനുവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് നേതാക്കളുമെല്ലാം ശ്രീ. കെ. എം. മാണിയോടൊപ്പം പോകുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. അപ്പോൾ ശ്രീ. കെ. എം. മാണി തിരിഞ്ഞുനിന്ന് പാടുകയാണ്:

ചിറകറ്റ പക്ഷിക്ക് പുതിയൊരു ചിറകുമായ്

പിറകെ വരല്ലെ വരല്ലെ

അവസാനം അവസാനം അവസാനം ഈ യാത്ര

അവസാനം അവസാനമല്ലേ.

മുസ്ലീം ലീഗ് നെറികേടുകൾക്ക് കോണി വച്ചുകൊടുക്കുകയാണ്. ലീഗ് അംഗങ്ങൾക്കാണെങ്കിൽ സമരത്തിന് ഇവിടെ മെയിൻ റോളില്ല. എല്ലാ

സമരങ്ങൾക്കും കോറസ് ആണ്. അനസ്തേഷ്യ കൊടുത്ത രോഗിയെപ്പോലെ, നാടകങ്ങളിൽ prose മറന്ന കഥാപാത്രങ്ങളെപ്പോലെ ലീഗിന്റെ അംഗങ്ങൾ സഭാതലത്തിൽ തെക്കുവടക്ക് നടക്കുന്ന ദയനീയ സ്ഥിതിക്കാണ് സഭ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. കോൺഗ്രസിന്റെ സ്ഥിതി എന്താണ്? ഇവിടെ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായിരുന്നു. എന്നിട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് പ്രമേയം അവതരിപ്പിക്കാനുള്ള അനുമതി ഇല്ലാതാക്കിക്കൊണ്ട് പ്രതിപക്ഷനേതാവ് ഗോൾ അടിക്കുകയാണുണ്ടായത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ആത്മഗതം ഇതായിരുന്നു:

എവിടെന്നു വന്നിത്ര കടുകയ്പുവായിൽ

അറിയാതുഴന്നു ഞാൻ നിൽക്കെ.

അതാണ് കോൺഗ്രസ്. 'ഐ' ഗ്രൂപ്പിന്റെയും 'എ' ഗ്രൂപ്പിന്റെയും പടലപ്പിണക്കങ്ങൾ തീർക്കുന്നതിനുവേണ്ടി ദുർബലമായ യു.ഡി.എഫ്. പിടിച്ചു നിൽക്കുന്നതിനു വേണ്ടിയുള്ള സമരാഭാസവുമായിട്ടാണ് രംഗത്തിറങ്ങിയിട്ടുള്ളത്. ഈ തകർച്ചയിൽനിന്ന് കരകയറാനുള്ള എല്ലാ ശ്രമവും കേരളത്തിലെ ജനങ്ങൾ പുച്ഛിച്ചുതള്ളുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

പോലീസ് മർദ്ദനത്തെക്കുറിച്ച് പ്രതിപക്ഷം വിലപിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കറൻസി നോട്ടിന്റെ വലിപ്പവും എണ്ണവും നോക്കി കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുകയും വിദ്യാഭ്യാസം കച്ചവടമാക്കി മാറ്റുകയും ചെയ്ത ദുഷ്ചെയ്തികൾക്കെതിരായി യുവജനങ്ങളും വിദ്യാർത്ഥികളും പ്രോജ്ജ്വലമായ സമരത്തിന് നേതൃത്വം കൊടുത്തു. അപ്പോൾ കേരള പോലീസ് അവരെ തെരുവോരങ്ങളിൽ മൃഗതുല്യമായി വേട്ടയാടുകയായിരുന്നു. വിദ്യാർത്ഥികളുടെയും യുവാക്കളുടെയും മാംസച്ചീളുകളും രക്തത്തുള്ളികളും തെരുവോരങ്ങളിൽ ഒഴുകിയപ്പോൾ എവിടെയായിരുന്നു വിദ്യാഭ്യാസ പ്രേമം നടിക്കുന്ന കേരളത്തിലെ യൂത്ത് കോൺഗ്രസ്സുകാരും കെ.എസ്.യു.-ക്കാരും. ഈ സർക്കാരിനെതിരെ വളരെ ബോധപൂർവ്വമുള്ള പ്രഖ്യാപനമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ചില മാധ്യമങ്ങൾ നൽകിയിട്ടുള്ള അമൂൽസ്പ്രേയും ഫാരക്സും കുടിച്ച് കൊഴുത്തുവളർന്നവരല്ല ഇന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെ നയിക്കുന്നത്. സാധാരണക്കാരുടെ, കൃഷിക്കാരന്റെ, കർഷകത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്കനുസൃതമായി സമസ്ത

വിഭാഗം ജനങ്ങളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവശ്യമായ പ്രോജ്ജ്വലമായ സമരങ്ങൾ നടത്തി കേരളീയ സമൂഹത്തിന്റെ ഹൃദയത്തിൽ സ്ഥാനമുറപ്പിച്ച നേതാക്കളാണ് ഇന്ന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ നയിക്കുന്നതെന്ന സത്യം നാം തിരിച്ചറിയണം.

സഭയിൽ മുഖ്യമന്ത്രിയെ ഒറ്റതിരിഞ്ഞ് ആക്രമിക്കുവാനുള്ള നിലപാടും നടപടികളുമായിരുന്നു ഇക്കഴിഞ്ഞ ഏതാനും ദിവസങ്ങളായി പ്രതിപക്ഷം സ്വീകരിച്ചിരുന്നത്. അഴിമതിക്കഥകൾ പടച്ചുവിട്ട്, അപവാദപ്രചരണങ്ങളുടെ കൊടുങ്കാറ്റുയർത്തിയിട്ടും ഉലഞ്ഞുപോകാത്ത രാഷ്ട്രീയ വ്യക്തിത്വത്തിന്റെ ഉടമയാണ് ഇന്ന് കേരളം ഭരിക്കുന്നതെന്ന തിരിച്ചറിവ് പ്രതിപക്ഷത്തിനുണ്ടാകുന്നത് നന്നായിരിക്കും. പ്രതിസന്ധിക്ക് മുന്നിൽ ശിരസ്സ് കുനിക്കാതെ, നട്ടെല്ല് വളയ്ക്കാതെ, ഇരട്ടച്ചങ്കുറപ്പോടെ കേരളത്തെ നയിക്കുന്നതിന് പിൻബലവും പിന്തുണയുമേകാൻ ജനാധിപത്യ കേരളം മുഖ്യമന്ത്രിയോടൊപ്പവും ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പവുമുണ്ടെന്ന സത്യം നാം തിരിച്ചറിയണം.

ഇക്കഴിഞ്ഞ നൂറുദിവസക്കാലത്തെ ഉജ്ജ്വലമായിട്ടുള്ള ഭരണനിർവ്വഹണത്തിന്റെ ഫലമായി പെൻഷൻതുക ജനങ്ങളുടെ കൈവശമെത്തിക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചത്. കേരളത്തിലെ ജനങ്ങൾ ഇപ്രാവശ്യത്തെ ഓണം പൊടി പൊടിക്കുകയായിരുന്നു. കഴിഞ്ഞ ഓണത്തിന് വീട്ടമ്മമാരും സഹോദരിമാരും താടിക്ക് കൈകൊടുത്ത് എങ്ങനെയാണ് ഓണം ആഘോഷിക്കേണ്ടത്; എവിടെ നിന്നാണ് സാധനം വാങ്ങേണ്ടത്; എന്തൊരു തീ വിലയാണ് എന്നെല്ലാം ഓർത്ത് കഷ്ടപ്പെടുകയായിരുന്നു. എന്നാൽ ഈ ഓണാഘോഷത്തിന്റെ വേളയിൽ പൊതു കമ്പോളത്തിൽ ഇടപെട്ടുകൊണ്ട്; പൊതു വിതരണശൃംഖലയെ ശ്രദ്ധേയമായ രീതിയിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് ജനങ്ങളുടെ വീട്ടുമുറ്റത്തേക്ക് നിത്യോപയോഗ സാധനങ്ങൾ എത്തിച്ചുകൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നത് അഭിമാനകരമായ കാര്യമാണ്. പതിനായിരക്കണക്കിന് രൂപയുടെ പെൻഷൻ കുടിശ്ശികയായിരുന്നു ഉണ്ടായിരുന്നത്. ഓണാഘോഷ വേളയിൽ എല്ലാ ക്ഷേമ പെൻഷനുകളും യഥാസമയം വിതരണം ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. പതിനായിരവും ഇരുപതിനായിരവും അമ്പതിനായിരവും രൂപ വരെ പെൻഷനായി ഒരു വീട്ടിലേക്ക് എത്തിയ അനുഭവം കേരളത്തിലുണ്ട്. ആ പെൻഷൻതുക കയ്യിൽ കിട്ടിയപ്പോൾ കർഷകത്തൊഴിലാളികളും അവശവിഭാഗത്തിൽപ്പെട്ടവരും ഈ

ഗവൺമെന്റിനോട് നന്ദി പ്രകാശിപ്പിക്കുകയും അവരിൽ നിന്ന് സന്തോഷാശ്രു അടർന്നുവീഴുകയുമായിരുന്നു. വീട്ടമ്മമാർ ചോദിക്കുന്നത് ഇങ്ങനെയും ഒരു സർക്കാരോ എന്നാണ്. കേരളത്തിൽ ഇത്രയും വേഗത്തിൽ ഇങ്ങനെയൊരു ആനുകൂല്യം നടപ്പിലാക്കാൻ കഴിയുമോ എന്നായിരുന്നു അവരുടെ ചോദ്യം. അവരുടെയെല്ലാം കണ്ണീരൊപ്പാൻ ഈ സർക്കാരിന് കഴിഞ്ഞു.

വർഷങ്ങളായി കൊല്ലത്തെ കശുവണ്ടി ഫാക്ടറി പൂട്ടിക്കിടക്കുകയായിരുന്നു. കേരളത്തിൽ സർവ്വനാശത്തിന്റെ വിത്ത് വിതച്ച് മുന്നേറിയ യു.ഡി.എഫ്. ഗവൺമെന്റ് പരമ്പരാഗത വ്യവസായ മേഖലയോട് വച്ചുപുലർത്തിയ അവഗണനാ മനോഭാവത്തിന്റെ ഫലമായി അവിടെ പണിയെടുക്കുന്ന തൊഴിലാളികൾ നിത്യദുരിതത്തിന്റെ നടുക്കയത്തിലേക്ക് വലിച്ചെറിയപ്പെടുകയായിരുന്നു. ആ തൊഴിലാളികളുടെ കണ്ണീരൊപ്പാൻ വ്യവസായ വകുപ്പുമന്ത്രിയും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റും മുൻകയ്യെടുത്ത് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി. കേരളത്തിൽ 40 കശുവണ്ടി വ്യവസായശാലകൾ തുറന്നുപ്രവർത്തിച്ചപ്പോൾ 18000-ത്തോളം കശുവണ്ടിത്തൊഴിലാളികൾക്ക് ജോലി പുനഃസ്ഥാപിച്ചുകൊടുക്കാൻ കഴിഞ്ഞു. ജോലി മാത്രമല്ല അതിനേക്കാളുപരി സ്വന്തം ജീവൻ തന്നെ അവരുടെ കയ്യിൽ തിരിച്ചേൽപ്പിക്കുകയായിരുന്നു ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ക്രമസമാധാന പരിപാലനത്തിന്റെ കാര്യത്തിലായാലും ജനങ്ങൾക്ക് സ്വൈരജീവിതം നൽകുന്ന കാര്യത്തിലായാലും എല്ലാ തലത്തിലും കേരളത്തിലെ സാധാരണ ജനവിഭാഗങ്ങളെ, പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനു വേണ്ടിയുള്ള ഉജ്ജ്വലമായ ഇടപെടലാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിലുപരി ജനങ്ങളുടെ സാമൂഹ്യ ജീവിതത്തിലിടപെട്ടുകൊണ്ട്, ഉന്നത സാംസ്കാരിക, ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ശക്തമായ ഇടപെടലുകളിലൂടെ കേരളത്തെ മുന്നോട്ടുനയിക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നതാണ് അഭിമാനകരമായ കാര്യം. ജനങ്ങൾ തെരഞ്ഞെടുത്ത ഈ ഗവൺമെന്റ് നൂറുദിവസത്തെ വിസ്മയകരമായ വിജയത്തിളക്കവുമായി നമ്മുടെ മുന്നിൽ നിൽക്കുമ്പോൾ വരും നാളുകളിലും ഈ ഗവൺമെന്റ് തന്നെ അധികാരത്തിൽ വരുമെന്ന കാര്യത്തിൽ സംശയമില്ല. കെടുതികളിൽ നിന്ന് രക്ഷ നേടാനുള്ള തീരുമാനത്തിന്റെ ഭാഗമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റിനെ അധികാരം ഏല്പിച്ചിട്ടുള്ള ജനങ്ങൾക്ക് ഈ സർക്കാരിനെ എങ്ങനെ സംരക്ഷിക്കണമെന്നറിയാം. ഇത് സാധാരണക്കാരന്റെയും കൃഷിക്കാരന്റെയും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്ന സർക്കാരാണ്. ആ അർത്ഥത്തിൽ തീർച്ചയായും വരുംനാളുകളിലും എല്ലാ മേഖലകളിലും നമ്മുടെ കൊച്ചുകേരളം മുന്നേറ്റമുണ്ടാക്കും. വൈദ്യുതി, തുറമുഖം എന്നീ മേഖലകളിൽ ഉജ്ജ്വലമായ നേട്ടമുണ്ടാക്കി മുന്നോട്ടുപോകുമ്പോൾ തീർച്ചയായും കക്ഷിരാഷ്ട്രീയ ഭേദമന്യേ കേരളത്തിലെ ഗവൺമെന്റിനെ ഈ നാട് പിന്താങ്ങുമെന്ന ശുഭാപ്തി വിശ്വാസത്തോടെ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. കെ. ജെ. മാക്സി</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ മാന്ദ്യത നിറഞ്ഞതും അഴിമതിവൽക്കരിക്കപ്പെട്ടതുമായ ദുർഭരണത്തിൽ നിന്നും കേരളജനത മോചനം നേടിയ സന്ദർഭത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന കാഴ്ചപ്പാടിനെ സാധൂകരിക്കുന്ന ഈ ധനാഭ്യർത്ഥനയ്ക്ക് പൂർണ്ണപിന്തുണ നൽകുന്നു.

വൈദ്യുതി ഉപഭോക്താക്കൾക്കും സംസ്ഥാനത്തിനാകമാനവും കോടികളുടെ ബാധ്യത അടിച്ചേൽപ്പിക്കുന്ന നയങ്ങളായിരുന്നു യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചുപോന്നിരുന്നത്. റിലയൻസ് പോലെയുള്ള സ്വകാര്യമേഖലയ്ക്ക് കെ.എസ്.ഇ.ബി.-യുടെ പണം കാർന്നുതിന്നുവാനുള്ള സംരംഭങ്ങളാണ് മുൻ സർക്കാർ ഒരുക്കിയത്. റെഗുലേറ്ററി കമ്മീഷനെ 2013-ൽ കെ.എസ്.ഇ.ബി. അറിയിച്ച ഉയർന്ന ഇന്ധനവില കാരണം കെ.എസ്.ഇ.ബി.-യും റിലയൻസുമായുള്ള കരാർ പുതുക്കിയില്ലെന്ന തീരുമാനത്തിന് വിരുദ്ധമായി, വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ നോക്കുകുത്തിയാക്കിക്കൊണ്ട് കെ.എസ്.ഇ.ബി. 2015 ഒക്ടോബറിൽ ബി.എസ്.ഇ.എസ്. താപനിലയവുമായി രണ്ടുവർഷത്തേക്ക് കരാർ പുതുക്കാനെടുത്ത തീരുമാനം വൈദ്യുതക്ഷാമത്തിന് ആശ്രയമെന്ന വ്യാജേന അഴിമതി ലക്ഷ്യമിട്ടുള്ളതായിരുന്നു. വൈദ്യുതി ഉപയോഗിച്ചാലും ഇല്ലെങ്കിലും രണ്ടുവർഷക്കാലത്തേക്ക് ഫിക്സഡ് കോസ്റ്റായി 43.6 കോടി രൂപ, 44.7 കോടി രൂപ എന്ന ക്രമത്തിൽ 88.3 കോടി രൂപ ബോർഡിന് നൽകേണ്ട ബാധ്യതയും

പരിഗണിക്കുമ്പോൾ യു.ഡി.എഫ്.-ന്റെ വികലമായ നയമാണ് വെളിച്ചത്തായത്. കെ.എസ്.ഇ.ബി. 2015 വരെ കേവലം 498 കോടി രൂപയ്ക്ക് മാത്രം വൈദ്യുതി വാങ്ങിയപ്പോൾ, ഫിക്സഡ് ഡെപ്പോസിറ്റായി നൽകിയത് 1688 കോടി രൂപയാണ്. പ്ലാന്റ് സ്ഥാപിക്കാൻ ചെലവായത് 620 കോടി രൂപയായിരുന്നുവെന്നത് ഓർക്കേണ്ടതാണ്. അധിക വിലയായതുകൊണ്ടുതന്നെ കഴിഞ്ഞ കാലയളവിൽ നാമമാത്രമായ വൈദ്യുതിയാണ് ഇവരിൽ നിന്നും വാങ്ങിയത്. എന്നാൽ കരാർ പ്രകാരം കെ.എസ്.ഇ.ബി. പണം നൽകാൻ ബാദ്ധ്യസ്ഥരായിരുന്നു. ഈ നഷ്ടം സാധാരണക്കാർ ചാർജ്ജ് വർദ്ധനയുടെ രൂപത്തിൽ സഹിക്കേണ്ടിവരുന്നു. ഇതുപോലെ തന്നെയാണ് 2015-16-ൽ കേന്ദ്ര പൂളിൽ നിന്നുമുള്ള 319 മെഗാവാട്ട് വൈദ്യുതി വേണ്ടെന്ന് വച്ച് സ്വകാര്യമേഖലയിൽ നിന്ന് പ്രതിദിനം 11 കോടിയിലധികം രൂപ മുടക്കി 22.8 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങിയത്. ഇത് അഴിമതിയുടെ പ്രത്യക്ഷ ഉദാഹരണമാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ആഭ്യന്തര ഉല്പാദനവും ഉപഭോഗവും പരിശോധിച്ചാൽ ഈ മേഖലയിലെ കെടുകാര്യസ്ഥത കൂടുതൽ വ്യക്തമാകും. ജല വൈദ്യുതോല്പാദനത്തിൽ കാര്യമായ പുരോഗതി മുൻ സർക്കാർ സൃഷ്ടിച്ചിരുന്നില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 2010-11-ൽ ഉല്പാദിപ്പിച്ചിരുന്ന 7100 മില്യൺ യൂണിറ്റ് വൈദ്യുതിയിൽ നിന്നും ഒരു മെച്ചവും മുൻ സർക്കാർ ഉണ്ടാക്കിയിട്ടില്ല. 2014-15-ലെ കണക്കുപ്രകാരം വെറും 7314 മില്യൺ യൂണിറ്റാണ് ഉല്പാദനം. ഈ സർക്കാർ വൈദ്യുതി മേഖലയിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പുരോഗതി ലക്ഷ്യംവച്ച് അനെർട്ട് പോലുള്ള ഏജൻസികളെ പുതിയൊരു പന്ഥാവിലേക്ക് നയിച്ചുകൊണ്ട് വൈദ്യുതിരംഗത്ത് സമൂലമായ മാറ്റത്തിന് മുന്നോട്ടുവന്നിരിക്കുകയാണ്. എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുമെന്ന ഈ സർക്കാരിന്റെ പ്രഖ്യാപന ലക്ഷ്യം ചുരുങ്ങിയ കാലം കൊണ്ടുതന്നെ ലക്ഷ്യത്തിലെത്തുമെന്നാണ് നവമാധ്യമ വിവരസാങ്കേതിക സംവിധാനങ്ങളിലൂടെ വ്യക്തമാകുന്നത്. യു.ഡി.എഫ്.-ന്റെ വികല രാഷ്ട്രീയലക്ഷ്യം മുൻനിർത്തി ജനങ്ങളെ കബളിപ്പിച്ച സമ്പൂർണ്ണ വൈദ്യുതീകരണം പാളിപ്പോയത് ഈ രംഗത്തോടുള്ള അവരുടെ മനോഭാവത്തിന് ദൃഷ്ടാന്തമാണ്. ഇവിടെയാണ് വിവിധ ചെറുകിട വൈദ്യുത പദ്ധതികളുടെയും മുടങ്ങിക്കിടക്കുന്ന പ്രസരണ ലൈനുകളുടെയും നിർമ്മാണവും നവീകരണവും വഴി വൈദ്യുതോല്പാദന രംഗത്ത്

ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള ഈ സർക്കാരിന്റെ ഇടപെടൽ പ്രാധാന്യമർഹിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കെടുകാര്യസ്ഥതയ്ക്ക് വിപരീതമായി വിവിധ കേന്ദ്ര സഹായങ്ങൾ നേടിയെടുക്കുക വഴി ഈ രംഗത്ത് ശോഭനമായ ഭാവി ഞാൻ കാണുകയാണ്. വൈദ്യുതി ഉപഭോഗത്തിൽ ഗണ്യമായ കുറവ് ലക്ഷ്യമിട്ട് എൽ.ഇ.ഡി. ബൾബ് സ്ഥാപിക്കുവാനുള്ള നീക്കം പ്രതീക്ഷ നൽകുന്നതാണ്. വൈദ്യുത പദ്ധതികളെ കോർത്തിണക്കിക്കൊണ്ടുള്ള ഹൈഡൽ ടൂറിസം നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. എൽ.എൻ.ജി. പൈപ്പിടൽ പൂർത്തിയാകുന്നതോടുകൂടി വാതക ഇന്ധനം ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതി ഉല്പാദന പ്രതിസന്ധിക്ക് താങ്ങാവും. വയനാട് ജില്ലയിലെ ബാണാസുര സാഗറിൽ ഡാം-ടോപ്പ് സോളാറിൽ നിന്ന് പ്രതിവർഷം 5 ലക്ഷം യൂണിറ്റ് ഉല്പാദനം പ്രതീക്ഷിക്കുന്നത് ശുഭസൂചകമാണ്.

കഴിഞ്ഞ സർക്കാരിന്റെ പ്രായോഗികക്ഷമതക്കുറവും പ്ലാൻ തയ്യാറാക്കൽ പരിമിതിയും കാരണം ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ടി വന്നതുമൂലം ബോർഡിനെ നഷ്ടത്തിലേയ്ക്ക് നയിക്കുകവഴി സാധാരണ ജനവിഭാഗങ്ങൾക്ക് നേരെ ചാർജ്ജ് വർദ്ധനവെന്ന അമിതഭാരം അടിച്ചേൽപ്പിക്കുകയാണുണ്ടായത്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സിന്റെ കാര്യത്തിൽ ഡാം-ടോപ് സോളാർ നിലയങ്ങൾ ഉൾപ്പെടെയുള്ള സോളാർ പദ്ധതി ഫലപ്രദമായി ഉപയോഗിക്കാമെന്നിരിക്കെ ജനങ്ങളിൽ ഇന്ന് 'സോളാർ' എന്ന വാക്ക് അഴിമതിയുടെ മറ്റൊരു പര്യായം സൃഷ്ടിച്ചിരിക്കുകയാണ്; അതുവഴി കേരള ജനതയെ അപഹാസ്യരാക്കാനാണ് യു.ഡി.എഫ്. ശ്രമിച്ചത്. എന്നാൽ ഈ സർക്കാർ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സിന് ആധുനികമുഖം നൽകാനാണ് തയ്യാറെടുക്കുന്നത്. കൂടാതെ എഫ്.എ.സി.ടി.-യുടെ സ്ഥലത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന കൊച്ചി എണ്ണ ശുദ്ധീകരണ ശാലയുടെ ഉപോൽപ്പന്നമായ പെറ്റ്കോക്ക് ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതി ഈ രംഗത്തെ മറ്റൊരു ചുവടുവയ്പ്പാണ്. കേരളത്തിന്റെ മൊത്തം ഊർജ്ജ സ്ഥാപിതശേഷിയെ വിവിധ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ ഈ രംഗത്തെ വികസനത്തിനുതകുന്നതാണ്. പ്രതിമാസം 120 യൂണിറ്റിന് താഴെ ഉപഭോഗമുള്ള ഗാർഹിക, കാർഷിക ഉപഭോക്താക്കൾക്ക് ചാർജ്ജ് വർദ്ധനവിന് നൽകിയ ഇളവിനുള്ള സബ്സിഡിത്തുക കെ.എസ്.ഇ.ബി.-ക്ക് നൽകുന്നതിനായുള്ള കരുതൽ ഈ സർക്കാർ അടിസ്ഥാന വർഗ്ഗത്തോടൊപ്പമാണെന്നുള്ളതിന് തെളിവാണ്.

കഴിഞ്ഞ വർഷം ഈയിനത്തിൽ 200 കോടിയോളം രൂപ കെ.എസ്.ഇ.ബി.-ക്ക് നൽകുവാനുണ്ടായിട്ടും ഒരു രൂപ പോലും വകയിരുത്താൻ യു.ഡി.എഫ്. സർക്കാർ മനസ്സ് വച്ചില്ലായെന്നതിൽ അവരോട് സഹതപിക്കാനേ തരമുള്ളൂ. ട്രാൻസ്മിഷൻ കോറിഡോർ നിർമ്മാണം ഫലപ്രാപ്തിയിലെത്താത്ത കാരണം കൂടംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിയും എൽ.ഡി.എഫ്. സർക്കാർ വിഭാവന ചെയ്ത് നടപ്പിലാക്കാനുദ്ദേശിച്ച ഒറീസ്സയിലെ ബൈദരണി പദ്ധതിയും നഷ്ടപ്പെട്ടത് യു.ഡി.എഫ്.-ന്റെ വികലമായ വികസന കാഴ്ചപ്പാടിനുദാഹരണമാണ്. അഞ്ച് വർഷത്തിനുള്ളിൽ 25000 കോടി രൂപയുടെ വൈദ്യുതിയാണ് സ്വകാര്യ മേഖലയിൽ നിന്നടക്കം വാങ്ങിയതായി കാണുന്നത്. അതിനോടൊപ്പം വൈദ്യുതി കടം 5627 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു. രാജ്യത്തിന്റെ വൈദ്യുതി വിതരണ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന്റെ റേറ്റിംഗിൽ കെ.എസ്.ഇ.ബി.-ക്ക് ശരാശരിക്കും താഴെ 'ബി' ഗ്രേഡാണ് ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കെ.എസ്.ഇ.ബി.-യുടെ ഉത്തരവാദിത്വമില്ലായ്മ കാരണം ജീവൻ പൊലിഞ്ഞുപോയ അടിസ്ഥാന ജീവനക്കാരെയും കരാർ തൊഴിലാളികളെയും വേദനയോടെ ഈയവസരത്തിൽ ഞാൻ ഓർക്കുകയാണ്. ഈ ജീവനക്കാർക്ക് മതിയായ സുരക്ഷ ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കണം.

കേന്ദ്ര സർക്കാരിന്റെ 1963-ലെ മേജർ പോർട്ട് ട്രസ്റ്റ്സ് ആക്ടനുസരിച്ചാണ് നമ്മുടെ രാജ്യത്ത് തുറമുഖങ്ങൾ പ്രവർത്തിക്കുന്നത്. കേരളത്തിലെ ഏക വൻകിട തുറമുഖമാണ് കൊച്ചി. പ്രതിവർഷം ഒരു ലക്ഷം കോടിയോളം രൂപയുടെ മൂല്യമുള്ള ചരക്കുകൾ വിനിമയം ചെയ്യുകവഴി കൊച്ചി തുറമുഖം സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യാവസായിക രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിരുന്നു. കപ്പൽ വഴിയുള്ള ചരക്ക് കടത്തലിൽ കണ്ടെയ്നർ സെക്ഷൻ വന്നതോടുകൂടി അതിനൊപ്പമെത്താൻ 1995-ൽ രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ തുറമുഖ ഉടമസ്ഥതയിൽ സ്ഥാപിച്ചു. എന്നാൽ വല്ലാർപാടത്ത് ഐ.സി.ടി.ടി. സ്ഥാപിക്കാനുണ്ടാക്കിയ കരാറിൽ തൊഴിലാളി സംഘടനകളുടെ എതിർപ്പ് അവഗണിച്ച് ആർ.ജി.സി.ടി. കൂടി ഡി.പി.-വേൾഡിന് കൈമാറി. 2011-ൽ ആർ.ജി.സി.ടി. അടച്ചുപൂട്ടിയതുമൂലം ആയിരത്തോളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയും വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ കൊച്ചി തുറമുഖത്തിന് ബാധ്യതയായി മാറുകയും ചെയ്തു. കപ്പൽ ചാനലിന്റെ ആഴം നിലനിർത്താനുള്ള

വരുമാനംപോലും വല്ലാർപാടം ടെർമിനലിൽ നിന്നും കൊച്ചി തുറമുഖത്തിന് ലഭിക്കുന്നില്ല. യാതൊരു വിധത്തിലുള്ള തൊഴിലവസരങ്ങളും ഇവിടെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. പ്രതിവർഷം 100 കോടിയോളം രൂപ നഷ്ടത്തിലാണ് കൊച്ചി തുറമുഖം പ്രവർത്തിക്കുന്നത്. മറ്റ് മാർഗ്ഗങ്ങളിലൂടെ തുറമുഖമുണ്ടാക്കുന്ന വരുമാനവും വല്ലാർപാടം ടെർമിനലിനുവേണ്ടി ചെലവഴിക്കേണ്ടിവരികയാണ്. ഇതുമൂലം തൊഴിലാളികളുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾപോലും തടഞ്ഞു വച്ചിരിക്കുന്നു. മിനിമം ഗ്യാരന്റി ഉറപ്പാക്കി ഡി.പി. വേൾഡുമായി പുതിയ കരാറുണ്ടാക്കുക, ഡ്രെഡ്ജിംഗ് ചെലവ് കേന്ദ്ര സർക്കാർ വഹിക്കുക, നാവികസേന, കപ്പൽശാല എന്നീ സ്ഥാപനങ്ങൾ ആനുപാതികമായി ഇതിനുള്ള ചെലവ് വഹിക്കുക, ഡി.പി. വേൾഡുമായുള്ള കരാർ റദ്ദാക്കി തുറമുഖത്തിന് ടെർമിനൽ കൈമാറുക, കോസ്റ്റൽ കണ്ടെയ്നർ കൈകാര്യം ചെയ്യാൻ രാജീവ് ഗാന്ധി ടെർമിനൽ പുന:സ്ഥാപിക്കുക തുടങ്ങി ഒട്ടേറെ ആവശ്യങ്ങളുന്നയിച്ച് തൊഴിലാളികൾ മൂന്ന് വർഷമായി പ്രക്ഷോഭത്തിലാണ്. ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കൊച്ചി തുറമുഖത്തെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാനും കൊച്ചി തുറമുഖത്തിന്റെ അവകാശമായ ആർ.ജി.സി.ടി. പുനഃസ്ഥാപിക്കാനും തീരുമാനമെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊച്ചി തുറമുഖം സന്ദർശിക്കുന്നത് തൊഴിലാളികൾക്ക് വലിയ ആത്മവിശ്വാസം നൽകും. കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി, നല്ല മാർക്കറ്റിംഗിലൂടെ കടൽമാർഗ്ഗം കോസ്റ്റൽ ഷിപ്പിംഗ് പ്രോത്സാഹിപ്പിച്ചാൽ കൊച്ചി തുറമുഖത്തിന് കൂടുതൽ ചരക്ക് ലഭിക്കുകയും പ്രവർത്തനം മെച്ചപ്പെടുകയും ചെയ്യും. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി തുറമുഖങ്ങളെ ചരക്കുഗതാഗതത്തിലും യാത്രാസൗകര്യത്തിലും മെച്ചപ്പെട്ട രീതിയിൽ, ഫലപ്രദമായി വിന്യസിക്കാനുള്ള ഈ സർക്കാരിന്റെ ശ്രമം ഈ രംഗത്തെ ആധുനികവൽക്കരണത്തിനുതകുന്നതാണ്. തുറമുഖങ്ങളുടെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും ഏകീകൃതമായ വികസനം അനായാസേന നിർവ്വഹിക്കാനുതകുന്ന കേരള മാരിടൈം ബോർഡ്, ചുരുങ്ങിയ കാലയളവിനുള്ളിൽ ബേപ്പൂർ, അഴീക്കോട് എന്നീ തുറമുഖങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ, കൊച്ചി-അഴീക്കോട് യാത്രാകപ്പൽ സർവ്വീസ് നടപടി, വിഴിഞ്ഞത്തെ ചരക്കുനീക്കം സുഗമമാക്കുന്നതിന് വെയ്ബ്രിഡ്ജ് സ്ഥാപിക്കൽ, വിഴിഞ്ഞം തുറമുഖത്തിനുള്ള പാരിസ്ഥിതിക അനുമതി നേടിയെടുക്കൽ എന്നീ കാര്യങ്ങളിലുള്ള സർക്കാരിന്റെ കാഴ്ചപ്പാടിനെ ഞാൻ അഭിനന്ദിക്കുന്നു.

കേരളത്തിൽ യു.ഡി.എഫ്. ഉണ്ടെന്ന് അറിയിക്കാൻ വേണ്ടിയാണ് ഇപ്പോൾ ഇത്തരത്തിലൊരു സമരവുമായി മുന്നോട്ടുപോകുന്നത്. കഴിഞ്ഞ ദിവസം നടന്ന സമരത്തിൽ മഷിക്കുപ്പി പ്രയോഗം കാണിച്ചത് നമുക്കറിയാം. കേരളത്തിലെ ജനങ്ങൾ യു.ഡി.എഫ്.-ന്റെ സമരത്തെ പുച്ഛിച്ചുതള്ളിയിരിക്കുകയാണ്. എങ്ങനെയെങ്കിലും ഇതിൽ നിന്ന് പിന്മാറാനുള്ള ത്വരയുമായാണ് പ്രതിപക്ഷം മുന്നോട്ടുപോകുന്നത്. നൂറ് ദിവസമായപ്പോൾത്തന്നെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ കേരള ജനത നെഞ്ചിലേറ്റിയിരിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, വിഴിഞ്ഞം പദ്ധതിയെ അന്താരാഷ്ട്ര സംഘങ്ങൾ കണ്ണുവയ്ക്കുന്നതുകൊണ്ട് പ്രത്യേകം ശ്രദ്ധിക്കണമെന്ന് മുൻകൂറായി പറയുകയാണ്.

കേരളം ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ അൽപ്പം പിറകോട്ടാണെന്ന സത്യം നിഷേധിച്ചിട്ട് കാര്യമില്ല. ഇലക്ട്രിസിറ്റി 10-18 രൂപയ്ക്ക് വാങ്ങി ഉപഭോക്താക്കൾക്ക് കൊടുക്കുന്നതുമൂലം വലിയ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കേരളം മുഴുവൻ എൽ.ഇ.ഡി. ബൾബുകളാക്കിയാൽ അതിന് പരിഹാരമാകും. എന്റെ നിയോജക മണ്ഡലത്തിൽ, ബി.പി.എൽ. വിഭാഗക്കാർക്ക് എൽ.ഇ.ഡി. ബൾബുകൾ കൊടുക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, എ.പി.എൽ. വിഭാഗക്കാർക്ക് ഗവൺമെന്റ് കൊടുക്കുന്നതാണ് നല്ലത്. അല്ലെങ്കിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നൽകാനുള്ള അനുവാദം ധനകാര്യ വകുപ്പുമന്ത്രി തരണം. കാരണം, എൽ.ഇ.ഡി. ബൾബ് ഉപയോഗിക്കുമ്പോൾ 100 രൂപ വൈദ്യുതി ചാർജ്ജ് വരുന്നുണ്ടെങ്കിൽ അത് 20 രൂപയായി ചുരുങ്ങും. അങ്ങനെ വൈദ്യുതി വാങ്ങുന്നതിൽ നിന്ന് ഇലക്ട്രിസിറ്റി ബോർഡിനെയും കേരളത്തിലെ ജനങ്ങളെയും രക്ഷിക്കാം, അതുപോലെ കേരളത്തെ പൂങ്കാവനമാക്കി മാറ്റുകയും ചെയ്യാം. അതുകൊണ്ട് കേരളത്തിലെ മുഴുവൻ എം.എൽ.എ.-മാരും ആസ്തി വികസന ഫണ്ട് ഈ മേഖലയിൽ വിനിയോഗിക്കണമെന്നാണ് എന്റെ അഭിപ്രായം.

അതുപോലെ നമ്മളെപ്പോലെ ദാനം ചെയ്യുന്നവർ ആരുണ്ട്? മുല്ലപ്പെരിയാറിൽ നിന്ന് 25 ടി.എം.സി. ജലവും പറമ്പിക്കുളത്തുനിന്ന് 30 ടി. എം.സി. ജലവും കാവേരിയിൽ നിന്ന് 147 ടി.എം.സി. ജലവും ശിരുവാണിയിൽ നിന്ന് മുഴുവൻ

വെള്ളവും തമിഴ്നാട് കൊണ്ടുപോകുകയാണ്. നമ്മൾ ജലം ദാനം ചെയ്യാൻ വേണ്ടി ജനിച്ചവരല്ലേ? എന്നാൽ കേരളം വെള്ളത്തിന്റെ കാര്യത്തിൽ പട്ടിണിയിലാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കണമെന്ന അഭിപ്രായമാണുള്ളത്. മുല്ലപ്പെരിയാറിലെ ജലത്തിൽ നിന്ന് തമിഴ്നാട് ഇലക്ട്രിസിറ്റി ഉത്പ്പാദിപ്പിക്കുകയാണ്. എഗ്രിമെന്റ് വയ്ക്കുന്നതിനുമുമ്പുതന്നെ അവർ ഇലക്ട്രിസിറ്റി ഉത്പാദിപ്പിച്ചു. അക്കാര്യത്തിൽ നമുക്ക് എന്ത് ചെയ്യാൻ സാധിച്ചു; അത് വലിയൊരു പ്രശ്നമല്ലേ? ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉടൻ തന്നെ ചർച്ച ആരംഭിക്കണമെന്നാണ് എന്റെ അഭിപ്രായം.

വിദ്യാഭ്യാസ സമരത്തെപ്പറ്റി ഒരു വാക്ക് പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടിയനുസരിച്ച്, മുപ്പത് സീറ്റിന് 1.50 ലക്ഷം രൂപ എന്നത് 2.50 ലക്ഷം രൂപയാക്കി എന്നുള്ളതാണ് പ്രശ്നം. ഇതിനു വേണ്ടിയാണോ നിയമസഭ ഇത്രയും ദിവസം മുടങ്ങിയത്; അക്കാര്യം ചർച്ച ചെയ്യണ്ടേ; അത് ശരിയാണോ? സഭ തടസ്സപ്പെട്ടുവെന്ന് മാത്രമല്ല ഇവിടെ നമ്മൾ കാണുന്ന പ്രധാനപ്പെട്ട കാര്യം, ബഹുമാനപ്പെട്ട കെ. എം. മാണി, യു.ഡി.എഫ്. അംഗങ്ങൾ പോകുന്നതിനു മുമ്പേ ഇവിടെ നിന്ന് ഓടുന്നതുകണ്ടു. ഡൈവോഴ്സ് ചെയ്തതിനുശേഷം രാത്രി വല്ല ബാന്ധവവുമുണ്ടോ; അതെന്ത് ഇടപാടാണ്? ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞുതീരുന്നതിനുമുമ്പ് ശ്രീ. കെ. എം. മാണി ചാടിയോടി. ഡൈവോഴ്സ് ചെയ്തുകഴിഞ്ഞാൽ രാത്രി സമയത്ത് ഒളിച്ചു കച്ചവടത്തിന് പോകാമോ? അതിന് തുല്യമായിപ്പോയി ഈ പ്രവൃത്തി. വളരെ മോശമായിപ്പോയിയെന്ന് പറയാതിരിക്കാൻ പറ്റില്ല. അതുകൊണ്ട് ഈ സമരം അവസാനിപ്പിക്കണം. എം.ഇ.എസ്.-ന്റെ പ്രസിഡന്റ് ശ്രീ. ഫസൽ ഗഫൂർ രണ്ട് ലക്ഷത്തി പതിനായിരം രൂപ നിരക്കിൽ ഈ കാറ്റഗറിയിൽ ഫീസ് വാങ്ങിക്കാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ ചർച്ച നടത്തിയപ്പോൾ രണ്ടുലക്ഷത്തി പതിനായിരം രൂപയ്ക്ക് അഡ്മിഷൻ നടത്താൻ തയ്യാറാണെന്ന് പറയാത്തത് ദുരൂഹതയുള്ള കാര്യമാണ്. അദ്ദേഹം അങ്ങനെ പറഞ്ഞ സാഹചര്യത്തിൽ വീണ്ടുമൊരു ചർച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്നത് നല്ലതായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ഇക്കാര്യങ്ങൾ വിശദീകരിച്ചതാണ്. ചർച്ചയുടെ കാര്യങ്ങൾ വിശദമായി ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതാണ്. ആരോഗ്യ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിലും

രണ്ട് ലക്ഷത്തി പതിനായിരം രൂപയ്ക്ക് അഡ്മിഷൻ നടത്താൻ തയ്യാറാണെന്ന് ഗഫൂർ സാഹിബ് പറഞ്ഞില്ല. ഇപ്പോഴാണ് കോഴിക്കോട് പ്രഖ്യാപനം നടത്തിയിരിക്കുന്നത്. അതെന്തുകൊണ്ട് ഉണ്ടായി എന്നത് ഗവൺമെന്റ് പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്ന അഭിപ്രായം കൂടി രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

11.00 AM]

ശ്രീ. വി. ആർ. സുനിൽ കുമാർ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കെടുകാര്യസ്ഥതമൂലം തകർന്ന വൈദ്യുതിമേഖലയെ സംരക്ഷിക്കാനും കാര്യക്ഷമമാക്കാനും ജനോപകാര പ്രദമാക്കാനും സർക്കാർ നടത്തുന്ന ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ കേരളം ഇന്ത്യക്ക് മാതൃകയാകുകയാണ്. അതിന് മുൻകയ്യെടുത്ത ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു.

പുത്തൻ സാമ്പത്തിക വ്യവസ്ഥിതിയിലൂടെ ആഭ്യന്തര-വിദ്യാഭ്യാസ-വൈദ്യുതി മേഖലയേയും സർക്കാർ അധീനതയിലുള്ള സ്ഥാപനങ്ങളെയുമൊക്കെ വിദേശ-സ്വകാര്യ കുത്തകകൾക്കായി വീതം വച്ചുകൊടുക്കുകയും അതിനനുസൃതമായി നിയമനടപടികളെടുക്കുകയും ചെയ്ത യു.പി.എ. ഗവൺമെന്റിനനുസൃതമായി മുന്നോട്ടുപോകുന്ന ബി.ജെ.പി. ഗവൺമെന്റിനെപ്പോലെ കഴിഞ്ഞ കോൺഗ്രസ് ഗവൺമെന്റും സ്വകാര്യ-വിദേശ കുത്തകകൾക്കുവേണ്ടിയാണ് ഇവിടെ ഭരണം നടത്തിയിരുന്നത്. അത്തരത്തിലുള്ള ഭരണംമൂലം അഴിമതി സാമാന്യവൽക്കരിക്ക പ്പെടുകയും മന്ത്രിമാർ ദിനംപ്രതി ബഡ്ജറ്റ് വിറ്റഴിക്കുകയും ചെയ്ത് ബാർ കോഴയിലൂടെയും സോളാർ വിവാദങ്ങളിലൂടെയും കടന്നുപോയ ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായിരുന്നത്. അവരാണ് സ്വാശ്രയ കോളേജിന്റെ പേരിൽ ഇവിടെ സമരം നടത്തുന്നതെന്നുള്ളത് അപഹാസ്യമാണ്.

2003-ലെ ഇലക്ട്രിസിറ്റി (ഭേദഗതി) ബില്ലിനെ അനുകൂലിച്ചുകൊണ്ട് വോട്ടുചെയ്തതിൽ ബി.ജെ.പി.-യും കോൺഗ്രസും മുസ്ലീം ലീഗുമടക്കമുള്ള കക്ഷികളാണുണ്ടായിരുന്നതെങ്കിൽ അതിനെ എതിർക്കാൻ ഇടതുപക്ഷ പ്രസ്ഥാനം മാത്രമാണുണ്ടായിരുന്നത്. സാധാരണക്കാരായ ഗുണഭോക്താക്കൾക്ക് ഗുണകരമാകുന്ന രീതിയിലേയ്ക്ക് മാറ്റിയെടുക്കാതെ ടാറ്റ, ബിർള, റിലയൻസ് അടക്കമുള്ള സ്വകാര്യ

കമ്പനിക്കാർക്കുവേണ്ടിമാത്രം ഇലക്ട്രിസിറ്റി ബിൽ കൊണ്ടുവരികയാണുണ്ടായത്. സംസ്ഥാനത്തിന് കോടികളുടെ ബാധ്യത അടിച്ചേല്പിച്ച് റിലയൻസിന്റെ ബി.എസ്.ഇ.എസ്. താപനിലയവുമായിട്ടുള്ള കരാർ രണ്ട് വർഷത്തേയ്ക്കുകൂടി നീട്ടാനുള്ള തീരുമാനം കോടികളുടെ അഴിമതിക്ക് ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ ഉത്തരവിട്ടതാണ്. നയപരമായ തീരുമാനമാണെന്ന് പറഞ്ഞാണ് ഉപഭോക്താക്കൾക്ക് അധികഭാരം വരുത്തുന്ന ഈ തീരുമാനം സർക്കാർ എടുത്തത്. ഈ കരാർ പ്രകാരം വൈദ്യുതിയുടെ ഫിക്സഡ് കോസ്റ്റ് ബോർഡ് നൽകേണ്ടിവരും. ഉപയോഗിക്കാത്ത വൈദ്യുതിക്കുപോലും പൈസ കൊടുക്കേണ്ട അവസ്ഥാവിശേഷമാണ് കഴിഞ്ഞ സർക്കാർ ഉണ്ടാക്കിയെടുത്തത്. 228 കോടിയോളം രൂപയാണ് അതിൽനിന്ന് നഷ്ടമായത്. സ്വകാര്യ കമ്പനിക്കാർക്ക് ഗുണകരമാകുന്ന രീതിയിൽ കെ.എസ്.ഇ.ബി.-യെ മാറ്റിയെടുത്തു. 11 കെ.വി. ഫീഡറിലോ ട്രാൻസ്ഫോർമറിലോ എൽ.ടി. ലൈനിലോ ഉണ്ടാകുന്ന ഏത് തകരാറും എല്ലാ ഉപഭോക്താക്കളേയും ഒരുപോലെ ബാധിക്കും. പവർകട്ടും വോൾട്ടേജ് ക്ഷാമവും ഒഴിവാക്കികൊടുക്കേണ്ട അവസ്ഥാവിശേഷം നമുക്കുണ്ടാകുന്നത് റിലയൻസ് അടക്കമുള്ള സ്വകാര്യ കമ്പനിക്കാർക്കുവേണ്ടിയാണ്. ലൈസൻസി റദ്ദാക്കൽ അനുച്ഛേദം 70 (ബി) പ്രകാരം ഇതിന്റെ എല്ലാ ബാധ്യതകളും ഗവൺമെന്റിനുണ്ടാകുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെല്ലാം സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുത്തുകൊണ്ടാണ് കഴിഞ്ഞ സർക്കാർ അധികാരം വിട്ടൊഴിഞ്ഞതെന്നുള്ളത് നാം തിരിച്ചറിയണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി വാങ്ങി വിൽപ്പന നടത്തിയത് സ്വകാര്യ കമ്പനിക്കാർക്ക് വേണ്ടിയായിരുന്നു എന്നുള്ളത് വ്യക്തമാണ്. 1522 കോടി രൂപയാണ് ഇതിലൂടെ നഷ്ടം വന്നിട്ടുള്ളത്. യു.ഡി.എഫ്. ഗവണ്മെന്റ് ഭരിക്കുമ്പോൾ സാമ്പത്തിക ബാധ്യത 5900 കോടി രൂപയാണെന്ന് മനസ്സിലാക്കുന്നതോടൊപ്പം യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് വൈദ്യുതി മേഖല ആർക്കുവേണ്ടിയാണ് ഉപയോഗപ്പെടുത്തിയതെന്നുകൂടി നാം മനസ്സിലാക്കണം. യു.ഡി.എഫ്. ഭരിക്കുന്ന കാലഘട്ടങ്ങളിൽ വൈദ്യുതി മേഖലയിൽ ഇത്തരത്തിലുള്ള സ്വകാര്യ കുത്തക കമ്പനിക്കാരെ സഹായിക്കുന്ന പ്രവണതക ളാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മൂന്നുതവണയാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്. ഇതെല്ലാം സാധാരണ ജനവിഭാഗങ്ങളെയാണ് ബാധിച്ചുകൊണ്ടിരുന്നത്. സൗജന്യ വൈദ്യുതി കണക്ഷൻ നിർത്തലാക്കൽ, വൈദ്യുതി ചാർജ്ജ് ആഗോള നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന

നിലപാടുകൾ, കെ.എസ്.ഇ.ബി.-യുടെ പോസ്റ്റും ടവറുകളുമെല്ലാം സ്വകാര്യമേഖലയ്ക്ക് കൊടുക്കുന്ന അവസ്ഥാവിശേഷം, പൊതുമേഖലാ മീറ്റർ കമ്പനി അടച്ചുപൂട്ടിയ സാഹചര്യങ്ങൾ എന്നിവ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടങ്ങളിലുണ്ടായി എന്നുള്ളത് സ്വകാര്യ കമ്പനിക്കാർക്കുവേണ്ടിയുള്ള നയപരിപാടികളുടെയും തെറ്റായ നയങ്ങളുടെയും ഫലമായിട്ടാണ്. ഇവരുടെ അഴിമതി തിരിച്ചറിഞ്ഞ ജനതയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അധികാരത്തിലേറ്റുന്നതിന് കളമൊരുക്കിയത്. ഇവർ ഉന്നയിക്കുന്ന ആവശ്യങ്ങളൊന്നും ജനങ്ങൾ ഉൾക്കൊള്ളി ല്ലെന്നുകൂടി മനസ്സിലാക്കണം.

തുറമുഖവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയാനുണ്ട്. കയ്പമംഗലവും കൊടുങ്ങല്ലൂരും ഉൾപ്പെടെയുള്ള പ്രദേശത്താണ് മുസിരീസ് പദ്ധതി നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും സഹകരണ വകുപ്പുമന്ത്രിയും തുറമുഖ വകുപ്പുമന്ത്രിയുമെല്ലാം കഴിഞ്ഞ ദിവസം അവിടെ സന്ദർശിക്കുകയും ആ പദ്ധതിക്ക് പൂർണ്ണ പിന്തുണ നൽകുകയുമുണ്ടായി. പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട് ചേരമാൻ പള്ളിയും അഴീക്കോട് സെന്റ് തോമസ് പള്ളിയും കൊടുങ്ങല്ലൂർ അമ്പലവും ജൂതന്മാരുടെ സിനഗോഗും മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്ന രീതിയിലേക്ക് കൊണ്ടുവരുന്നതിന് പൂർണ്ണ പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. നാണു</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. എല്ലാ കുടുംബങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന് എല്ലാ നിയോജക മണ്ഡലങ്ങളിലെയും മുനിസിപ്പാലിറ്റി/പഞ്ചായത്ത് ഭരണസമിതികൾ ഒരുമിച്ചു ചേർന്ന് തീരുമാനമെടുക്കുന്നു. ജനങ്ങൾക്ക് അങ്ങേയറ്റം ഗുണകരമായ പദ്ധതിയാണിത്. അത്തരമൊരു പദ്ധതിക്ക് മുൻകയ്യെടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു.

മറ്റൊരു പ്രശ്നം, കുടിവെള്ള പദ്ധതിയാണ്. കുടിവെള്ള പദ്ധതികൾക്ക് പുഴകളിൽനിന്നാണ് വെള്ളമെടുക്കുന്നത്. പല സന്ദർഭങ്ങളിലും ജനറേറ്ററുകൾ താല്ക്കാലികമായി തകരാറാകുന്നതിന്റെ ഫലമായി ദിവസങ്ങളോളം കുടിവെള്ളം ലഭിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ താമസം നേരിടുന്നതിന്റെ ഫലമായി എം.എൽ.എ.-മാർ നിത്യേന ജനങ്ങളിൽനിന്നും ആക്ഷേപം ഏറ്റുവാങ്ങുകയാണ്. ഇത് വളരെ വേഗം പരിഹരിക്കാൻ സാധിക്കുന്നതാണ്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും കുടിവെള്ളം ലഭിക്കാത്ത അവസ്ഥ എങ്ങനെ പരിഹരിക്കാൻ

സാധിക്കുമെന്നുള്ളതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം.

ജലവൈദ്യുത പദ്ധതികൾ വിജയിക്കണമെങ്കിൽ പുഴകളിൽ വെള്ളം ആവശ്യമാണ്. ഇപ്പോൾ പുഴകളിൽ വെള്ളം കുറവാണ്. കുറച്ചുദിവസങ്ങൾ കഴിയുമ്പോൾ ജലവൈദ്യുതിയുടെ ലഭ്യത ഉദ്ദേശിച്ചതിലും കുറയുന്ന സാഹചര്യമുണ്ടാകും. എം.എൽ.എ. ഫണ്ടിൽ നിന്ന് സിഗ്നൽ ലൈറ്റുകൾ മുനിസിപ്പാലിറ്റികൾക്ക് നല്കിയിട്ടുണ്ട്. കെൽട്രോണിലെ ഉദ്യോഗസ്ഥരാണ് സൗരോർജ്ജം ഉപയോഗിച്ച് അത്തരം സിഗ്നൽ ലൈറ്റുകൾ പ്രവർത്തിപ്പിക്കുന്നത്. ജലവൈദ്യുത പദ്ധതികൾ കുറഞ്ഞ് വൈദ്യുതി പ്രതിസന്ധിയുണ്ടാകുമ്പോൾ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ലഭ്യമാകുന്ന സൗരോർജ്ജം ഉപയോഗിച്ചുകൊണ്ട് അതിന് പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി പ്രതിസന്ധിയിൽ നിന്നും കേരളത്തെ രക്ഷിക്കാൻ സാധിക്കും. അത്തരം പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന പണം കുറയ്ക്കരുത്.

കൽക്കരിയുടെ ഉപയോഗംമൂലമുണ്ടാകുന്ന പാരിസ്ഥിതിക തകരാറുകളെപ്പറ്റി പലഭാഗത്തുനിന്നും വിമർശനങ്ങളുണ്ടായി. ഇപ്പോൾത്തന്നെ കേരളത്തിലെ പുഴകൾ പലതും വറ്റിക്കൊണ്ടിരിക്കുകയാണ്. നമ്മൾ പ്രതീക്ഷിച്ച രീതിയിൽ നദികളിൽ നിന്ന് വെള്ളം ലഭിക്കുന്നില്ല. കുറച്ചുമാസങ്ങൾ കഴിയുമ്പോൾ നദികളിലെ വെള്ളവും മലീമസമാകും ഇങ്ങനെ വരുന്ന സാഹചര്യത്തിൽ നദീജലത്തെ മാത്രം ആശ്രയിച്ചുകൊണ്ട് കേരളത്തിൽ ആവശ്യത്തിനനുസരിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമോ എന്നുള്ള കാര്യങ്ങൾ നമ്മുടെ മുന്നിലുള്ള പ്രശ്നങ്ങളാണ്. നമ്മുടെ പ്രധാനപ്പെട്ട സമ്പത്ത് സൂര്യതാപമാണ്. ഇൻഡ്യയിൽ മഹാരാഷ്ട്ര ഉൾപ്പെടെയുള്ള മിക്ക സംസ്ഥാനങ്ങളിലും പണ്ടുമുതലേ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നു. സൂര്യതാപത്തെ എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്ന കാര്യം പരിശോധിക്കണം. സൂര്യതാപം ഉപയോഗപ്പെടുത്തി കേരളത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച് ഗൗരവമായി ഗവൺമെന്റ് പരിശോധിക്കേണ്ടതാണ്. സ്വാതന്ത്ര്യം കിട്ടിയ സമയത്ത് നേപ്പാളും ഇൻഡ്യയും തമ്മിൽ ഒരു കരാറുണ്ടാക്കുന്നത് സംബന്ധിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആലോചിച്ചിരുന്നതാണ്. കാരണം, അവിടെ വലിയ ജലസ്രോതസ്സുകളുണ്ട്. അവ ഉപയോഗിച്ച് നേപ്പാളിനും ഇൻഡ്യയ്ക്കും സാമ്പത്തികമായി മെച്ചമുണ്ടാക്കാവുന്ന രീതിയിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുന്നതിനുള്ള നടപടികളുണ്ടായിരുന്നു. പല കാരണങ്ങളാൽ അത് മുടങ്ങിയതിന്റെ ഫലമായി ജലവൈദ്യുത പദ്ധതികൾ ലഭിക്കാനുള്ള സാധ്യത ഇല്ലാതായി. കേരളത്തിന് അതെങ്ങനെ

ഉപയോഗപ്പെടുത്താൻ സാധിക്കും; കാറ്റിൽ നിന്ന് എങ്ങനെ വൈദ്യുതി ഉൽപ്പാദിപ്പിക്കാം എന്നിവ സംബന്ധിച്ച് നമ്മളാലോചിക്കണം. ചില മേഖലകളിൽ സാമ്പത്തികമായി കൂടുതൽ പണം ചെലവഴിക്കേണ്ടിവരും. സാമ്പത്തികമായി കഴിവുള്ളവർക്ക് സ്വന്തമായി എങ്ങനെ സൗരോർജ്ജമുണ്ടാക്കാൻ സാധിക്കുമെന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകുകയും പാവപ്പെട്ട ആളുകൾക്കുംകൂടി ഇത് ലഭ്യമാകുന്ന രീതിയിലുള്ള പദ്ധതികൾ സംബന്ധിച്ച് ഗൗരവമായി ആലോചിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. ആൻസലൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ ചിരകാല അഭിലാഷമാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ യു.ഡി.എഫ്. ഗവൺമെന്റ്, ബി.ജെ.പി. ഗവൺമെന്റുമായി ഉണ്ടാക്കിയിട്ടുള്ള ധാരണ പരക്കെ ചർച്ച ചെയ്യപ്പെടുന്നതാണ്. അദാനിയെന്ന കോർപ്പറേറ്റ് മുതലാളിക്ക് ഇഷ്ടംപോലെ ലാഭം കൊയ്യുന്നതിനും പണമുണ്ടാക്കുന്നതിനുമുള്ള ഒരു കരാറായിരുന്നു അത്. ആ പദ്ധതിയുടെ മറപിടിച്ചുകൊണ്ട് അന്നത്തെ ഗവൺമെന്റ് നടത്തിയിട്ടുള്ള അഴിമതിയെ സംബന്ധിച്ച് പരിശോധിക്കണം. ആ ഘട്ടത്തിൽ ശ്രീ. പി. സി. ജോർജ് 300 കോടി രൂപയുടെ അഴിമതിയാരോപണം ഉന്നയിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തെ യാഥാർത്ഥ്യമല്ലാതാക്കുന്നതിനുള്ള ശ്രമമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അത്തരമൊരു ഘട്ടത്തിലാണ് വിഴിഞ്ഞത്തുനിന്ന് കേവലം 30 കിലോമീറ്റർ അകലെയുള്ള കുളച്ചലിൽ ഒരു തുറമുഖം ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിരിക്കുന്നത്. വിഴിഞ്ഞത്തുനിന്ന് കേവലം 140 കിലോമീറ്റർ അകലെയുള്ള തൂത്തുക്കുടിയിൽ നിലവിലുള്ള തുറമുഖത്തെ കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി യാതൊരു തടസ്സവുമില്ലാതെ കോടിക്കണക്കിന് രൂപ മുൻ യു.പി.എ. ഗവൺമെന്റും ഇപ്പോഴത്തെ എൻ.ഡി.എ. ഗവൺമെന്റും വാരിക്കോരിക്കൊടുക്കുമ്പോൾ വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച നിലപാടുകൾ പരിശോധിക്കപ്പെടേണ്ടതാണ്. കേരളത്തിലെ തുറമുഖങ്ങൾ കുറേക്കൂടി ആകർഷകമാക്കുന്ന തരത്തിലും അതിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തരത്തിലുമുള്ള ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്.

കേരളത്തിന്റെ കാൽ നൂറ്റാണ്ട് മുമ്പുള്ള ചരിത്രംകൂടി പരിശോധിച്ചശേഷം മാത്രമേ ഇന്നത്തെ വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലേക്ക് കടക്കേണ്ടതായിട്ടുള്ളൂ. 1996 വരെ കേരളത്തിലെ വൈദ്യുതിരംഗം എങ്ങനെയായിരുന്നു?

വളരെ പ്രയാസകരമായിട്ടുള്ള അവസ്ഥയാണ് അന്ന് സാമൂഹികരംഗത്തു ണ്ടായിരുന്നത്. മൂന്നുംനാലും മണിക്കൂർ അപ്രഖ്യാപിത പവർകട്ടും രാത്രി കാലങ്ങളിൽ രണ്ടുംമൂന്നും മണിക്കൂർ ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തിയ ഒരു കാലഘട്ടമുണ്ടായിരുന്നു. കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയും മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ കേരളത്തിൽ ഒരു കച്ചവട സ്ഥാപനംപോലും പ്രവർത്തിക്കാൻ കഴിയാത്ത തരത്തിലുള്ള ശക്തമായ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. കേരളത്തിൽ 25 വർഷങ്ങൾക്കുമുമ്പ് ഒരു ഫ്ളവർ മിൽപോലും പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത രീതിയിലുള്ള ശക്തമായ നിയന്ത്രണം ഉണ്ടായിരുന്നുവെന്നത് നമുക്കറിവുള്ളതാണ്. 40 വോൾട്ടിന്റെ ഒരു ബൾബ് മാത്രമേ കച്ചവട സ്ഥാപനങ്ങളിൽ പ്രകാശിപ്പിക്കാൻ അവകാശ മുണ്ടായിരുന്നുള്ളൂ. കൂടുതൽ പ്രകാശമുള്ള ബൾബുകൾ ഉപയോഗിച്ചാൽ കണക്ഷൻ കട്ട് ചെയ്യുന്ന അവസ്ഥയാണുണ്ടായിരുന്നത്. 1996-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അന്നത്തെ വൈദ്യുതി മന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയനാണ് ഈ സാമൂഹിക പ്രശ്നത്തെ ഫലപ്രദമായി കൈകാര്യം ചെയ്ത് 1058 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചുകൊണ്ട് വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിച്ചത്. അതിനുശേഷം ശ്രീ. എസ്. ശർമ്മയും, ശ്രീ. എ. കെ. ബാലനും ദീർഘവീക്ഷണത്തോടെ നടത്തിയിട്ടുള്ള നടപടിക്രമങ്ങൾ വൈദ്യുതിരംഗത്ത് ശ്രദ്ധേയമായ മുന്നേറ്റമാണു ണ്ടാക്കിയിട്ടുള്ളത്. സഖാവ് എ. കെ. ബാലൻ വൈദ്യുതി മന്ത്രിയായിരിക്കുമ്പോഴാണ് 86 നിയോജക മണ്ഡലങ്ങളിൽ വൈദ്യുതി ലഭ്യത പൂർണ്ണതയിലേക്ക് എത്തിക്കാൻ കഴിഞ്ഞത്. പാലക്കാട്, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ നാലു ജില്ലകളിൽ വൈദ്യുതിയുടെ കാര്യത്തിൽ പൂർണ്ണത കൈവരിച്ചിട്ടുണ്ട്.

2011-ലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരം വിട്ടൊഴിഞ്ഞത്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ സ്ഥിതിയെന്താണ്? വൈദ്യുതിയുടെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള പുരോഗതി കൈവരിക്കുവാൻ യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? യാതൊരു നടപടിയും സ്വീകരിച്ചില്ലെന്ന് മാത്രമല്ല, കൊടിയ അഴിമതിയുടെ കേന്ദ്രമാക്കി ഈ രംഗത്തെ മാറ്റി. വൈദ്യുതിയുടെ കാര്യത്തിൽ കേരളത്തെ മിച്ച സംസ്ഥാനമാക്കി മാറ്റുന്നതിനെക്കുറിച്ച് ആലോചി ക്കുന്നതിനുപകരം എല്ലാ മേഖലയേയും അഴിമതിയുടെ കേന്ദ്രമാക്കുന്ന നടപടിയാണ് സ്വീകരിക്കുന്നത്. L&T കമ്പനിയിൽ നിന്ന് ഗുണനിലവാരമില്ലാത്ത 56000-ത്തോളം മീറ്ററുകളാണ് വാങ്ങി സ്ഥാപിച്ചിരിക്കുന്നത്. ഗുണഭോക്താക്കളെ

ഇത്രയേറെ ബുദ്ധിമുട്ടിക്കുകയും ദുരിതത്തിലാഴ്ത്തുകയും ചെയ്ത കെടുകാര്യസ്ഥതയുടെ കേന്ദ്രമായിരുന്ന കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിയും വകുപ്പുതലവന്മാരും. മൂന്നുപ്രാവശ്യം വൈദ്യുതി ചാർജ് അമിതമായി വർദ്ധിപ്പിച്ചു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന് വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്ന കാര്യത്തിൽ ഒരിഞ്ച് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. വൈദ്യുതിയുടെ കാര്യത്തിൽ പരിപൂർണ്ണമായി ദുരന്തം നേരിട്ട ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ അപ്രായോഗികമായിട്ടുള്ള സമീപനങ്ങളാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. 2015 ജൂൺ മാസത്തോടുകൂടി കേരളത്തിലെ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുമെന്ന് മുൻ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ട് കാര്യങ്ങൾ എവിടെ എത്തി? 2016 ജൂൺ ആയിട്ടുപോലും ആ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. സഖാവ് കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിൽ, വൈദ്യുതിവകുപ്പ് 2017 മാർച്ച് 31-നകം കേരളത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എത്തിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വൈദ്യുതിയുള്ളവർ ടെലിവിഷനിൽ വിനോദ പരിപാടികൾ കണ്ടു രസിക്കുമ്പോൾ, ലക്ഷക്കണക്കിന് വരുന്ന പാവപ്പെട്ട കുടുംബങ്ങൾ, മണ്ണെണ്ണ വിളക്കും മറ്റു സൗകര്യങ്ങളും ഉപയോഗപ്പെടുത്തി ജീവിതം മുന്നോട്ട് കൊണ്ടു പോകുമ്പോൾ ഉൾഗ്രാമങ്ങളിൽപോലും വൈദ്യുതി എത്തിച്ചു കൊടുക്കാനാവശ്യമായ ചടുലമായ നീക്കം ഈ ഗവൺമെന്റ് നടത്തുകയാണ്. അഭിമാനകരമായ മറ്റൊരു മുഹൂർത്തത്തിനുകൂടി കേരളം സാക്ഷ്യം വഹിക്കുകയാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെല്ലാം നമ്മൾ പോകുന്നതാണ്. അവിടെ ഗവൺമെന്റുകൾ പല പദ്ധതികളും പ്രഖ്യാപിക്കാറുണ്ട്. പക്ഷേ പട്ടണപ്രദേശങ്ങളൊഴിച്ചാൽ വൈദ്യുതി പ്രകാശം കാണാത്ത ഉൾപ്രദേശങ്ങളിലെ ലക്ഷക്കണക്കിന് കുടുംബങ്ങളും തെരുവുകളും മറ്റു സംസ്ഥാനങ്ങളിലുണ്ട്. കറണ്ട് പോയാൽ എപ്പോൾ വരുമെന്ന് അറിയാൻ കഴിയാത്ത അവസ്ഥയാണ് തമിഴ്നാട്ടിൽ പോലുമുള്ളത്. പത്തും പന്ത്രണ്ടും മണിക്കൂർ കറണ്ടില്ലാത്ത അവസ്ഥയാണ്. അവിടെയുള്ള വീടുകളിൽ ഇൻവെർട്ടറുകൾ ഇന്നൊരു അവശ്യ വസ്തുവായി മാറിയിട്ടുണ്ട്. എന്നാൽ കേരളം വൈദ്യുതിയുടെ കാര്യത്തിൽ മിച്ച സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. ഒട്ടനവധി വിഷയങ്ങളിൽ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇലക്ട്രിക് ഉപകരണങ്ങൾ, കേബിളുകൾ എന്നിവ വാങ്ങിയതിൽ കൊടിയ അഴിമതി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടന്നിട്ടുണ്ട്. അതെല്ലാം അന്വേഷണ വിധേയമാക്കേണ്ടതും നടപടി സ്വീകരിക്കേണ്ടതുമാണ്.

എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾകൂടി സൂചിപ്പിക്കുകയാണ്.

നെയ്യാറ്റിൻകരയിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ഇന്ന് ഇരുപതിനായിരത്തിലധികം ഉപഭോക്താക്കളുള്ള ഒരു ഓഫീസായി മാറിയിട്ടുണ്ട്. പെരുമ്പഴുതൂർ കേന്ദ്രീകരിച്ച് നഗരപ്രദേശത്ത് മറ്റൊരു ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് കൂടി തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കണം. നെയ്യാറ്റിൻകരയിൽ നിലവിലുള്ള 66 കെ. വി. സബ്സ്റ്റേഷൻ 110 കെ.വി. സബ്സ്റ്റേഷൻ ആക്കുന്നതിനു വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. നെയ്യാറ്റിൻകര മണ്ഡലത്തിന്റെ പ്രാന്തപ്രദേശങ്ങളായ ചെങ്കൽ, കാരോട്, കുളത്തൂർ, തിരുപുറം എന്നിവിടങ്ങളിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിനായി ഉദിയൻകുളങ്ങര കേന്ദ്രീകരിച്ച് പുതിയൊരു വൈദ്യുതി സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഏറ്റവും വലിയ പ്രശ്നം നേരിടുന്നത് വൈദ്യുതി ലൈനുകളാണ്. നഗരപ്രദേശങ്ങളിൽ അടിയന്തരമായി അണ്ടർ കേബിൾ സിസ്റ്റം കൊണ്ടുവരണം. അക്കാര്യത്തിൽ കുറേക്കൂടി മുന്നേറേണ്ടതായിട്ടുണ്ട്. മുമ്പ് റോഡുകളും ശരിയായ പാതകളും ഇല്ലാതിരുന്നപ്പോൾ വിവിധ പ്രദേശങ്ങളിൽക്കൂടി ലൈനുകൾ വലിച്ചിട്ടുണ്ട്. പതിറ്റാണ്ടുകൾക്കുശേഷം ആ പ്രദേശങ്ങളിലൊക്കെ വൈദ്യുതി ലൈൻ സുഗമമായി കൊണ്ടുപോകാൻ കഴിയുന്ന തരത്തിലുള്ള പാതകൾ വന്നിട്ടുണ്ട്. പറമ്പുകൾക്കും വീടുകൾക്കും പുതിയ വീട് നിർമ്മാണത്തിനും തടസ്സമായി നിൽക്കുന്ന വൈദ്യുതി ലൈനുകൾ റോഡുകളിലും പാതകളിലുമായി ക്രമീകരിച്ചുകൊണ്ട് ജനങ്ങൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. സ്ഥലപരിമിതി കാരണം റോഡ് സൈഡുകളിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറുകൾ പലപ്പോഴും അപകടകരമായ അവസ്ഥകളിലേക്ക് എത്തിപ്പെടുന്നു. ട്രാൻസ്ഫോർമറുകളെ കുറേക്കൂടി സുരക്ഷിതമായ പ്രദേശങ്ങളിൽ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതായിട്ടുണ്ട്.

ഇന്ന് സഭയിൽ പ്രതിപക്ഷമില്ല. അവർ ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരാഴ്ചയായി നിയമസഭയുടെ പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കാനുള്ള മുദ്രാവാക്യം ഉയർത്തിക്കൊണ്ട് സമരരംഗത്ത് വന്നവരാണ്. കേരളത്തിലെ സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് എന്തും നടത്തുന്നതിനുള്ള സൗകര്യം ചെയ്തുകൊടുത്ത് കെട്ടഴിച്ചുവിട്ട സമീപനം സ്വീകരിച്ച ആളുകളാണ് ഇന്ന് ആ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനവുമായി ബന്ധപ്പെട്ട് നിയമസഭയ്ക്കകത്തും പുറത്തും സമരം നടത്തുന്നത്. സമരം എങ്ങനെയെങ്കിലും തീർത്തുകിട്ടിയാൽ മതിയെന്ന സമീപനമാണ് ഇന്ന് സ്വീകരിക്കുന്നത്. ഇന്നൊരു

യു.ഡി.എഫ് എം.എൽ.എ. പറഞ്ഞത്, എങ്ങനെയെങ്കിലും സമരം തീർത്തു തരണം; കാരണം, ഇനി കിടക്കേണ്ടത് ഞങ്ങളൊക്കെയാണെന്നാണ്. 5 ദിവസം നിരാഹാരം കിടന്നപ്പോൾത്തന്നെ അവർ വശംകെട്ടു, അവർ നടത്തിയ സമരങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. അവർ എന്ത് സമരം നടത്തിയിട്ടുണ്ട്? കേരളത്തിലെ വിദ്യാർത്ഥി യുവജനപ്രസ്ഥാന സമര ചരിത്രമെടുത്തുനോക്കിയാൽ പത്തിലൊരു ശതമാനം സമരംപോലും നടത്തുവാൻ കേരളത്തിലെ യൂത്ത് കോൺഗ്രസിനോ കെ.എസ്.യു. അടക്കമുള്ള പ്രസ്ഥാനങ്ങൾക്കോ കഴിഞ്ഞിട്ടില്ല. കേരളത്തിലെ വിദ്യാർത്ഥി യുവജന പ്രസ്ഥാന നേതാക്കൾ 14-ഉം 16-ഉം ദിവസം നിരാഹാരവ്രതം അനുഷ്ഠിച്ചിട്ടുണ്ട്. ഒട്ടനവധി സമരമുഖങ്ങളിൽ പോലീസിന്റെ ക്രൂര മർദ്ദനത്തിനിരയായിട്ടുണ്ട്. നാൽപ്പതും അൻപതും അറുപതും ദിവസം ജയിലറയിൽ കിടന്ന് ശിക്ഷ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അവിടെയൊന്നും എത്താത്തതാണ് കെ.എസ്.യു.-വും യൂത്ത് കോൺഗ്രസും നടത്തിയ സമരം. പരിയാരം മെഡിക്കൽ കോളേജിലെ കേവലം മുപ്പത് കുട്ടികളുടെ ഫീസുമായി ബന്ധപ്പെട്ടാണ് സമരം നടത്തുന്നത്. അതുസംബന്ധിച്ച് പരിശോധിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആ സമരം പിൻവലിക്കാൻ തയ്യാറായി. എന്ത് ധാരണയുടെ അടിസ്ഥാനത്തിലാണ് സമരം പിൻവലിക്കാൻ പോകുന്നതെന്ന് പറയാൻപോലും കഴിയാത്ത അവസ്ഥയിലേയ്ക്ക് ഇന്ന് യു.ഡി.എഫ്. മാറിയിരിക്കുന്നു. ഇവിടെ ശ്രീ. പി. സി. ജോർജ് ശ്രീ. കെ. എം. മാണിയെക്കുറിച്ച് പറഞ്ഞു. ശ്രീ. കെ. എം. മാണിക്കെതിരായി ഒട്ടേറെ കേസ്സുകളുണ്ട്. ആ കേസ്സുകളിൽ നിന്നും തടിയൂരാൻ വേണ്ടി യു.ഡി.എഫ്-ൽ നിന്ന് ഇറങ്ങി പുറപ്പെട്ട് നടുഭാഗത്ത് എത്തിനിൽക്കുകയാണ്. ശ്രീ. കെ. എം. മാണി എൽ.ഡി.എഫ്.-ഉമായി സഹകരിച്ചു പോകാമോയെന്ന രീതിയിൽ ഒന്ന് തൊട്ട് നോക്കുകയാണ്. ശ്രീ. കെ. എം. മാണിയുടെ ആഗ്രഹം നടക്കില്ല, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ശക്തമായി, കേസ് നടപടികളുമായി മുന്നോട്ടുപോകും. ശ്രീ. കെ. എം. മാണി നിയമസഭയിൽ പ്രതിപക്ഷത്തിനോടൊപ്പം തന്നെ സമരസപ്പെട്ടുകൊണ്ടുള്ള സമീപനം സ്വീകരിക്കുകയാണ്. ഇത്തരത്തിൽ രാഷ്ട്രീയത്തിൽ ശിഖണ്ഡി വേഷം കെട്ടുന്ന ആളുകളെ ഒറ്റപ്പെടുത്തിക്കൊണ്ട് കേരളത്തിലെ സാമാന്യ ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ട ഒട്ടനവധി ക്ഷേമ പ്രവർത്തനങ്ങളുമായാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ഐശ്വര്യപൂർണ്ണവും സമ്പദ്സമൃദ്ധിയുമായ ഈ നാടിനെ അഴിമതിയുടെ കേന്ദ്രമാക്കി മാറ്റിയ എല്ലാ അഴിമതി രാജാക്കന്മാരെയും കൽത്തുറുങ്കിലടയ്ക്കാൻ

കഴിയുന്ന രൂപത്തിലുള്ള ശക്തമായ നിലപാട് സർക്കാർ സ്വീകരിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി അടക്കമുള്ള 11 മന്ത്രിമാർക്കെതിരായി 136 കേസുകളാണെടുത്തിട്ടുള്ളത്. ആ കേസുകളുടെ നിജസ്ഥിതി അന്വേഷിച്ചുകൊണ്ടുള്ള നടപടിക്രമങ്ങൾ നടക്കുമ്പോൾ കേരളത്തിൽ യു.ഡി.എഫ്. എന്ന പ്രസ്ഥാനം ഇല്ലാതാകാൻ പോകുകയാണ്. അത് കേരളത്തിൽ പ്രായോഗികമല്ലെന്ന രൂപത്തിൽ മാറിക്കൊണ്ടിരിക്കുകയാണ്. കോൺഗ്രസ് കഴിഞ്ഞാൽ ലീഗും ജേക്കബ് കോൺഗ്രസും ചേർന്ന രണ്ട് കക്ഷികൾ മാത്രമായി കേരളത്തിലെ യു.ഡി.എഫ്. അവശേഷിക്കുമ്പോൾ, ആ മൂന്ന് കക്ഷികളും മൂന്ന് ഭാഗമായി മാറാൻ കഴിയുന്ന ഒരു രാഷ്ട്രീയ സാഹചര്യം കേരളത്തിൽ നടക്കാൻ പോകുന്ന സാഹചര്യത്തിൽ യു.ഡി.എഫ്.-ന്റെ അവസരവാദ നയത്തിനെതിരായിട്ടുള്ള ശക്തമായ മുന്നേറ്റം കേരളജനത നടത്താൻ പോകുകയാണ്. അതാണ് കഴിഞ്ഞ ഒരാഴ്ചക്കാലമായി പ്രഖ്യാപിച്ച സമരത്തിന്റെ യഥാർത്ഥ വസ്തുത പറഞ്ഞ് മനസ്സിലാക്കുന്നതിന് യു.ഡി.എഫ്-നോ കോൺഗ്രസിനോ കഴിയാത്തതെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നദികളുടെ കാര്യത്തിലെന്നപോലെ തുറമുഖങ്ങളുടെ കാര്യത്തിലും കേരളം സമ്പന്നമാണ്. 17 ചെറുകിട തുറമുഖങ്ങൾ കേരളത്തിലുണ്ട്. കേരളത്തിലെ വലിയൊരു വിഭാഗം ജനങ്ങൾ തുറമുഖങ്ങളെ ആശ്രയിച്ചാണ് ജീവിക്കുന്നത്. വിവിധ വിഭാഗങ്ങളിൽപ്പെട്ട അഭ്യസ്തവിദ്യരും അല്ലാത്തവരുമായ നിരവധി ആളുകൾ ഇവിടെ പണിയെടുക്കുന്നുണ്ട്. കേരളത്തിന്റെ പെരുമയും സുഗന്ധവും രുചിയും കടൽ കടന്നത് ഈ തുറമുഖങ്ങളിലൂടെയാണ്. കേരളത്തിലെ മിക്കവാറുമെല്ലാ വലിയ പട്ടണങ്ങളും വളർന്നത് ഈ തുറമുഖങ്ങളുടെ സാമീപ്യത്തിലാണ്. പണ്ടുകാലം മുതൽതന്നെ വാണിജ്യാവശ്യത്തിന് കേരളം ആശ്രയിച്ചത് തുറമുഖങ്ങളെയാണ്. ചുരുക്കത്തിൽ, കേരളത്തിന്റെ സമ്പദ്ഘടന രൂപപ്പെടുത്തുന്നതിലും വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖങ്ങൾ സുപ്രധാനമായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. സാമൂഹ്യ-സാമ്പത്തിക ഘടനയിൽ സുപ്രധാനമായ തുറമുഖങ്ങളുടെ വികസനത്തിനും അഭിവൃദ്ധിക്കുംവേണ്ടി പദ്ധതികൾ രൂപപ്പെടുത്തണമെന്ന് പറയുമ്പോൾ കഴിഞ്ഞ അഞ്ചുവർഷക്കാലം ഈ മേഖലയിൽ സർക്കാർ എന്താണ് ചെയ്തതെന്ന് പരിശോധിക്കേണ്ടിവരും. കഴിഞ്ഞ അഞ്ചു വർഷക്കാലം കേരളം ചർച്ച ചെയ്തത് വിഴിഞ്ഞം തുറമുഖത്തെക്കുറിച്ച് മാത്രമാണ്. ഇന്ന് വിഴിഞ്ഞം കരാർ പ്രാബല്യത്തിൽ വന്നിരിക്കുകയാണ്. അതിനെക്കുറിച്ച്

പരാമർശിക്കാതെ പോകാൻ കഴിയില്ല. ഏറ്റവും വിചിത്രമായ നിബന്ധനകളുടെ ഒരു പെരുമഴയാണ് വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് അദാനി ഗ്രൂപ്പുമായി ഒപ്പുവച്ച കരാർ. കേരളത്തിന്റെ ഡ്രീം പ്രോജക്ടായി അവതരിപ്പിച്ച വിഴിഞ്ഞം പദ്ധതിക്ക് മൊത്തം വേണ്ടിവരുന്നത് 7525 കോടി രൂപയെന്നാണ് കണക്കാക്കിയത്. ഇതിൽ 5071 കോടി രൂപ, അതായത് 67.4 ശതമാനം മുതൽമുടക്കുന്നത് കേരള സർക്കാരാണ്. ബാക്കി 32.6 ശതമാനം, അതായത് 2454 കോടി രൂപ മുതൽമുടക്കുന്നത് അദാനി ഗ്രൂപ്പാണ്. പദ്ധതിക്കായി സർക്കാർ ഏറ്റെടുത്ത് നൽകുന്ന ഭൂമിയുടെ 30 ശതമാനം അദാനിക്ക് മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കാം. നിലവിൽ 204 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടെന്നാണറിയുന്നത്. പദ്ധതി പൂർത്തീകരിക്കേണ്ടത് 2019-ലാണ്. പിന്നീട് 2039 വരെ ഇരുപത് വർഷക്കാലം പൂർണ്ണമായ ലാഭം അദാനി ഗ്രൂപ്പിനാണ്. 20 വർഷത്തിനുശേഷം, 2059 വരെ ലാഭത്തിന്റെ ഒരുശതമാനം മാത്രം സർക്കാരിന് ലഭിക്കും. 40 വർഷം കഴിഞ്ഞാൽ കരാർ വീണ്ടും പുതുക്കണമെന്നാണ് പറയുന്നത്. ഇത് വിചിത്രമായ കരാറാണ്. പദ്ധതിയുടെ 67 ശതമാനം തുക മുതൽമുടക്കുന്ന സർക്കാരിന് 20 വർഷത്തിനു ശേഷം ലാഭത്തിന്റെ ഒരു ശതമാനമാണ് കിട്ടുന്നത്. കരാർ ഒപ്പിട്ടുകഴിഞ്ഞു. ഇപ്പോഴെന്താണ് സ്ഥിതി? അദാനി ഗ്രൂപ്പ് മുടക്കേണ്ട 2454 കോടി രൂപയിൽ 900 കോടി രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്ന പേരിൽ കേന്ദ്ര സർക്കാർ നൽകുന്നു. ബാക്കി 1684 കോടി രൂപയാണ് അദാനി ഗ്രൂപ്പ് മുടക്കേണ്ടത്. എന്നാൽ നാളിതുവരെ ഒരു ചില്ലിക്കാശും മുടക്കിയിട്ടുമില്ല. കേരളം നൽകിയ 100 കോടി രൂപയുടെ പണികൾ മാത്രമാണ് ഇപ്പോൾ നടക്കുന്നത്. ഇതുതന്നെ കടലിൽ കല്ലിടുന്നതിനാണ് വിനിയോഗിക്കുന്നത്. ഈ കരാറിൽ 300 കോടി രൂപയുടെ അഴിമതിയാരോപണം അന്നത്തെ ഭരണകക്ഷിക്കെതിരെ ഉയർന്നിരുന്നു. ഇപ്പോൾ കടലിൽ കല്ലിടുന്ന പണിയിലും അദാനി ഗ്രൂപ്പ് വെട്ടിപ്പ് നടത്തുന്നതായി ആരോപണമുയരുന്നു. ഒരു ടൺ കരിങ്കല്ലിന് 1200 രൂപയാണ് എസ്റ്റിമേറ്റ് തുക. എന്നാൽ 440 രൂപ മാത്രമാണ് ക്വാറികൾക്ക് നൽകുന്നത്. 80 ലക്ഷം ടൺ കരിങ്കല്ല് വേണ്ടിവരുമെന്നാണ് കണക്ക്. ഇതിനേക്കാളൊക്കെ വലിയ ഭീഷണിയാണ് വിഴിഞ്ഞം തുറമുഖ വികസനത്തിന് കേന്ദ്രസർക്കാരിന്റെ നടപടികളുടെ ഭാഗമായി നേരിടേണ്ടിവരുന്നത്. കുളച്ചലിൽ 36000 കോടി രൂപയുടെ പുതിയ തുറമുഖ നിർമ്മാണത്തിനാണ് കേന്ദ്രം അനുമതി നൽകിയിരിക്കുന്നത്. നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും ലംഘിക്കുന്ന ഈ നീക്കം വിഴിഞ്ഞം തുറമുഖ വികസനത്തിന് വൻഭീഷണിയാണ് ഉയർത്തുന്നത്. ഒരു

തുറമുഖത്തിന്റെ ശേഷി 90 ശതമാനം കൈവരിക്കുകയോ നിർമ്മാണം പൂർത്തിയായി 15 വർഷം കഴിയുകയോ ചെയ്താൽ മാത്രമേ ആ തുറമുഖത്തിന് 100 ചതുരശ്ര കിലോമീറ്റർ ചുറ്റളവിൽ മറ്റൊരു തുറമുഖം അനുവദിക്കാവൂവെന്നാണ് ആസൂത്രണ കമ്മീഷന്റെ നിർദ്ദേശം. എന്നാൽ വിഴിഞ്ഞം തുറമുഖത്തുനിന്നും കേവലം 30 കിലോമീറ്റർ ദൂരം മാത്രമുള്ള കുളച്ചലിലാണ് തുറമുഖത്തിന് അനുമതി നൽകിയിരിക്കുന്നത്. അതിന്റെ നിർമ്മാണവും അദാനിക്കുതന്നെ ലഭിച്ചാൽ അതിശയിക്കേണ്ടതില്ല. ഇന്ന് ഏഷ്യൻ രാജ്യങ്ങളിൽ കൂടുതൽ ചരക്കുനീക്കം നടക്കുന്നത് കൊളംബോ, സിംഗപ്പൂർ തുറമുഖങ്ങളിലാണ്. ഇതിൽ കൊളംബോ തുറമുഖവുമായാണ് വിഴിഞ്ഞത്തിന് മത്സരിക്കേണ്ടി വരുന്നത്. വിഴിഞ്ഞം പദ്ധതി 2019-ലാണ് പൂർത്തീകരിക്കേണ്ടത്. പ്രസ്തുത പദ്ധതി യഥാസമയം പൂർത്തീകരിച്ചില്ലെങ്കിൽ 2020-ൽ പണിതീരുന്ന കുളച്ചൽ തുറമുഖവുമായി മത്സരിക്കേണ്ടി വരും. അങ്ങനെ വന്നാൽ തുറമുഖത്തിനുവേണ്ടി സർക്കാർ മുടക്കുന്ന തുക കടലിൽ കല്ലിട്ടതുപോലെയാകുകയും മൂന്നരക്കോടി ജനങ്ങളുടെ വികസന സ്വപ്നങ്ങളെ തകർക്കുകയും ചെയ്യും.

മധ്യകേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്നതാണ് കൊച്ചി തുറമുഖ വികസനം. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ വികസന പദ്ധതികളൊന്നുംതന്നെ കൊച്ചി തുറമുഖ വികസനത്തെ ശക്തിപ്പെടുത്താൻ സഹായിച്ചിട്ടില്ല. ഏറെ കൊട്ടിഘോഷിക്കപ്പെട്ട വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ വലിയ പ്രതീക്ഷയാണ് കേരളത്തിന് നൽകിയത്. എന്നാൽ നാളിതുവരെ ടെർമിനൽ ശേഷിയുടെ 35-40 ശതമാനത്തിനപ്പുറം ചരക്കുനീക്കം നടന്നിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷം വലിയ പ്രയാസമില്ലാതെ പിടിച്ചുനിന്നത് കബോട്ടാഷ് നിയമത്തിൽ ഇളവ് ലഭ്യമായതുകൊണ്ടാണ്. ഇന്ന് ഈ ഇളവ് പ്രാബല്യത്തിലില്ല. പുതിയ ഇളവുകളൊന്നും കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുമില്ല. 2012 സെപ്റ്റംബറിലാണ് അവസാനം കബോട്ടാഷ് നിയമത്തിൽ മൂന്ന് വർഷത്തേക്ക് ഇളവനുവദിച്ചത്. ഇപ്പോൾ നാല് വർഷം കഴിഞ്ഞു. പുതിയ തീരുമാനം വരുന്നതിന് കേന്ദ്ര ഗവൺമെന്റിൽ യാതൊരു സമ്മർദ്ദവും കഴിഞ്ഞ സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ലെന്നത് ഖേദകരമാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം ഒരു തുറമുഖ വകുപ്പുമന്ത്രി ഉണ്ടായിരുന്നോയെന്ന് ആരെങ്കിലും സംശയിച്ചാൽ തെറ്റ് പറയാനാകില്ല. തുറമുഖം, ഫിഷറീസ് എന്നീ വകുപ്പുകളുടെ കാര്യങ്ങളൊന്നും അവരുടെ ശ്രദ്ധയിലുണ്ടായിരുന്നില്ല. അന്ന് അബ്കാരികളുടെ പിന്നാലെയായിരുന്ന തുറമുഖ വകുപ്പുമന്ത്രിയെന്ന് പറഞ്ഞാലും തെറ്റാകില്ല. കൊച്ചി തുറമുഖ ട്രസ്റ്റ് ഭീമമായ

കടബാദ്ധ്യതയിലാണ്. ട്രസ്റ്റിന്റെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളാൻ കേന്ദ്രഗവൺമെന്റ് തയ്യാറായതുകൊണ്ട് മാത്രമാണ് ഇപ്പോൾ പിടിച്ചുനിൽക്കുന്നത്. ഭീമമായ ഡ്രഡ്ജിംഗ് ചെലവാണ് തുറമുഖ ട്രസ്റ്റിനെ കൂടുതൽ കടബാദ്ധ്യത യിലാക്കുന്നത്. വർഷം 150 കോടി രൂപയെങ്കിലും ഇതിന് ചെലവാക്കുന്നുണ്ട്. ഈ ചെലവ് കപ്പൽ ചാലുകൾ ഉപയോഗിക്കുന്ന കോസ്റ്റ്ഗാർഡ്, നേവി എന്നീ വകുപ്പുകൾ ഷെയർ ചെയ്യുന്നതിനോ കേന്ദ്രഗവൺമെന്റ് നൽകുന്നതിനോ തയ്യാറാകുന്നില്ല. അതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്.

പ്രാചീനകാലം മുതൽതന്നെ കേരളപ്പെരുമ ലോകരാജ്യങ്ങളെ അറിയിച്ച മലബാറിലെ ഏറ്റവും പ്രധാന തുറമുഖമായ ബേപ്പൂർ തുറമുഖം എന്റെ നിയോജകമണ്ഡലത്തിലാണ്. കോഴിക്കോടിന് മാത്രമല്ല കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിനും ഈ തുറമുഖത്തിന്റെ വികസനം പ്രധാനമാണ്. കഴിഞ്ഞ അഞ്ച് വർഷം കേരളം ഭരിച്ചവർ ബേപ്പൂർ തുറമുഖ വികസനത്തിനായി സ്വീകരിച്ച നടപടികളെല്ലാം കടലാസ്സിൽ മാത്രമായി ഒതുങ്ങി. നാഷണൽ ഹൈവേയ്ക്ക് സമീപമുള്ളതും 10 കിലോമീറ്ററിനുള്ളിൽ റെയിൽവേ സ്റ്റേഷൻ, 30 കിലോ മീറ്ററിനുള്ളിൽ എയർപോർട്ട് എന്നിവയുള്ളതുമായ ബേപ്പൂർ തുറമുഖത്തിന്റെ വികസന സാധ്യതകൾ അനന്തമാണ്. എന്നാൽ ഈ തുറമുഖം ഇന്ന് അസൗകര്യങ്ങളാൽ ഞെരുങ്ങുകയാണ്. സ്ഥലപരിമിതി ഈ തുറമുഖത്തിന്റെ വികസനത്തിന് വലിയൊരു തടസ്സമാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് ബേപ്പൂർ. ഇവിടെ പോർട്ടിന്റെ വികസനത്തിനായി സ്ഥലമെടുക്കാൻ തീരുമാനിച്ചുവെങ്കിലും ഗതാഗതത്തിന്റെയോ ഉൾനാടൻ ഗതാഗതത്തിന്റെയോ വികസനത്തിന് എന്തെങ്കിലും പദ്ധതികളുണ്ടായതായി അറിയില്ല. കേരളത്തിലെ 20 ശതമാനം ചരക്കുനീക്കം ജലഗതാഗതത്തിലൂടെയാക്കാൻ വിഭാവന ചെയ്തത് ജലഗതാഗത മേഖലയെ ശക്തിപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല. പോർട്ടുകളുടെ വികസനത്തിന് 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അഴീക്കൽ പോർട്ടിന്റെ വികസനത്തിന് 500 കോടി രൂപയും ആലപ്പുഴ പോർട്ടിനെ മറീന പോർട്ടാക്കി മാറ്റുന്നതിന് 50 കോടി രൂപയും വകയിരുത്തിയ നടപടിയെ സ്വാഗതം ചെയ്യുന്നു. കേരളത്തിലെ തുറമുഖങ്ങളുടെ നഷ്ടപ്രതാപം വീണ്ടെടുക്കു ന്നതിനുള്ള ഉത്തേജകമായി ഈ ബഡ്ജറ്റ് മാറുമെന്നാണ് ഞാൻ കരുതുന്നത്. ബേപ്പൂർ കോവിലകത്തിന്റെ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചുവെങ്കിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ തീരുമാനം ഫയലുകളിൽ ഉറങ്ങി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിനാവശ്യമായ നടപടികൾ ആരംഭിച്ചു

വെന്നുള്ളത് ആശ്വാസകരമാണ്. പോർട്ടിന്റെ ഭൂമി ഏത്രയുംവേഗം ഏറ്റെടുക്കുന്നതിനും ആവശ്യമായ തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണം. വർഷത്തിൽ എല്ലാ സീസണിലും ആവശ്യമായ ജലവിതാനം ഈ പോർട്ടിന്റെ പ്രത്യേകതയാണ്. പ്രസ്തുത പോർട്ട് വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്ന തോടൊപ്പം സിൽക്കിന്റെ അധീനതയിലുള്ള ഭൂമി ഏറ്റെടുക്കാനുള്ള നടപടി കൂടി സ്വീകരിക്കേണ്ടതായിട്ടുണ്ട്.

മറ്റൊന്ന്, തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള അവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. എന്നാൽ അതിനാവശ്യമായ ടെക്നിക്കൽ സ്റ്റാഫോ എഞ്ചിനീയർമാരോ മറ്റ് സംവിധാനങ്ങളോ ഇല്ലാതെയാണ് ആ അവകാശം നൽകിയിരിക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപന ഭരണാധികാരികൾ വല്ലാത്ത ദുരവസ്ഥയാണ് ഇക്കാര്യത്തിൽ അനുഭവിക്കുന്നത്. തെരുവുവിളക്കുകൾ കത്തിക്കുന്നതിനും ആവശ്യമായ സാങ്കേതികസഹായം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കണം. ഒന്നുകിൽ ഇലക്ട്രിസിറ്റി ബോർഡ് നേരിട്ട് നടത്തുകയോ അല്ലെങ്കിൽ അവർക്കാവശ്യമായ സാങ്കേതിക വിദഗ്ധരെ നിയമിക്കുകയോ ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി പിൻതാങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ ഭവനങ്ങളെയും പ്രകാശം പരക്കുന്നവയായി പരിവർത്തനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആദരണീയനായ വൈദ്യുതി വകുപ്പുമന്ത്രി ഏറ്റെടുത്തിരിക്കുന്നത്. 2017 മാർച്ച് മാസത്തോടെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതി ലഭ്യ സംസ്ഥാനമായി കേരളം മാറുകയാണ്. എല്ലാം ശരിയാകുമെന്ന് പറഞ്ഞത് വെറും വാക്കാണെന്ന് പ്രചരിപ്പിച്ചവർ ഇപ്പോൾ തലയിൽ മുണ്ടിട്ട് നടക്കേണ്ട ഗതികേടിലാണ്. 'വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം' എന്നായിരുന്നു കഴിഞ്ഞ അഞ്ചുവർഷം ഭരിച്ച വലതുപക്ഷ മുന്നണിയുടെ മുദ്രാവാക്യമെന്ന് എൽ.കെ.ജി. കുട്ടികൾക്കുപോലും അറിയാം. നോട്ടെണ്ണൽ യന്ത്രം സ്വന്തമായുള്ള മന്ത്രിമാരായിരുന്നു അന്ന് സൂപ്പർ സ്റ്റാറുകൾ. ഈ താരപദവിക്ക് അർഹരായവർ വൈദ്യുതി വകുപ്പിൽ ഉണ്ടായിരുന്നോ എന്നറിയില്ല. അവർക്കും ഇരുട്ടായിരുന്നു സുഖപ്രദം. മാനുവലായി നോട്ടെണ്ണി എത്രയെത്ര രാവുകളെ അവർ നിദ്രാവിഹീനങ്ങളാക്കിയിരിക്കും. ഒന്നിനും തെളിവില്ലാത്ത കാലമായിരുന്നു അത്. ആ ഇരുണ്ട യുഗത്തെക്കുറിച്ചുള്ള നിരവധി

വിവരങ്ങൾ പുറത്തുനിന്നും കേട്ടിട്ടുണ്ട്. മേയ് മാസം 31-ാം തീയതിയിലെ പത്രവാർത്ത അതിന് തെളിവാണ്. 'വൈദ്യുതി ബോർഡ് 5700 കോടി രൂപ കടത്തിലാണ് ' എന്നാണ് തലക്കെട്ട്. 2011-ൽ 1066 കോടി രൂപയായിരുന്ന കടമാണ് ബഹുമാന്യനായ ആര്യാടൻ മുഹമ്മദും കൂട്ടരും കഷ്ടപ്പെട്ട് 5700 കോടി രൂപയാക്കി മാറ്റിയത്. കേരളത്തിന്റെ വൈദ്യുതി ആവശ്യകത 700 മെഗാവാട്ടാണ്. 6 ശതമാനം വച്ച് ഓരോ വർഷവും ആവശ്യം വർദ്ധിക്കുമെന്നാണ് പൊതുവെയുള്ള കണക്ക്. 900-1000 മെഗാവാട്ട് വൈദ്യുതി പുതുതായി ഉൽപ്പാദിപ്പിച്ചുകൊണ്ട് മാത്രമേ ഈ അവസ്ഥയിൽ പിടിച്ചുനിൽക്കുവാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ കഴിഞ്ഞ സർക്കാർ 5 വർഷത്തിനുള്ളിൽ പുതുതായി ഉണ്ടാക്കിയത് കേവലം 36 മെഗാവാട്ട് വൈദ്യുതി മാത്രമായിരുന്നു. കേരളത്തിന് പുറത്തുള്ള സ്വകാര്യ ഉൽപ്പാദകരിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയാണ് മുൻ സർക്കാർ കമ്മി നികത്തിയത്. 2012-13-ൽ 7199 കോടി രൂപ ഇക്കാര്യത്തിനായി ചെലവഴിച്ചു. 2012 മുതൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച്, 3000 കോടി രൂപയുടെ അധികഭാരം ഉപഭോക്താക്കളുടെ തലയിൽ കെട്ടിവച്ച ഗവൺമെന്റാണ് യു.ഡി.എഫ് ഗവൺമെന്റ്. 2016 മാർച്ച് മാസത്തെ ശരാശരി ഉപഭോഗം 72.71 ദശലക്ഷം യൂണിറ്റായിരുന്നു. ആഭ്യന്തര ഉൽപ്പാദനം 20.21 ദശലക്ഷം യൂണിറ്റ് മാത്രമാണ്, അതായത് 27.81 ശതമാനം. ഇറക്കുമതി ചെയ്തത് 52.5 ദശലക്ഷം യൂണിറ്റാണ്, അതായത് 72.97 ശതമാനം. ഈ ക്രമത്തിൽ 7,000 കോടി രൂപയാണ് ഓരോ വർഷവും ഇറക്കുമതിക്കുവേണ്ടി യു.ഡി.എഫ്. ചെലവഴിച്ചത്. സ്വകാര്യ കുത്തകകൾക്ക് സർക്കാർ പണം ദാനം ചെയ്ത സംഭവങ്ങളും അക്കാലത്ത് അരങ്ങേറി. റിലയൻസിൽ നിന്നും വൈദ്യുതി വാങ്ങാൻ 228 കോടി രൂപ നൽകി കരാറിലേർപ്പെട്ടിരുന്നു. കരാർപ്രകാരം ഒരൊറ്റ യൂണിറ്റ് വൈദ്യുതിപോലും വാങ്ങാതിരുന്നിട്ടും 2015 ഒക്ടോബറിൽ അവസാനിച്ച കരാർ

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പുതുക്കി 87.83 കോടി രൂപയ്ക്കാണ് കഴിഞ്ഞ ഫെബ്രുവരിയിൽ കൊച്ചിയിലെ ബി.എസ്.ഇ.എസ്. താപവൈദ്യുത നിലയത്തിന് നൽകിയത്. 'കാട്ടിലെ തടി, തേവരുടെ ആന, വലിയെടാ വലി' അതാണ് യു.ഡി.എഫ്. ഭരണകാലത്ത് നടന്നുകൊണ്ടിരുന്നത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് മൂന്നരമാസം കൊണ്ട് എത്ര പെട്ടെന്നാണ് മാറ്റം ദൃശ്യമായത്. നൂറ് സൂര്യൻമാർ ഉദിച്ചുയരുന്നതുപോലെയാണ് പ്രകാശം പരത്തുന്നത്. ഈ സർക്കാർ സമ്പൂർണ്ണ

വൈദ്യുതീകരണം ലക്ഷ്യമാക്കി അതിവേഗം മുന്നോട്ടുപോകുകയാണ്. മിതമായ നിരക്കിൽ എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കാനുള്ള പദ്ധതികളും തയ്യാറായി കഴിഞ്ഞു. വിതരണശേഷി കൂട്ടാൻ പവർ ഗ്രിഡ് കോർപ്പറേഷന്റെ സഹായത്തോടു കൂടി ഹൈ വോൾട്ടേജ് ഡയറക്ട് കറണ്ട് പ്രോജക്ട് നടപ്പാക്കാൻ പോകുകയാണ്. 400 കെ.വി. ഇടമൺ-കൊച്ചി ട്രാൻസ്മിഷൻ ലൈൻ ഉടൻ പൂർത്തിയാക്കാനും കാസർഗോഡ് 200 മെഗാവാട്ട് സോളാർ പ്ലാന്റ് പ്രവർത്തനക്ഷമമാക്കാനുമുള്ള നടപടികൾ ആയിക്കഴിഞ്ഞിരിക്കുകയാണ്. 'ഊർജ്ജമാണ് അഖിലസാരമൂഴിയിൽ' എന്നുപറഞ്ഞാൽ ഒട്ടും അതിശയോക്തിയാവില്ല. മനുഷ്യപുരോഗതിയിൽ ആദ്യത്തെ ഊർജ്ജം തീയായിരുന്നു. ദേവലോകത്തുനിന്നും അഗ്നി കവർന്നെടുത്ത് മനുഷ്യർക്ക് നൽകിയ പ്രൊമിത്യൂസ് എന്ന ദേവന്റെ ദുരന്തകഥ യവന പുരാണത്തിലുണ്ട്. കടലോരത്ത് പാറയിൽ ബന്ധിതനായ പ്രൊമിത്യൂസിന്റെ കരൾ പകൽ മുഴുവൻ കഴുകന്മാർ കൊത്തിപ്പറിക്കും. രാത്രി കരൾ പിന്നെയും വളരും. വൈദ്യുതി മേഖലയിൽ ഇന്ന് അനുഭവിക്കുന്ന പല നേട്ടങ്ങളും വേദനയുടെ കടൽ നീന്തിക്കടന്ന് എൽ.ഡി.എഫ്. സർക്കാരുകൾ നേടിത്തന്നതാണ്. ആധുനിക ലോകത്തിന്റെ ഊർജ്ജരൂപം വൈദ്യുതിയാണ്. 2016-17 കാലയളവിൽ സംസ്ഥാനത്തിന്റെ ഊർജ്ജ ഉപഭോഗം 23814 ദശലക്ഷം യൂണിറ്റായിരിക്കുമെന്ന് റെഗുലേറ്ററി കമ്മീഷൻ കണക്കാക്കിയിട്ടുണ്ട്. 2017-18-ൽ അത് 25005 ദശലക്ഷം യൂണിറ്റായിരിക്കും. ഇതിൽ 70 ശതമാനം ഇറക്കുമതി ചെയ്യുന്ന ഇന്നത്തെ അവസ്ഥയെ തിരുത്തിക്കുറിക്കുന്ന നടപടികളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നത് ആശ്വാസകരമാണ്.

സുസ്ഥിരമായ ഊർജ്ജ സ്രോതസ് സൂര്യനാണ്. ഉറവ വറ്റാത്ത ആ ഊർജ്ജ സ്രോതസ്സിനെയാണ് ഇനി സുരക്ഷിതമായ വൈദ്യുതി ഉൽപ്പാദനത്തിന് സ്വീകരിക്കാൻ കഴിയുക. കാസർഗോഡുള്ള 200 മെഗാവാട്ട് സൗരോർജ്ജ പദ്ധതി നല്ലൊരു തുടക്കമാണ്. വരുന്ന അഞ്ചുവർഷത്തിനുള്ളിൽ 500 മെഗാവാട്ട് സൗരോർജ്ജ പദ്ധതി ഉൽപ്പാദിപ്പിക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന പ്രത്യാശയുടെ പുതിയ വാതായനങ്ങളാണ് തുറക്കുന്നത്. ബാണാസുരസാഗറിൽ 400 കിലോവാട്ട് ഡാം ടോപ്പ് സൗരോർജ്ജ നിലയം ആഗസ്റ്റ് മാസം കമ്മീഷൻ ചെയ്തിരുന്നു. സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി സർക്കാർ ഓഫീസുകളിൽ നടപ്പാക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. യു.എസ്.എ.-യിലെ കാലിഫോർണിയയിലാണ് വലിയ സൗരോർജ്ജ പദ്ധതിയുള്ളത്.

10 ലക്ഷം വീടുകൾ അതിന്റെ ഭാഗമാണ്. കേരളത്തിലും അത്തരത്തിലുള്ള സൗരോർജ്ജ പദ്ധതിക്ക് വൻ സാദ്ധ്യതകളുണ്ട്. കേരളത്തിലെ 70 ലക്ഷം വീടുകളിൽ 50 ലക്ഷം വീടുകളും സോളാർ പാനൽ സ്ഥാപിക്കാൻ കഴിയുന്ന രീതിയിലുള്ളവയാണ്.

സോളാർ എന്ന് കേൾക്കുമ്പോൾ രോമാഞ്ചം കൊള്ളുന്ന ചിലരൊക്കെയുണ്ട്. കഴിഞ്ഞ സർക്കാർ കേരള ജനതയ്ക്ക് അതൊരു പേടി സ്വപ്നമാക്കി മാറ്റി എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധിക്ക് സുരക്ഷിതമായ പരിഹാരമാർഗ്ഗം സോളാർ എനർജിയാണ്. ഇപ്പോഴത്തെ പ്രധാന പ്രതിബന്ധം അതിന്റെ ഉയർന്ന പ്രാരംഭ ചെലവാണ്. അനെർട്ടിന്റെ സബ്സിഡി ലഭിച്ചാലും 1.5 കിലോവാട്ട് പാനലിന് ഒരു ലക്ഷം രൂപയോളം ചെലവഴിക്കേണ്ട സ്ഥിതിയാണുള്ളത്. സാമൂഹികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യമായും അല്ലാത്തവർക്ക് 75 ശതമാനം സബ്സിഡിയോടുകൂടിയും ഗുണനിലവാരമുള്ള സോളാർ പാനൽ ലഭ്യമാക്കാനുള്ള പദ്ധതിക്കാണ് രൂപം നൽകേണ്ടത്. മൂന്നുനാല് വർഷത്തിനുള്ളിൽ കേരളം വൈദ്യുതി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

തുറമുഖ വകുപ്പ് സംബന്ധിച്ച് ചില കാര്യങ്ങൾ പറയാനുണ്ട്. കേരളത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ 580 കിലോമീറ്റർ നീളത്തിൽ സമുദ്രതീരവും അതിനോട് ചേർന്ന് വലുതും ചെറുതുമായ അനവധി പട്ടണങ്ങളുമുണ്ടായിട്ടും കേരളത്തിന്റെ വികസനത്തിന് ചാലക ശക്തിയായി മാറുന്ന ഒരു തുറമുഖ ശൃംഖല രൂപപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. പുതിയ സർക്കാർ പുതിയ സ്വപ്നങ്ങൾ നിറം ചാലിച്ചെഴുതുകയാണ്. 2020-ഓടുകൂടി ചരക്ക് ഗതാഗതത്തിന്റെ ഗണ്യമായ പങ്ക് കപ്പൽ ഗതാഗതമാക്കി മാറ്റുന്ന വികസന പരിപാടികൾക്കാണ് തുടക്കം കുറിക്കുന്നത്. വിഴിഞ്ഞം, അഴീക്കൽ, പൊന്നാനി, തങ്കശ്ശേരി എന്നീ തുറമുഖങ്ങളുടെ വികസനം പൂർത്തിയാക്കുമെന്ന ഉറപ്പാണ് കിട്ടുന്നത്. അഴീക്കൽ, ബേപ്പൂർ, തങ്കശ്ശേരി എന്നീ തുറമുഖങ്ങളുമായി ബന്ധപ്പെടുത്തി ആഴ്ചതോറുമുള്ള ചരക്ക് ഗതാഗതം ആരംഭിക്കാനുള്ള പദ്ധതിയും തയ്യാറാക്കുന്നതായി അറിയുന്നു. കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ ആഴം 6 മീറ്റർ വർദ്ധിപ്പിക്കാനും 10 ഏക്കർ സ്ഥലം നികത്തി അനുബന്ധ സൗകര്യങ്ങളൊരുക്കാനുമുള്ള പദ്ധതികൾ ഞങ്ങളുടെ സ്വപ്നം സാക്ഷാത്ക്കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാതയും ഞങ്ങളുടെ സ്വപ്നമാണ്. 'കൊച്ചി കണ്ടവന് അച്ചി വേണ്ട' എന്നത് സർഗ്ഗാത്മകമായ ഒരു ചൊല്ലാണ്. കൊച്ചി എന്നാൽ ഉന്നതവും കായികവുമായ ജീവിതാനുഭവങ്ങളുടെ വേദിയാണെന്നാണ് അതിനർത്ഥം. മുസിരിസ് എന്നന്നേക്കുമായി ഇല്ലാതായപ്പോൾ കടലമ്മ കനിഞ്ഞുതന്ന

സ്വാഭാവിക തുറമുഖമാണ് കൊച്ചി. കേരളം തുടങ്ങുന്നതും അവസാനിക്കുന്നതും അവിടെയാണ്. കൊച്ചിയെ കേരളത്തിന്റെ കവാടമാക്കിയത് തുറമുഖവും കപ്പൽശാലയുമാണ്. എന്നാൽ കൊച്ചി കപ്പൽ നിർമ്മാണശാല ക്രൂരമായ അവഗണനയെയാണ് നേരിടുന്നത്. അതുകൊണ്ട് ഇത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള പദ്ധതികൾക്ക് സർക്കാർ അടിയന്തര ശ്രദ്ധ നൽകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. പ്രതിപക്ഷ നേതാവിനെയും പ്രതിപക്ഷത്തെ മറ്റ് കുറേ നേതാക്കളെയും വളർത്തിയെടുക്കുന്നതിന് വെള്ളവും വളവും ഊർജ്ജവുമെല്ലാമായി പ്രവർത്തിച്ച ലീഡർ കെ. കരുണാകരൻ, ബഹുമാന്യനായ പിണറായി വിജയനെ ഏറ്റവും മികച്ച മന്ത്രിയെന്നായിരുന്നു ഒരു ഘട്ടത്തിൽ വിശേഷിപ്പിച്ചത്. ഏറ്റവും മികച്ച മന്ത്രിയായി ശ്രീ. പിണറായി വിജയനെ അദ്ദേഹം വിശേഷിപ്പിച്ച സാഹചര്യം ഞാൻ പറയാം. ശ്രീ. പിണറായി വിജയൻ 1996-ലെ ഇ. കെ. നായനാർ മന്ത്രിസഭയിൽ വൈദ്യുതിയും സഹകരണവും വകുപ്പുമന്ത്രിയായിരിക്കുമ്പോൾ 1998 ഒക്ടോബറിലാണ് പാർട്ടി സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടത്. പാർട്ടി സംസ്ഥാന സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞപ്പോൾ ലീഡർ കെ. കരുണാകരൻ അന്നത്തെ ഗവൺമെന്റിനെ ആക്ഷേപിക്കുന്നതിനായി ആ മന്ത്രിസഭയിൽ കൊള്ളാവുന്ന ഒരു മന്ത്രിയേ ഉണ്ടായിരുന്നുള്ളൂ, അയാളെ പാർട്ടി സെക്രട്ടറിയാക്കി എന്നാണ് പറഞ്ഞത്. ആ ഗവൺമെന്റിനെ ആക്ഷേപിക്കാൻ വേണ്ടിയാണ് പറഞ്ഞതെങ്കിൽപ്പോലും സഖാവ് പിണറായി വിജയൻ കൊള്ളാവുന്ന ഒരു മന്ത്രിയായിരുന്നുവെന്ന് കെ. കരുണാകരൻ അന്ന് പ്രതിപാദിച്ചത് ഞാനോർക്കുകയാണ്. എക്കാലത്തെയും കോൺഗ്രസ്സിന്റെ തലമുതിർന്ന നേതാവായ കെ. കരുണാകരനാൽ പ്രശംസിക്കപ്പെട്ട സഖാവ് പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന സന്ദർഭത്തിലാണ് വൈദ്യുതി വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും ചർച്ചയിൽ ഞങ്ങളെല്ലാം പങ്കെടുക്കുന്നത്. സഖാവ് പിണറായി വിജയൻ പാർട്ടി സംസ്ഥാന സെക്രട്ടറിയായതുമുതൽ നീണ്ട 15 വർഷക്കാലമാണ് അദ്ദേഹത്തെ വേട്ടയാടിയത്. അന്നത്തെ വൈദ്യുതി പ്രതിസന്ധിയിൽ നിന്നും കേരളത്തെ കരകയറ്റാൻവേണ്ടി ധീരവും സമയോചിതവും യുക്തവുമായ നടപടികൾ സ്വീകരിച്ചതിന്റെ പേരിലുള്ള വേട്ടയാടലായിരുന്നു അത്. എല്ലാ പത്രങ്ങളെയും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വേട്ടയാടലിന്റെ ഒരു പരമ്പര തന്നെയുണ്ട്. അതിനെയെല്ലാം അതിജീവിച്ച് സഖാവ് പിണറായി വിജയൻ ഇന്ന് കേരളത്തിന്റെ

മുഖ്യമന്ത്രിയായിരിക്കുകയാണ്. അത് ത്യാഗത്തിന്റെയും സഹനത്തിന്റെയും നീറുന്ന അനുഭവങ്ങളുടെ പ്രതിഫലനമാണ്. ഇപ്പോൾ അദ്ദേഹം മുഖ്യമന്ത്രിയായതിനുശേഷവും വേട്ടയാടൽ തുടരുകയാണ്. അദ്ദേഹം ക്ഷോഭിച്ച് സംസാരിച്ചതിനെച്ചൊല്ലിയായിരുന്നു സഭ സ്തംഭിപ്പിക്കാൻ നോക്കിയത്. ഇവിടെ ഉപയോഗിച്ച പദപ്രയോഗങ്ങൾ എന്തൊക്കെയായിരുന്നു? അന്യഗ്രഹജീവി, രാക്ഷസൻ, സ്വാശ്രയക്കൊള്ളയ്ക്ക് കുട പിടിക്കുന്നവൻ എന്നിങ്ങനെയുള്ള ധാരാളം പ്രയോഗങ്ങളാണ് നടത്തിയത്. മികച്ച മന്ത്രിയായിരുന്നപ്പോഴും പാർട്ടി സെക്രട്ടറി ആയിരുന്നപ്പോഴുമെല്ലാം നടത്തിയ ആക്രമണങ്ങൾ മുഖ്യമന്ത്രിയായപ്പോഴും തുടരുകയാണ്. നിരന്തരമായ മാധ്യമവേട്ടയും രാഷ്ട്രീയ പകപോക്കലിനും ഇരയാകുന്ന ഒരു വ്യക്തി സ്വാഭാവികമായും പ്രതികരിക്കും. നമ്മളെല്ലാവരും മനുഷ്യരല്ലേ; ക്ഷോഭം കാണിക്കാതിരിക്കാൻ നമ്മളെല്ലാം ഉമ്മൻ ചാണ്ടിമാരാണോ; അദ്ദേഹത്തിനാണെങ്കിൽ അതെല്ലാം പറ്റും. എല്ലാ കാപട്യങ്ങളും മറച്ചുവയ്ക്കാനുള്ള അനിതരസാധാരണമായ വൈഭവം അദ്ദേഹത്തിനുണ്ട്. അത്തരത്തിൽ അനിതരസാധാരണമായ വൈഭവവും വീഴുന്നിടമെല്ലാം വിദ്യയാക്കി മാറ്റാനുള്ള കഴിവും എല്ലാം മറച്ചുപിടിച്ച് കാപട്യത്തിന്റെ ആൾരൂപമായി മാറാനും സാധാരണ മനുഷ്യർക്ക് കഴിയില്ല. അപ്പോൾ സ്വാഭാവികമായും നീരസം പ്രകടിപ്പിക്കേണ്ടിവരും; ആത്മാർത്ഥതയെ അംഗീകരിക്കുകയും ചെയ്യും. പക്ഷേ കപടതകളും കുടിലതകളും തിരിച്ചറിയാനുള്ള കഴിവ് കേരളത്തിലെ ജനങ്ങൾക്കുണ്ട്. ഇനിയെങ്കിലും ഈ വേട്ടയാടൽ അവസാനിപ്പിച്ച് ചെയ്തുപോയ ദ്രോഹങ്ങൾക്കെല്ലാം പ്രായശ്ചിത്തം ചെയ്യാനുള്ള സന്മനസ്സ് കാണിക്കണമെന്നാണ് എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത്.

2001 മുതൽ 2005 വരെ ബഹുമാന്യനായ എ. കെ. ആന്റണിയുടെയും പിന്നീട് ഒന്നര വർഷക്കാലം ശ്രീ. ഉമ്മൻ ചാണ്ടിയുടെയും നേതൃത്വത്തിൽ അഞ്ച് വർഷക്കാലം യു.ഡി.എഫ്.-ന്റെ ഭരണമായിരുന്നു. ആ കാലം ആരും മറന്നുപോകരുത്. ഉച്ചയ്ക്ക് മുമ്പും ഉച്ചയ്ക്കുശേഷവും ഒന്നര മണിക്കൂർ വീതം ലോഡ്ഷെഡ്ഡിംഗും രാത്രി അര മണിക്കൂർ പവർകട്ടുമായിരുന്നു. പകൽ മൂന്ന് മണിക്കൂർ ലോഡ്ഷെഡ്ഡിംഗും രാത്രി അര മണിക്കൂർ പവർകട്ടും. 8 മണിയാകുമ്പോൾ കടകമ്പോളങ്ങൾ അടയ്ക്കണമെന്നതായിരുന്നു 2005 വരെയുള്ള കേരളത്തിന്റെ സ്ഥിതി. അതുകഴിഞ്ഞാണ് കേരളം അന്ധകാരത്തിൽ നിന്ന് വെളിച്ചത്തിലേയ്ക്ക് വരാൻ തുടങ്ങിയത്. 2006-2011 -ൽ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിലെ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്നു ശ്രീ. എ. കെ. ബാലൻ. ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ, ഏറ്റവും നല്ല ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിനുള്ള അവാർഡ് ശ്രീ. എ. കെ. ബാലന് കോൺഗ്രസ്സിന്റെ സമുന്നതനായ നേതാവും അന്നത്തെ കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയുമായ ശ്രീ. സുശീൽ കുമാർ ഷിൻഡെ ആണ് നൽകിയത്. സഖാവ് എ. കെ. ബാലനെയാണ്

ഏറ്റവും നല്ല വൈദ്യുതി വകുപ്പുമന്ത്രിക്കുള്ള അവാർഡ് കൊടുത്ത് ആദരിച്ചത്. അതൊന്നും മറന്നുപോകരുത്. സമ്പൂർണ്ണ വൈദ്യുതീകരണം അന്നാണ് തുടങ്ങിയത്. ജില്ലകൾതോറും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കി. 85 അസംബ്ലി മണ്ഡലങ്ങളെയും നാല് ജില്ലകളെയും സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ടവയായി പ്രഖ്യാപിച്ചു. ആലപ്പുഴ ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയതിന്റെ പ്രഖ്യാപനം വിവിധ പരിപാടികളോടെ നടന്നത് എന്റെ നിയോജക മണ്ഡലത്തിലെ എരമല്ലൂരിൽ വച്ചാണ്. ആദിവാസിക്കുടിലുകളിൽ ആദ്യമായി വൈദ്യുതി എത്തിയത് അക്കാലത്താണ്. പവർ ഒരു ഡിമാന്റായിരുന്നു എന്നതാണ് അന്നത്തെ കാലത്തെ പ്രത്യേകത. അന്ന് 34 മെഗാവാട്ട് വൈദ്യുതിവരെ കാറ്റിൽ നിന്നും ഉത്പാദിപ്പിച്ചു. വൈദ്യുതി ഉത്പാദനത്തിൽ ദീർഘവീക്ഷണത്തോടെയുള്ള സമീപനം അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചതുകൊണ്ടാണ് ഇങ്ങനെയെങ്കിലും പിടിച്ചു നിൽക്കാൻ ഇന്ന് സാധിക്കുന്നത്.

12.00 Noon]

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിലൂടെയുള്ള വൈദ്യുതി ഉൽപ്പാദനത്തിൽ പ്രധാനപ്പെട്ടതാണ് സോളാർ. സോളാർ ഊർജ്ജമെന്നത് ഒരു അശ്ലീല പദമാക്കി മാറ്റിയെന്നതാണ് യു.ഡി.എഫ്.-ന്റെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഭരണനേട്ടം. വീട്ടിൽ സോളാർ യൂണിറ്റ് സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാമെന്ന് ഏതെങ്കിലുമൊരു ഭർത്താവ് ഭാര്യയോട് പറഞ്ഞാൽ ഉടനെ ഭാര്യയുടെ മുഖം ചുമക്കും; ഭാര്യ ഭർത്താവിനെ സൂക്ഷിച്ചു നോക്കും. ഇത്തരത്തിലുള്ള ഹതഭാഗ്യൻമാരായ ഭർത്താക്കൻമാരെ സൃഷ്ടിച്ചതാണ് യു.ഡി.എഫ്.-ന്റെ സോളാർ നയം. സോളാർ എനർജിയിൽ നിന്നും വൈദ്യുതി ഉൽപ്പാദനം എന്ന ആശയത്തെതന്നെ തകർത്തു. ആ കറ കഴുകിക്കളഞ്ഞ് അതിന്റെ വിശ്വാസ്യത വീണ്ടെടുക്കാൻ ബഹുമാനപ്പെട്ട വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ വലിയ ശ്രമം നടത്തേണ്ടതുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഗൗരവബുദ്ധ്യാ ഏറ്റെടുക്കുകയും എല്ലാ ജില്ലകളിലും അദ്ദേഹം പോകുകയും ആവശ്യമായ കർമ്മ പദ്ധതികൾ സമയമെടുത്ത് ചർച്ച ചെയ്ത് ആവിഷ്കരിക്കുകയും ചെയ്തു.

ശ്രീ. നരേന്ദ്ര മോദി സർക്കാരിന്റെ പദ്ധതികളെക്കുറിച്ച് പത്രങ്ങളിൽ മിക്കവാറും എല്ലാ ദിവസവും പരസ്യം വരാറുണ്ട്. അക്കൂട്ടത്തിൽ ഈയടുത്ത ദിവസവും ഒരു പരസ്യം വന്നു. 1100 ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കാൻ

കഴിഞ്ഞു എന്നതാണ് കേന്ദ്ര സർക്കാരിന്റെ വലിയൊരു നേട്ടമായി പറഞ്ഞത്. അതൊരു വലിയ നേട്ടം തന്നെയാണ്. എന്നാൽ സ്വാതന്ത്ര്യത്തിന്റെ 70-ാം പിറന്നാൾ ആഘോഷിക്കുന്ന സന്ദർഭത്തിലും 1100 ഗ്രാമങ്ങളിൽ വൈദ്യുതി എത്തിയിരുന്നില്ല എന്ന സ്ഥിതിയാണ് ഇത് കാണിക്കുന്നത്. വൈദ്യുതിയെത്താത്ത ഗ്രാമങ്ങൾ ഇനിയുമുണ്ട്. കേരളത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതി എന്ന ലക്ഷ്യത്തിലേയ്ക്കാണ് സർക്കാർ പോകുന്നത്. ഇത്തരമൊരു ആത്മാർത്ഥതയും പ്രതിബദ്ധതയും എൽ.ഡി.എഫ്. സർക്കാരിന്റെ നയമല്ലേ?

സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് പോകുമ്പോൾ നമ്മൾ കുറച്ചുകൂടി മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്. മഴ കുറവായതുകാരണം ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള വൈദ്യുതി ഉൽപ്പാദനത്തിൽ പ്രശ്നങ്ങളുണ്ട്. അതുപോലെ കേന്ദ്ര ഊർജ്ജനയം നമ്മെ പ്രതിസന്ധിയിലാഴ്ത്താൻ പോകുന്ന തരത്തിലുള്ളതാണ്. സ്വാഭാവികമായും വൈദ്യുതി ഉൽപ്പാദന രംഗത്തുള്ള പ്രതിസന്ധികൾ പരിഹരിക്കാൻ ബാധ്യതയുള്ള ഗവൺമെന്റ് അതിൽനിന്ന് പിൻമാറുകയാണ്. കേന്ദ്ര സർക്കാരിന്റെ പിന്തുണയോടുകൂടി വൈദ്യുതി ഉൽപ്പാദനത്തിൽ 60 ശതമാനത്തോളം സ്വകാര്യവൽക്കരണം നടന്നു കഴിഞ്ഞിരിക്കുകയാണ്. അതാണ് നയം. നാം സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് പോകുമ്പോൾ കേന്ദ്രത്തിന്റെ ഊർജ്ജ നയത്തിന്റെ ഭാഗമായുള്ള ഇത്തരം പ്രതിസന്ധികളേയും അഭിമുഖീകരിക്കേണ്ടിവരും. അവ മുൻകൂട്ടി കാണേണ്ടതുണ്ട്. നമുക്ക് കർണ്ണാടക സർക്കാരിനെപ്പോലെയാകാൻ സാധിക്കില്ല. തമിഴ്നാടിന് വെള്ളം കൊടുക്കുന്ന കാര്യത്തിൽ കർണ്ണാടക സർക്കാർ സ്വീകരിക്കുന്ന നിലപാട് കേരളത്തിന് സ്വീകരിക്കാൻ സാധിക്കുമോ; അങ്ങനെ സ്വീകരിച്ചാൽ ഇൻഡ്യയിൽ നമുക്കുള്ള സ്ഥാനം എന്തായിരിക്കും? അങ്ങനെയുള്ള ഭ്രാന്തൻ തീരുമാനങ്ങളിലേക്കൊന്നും പോകാൻ നമുക്ക് സാധിക്കില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര സർക്കാരിനെയും വെല്ലുവിളിച്ച് മുന്നോട്ടുപോകാൻ സാധിക്കില്ല. നമുക്ക് നമ്മുടേതായ കാഴ്ചപ്പാടുകളും വീക്ഷണങ്ങളുമുണ്ടാകണം. അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുമ്പോൾ ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ വർദ്ധിക്കുകയാണ്. ഉപഭോക്താക്കൾ നിശ്ചിത പരിധിക്കപ്പുറമുള്ള സെക്ഷൻ ഓഫീസുകൾ വിഭജിക്കണം. ആലപ്പുഴയിൽ അങ്ങ് പങ്കെടുത്ത യോഗത്തിൽ അക്കാര്യം സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നു. അരൂർ, കുത്തിയതോട്, അരൂക്കുറ്റി തുടങ്ങിയ മേഖലകളിലെല്ലാം ഇരുപത്തിനാലായിരത്തിലധികം ഉപഭോക്താക്കളാണുള്ളത്.

ഇപ്പോഴത്തെ സ്റ്റാഫ് പാറ്റേൺ വച്ചുകൊണ്ട് ഇത് നടപ്പാക്കാൻ സാധിക്കില്ല. കറണ്ട് പോയാൽ ജനം വലിയ പ്രക്ഷോഭത്തിലേക്ക് പോകും. നടപ്പിലാക്കുന്ന കാര്യങ്ങൾ ഫലവത്താകണമെങ്കിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാനും സെക്ഷൻ ഓഫീസുകൾ വിഭജിക്കാനുമാവശ്യമായ ക്രമീകരണങ്ങൾ വരുത്തണം.

ഒന്നു-രണ്ട് നിർദ്ദേശങ്ങൾ കൂടിയുണ്ട്. പട്ടികജാതി വിഭാഗക്കാർ താമസിക്കുന്ന വീടിന് മുകളിലൂടെ പോകുന്ന ഹെവി ഇലക്ട്രിക് ലൈനുകൾ മാറ്റിയില്ലെങ്കിൽ അവർക്ക് വീട് പുതുക്കിപ്പണിയാൻ സാധിക്കില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ദയവായി ശ്രദ്ധിക്കണം. അന്നത്തെ യോഗത്തിലും ഞാൻ ഇക്കാര്യം പറഞ്ഞിരുന്നു. പട്ടികജാതിക്കാരുടെയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെയും വീടുകൾക്ക് മുകളിൽക്കൂടി പോകുന്ന ഹെവി ഇലക്ട്രിക് ലൈനുകൾ മാറ്റണമെങ്കിൽ ലക്ഷക്കണക്കിന് രൂപ കൊടുക്കണം. അല്ലെങ്കിൽ അനുമതി കൊടുക്കില്ല. പണം കൊടുക്കാൻ അവർക്ക് സാധിക്കില്ല. ഇക്കാര്യം പല തവണ ഞാനിവിടെ ഉന്നയിച്ചിട്ടുള്ളതാണ്. ഇതിന് പരിഹാരം കാണുമെന്ന് മുൻ മന്ത്രിമാരൊക്കെ പറഞ്ഞിരുന്നുവെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. ഇക്കാര്യം ഗൗരവത്തോടെ കണക്കിലെടുത്ത് ബോർഡിന്റെ ചെലവിൽ അവ മാറ്റിവയ്ക്കാനും പാവപ്പെട്ടവർക്ക് വീട് വയ്ക്കാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയോ അവർക്ക് വേറെ സ്ഥലവും വീടും കൊടുക്കുകയോ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. എന്തെങ്കിലും പുനഃക്രമീകരണം അക്കാര്യത്തിൽ നടപ്പാക്കണം. നിലവിൽ അവർക്ക് ചെറിയ വീട് വലുതാക്കാൻ സാധിക്കില്ല. അതുപോലെ മഴ വന്നാൽ കറണ്ടുണ്ടാകില്ല. ഇത്തരത്തിൽ കറണ്ട് പോകുന്നത് ഒഴിവാക്കാനുള്ള കാര്യങ്ങൾ സംബന്ധിച്ച് ആലോചിക്കണം.

സമുദ്രോൽപ്പന്ന കയറ്റുമതി മേഖലയായ അരൂരിൽ കറണ്ട് പോയാലുണ്ടാകാവുന്ന ഭവിഷ്യത്തുകൾ വലുതാണ്. ഇത്തരത്തിലുള്ള മേഖലകളെയും ദ്വീപുകളെയും സെൻസിറ്റീവ് മേഖലകളായി ഇലക്ട്രിസിറ്റി ബോർഡ് തിരിക്കണം. അവയ്ക്ക് പ്രാധാന്യം കൊടുത്ത് അവിടത്തെ ഊർജ്ജോൽപ്പാദന വർദ്ധനവിനും സംരക്ഷണത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണം.

ഞാൻ നിയമസഭയിൽവന്ന കാലംമുതൽ കേൾക്കുകയാണ് മറീനാ ബീച്ചിന്റെ മാതൃകയിൽ ആലപ്പുഴ പോർട്ട് മറീനാ പോർട്ട് കം ബീച്ചാക്കി മാറ്റുമെന്നുള്ളത്. ഇത്തവണത്തെ ബഡ്ജറ്റിൽ 10 കോടി രൂപ പ്രാഥമിക ചെലവുകൾക്കായി നീക്കിവച്ചിട്ടുണ്ട്. അതിപ്പോഴെങ്കിലും നടപ്പാക്കണം.

എന്തിനാണ് ഇപ്പോൾ സ്വാശ്രയ സമരം നടത്തുന്നത്? ഈ സമരം ഇപ്പോൾ

പ്ലാൻ ചെയ്ത് കൊണ്ടുവന്നതാണ്. ഈ സഭയിൽ നടക്കേണ്ട ധനാഭ്യർത്ഥന ചർച്ചകൾ എന്തായിരുന്നു? ഈ സഭയിൽ ഇന്ന് ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട ചർച്ചകളാണ് നടക്കേണ്ടത്. കഴിഞ്ഞ അഞ്ച് കൊല്ലക്കാലം മന്ത്രിയായിരുന്ന ശ്രീ. കെ. ബാബു സമ്പാദിച്ച സ്വത്തിനെക്കുറിച്ചും വഴിവിട്ട രീതികളെക്കുറിച്ചും ഓരോരുത്തരുടേയും പേരിലുണ്ടാക്കിയിട്ടുള്ള സമ്പാദ്യങ്ങളെക്കുറിച്ചും ബിനാമികളെക്കുറിച്ചും ശ്രീ. കെ. എം. മാണിയുമായി ബന്ധപ്പെട്ട കോഴ ഇടപാടുകളെക്കുറിച്ചുമെല്ലാം ഈ സഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതല്ലേ? നികുതി വെട്ടിപ്പിനെ സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം ചർച്ച ചെയ്യപ്പെടേണ്ടതായിരുന്നു. ഇതെല്ലാം നേരത്തെ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടില്ലേ? ഈ ചർച്ച ഇവിടെ നടക്കാതിരിക്കാനുള്ള ഒരു സംരക്ഷണ കവചമാണ് 30 വിദ്യാർത്ഥികളുടെ പേരുംപറഞ്ഞ് സമരം നടത്തുന്നത്. ഇതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗമായ ഈ സമരം ഒരു സമരാഭാസമായി മാറുകയാണ്. ശ്രീ. കെ. ബാബുവിന്റെ പേരിലുള്ള അഴിമതിയെല്ലാം പുറത്തു വന്നപ്പോൾ കെ.പി.സി.സി. പ്രസിഡന്റ് മൗനവ്രതത്തിലായിരുന്നു. അദ്ദേഹത്തെ സമ്മർദ്ദത്തിലാക്കി പ്രസ്താവന ഇറക്കുന്ന സ്ഥിതി വന്നില്ലേ? ഇത്തരം കാര്യങ്ങളൊക്കെ ചർച്ച ചെയ്യപ്പെടുമെന്ന് ഭയന്ന് അതിൽനിന്ന് രക്ഷപ്പെടാനുള്ള കുതന്ത്രങ്ങളുമായി പ്രതിപക്ഷം സമരത്തിനിറങ്ങിയിരിക്കുകയാണ്. ഇത് കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ തിരിച്ചറിയുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പ്രതിപക്ഷം സഭയിലില്ലാത്തത് വൈദ്യുതി വകുപ്പിനെക്കുറിച്ചുള്ള ചർച്ച ഫലപ്രദമാകുന്നതിന് സഹായിച്ചിട്ടില്ല, അവർകൂടി ചർച്ചയിൽ പങ്കെടുക്കണമായിരുന്നു. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും സുപ്രധാനമായ പ്രശ്നമാണ് ഊർജ്ജം. സംസ്ഥാനം ഊർജ്ജ പ്രതിസന്ധിയിലൂടെയാണ് കടന്നു പോകുന്നത്. ഈ പ്രതിസന്ധിയുടെ കാരണക്കാർ യു.ഡി.എഫ്. തന്നെയാണ്. കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാനോ ഊർജ്ജ സംഭരണത്തിനോ ഉൽപ്പാദനത്തിനോ ആവശ്യമായ പുതിയ സമീപനങ്ങൾ സ്വീകരിക്കാനോ ശ്രമിക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് ഊർജ്ജം വാങ്ങി നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലേക്ക് പോയതിന്റെ ദുരന്തമാണ് സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്നത്. സംസ്ഥാനത്തിന്റെ വികസനം സാധ്യമാക്കണമെങ്കിൽ ഊർജ്ജോൽപ്പാദന മേഖലയിൽ സജീവമായിട്ടുള്ള ഇടപെടലുകൾ നടത്തേണ്ടതായിട്ടുണ്ട്. 100 ദിവസം പൂർത്തീകരിച്ച

ഈ സർക്കാർ ഊർജ്ജോൽപ്പാദന മേഖലയിൽ തികഞ്ഞ ലക്ഷ്യബോധത്തോടു കൂടി മുന്നോട്ടു പോകാനുള്ള പരിശ്രമമാണ് നടത്തുന്നത്. ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട എം.എൽ.എ.-മാരെല്ലാവരും സർക്കാർ ഇതുവരെ സ്വീകരിച്ച, കഴിഞ്ഞ മൂന്നരമാസക്കാലം സ്വീകരിച്ച നടപടികൾക്ക് നല്ല പിന്തുണ നൽകിയിട്ടുണ്ടെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്. ഊർജ്ജോൽപ്പാദനരംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ എം.എൽ.എ.-മാരുടെയും ആത്മാർത്ഥമായിട്ടുള്ള സഹകരണമുണ്ടാകണം. എങ്കിൽ മാത്രമേ ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ അവസ്ഥയിൽ നിന്ന് നമുക്ക് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. അടുത്ത 5 വർഷക്കാലയളവിനുള്ളിൽ ലോകോത്തര നിലവാരത്തിൽ എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ആദ്യഘട്ടമാണ് 2017 മാർച്ചോടുകൂടി സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ക്രിയാത്മകവും പ്രായോഗികവുമായിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. എല്ലാവർക്കും വൈദ്യുതി എത്തിക്കാൻ ആഗ്രഹിക്കുമ്പോൾ സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളെയാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. റോഡ്, തോട് പുറമ്പോക്ക് എന്നിവിടങ്ങളിൽ താമസിക്കുന്ന, വളരെ പാവപ്പെട്ട ആളുകൾ താമസിക്കുന്ന വീടുണ്ട്; വീടെന്ന് പറയാൻപോലും കഴിയില്ല. അടുത്ത കാലത്ത് പാലക്കാട് ജില്ലയിൽ ഒരനുഭവമുണ്ടായി. പ്രായം ചെന്ന മൂന്ന് അമ്മമാർ താമസിക്കുന്ന വീട്ടിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതിന്റെ ദുരന്തകഥ ഒരു മാധ്യമം പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത് അവരൊരു തോട് പുറമ്പോക്കിൽ താമസിക്കുകയാണെന്നാണ്. വീട്ടിൽ കറന്റ് വരണമെന്നതാണ് അവരുടെ ജീവിതത്തിലെ വലിയ ആഗ്രഹം. അവിടെ പോയി പരിശോധിച്ചപ്പോൾ മീറ്റർ സ്ഥാപിക്കാൻ ചുവരില്ല. വൈദ്യുതി ബോർഡ് ജീവനക്കാരുടെ നേതൃത്വത്തിൽ വീടുകൾക്ക് ചുവർ നിർമ്മിച്ച് വൈദ്യുതി കണക്ഷൻ നൽകി. തൊട്ടടുത്ത ദിവസം അതേ മാധ്യമം തന്നെ ആ ചിത്രവും പ്രസിദ്ധീകരിച്ചു. അങ്ങനെയുള്ള ആളുകളെയാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. ഏതു വിഭാഗത്തിലുള്ളവരോടാണ് സർക്കാർ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. സമൂഹത്തിലെ അശരണരും ആലംബഹീനരും ദുരിതം പേറുന്നവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായിട്ടുള്ള സാധാരണക്കാരായ മനുഷ്യർക്കാണ് ഈ സർക്കാർ മുൻഗണന നൽകുന്നത്. അങ്ങനെയുള്ളവർക്ക് വൈദ്യുതി കണക്ഷൻ

നൽകാൻ വേണ്ടിയാണ് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചത്; അല്ലാതെ സമ്പന്നൻമാർക്ക് കൊടുക്കാനല്ല. വീടിന് നമ്പരില്ലാത്തവർക്ക് വൈദ്യുതി, വാട്ടർ കണക്ഷനുകൾക്ക് അപേക്ഷിക്കാൻ സാധിക്കുകയില്ല. അത്തരക്കാർക്ക് വൈദ്യുതി ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലേക്കാണ് സർക്കാർ നീങ്ങുന്നത്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, വീടിന് നമ്പരില്ലെങ്കിലും വസ്തുവിന്റെ ഉടമസ്ഥാവകാശമില്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകുമെന്ന് കോട്ടയത്ത് നടന്ന മീറ്റിംഗിൽ വച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയതാണ്. പക്ഷേ ഇപ്പോഴും വൈദ്യുതി ബോർഡിൽ ഇത്തരം കാര്യങ്ങൾ പറഞ്ഞ് കണക്ഷൻ നിഷേധിക്കുന്നുണ്ട്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, അതിനുള്ള സാധ്യത ഒട്ടും തന്നെയില്ല. എവിടെയെങ്കിലുമുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം. ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്തരവ് കൊടുത്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് അത്തരം വീടുകൾക്ക് താൽക്കാലിക നമ്പർ കൊടുക്കേണ്ടത്. വൈദ്യുതി, വാട്ടർ കണക്ഷനുകൾ, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നിങ്ങനെയുള്ള കാര്യങ്ങൾക്കായി മറ്റൊന്നും നോക്കാതെ വീടുകൾക്ക് താൽക്കാലിക നമ്പർ കൊടുക്കാനുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആ ഉത്തരവ് നടപ്പിലാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരാണ്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കാത്ത സാഹചര്യത്തിൽ അവരുടെ പേരിൽ കർശന നടപടി സ്വീകരിക്കാൻ സർക്കാരിന് സാധിക്കും.

<u>ശ്രീ. പി. ടി. എ. റഹീം</u> : സർ, പല പഞ്ചായത്ത് സെക്രട്ടറിമാരും സർട്ടിഫിക്കറ്റ് കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, വയറിംഗ് നടത്താത്ത നിരവധി വീടുകളുണ്ട്. അത്തരം വീടുകൾ വയറിംഗ് ചെയ്യാൻ പണം മുടക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ശരാശരി രണ്ടു ലക്ഷം രൂപ മുതൽ അഞ്ചു ലക്ഷം രൂപ വരെ മുടക്കിയാണ് ഈ പഞ്ചായത്തുകൾ വീടുകളുടെ വയറിംഗ് നടത്തുന്നത്. മറ്റു ബാദ്ധ്യതകൾ പഞ്ചായത്തിന്റേയോ ജനപ്രതിനിധികളുടെയോ മേൽ വരാതെ എ.പി.എൽ., ബി.പി.എൽ. വിഭാഗക്കാർക്ക് കണക്ഷൻ നൽകിയാൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്കെത്തും. അതിനുള്ള സപ്പോർട്ടാണ് ബോർഡിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : സർ, ഇതുസംബന്ധിച്ച് നിരവധി പരാതികൾ

കൊടുത്തിട്ടുണ്ടെങ്കിലും ഇതുവരെ യാതൊരു നടപടിയും അക്കാര്യത്തിലുണ്ടായിട്ടില്ല.

ശ്രീ. കെ. ബാബു : സർ, ജില്ലകളിൽ വിളിച്ചുചേർത്ത യോഗത്തിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പ്രഖ്യാപിച്ചെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇലക്ട്രിസിറ്റി ബോർഡ് അധികാരികളും പരസ്പരം അതിന്റെ ഉത്തരവാദിത്വം കൈമാറുകയാണ്. യഥാർത്ഥത്തിൽ സാധാരണ ജനങ്ങൾക്കാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഗുണം ലഭിക്കേണ്ടതെന്നുള്ളതുകൊണ്ട് രണ്ടുവകുപ്പുകളും യോജിച്ച് ചർച്ച ചെയ്ത് വീടുകൾക്ക് താൽക്കാലിക നമ്പർ നൽകി വൈദ്യുതി എത്തിക്കാനുള്ള സംവിധാനമുണ്ടാക്കിയാൽ മാത്രമേ ഇത് ഗുണകരമായി വരികയുള്ളൂ.

ശ്രീ. ഇ. കെ. വിജയൻ : സർ, 'നഞ്ച' എന്നുപറഞ്ഞാണ് ഒഴിവാക്കുന്നത്. പ്രായമായ, ഉണങ്ങാറായ തെങ്ങ് മുറിച്ച് കഴുക്കോലുകൊണ്ട് ഉണ്ടാക്കിയിട്ടുള്ള വീടുകളാണവ. അതിനുപോലും നമ്പർ കിട്ടുന്നില്ല. അതുകൊണ്ട് ഈ നടപടികൾ വേഗത്തിലാക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ.ടി. ജലീൽ) : സർ, ഈ വിഷയം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള വീടുകൾക്ക് നമ്പർ കൊടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് അടിയന്തരമായി നിർദ്ദേശം നൽകും. ഇതുവരെ 1000 സ്ക്വയർ ഫീറ്റുള്ള വീടുകൾക്കായിരുന്നു വൈദ്യുതി കണക്ഷൻ ലഭിച്ചിരുന്നത്. എന്നാൽ 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ്, വൈദ്യുതി വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. റേഷൻ കാർഡ്, ഐ.ഡി. കാർഡ്, ഇലക്ട്രിസിറ്റി, വാട്ടർ, ഗ്യാസ് കണക്ഷനുകൾ എന്നിവ ഒരു വീട്ടുകാരന് ലഭിക്കത്തക്ക വിധത്തിൽ താൽക്കാലിക വീട്ടുനമ്പർ കൊടുക്കണമെന്ന് ഈ സഭാസമ്മേളനം തീരുന്നതിനു മുൻപുതന്നെ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാം.

ശ്രീ. പി. ടി. എ. റഹീം : സർ, പണമില്ലാത്തതുകൊണ്ട് ചില വീടുകൾ വയറിംഗ് ചെയ്യാൻ ഉടമസ്ഥർക്ക് സാധിക്കുന്നില്ല. 4000 രൂപയാകുമെന്നാണ് പറയുന്നത്. അങ്ങനെയുള്ളവരെ സഹായിക്കാൻ എം.എൽ.എ. ഫണ്ടിൽനിന്ന് പണം ചെലവഴിക്കാൻ കഴിയുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, 2012-ലെ സർക്കാർ ഉത്തരവ് നിലവിലുണ്ട്. 5 കാര്യങ്ങൾക്ക് താൽക്കാലിക

വീട്ടുനമ്പർ കൊടുക്കാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവാണ്. അവ നടപ്പിലാക്കുന്നതിൽ ഉദ്യോഗസ്ഥർ വൈമനസ്യം കാട്ടുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അതിൽ 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾ എന്ന് പറഞ്ഞിട്ടുണ്ട്. അവ സാമാന്യം ഭേദപ്പെട്ട, ചെറുതല്ലാത്ത വീടുകളാണ്. 'അധികൃതമാണോ അനധികൃതമാണോ എന്നു നോക്കാതെ' എന്നാണ് ആ ഉത്തരവിൽ പറയുന്നത്. 'ഇതൊന്നും തന്നെ ആ ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖകളല്ല', എന്നൊരു ക്ലാസ് കൂടി അതിലുൾപ്പെടുത്തിയിട്ടുണ്ട്. വാട്ടർ കണക്ഷനോ വൈദ്യുതി കണക്ഷനോ എടുക്കാനുള്ള ആവശ്യത്തിനായി മാത്രം ഉപയോഗിക്കേണ്ടതാണെന്ന് കൃത്യമായി പറയുന്നുണ്ട്. അത് പുതുക്കി 1500 സ്ക്വയർ ഫീറ്റാക്കി പുതിയ ഉത്തരവ് പുറപ്പെടുവിക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. നിശ്ചയമായും ആ ഉത്തരവ് നടപ്പിലാക്കാനാവശ്യമായ ശക്തമായ നടപടി സ്വീകരിക്കുകയാണ് നാം ചെയ്യേണ്ടതെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, വൈദ്യുതി ബോർഡുകളിലെ ഒഴിവുകളെ സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പല തസ്തികകളിലായി ഒഴിഞ്ഞുകിടന്ന ഒഴിവുകൾ നികത്താൻ അന്നത്തെ സർക്കാർ തയ്യാറായില്ല. പുതിയതായി ആരംഭിച്ചിട്ടുള്ള സെക്ഷൻ ആഫീസുകളിൽ അതിനനുസൃതമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, അതിനുള്ള മറുപടി അവസാനം പറയുന്നതാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ കാര്യത്തിൽ ജനകീയ സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തിക്കൊണ്ടുപോകുമ്പോൾ മനസ്സിലാക്കിയത് സംസ്ഥാനത്ത് 115000 വീടുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ലെന്നാണ്. ഇതിൽ 18000 പട്ടികവർഗ്ഗ കുടുംബങ്ങളും 35000 പട്ടികജാതി കുടുംബങ്ങളും 85000 ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുമാണ്. ഇതിൽ 60000-ത്തോളം വീടുകളുടെ വയറിംഗ് നടത്താനുണ്ടെന്നാണ് കാണുന്നത്. വയറിംഗ് നടത്തുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ, ഒരു വീടിന് ഏകദേശം അയ്യായിരമോ ആറായിരമോ രൂപയാണ് വേണ്ടിവരുന്നത്. അത് പഞ്ചായത്ത് ഫണ്ടിൽനിന്നും അനുവദിക്കണം. നാലായിരം രൂപ ചെലവ് വരുന്ന രീതിയിലും വയറിംഗ് ചെയ്യാൻ സാധിക്കും. അത്തരത്തിൽ ആരും വയറിഗ് ചെയ്യരുത്.

അങ്ങനെയുള്ളവ വേഗം കേടാകാൻ സാധ്യതയുള്ളതിനാൽ മെച്ചപ്പെട്ട സാധനങ്ങൾ ഉപയോഗിച്ചായിരിക്കണം വയറിംഗ് ചെയ്യേണ്ടത്.

ശ്രീ. കെ. ബാബു. : സർ, ഇപ്പോൾ പഞ്ചായത്തുകളുടെ പദ്ധതി പൂർത്തീകരണത്തിന്റെ സമയമാണ്. പദ്ധതി ആസൂത്രണം കഴിഞ്ഞ് ഡി.പി.സി.-യിൽ നിന്നും അംഗീകാരം വാങ്ങിയ സമയമാണ്. ഇതിനാവശ്യമായ ഫണ്ടിൽ പഞ്ചായത്തുകൾക്ക് അവരുടെ വിഹിതം വയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് നിർബന്ധമായും പഞ്ചായത്ത് ഫണ്ടിൽനിന്നും നിശ്ചിത ശതമാനം വയ്ക്കേണ്ടതാണെന്ന ഉത്തരവ് പഞ്ചായത്ത് വകുപ്പിൽനിന്നും വരണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഏതെങ്കിലും പഞ്ചായത്തുകളിൽ പഞ്ചായത്ത് സമിതികൾ മുഖം തിരിഞ്ഞുനിൽക്കുകയാണെങ്കിൽ മാത്രമാണ് ഇങ്ങനെയൊരഭിപ്രായം വരുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, പല പഞ്ചായത്തുകളും അതിനുള്ള നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. ഇതൊരു വലിയ പ്രശ്നമാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഡി.പി.സി. നവീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതിൽ യാതൊരു പ്രശ്നവുമില്ല. താൽപര്യമില്ലായ്മയാണ് പ്രധാന കാരണം. വലിയ തുക ചെലവഴിക്കേണ്ടി വരുന്നില്ല. ചെറിയ തുക മാത്രമാണ് ഇതിൽ ചെലവഴിക്കേണ്ടിവരുന്നത്. അതിനാവശ്യമായ നടപടി അവരുടെ ഭാഗത്തുനിന്നുമുണ്ടാകണം.

ശ്രീ. പി. സി. ജോർജ് : സർ, ഇത് vague ആയി പറഞ്ഞുപോയാൽ പറ്റില്ല. മന്ത്രി vague ആയി പറഞ്ഞുപോകുകയാണ്. ഒരു പഞ്ചായത്ത് അതിനുള്ള വിഹിതം വയ്ക്കുന്നില്ലെങ്കിൽ എന്തുചെയ്യും; അതിനുള്ള തീരുമാനമുണ്ടാകണ്ടേ? അതിന് കഴിഞ്ഞില്ലെങ്കിൽ എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിക്കണം. അങ്ങ് അതിലേയ്ക്കൊന്നും വരാതെ വെറുതെ പറഞ്ഞുപോയാൽ മതിയോ? എം.എൽ.എ. ഫണ്ട് കൊടുത്താലെന്താ കുഴപ്പം? ഇതിനെല്ലാമൊരു തീരുമാനം ഇവിടെ പ്രഖ്യാപിക്കണം. വെറുതെ പറഞ്ഞുപോകുന്നത് ശരിയല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുന്നുണ്ട്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും

വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, പഞ്ചായത്തുകളിൽ വ്യക്തിഗത ആനുകൂല്യങ്ങൾക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിക്കാൻ ഇപ്പോൾ കഴിയില്ല. ഒരു വീടിന്റെ മുന്നിലുള്ള പൊതുവഴിയിലൂടെ വൈദ്യുതി കണക്ഷൻ വലിച്ചു കൊടുക്കാൻ കഴിയും. അങ്ങോട്ട് കണക്ഷൻ കൊടുക്കേണ്ടതും സ്വന്തമായി വയറിംഗ് ചെയ്യേണ്ടതും അവർ തന്നെയാണ്. ഗ്രാമപഞ്ചായത്തുകൾക്ക് ഇത്തരത്തിലുള്ള വ്യക്തിഗത ആനുകൂല്യം കൊടുക്കാൻ കഴിയും. അവരുടെ പഞ്ചായത്തിൽ അങ്ങനെയുള്ള ആരെങ്കിലുമുണ്ടെങ്കിൽ അത് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് ചെയ്യാവുന്നതാണ്. പ്ലാൻ ഫണ്ട് എങ്ങനെ വിനിയോഗിക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. നമുക്ക് നിർദ്ദേശം നൽകാനേ കഴിയുകയുള്ളൂ. അതിനേക്കാൾ മുൻഗണനയുള്ള മറ്റെന്തെങ്കിലും പദ്ധതികൾ അവരുടെ പഞ്ചായത്തിലുണ്ടെങ്കിൽ അതിനവർ മുൻഗണന നൽകിയാൽ അങ്ങനെ നൽകരുതെന്ന് നമുക്ക് പറയാൻ കഴിയില്ല. സാധാരണഗതിയിൽ പാവപ്പെട്ട ആളുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വയറിംഗ് നടത്തുന്നതിനാവശ്യമായ തുക പഞ്ചായത്തുകൾ നീക്കിവയ്ക്കുന്നുണ്ട്. പഞ്ചായത്ത് അക്കാര്യത്തിൽ വാശി കാണിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. താൽക്കാലികമായി നമ്പരിട്ട് കൊടുക്കാനുള്ള ഉത്തരവ് പുതുക്കാൻ തീരുമാനിച്ചിരിക്കുയാണ്. ആ ഉത്തരവിറങ്ങി ഒരു മാസത്തിനുള്ളിൽ നമ്പരിട്ടു കൊടുക്കാത്തത് ആരെങ്കിലും ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിക്കെതിരെ അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കും.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ( ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ഈ പദ്ധതി പ്രഖ്യാപിക്കുന്ന ഘട്ടത്തിൽത്തന്നെ ഇതെങ്ങനെ കൈകാര്യം ചെയ്യണമെന്നും ആരെല്ലാം ചേർന്ന് നിർവ്വഹിക്കണമെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. വീടുകൾ വയറിംഗ് ചെയ്യുന്നതിനായി എം.എൽ.എ. ഫണ്ട് വ്യക്തികൾക്ക് ഉപയോഗിക്കുന്നതുകൊണ്ടുള്ള വിഷമം കൊണ്ടാണ് പഞ്ചായത്ത് സമിതികൾക്ക് ആ ഉത്തരവാദിത്വം നൽകിയത്. പഞ്ചായത്ത് സമിതികൾ മാത്രമല്ല, ചിലപ്പോൾ ചില വ്യക്തികൾ സ്പോൺസർ ചെയ്യാൻ തയ്യാറായി മുന്നോട്ടുവരും. നാട്ടുകാരുടെ സഹകരണത്തോടുകൂടി ഒരു പഞ്ചായത്തിൽ ആയിരക്കണക്കിന് വീടുകളൊന്നും വയറിംഗ് ചെയ്യാനുണ്ടാകുകയില്ല. പഞ്ചായത്തിൽ ചിലപ്പോൾ കഷ്ടിച്ച് അൻപതോ അറുപതോ വീടുകൾ മാത്രമേ വയറിംഗ് ചെയ്ത് കൊടുക്കേണ്ടതായി വരുകയുള്ളൂ. അതിന് ചില വ്യക്തികൾ തയ്യാറായി മുന്നോട്ടുവരാം. ഒരു വീട് നല്ല നിലവാരത്തിൽ

വയറിംഗ് ചെയ്യുന്നതിന് ആറായിരമോ ആറായിരത്തി അഞ്ഞൂറോ രൂപ മാത്രമേ വേണ്ടിവരുകയുള്ളൂ. ആ നിലയിൽ വ്യക്തികളെയും സ്ഥാപനങ്ങളെയും ഗ്രൂപ്പുകളെയും സ്പോൺസർമാരെയുമെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് വീടുകളുടെ വയറിംഗ് മേൽപ്പറഞ്ഞ രീതിയിൽ പൂർത്തീകരിക്കുകയും ബാക്കിയുള്ള പോസ്റ്റ് നിർത്തി ലൈൻ വലിക്കുന്ന വലിയ ജോലികൾ ഇലക്ട്രിസിറ്റി ബോർഡിന്റെ ഫണ്ടും എം.എൽ.എ., എം.പി. ഫണ്ടുമൊക്കെ ഉപയോഗപ്പെടുത്തിയും ചെയ്യാൻ കഴിയും. ഇതിനായി ഞങ്ങളൊരു കണക്ക് തയ്യാറാക്കിയപ്പോൾ ഏകദേശം 160 കോടി രൂപയാണ് ഇത് വിപുലീകരിക്കുന്നതിന് ചെലവ് വരുന്നത്. വിദൂര കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് ഈ തുക അപര്യാപ്തമാണ്. വൈദ്യുതി ലൈൻ വലിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി വേണ്ടിവരുന്ന സാഹചര്യത്തിലും നിലവിലുള്ള വൈദ്യുതി ശൃംഖല എത്തിക്കാൻ സാധ്യമല്ലാത്ത വിദൂര കോളനികളിലും Decentralised and Distributed Generation and Micro Grid വഴി വൈദ്യുതീകരണം സാധ്യമാക്കുന്നതാണ്. ഓരോ നിയോജക മണ്ഡലത്തിലും വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ തുകയുടെ 50%, പരമാവധി ഒരു കോടി രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ബാക്കി തുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീട് വയറിംഗ് പൂർത്തിയാക്കുന്നതിനു വേണ്ടിവരുന്ന തുകയും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ഫണ്ട്, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നീ സ്രോതസ്സുകളിൽ നിന്ന് സ്വരൂപിക്കാനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, സംസ്ഥാനത്ത് എല്ലാവർക്കും ആവശ്യമായ വൈദ്യുതി ഇടുക്കിയിൽനിന്നുമാണ് കിട്ടുന്നത്. ആദിവാസി കോളനികൾ ധാരാളമുള്ള ഒരു ജില്ലയാണ് ഇടുക്കി. ഈ പദ്ധതിയിലേക്ക് ഒരു കോടി രൂപ വകയിരുത്തിയിരിക്കുന്നത് അപര്യാപ്തമാണ്. വൈദ്യുതിയില്ലാത്ത പ്രാദേശിക മേഖലകൾ വൈദ്യുതീകരിക്കുന്നതിന് അനുവദിച്ച തുക വർദ്ധിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി മനസ്സ് കാണിക്കണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഞാൻ ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്, ഓരോ നിയോജക മണ്ഡലത്തിലും വൈദ്യുതി എത്തിക്കുന്നതിനാവശ്യമായ തുകയുടെ അൻപത് ശതമാനം, പരമാവധി ഒരു കോടി രൂപ കെ.എസ്.ഇ.ബി.-യും ബാക്കി തുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീട് വയറിംഗ് പൂർത്തിയാക്കുന്നതിനുള്ള തുകയും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ്, തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ഫണ്ട്, സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നീ സ്രോതസ്സുകളിൽനിന്നും സമാഹരിച്ച് ഈ പ്രോജക്ട് മാർച്ച് 31-ഓടുകൂടി പ്രഖ്യാപിക്കാനാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്. അതിന് എല്ലാ സഹായവും ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, സംസ്ഥാനത്ത് വൈദ്യുതിയെത്താത്ത ഒരു പ്രദേശമാണ് എന്റെ മണ്ഡലം ഉൾക്കൊള്ളുന്ന കാസർഗോഡ് ജില്ല. അവിടെ വൈദ്യുതി എത്തിക്കുന്നതിന് പ്രധാനമായും രണ്ട് തടസ്സങ്ങളാണ് നേരിടുന്നത്. അതിലൊന്ന്, വനംവകുപ്പിന്റെ ഭാഗത്തുനിന്നായതിനാലാണ് ഈ പദ്ധതി മുടങ്ങിപ്പോയത്. വനംവകുപ്പിന്റെ ഭാഗത്തുനിന്നുള്ള തടസ്സം നീക്കി കാസർഗോഡ് ജില്ലയിലെ എല്ലാ പ്രദേശത്തും, പ്രത്യേകിച്ച് ഫോറസ്റ്റ് ഏരിയയിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ഈ പദ്ധതി പ്രകാരം സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, വനമേഖല ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ ഈ പദ്ധതിയിലുണ്ട്. വനം വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി കൂടിയാലോചന നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന വന നിയമങ്ങളിൽ ചില ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര നിയമത്തിൽ ചില മാറ്റങ്ങൾ വന്നിട്ടുമുണ്ട്. അതെല്ലാം ഉപയോഗപ്പെടുത്തിയാൽ പരമാവധി വനമേഖലയിലും ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കാൻ കഴിയും. വൈദ്യുതി വിതരണത്തിൽ ലോകോത്തര നിലവാരത്തിലേക്ക് ഉയരാനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരത്തിലും മറ്റ് സേവനങ്ങളിലും കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. കേരളത്തിൽ നിന്നും ഇൻവെർട്ടറുകളും സ്റ്റെബിലൈസറുകളും ഡീസൽ ജനറേറ്ററുകളും അപ്രത്യക്ഷമായാൽ മാത്രമേ വൈദ്യുതി വിതരണത്തിൽ ലോകോത്തര നിലവാരത്തിലെത്തിയെന്ന് കണക്കാക്കാൻ സാധിക്കൂ. അതിന് കഴിയണമെങ്കിൽ വൈദ്യുതി പ്രസരണ, വിതരണ ശൃംഖല ശക്തിപ്പെടുത്താനും ആവശ്യത്തിന് വൈദ്യുതി ലഭ്യമാക്കാനും കഴിയണം. കേരളത്തിന്റെ സ്വന്തം വൈദ്യുതിനിലയങ്ങൾ സ്ഥാപിച്ച് ആവശ്യത്തിനുള്ള വൈദ്യുതി ലഭ്യമാക്കാനാണ് സർക്കാർ മുന്തിയ പരിഗണന നൽകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ നയംമാറ്റംമൂലം മറ്റ് സംസ്ഥാനങ്ങളിലെ പുതിയ കേന്ദ്ര പദ്ധതികളിൽ നിന്നുള്ള വൈദ്യുതി വിഹിതം പ്രതീക്ഷിക്കാൻ സാധിക്കില്ല. അതിനാൽ നമ്മുടെ വൈദ്യുതി ഉൽപ്പാദനം

വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട്, ആദ്യപടിയായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 60 മെഗാവാട്ടിന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ, 40 മെഗാവാട്ടിന്റെ തോട്ടിയാർ പദ്ധതി ഇവയെല്ലാം മുടങ്ങിക്കിടക്കുന്ന പദ്ധതികളിൽ സാമാന്യം വലിയ പദ്ധതികളാണ്. ഈ രണ്ട് പദ്ധതികളിലെയും തടസ്സങ്ങൾ മാറ്റി മൂന്ന് മാസത്തിനകം നിർമ്മാണം പുനരാരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ഒരു സമയക്രമവും തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് മുന്നോട്ട് പോകാൻ സാധിച്ചാൽ വരുന്ന മൂന്ന് വർഷത്തിനുള്ളിൽ ആകെ 100 (60 മെഗാവാട്ടും 40 മെഗാവാട്ടും കൂടിച്ചേർന്ന്) മെഗാവാട്ടിന്റെ പദ്ധതികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്. കൂടാതെ 149 മെഗാവാട്ട് ശേഷിവരുന്ന 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം നിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പെരുവണ്ണാമൂഴി 6 മെഗാവാട്ട്, പഴശ്ശി സാഗർ 7.5 മെഗാവാട്ട്, ചിന്നാർ 24 മെഗാവാട്ട്, ലാഡ്രം 3.5 മെഗാവാട്ട്, അപ്പർ ചെങ്കുളം 24 മെഗാവാട്ട്, ഒളിക്കൽ 5 മെഗാവാട്ട്, പൂവാരംതോട് 3 മെഗാവാട്ട്, മർമ്മല 7 മെഗാവാട്ട്, ചെമ്പുക്കടവ് III 7.5 മെഗാവാട്ട്, മാങ്കുളം 40 മെഗാവാട്ട്, പീച്ചാട് 3 മെഗാവാട്ട്, വെസ്റ്റേൺ കല്ലാർ 5 മെഗാവാട്ട്, മരിപ്പുഴ 6 മെഗാവാട്ട്, വാലംതോട് 7.5 മെഗാവാട്ട് എന്നിവയാണ് പതിനാല് ചെറുകിട ജലവൈദ്യുത പദ്ധതികൾ. വൻകിട പദ്ധതികളുമായി ബന്ധപ്പെട്ട് വരുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടാണ് വൈദ്യുതി ബോർഡ് ഇത്തരത്തിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ കൊണ്ടു വരുന്നതിനുള്ള നടപടികളിലേയ്ക്ക് സജീവമായി ഏർപ്പെട്ടത്. ഇപ്രകാരം 149 മെഗാവാട്ട് ശേഷിവരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ അടിയന്തരമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. കൂടാതെ ഭൂതത്താൻകെട്ട്-24 മെഗാവാട്ട്, പെരുന്തേനരുവി-6 മെഗാവാട്ട്, അപ്പർ കല്ലാർ -2 മെഗാവാട്ട്, പെരിങ്ങൽക്കുത്ത് -24 മെഗാവാട്ട്, കക്കയം-3 മെഗാവാട്ട് എന്നിങ്ങനെ നിർമ്മാണം ആരംഭിച്ച പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലയളവിൽത്തന്നെ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 2 വർഷത്തിനകം 59 മെഗാവാട്ട് ശേഷി വർദ്ധിപ്പിക്കാനാണ് സർക്കാരിന്റെ ലക്ഷ്യം. ഇത്തരത്തിൽ മൂന്ന് വർഷത്തിനകം 300 മെഗാവാട്ടിലധികം വർദ്ധനവ് ഊർജ്ജ മേഖലയിൽ കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ നിലയിലുള്ള സജീവമായ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സോളാർ

പാനലുമായി ബന്ധപ്പെട്ട വിഷയം ഇവിടെ പരാമർശിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ സജീവമായി ഏറ്റെടുത്ത ഒരു പ്രോജക്ടാണത്. 200 മെഗാവാട്ട് ശേഷിയുള്ള കാസർഗോഡ് സോളാർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ : സർ, സോളാർ എന്ന പേര് മാറ്റി വേറെ ഏതെങ്കിലും നല്ല പേര് സ്വീകരിക്കാൻ ശ്രമിക്കണം. കാരണം, ഈ പേര് കേൾക്കുന്നതുതന്നെ നാണക്കേടാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, കാസർഗോഡ് സോളാർ പാർക്കിന്റെ ആദ്യഘട്ടമായ 50 മെഗാവാട്ട് ശേഷിയുള്ള പ്രോജക്ട് 2016 ഡിസംബർ മാസത്തിലും ബാക്കി 150 മെഗാവാട്ട് ശേഷിയുള്ള പ്രോജക്ട് അടിയന്തരമായി പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ഇതിനുപുറമെ 200 മെഗാവാട്ടിന്റെ മറ്റൊരു സോളാർ പാർക്ക് കാസർഗോഡ് ജില്ലയിൽ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക ചർച്ചകളും ആരംഭിച്ചിട്ടുണ്ട്. 200 മെഗാവാട്ട് സോളാർ വൈദ്യുതി വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. വികേന്ദ്രീകൃത സോളാർ പദ്ധതികൾ സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.-യുടെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഉപയോഗിക്കുന്നതാണ്. ഇത്തരം പദ്ധതികളിലൂടെ മറ്റൊരു 100 മെഗാവാട്ട് പദ്ധതി കൂടി പ്രതീക്ഷിക്കുകയാണ്. പാലക്കാട്, ഇടുക്കി ജില്ലകളിൽ കാറ്റിൽ നിന്നും 100 മെഗാവാട്ട് ശേഷിയുള്ള ഒരു പദ്ധതി കൂട്ടിച്ചേർക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം പ്രസരണ ലൈനുകളും സബ്സ്റ്റേഷനുകളും കൂട്ടിച്ചേർത്താൽ മാത്രമേ എല്ലാ സ്ഥലങ്ങളിലും തടസ്സം കൂടാതെ വൈദ്യുതി എത്തിക്കാൻ സാധിക്കൂ.

ശ്രീ. പി. സി. ജോർജ് : സർ, കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയിൽ ഇടുക്കി ജില്ലയെ മാറ്റി മലയോര മേഖല ഉൾപ്പെടുത്തിയാൽ കൂടുതൽ പ്രയോജനം ലഭിക്കും. അതുപോലെ എൽ.ഇ.ഡി. ബൾബ് ഉപയോഗിക്കുകയാണെങ്കിൽ വൈദ്യുതി ഉപഭോഗം അഞ്ചിലൊന്നായി കുറയ്ക്കാൻ സാധിക്കും. എന്തുകൊണ്ടാണ് അത്തരം നടപടികൾ സ്വീകരിക്കാത്തത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഞാൻ ആ വിഷയത്തിലേക്ക് വരികയാണ്. 220 കെ.വി. സബ്സ്റ്റേഷൻ - 2, 110 കെ.വി.സബ്സ്റ്റേഷൻ -7, 66 കെ.വി.

സബ്സ്റ്റേഷൻ-1, 33 കെ.വി. സബ്സ്റ്റേഷൻ - 11 എന്നിവയാണ് 2017 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട 21 സബ്സ്റ്റേഷനുകൾ. ഈ പ്രോജക്ടുകളുടെ നിർമ്മാണം നേരത്തെ ആരംഭിച്ചുവെങ്കിലും അടുത്തകാലത്താണ് അതിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ച് വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, 400 കെ.വി., 220 കെ.വി. സബ്സ്റ്റേഷനുകളുടെ അപര്യാപ്തതമൂലം കടുത്ത വോൾട്ടേജ്ക്ഷാമവും വൈദ്യുതി തടസ്സവും സംസ്ഥാനത്ത് അനുഭവപ്പെടുന്നുണ്ട്. കൂടാതെ പുതിയ പ്രസരണ ലൈനുകൾ വലിക്കാൻ എതിർപ്പും നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ നൂതന സാങ്കേതിക വിദ്യകളുപയോഗിച്ച് നിലവിലുള്ള പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടേജിലേക്ക് ഉയർത്തുന്ന തടക്കമുള്ള ബൃഹത്തായ Transgrid 2.0 എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പതിനായിരം കോടി രൂപ മുതൽമുടക്കാവശ്യമുള്ള ഈ പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് സഹായം ലഭ്യമാക്കുന്നുണ്ട്. നിലവിലൊരു 400 കെ.വി. സബ്സ്റ്റേഷനും ഇരുപത് 220 കെ.വി. സബ്സ്റ്റേഷനുമാണ് കെ.എസ്.ഇ.ബി.-ക്കുള്ളത്. 5 വർഷം കൊണ്ട് പുതുതായി അഞ്ച് 400 കെ.വി. സബ്സ്റ്റേഷനുകളും ഇരുപത്തിനാല് 220 കെ.വി. സബ്സ്റ്റേഷനുകളും നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : സർ, നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള വൈദ്യുതി ലൈനുകളിൽ പലതും പഴയ രീതിയിലാണ് തുടരുന്നത്. പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനായി യു.ജി. കേബിളുകൾ വ്യാപകമാക്കുന്നത് ഗുണകരമാകില്ലേ? അത് ചില നഗരങ്ങളിൽ നിലവിലുണ്ട്. അതിനുള്ള പദ്ധതി കെ.എസ്.ഇ.ബി.-ക്കുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, യു.ജി. കേബിൾ തന്നെയാണ് ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത പദ്ധതിക്ക് ചെലവ് കൂടുതലായതിനാൽ അതുസംബന്ധിച്ചുള്ള പ്രശ്നങ്ങളുണ്ട്. വരുംകാലങ്ങളിൽ അതിലേക്കുള്ള നടപടികളിലേക്ക് നീങ്ങും. കെ.എസ്.ഇ.ബി.-യെ ജനങ്ങൾ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ട് ഇൻവെർട്ടറുകളും സ്റ്റെബിലൈസറുകളും ഒഴിവാക്കുന്നതിന് പര്യാപ്തമായ രീതിയിൽ വൈദ്യുതി വിതരണശൃംഖല മെച്ചപ്പെടുത്തേണ്ടതുണ്ട്. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേഖലകളിലും Ring Main Electrical Power Distribution System യാഥാർത്ഥ്യമാക്കിയാൽ ഒന്നിലധികം സബ്സ്റ്റേഷനുകളും ഫീഡറുകളും വഴി ഓരോ പ്രദേശത്തും ഒന്നിലധികം സ്രോതസ്സുകളിൽ നിന്ന് വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ സാധിക്കും. ഇതുവഴി വൈദ്യുതി തകരാർമൂലമുള്ള വ്യാപകമായ

വൈദ്യുതി തടസ്സം ഒഴിവാക്കാൻ സാധിക്കും. അതോടൊപ്പം UG Cable, ABC Conductor, Covered Conductor എന്നിവ ഉപയോഗിച്ച് സിസ്റ്റം ഇംപ്രൂവ്മെന്റ് വർക്കുകൾ ആസൂത്രണം ചെയ്ത് വൈദ്യുതി തടസ്സം ഗണ്യമായി കുറയ്ക്കാനും നടപടി സ്വീകരിക്കുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് രണ്ട് സബ്സ്റ്റേഷനുകളിൽ നിന്നുള്ള ഫീഡറുകൾ ഓരോ പ്രദേശത്തും എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. ജനങ്ങൾക്ക് നൽകുന്ന സേവനം മികച്ചതാകാൻ നടപടി സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിൽ ഏത് സ്ഥലത്തുനിന്നും പരാതി രേഖപ്പെടുത്താനായി 1912 എന്ന നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. 1912-ലേക്കുള്ള ഫോൺവിളി ഇനിമുതൽ സൗജന്യമായിരിക്കും.

അതുപോലെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ഒറ്റ പേജാക്കി ചുരുക്കി നടപടിക്രമങ്ങൾ ലളിതമാക്കാൻ റെഗുലേറ്ററി കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നത് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്. ഇതനുസരിച്ച് പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതും ഉപഭോക്താക്കളുടെ പേര് മാറ്റുന്നതും സംബന്ധിച്ച നടപടിക്രമങ്ങൾ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014-ൽ പ്രതിപാദിക്കുന്നുണ്ട്. ഉപഭോക്താവിന് പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കാൻ അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖ, സ്ഥിര മേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പ്രത്യേക അനുമതി, വയറിംഗ് പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി തുടങ്ങി പല രേഖകളും ഹാജരാക്കേണ്ടതുണ്ട്. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അവരുടെ വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിച്ച് തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കെ.എസ്.ഇ.ബി.-യും സർക്കാരും കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

100 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള ഗാർഹികാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയില്ലാതെ തന്നെ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനും ഉടമസ്ഥാവകാശ മാറ്റത്തിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തിനോടൊപ്പം തന്നെ അപേക്ഷാ ഫാറം കൂടുതൽ ലഘൂകരിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി അപേക്ഷകന്റെ കണക്റ്റഡ്

ലോഡിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ നൽകേണ്ട തുക കണക്കിലാക്കുന്ന രീതി സ്വീകരിക്കുന്നതിനും 100 കെ.വി.എ.-ക്ക് മുകളിലുള്ള ഉപഭോക്താക്കൾക്ക് മുൻകൂട്ടി അപേക്ഷ നൽകാനുള്ള അവസരം നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ച നിർദ്ദേശം അംഗീകരിച്ചാൽ 2017 മാർച്ചിനുള്ളിൽ നടപടിക്രമങ്ങളുടെ ലഘൂകരണം കെ.എസ്.ഇ.ബി. നടപ്പിലാക്കും. ഇതുവഴി കൂടുതൽ ഉപഭോക്തൃ സംതൃപ്തി നേടുവാനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കാനും സാധിക്കും. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 ചട്ടങ്ങൾ പ്രകാരം അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കണമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിർത്തി സർവ്വീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാനാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് പുതിയ പോസ്റ്റോ ലൈനോ സ്ഥാപിക്കേണ്ടാത്ത കണക്ഷന് 2 പ്രവൃത്തി ദിവസത്തിനുള്ളിലും സപ്പോർട്ട് പോസ്റ്റിന്റെ ആവശ്യമുള്ളതും അതുപോലെ മറ്റ് കണക്ഷനുകൾക്കും 7 ദിവസത്തിനുള്ളിലും ഓവർ ഹെഡ് ലൈൻ വലിക്കേണ്ട കണക്ഷനുകൾക്ക് 15 ദിവസത്തിനുള്ളിലും കണക്ഷൻ നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

കാലവർഷം മോശമായതുമൂലമുള്ള പ്രതിസന്ധിയെ സംബന്ധിച്ച് ഇവിടെ പരാമർശിച്ചത് ശരിയാണ്. കാലവർഷം കുറഞ്ഞതുമൂലം ജലസംഭരണത്തിലും വൻതോതിലുള്ള കുറവ് വന്നിട്ടുണ്ട്. ഈ വർഷം നാളിതുവരെയുള്ള കണക്കുപ്രകാരം പ്രതീക്ഷിച്ചിരുന്നതിന്റെ ഏകദേശം 58 ശതമാനം നീരൊഴുക്ക് മാത്രമേ സംസ്ഥാനത്ത് ലഭിച്ചിട്ടുള്ളൂ. 30-09-2016 വരെയുള്ള കണക്കുപ്രകാരം 2014 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷത്തെ ശരാശരി പ്രകാരം ഈ വർഷം ലഭിക്കേണ്ട നീരൊഴുക്ക് 7200 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലമാണ്; തൽസ്ഥാനത്ത് 5200 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളം മാത്രമേ ജലസംഭരണികളിൽ ഈ വർഷം പ്രതീക്ഷിക്കുന്നുള്ളൂ. എന്നാൽ മധ്യകാല-ദീർഘകാല കരാറുകൾ മുഖേനയും ഡി.ബി.എഫ്.ഒ.ഒ. പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി 2016 ജൂൺ മുതൽ ലഭ്യമാക്കുക വഴിയും പവർ എക്സ്ചേഞ്ചുകളിൽ നിന്ന് നിരക്ക് കുറവുള്ള സമയങ്ങളിൽ വൈദ്യുതി വാങ്ങി ഉപയോഗിച്ചും ജലവൈദ്യുതി ഉൽപ്പാദനം കുറച്ച് ജലസംഭരണികളിലെ വെള്ളം വരും മാസങ്ങളിലേക്ക് കരുതി വയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2017 മാർച്ച്-ജൂൺ

കാലയളവിലെ അധിക ഉപഭോഗം കണക്കിലെടുത്ത് 200 മെഗാവാട്ട് വൈദ്യുതി കൂടി ഡീപ് ഇ-ബിഡ്ഡിംഗ് വഴി ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ചുകളിൽ നിന്ന് വാങ്ങി ജല വൈദ്യുതോൽപ്പാദനം കുറയ്ക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. 2016 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ നീരൊഴുക്കിലുണ്ടായ ഗണ്യമായ കുറവ് പരിഗണിച്ച് 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ അധികമായി 150 മെഗാവാട്ട് വൈദ്യുതി വാങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കാലവർഷം കുറഞ്ഞതുമൂലമുണ്ടാകുന്ന പ്രതിസന്ധിയും പരീക്ഷാ സമയമായ മാർച്ച്-ഏപ്രിൽ മാസങ്ങളിലുണ്ടാകുന്ന ബുദ്ധിമുട്ടും മറികടക്കുന്നതിനാവശ്യമായ കരുതൽ വൈദ്യുതി ബോർഡ് ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്നുള്ള കാര്യം കൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

കായംകുളം നിലയത്തിന്റെ പ്രതിസന്ധിയെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. കായംകുളം നിലയം ഇനി ഡിസ്മാന്റിൽ ചെയ്യുന്നതാണ് നല്ലതെന്ന് ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി അഭിപ്രായം പ്രകടിപ്പിച്ചത് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്. കാരണം, കൂടുതൽ വിലകൊടുത്ത് വൈദ്യുതി വാങ്ങേണ്ടിവരുന്നതാണ് കായംകുളം നിലയത്തിന്റെ ഇന്നത്തെ അവസ്ഥ. അത് കെ.എസ്.ഇ.ബി.-ക്ക് താങ്ങാൻ കഴിയുന്നതല്ല. പക്ഷെ വൈദ്യുതി ലഭ്യമല്ലാത്ത സാഹചര്യം വന്നാൽ കായംകുളം നിലയം നമുക്കൊരു സഹായിയായി വർത്തിക്കും. അതുകൊണ്ട് പ്രസ്തുത നിലയം നിലനിർത്തിക്കൊണ്ടുപോകേണ്ടതുണ്ട്. ഇന്ന് അത് കനത്ത പ്രതിസന്ധിയെ നേരിടുകയാണ്. ഒരു യൂണിറ്റ് വൈദ്യുതിപോലും കായംകുളം താപവൈദ്യുത നിലയത്തിൽ നിന്ന് വാങ്ങുന്നില്ലെങ്കിലും ഫിക്സഡ് ചാർജായി ഭീമമായ തുക നൽകേണ്ടിവരികയാണ്. കരാറടിസ്ഥാനത്തിലാണ് പ്രസ്തുത തുക നൽകുന്നത്. 2015-16-ൽ 207.13 കോടി രൂപ ഫിക്സഡ് ചാർജ്ജിനത്തിൽ നൽകേണ്ടി വന്നിട്ടുണ്ട്. തുക കുറയ്ക്കണമെന്ന സർക്കാരിന്റെ ആവശ്യം അംഗീകരിക്കുന്നില്ല. ഇതുസംബന്ധിച്ച് ഒരു പരാതി കൊടുത്തിട്ടുണ്ടായിരുന്നു. ഇപ്പോൾ പ്രതിവർഷം 299 കോടി രൂപ നൽകേണ്ടിവരികയാണ്. അത് യഥാർത്ഥത്തിൽ കെ.എസ്.ഇ.ബി.-ക്ക് വലിയ ബാധ്യതയായി മാറിയിട്ടുണ്ടെന്നത് വസ്തുതാപരമാണ്.

കൊച്ചി ബി.എസ്.ഇ.സ്. നിലയവുമായിട്ടുള്ള വൈദ്യുതി വാങ്ങൽ കരാറിനെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡ് കൊച്ചിയിൽ 165 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു

താപ വൈദ്യുതനിലയം സ്ഥാപിച്ച് 2000-ത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വൈദ്യുതോത്പാദനം തുടങ്ങിയതാണ്. കേരള സംസ്ഥാന വൈദ്യുതി ബോർഡ് സമയാസമയങ്ങളിലുള്ള വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ബി.കെ.പി.എൽ.-മായി 3-5-1999-ലാണ് കരാർ ഒപ്പിട്ടത്. ടി.സി.സി.എൽ. പാട്ടക്കരാർ നൽകിയ ഇരുപതേക്കർ സ്ഥലത്താണ് പ്രസ്തുത നിലയം സ്ഥിതി ചെയ്യുന്നത്. പ്രസ്തുത നിലയം പ്രവർത്തനക്ഷമമാകുന്നതുമുതൽ 15 വർഷക്കാല ത്തേയ്ക്കായിരുന്നു കരാർ. ഈ കരാർപ്രകാരം ഇരുകക്ഷികളും തയ്യാറാകുന്നപക്ഷം കരാർ അടുത്ത 10 വർഷക്കാലയളവിലേയ്ക്ക് നിബന്ധനകൾക്ക് വിധേയമായി വീണ്ടും പുതുക്കാവുന്നതാണെന്നും കരാറിലുണ്ടായിരുന്നു. 3-5-1999-ലെ കരാർ 31-10-2015-ന് അവസാനിക്കുന്ന സാഹചര്യത്തിൽ 20-5-2015-ൽ ചേർന്ന കെ.എസ്.ഇ.ബി. ഡയറക്ടർ ബോർഡ് യോഗം പ്രസ്തുത കരാർ ചില നിബന്ധനകൾക്ക് വിധേയമായി രണ്ട് വർഷത്തേക്ക് കൂടി നീട്ടാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പ്ലാന്റിന് കാലപ്പഴക്കംമൂലം വിലയിടിവ് വന്നിട്ടുള്ളതിനാൽ നിലവിലെ താരിഫും മറ്റ് നിബന്ധനകളും കാലാനുസൃതമായി മാറ്റിക്കൊണ്ടായിരിക്കണം വൈദ്യുതി വാങ്ങൽ കരാറിലേർപ്പെടേണ്ടതെന്നും ഡയറക്ടർ ബോർഡ് യോഗം നിഷ്കർഷിച്ചിട്ടുണ്ട്. ആയത് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായിട്ടായിരിക്കുമെന്നുള്ള കാര്യവും പറഞ്ഞിട്ടുണ്ട്. ബി.കെ.പി.എൽ. പ്ലാന്റ് കേരളത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ അന്തർ സംസ്ഥാന ട്രാൻസ്മിഷൻ ലൈനിന്റെ നിയന്ത്രണങ്ങൾക്ക് അത് വിധേയമല്ല. കൂടാതെ ലോഡ് സെന്ററിൽ സ്ഥിതി ചെയ്യുന്ന പ്ലാന്റായതുകൊണ്ട് ട്രാൻസ്മിഷൻ ലൈൻ വഴിയുള്ള നഷ്ടവുമുണ്ടാകുന്നില്ല. ഇതെല്ലാം കണക്കിലെടുത്താണ് രണ്ടു വർഷത്തേക്ക് കൂടി വൈദ്യുതി വാങ്ങൽ കരാർ നീട്ടാൻ ബോർഡ് തത്വത്തിൽ അംഗീകാരം നൽകിയത്. പ്രകൃതിവാതക വില കുറയുകയും ആവശ്യത്തിന് ലഭ്യമാകുകയും ചെയ്താൽ ദീർഘകാലാടിസ്ഥാത്തിൽ പ്രകൃതി വാതകമുപയോഗിച്ച് പ്രവർത്തിപ്പിക്കാൻ ബി.കെ.പി.എൽ. പ്ലാന്റ് ഉപയോഗി ക്കാവുന്നതാണ്. ഗ്യാസ് പൈപ്പ് ലൈൻ കടന്നുപോകുന്നത് പ്രസ്തുത പ്ലാന്റിന് സമീപത്തുകൂടിയാണ്. ഗ്യാസ് സ്വീകരിക്കുന്നതിനാവശ്യമായ കണക്റ്റിവിറ്റിയും പ്ലാന്റിനുണ്ട്. കെ.എസ്.ഇ.ബി.എൽ. നിർദ്ദേശിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പുതുക്കിയ താരിഫും കരാറും അനുമതിക്കായി കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 3-10-2015-ന് ബി.കെ.പി.എൽ. അപേക്ഷ

സമർപ്പിച്ചിരുന്നു. 28-10-2015-ന് അപേക്ഷ പരിഗണിക്കുകയും കമ്മീഷൻ നൽകിയ ഡെയ്‌ലി ഓർഡറനുസരിച്ച് രണ്ടു വർഷത്തേക്ക് കരാർ നീട്ടാൻ ഡയറക്ടർ ബോർഡ് യോഗം തീരുമാനമെടുക്കാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തുകൊണ്ട് കമ്മീഷൻ മുമ്പാകെ വിശദമായ റിപ്പോർട്ട് കെ.എസ്.ഇ.ബി.എൽ. നൽകിയിട്ടുണ്ട്. ബി.കെ.പി.എൽ.-ഉം കെ.എസ്.ഇ.ബി.എൽ.-ഉം കൂടി ചർച്ച ചെയ്ത് താരിഫിലും കരാറിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളിൽ തീരുമാനത്തിലെത്തി പുതുക്കിയ കരാർ കയ്യൊപ്പ് പതിച്ചശേഷം കമ്മീഷന്റെ അനുമതിക്കായി സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. നിലവിലുള്ള ദീർഘകാല കരാറുകളും എൻ.റ്റി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള കായംകുളം നിലയം സ്റ്റാന്റ്-ബൈ പ്ലാന്റായി നിലനിർത്തുകയും ചെയ്ത സാഹചര്യത്തിൽ ബി.കെ.പി.എൽ.-മായുള്ള കരാർ നീട്ടി നൽകുന്നത് നയപരമായ തീരുമാനമായതിനാൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കാൻ ഗവൺമെന്റിനോട് അപേക്ഷിച്ചിരുന്നു. യു.ഡി.എഫ്. ഗവൺമെന്റ് കരാർ രണ്ടു വർഷത്തേയ്ക്കുകൂടി നീട്ടുന്നതിനുള്ള തീരുമാനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ. വിവിധ തലങ്ങളിലായി ബി.കെ.പി.എൽ.-മായി വിശദമായ ചർച്ചകൾ നടത്തിയെങ്കിലും കരാറിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങളിലും താരിഫിലും യോജിച്ച തീരുമാനത്തിലെത്താൻ കഴിഞ്ഞിട്ടില്ല. വിയോജിപ്പുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയ കരട് കരാറും മറ്റ് വിശദാംശങ്ങളും കൂടി 25-4-2016-ൽ കെ.ഇ.ആർ.സി-ക്ക് മുമ്പാകെ ബോർഡ് സമർപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 22-6-2015, 10-8-2016 എന്നീ തീയതികളിൽ വിശദമായ ഹിയറിംഗ് നടത്തുകയും 16-8-2016-ന് ഡെയ്‌ലി ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ബി.കെ.പി.എൽ. കരാർ പുതുക്കുന്നതിനായി ഒന്നാം വർഷം വാർഷിക ഫിക്സ്ഡ് ചാർജായി ആവശ്യപ്പെട്ടിരിക്കുന്നത് 43.06 കോടി രൂപയും രണ്ടാം വർഷത്തേയ്ക്ക് 44.75 കോടി രൂപയുമാണ്. ഫിക്സ്ഡ് ചാർജ് ഒരു യൂണിറ്റിന് ഒന്നാം വർഷം 0.3903 രൂപയും രണ്ടാം വർഷം 0.4069 രൂപയുമാണ്. എന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ നിർദ്ദേശം യൂണിറ്റിന് 0.297 രൂപയാണ്. ഒരു വർഷത്തേയ്ക്ക് 32.70 കോടി രൂപയാണ്. ഈ നിർദ്ദേശം കെ.ഇ.ആർ.സി.-യെ അറിയിക്കുന്നതിനായി കെ.എസ്.ഇ.ബി. ഡയറക്ടർ ബോർഡിന് ചർച്ച നടത്തി തീരുമാനത്തിലെത്താൻ കഴിയാത്തതിനാൽ തീരുമാനം നീട്ടിവയ്ക്കുകയുണ്ടായിട്ടുണ്ട്. കഴിയുന്നത്ര വേഗം അക്കാര്യത്തിലൊരു തീരുമാനമെടുക്കാൻ സാധിക്കുമെന്നാണ്

കരുതുന്നത്.

എൽ.ഇ.ഡി. ബൾബുകളുടെ വിതരണത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതുവരെ ഇ.ഇ.എസ്.എൽ. 75 ലക്ഷം ബൾബുകൾ എത്തിച്ചിട്ടുണ്ട്. ഇതിൽ 72.5 ലക്ഷത്തോളം ബൾബുകൾ വിതരണം ചെയ്തു. തുടർ വിതരണത്തിനായി 20 ലക്ഷം ബൾബുകൾക്കുള്ള ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ ഒരു കോടി ബൾബുകൾ ഇ-ടെൻഡർ വഴി വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്നു; അവ ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യും. ഇതിനു പുറമെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ധനസഹായത്തോടെ സാധാരണ ബൾബുകളും സി.എഫ്.എൽ.-ഉം മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിനായി 2016-2017-ൽ തുടങ്ങി മൂന്ന് സാമ്പത്തിക വർഷങ്ങളിലായി 250 കോടി രൂപ മുതൽമുടക്കുള്ള ഒരു പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 3.75 കോടി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. നിലവിൽ റോഡുകളിലും വീടുകളിലുമുള്ള എല്ലാ സി.എഫ്.എൽ.-കളും സാധാരണ ബൾബുകളും മാറ്റി എൽ.ഇ.ഡി. ബൾബുകളാക്കുന്നതിനുള്ള നീക്കമാണ് സർക്കാർ നടത്തുന്നത്. എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ വീടുകളിൽ ഉപയോഗിക്കുന്ന എല്ലാ ബൾബുകളും എൽ.ഇ.ഡി. ബൾബുകളാക്കും. ഈ പദ്ധതി പൂർത്തീകരിക്കാൻ മൂന്നുവർഷം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. 250 കോടി രൂപയുടെ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്കായി കിഫ്ബിയിൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മസ്ദൂർ-കാഷ്യർ നിയമനത്തെ സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിച്ചത് പ്രധാനപ്പെട്ട പ്രശ്നമാണ്. വിവിധ ജില്ലകളിൽ പി.എസ്.സി. മുഖാന്തിരം 30-9-2013-ലെ റാങ്ക് ലിസ്റ്റിൽനിന്നും കുറച്ചുപേരെ (മസ്ദൂർ) നിയമിച്ചിട്ടുണ്ട്. അതിൽ തിരുവനന്തപുരത്ത് 100 പേരെയാണ് നിയമിച്ചിരിക്കുന്നത്. കൊല്ലം -37, പത്തനംതിട്ട -39, കോട്ടയം -96, ആലപ്പുഴ-242, ഇടുക്കി-58, എറണാകുളം- 166, തൃശ്ശൂർ -418, കോഴിക്കോട് -451, പാലക്കാട് -339, മലപ്പുറം-300, കണ്ണൂർ -119, കാസർഗോഡ് -3, വയനാട് -90 എന്നിങ്ങനെയും നിയമനം നടത്തിയിട്ടുണ്ട്. ഇടുക്കി, കാസർഗോഡ്, വയനാട് തുടങ്ങിയ പിന്നാക്ക ജില്ലകളിലെ നിയമനത്തിൽ കുറവ് വന്നിട്ടുണ്ട്. അവിടെ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മസ്ദൂർമാരുടെ നിയമനം ഒരു പ്രധാനപ്പെട്ട വിഷയമാണ്. തൊഴിൽരഹിതരായിട്ടുള്ള പരമാവധി

ആളുകൾക്ക് തൊഴിൽ കൊടുക്കണമെന്നുള്ളതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. പിന്നാക്കം നിൽക്കുന്ന ജില്ലകളിലാണ് കൂടുതൽ മസ്ദൂർമാരെ ആവശ്യമുള്ളത്. ഇടുക്കി, കണ്ണൂർ, വയനാട്, കാസർഗോഡ്, കൊല്ലം തുടങ്ങിയ ജില്ലകൾക്ക് മുൻഗണന കൊടുത്തുകൊണ്ട് അവിടെ കൂടുതൽ മസ്ദൂർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

അനെർട്ട് പുതിയ ചില പ്രോജക്ടുകളുമായി മുന്നോട്ടുവരുന്നുണ്ട്. വേണ്ടത്ര വിഷനോടുകൂടി അനെർട്ടിനെ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞ കാലങ്ങളിൽ ശ്രമിച്ചിരുന്നില്ല. അനെർട്ടിന്റെ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ നടത്താനുള്ള ജില്ലാ ഓഫീസുകളോ ആവശ്യമായ ജീവനക്കാരോ ഇല്ലാത്ത അവസ്ഥയാണുള്ളത്. അനെർട്ടിന് ധാരാളം പ്രോജക്ടുകളുണ്ടെങ്കിലും അതൊക്കെ ഇംപ്ലിമെന്റ് ചെയ്യുന്നതിനാവശ്യമായ ജീവനക്കാരില്ല. അനെർട്ടിനെ പുനരുദ്ധരിക്കാനും വിപുലമായ പദ്ധതികൾ ആവിഷ്കരിക്കാനുമുള്ള പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. രണ്ടുമുതൽ 100 കിലോവാട്ടുവരെ ശേഷിയുള്ള ശൃംഖലാബന്ധിത റൂഫ്-ടോപ് സോളാർ പവർ പ്ലാന്റുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതാണ്. ഇതുപ്രകാരം ആകെ 19 മെഗാവാട്ട് സോളാർ പവർ പ്ലാന്റുകൾ 30 ശതമാനം കേന്ദ്ര സബ്സിഡിയും 7,200 രൂപ സംസ്ഥാന സബ്സിഡിയും നൽകി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

മറ്റൊന്ന്, 1 മുതൽ 5 കിലോവാട്ടുവരെ ശേഷിയുള്ള ഓഫ്-ഗ്രിഡ് റൂഫ്-ടോപ് സോളാർ പവർ പ്ലാന്റുകൾ എല്ലാ വിഭാഗത്തിലുമുള്ള ഗുണഭോക്താക്കൾക്കായി സ്ഥാപിച്ചു നൽകുന്നതിനുള്ള പദ്ധതിയാണ്. ഈ പദ്ധതിയിലൂടെ 6.4 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ട്. കിലോവാട്ടിന് 22500 രൂപ സംസ്ഥാന സർക്കാർ സബ്സിഡിയും 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയും പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. പ്രതിദിനം 0.75 മുതൽ ഒരു മീറ്റർ ക്യൂബ് ശേഷിയുള്ള 5500 ബയോഗ്യാസ് പ്ലാന്റുകൾ 8000 രൂപ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു നൽകും. 6 മീറ്റർ ക്യൂബിന് മുകളിൽ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ, മീറ്റർ ക്യൂബിന് 4000 രൂപ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു നൽകാനുള്ള പദ്ധതിയുമുണ്ട്. 8550 ക്യൂബിക് മീറ്റർ ഉല്പാദനശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചു നൽകി വികേന്ദ്രീകൃത രീതിയിൽ ജൈവമാലിന്യ നിർമ്മാർജ്ജനം നടപ്പിലാക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വൈദ്യുതിയും ഖനിജ ഉല്പന്നങ്ങളും സംരക്ഷിക്കുന്നതിനായി ഇ.റ്റി.സി.-

എഫ്.പി.സി. മാതൃകയിലുള്ള താരതമ്യേന ഉയർന്ന ശേഷിയുള്ള സോളാർ വാട്ടർ ഹീറ്റിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രധാനമായും ഗാർഹിക, വാണിജ്യ, വ്യാവസായിക, ആതുരാലയ മേഖലയ്ക്ക് 3000 രൂപ/സ്ക്വയർ മീറ്റർ, സംസ്ഥാന സർക്കാർ സബ്സിഡിയോടുകൂടി സ്ഥാപിച്ചു നൽകുന്ന പ്രതിദിനം 7 ലക്ഷം ലിറ്റർ ചൂടുവെള്ളം ലഭ്യമാകുന്ന ഒരു പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. എസ്.സി/എസ്.ടി ടോട്ടൽ ഹൗസിംഗ് സ്കീം ഗുണഭോക്താക്കൾക്കായി 4000 മെച്ചപ്പെട്ട വിറകടുപ്പുകൾ 2500 രൂപ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു നൽകുന്ന പദ്ധതിയും സ്കൂൾ, അംഗൻവാടി, പബ്ലിക് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവിടങ്ങളിൽ 6000 രൂപ സബ്സിഡി നിരക്കിൽ 1500 മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിച്ചു നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ ഗുണഭോക്താക്കൾക്കായി ഒന്നു മുതൽ അഞ്ച് എച്ച്.പി. വരെ ശേഷിയുള്ള സോളാർ വാട്ടർ പമ്പുകൾ (ആകെ ശേഷി 400 എച്ച്.പി.) 50,000 രൂപ സർക്കാർ സബ്സിഡിയോടുകൂടി സ്ഥാപിച്ചു നൽകുന്ന പദ്ധതിയാണത്. സോളാർ കോൺസെൻട്രേറ്റഡ് കളക്ടർ ഉപയോഗിച്ച് സ്റ്റീം ജനറേഷൻ സിസ്റ്റം (ആകെ ശേഷി 1500 മീറ്റർ സ്ക്വയർ) സ്ക്വയർ മീറ്ററിന് 2000 രൂപ സബ്സിഡി നിരക്കിൽ സ്ഥാപിച്ച് പാചക-വ്യാവസായിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും ബയോമാസ് അധിഷ്ഠിത സ്റ്റീം ജനറേഷൻ സിസ്റ്റം ഡെമോൺസ്ട്രേഷനുവേണ്ടി സ്ഥാപിക്കുന്നതിനുമുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള സാധ്യതാപഠനത്തിനായി 100 മീറ്റർ ഉയരമുള്ള 4 വിൻഡ് മോണിറ്ററിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തി പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. അക്ഷയ ഊർജ്ജ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഇന്നവേഷൻ പ്രോജക്ടുകൾക്കും ഇതുസംബന്ധമായ മറ്റു പ്രവർത്തനങ്ങൾക്കുമായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജമേഖലയുടെ പ്രചാരണത്തിനു വേണ്ടി ബോധവത്ക്കരണ പ്രവർത്തനങ്ങളും പരിശീലന പരിപാടികളും നടത്താനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

അനെർട്ടിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ധനകാര്യ വകുപ്പുമായി ആലോചന നടത്തുന്നതാണ്. അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ ശക്തിപ്പെടുത്തിയാൽ മാത്രമേ അനെർട്ടിന്റെ പ്രവർത്തനങ്ങൾ സാധാരണ ജനങ്ങൾക്ക് ഗുണകരമായി എത്തിക്കാൻ സാധിക്കുകയുള്ളൂ. എനർജി മാനേജ്മെന്റ് സെന്ററിന്റെ (ഇ.എം.സി.) പ്രവർത്തനങ്ങൾ മെച്ചപ്പെട്ട തരത്തിൽ നടത്തുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. മൂന്നു വർഷത്തിനകം സംസ്ഥാനത്തെ

വൈദ്യുതി ഉല്പാദന രംഗത്തും പ്രസരണ വിതരണ മേഖലയിലും കുതിച്ചുചാട്ടം നടത്തുന്നതിനുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണ്. 10-12 വർഷമായി മുടങ്ങിക്കിടക്കുന്ന ചില പ്രോജക്ടുകളുണ്ട്. കൂടംകുളം ആണവ വൈദ്യുതി നിലയത്തിൽ നിന്നു കിട്ടേണ്ട വൈദ്യുതി പ്രസരണനഷ്ടം കൂടാതെ കൊണ്ടു വരുന്നതിന് സഹായകരമായിട്ടുള്ള ഇടമൺ-കൊച്ചി ലൈനിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പരിശ്രമം നടത്തുന്നുണ്ട്. സംസ്ഥാനത്തിന്റെ പല ഭാഗത്തും 18-ഉം 14-ഉം വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച പദ്ധതികൾ എങ്ങുമെത്താതെ നിൽക്കുകയാണ്. ഒന്നര ദശവർഷക്കാലം കഴിഞ്ഞ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള ഒരു പ്രവർത്തന പരിപാടിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി മേഖലയിൽ ഒരു മുന്നേറ്റം സൃഷ്ടിക്കാൻ സഹായകരമാകുന്ന വിവിധങ്ങളായ പ്രവർത്തന പരിപാടികളുമായാണ് വൈദ്യുതി ബോർഡും ഗവൺമെന്റും മുന്നോട്ടു പോകുന്നത്.

1.00 PM]

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, കോട്ടയം ടെക്സ്റ്റൈൽസിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരിക്കുകയാണ്. ഒരു പൊതുമേഖലാ സ്ഥാപനമാണെന്നുള്ളത് കണക്കിലെടുത്ത് വൈദ്യുതി ബോർഡ് ലീനിയന്റ് ആറ്റിറ്റ്യൂഡ് എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, നിശ്ചയമായും പൊതുമേഖലാ സ്ഥാപനങ്ങളോട് വൈദ്യുതി ബോർഡ് ലീനിയന്റായിട്ടുള്ള ആറ്റിറ്റ്യൂഡാണ് എടുക്കുന്നത്. ആയിരക്കണക്കിന് കോടി രൂപയാണ് വൈദ്യുതി ചാർജ്ജിനത്തിൽ കേരളത്തിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ വൈദ്യുതി ബോർഡിന് നൽകാനുള്ളത്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് നൽകുന്ന ധനസഹായത്തിൽ വൈദ്യുതി ബോർഡിന് കൊടുക്കാനുള്ള പൈസ മാത്രം കൊടുക്കുകയില്ലെന്ന നിലപാട് സ്വീകരിക്കുന്നത് വൈദ്യുതി ബോർഡിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിന് ആശാസ്യമല്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വൈദ്യുതി കുടിശ്ശിക അടച്ചില്ലെങ്കിലും ആശുപത്രികളിലെ വൈദ്യുതി കണക്ഷൻ കട്ട് ചെയ്യാൻ സാധിക്കില്ല; വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളും അടയ്ക്കേണ്ട പണം അടയ്ക്കുന്നില്ല; വാട്ടർ അതോറിറ്റി കോടിക്കണക്കിന് രൂപ അടയ്ക്കാനുണ്ട്; അവിടെ കണക്ഷൻ കട്ട് ചെയ്യാനും സാധിക്കില്ല. മറ്റ് സംസ്ഥാനങ്ങൾ ആയിരക്കണക്കിന് കോടി രൂപ വൈദ്യുത മേഖലയ്ക്കായി നീക്കി വയ്ക്കുമ്പോൾ നമ്മുടെ സംസ്ഥാനം യാതൊരു തുകയും നീക്കി വയ്ക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. വൈദ്യുതി ബോർഡ് സ്വന്തമായി

പണം സമാഹരിച്ച് സ്വയം നിലനിൽക്കാൻ ശ്രമിക്കുമ്പോൾ, പൊതുമേഖലാ സ്ഥാപനങ്ങൾ അവർക്ക് ലഭിക്കുന്ന തുകയിൽനിന്ന് വൈദ്യുതി ബോർഡിന് നൽകാനുള്ള തുകകൂടി നൽകാനുള്ള നിലപാട് സ്വീകരിക്കാൻ തയ്യാറാകണം. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് പറഞ്ഞ കാര്യം സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, തുറമുഖ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ഉന്നയിച്ച നിർദ്ദേശങ്ങൾക്കും അഭിപ്രായങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. തുറമുഖ വകുപ്പിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് അവയെല്ലാം പ്രയോജനം ചെയ്യുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

കാസർഗോഡ് മുതൽ വിഴിഞ്ഞം വരെയുള്ള തുറമുഖ ശൃംഖലകളെ ഇന്ത്യയിലെ സുപ്രധാന പങ്ക് വഹിക്കുന്ന തുറമുഖങ്ങളാക്കി മാറ്റാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം പദ്ധതി സംബന്ധിച്ച ചില നിർദ്ദേശങ്ങളും ആശങ്കകളും ചർച്ചയിൽ വരികയുണ്ടായി. കരാറിന്റെ വിവിധ വശങ്ങൾ പരിശോധിച്ചുവരികയാണ്. സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം പദ്ധതി കാലാവധിക്കുള്ളിൽ ത്തന്നെ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ശ്രമങ്ങളാണ് ആരംഭിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ കണ്ട് സംസാരിച്ചിട്ടുണ്ട്. ഇതിനിടയിലാണ് കുളച്ചൽ പദ്ധതിയുടെ നിർദ്ദേശങ്ങൾ ഉയർന്നുവന്നത്. കുളച്ചൽ പദ്ധതി സംബന്ധിച്ച ആശങ്കകൾ സ്വാഭാവികമാണ്. അക്കാര്യവും പ്രധാനമന്ത്രിയെ നേരത്തെ തന്നെ കത്തിലൂടെ മുഖ്യമന്ത്രി അറിയിക്കുകയുണ്ടായി. വിഴിഞ്ഞം പദ്ധതിയുടെ പൂർത്തീകരണത്തിൽ യാതൊരാശങ്കയും ആവശ്യമില്ല, അതിനാവശ്യമായ കേന്ദ്ര സഹായങ്ങളെല്ലാം നൽകുമെന്ന ഉറപ്പാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി നൽകിയത്. വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

മറ്റൊരു കാര്യം, വല്ലാർപാടവുമായി ബന്ധപ്പെട്ടതാണ്. വല്ലാർപാടവും കൊച്ചിയും കേന്ദ്രസർക്കാർ നേരിട്ട് നടത്തുന്ന തുറമുഖ പദ്ധതികളാണ്. സംസ്ഥാന സർക്കാരിന്റെ ചില നടപടിക്രമങ്ങളുടെ ഭാഗമായി വല്ലാർപാടത്ത് ഇക്കഴിഞ്ഞ

ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതാണ്ട് 21 ശതമാനത്തോളം റവന്യൂ വരുമാനം വർദ്ധിക്കുകയുണ്ടായി. ഇപ്പോൾ 40000 ടി.ഇ.യു. ചരക്ക് മാസാമാസം കൈകാര്യം ചെയ്യുന്നുണ്ട്. ഈ വർഷം 50 ശതമാനം കപ്പാസിറ്റി യൂട്ടിലൈസ് ചെയ്യാൻ കഴിയുമെന്നാണ് ഇപ്പോഴുള്ള കണക്ക്. ആ നിലയ്ക്ക് പ്രവർത്തനങ്ങളിൽ പുരോഗതി പ്രാപിച്ചുകഴിഞ്ഞാൽ വല്ലാർപാടം സംബന്ധിച്ചുണ്ടാകുന്ന ഉത്കണ്ഠയ്ക്ക് പരിഹാരം കാണാൻ സാധിക്കും. ഈ പദ്ധതി പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കൊച്ചി തുറമുഖത്തിന് എന്തെങ്കിലും പിന്നോക്കാവസ്ഥയുണ്ടാക്കുന്ന സ്ഥിതിയുണ്ടായാൽ അത് മാറ്റി വാണിജ്യ വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളും നടന്നു കൊണ്ടിരിക്കുകയാണ്. രണ്ടാഴ്ച മുമ്പ് ഞാനും സ്ഥലം എം.എൽ.എ. ശ്രീ. എസ്. ശർമ്മയും മറ്റ് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അവിടെ സന്ദർശനം നടത്തുകയുണ്ടായി. അതിന്റെ പ്രവർത്തനങ്ങളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചില ആശങ്കകൾ ഉയർത്തുകയുണ്ടായി. 2015-ൽ നിയമസഭ ഇതുസംബന്ധിച്ച് ഒരു ബിൽ പാസ്സാക്കുകയുണ്ടായി. ആ ബിൽ കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തെങ്കിലും രാഷ്ട്രപതിയുടെ അനുമതി ലഭിച്ചിട്ടില്ല. അതിന് ചില തടസ്സവാദങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. ആ തടസ്സം നിലനിൽക്കുന്നിടത്തോളം കാലം പ്രസ്തുത ബോർഡ് രൂപീകരണവുമായി മുന്നോട്ടുപോകാൻ കഴിയില്ല. അതുകൊണ്ട് നിയമസഭയിൽ വീണ്ടും ഒരു ബിൽ അവതരിപ്പിക്കേണ്ടി വരുമെന്നാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

കൊച്ചി തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. വർഷംതോറും 124 കോടി രൂപയോളം വരുന്ന സാമ്പത്തിക ബാദ്ധ്യതയുണ്ട്. കൊച്ചി തുറമുഖത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവശ്യമായ തുക ചെലവഴിക്കാതിരിക്കാൻ നിർവ്വാഹമില്ലെന്നുള്ളതാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാടെന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ബഹുമാനപ്പെട്ട വി. കെ. സി. മമ്മത് കോയ ബേപ്പൂർ തുറമുഖത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ബേപ്പൂർ-അഴീക്കൽ തുറമുഖത്ത് നാൽപ്പത് എഫ്. ടി. കണ്ടെയ്നർ ഹാൻഡ്‌ലിംഗ് ക്രെയിൻ സ്ഥാപിച്ചിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ, വാണിജ്യപ്രധാനമായ കേന്ദ്രങ്ങളെന്ന നിലയ്ക്ക് അവയുടെ

പ്രവർത്തനങ്ങൾ വ്യാപിപ്പിക്കും. വ്യവസായ-വാണിജ്യവത്കരണത്തിന്റെ ഭാഗമായി കപ്പൽ ഗതാഗതം, ചരക്ക് ഗതാഗതം എന്നിവ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്, ബേപ്പൂരിനെ ലക്ഷദ്വീപുമായി ബന്ധപ്പെടുത്തുന്ന യാത്രാക്കപ്പൽ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

ആലപ്പുഴ മറീന, കണ്ണൂർ-അഴീക്കൽ തുറമുഖ വികസന പ്രവർത്തനങ്ങൾക്ക് 50 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് പദ്ധതി പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് ഏറെക്കാലമായി നിശ്ചലാവസ്ഥയിലുള്ള ചെറുതും വലുതുമായ തുറമുഖങ്ങളെ പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

മണൽ വാരൽ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ചില തുറമുഖങ്ങളുടെ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നത് ഗുരുതര പ്രത്യാഘാതങ്ങളുണ്ടാക്കിയിട്ടുണ്ട്. മണൽ മാഫിയാ സംഘമാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. ഈ പ്രശ്നത്തിന് പരിഹാരം കാണാനായി ആവശ്യമായ യോഗങ്ങൾ കൂടുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊന്നാനി തുറമുഖത്തെ മണൽ ഖനനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ സാന്നിദ്ധ്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഡയറക്ടർ തുടങ്ങിയവർ പങ്കെടുത്ത യോഗ തീരുമാനമനുസരിച്ച് തുറമുഖ പരിസരത്തുനിന്ന് കപ്പൽയാനം സുഗമമാക്കുന്നതിനും ചെളിയും മറ്റും കലർന്ന് ഉപ്പുരസമുള്ള മണൽ സംസ്കരിച്ച് വിപണന രംഗത്തെത്തിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്കരിച്ച മണൽ സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് തുറമുഖ വകുപ്പിന്റെ നേതൃത്വത്തിൽത്തന്നെ വിറ്റ് ജനങ്ങൾക്ക് ഉപകാരപ്രദമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. തൊഴിലാളികൾക്ക് തൊഴിലും പൊതുജനങ്ങൾക്ക് ശുദ്ധമായ മണലും ലഭ്യമാക്കുകയെന്ന ഒരു പദ്ധതിയാണ് പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. മണൽ വാരൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ പൊന്നാനി മോഡൽ മണൽ ഖനനം പ്രാവർത്തികമാക്കുന്നതോടുകൂടി കഴിയുമെന്നമാണ് വിശ്വാസം. അതിനായി സർക്കാർ നടപടിക്രമങ്ങളനുസരിച്ച് മുന്നോട്ടുപോകാനാണ് തീരുമാനിച്ചിരിക്കുന്നത്. സംസ്ഥാനത്തെ എല്ലാ തുറമുഖങ്ങളുടെയും പൊതുവായ വികസനത്തിനുവേണ്ടി ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണ്.

യാത്രാക്കപ്പൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൊച്ചി-

കോഴിക്കോട് യാത്രാക്കപ്പൽ ആരംഭിക്കുന്നതാണ് ആദ്യത്തെ നടപടി. അതിനുള്ള അനുമതിയും മറ്റ് സാങ്കേതിക സൗകര്യങ്ങളും ലഭ്യമാക്കേണ്ടതിനാൽ ആരംഭിക്കുന്ന തീയതി ഇപ്പോൾ തീരുമാനിക്കാൻ കഴിയില്ല. ഗ്രീസിൽനിന്ന് അതിന്റെ ഹൈഡ്രോഫോയിൽ ഇവിടെ എത്തിച്ചിട്ടുണ്ട്. ഒരു യാത്രാക്കപ്പൽ എന്ന നിലയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കൊച്ചി പോർട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്. മറ്റ് സാങ്കേതികാനുമതികൂടി ലഭിച്ചുകഴിഞ്ഞാൽ കപ്പൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 500 കോടി രൂപ നീക്കിവച്ച് ഈ വർഷം തന്നെ അഴീക്കൽ തുറമുഖത്തിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അതിനാവശ്യമായ കാര്യങ്ങളെല്ലാം എത്തിച്ചിട്ടുണ്ട്. അടുത്ത കാലത്താണ് കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള മൂന്ന് ക്രെയിനുകൾ അഴീക്കൽ തുറമുഖത്തിറക്കിയത്. അഴീക്കൽ തുറമുഖത്തിന് കുറച്ചുകൂടി ആഴം കൂട്ടിയാൽ നല്ല നിലയിലുള്ള വാണിജ്യബന്ധം വർദ്ധിപ്പിച്ചെടുക്കാൻ കഴിയും. അഴീക്കൽ തുറമുഖത്തുനിന്നും ലക്ഷദ്വീപിലേക്ക് യാത്രാക്കപ്പൽ ആരംഭിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖത്തേക്കുള്ള നാൽപ്പത് എഫ്.ടി. കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ 35 കോടി രൂപ ചെലവഴിച്ചാണ് അവിടെ എത്തിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനങ്ങളും ആരംഭിക്കുന്ന കാര്യം സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

കാസർഗോഡ് തുറമുഖത്ത് ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് പണി പൂർത്തിയായിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ വി.ടി.എം.എസ് (Vessel Travel Management System) ഏർപ്പെടുത്തുന്നതിനായി 2.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖത്തിന്റെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വിശ്വാസം. വിഴിഞ്ഞം തുറമുഖത്തിന് നൈസർഗ്ഗികമായ, പ്രകൃതിദത്തമായ ആഴമുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തിയാകുന്നതോടുകൂടി കൊളംബോ തുറമുഖത്തിന്റെ ഭീഷണി ഒഴിവാക്കാനും പതിനെട്ടായിരം കണ്ടെയ്നറുകൾ ഒന്നിച്ച് കയറ്റാൻ കഴിയുന്ന മദർഷിപ്പ് കൊണ്ടുവരാനും കഴിയും. അന്തർദ്ദേശീയ പ്രാധാന്യമുള്ള വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം പൂർത്തീകരിക്കുമ്പോൾ കൊളംബോ ഉൾപ്പെടെയുള്ള തുറമുഖങ്ങളിൽനിന്ന് ഇന്ത്യയുടെ വാണിജ്യപരമായ ബന്ധം കേരളത്തിന് ലഭ്യമാക്കാൻ കഴിയും. അതുകൂടി കണക്കിലെടുത്തുകൊണ്ടുള്ള കാര്യങ്ങളിലേയ്ക്കാണ് പോകുന്നത്. കൊല്ലം തുറമുഖത്തുനിന്നും മറ്റ് തുറമുഖങ്ങളിലേക്കും ലക്ഷദ്വീപിലേക്കും യാത്രാക്കപ്പൽ ആരംഭിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. തുറമുഖത്തിന്റെ പദ്ധതി പ്രദേശത്തിന്റെ ആഴം 10 മീറ്ററായി വർദ്ധിപ്പിച്ച്

വലിയ ചരക്കുകൾ കൊണ്ടുവരാനുള്ള ആലോചനയുമുണ്ട്. ഉത്തരവാദപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് കൊല്ലത്ത് ചരക്കുകൾ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ചരക്കിന്റെ ലഭ്യതകൂടി ഉറപ്പുവരുത്തിയാൽ മാത്രമേ അന്തർദ്ദേശീയ പ്രാധാന്യമുള്ള വാണിജ്യക്കപ്പലുകളുടെ യാത്ര സുഗമമാക്കാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ നടപടിക്രമങ്ങൾ വൈകാതെ സ്വീകരിക്കുന്നതാണ്. ഇത്രയും കാര്യങ്ങളാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പ്രാവർത്തികമാക്കുന്നതിന് സ്ഥലലഭ്യതയുടെ പ്രശ്നമുണ്ടെങ്കിലും അവയെല്ലാം പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതാത് പ്രദേശത്തെ എം.എൽ.എ.-മാർ, ജില്ലാ കളക്ടർമാർ, ജില്ലാ ഭരണാധികാരികൾ തുടങ്ങിയവരുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി സ്ഥലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കുന്നതാണെന്നറിയിച്ചു കൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u> : വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന്

വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 1.17-ന് പിരിഞ്ഞു.)